# വിവാഹം
# നിഴലും പൊരുളും

എബ്രഹാം പൊടിമറ്റത്തിൽ



'പുസ്തകവ്യാഖ്യാനം - വെളിപ്പാട്', 'മനുഷ്യൻ പ്രാണനെ വിട്ടാൽ പിന്നെ അവൻ എവിടെ? മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?', നിത്യതയുടെ വെളിപ്പാട്, അന്ത്യന്യായവിധി എന്നീ ഗ്രന്ഥങ്ങളുടെ രചയിതാവും പ്രേഷ്യസ് കോളിംഗ് മിനിസ്ട്രീസിലൂടെ കുടുംബസമേതം വിവിധ ആത്മീകനിലവാരങ്ങളിൽ കർതൃവേലയിൽ വ്യാപൃതനും കോട്ടയം ജില്ലയിൽ പള്ളിക്കത്തോട് ഹെബ്രോൻ ഐ.പി.സി. അംഗവുമാണ്.

ഭാര്യ: ഷേർലി (ബീന), മക്കൾ: നീതി & അജു, നിതിൻ


മേൽവിലാസം: പൊടിമറ്റത്തിൽ, പാമ്പാടി പോസ്റ്റ്, കോട്ടയം 686502, കേരളം, ഇന്ത്യ.

E-mail: abrahampodimattathil@gmail.com
Ph: 0481 2500674, Mob, 94471 39274



Vivaham Nizhalum Porulum (Malayalam)
**വിവാഹം നിഴലും പൊരുളും** (മലയാളം)

Abraham Podimattathil

*Publishers*: **Precious Calling Ministries**
Prayer Tower, Podimattathil
Anickadu PO, Kottayam-686 503
Kerala, South India
E-mail: **preciouscallingministries@yahoo.co.in**
web site: **www.preciouscallingministries.com**

*Type setting, Layout & Cover*: **Right Perspective, Kottayam**

*Creative Consultant*: **Abraham Kurian, Lifetree**

*Printing:* **Sujilee Colour Printers, Chathannoor**

*First Published*: **January 2021**



*All Right Reserved.*



*Price* : **₹ 250.00**

Copies - **250**

# മുഖവുര

വിവാഹം നിഴലും പൊരുളും എന്ന ഈ ഗ്രന്ഥം എഴുതി പ്രസിദ്ധീകരിക്കുവാൻ കൃപതന്ന സർവ്വജ്ഞാനിയായ ഏകദൈവത്തിന് സകല മാനവും മഹത്വവും സ്തോത്രവും പുകഴ്ചയും അർപ്പിക്കുന്നു. സൃഷ്ടിതാവാം ദൈവം മനുഷ്യസൃഷ്ടിയോടുള്ള ബന്ധത്തിൽ മാത്രം ഭൂമിയിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതാണ് വിവാഹവും കുടുംബജീവിതവും. അതുകൊണ്ട് മാനവരാശിയോടുള്ള ബന്ധത്തിൽ ഇതിന് പരമപ്രധാനമായ സ്ഥാനമാണുള്ളത്. അതിനാൽ ഈ വിഷയസംബന്ധമായ നിരവധി ഗ്രന്ഥങ്ങളാണ് ലോകത്തിൽ വിവധ ഭാഷകളിൽ രചിക്കപ്പെട്ടിട്ടുള്ളത്. അതുമാത്രമല്ല ഇതുസംബന്ധമായി എത്രയോ പഠന, പ്രബോധന ക്ലാസ്സുകളും മറ്റുമാണ് വിവധ ദൃശ്യ-ശ്രവണ മാധ്യങ്ങളിലൂടെ ദിനംപ്രതി നടന്നുകൊണ്ടിരിക്കുന്നത്. കുടുംജീവിതത്തിന്റെ ഭദ്രതയ്ക്കും സമാധാനത്തിനും വേണ്ടി മനുഷ്യരാൽ ആവുന്നതെല്ലാം വിവിധതലങ്ങളിൽ പരിശ്രമിക്കുമ്പോഴും അനുദിനം മാറിമറിയുന്ന ആധുനിക ജീവിതത്തിൽ നാം കണ്ടും കേട്ടും കൊണ്ടിരിക്കുന്നത് അനേക കുടുംബബന്ധങ്ങളുടെ തകർച്ചകളെക്കുറിച്ചാകുന്നു. അതുകൊണ്ട് ഈ വിഷയത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് ദാമ്പത്യജീവിതത്തിന്റെ പരാജയകാരണങ്ങൾ, പരിഹാരം, ഭാവിപ്രത്യാശയാകുന്ന ക്രിസ്തുവും സഭയും എന്നിവയെക്കുറിച്ച് തിരുവചനാടിസ്ഥാനത്തിൽ ഒരു ഗ്രന്ഥം രചിക്കണമെന്നുള്ള എളിയവന്റെ ആഗ്രഹത്തിൽനിന്നും; പരിശുദ്ധാത്മാവിനാൽ ഉരുത്തിരിഞ്ഞതാണ് വിവാഹം നിഴലും പൊരുളും എന്ന ഈ ഗ്രന്ഥം.

ദൈവം ഏകനായിരിക്കുന്നതുപോലെ അവനു സദൃശ്യമായി സൃഷ്ടിക്കപ്പെട്ട ആദാമും ഏകനായിട്ടാണ് സൃഷ്ടിക്കപ്പെട്ടത്. അപ്രകാരം സൃഷ്ടിക്കപ്പെട്ട മറ്റൊരു സൃഷ്ടിയും അന്ന് ഉലകത്തിലുണ്ടായിരുന്നില്ല. അതായിരുന്നു ആദാമിന്റെ ഏകാന്തതയുടെ കാരണം. അതു നന്നല്ലെന്നുകണ്ട ദൈവം അവനു തക്കതായ ഒരു തുണയെ

അവനിൽനിന്നുതന്നെ ഉളവാക്കിക്കൊടുത്തു. അനന്തരം ദൈവം സൃഷ്ടിച്ച ആദാമിനെയും ഹവ്വായെയും ദൈവമാണ് ഏദ്ദെനിൽവച്ച് ഭർത്താവും ഭാര്യയുമായി സംയോജിപ്പിച്ച് മനുഷ്യകുലത്തിന് അടിസ്ഥാനമിട്ടത്. ഭൂമിയിലെ ആദ്യ വിവാഹം ആശീർവദിച്ച ദൈവം അവരോട് അന്ന് അരുളിച്ചെയ്തത്; മനുഷ്യൻ അപ്പനെയും അമ്മ യെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും, അവർ ഏകദേഹമായിത്തീരും എന്നായിരുന്നു. ഇതിൽ അന്തർലീനമായിരിക്കുന്ന രഹസ്യം കുടും ബജീവിതത്തിൽ ഭർത്താവും ഭാര്യയും തികഞ്ഞ ഐക്യതയിൽ വസിക്കണമെന്നുള്ളതാണ്. ഏദ്ദെനിൽ ആരംഭിച്ച ആദാമിക കുടുംബം ദൈവീകമായ സന്തോഷത്തിലും സമാധാനത്തിലുമായി രുന്നത് അവർ സൃഷ്ടിതാവാം ദൈവത്തോട് സംസർഗത്തിലായിരു ന്നതുവരെ ആയിരുന്നു. അതിനു ഭംഗം വന്നത് പൈശാചിക വഞ്ചനയിൽ സ്ത്രീ കുടുങ്ങി നന്മതിന്മയുടെ വൃക്ഷഫലം തിന്നു കയും ഭർത്താവിനു കൊടുക്കുകയും ചെയ്തതോടെയാണ്. അവർ ഇരുവരും പാപം ചെയ്ത് അനുസരണക്കേടിന്റെ കനി ഭക്ഷിച്ചത് നിമിത്തം ആത്മീയജീവൻ തുടിച്ചുനിന്നിരുന്ന ദൈവതേജസ്സിൽ നിന്ന് അവർ മരണമെന്ന ഇരുളിന്റെ കരാളഹസ്തങ്ങളിലേക്കാണ് വീണുപോയത്.

സാത്താനാൽ വഞ്ചിക്കപ്പെട്ട് ആദാമും ഹവ്വായും ആത്മമരണ ത്തിലകപ്പെട്ടുവെങ്കിവും അവർ തമ്മിലുള്ള ഐക്യതയിൽനിന്ന് അവർ വേർപിരിഞ്ഞില്ല. ഇതിൽനിന്നും ദൈവം സ്ഥാപിച്ച പ്രഥമ കുടുംബത്തിന്റെ അടിത്തറ തകർക്കുവാൻ സാത്താന് കഴിഞ്ഞില്ല എന്നതാണ് വ്യക്തമാക്കപ്പെടുന്നത്. അതുപോലെ സ്നേഹവാനായ ദൈവം മാനവരാശിയെ എന്നെന്നേക്കുമായി തള്ളിക്കളയാതിരു ന്നതും സാത്താന് ഏറ്റ പ്രഹരമായിരുന്നു. ദുഷ്ടനായ പിശാച് ചിന്തിച്ചത് അവനെപ്പോലെ മനുഷ്യരും പാപാനന്തരം നിത്യമരണത്തിനടിമപ്പെട്ട് നിത്യനരകാഗ്നിക്ക് ഇരയായിത്തീരുമെന്നാ യിരുന്നു. അനാദിയിലെ തിരുഹിതപ്രകാരം സൃഷ്ടിക്കപ്പെട്ട മനുഷ്യ ജാതിയെക്കുറിച്ചുള്ള ദൈവീകഉദ്ദേശം അതിന്റെ ഉത്ഭവം മുതൽ ലക്ഷ്യപ്രാപ്തിയിലേക്ക് പ്രയാണം ചെയ്ത് സമ്പൂർത്തീകരിക്ക പ്പെടുന്നതുവരെയുള്ള കാര്യങ്ങളാണ് ചരിത്രരേഖയായി തിരു വചനത്തിൽ ആലേഖനം ചെയ്തിരിക്കുന്നത്. പഴയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് നിഴലാണെങ്കിൽ പുതിയനിയമത്തി ലാണ് അവ പൊരുളായി നിവർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്.

ലോകാരംഭത്തിൽ ആദാമികകുടുംബം ഐക്യതയിൽ ആയിരുന്നുവെങ്കിൽ ലോകാവസാനത്തിന്റെ ആരംഭത്തിലേക്ക് മാനവരാശി പ്രവേശിച്ചപ്പോൾ കുടുംബബന്ധങ്ങൾ ശിഥിലമായി ത്തീർന്നിരുന്നു. അതിന്റെ ഉത്തമ ഉദാഹരണമാണ് പഴയനിയമ പുസ്തകത്തിലെ അവസാന പുസ്തകമായ മലാഖിയുടെ പ്രവചനത്തിൽ ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കുന്നത് വെറുക്കുന്നു എന്ന് യഹോവ യിസ്രായേലിനോടുള്ള ബന്ധത്തിൽ അരുളി ച്ചെയ്തിരിക്കുന്നതിൽനിന്നും വ്യക്തമാക്കപ്പെടുന്നത്. അന്ന് ന്യായ പ്രമാണം ലഭിച്ചിരുന്ന യിസ്രായേലിന്റെ സ്ഥിതി അതായിരുന്നു വെങ്കിൽ മറ്റുള്ളവരുടെ ഇടയിൽ കുടുംബജീവിതം എത്രമാത്രം ശിഥിലമാക്കപ്പെട്ടിരുന്നു എന്നത് നമുക്ക് ചിന്തിക്കാവുന്നതേയുള്ളൂ.

ലോകരക്ഷകനായ യേശുക്രിസ്തു ലോകാവസാനത്തിൽ പ്രത്യക്ഷനായപ്പോൾ അന്ന് നിലനിന്നിരുന്ന സാമൂഹികവിപത്താ യിരുന്ന വിവാഹമോചനത്തെക്കുറിച്ച് ശക്തമായി പ്രതികരിച്ചിരുന്നു. കർത്താവായ യേശു തന്റെ ഗിരിപ്രഭാഷണത്തിൽ അതേക്കുറിച്ച് പരസ്യമായി പ്രഖ്യാപിച്ചത് പരസംഗം ഹേതുവല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ എല്ലാം വ്യഭിചാരം ചെയ്യുന്നു എന്നായിരുന്നു. അന്നുവരെ കേൾക്കാതിരുന്ന ശക്തമായ സന്ദേശം ന്യായപ്രമാണ ത്തിന്റെ കാവൽഭടന്മാർ എന്ന് സ്വയം ഊറ്റംകൊണ്ടിരുന്ന പരീശ ന്മാരുടെ നെഞ്ചിലാണ് തറച്ചത്. അത് അവരെ പരിഭ്രാന്തരാക്കി യതുകൊണ്ടാണ് പിന്നീട് അവർ യേശുവിന്റെ അടുക്കൽ വന്ന് ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ എന്ന് അവനെ പരീക്ഷിച്ച് ചോദിച്ചത്. അതിനുള്ള മറുപടിയായി കർത്താവ് അന്ന് അവരോട് അരുളിച്ചെയ്തത് ആദിയിൽ ദൈവം പുരുഷ നെയും സ്ത്രീയെയും സംയോജിപ്പിച്ച് ഭർത്താവും ഭാര്യയുമായി ആക്കിത്തീർത്തനാളിൽ അവരെ ആശീർവദിച്ച് സംസാരിച്ച വാക്കു കളായിരുന്നു. അതിനോടൊപ്പം വചനത്തിന്മേൽ സമ്പൂർണ്ണ അധികാ രമുള്ളവൻ ഇപ്രകാരംകൂട്ടിച്ചേർക്കുക കൂടി ചെയ്തു. അത് "അതു കൊണ്ട് അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രേ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്" എന്നായിരുന്നു.

ഭൂമിയിലെ പ്രഥമവിവാഹത്തിൽ അന്ന് ദൈവം അരുളിച്ചെയ്ത തിനോട് കർത്താവ് പിന്നീട് കൂട്ടിച്ചേർത്ത മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വാക്കുകൾ ഇല്ലാതിരുന്നത് അന്ന് ഭൂമിയിൽ മറ്റു മനുഷ്യർ ആരു മില്ലാത്തതുകൊണ്ടായിരുന്നു. ദൈവം സംയോജിപ്പിച്ചതിനെ വേർ

തിരിപ്പാൻ അന്ന് പരിശ്രമിച്ചത് സാത്താനായിരുന്നു. അതിൽ അന്ന് അവൻ അമ്പേ പരാജയപ്പെട്ടു. അതിനു ശേഷം ഭൂമിയിൽ നടക്കുന്ന ഏത് വിവാഹമോചനത്തിന്റെയും ചരിത്രം പരിശോധിച്ചാൽ അതിന്റെ പിമ്പിൽ ഒന്നോ അതിലധികമോ മനുഷ്യരുടെ ഒളിഞ്ഞോ തെളിഞ്ഞോ ഉള്ള പ്രവർത്തനം അഥവാ ഇടപെടൽ ഉണ്ടായിരിക്കും എന്നതിന് സംശയമേതുമില്ല. ഇതിൽനിന്നും അന്ന് കർത്താവ് അവരെ പ്രബോധിപ്പിച്ചതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് വിവാഹം ദൈവമാണ് യോജിപ്പിക്കേണ്ടതെന്നും അപ്രകാരം സംയോജിക്കപ്പെട്ട് ദാമ്പത്യജീവിതത്തിലേക്ക് പ്രവേശിക്കുന്നവർ മരണത്താലല്ലാതെ തമ്മിൽ വേർപിരിയരുതെന്നും അതുപോലെ ഭർത്താവിനെയും ഭാര്യയെയും തമ്മിൽ വേർപിരിക്കുവാൻ മനുഷ്യരിൽ ആരും തന്നെ തുനിയരുത് എന്നുമായിരുന്നു.

ദൈവമായവൻ അരുളിച്ചെയ്തത് വേണ്ടവിധത്തിൽ ഗ്രഹിക്കാത്ത പരീശന്മാർ അതിനോട് പ്രതികരിച്ചത്: പിന്നെ മോശെ ന്യായപ്രമാണത്തിൽ ഉപേക്ഷണപത്രം കൊടുത്ത് ഭാര്യയെ ഉപേക്ഷിക്കുവാൻ അനുവദിച്ചത് എന്തുകൊണ്ടായിരുന്നു എന്നായിരുന്നു. ഉപേക്ഷണം തലയ്ക്കുപിടിച്ചു നടന്ന കഠിനഹൃദയരായ പരീശന്മാരുടെ ഉള്ളം വെളിപ്പെടുത്തി കർത്താവ് അവരോട് അരുളിച്ചെയ്തത് നിങ്ങളുടെ കഠിനഹൃദയം നിമിത്തമാണത്രേ ഭാര്യയെ ഉപേക്ഷിപ്പാൻ ന്യായപ്രമാണത്തിൽ മോശെ അനുവദിച്ചത് എന്നായിരുന്നു. വിവാഹമോചനത്തിന്റെ മൂലകാരണം ഹൃദയകാഠിന്യമാണ് എന്ന് കർത്താവ് പരസ്യമാക്കിയതോടെ അവർ ലജ്ജിതരായി പിൻവാങ്ങിപ്പോയി. യേശുവിന്റെ സംഭാഷണം ശ്രവിച്ച അവന്റെ ശിഷ്യന്മാർ അവനോട് സംസാരിച്ചത് ഇപ്രകാരമായിരുന്നു.

> ശിഷ്യന്മാർ അവനോട്: സ്ത്രീയെ സംബന്ധിച്ച് മനുഷ്യന്റെ അവസ്ഥ ഇങ്ങനെ എങ്കിൽ വിവാഹം കഴിക്കുന്നത് നന്നല്ല എന്നു പറഞ്ഞു (മത്താ. 19:10).

ആദിയിൽ ഒന്നാമത്തെ ആദാം ഏകനായിരിക്കുന്നതു നന്നല്ലായെന്നു കണ്ട് സൃഷ്ടിതാവാം ദൈവം സ്ഥാപിച്ച വിവാഹവും കുടുംബജീവിതവും കാലങ്ങൾ കഴിഞ്ഞപ്പോൾ മനുഷ്യർക്ക് നന്നല്ലാതായിത്തീർന്നു എന്ന ധ്വനിയാണ് ലോകാവസാനത്തിൽ പ്രത്യക്ഷനായ ഒടുക്കത്തെ ആദാമായ ക്രിസ്തുയേശുവിനോട് അവർ സംസാരിച്ചതിൽ പ്രതിധ്വനിച്ചത്. അന്ന് അവർക്കുണ്ടായിരുന്ന ചിന്താഗതിയിൽ

ഇപ്പോഴത്തെ ലോകത്തിലെ താല്കാലിക കുടുംബജീവിതം എന്തുകൊണ്ട് ചിലർക്ക് നന്നല്ലാത്തതായിത്തീരുന്നു എന്നതിന്റെ കാരണങ്ങൾ, പരിഹാരം, ഭാവി പ്രത്യാശ എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ആധികാരിക പഠനത്തോടൊപ്പം നിത്യതയോടുള്ള ബന്ധത്തിലെ പൊരുളായ ദൈവീക മർമ്മങ്ങളുമാണ് ഈ ഗ്രന്ഥത്തിൽ ആലേഖനം ചെയ്തിരിക്കുന്നത്. ഈ പുസ്തക പഠനം നിരാശയുടെ ഇരുൾ മൂടിയ അനേക കുടുംബങ്ങളിൽ സ്വർഗീയപ്രത്യാശയുടെ തിരിനാളം തെളിയിക്കുമെന്നുള്ള പ്രത്യാശ എളിയവനുണ്ട്. അതുപോലെ സ്വർഗീയ ആത്മമണവാളന്റെ വരവിനായി കാത്തിരിക്കുന്ന കുഞ്ഞാടിന്റെ മണവാട്ടിയുടെ പ്രത്യാശ വർദ്ധിപ്പിക്കുവാനും ഈ ഗ്രന്ഥം പ്രയോജനപ്രദമായിരിക്കും എന്നതിനും സംശയമേതുമില്ല.

ഇതിനു മുമ്പ് എളിയവൻ എഴുതി പ്രേഷ്യസ് കോളിംഗ് മിനിസ്ട്രീസ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ അനേകരുടെ ആത്മീയ ഉണർവ്വിന് കാരണമായി എന്നറിഞ്ഞതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഈ പുസ്തകം അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച സ്നേഹനിധികളായ എല്ലാവരോടും ദൈവനാമത്തിൽ നന്ദി പ്രകാശിപ്പിക്കുന്നു. തുടർന്നും നിങ്ങൾ ഏവരുടെയും പ്രാർത്ഥനയും സഹകരണവും വിലയേറിയ അഭിപ്രായങ്ങളും പ്രതീക്ഷിച്ചുകൊണ്ട് വിവാഹം നിഴലും പൊരുളും എന്ന ഈ ഗ്രന്ഥം ദൈവനാമമഹത്വത്തിനായി കർതൃപാദപീഠത്തിൽ സവിനയം സമർപ്പിച്ചുകൊള്ളുന്നു.

സ്നേഹാദരങ്ങളോടെ കർതൃസേവയിൽ
ഏബ്രഹാം പൊടിമറ്റത്തിൽ

# ഉള്ളടക്കം

സർവ്വസാധാരണമായി നാം കണ്ടുവരുന്ന വിവാഹങ്ങൾക്ക് പൊതുവെ ഏഴ് ഘട്ടങ്ങളാണ് ഉള്ളത്. വിവാഹം എന്ന മഹനീയ ശുശ്രൂഷയ്ക്ക് മുമ്പ് വിവാഹ ഉദ്ദേശം, വിവാഹ ആലോചന, വിവാഹനിശ്ചയം, എന്നീ മൂന്ന് ഘട്ടങ്ങളും അതിനുശേഷം കല്യാണസദ്യ, ഗൃഹപ്രവേശം, കുടുംബജീവിതം എന്നീ മൂന്ന് ഘട്ടങ്ങളുമാണുള്ളത്. അവ ഓരോന്നിനെക്കുറിച്ചുമുള്ള നിഴലും പൊരുളുമായ കാര്യങ്ങളെക്കുറിച്ചുള്ള ആഴമേറിയ പഠനമാണ് ഈ പുസ്തകത്തിലെ ഏഴ് അദ്ധ്യായങ്ങളിലായി ക്രമപ്പെടുത്തിയിരിക്കുന്നത്. അവ ഓരോന്നിന്റെയും ലഘുവിവരണമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

1. **വിവാഹ ഉദ്ദേശം**: സർവ്വശക്തനായ ദൈവം സകലതും സൃഷ്ടിച്ചിരിക്കുന്നത് തിരുഹൃദയത്തിലെ ഉദ്ദേശപ്രകാരമാണ്. അതിൽ ദൈവത്തിന്റെ സ്വരൂപസദൃശത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെക്കുറിച്ചുള്ള ദൈവീകഉദ്ദേശം പരമോന്നതമാണ്. വരുവാനുള്ളവന്റെ പ്രതിരൂപമായി സൃഷ്ടിക്കപ്പെട്ട ആദാമിലും അവനിൽനിന്നും അവനുവേണ്ടി ഉളവാക്കപ്പെട്ട ഹവ്വായിലും നിഴലായി മറഞ്ഞിരുന്നത് പൊരുളായി ഭൂമിയിൽ പ്രത്യക്ഷപ്പെട്ട ക്രിസ്തുയേശുവും അവനിൽ നിന്നും അവനായി സൃഷ്ടിക്കപ്പെട്ട സഭയാം ശരീരവും തമ്മിൽ ഒന്നായി ത്തീരുന്നതിനെക്കുറിച്ചുള്ള അനാദിയിലെ മർമ്മമാണ്. അതേക്കുറിച്ചുള്ള വിശദമായ പഠനമാണ് ഏഴ് യുഗങ്ങളിലെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശത്തോടുള്ള ബന്ധത്തിൽ ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

2. **വിവാഹ ആലോചന**: ആലോചനകൾ ഇല്ലാതെ ഉദ്ദേശങ്ങൾ സഫലമാകുകയില്ല. ഏതൊരു ഉദ്ദേശസഫലീകരണത്തിന്റെ പിന്നിലും അതിന്റേതായ ആലോചനകൾ ഉണ്ട്. ഏദ്ദെനിൽ നടന്ന ആദ്യ വിവാഹത്തിന്റെ ആലോചനക്കാരൻ സൃഷ്ടിതാവാം ദൈവം ആയിരുന്നു. അതുപോലെ അതിന്റെ പൊരുൾ സ്വർഗാധിസ്വർഗത്തിൽവച്ച് നിറവേറപ്പെടുന്നതും ദൈവീക ആലോചനപ്രകാരമാണ്. ഭൂമിയിൽ വച്ച് നടന്നുകൊണ്ടിരിക്കുന്ന നിഴലായ വിവാഹ ആലോചനയുടെ വിവിധ വശങ്ങൾ പൊരുളായി സംഭവിക്കാനുള്ള സ്വർഗീയവിവാഹ

ത്തിന്റെ ആലോചന എന്നിവയെക്കുറിച്ചുള്ള വിശദമായ പഠനമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

3. **വിവാഹനിശ്ചയം**: വിവാഹ ആലോചന അനുയോജ്യമായാൽ അതെത്തുടർന്നു നടക്കുന്നത് വിവാഹനിശ്ചയമാണ്. വിവാഹനിശ്ച യദിനത്തിലാണ് ഉത്തരവാദിത്വപ്പെട്ടവർ കൂടിച്ചേർന്ന് വിവാഹത്തിന്റെ തുടർനടപടികൾ ആലോചിച്ചു തീരുമാനിക്കുന്നത്. വിവാഹ നിശ്ചയം സാധാരണയായി നടത്തപ്പെടുന്നത് വധൂഗൃഹത്തിൽ വച്ചാ കുന്നു. ഇതിൽ മറഞ്ഞിരിക്കുന്ന നിഴലും പൊരുളുമായതിന്റെ വിവ രണമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

4. **വിവാഹം**: വിവാഹം എന്ന സുപ്രധാന മഹനീയശുശ്രൂഷയ്ക്ക് ശേഷമാണ് തിരുവചനത്തിൽ അരുളിച്ചെയ്തിരിക്കുന്നതുപോലെ പുരുഷനും സ്ത്രീയും തമ്മിൽ ഏകശരീരമായിത്തീരുന്നത്. ലോക ത്തിൽ വിവിധ വിഭാഗക്കാർ വ്യത്യസ്ഥങ്ങളായ രീതിയിലാണ് വിവാഹം നടത്താറുള്ളത്. ഇപ്രകാരമുള്ള വിവാഹസമ്പ്രദായങ്ങൾ ക്കൊന്നും ജീവനുള്ള രണ്ടു വ്യക്തികളെ തമ്മിൽ യോജിപ്പിക്കുവാൻ കഴിയില്ല. ഏദ്ദെനിൽ നടന്ന ആദ്യവിവാഹത്തിൽ സർവ്വശക്തനായ ദൈവം അവരെ ദൈവവചനത്താൽ സംയോജിപ്പിക്കുകയാണ് ചെയ്തത്. അന്നു നടന്ന വിവാഹത്തിന്റെ മാതൃകയിലും ആധികാരി കതയിലുമാണ് പുതിയനിയമ ദൈവസഭ നിഷ്പ്രയോജനങ്ങളായ ആചാരങ്ങളൊന്നും കൂടാതെ വിവാഹശുശ്രൂഷ നിർവ്വഹിക്കുന്നത്. നിഴലായി നടന്നുകൊണ്ടിരിക്കുന്ന ഭൗമികവിവാഹം, പൊരുളായി നിവർത്തീകരിക്കപ്പെടുവാനുള്ള സ്വർഗീയവിവാഹം എന്നിവെയ ക്കുറിച്ചുള്ള പഠനമാണ് ഈ അദ്ധ്യായത്തിലെ പ്രതിപാദ്യവിഷയം.

5. **കല്ല്യാണസദ്യ**: ക്ഷണിക്കപ്പെട്ട സദസ്സിനോടൊപ്പം നവദമ്പതി കൾ പന്തിക്കിരിക്കുന്നതാണ് കല്ല്യാണസദ്യ. വിളിക്കപ്പെടുന്നവർക്കാ യി ഒരുക്കപ്പെടുന്ന കല്ല്യാണസദ്യ വിവാഹാനന്തര നടപടിക്രമങ്ങ ളിലെ അവിഭാജ്യഘടകമാണ്. വിവാഹസദ്യയും വിവിധരീതിയിലും നിലവാരത്തിലുമാണ് നടത്തപ്പെടുന്നത്. പൊതുവെ വരന്റെയും വ ധുവിന്റെയും നിലവാരത്തിനനുസരിച്ചുള്ള അതിഥികൾ പങ്കെടു ക്കുന്ന കല്ല്യാണസദ്യയിൽ അതിനനുസരിച്ചുള്ള ഒരുക്കങ്ങളും സദ്യ വട്ടങ്ങളുമാണ് ഉള്ളത്. ഭൂമിയിൽവച്ചു നടക്കുന്ന കുഞ്ഞാടിന്റെ ക ല്ല്യാണസദ്യയ്ക്ക് തുല്യമായി മറ്റൊരു സദ്യയുമില്ല. അന്ന് അതിൽ പങ്കെടുക്കുവാൻ ഭൂമിയിൽനിന്നു വിളിക്കപ്പെടുന്നവർ ഭാഗ്യവാന്മാ രാണ്. മനുഷ്യപുത്രൻ അതിഥിയായി പങ്കെടുത്ത കാനാവിലെ കല്ല്യാ ണസദ്യയെക്കുറിച്ചും മനുഷ്യപുത്രൻ വെളിപ്പെടുന്നനാളിൽ ഭൂമി

യിൽവച്ചു നടക്കുന്ന കുഞ്ഞാടിന്റെ കല്യാണസദ്യയുടെ വിശദീകരണത്തിനുമാണ് ഈ അദ്ധ്യായത്തിൽ പ്രാധാന്യത കൊടുത്തിരിക്കു ന്നത്.

6. **ഗൃഹപ്രവേശം**: മുൻനിശ്ചയപ്രകാരം വരന്റെയോ വധുവിന്റെയോ ഗൃഹത്തിലേക്ക് വിവാഹാനന്തരം നവദമ്പതിമാർ പ്രവേശിക്കുന്നതാണ് ഗൃഹപ്രവേശം. സാധാരണയായി വരന്റെ വീട്ടിൽ വച്ച് വിവാഹം, കല്ല്യാണസദ്യ, ഗൃഹപ്രവേശം എന്നിവ കഴിഞ്ഞ് വധൂഗൃഹത്തിലേക്ക് വരുകയാണ് ചെയ്യുന്നത്. പലദിക്കുകളിലും വ്യത്യസ്ഥങ്ങളായ രീതികളാണ് ഇതിനോടുള്ള ബന്ധത്തിൽ തുടർന്നുവരുന്നത്. അത് നിഴലാണെങ്കിൽ പൊരുളായിട്ടുള്ളത് കുഞ്ഞാടിന്റെ സ്വർഗീയവിവാഹാനന്തരം അവന്റെ വാസഗൃഹമായ സ്വർഗാധിസ്വർഗത്തിൽനിന്ന് സഭയാം മണവാട്ടിയുടെ വാസഗൃഹമാകുന്ന ഭൂമിയിലേക്ക് ഇറങ്ങി വരുന്നതാണ്. അതു സംബന്ധമായ കാര്യങ്ങളെക്കുറിച്ചുള്ള പഠനമാണ് ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

7. **കുടുംബജീവിതം**: രണ്ടു വ്യത്യസ്ഥകുടുംബങ്ങളിലും ജീവിതനിലവാരത്തിലും ജീവിച്ചിരുന്ന പുരുഷനും സ്ത്രീയും ഒന്നിച്ചു വിവാഹാനന്തരം ജീവിതം ആരംഭിക്കുന്നതാണ് കുടുംബജീവിതം. മാനവരാശിയോടുള്ള ബന്ധത്തിൽ സ്വർഗീയദൈവം വിഭാവനം ചെയ്തു നടപ്പിലാക്കിയിട്ടുള്ള സുന്ദര സംവിധാനമാണ് കുടുംബജീവിതം. അതിന്റെ ആരംഭം മുതൽ അതിനെതിരെ ശക്തമായ പൈശാചിക പോരാട്ടമാണുള്ളത്. അതെല്ലാം അതിജീവിച്ച് ഇന്നും ഭൂമിയിൽ കുടുംബസംവിധാനം നിലനിൽക്കുന്നത് അത് ദൈവത്താൽ സ്ഥാപിതമാക്കപ്പെട്ടതുകൊണ്ടാണ്. ഭൂമിയിലെ പ്രഥമ കുടുംബത്തിന്റെ ജീവിതപാതയിൽ ഉണ്ടായ സകല ഉയർച്ചതാഴ്ചകളിലും അവർ വേർപിരിയാതിരുന്നത് അവർ ദൈവവചനത്താൽ സംയോജിക്കപ്പെട്ടതുകൊണ്ടായിരുന്നു. അവർ മുഖാന്തരം ഭൂമിയിൽ ഉടലെടുത്തിട്ടുള്ള കുടുംബങ്ങൾ നിഴലും ഭൗമികവും താത്കാലികവുമെങ്കിൽ പുതുവാനഭൂമിയിൽ കാണപ്പെടുന്നതും ക്രിസ്തുയേശുവിനാൽ പണിയപ്പെടുന്നതുമായ സ്വർഗീയപിതാവാം ദൈവത്തിന്റെ കുടുംബം പൊരുളും സ്വർഗീയവും നിത്യവുമായിട്ടുള്ളതാണ്. ഭൗമിക കുടുംബജീവിതത്തിൽ ഉണ്ടാകുന്ന താളപ്പിഴകൾക്ക് സ്നേഹാധിഷ്ഠിത ക്രിസ്തീയ കുടുംബജീവിതത്തോടുള്ള ബന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ എന്നിവയോടൊപ്പം പുതുവാനഭൂമിയിൽ സ്ഥാപിതമാക്കപ്പെടുന്ന നിത്യമായിട്ടുള്ള സ്വർഗീയ കുടുംബത്തിന്റെ പൊരുൾ വെളിപ്പെടുത്തുകയും ചെയ്യുന്നു.

# പ്രാരംഭവാക്കുകൾ

സൃഷ്ടിതാവാം ദൈവം വിഭാവനം ചെയ്ത് ഭൂമിയിൽ നടപ്പിലാക്കിയിട്ടുള്ള സുന്ദരസംവിധാനമാണ് മാനവകുടുംബം. ദൈവീക സമാധാനത്തിലും സന്തോഷത്തിലും ഐക്യതയിലും കുടുംബജീവിതത്തെ നിലനിർത്തുക എന്നതാണ് ദൈവീകപദ്ധതി. എന്നാൽ അതിനെ ഏതു വിധേനയും തകിടംമറിച്ച് കുടുംബാന്തരീക്ഷം പോർക്കളമാക്കി മാറ്റുവാനാണ് സാത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ലോകാരംഭത്തിൽതന്നെ ആദിമദമ്പതിമാരായ ആദാമിനെയും ഹവ്വായെയും ഭിന്നിപ്പിച്ച് ഐക്യതയിൽനിന്ന് അകറ്റുവാൻ സാത്താൻ പരിശ്രമിച്ചെങ്കിലും അതിൽ അവൻ പരാജയപ്പെട്ടു. ദൈവം യോജിപ്പിച്ചതിനെ വേർപിരിക്കുവാൻ അന്ന് സാത്തന് കഴിഞ്ഞില്ല. അന്ന് അവന് സാധിക്കാതെ പോയത് പിന്നീട് അവൻ സാധ്യമാക്കിയത് മനുഷ്യരെ കരുക്കളാക്കിയാണ്. ഇങ്ങനെ സാത്താന്റെ കയ്യിലെ കരുക്കളാകുന്നവരാണ് കുടുംബബന്ധങ്ങളെ ശിഥിലമാക്കുന്നതിന് മുഖ്യ പങ്കുവഹിക്കുന്നത്. അവർ നിമിത്തം എത്രയോ കുടുംബങ്ങളാണ് ഇന്ന് തകർന്നുകൊണ്ടിരിക്കുന്നത്. കുടുംബജീവിതത്തിൽ താളപ്പിഴകൾ സംഭവിക്കുമ്പോൾത്തന്നെ അതിനു ദൈവീകമായ പരിഹാരമാർഗ്ഗം കണ്ടെത്തണം; അതല്ല സാത്താന്റെ കരുവായി പ്രവർത്തിക്കുന്നവരുടെ കൈകളിലേക്കാണ് കുടുംബപ്രശ്നങ്ങൾ ഉള്ള വ്യക്തികൾ എത്തിച്ചേരുന്നതെങ്കിൽ അവർ അതിനെ വലിയ പ്രതിസന്ധിയിലാക്കിക്കളയും. അതുനിമിത്തം ഇത്തരം കുടുംബങ്ങളിൽ നിരാശ, മദ്യപാനം, ദുർനടപ്പ്, വിവാഹമോചനം, ആത്മഹത്യ, കൊലപാതകം ഇത്യാദി കാര്യങ്ങൾ തലയുയർത്തുകയും ചെയ്യുന്നു. അതിനാൽ നാം ഓരോരുത്തരും നമ്മുടെയോ മറ്റുള്ളവരുടെയോ കുടുംബജീവിതത്തിന് ഹാനിവരുത്തുന്നതൊന്നും ചെയ്യുകയില്ലായെന്നും പരിശുദ്ധാത്മാവ് വെളിപ്പെടുത്തിത്തരുന്ന സത്യത്തിനൊത്തവണ്ണം ജീവിതം ക്രമീകരിച്ച് സ്വന്തകുടുംബത്തിനും മറ്റുള്ളവർക്കും ഗുണകരമാകത്തക്കവണ്ണം ജീവിച്ചുകൊള്ളാമെന്നുള്ള സമർപ്പണത്തോടും പ്രാർത്ഥനയോടും വേണം ഇതിലെ ഓരോ താളുകളും മറിക്കേണ്ടത്. സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ.

# താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| വിവാഹ ഉദ്ദേശം | 15 |
| വിവാഹ ആലോചന | 167 |
| വിവാഹനിശ്ചയം | 229 |
| വിവാഹം | 263 |
| കല്ല്യാണസദ്യ | 310 |
| ഗൃഹപ്രവേശം | 341 |
| കുടുംബജീവിതം | 353 |

### അദ്ധ്യായം ഒന്ന്

# വിവാഹ ഉദ്ദേശം

യഹോവ സകലത്തെയും തന്റെ ഉദ്ദേശത്തിനായി ഉണ്ടാക്കിയിരിക്കുന്നു (സദൃ.16:4)

സൃഷ്ടിതാവാംദൈവം സകലത്തെയും തന്റെ ഉദ്ദേശസഫലീകരണത്തിനു വേണ്ടിയാണ് സൃഷ്ടിച്ചിരിക്കുന്നത്. ദൃശ്യ-അദൃശ്യ ലോകങ്ങളിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള സകല സൃഷ്ടിയിലും വച്ച് മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം പരമോന്നതമാണ്. അതുകൊണ്ടാണ് ഭൂമിയിലെ പൊടികൊണ്ട് ദൈവത്തിന്റെ തൃക്കൈകളാൽ അവന്റെ സ്വരൂപസദൃശത്തിൽ മനുഷ്യനെ സൃഷ്ടിച്ചത്. അതുപോലെ വരുവാനുള്ളവന്റെ പ്രതിരൂപം കൂടുയായിരുന്നു ആദാം. പുരുഷനെ ഏകനായി സൃഷ്ടിച്ച് അവനിൽനിന്നുമാണ് സ്ത്രീയെ ദൈവം ഉളവാക്കിയത്. പുരുഷൻ സൃഷ്ടിക്കപ്പെട്ടത് ഭൂമിയുടെ മദ്ധ്യമാകുന്ന ഇപ്പോഴത്തെ യെരുശലേമിലെ മണ്ണിൽനിന്നുമാണെങ്കിൽ സ്ത്രീ സൃഷ്ടിക്കപ്പെട്ടത് ഏദ്ദെൻതോട്ടത്തിൽവച്ച് പുരുഷന്റെ അസ്ഥിയിൽനിന്നും അവന്റെ മാംസത്തിൽ നിന്നുമായിരുന്നു. അങ്ങനെ ചിന്താശക്തിയുള്ള രണ്ടു വ്യക്തികളായിത്തീർന്ന പുരുഷനെയും സ്ത്രീയെയും ദൈവവചനത്താൽ ദൈവം സംയോജിപ്പിച്ച് മാനവകുടുംബത്തിന് അടിസ്ഥാനമിട്ടതാണ് ഭൂമിയിലെ ഒന്നാമത്തെ വിവാഹം. വിവാഹാനന്തരം ഏദ്ദെനിൽ അവർ ദൈവീക സംസർഗത്തിലായിരുന്ന സമയംവരെ അവിടുത്തെ അവരുടെ കുടുംബജീവിതം ധന്യവും അനുഗ്രഹപൂർണ്ണവുമായിരുന്നു.

ആരംഭത്തിങ്കൽതന്നെ സകലത്തിന്റെയും അവസാനം കാണുന്ന സർവ്വശക്തനായ ദൈവം സകലവും അതാതിന്റെ സമയത്ത് ഭംഗിയായിട്ടാണ് ചെയ്യുന്നത്. അപ്രകാരം മാനവരാശിയുടെ ഉല്പത്തി മുതൽ അവരുടെ നിത്യതവരെയുള്ള സകല കാര്യങ്ങളുമാണ് വിശുദ്ധ തിരുവെഴുത്തുകളിൽ ആലേഖനം ചെയ്തിട്ടുള്ളത്. അപ്രകാരം എഴുതപ്പെട്ടിരിക്കുന്ന തിരുവെഴുത്തിന്റെ സമഗ്രപഠന

ത്തിൽനിന്നുമാണ് മാനവരാശിയോടുള്ള ബന്ധത്തിലെ കാര്യങ്ങളെക്കുറിച്ചുള്ള അവബോധം നമുക്ക് ലഭിക്കുന്നത്. മനുഷ്യസൃഷ്ടിയോടുള്ള ബന്ധത്തിൽ ദൈവം വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ള വിവാഹവും കുടുംബജീവിതവും എന്ന വിഷയത്തിന്റെ ആധികാരക പഠനത്തിൽ അതിന്റെ ദൈവീക ഉദ്ദേശം എന്തായിരുന്നു എന്നതിനെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ തുടർന്ന് നാം ചിന്തിക്കുന്നത്.

> ഭൂതലത്തിലെങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽനിന്ന് മനുഷ്യജാതിയെയൊക്കെയും ഉളവാക്കി, അവരുടെ നിവാസത്തിന് അതിരുകളും കാലങ്ങളും നിശ്ചയിച്ചു (അപ്പൊ. 17:26).

ഇവിടെ ഉദ്ധരിച്ചിരിക്കുന്ന വാക്യത്തിൽനിന്ന് പരിശുദ്ധാത്മാവ് വെളിപ്പെടുത്തിത്തരുന്ന വസ്തുത ദൈവം ആദിയിൽ സൃഷ്ടിച്ച് ഏദ്ദെനിൽ കുടിയിരുത്തിയ ആദാമികകുടുംബം നിത്യതയോളം അവിടെത്തന്നെ വസിക്കണമെന്നുള്ളതായിരുന്നില്ല ദൈവീകപദ്ധതി. അത് അവരിലൂടെ ഭൂതലം മുഴുവൻ മനുഷ്യജാതി വർദ്ധിച്ചു പെരുകി അതിനെ കൈവശമാക്കേണം എന്നുള്ളതായിരുന്നു. ഇതിൽനിന്നും ഭൂമിയിലെ മനുഷ്യവാസത്തിനു ദൈവം അതിരും കാലവും മുൻനിശ്ചയിച്ചിരുന്നു എന്നതാണ് വ്യക്തമാക്കപ്പെടുന്നത്. അതിന്റെ വെളിച്ചത്തിൽ ലോകസ്ഥാപനം മുതൽ മനുഷ്യരോടുള്ള ബന്ധത്തിലെ നിത്യതവരെ ഏഴ് യുഗങ്ങൾ ഉണ്ട് എന്നുള്ളതാണ് തിരുവചനപഠനത്തിൽ നമുക്ക് കണ്ടെത്തുവാൻകഴിയുന്നത്. ഈ ഏഴ് യുഗങ്ങളിൽ അതിരും കാലവും ദൈവം നിശ്ചയിച്ചിട്ടുള്ള ആറുയുഗങ്ങളും അതിരും കാലവും ഇല്ലാത്ത നിത്യയുഗവും ആണുള്ളത്. അതിരുകളും കാലങ്ങളും നിശ്ചയിക്കപ്പെട്ട മനുഷ്യസൃഷ്ടിയുടെ ആരംഭം മുതൽ ഇവയൊന്നുമില്ലാത്ത പുതിയ ആകാശത്തിലെയും പുതിയ ഭൂമിയിലെയും നിത്യവാസം വരെ മാനവരാശിയോടുള്ള ബന്ധത്തിൽ സുപ്രധാനമായും ഏഴുകാലങ്ങൾ അഥവാ ഏഴു യുഗങ്ങൾ ആണുള്ളത്. ദൈവം അപ്രകാരം അനാദിയിൽ മാനവരാശിയോടുള്ള ബന്ധത്തിൽ വിഭാവനം ചെയ്ത ഏഴു യുഗങ്ങൾ താഴെ പറയുന്നവയാണ്.

1. നിഷ്പാപയുഗം
2. മനസ്സാക്ഷിയുഗം
3. വാഗ്ദത്തയുഗം
4. ന്യായപ്രമാണയുഗം
5. സഭായുഗം

6. സഹസ്രാബ്ദയുഗം

7. നിത്യയുഗം

ഈ ഏഴ് യുഗങ്ങളിലും മനുഷ്യരുടെ വിവാഹം, കുടുംബജീവിതം എന്നിവയോടുള്ള ബന്ധത്തിൽ ദൈവം ഉദ്ദേശിച്ചിരിക്കുന്ന നിഴലും പൊരുളുമായ കാര്യങ്ങളെക്കുറിച്ചാണ് തുടർന്ന് നാം ചിന്തിക്കുന്നത്.

## i നിഷ്പാപയുഗത്തിലെ വിവാഹം, കുടുംബം എന്നിവയെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം

മനുഷ്യസൃഷ്ടിയുടെ ആരംഭം മുതൽ ആദിമമനുഷ്യരിൽ പാപവും മരണവും പ്രവേശിച്ചത് വരെയുള്ള കാലമാണ് നിഷ്പാപയുഗം. അത് ഏദെനിൽ ഉദയംചെയ്ത് അവിടെ തന്നെ അസ്തമിച്ചു. അതിന്റെ കാലദൈർഘ്യം എത്രയെന്നുള്ളത് അജ്ഞാതമാണ്. നിഷ്പാപയുഗത്തിലെ ആദിമകുടുംബത്തിന്റെ നിവാസസ്ഥലം ഏദെനായിരുന്നുവെങ്കിൽ അതിന്റെ അതിർ തോട്ടത്തിന്റെ നടുവിലുള്ള നന്മതിന്മയുടെ വൃക്ഷമായിരുന്നു. ദൈവം അവർക്ക് വച്ചിരുന്ന അതിർ മനുഷ്യർ ലംഘിച്ചതു വരെയുള്ള സമയമാണ് ഏദെനിലെ മനുഷ്യവാസത്തിന്റെ കാലം.

ദൈവത്തിന്റെ തേജസ്സും പ്രതിമയുമായിരുന്ന പുരുഷനായ ആദാമും അവനിൽ നിന്നു സൃഷ്ടിക്കപ്പെട്ട അവന്റെ തേജസ്സുണ്ടായിരുന്ന സ്ത്രീയായ ഹവ്വായും അടങ്ങുന്നതായിരുന്നു ദൈവം ഏദെനിൽ സൃഷ്ടിച്ചാക്കിയ ഒന്നാമത്തെ കുടുംബം. ഏദെൻതോട്ടത്തിൽ വേലചെയ്യുകയും അതിനെ കാവൽ ചെയ്യുകയുമായിരുന്നു ദൈവം അവരെ ഏല്പിച്ചിരുന്ന ദൗത്യം. മരണാധികാരിയായ സാത്താൻ പാമ്പിൽ പ്രവേശിച്ച് ആൾമാറാട്ടം നടത്തുകയും പ്രലോഭന വാക്കുകളിൽ കുടുക്കി ഹവ്വായെ വഞ്ചിക്കുകയും ചെയ്തു. പുരുഷനും സ്ത്രീയും അനുസരണക്കേടിന്റെ ഫലം ഭക്ഷിച്ചതോടെ അവരിൽ പാപവും മരണവും പ്രവേശിച്ചു. അതുവരെയും തേജസ്സ് ധരിച്ചിരുന്ന അവരുടെ തേജസ്സ് നഷ്ടപ്പെട്ടു. അവരുടെ ഹൃദയകണ്ണുകൾ അടയുകയും പുറംകണ്ണുകൾ തുറക്കപ്പെടുകയും ചെയ്തു. അതുമാത്രമല്ല അവരിൽ സജീവമായിരുന്ന അകത്തെ മനുഷ്യൻ എന്ന ആത്മികമനുഷ്യൻ ദൈവാത്മാവുമായുള്ള ബന്ധത്തിൽനിന്ന് വേർപെടുകയും അതുനിമിത്തം അവരിൽ ആത്മമരണം സംഭവിക്കുകയും ചെയ്തു.

ഇരുളായിത്തീർന്ന ആദിമമനുഷ്യർക്ക് ഏദ്ദെനിൽ പിന്നീട് വസിക്കുവാൻ കഴിയുകയില്ലായിരുന്നു. അതിന്റെ കാരണം അവർ അവിടെത്തന്നെ വസിച്ചിരുന്നുവെങ്കിൽ ജീവവൃക്ഷഫലംകൂടി ഭക്ഷിച്ച് നിത്യമരണത്തിനടിമയാകുമായിരുന്നു. അതുകൊണ്ടാണ് ദൈവം അതിന് അനുവദിക്കാതെ അവരെ അവിടെനിന്നും പുറത്താക്കിക്കളഞ്ഞത്. പാപം ചെയ്യുന്നതുവരെ തേജസ്സും മാനവും അണിഞ്ഞിരുന്ന മനുഷ്യൻ ദൈവത്തിന്റെ മകനായിരുന്നു. അതു പോലെ അവനിൽനിന്ന് ഉളവാക്കപ്പെട്ട സ്ത്രീ ദൈവത്തിന്റെ മകളുമായിരുന്നു. നിഷ്പാപയുഗത്തിൽ ഏദ്ദെനിലെ കുടുംബത്തിലെ അംഗങ്ങൾ ദൈവത്തിന്റെ മകനായ ആദാമും ദൈവത്തിന്റെ മകളായ ഹവ്വായും ആയിരുന്നു. അവരിൽ പാപം പ്രവേശിച്ചതോടെയാണ് അവർ ഇരുളായ സാത്താന്റെ മകനും മകളുമായിത്തീർന്നത്. പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു എന്നതിനാണ് തിരുവചനം വ്യക്തത നൽകുന്നത്.

> പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാച് ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി (യോഹ. 3:8)

മൂന്ന് സുപ്രധാന വസ്തുതകളാണ് ഈ തിരുവചനഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നത്.

1. പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. ദൈവത്തിന്റെ മകനും മകളും അടങ്ങിയ ഏദ്ദെനിലെ നിഷ്പാപയുഗത്തിലെ കുടുംബത്തിൽ പാപം പ്രവേശിച്ചതോടെ അവർ സാത്താന്റെ മക്കളായിത്തീർന്നു.

2. മനുഷ്യസൃഷ്ടിക്ക് മുമ്പുതന്നെ പാപവും മരണവും ഉണ്ടായിരുന്നു. ആദ്യം പാപം ചെയ്ത് നിത്യമരണത്തിലകപ്പെട്ടത് പിശാചാകുന്നു. പിശാചിന്റെ പ്രവൃത്തി സൃഷ്ടികളെ പാപത്തിന് അടിമപ്പെടുത്തി മരണമെന്ന പാശത്താൽ ബന്ധിക്കുക എന്നതാണ്.

3. ദൈവത്തിന്റെ സ്വരൂപസദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ പാപത്തിന്റെ അടിമത്തത്തിൽനിന്നും മരണത്തിന്റെ ബന്ധനത്തിൽ നിന്നും അഴിച്ചെടുക്കുന്ന മഹാപ്രവൃത്തിയാണ് ദൈവപുത്രനായ യേശുക്രിസ്തു ചെയ്യുന്നത്.

സാത്താനീകപ്രവൃത്തി മനുഷ്യനെ ബന്ധിക്കുന്നതാണെങ്കിൽ ദൈവപ്രവൃത്തി മനുഷ്യനെ സ്വതന്ത്രനാക്കുന്നതാണ്. മാനവരാശി

യുടെ സ്വാതന്ത്ര്യം ലോകസ്ഥാപനത്തിനു മുൻപുതന്നെ ക്രിസ്തു യേശു മുഖാന്തിരം മുൻനിർണ്ണയിക്കപ്പെട്ടിരുന്നു. അപ്രകാരം മുൻനിർ ണ്ണയിക്കപ്പെട്ടിരിക്കുന്നതിൽ മൂന്ന് സുപ്രധാന ഘടകങ്ങളാണ് ഉള്ളത് എന്നതിനാണ് തിരുവചനം വ്യക്തതനൽകുന്നത്.

1. **വീണ്ടെടുപ്പ്:** മനുഷ്യൻ പാപത്തിനും മരണത്തിലും അകപ്പെടു ന്നതിനു മുൻപേ അവരെ ക്രിസ്തുവിൽ വീണ്ടെടുത്തിരുന്നു.

> വ്യർത്ഥവുംപിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്ന് നിങ്ങൾ അറിയുന്നുവല്ലോ. അവൻ ലോകസ്ഥാപനത്തിനു മുൻപേ മുന്നറിയപ്പെട്ടവനും അവൻ മുഖാന്തരം ദൈവത്തിൽ വിശ്വസിക്കുന്ന നിങ്ങൾ നിമിത്തം ഈ അന്ത്യകാലത്ത് വെളിപ്പെട്ടവനും ആകുന്നു (1 പത്രൊ. 1:18, 19)

2. **തിരഞ്ഞെടുപ്പ്:** മനുഷ്യൻ പാപം ചെയ്ത് ഏദ്ദെനിൽനിന്ന് തള്ള പ്പെടുന്നതിനു മുൻപേ ദൈവം മനുഷ്യരെ ക്രിസ്തുവിൽ ലോക സ്ഥാപനത്തിനു മുൻപേ തിരഞ്ഞെടുത്തിരുന്നു.

> നാം അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും അകേണ്ടതിന് അവൻ ലോകസ്ഥാപനത്തിന് മുൻപേ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ... (എഫെ. 1:4)

3. **നിത്യതേജസ്സ്:** ലോകാരംഭത്തിൽ ആദാമിനും ഹവ്വായ്ക്കും ഉണ്ടായിരുന്ന തേജസ്സ് നശ്വരമായ ഭൗമതേജസ്സായിരുന്നു. അത് ഏദ്ദെ നിൽ അവർക്ക് നഷ്ടപ്പെട്ടപ്പോൾ അതിനു മുൻപേ മാനവകുല ത്തിനുവേണ്ടി ദൈവം മുൻകരുതിയിരുന്നത് നിത്യതേജസ്സായിരുന്നു.

> ദൈവം ലോകസൃഷ്ടിക്കു മുമ്പേ നമ്മുടെ തേജസ്സിനായി മുൻനിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിന്റെ ജ്ഞാനമത്രേ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നു. (1 കൊരി.2:7)

സർവ്വജ്ഞാനിയായ ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരമാണ് സകല കാര്യങ്ങളും നിറവേറപ്പെടുന്നത്. അതിന്റെ വ്യക്തതയാണ് ഇവിടെ ഉദ്ധരിക്കപ്പെട്ടിരിക്കുന്ന തിരുവചനഭാഗങ്ങളിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്. നിഷ്പാപയുഗത്തിലെ മനുഷ്യകുടുംബ ത്തിന്റെ ഏദ്ദെനിലെ നിവാസത്തിന്റെ അതിരും കാലവും പൂർത്തീകരിക്കപ്പെട്ട് അവർ അവിടെ നിന്ന് തള്ളപ്പെട്ടപ്പോൾ നിത്യ

പരാജയമായ സാത്താൻ വിജയിക്കുകയല്ല സകല വിധത്തിലും അവൻ അമ്പേ പരാജയപ്പെടുകയാണ് ചെയ്തത്. അതിൽ അവനുണ്ടായ മൂന്നു പരാജയങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

**1. അവനെപ്പോലെ മനുഷ്യരും ദൈവത്താൽ ത്യജിക്കപ്പെട്ട് നിത്യ ഇരുളായിത്തീരുമെന്നുള്ള ആശ**

നന്മതിന്മയുടെ വൃക്ഷഫലം തിന്നുന്ന നാളിൽ നിഷ്പാപയുഗത്തിലെ മനുഷ്യരായ പുരുഷനും സ്ത്രീയും നിത്യമരണത്തിനടിമപ്പെട്ട് എന്നെന്നേക്കും തന്നെപ്പോലെയായിത്തീരുമെന്നുള്ള ദുഷ്ടനായ പിശാചിന്റെ ആഗ്രഹം സാധിക്കാതെ പോയതാണ് ഏദ്രെനിൽ സാത്താനുണ്ടായ ആദ്യപരാജയം. ഏദ്രെനിൽ പാപം ചെയ്ത മനുഷ്യനെ ദൈവം തള്ളിക്കളയാതെ സാത്താൻ വഞ്ചിച്ച സ്ത്രീയിൽ നിന്ന് സ്ത്രീയുടെ സന്തതിയായി ഒരുവൻ ജനിച്ച് സർപ്പത്തിന്റെ തലയെ തകർക്കുമെന്നുള്ള ദൈവീകമുന്നറിയിപ്പ് സാത്താന് ഏറ്റ വലിയ പ്രഹരമായിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പ് സ്ത്രീയുടെ സന്തതിയായി ജനിക്കുന്ന വിശുദ്ധ പ്രജയിലൂടെ മുന്നമെ സ്വർഗം കരുതിയിരുന്നു. അതെക്കുറിച്ചുള്ള സ്വർഗീയ ജയപ്രഖ്യാപനമാണ് അന്ന് ഏദ്രെനിൽ മുഴങ്ങിയത്.

**2. ആദാമികകുടുംബം ശിഥിലമായിത്തീരുമെന്നുള്ള സാത്താന്റെ ആശ**

പാപാനന്തരം ആദാമികകുടുംബം ഭിന്നിച്ച് ശിഥിലമായിത്തീരുമെന്നുള്ള ദുഷ്ടന്റെ ആശ നശിച്ചുപോയി. ദൈവം അവരെ സംയോജിപ്പിച്ച നാളിൽ അനുഗ്രഹിച്ച തിരുവചനത്തിന്റെ ശക്തിയാണ് അവരെ അന്ന് ഐക്യതയിൽ നിലനിർത്തിയത്. “അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും; അവർ ഏകദേഹമായി തീരും” എന്ന തിരുവചനമാണ് അവരെ ആത്മമരണത്തിലും വിട്ടുപിരിയാതെ ഒന്നിച്ചു നിർത്തിയത്. അതാണ് സാത്താന് ഏദ്രെനിലുണ്ടായ രണ്ടാമത്തെ പരാജയം.

**3. തേജസ്സ് നഷ്ടപ്പെട്ട ആദിമമനുഷ്യർ ജീവവൃക്ഷഫലം കൂടി പറിച്ചുതിന്ന് നിത്യനാശത്തിന് അടിമയായിത്തീരുമെന്നുള്ള ദുഷ്ടന്റെ ആശ**

തേജസ്സ് നഷ്ടപ്പെട്ട ആദിമമനുഷ്യർ ജീവവൃക്ഷത്തിന്റെ ഫലം കൂടി ഭക്ഷിച്ച് എന്നെന്നേക്കും തേജസ്സ് നഷ്ടപ്പെട്ടവരായി ദൈവത്തിൽനിന്ന് അകന്നുപോകുമെന്നുള്ള ദുഷ്ടന്റെ ആശയും അന്ന് ഇല്ലാതാക്കപ്പെട്ടു. അതാണ് ഏദ്രെനിൽ അവനുണ്ടായ മൂന്നാമത്തെ പരാജയം. പാപാനന്തരം തേജസ്സ് നഷ്ടപ്പെട്ട മനുഷ്യരിൽ സംജാ

തമായ ഭയം ദൈവത്താൽ സംഭവിച്ചതായിരുന്നു. അതുനിമിത്തമാണ് അവർ നഗ്നരെന്ന് തിരിച്ചറിയുകയും തേജോമയനായ ദൈവത്തിന്റെ മുൻപിൽ അവർക്ക് നിൽകുവാൻ കഴിയുകയില്ല എന്ന ചിന്ത അവരിൽ ഉടലെടുത്ത് അവർ ഓടി ഒളിച്ചത്. അതായിരുന്നു അവരെ ജീവവൃക്ഷഫലത്തിൽനിന്നും അകറ്റിനിർത്തിയത്. അവരിൽ ജനിച്ച ഭയത്തിന്റെ പ്രതിവിധിക്കായി അവർ മറഞ്ഞത് വലിയ ഇലയുള്ള അത്തിയുടെ മറവിലായിരുന്നു. അവർ അതിന്റെ ഇലകൾ കൂട്ടിത്തുന്നി അരയാട ഉണ്ടാക്കിയെങ്കിലും അത് വാടിപ്പോകുന്നതായിരുന്നു. എന്നാൽ, ദൈവമാണ് അതിനുള്ള പരിഹാരം അവർക്ക് ഉണ്ടാക്കി കൊടുത്തത്. അവരുടെ നഗ്നതയുടെ ലജ്ജ മറെപ്പാൻ യഹോവയാംദൈവം തോൽകൊണ്ട് ഉടുപ്പുണ്ടാക്കി ഇരുവർക്കും കൊടുത്തു. ഇതിൽനിന്നും മനുഷ്യരുടെ നഗ്നത മറയപ്പെടുമെന്നും നിത്യതേജസ്സിനാൽ മാനവവർഗം പ്രകാശിക്കപ്പെടുമെന്നുള്ള ധ്വനിയുണ്ട്. ഏദ്ദെനിൽ ദൈവം അവർക്ക് ഉണ്ടാക്കിക്കൊടുത്ത തോൽ വസ്ത്രം ധരിച്ചുകൊണ്ടാണ് അവർ അവിടെനിന്നും ഇറങ്ങിയത്. മനുഷ്യനു സംഭവിച്ച സകല വിഷയങ്ങൾക്കും ദൈവം താൽകാലിക പരിഹാരം ഉണ്ടാക്കിയത് നിത്യമായിട്ടുള്ള പരിഹാരം വരുത്തുമെന്നതിന്റെ സൂചനയായിരുന്നു.

മനുഷ്യവർഗത്തോടുള്ള ദൈവീകപ്രവൃത്തി കണ്ട സാത്താൻ അങ്ങനെ എല്ലാ അർത്ഥത്തിലും അന്ന് പരാജയപ്പെട്ടു. താൻ കുഴിച്ച കുഴിയിൽ താൻതന്നെ വീഴും എന്ന വചനപ്രകാരം ശത്രുവായ സാത്താൻ മനുഷ്യവർഗത്തിന്റെ വീഴ്ച കാണാൻ ആഗ്രഹിച്ച് അവൻ കുഴിച്ച കുഴിയിൽ അവൻതന്നെയാണ് വീണത്. ഏദ്ദെനിൽ ആരംഭിച്ച് അവിടെ അവസാനിച്ച നിഷ്പാപയുഗത്തിലെ പ്രധാനസംഭവങ്ങൾ എഴുതി ഈ ഭാഗത്തിന്റെ പഠനം പൂർത്തീകരിക്കുന്നു.

* ലോകസ്ഥാപനത്തിനു മുമ്പേ ദൈവം വിഭാവനം ചെയ്തിരുന്ന ദൈവീക ഉദ്ദേശത്തിന്റെ ലക്ഷ്യപ്രാപ്തിയിലേക്കുള്ള മനുഷ്യവർഗത്തിന്റെ പ്രയാണത്തിലെ ആദ്യത്തെ നാഴികക്കല്ലായിരുന്നു മാനവരാശിയോടുള്ള ബന്ധത്തിലെ നിഷ്പാപയുഗത്തിലെ കുടുംബജീവിതം.
* ദൈവീക സംസർഗത്തിലായിരുന്നതുവരെ ആദാമികകുടുംബം തേജസ്സുള്ളവരായിരുന്നു.
* നിഷ്പാപയുഗത്തിൽ മാനവജാതിക്ക് വംശവർദ്ധനവ് ഉണ്ടായിരുന്നില്ല.

* ഏദ്ദെനിലെ നിഷ്പാപയുഗത്തിന്റെ അതിരും കാലവും തികെ ഞ്ഞത് ആദിമമനുഷ്യർക്ക് ദൈവം വച്ചിരുന്ന അതിർ ലംഘിച്ച് അവർ അനുസരണക്കേടിന്റെ ഫലം ഭക്ഷിച്ചതോടെയാണ്. അതിന്റെ കാലദൈർഘ്യം എത്രയെന്നത് ആർക്കും ഗണിച്ചെടു ക്കുവാൻ കഴിവുള്ളതല്ല.
* നിഷ്പാപയുഗത്തിൽ മനുഷ്യരായ ആദാമും ഹവ്വായും സ്വത ന്ത്രരും ഇച്ഛാശക്തിയുള്ളവരുമായിരുന്നു. പാപം ചെയ്യുന്നതു വരെ അവരുടെ ആത്മാവിൽ വിവേകം ഉണ്ടായിരുന്നു. അതാ യിരുന്നു അവരെ ദൈവത്തോട് ചേർത്തു നിർത്തിയിരുന്നത്. അതുപോലെ അവരുടെ ജീവനിൽ അഥവാ ദേഹിയിൽ ജ്ഞാന വുമുണ്ടായിരുന്നു, അതായിരുന്നു അവരിലെ മനുഷ്യാത്മാവി നെയും ദേഹത്തെയും നിയന്ത്രിച്ചുകൊണ്ടിരുന്ന ഘടകം. അതു നിമിത്തമാണ് അവരുടെ ദേഹം നന്മ പ്രവർത്തിക്കുന്ന നീതി യുടെ അവയവങ്ങളായിരുന്നത്.
* ദൈവത്തിന്റെ പ്രതിമയും തേജസ്സുമായിരുന്ന ആദാമല്ല മനു ഷ്യരിൽ ആദ്യം പാപം ചെയ്തത്. അത് ആദാമിന്റെ തേജസ്സു ണ്ടായിരുന്ന സ്ത്രീയാണ്. അവളാണ് സാത്താനാൽ വഞ്ചിക്ക പ്പെട്ട് ആദ്യം പാപം ചെയ്തത്.
* നന്മതിന്മയുടെ വൃക്ഷഫലം തിന്നനാളിൽ നീ മരിക്കുമെന്നുള്ള ദൈവവചനപ്രകാരം അവർ അതു തിന്നനാളിൽ അവർക്ക് ആത്മ മരണം സംഭവിച്ചു. അവരുടെ അകത്തെ ഹൃദയദൃഷ്ടികൾ അട യപ്പെടുകയും ആത്മീയമനുഷ്യൻ മരിക്കുകയും ചെയ്തപ്പോൾ അവരുടെ പുറംകണ്ണുകൾ തുറക്കപ്പെടുകയും ജഡമനുഷ്യൻ പ്രവർത്തനനിരതനാവുകയും ചെയ്തു. അവരുടെ ജീവനിലെ ജ്ഞാനമെന്ന ചിന്താമണ്ഡലത്തിൽ അതുവരെയും നന്മമാത്രം ചിന്തിച്ചിരുന്ന ഏകമനസ്സായിരുന്നുവെങ്കിൽ പാപാനന്തരം ശരി യും തെറ്റും തിരിച്ചറിയുന്ന മനസ്സാക്ഷിയുടെ വിവേചന മണ്ഡ ലമാണ് അവരിൽ ഉണർത്തപ്പെട്ടത്. ചുരുക്കി പ്രസ്താവിച്ചാൽ മനുഷ്യൻ നിഷ്പാപയുഗത്തിൽനിന്ന് മനസ്സാക്ഷിയുഗത്തിലേക്ക് പ്രവേശിക്കപ്പെട്ടു എന്നു സാരം.
* സ്ത്രീയുടെ സന്തതിയായി ജനിക്കുന്നവൻ സാത്താന്റെ തലയെ തകർക്കുമെന്നും മാനവവർഗത്തിന് സ്ത്രീയുടെ സന്തതിയായി ജനിക്കുന്നയേശുക്രിസ്തു മുഖാന്തരം വീണ്ടെടുപ്പും തിരഞ്ഞെ

ടുപ്പും നിത്യതേജസ്സും ലഭിക്കും എന്നുള്ള വാഗ്ദത്തത്തോടുകൂടിയാണ് ആദാമികകുടുംബം ഏദ്ദെനിൽ നിന്ന് പുറത്താക്കപ്പെട്ടത്.

അന്ന് മനുഷ്യവർഗ്ഗം നിഷ്പാപയുഗത്തിൽനിന്ന് മനസ്സാക്ഷിയുഗത്തിലേക്കാണ് പ്രവേശിച്ചത്. നിഷ്പാപയുഗത്തിൽ ആദാമികകുടുംബത്തെക്കുറിച്ച് ദൈവം ഉദ്ദേശിച്ചിരുന്ന കാര്യങ്ങൾ മുഴുവൻ സമ്പൂർണ്ണമാക്കപ്പെട്ടു. അവർ പാപാനന്തരം തമ്മിൽ ഭിന്നിച്ചുപോകാതെ ഐക്യതയിൽ കുടുംബമായി നിലനിന്നതുകൊണ്ടാണ് ദൈവീക പദ്ധതിയിൽനിന്ന് അവർ തള്ളപ്പെട്ടുപോകാതിരുന്നത്. അങ്ങനെ മനസ്സാക്ഷിയുഗത്തിലേക്ക് പ്രവേശിച്ച ആദാമിന്റെയും അവനിൽ നിന്ന് ഉത്ഭവിച്ച കുടുംബങ്ങളെക്കുറിച്ചുമുള്ള ദൈവീക ഉദ്ദേശങ്ങളെക്കുറിച്ചാണ് തുടർന്ന് നാം ചിന്തിക്കുന്നത്.

## ii മനസ്സാക്ഷിയുഗത്തിലെ വിവാഹം, കുടുംബങ്ങൾ എന്നിവയെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം

നിഷ്പാപയുഗത്തിൽ ദൈവം സംയോജിപ്പിച്ച് അനുഗ്രഹിച്ച മാനവരാശിയുടെ പ്രഥമകുടുംബം രണ്ടു യുഗജീവിതങ്ങളിലൂടെ കടന്നുപോയവരാണ്. ഭൂമിയിൽ അവർ വർദ്ധിച്ചു പെരുകണം എന്നത് ദൈവത്തിന്റെ തിരുഹിതമായിരുന്നു. ശരിയും തെറ്റും തിരിച്ചറിയുന്ന മനസ്സാക്ഷിയോടെ ഏദ്ദെനിൽനിന്ന് തള്ളപ്പെട്ടവരുടെ ജീവിതം ഭൂമിയിൽ ആരംഭിച്ചത് മനസ്സാക്ഷിയുഗത്തിലാണ്. മനുഷ്യൻ ഇരുളിനും വെളിച്ചത്തിനും ഇടയിലായി. ആദാം നിമിത്തം ശപിക്കപ്പെട്ട ഭൂമിയിലെ അവരുടെ ജീവിതം ആരംഭിക്കപ്പെട്ടപ്പോൾ അവരിൽ നിഷ്പക്ഷമനസ്സാക്ഷി ആയിരുന്നുവെങ്കിൽ അധികം താമസിയാതെ അവർ ഇരുളിന് അധീനരായിത്തീർന്നു. ദൈവീകസംസർഗം നഷ്ടപ്പെട്ട് ഭൂമിയിൽ കാലുകുത്തിയ ആദ്യദിനത്തിൽതന്നെ അവരുടെ മനസ്സ് ഇരുണ്ടുപോയി. അവർ സാത്താന്റെ ഇംഗിതത്തിന് പൂർണ്ണമായും വിധേയപ്പെട്ട് ജീവിതം ആരംഭിച്ചു. നന്മ മാത്രം ചിന്തിച്ചിരുന്ന അവരുടെ മനസ്സ് തിന്മ മാത്രം ചിന്തിക്കുന്ന അവസ്ഥയിലേക്ക് മാറ്റപ്പെട്ടു.

മനസ്സാക്ഷിയുഗത്തിലെ മനുഷ്യരുടെ വിവാഹം, കുടുംബം എന്നിവയെക്കുറിച്ച് വ്യക്തമായി ഗ്രഹിക്കണമെങ്കിൽ ദൂതന്മാർ, മനുഷ്യർ എന്നിവർ തമ്മിലുള്ള സൃഷ്ടിപരമായ അന്തരത്തെക്കുറിച്ചുള്ള ധാരണ ഉണ്ടായിരിക്കണം. അതുകൊണ്ട് അതെക്കുറിച്ചുള്ള ലഘുവിശദീകരണമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

**ദൂതന്മാർ**: മനുഷ്യരെപ്പോലെ ദൂതന്മാർക്കും ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്ന് ഘടകങ്ങൾ ഉണ്ട്. അവർ ദൈവത്തിന്റെ തൃക്കൈകളാൽ മനുഷ്യരെപ്പോലെ സൃഷ്ടിക്കപ്പെട്ടവരല്ല; കൂട്ടത്തോടെ സൃഷ്ടിതാവാം ദൈവത്തിന്റെ വായിലെ ശ്വാസത്താൽ ഉളവാക്കപ്പെട്ടതാണ്. അവരുടെ ആത്മാവിൽ തേജസ്സാകുന്ന പ്രഭയും ദേഹിയിൽ ജ്ഞാനവും ഓരോഗണത്തിൽപെടുന്ന ദൂതന്മാർക്ക് അവരവരുടെ ദൗത്യമനുസരിച്ചുള്ള ശരീരഘടനയുമാണുള്ളത്. ദൈവത്തിന്റെ സ്വരൂപസദൃശത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള മനുഷ്യനെപ്പോലെ ദൂതന്മാർക്ക് സ്വയം തീരുമാനമെടുക്കുവാനുള്ള ഇച്ഛാശക്തി അവരുടെ ദേഹിയിൽ ഇല്ല. ദേഹിയിൽ നന്മമാത്രം ചിന്തിക്കുക എന്ന ചിന്താമണ്ഡലത്തിലാണ് അവർ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ദേഹിയാണ് ദൂതന്മാരുടെ ആത്മാവിനെയും ദേഹത്തെയും നിയന്ത്രിക്കുന്ന അദൃശ്യ ഘടകം. ഏതെങ്കിലും വിധത്തിലുള്ള ദൈവവിരുദ്ധമായ തിന്മയുടെ ചിന്ത അവരുടെ ദേഹിയിലെ ചിന്താമണ്ഡലത്തിൽ ഉയരുന്ന നിമിഷത്തിൽതന്നെ അവർ ദൈവീകദൃഷ്ടിയിൽ അശുദ്ധരായിത്തീരുന്നു. അവർ പരിശുദ്ധനായ ദൈവത്തെ സേവിക്കേണ്ട ശുശ്രൂഷയിൽനിന്ന് ഉടനടി നീക്കപ്പെടുകയും നിത്യനാശത്തിന്റെ വിധിക്കായി തള്ളപ്പെടുകയാണ് ചെയ്യുന്നത്.

അരുണോദയപുത്രനായ ശുക്രനെന്ന ലൂസിഫറിൽ സ്വന്തം മേന്മയെപ്പറ്റി അവന്റെ ദേഹിയിൽ ഉയർന്ന അഹങ്കാരചിന്തയാണ് അവന്റെ ജ്ഞാനത്തെ വഷളാക്കിയത്. അത് അവന്റെ ആത്മാവിനെ കടന്നുപിടിച്ചതോടെ ദൈവവുമായുള്ള അവന്റെ ആത്മബന്ധം എന്നെന്നേക്കുമായി വിച്ഛേദിക്കപ്പെട്ടു. സൃഷ്ടിതാവായ ദൈവം ദുഷ്ടചിന്ത ഉടലെടുത്ത സാത്തനെ അപ്പോൾത്തന്നെ വചനമാകുന്ന വാളിനാൽ വെട്ടി ഒന്നാമത്തെ ആകാശമാകുന്ന പറുദീസയിൽനിന്ന് ഒന്നാമത്തെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു. ദൈവത്തിൽനിന്ന് നിത്യമായി അകന്നുപോയ ലൂസിഫറിന്റെ ആത്മാവ് നിത്യമരണത്തിന്റെ ഉറവിടമായിത്തീരുകയും അവന്റെ ദേഹി ദൈവത്തോടുള്ള നിത്യശത്രുതയുടെ ചിന്താമണ്ഡലത്തിലും അവന്റെ ദേഹം അനീതിയുടെ അവയവങ്ങളായി മാറ്റപ്പെടുകയുമാണ് ചെയ്തത്.

ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് ലൂസിഫറിന് ദേഹം, ദേഹി, ആത്മാവ് എന്നിവ ഉണ്ടായിരുന്നുവെന്നും ആത്മാവിനെയും ദേഹത്തെയും നിയന്ത്രിക്കുന്ന ദേഹിയിൽ സ്വയം നിഗളം തലയുയർത്തിയതോടെ അവനിലെ ജീവനെന്ന ഉറവ മലിനപ്പെടുകയും അവൻ

ഇരുളാകുന്ന മരണത്തിന്റെ ഉത്ഭവകേന്ദ്രമായി മാറ്റപ്പെടുകയും ചെയ്തു എന്നതാകുന്നു. സ്വയം അഹങ്കരിച്ച ലൂസിഫർ ഒരിക്കലും മടങ്ങിവരാത്ത നിത്യമരണത്തിന്റെ ഉറവിടമായിത്തീർന്നപ്പോൾ അവന്റെ ദേഹം ക്ഷയിച്ചുപോകാത്ത അനീതിയുടെ ആയുധങ്ങളായി മാറ്റപ്പെടുകയാണ് ചെയ്തത്. തെറ്റിപ്പോയ പിശാചിനാൽ വശീകരിക്കപ്പെട്ട് പാപം ചെയ്യുന്ന ദൂതന്മാർ അവനെപ്പോലെയാണ് ആയിത്തീരുന്നത്. അവരുടെ ആത്മാക്കൾ ഇരുളായും ദേഹിയിലെ ചിന്ത മലിനപ്പെടുകയും ദേഹം തിന്മയുടെ ആയുധങ്ങളായി മാറ്റപ്പെടുകയുമാണ് ചെയ്യുന്നത്. തേജസ്സിന്റെ ദൈവത്തെയും വെളിച്ച ദൂതന്മാരെയും മനുഷ്യർക്ക് ബാഹ്യമായ കണ്ണുകളാൽ കാണുവാൻ കഴിയാത്തതുപോലെ ഇരുളാകുന്ന സാത്താനെയും അവന്റെ ദൂതന്മാരെയും കാണുവാൻ കഴിയുകയില്ല.

**മനുഷ്യൻ:** ദൈവത്തിന്റെ സ്വരൂപസദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവകരങ്ങളാൽ ഭൂമിയിലെ മണ്ണുകൊണ്ട് മെനയപ്പെട്ടതാണ്. ദേഹം എന്ന ദൃശ്യഘടകവും ദേഹി, ആത്മാവ് എന്നീ അദൃശ്യഘടകങ്ങളും ചേർന്നതാണ് മനുഷ്യൻ. ദേഹിയാണ് മനുഷ്യനിലെ ദേഹത്തെയും ആത്മാവിനെയും നിയന്ത്രിക്കുന്നത്. ദേഹിയിലുള്ള മനുഷ്യാത്മാവാണ് ദൈവാത്മാവുമായിട്ട് ബന്ധിക്കപ്പെട്ടിരിക്കുന്നത്. ആദിമമനുഷ്യൻ പാപത്തിനടിമപ്പെടുന്നതുവരെ അവനിലെ വിവേകമുള്ള മനുഷ്യാത്മാവ് ദൈവത്തിന്റെ ജീവശ്വാസമായ ആത്മാവുമായി ബന്ധിക്കപ്പെട്ടിരുന്നു. ദൈവാത്മാവിനാൽ അകത്തെ ആത്മീയമനുഷ്യന്റെ ഹൃദയദൃഷ്ടി പ്രകാശിച്ചിരുന്നതുകൊണ്ടാണ് അവന് പുറമേ ദേഹിയിൽ തേജസ്സും മാനവും ഉണ്ടായിരുന്നത്. പാപംചെയ്ത് അകത്തെ ആത്മമനുഷ്യന്റെ ഹൃദയദൃഷ്ടി അടഞ്ഞതോടെ അവനിലെ ആത്മാവ് മരണത്തിനടിമപ്പെട്ട് ഇരുളായിത്തീർന്നു. അവന്റെ ദേഹിയിലെ ജീവന്റെ ഉറവ മലിനപ്പെടുകയും മനസ്സാകുന്ന ചിന്താമണ്ഡലം കലങ്ങിപ്പോകുകയും അവന്റെ ദേഹത്തിന്റെ തേജസ്സും മാനവും നഷ്ടപ്പെട്ട് ക്ഷയമുള്ളവനായിത്തീരുകയും ചെയ്തു. ദുഷ്ടനായ സാത്താന്റെ മുമ്പിൽ അക്ഷരാർത്ഥത്തിൽ ഹവ്വായാണ് ആദ്യം കുലുങ്ങിപ്പോയത്. ദുഷ്ടന്റെ മുൻപിൽ കുലുങ്ങിപ്പോകുന്ന നീതിമാനെക്കുറിച്ച് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാകുന്നു.

> ദുഷ്ടന്റെ മുമ്പിൽ കുലുങ്ങിപ്പോയ നീതിമാൻ കലങ്ങിയ കിണറിനും മലിനമായ ഉറവിനും സമം (സദൃശ. 25:26).

നന്മയും തിന്മയും തിരഞ്ഞെടുക്കുനുള്ള ഇച്ഛാശക്തിയോടെ സൃഷ്ടിക്കപ്പെട്ട മാനവവംശത്തിലെ സ്ത്രീ സാത്താനിക പ്രലോഭനത്തിനു മുമ്പിൽ കുലുങ്ങിപ്പോയതു നിമിത്തം അവളുടെ മനസ്സിലെ ചിന്ത കലങ്ങിപ്പോയി. അവൾ തിന്മയുടെ സ്വാധീനവലയത്തിൽ ആയതോടെ പാപത്തിനു കീഴടങ്ങിയതു നിമിത്തം അനുസരണക്കേടിന്റെ കനി ഭക്ഷിക്കുകയും അവളുടെ ജീവന്റെ ഉറവ മലിനപ്പെടുകയും ചെയ്തു. അതുവരെ നിർമലമായിരുന്ന മനുഷ്യാത്മാവ് കളങ്കപ്പെട്ടതോടെ ദൈവാത്മാവുമായുള്ള ബന്ധം നഷ്ടപ്പെടുകയും മരണമാകുന്ന ഇരുൾ അവളിൽ വ്യാപരിക്കുകയുമാണ് ചെയ്തത്. അവളിൽനിന്നുമാണ് പാപവും മരണവും ആദാമിലേക്ക് വ്യാപരിച്ചത്.

മനുഷ്യനും ദൂതനും തമ്മിലുള്ള പ്രധാന വ്യത്യാസത്തെക്കുറിച്ച് മാത്രമാണ് നാം ഇവിടെ ചിന്തിച്ചത്. അതല്ലാതെ ഇതു സംബന്ധമായ സുദീർഘമായ പഠനത്തിന് നാം മുതിരുന്നില്ല. ദൂതന്മാർ ഉൾപ്പെടെ മറ്റ് സൃഷ്ടികളിൽനിന്നെല്ലാം മനുഷ്യൻ വേറിട്ടു നിൽക്കുന്നത് അവന്റെ ദേഹിയിലെ അഥവാ ജീവനിലെ സ്വതന്ത്രമനസ്സ് എന്ന അദൃശ്യഘടകമാണ്. സ്വതന്ത്ര ചിന്താഗതിയിൽ മനുഷ്യനു ലഭിച്ചിരിക്കുന്ന വിവേചന അധികാരത്തിൽ നിന്നുമാണ് നല്ലമനസ്സ്, നിഷ്പക്ഷമനസ്സ്, ദുർമനസ്സ് എന്നീ ചിന്തകളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും മനുഷ്യർക്കു സാധിക്കുന്നത്. ഇതിനെയാണ് മനസ്സാക്ഷി എന്നു പറയുന്നത്. മനസ്സാക്ഷിയോടുള്ള ബന്ധത്തിൽ നിരവധി പരാമർശങ്ങൾ വിശുദ്ധതിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ യേശുവിനെ പരീക്ഷിക്കുവാൻ വന്ന കഠിനഹൃദയരായ ശാസ്ത്രിമാരുടെയും പരീശന്മാരുടെയും മനസ്സാക്ഷിയിൽ കുറ്റബോധം ഉളവാക്കപ്പെട്ട ഒരു സംഭവത്തെക്കുറിച്ച് യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ വിശദീകരമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

യെരുശലേമിലെ ദൈവാലയത്തിൽ ഇരുന്ന് ജനത്തെ ഉപദേശിച്ചുകൊണ്ടിരുന്ന യേശുവിന്റെ അടുക്കൽ അവർ വ്യഭിചാരകർമ്മത്തിൽ പിടിച്ച ഒരു സ്ത്രീയെ കൊണ്ടുവന്ന് നടുവിൽ നിർത്തി അവനോട് ചോദിച്ചത് ഗുരോ, ഇവളെ വ്യഭിചാരകർമ്മത്തിൽതന്നെ പിടിച്ചിരിക്കുന്നു. ഇങ്ങനെയുള്ളവരെ കല്ലെറിയേണം എന്ന് മോശെ ഞങ്ങളോട് കല്പിച്ചിരിക്കുന്നു. നീ ഇവളെക്കുറിച്ച് എന്തു പറയുന്നു എന്ന് പരീക്ഷിച്ച് ചോദിച്ചു. അവർ ചിന്തിച്ചിരുന്നത് രണ്ടു കാര്യമാ

യിരുന്നു. അതിൽ ഒന്നാമത്തേത് യേശു അവളെ വിട്ടയച്ചാൽ ന്യായ പ്രമാണത്തെ ലംഘിക്കുന്നു എന്ന കുറ്റം അവന്റെമേൽ ചുമത്താം എന്നതായിരുന്നു. രണ്ടാമത്തേത് അവളെ മരണമാകുന്ന ശിക്ഷാ വിധിക്ക് ന്യായപ്രമാണപ്രകാരം വിട്ടുകൊടുത്താൽ പാപിയെ രക്ഷി പ്പാൻ കഴിയാത്തവനാണ് യേശു എന്ന് അവർക്ക് പരസ്യമായി പ്ര സ്താവിക്കാമായിരുന്നു. അവരുടെ അന്തർഗതം തിരിച്ചറിഞ്ഞ യേശു അവരോട് ആജ്ഞാപിച്ചത് നിങ്ങളിൽ പാപം ഇല്ലാത്തവർ അവളെ ഒന്നാമത് കല്ലെറിയട്ടെ എന്നായിരുന്നു. യേശുവിന്റെ വാക്കുകൾ അവരുടെ കർണ്ണപുടങ്ങളിലൂടെ മനസ്സാക്ഷിയിൽ തട്ടി പ്രതിധ്വനിച്ചു. അതുനിമിത്തം മൂത്തവൻ മുതൽ ഇളയവൻ വരെ എല്ലാവരുടെയും മനസ്സാക്ഷിയിൽ കുറ്റബോധം ഉണർന്നു. ആവേശത്തോടെ വന്ന അവർ ലജ്ജിതരായിത്തീർന്നു. അവർ എടുത്തിരുന്ന കല്ലുകൾ താ ഴെയിട്ട് തലകുനിച്ച് ഓരോരുത്തരായി സ്ഥലംവിട്ടു. യേശുവിന്റെ വാക്കുകൾക്ക് മുമ്പിൽ പിടിച്ചുനില്കുവാൻ കഴിയാതെ അടിപത റിപ്പോയ അവരുടെ മനസ്സാക്ഷിയിൽ കുറ്റബോധം ഉണർന്നതു കൊണ്ടാണ് അന്ന് അവർ സ്ഥലം വിട്ടത് (യോഹ.8:1 –11). ന്യായ പ്രമാണത്തിന്റെ ശിക്ഷാവിധിയിൽനിന്ന് രക്ഷപ്പെട്ട സ്ത്രീയോട് യേശു പറഞ്ഞത്: “ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല; പോക, ഇനി പാപം ചെയ്യരുത്” എന്നായിരുന്നു. യേശുവിന്റ വാക്കുകളുടെ ശക്തിയിൽ മനുഷ്യരുടെ മനസ്സാക്ഷി ഉണർത്തപ്പെട്ടതിന്റെ ഉത്തമ ഉദാഹരണമാണ് ഇതിൽ വ്യക്തമാക്കപ്പെടുന്നത്.

ദുഷ്ടനായ പിശാചിന്റെ വാക്കുകൾക്കു മുമ്പിൽ കുലുങ്ങിപ്പോയ ഹവ്വായുടെ ചിന്താമണ്ഡലം കലങ്ങിപ്പോയതുനിമിത്തം അവളിൽ അന്ന് ഇരുമനസ്സാണ് രൂപപ്പെട്ടത്. ദൈവത്തിന്റെ ആലോചനയിൽ ജീവിക്കണമോ അതോ സാത്താന്റെ ആലോചന തിരഞ്ഞെടുക്ക ണമോ എന്ന കലക്കമാണ് അവളുടെ മനസ്സിൽ രുപപ്പെട്ടത്. സാ ത്താന്റെ മോഹനവാക്കുകൾ വലിയ നന്മയെന്നു മോഹിച്ച് അവൾ പാപം ചെയ്തു. അതു നിമിത്തം അവൾ വിലക്കപ്പെട്ട കനി പറിച്ചു തിന്നുകയും ഭർത്താവിനു കൊടുക്കുകയും ചെയ്തു. അവർ ഇരുവരുടെയും ജീവന്റെ ഉറവ മലിനപ്പെടുകയും അത് ഇരുളായി മനുഷ്യാത്മാവിൽ വ്യാപരിക്കുകയും ചെയ്തതോടെ ദൈവാത്മാവു മായുള്ള ബന്ധത്തിൽനിന്ന് മനുഷ്യാത്മാവിന്റെ ബന്ധം വിച്ഛേ ദിക്കപ്പെട്ടു. ദൈവാത്മാവുമായുള്ള ബന്ധത്തിൽനിന്ന് മനുഷ്യാത്മാവ് വേർപെട്ടതിനെയാണ് ആത്മമരണം എന്നു പറയുന്നത്. പുരുഷന്റെ

തേജസ്സോടെ അവനിൽനിന്ന് സൃഷ്ടിക്കപ്പെട്ട സ്ത്രീയാണ് ആദ്യപാപം ചെയ്ത് ദൈവതേജസ്സ് നഷ്ടപ്പെടുത്തിക്കളഞ്ഞത്. ദുഷ്ടന്റെ മുമ്പിൽ കുലുങ്ങിപ്പോയ സ്ത്രീയുടെ മനസ്സ് കലങ്ങി പ്പോയതു നിമിത്തമാണ് അവൾ പാപം ചെയ്തതെങ്കിൽ ദൈവ തേജസ്സുണ്ടായിരുന്ന ആദാം കുലുങ്ങിപ്പോയത് പാപത്തിനടിമപ്പെട്ട അവന്റെ ഭാര്യ ഹവ്വായുടെ മുമ്പിലായിരുന്നു. അവന്റെ മനസ്സ് എന്തു ചെയ്യണമെന്നറിയാതെ കലങ്ങിപ്പോകുകയും ഒടുവിൽ അവൻ അവളെ സ്നേഹിച്ചതുനിമിത്തം അവളെ അനുസരിച്ച് പാപത്തിനും മരണത്തിനും അടിമപ്പെടുകയുമാണ് ചെയ്തത്. ആദി മുതൽ ഭോഷ്കും ഭോഷ്കിന്റെ അപ്പനുമായ കൊലപാതകനായ പിശാ ചാണ് അവരെ വഞ്ചിച്ച് ആത്മമരണത്തിലകപ്പെടുത്തിയത്. ആദിയിൽ മനുഷ്യരുടെ ഉള്ളിൽ സജീവമായിരുന്ന ആത്മമനുഷ്യ നെന്ന അകത്തെ മനുഷ്യനെയാണ് സാത്താൻ ചതിച്ച് കൊന്നു കളഞ്ഞത്. പുറമെയുള്ള ദേഹത്തെ കൊല്ലുവാൻ സാത്താന് കഴി യും. എന്നാൽ അതുപോലെ ദേഹി എന്ന അകത്തെ മനുഷ്യനിലെ ആത്മാവിനെയും ജീവനെയും അവന് നേരിട്ടു കൊന്നുകളയുവാൻ ഒരുനാളും കഴിയുകയില്ല. അതിന് അവൻ ചെയ്യുന്നത് മനുഷ്യരെ വഞ്ചനയിലൂടെ വശീകരിച്ച് പാപം ചെയ്യിച്ച് അവരെ ആത്മമരണ ത്തിന് അടിമപ്പെടുത്തുക എന്നതാകുന്നു. അതായിരുന്നു ഏദ്ദെനിൽ വച്ചു നടന്ന മാനവരാശിയോടുള്ള ബന്ധത്തിലെ ആദ്യകൊല പാതകം.

ആത്മമരണത്തിലകപ്പെട്ട ആദിമമനുഷ്യരുടെ ഹൃദയദൃഷ്ടി അട യപ്പെട്ടപ്പോളാണ് പുറമേയുള്ള അവരുടെ ജഡത്തിലെ കണ്ണുകൾ തുറക്കപ്പെട്ടത്. ആന്തരികതേജസ്സിനാൽ പ്രകാശിക്കപ്പെട്ടിരുന്ന അവരുടെ ദേഹത്തിന്റെ തേജസ്സ് നഷ്ടപ്പെട്ടതു നിമിത്തം അവർ നഗ്നരാണെന്നുള്ള മനോബോധം അവർക്ക് ഉണ്ടായി. തേജോ മയനായ ദൈവത്തിന്റെ മുമ്പാകെ നില്കുവാൻ കഴിയില്ല എന്ന തിനാൽ അവർ അത്തിയില കൂട്ടിത്തുന്നി അരയാട ഉണ്ടാക്കുകയും വൃക്ഷങ്ങളുടെ ഇടയിൽ ഓടിയൊളിക്കുകയും ചെയ്തു. എന്നാൽ മനസ്സലിവുള്ള സൃഷ്ടിതാവാംദൈവം അവരെ ഏദ്ദെനിൽ തേടി യെത്തി, മാനവരാശിയുടെ വീണ്ടെടുപ്പിനുള്ള സ്വർഗീയ പ്രഖ്യാപനം ഏദ്ദെനിൽ വിളംബരം ചെയ്തു. അത് അവരിൽ ആശ്വാസം പകർന്നു. നിഷ്പാപയുഗത്തിൽ അവർക്ക് ഉണ്ടായിരുന്ന നല്ല മനസ്സാക്ഷി പാപം നിമിത്തം നഷ്ടപ്പെട്ട് ദുർമനസ്സാക്ഷി ആയിത്തീർന്നുവെങ്കിലും ദൈവീകവാഗ്ദത്ത വചനങ്ങൾ അവരുടെ മനസ്സിനെ സ്പർശിച്ചു.

അത് അവരെ നിഷ്പക്ഷമനസ്സാക്ഷിയലേക്കാണ് നയിച്ചത്. ഏദ്ദെനിലെ നിഷ്പാപയുഗത്തിൽനിന്ന് തള്ളപ്പെട്ട മനുഷ്യൻ നന്മയും തിന്മയും തിരിച്ചറിയുന്ന നിഷ്പക്ഷമനസ്സാക്ഷിയോടെയാണ് മനസ്സാക്ഷിയുഗത്തിലേക്ക് കാലുകുത്തിയത്.

ദൈവീകസംസർഗം നഷ്ടപ്പെട്ട മനുഷ്യന്റെ ഭൂമിയിലെ വാസത്തിന്റെ ആദ്യദിനംതന്നെ അവരുടെ നിഷ്പക്ഷമനസ്സ് വീണ്ടും തിന്മയിലേക്ക് തിരിഞ്ഞു. അവർ സാത്താന്റെ ഇഷ്ടത്തിന് പ്രവർത്തിച്ചു തുടങ്ങി. അവന്റെ കാലടികളെ പിന്തുടർന്ന് അവർ സാത്താന്റെ മക്കളായിത്തീർന്നു. ഇരുൾ നിറഞ്ഞ ജീവിതാന്തരീക്ഷത്തിലാണ് ഹവ്വാ ആദാമിനാൽ ഗർഭം ധരിക്കുന്നത്. ദൈവം ഹവ്വായോട് പറഞ്ഞതുപോലെ അവൾ വേദനയോടെ ആദ്യമകനെ പ്രസവിച്ചു. എന്നാൽ ഒരു മനുഷ്യൻ ലോകത്തിൽ പിറന്ന സന്തോഷം നിമിത്തം അവൾ തന്റെ കഷ്ടം പിന്നെ ഓർത്തതുമില്ല.

> സ്തീ പ്രസവിക്കുമ്പോൾ തന്റെ നാഴിക വന്നതുകൊണ്ട് അവൾക്ക് ദുഃഖം ഉണ്ട്; കുഞ്ഞിനെ പ്രസവിച്ച ശേഷമോ ഒരു മനുഷ്യൻ ലോകത്തിലേക്കു പിറന്നിരിക്കുന്ന സന്തോഷം നിമിത്തം അവൾ തന്റെ കഷ്ടം പിന്നെ ഓർക്കുന്നില്ല (യോഹ.16:21).

ദൈവവചനപ്രകാരം ഹവ്വാ കഷ്ടവും വേദനയും സഹിച്ചാണ് തന്റെ ആദ്യജാതനെ പ്രസവിച്ചത്. അവൾ പ്രസവിച്ച മകനെ കണ്ടപ്പോൾ അവൾക്ക് സന്തോഷമുണ്ടായി, ഒരു മനുഷ്യൻ ലോകത്തിൽ പിറന്നതിന്റെ സന്തോഷം. യഹോവ എനിക്ക് ഒരു പുരുഷപ്രജയെ തന്നു എന്നു പറഞ്ഞ് അവൾ അവന് കയീൻ എന്നു പേരിട്ടു. ആദാമിന് ഹവ്വായിൽ ജനിച്ച കയീൻ ഇടംകൈയും വലംകൈയും തിരിച്ചറിയുവാൻ കഴിവില്ലാത്ത നിഷ്കളങ്കശിശുവായിരുന്നു. എന്നാൽ കയീൻ വളരുംതോറും ഇരുളിന്റെ സ്വാധീനതയിൽ തിന്മയുടെ പിന്നാലെയാണ് സഞ്ചരിച്ചത്. അതുകൊണ്ടാണ് കയീൻ ദുഷ്ടനിൽനിന്ന് ഉളവായി സഹോദരനെ കൊന്നതുപോലെ എന്ന് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (1 യോഹ. 3:12). ചിലർ ഈ വാക്യത്തെ ദുർവ്യാഖ്യാനം ചെയ്ത് കയീൻ ലൂസിഫറിൽനിന്ന് ജനിച്ചു എന്നാണ് പഠിപ്പിക്കുന്നത്. എന്നാൽ അത് തികച്ചും വചനവിരുദ്ധമാകുന്നു എന്നതിനാണ് തിരുവചനം വ്യക്തത നൽകുന്നത്.

> അനന്തരം മനുഷ്യൻ തന്റെ ഭാര്യയായ ഹവ്വായെ പരിഗ്രഹിച്ചു; അവൾ ഗർഭം ധരിച്ചു കയീനെ പ്രസവിച്ചു; യഹോവയാൽ എനിക്ക് ഒരു പുരുഷപ്രജ

ലഭിച്ചു എന്നു പറഞ്ഞു. പിന്നെ അവൾ അവന്റെ അനുജനായ ഹാബേലിനെ പ്രസവിച്ചു (ഉല്പ.4:1).

പ്രഭാതനക്ഷത്രങ്ങളുടെ തലവനായിരുന്ന ലൂസിഫർ ഒന്നാമത്തെ ആകാശവാസികളായ ദൂതന്മാരോട് സദൃശ്യമുള്ളവനല്ല. അവൻ ഒന്നാമത്തെ ഭൂമിയെയും ഒന്നാമത്തെ ആകാശത്തെയും പ്രകാശിപ്പിച്ചുകൊണ്ടിരുന്ന പ്രഭാതനക്ഷത്രങ്ങളുടെ തലവനായിരുന്നു. ഇപ്പോഴും ഒന്നാമത്തെ ആകാശത്തെ പ്രകാശിപ്പിക്കുന്നത് പ്രഭാതനക്ഷത്രങ്ങളാകുന്ന ആകാശത്തിലെ സൈന്യമാകുന്നു. പ്രഭാതനക്ഷത്രങ്ങളാകുന്ന ദൂതന്മാർക്ക് ഒരിക്കലും മനുഷ്യസ്ത്രീകളുമായി സംഗമിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് കയീൻ സാത്താനാകുന്ന ലൂസിഫറിൽനിന്ന് ഉളവായി എന്ന ചിന്ത തിരുവചന വിരുദ്ധമാണ്.

നിഷ്പാപയുഗത്തിലെ ഭർത്താവും ഭാര്യയുമാണ് മനസ്സാക്ഷി യുഗത്തിൽ പിതാവും മാതാവും ആയിത്തീർന്നത്. ദൈവം അനുഗ്രഹിച്ചപ്രകാരം മനുഷ്യൻ ഭൂമിയിൽ വർദ്ധിച്ചുതുടങ്ങി. ആദിമ മാതാപിതാക്കൾക്ക് കയീനുശേഷം ഹാബേൽകൂടി ജനിച്ചപ്പോൾ അവർ ഭൂമിയിലെ ആദ്യ സഹോദരന്മാരായിത്തീർന്നു. ദൈവീകാനുഗ്രഹത്തിന്റെ ഭാഗമാണ് കുടുംബജീവിതത്തിൽ തലമുറകൾ ജനിക്കുന്നത്. അതൊരിക്കലും പാപത്തിന്റെ അനന്തരഫലമല്ല. ദൈവമാണ് ഭൂമിയിൽ മനുഷ്യരെ വർദ്ധിപ്പിച്ച് പെരുകുമാറാക്കുന്നത്. അത് ദൈവീക പദ്ധതിയാകുന്നു.

ഹവ്വായുടെ ആദ്യപ്രസവത്തിൽ അവൾ നേരിട്ട കഷ്ടതയും വേദനയുമാണ് ആദിമമനഷ്യരുടെ മനസ്സാക്ഷിയിൽ ദൈവത്തിങ്കലേക്ക് വീണ്ടും തിരിയുവാനുള്ള ഉൾപ്രേരണ അവരിൽ ഉളവാക്കിയത്. അത് അവരെ ദൈവത്തെ പ്രസാദിപ്പിക്കുന്നവരും തലമുറകൾ അപ്രകാരം ആയിത്തീരണമെന്ന് ആഗ്രഹിക്കുന്നവരുമാക്കിത്തീർത്തു. എന്നാൽ കയീൻ സ്വന്തവഴിയിൽ നടക്കുന്ന ജഡസ്വഭാവമുള്ളവനായിരുന്നതുകൊണ്ട് അവന് ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിഞ്ഞില്ല. കയീൻ ജനിച്ച പശ്ചാത്തലത്തിൽനിന്ന് വ്യത്യസ്ഥമായ ആത്മീയപശ്ചാത്തലത്തിലാണ് ഹാബേൽ ജനിച്ചത്. ഹാബേൽ മാതാപിതാക്കളുടെ ഇഷ്ടപ്രകാരമാണ് കാൽചുവടുകളെ വച്ചത്. അതുകൊണ്ട് ഹാബേൽ ആത്മസ്വഭാവമുള്ളവനായിത്തീർന്നു. അതുനിമിത്തമാണ് അവന് ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധിച്ചത്. അതിൽ അസൂയ നിറഞ്ഞ കയീൻ ആദിമുതൽ കൊലപാതകനായ സാത്താന്റെ കയ്യിലെ ആയുധമായിത്തീർന്നു. അവസരം കാത്തിരുന്ന സാത്താൻ ഭൂമിയിൽ

ദൈവത്തെ പ്രസാദിപ്പിക്കുന്നവരുടെ തലമുറ നിലനില്ക്കാതിരിക്കുവാൻ തന്ത്രപൂർവ്വം കയീനെകൊണ്ട് ഹാബേലിനെ കൊന്നുകളയുകയാണ് ചെയ്തത്. ഹാബേലിന്റെ മരണമാണ് ഭൂമിയിലെ ആദ്യത്തെ ജഡമരണം. സ്വന്തം സഹോദരനാൽ കൊലചെയ്യപ്പെട്ട നീതിമാനായ ഹാബേലിന്റെ ജീവൻ ഭൂമിയിൽനിന്ന് നിലവിളിച്ചപ്പോൾ ദൈവം അവന്റെ ആത്മാവിനെ മുന്നമേ നിശ്ചയിച്ചിരുന്ന ഭൂമിയുടെ അധോഭാഗത്തുള്ള മീതെയുള്ള പാതാളത്തിലേക്ക് പ്രവേശിപ്പിച്ച് സ്വസ്ഥതയിലാക്കി. ദൈവശാപം ഏറ്റുവാങ്ങി ശാപഗ്രസ്ഥനായിത്തീർന്ന കയീൻ ഊർ ദേശത്തിന് കിഴക്കുള്ള നോദ് ദേശത്തു ചെന്നു പാർക്കുകയും ചെയ്തു.

ആദാമിനും ഹവ്വായ്ക്കും കയീനും ഹാബേലും കൂടാതെ പുത്രീപുത്രന്മാർ ജനിച്ചിരുന്നു. അവർക്ക് മൂന്നാമത് ജനിച്ചത് ശേത്ത് ആയിരുന്നു. കയീനിൽനിന്ന് ഉത്ഭവിച്ച തലമുറ ദൈവത്തിൽനിന്ന് അകന്നു പോയപ്പോൾ ശേത്തിന്റെ തലമുറ ദൈവത്തെ അന്വേഷിക്കുന്നവരായിരുന്നു. ശേത്തിന്റെ മകൻ ഏനോശിന്റെ കാലത്താണ് യഹോവയുടെ നാമത്തിലുള്ള ആരാധന ഭൂമിയിൽ ആരംഭിച്ചത്. സ്വർഗീയദൈവം ആദാമികകുടുംബത്തെക്കുറിച്ച് ഭൂമിയിൽ ഉദ്ദേശിച്ചിരുന്ന കാര്യങ്ങൾ ഓരോന്നുമാണ് അവന്റെ തലമുറയിലൂടെ തുടർന്ന് ഓരോന്നായി നിവർത്തീകരിക്കപ്പെട്ടത്. ആദാമിന്റെ ഏഴാം തലമുറക്കാരനായ ഹാനോക് ദൈവത്തോടുകൂടെ നടക്കുന്നതു കണ്ടിട്ടാണ് ഒന്നാംമനുഷ്യനായ ആദാം ഇഹലോകവാസം വെടിഞ്ഞത്. ആദാമിന് തൊള്ളായിരത്തി മുപ്പത് വയസ്സ് പ്രായമുള്ളവനായി മരിക്കുമ്പോൾ ഹാനോക്കിന്റെ പ്രായം നൂറ്റിരുപത്തിയൊന്നു വയസ്സായിരുന്നു. ഹാനോക് അമ്പത്തിയാറ് സംവത്സരം ദൈവത്തോടുകൂടെ നടക്കുന്നത് സ്വന്തകണ്ണുകൊണ്ട് കാണുവാനുള്ള ഭാഗ്യമാണ് ആദാമിന് ലഭിച്ചത്. ആദ്യസന്തതി കൊലപാതകനായി സാത്താന്റെ ഇഷ്ടം നിവർത്തിച്ച് അവനും അവന്റെ തലമുറകളും ദൈവത്തിൽനിന്ന് അകന്നുപോയപ്പോൾ ഹാബേലിനുപകരം ജനിച്ച ശേത്തിലൂടെ അനുഗ്രഹിക്കപ്പെട്ട തലമുറകളാണ് ഭൂമിയിൽ ഉടലെടുത്തത്. ശേത്തിന് ഏനോശ് ജനിക്കുമ്പോൾ ആദാമിന് ഇരുനൂറ്റി മുപ്പത്തിയഞ്ച് (130+105=235) വയസ്സായിരുന്നു. ഇതിൽനിന്നും ഒന്നാം മനുഷ്യനായ ആദാമാണ് ദൈവനാമത്തിലുള്ള ആരാധനയ്ക്ക് തുടക്കമിട്ടതെന്നാണ് നമുക്ക് ലഭിക്കുന്ന സൂചന. ആദാമിൽനിന്ന് ഏഴാം തലമുറക്കാരനായ ഹാനോക്കിലേക്ക് ആദാമിന്റെ വംശപരമ്പര

വർദ്ധിച്ചു പെരുകിയപ്പോൾ അവർ അധികമധികമായി ദൈവത്തോട് അടുത്തിരുന്നു. അതിന്റെ തെളിവാണ് ഹാനോക് ആ കാലത്ത് ദൈവത്തോടുകൂടെ മുന്നൂറ് സംവത്സരം നടന്നു എന്നതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്.

ദൈവം ലോകസ്ഥാപനത്തിനു മുമ്പ് വിഭാവനം ചെയ്തതിൻ പ്രകാരം നിഷ്പാപയുഗത്തിൽ ഭൂമിയിൽ സ്ഥാപിച്ച വിവാഹവും കുടുംബവ്യവസ്ഥിതിയും ദൈവീക ഉദ്ദേശപ്രകാരം മനസ്സാക്ഷിയുഗത്തിലും ശേത്തിന്റെ തലമുറകളിലൂടെ നിലനിന്നിരുന്നു. അതിന്റെ വ്യക്തതയാണ് ശേത്തിലൂടെ ആദാമിന് ഉണ്ടായ വംശപരമ്പരയുടെ ജീവിതം അവലോകനം ചെയ്തതിൽനിന്ന് നമുക്ക് ലഭിച്ചത്. മനസ്സാക്ഷിയുഗത്തിൽ ദൈവം വിഭാവനം ചെയ്തിരുന്ന അതിരും കാലവും പൂർത്തീകരിക്കപ്പെടുന്നതിലേക്കാണ് ഭൂമിയിൽ സംഭവിച്ച തുടർസംഭവങ്ങൾ വിരൽ ചൂണ്ടുന്നത്. ദൈവത്തോടുകൂടെ നടന്ന ഹാനോക് എന്ന പ്രവാചകന്റെ മകനായിരുന്നു മെഥൂശലേഹ്. ലോകം മുഴുവൻ ദുർനടപ്പിലേക്ക് വഴുതിപ്പോകുമെന്നതിന്റെ സൂചന അവന്റെ പ്രവചനത്തിലുണ്ടായിരുന്നു. അതെക്കുറിച്ചുള്ള മുന്നറിയിപ്പ് തലമുറകൾക്ക് അവൻ കൈമാറിയിരുന്നു. തിരുവചനത്തിൽ മനുഷ്യായുസ്സ് രേഖപ്പെടുത്തിയിരിക്കുന്നവരിലെ ഏറ്റവും അധികം സംവത്സരം ജീവിച്ചിരുന്ന വ്യക്തി ഹാനോക്കിന്റെ മകനായ മെഥൂശലേഹ് ആകുന്നു. അവന്റെ ആയുസ്സ് തൊള്ളായിരത്തറുപത്തൊമ്പത് സംവത്സരമായിരുന്നു. നോഹ ജനിക്കുമ്പോൾ മെഥൂശലേഹിന് മുന്നൂറ്റി അറുപത്തിയൊൻപത് വയസ്സായിരുന്നു. നോഹയുടെ അറുനൂറാം സംവത്സരത്തിൽ ജലപ്രളയം ഉണ്ടാകുന്നതിനുമുമ്പ് ദൈവഭക്തനായ മെഥൂശലേഹ് ലോകത്തിൽനിന്ന് മരണത്താൽ മാറ്റപ്പെട്ടിരുന്നു. അതുപോലെ അവന്റെ മകൻ ലാമെക് ജലപ്രളയത്തിന് അഞ്ച് വർഷം മുമ്പ് എഴുനൂറ്റി എഴുപത്തെട്ട് വയസ്സ് പ്രായമുള്ളവനായി അവന്റെ പിതാവിനു മുമ്പ് മരിച്ചിരുന്നു.

ലാമെക്കിന്റെ മകൻ നീതിമാനായ നോഹ വരുവാൻ പോകുന്ന ജലപ്രളയത്തെക്കുറിച്ച് ലോകത്തോട് ക്രിസ്തുവിന്റെ ആത്മാവിൽ സംസാരിച്ചതും അവൻ പണിതുകൊണ്ടിരുന്ന പെട്ടകവും വല്യപ്പനായ മെഥൂശലേഹും അവന്റെ അപ്പനായ ലാമേക്കും കണ്ടിരുന്നു. നോഹ ഹാനോക്കിനെ പോലെ തന്റെ തലമുറയിൽ നീതിമാനും നിഷ്കളങ്കനുമായിരുന്നു. നോഹയും ഹാനോക്കിനെപ്പോലെ ദൈവ

ത്തോടുകൂടെ നടന്ന വ്യക്തിയായിരുന്നു (ഉല്പ. 6:9). ഹാനോക്കിനെപ്പോലെ ദൈവം അവനെ അവന്റെ തലമുറയിൽനിന്ന് മരണം കാണാതെ എടുക്കാതിരുന്നത് അവൻ മുഖാന്തരം മനുഷ്യരുടെ തലമുറ പ്രളയാനന്തര ഭൂമിയിൽ നിലനിൽക്കണമെന്നുള്ളതുകൊണ്ടായിരുന്നു. ആദാം മുതൽ നോഹവരെയുള്ള പുരാതന ലോകത്തിൽ ശേത്തിന്റെ വംശാവലിയിൽപ്പെട്ടവർ എല്ലാവരും ദൈവഹിതത്താൽ നയിക്കപ്പെട്ടവരും ഉത്തമമായ കുടുംബജീവിതം നയിച്ചവരുമായിരുന്നു. മനസ്സാക്ഷിയുഗത്തിലും ദൈവം മനുഷ്യരോടുള്ള ബന്ധത്തിൽ ഉദ്ദേശിച്ചിരുന്ന വിവാഹം, കുടുംബം എന്ന വ്യവസ്ഥിതി എന്നിവയെ തകർത്തുകളയുവാൻ സാത്താന് കഴിഞ്ഞില്ല. അതാണ് ഇതുവരെയുള്ള പഠനത്തിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്.

മനസ്സാക്ഷിയുഗത്തിലെ നീതിമാന്മാരുടെ തലമുറയിലെ അവസാന കണ്ണിയായിരുന്നു നോഹ. ജലപ്രളയത്തിലൂടെ കടന്നുപോയ തലമുറയിൽ ദൈവം അവനെയാണ് തന്റെ മുമ്പാകെ നീതിമാനായി കണ്ടത്. അതുകൊണ്ടാണ് ദൈവം തന്റെ പദ്ധതിയെ അവനോട് വ്യക്തമായി അറിയിച്ചത്. അതനുസരിച്ച് തന്നോട് കല്പിച്ചതുപോലെയൊക്കെയും നോഹ ചെയ്തു. നിഷ്പാപയുഗത്തിൽനിന്ന് മനസ്സാക്ഷിയുഗത്തിലേക്കുള്ള മാനവരാശിയുടെ യാത്രയിൽ അവർക്ക് ഏദെനിൽ നിന്ന് വെളിയിൽ വരേണ്ടിവന്നത് അനുസരണക്കേട് നിമിത്തമായിരുന്നവെങ്കിൽ മനസ്സാക്ഷിയുഗത്തിൽനിന്ന് വാഗ്ദത്തയുഗത്തിലേക്ക് മനുഷ്യർ പ്രവേശിപ്പിക്കപ്പെട്ടത് നോഹ എന്ന നീതിമാന്റെ അനുസരണം നിമിത്തമായിരുന്നു. ആ തലമുറയിൽ നോഹയുടെ കുടുംബത്തിലെ എട്ടുപേർ ഒഴികെ ഭൂമിയിലെ സകല മനുഷ്യരും തങ്ങളുടെ വഴി വഷളാക്കിയിരുന്നു. അതിനാലാണ് അവരെ ഭൂമിയോടുകൂടെ നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചത്.

നീതിമാനായ നോഹയുടെ കുടുംബം ഒഴികെ കയീന്റെ വംശത്തിൽപ്പെട്ടവർ മാത്രമല്ല ഭൂമിയിലെ സകല മനുഷ്യരും പാപത്തിന് അടിമപ്പെട്ടിരുന്നു. പുരാതനലോകത്തിൽ സകല മനുഷ്യരും വഴിതെറ്റിപ്പോകുന്നതിന് പിമ്പിൽ കരുക്കൾ ഒരുക്കിയത് ദൈവത്തിന്റെ ശത്രുവായ സാത്താനായിരുന്നു. അന്ന് സംഭവിച്ചത് മനുഷ്യരുടെ സുന്ദരിമാരായ പുത്രിമാരെ കാണിച്ച് സാത്താനായ പിശാച് ആകാശത്തിലെ സൃഷ്ടികളായ ദൂതന്മാരെ വശീകരിച്ച് ഭൂമിയിലേക്ക് വരുത്തി എന്നതാണ്. അതിന്റെ തിരുവചനതെളിവുകളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

> മനുഷ്യൻ ഭൂമിയിൽ പെരുകിത്തുടങ്ങിയപ്പോൾ അവർക്ക് പുത്രിമാർ ജനിച്ചപ്പോൾ ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യമുള്ളരെന്നു കണ്ടിട്ട് തങ്ങൾക്ക് ബോധിച്ച ഏവരെയും ഭാര്യമാരായി എടുത്തു. അപ്പോൾ യഹോവ: മനുഷ്യനിൽ എന്റെ ആത്മാവു സദാകാലവും വാദിച്ചുകൊണ്ടിരിക്കുകയില്ല; അവൻ ജഡംതന്നെയല്ലോ; എങ്കിലും അവന്റെ കാലം നൂറ്റിരുപത് സംവത്സരമാകും എന്ന് അരുളിച്ചെയ്തു. അക്കാലത്തു മല്ലന്മാർ ഉണ്ടായിരുന്നു; അതിന്റെ ശേഷവും ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരുടെ അടുക്കൽ ചെന്നിട്ട് അവർ മക്കളെ പ്രസവിച്ചു; ഇവരാകുന്നു പുരാതന കാലത്തെ വീരന്മാർ, കീർത്തിപ്പെട്ട പുരുഷന്മാർ തന്നെ (ഉല്പ. 6:1-4).

ഇവിടെ ദൈവപുത്രന്മാർ എന്ന് പ്രസ്താവിച്ചിരിക്കുന്നത് ശേത്തിന്റെ പുത്രന്മാരെക്കുറിച്ചല്ല. അത് ആകാശവാസികളായ ദൂതന്മാരെക്കുറിച്ചാകുന്നു. അതിന്റെ തെളിവിനായി മൂന്ന് ചിന്തകളാണ് ഉള്ളത്.

1. മനസ്സാക്ഷിയുഗത്തിന്റെ അന്ത്യത്തിൽ ദൈവത്തിന്റെ ആത്മാവ് വാദിച്ചുകൊണ്ടിരുന്നപ്പോൾ നല്ല മനസ്സാക്ഷിയോടെ അന്ന് ഭൂമിയിൽ അവശേഷിച്ചത് കേവലം നാലു പുരുഷന്മാർ മാത്രമായിരുന്നു. അവർ നോഹ, അവന്റെ മൂന്ന് പുത്രന്മാരായ ശേം, ഹാം, യാ ഫെത്ത് എന്നിവരായിരുന്നു. ഇവർ നാലുപേർ മാത്രമായിരുന്നു പുരാതന ലോകത്തിലെ ജലപ്രളയത്തിനു മുൻപുണ്ടായിരുന്ന ദൈവപുത്രന്മാർ. അങ്ങനെയെങ്കിൽ മനുഷ്യസ്ത്രീകളോട് സംസർഗ്ഗത്തിലായി പാപം ചെയ്ത ദൈവപുത്രന്മാർ ആരാകുന്നു എന്നതാണ് ഇതിലെ ഒന്നാമത്തെ ചിന്ത.

2 മനുഷ്യരുടെ പുത്രിമാർ സൗന്ദര്യമുള്ളവരെന്ന് മനുഷ്യപുത്രന്മാർ അവരെ കണ്ടതും ഭാര്യമാരായി എടുത്തതും ജലപ്രളയം സമീപിച്ച സമയത്തു മാത്രമമായിരുന്നില്ല. അതിനു മുമ്പും മനുഷ്യസ്ത്രീകൾ സൗന്ദര്യമുള്ളവരും അവരെ മനുഷ്യപുത്രന്മാർ വിവാഹം ചെയ്യുകയും ചെയ്തിരുന്നു. മനുഷ്യപുത്രന്മാരെ സംബന്ധിച്ചിടത്തോളം അത് സാധാരണ സംഭവമായിരുന്നു. അതുകൊണ്ട് അത് എടുത്തു പറയത്തക്ക പ്രാധാന്യതയുള്ളതല്ല എന്നതാണ് രണ്ടാമത്തെ ചിന്ത.

3. ഇനി നീതിമാനായ ശേത്തിന്റെ തലമുറയിൽപ്പെട്ടവരായിരുന്നു ദൈവപുത്രന്മാരെന്ന് ചിന്തിച്ചാൽത്തന്നെ അവർ സൗന്ദര്യമുള്ള

സ്ത്രീകളെ ബോധിച്ച് ഭാര്യമാരായി എടുത്തപ്പോൾ അവരുടെ തലമുറ മാത്രമാണോ മല്ലന്മാരും കീർത്തിപ്പെട്ടവരുമായിത്തീർന്നത്. മനുഷ്യപുത്രന്മാർ സൗന്ദര്യമുള്ളവരോ, അല്ലാത്തവരോ ആയ സ്ത്രീകളെ ഭാര്യമാരായി എടുത്ത് അവർക്ക് സന്തതികൾ ജനിച്ചാൽ; അവരിൽനിന്ന് മനുഷ്യരുടെ തലമുറ തന്നെയായിരിക്കും ഉടലെടുക്കുക; അതിൽനിന്ന് വ്യത്യസ്ഥമായ ഒരു തലമുറ മനുഷ്യരിൽനിന്ന് ഉത്ഭവിച്ചു എന്നത് വിശ്വാസയോഗ്യമല്ല എന്നതാണ് മൂന്നാമത്തെ ചിന്ത.

ഈ മൂന്ന് ചിന്തകൾ വിശകലനം ചെയ്യുന്നതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് ദൈവപുത്രന്മാർ എന്ന് നോഹയുടെ കാലത്ത് വിശേഷിപ്പിച്ചിരിക്കുന്നത് അന്ന് ഭൂമിയിൽ ജീവനോടിരുന്ന മനുഷ്യപുത്രന്മാരെക്കുറിച്ചല്ല; അത് മറ്റൊരു സൃഷ്ടിയെക്കുറിച്ചായിരുന്നു എന്നതാണ്. അതിന്റെ വിശകലനത്തിലേക്കാണ് തുടർന്നു നാം പ്രവേശിക്കുന്നത്.

ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുൻപ് ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ ഒന്നാമത്തെ ആകാശവാസികളായ ദൂതന്മാരെ ദൈവപുത്രന്മാർ എന്ന് വിശേഷിപ്പിച്ചിരിക്കുന്നതിന്റെ തിരുവചന തെളിവാണ് താഴെ രേഖപ്പെടുത്തിയിരിക്കുന്നത്.

> ഞാൻ ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ നീ എവിടെയായിരുന്നു?... പ്രഭാതനക്ഷത്രങ്ങൾ ഒന്നിച്ചു ഘോഷിച്ചുല്ലസിക്കുകയും ദൈവപുത്രന്മാരെല്ലാം സന്തോഷിച്ചാർക്കുകയും ചെയ്തപ്പോൾ അതിന്റെ അടിസ്ഥാനം ഏതിന്മേൽ ഉറപ്പിച്ചു? അല്ല, അതിന്റെ മൂലക്കല്ലിട്ടവൻ ആർ? (ഇയ്യോ. 38:4-6)

ദൈവം ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ മനുഷ്യപുത്രന്മാർ സൃഷ്ടിക്കപ്പെട്ടിരുന്നില്ല. അന്ന് ഒന്നാമത്തെ ആകാശമണ്ഡലത്തിലെ സൈന്യമായ പ്രഭാതനക്ഷത്രങ്ങൾ ഘോഷിച്ചുല്ലസിച്ചപ്പോൾ ആകാശവാസികളായ ദൈവപുത്രന്മാരായ ദൂതന്മാരാണ് സന്തോഷിച്ചാർത്തത്. ഒന്നാമത്തെ ആകാശത്തിലെ സൃഷ്ടികളായ പ്രഭാതനക്ഷത്രങ്ങളുടെയും ദൈവപുത്രന്മാരായ ദൂതന്മാരുടെയും അധിപനായിരുന്നു അരുണോദയപുത്രനായ ലൂസിഫർ. അവനാണ് ആദ്യം പാപം ചെയ്തത്. പ്രഭാതനക്ഷത്രങ്ങളുടെ സൃഷ്ടി നവരത്നങ്ങളാൽ സൃഷ്ടിക്കപ്പെട്ട ലൂസിഫറിന് തുല്യമായതാണ്. എന്നാൽ ആകാശവാസികളായ ദൈവപുത്രന്മാരായ ദൂതന്മാരുടെ സൃഷ്ടി അപ്രകാര

മുള്ളതല്ല. അവർക്ക് ഭൂമിയിലെ മനുഷ്യരോടൊത്ത് വസിക്കുവാനും അവരുടെ ആഹാരം കഴിക്കുവാനും സാധിക്കുന്നതാണ്. ദൈവം ആകാശത്തിലെ കിളിവാതിൽ തുറന്ന് നാല്പതു വർഷം മരുഭൂമിയിലായിരുന്ന യിസ്രായേൽ ജനത്തെ പോഷിപ്പിച്ചത് ആകാശവാസികളായ ശക്തന്മാരുടെ അപ്പമായ മന്ന കൊണ്ടായിരുന്നു (സങ്കീ. 78:23 25, 105:40). അബ്രാഹാമിന്റെയും ലോത്തിന്റെയും വീട്ടിൽ വന്ന ദൂതന്മാർ പുരുഷസദൃശമായ ശരീരമുള്ളവരായിരുന്നു. ദൂതന്മാർക്ക് ദേഹം, ദേഹി, ആത്മാവ് എന്നീ ഘടകങ്ങൾ ഉള്ളവരാണ്. എന്നാൽ മനുഷ്യരെപ്പോലെ സ്വതന്ത്രമായ തീരുമാനം എടുക്കുവാനുള്ള സ്വാതന്ത്ര്യം അവർക്കില്ല. അവർ വശീകരിക്കപ്പെട്ട് പാപം ചെയ്യുവാൻ സാധ്യതയുള്ളവരാണ്. ഒരിക്കൽ പാപചിന്ത അവരിൽ ഉടലെടുത്താൽ ഉടൻതന്നെ അവർ നിത്യമരണത്തിൽ അകപ്പെടുന്നു. ആകാശത്തിലെ അനുസരണക്കേടിന്റെ ശക്തിയായിത്തീർന്ന ലൂസിഫറാണ് ആകാശവാസികളായ ദൈവപുത്രന്മാരായ ദൂതന്മാരെ സുന്ദരികളായ മനുഷ്യസ്ത്രീകളെ കാണിച്ച് വശീകരിച്ച് ഭൂമിയിലേക്ക് വരുത്തിയത്. അതെക്കുറിച്ച് അപ്പൊസ്തലനായ യൂദാ തന്റെ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

> തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടു പോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേയ്ക്കുമുള്ള ചങ്ങലയിട്ട് അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു. അതുപോലെ സൊദോമും ഗൊമോറായും ചുറ്റുമുള്ള പട്ടണങ്ങളും അവർക്ക് സമമായി ദുർനടപ്പ് ആചരിച്ച് അന്യജഡം മോഹിച്ചു നടന്നതിനാൽ നിത്യാഗ്നിയുടെ ശിക്ഷാവിധി സഹിച്ചുകൊണ്ട് ദൃഷ്ടാന്തമായി കിടക്കുന്നു (യൂദാ. :6,7)

പുരാതനലോകത്തിന്റെ അന്ത്യത്തിലും ഇപ്പോഴത്തെ ലോകത്തിന്റെ ആരംഭത്തിലും ഭൂമിയിൽ നടന്ന രണ്ട് ഹീനസംഭവങ്ങളുടെ രത്നച്ചുരുക്കമാണ് അപ്പൊസ്തലനായ യൂദാ തന്റെ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ രണ്ട് സംഭവങ്ങളിലും ആകാശവാസികളായ ദൂതന്മാരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അതിൽ ഒന്നാമത്തേത് ദൈവപുത്രന്മാരായ ദൂതന്മാർ ലൂസിഫറിന്റെ വശീകരണവലയിൽ കുടുങ്ങി സ്വന്തവാസസ്ഥലമായ ഒന്നാമത്തെ ആകാശം വിട്ട് ഭൂമിയിൽ വന്ന് അവർക്കു ബോധിച്ച മനുഷ്യസ്ത്രീകളെ ഭാര്യമാരായി എടുത്തതാണ്. അതെക്കുറിച്ചാണ് ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യമുള്ളവരായി കണ്ടിട്ട് തങ്ങൾക്ക് ബോധിച്ച ഏവരേയും ഭാര്യമാരായി എടുത്തു എന്ന് ഉല്പ

ത്തിപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (ഉല്പ. 6:14). ഇതിൽനിന്നും അന്യജഡം മോഹിച്ച് ഭൂമിയിൽവന്ന് മനുഷ്യസ്ത്രീകളുമായി ചേർന്ന് പാപം ചെയ്തത് ആകാശവാസികളായ ദൂതന്മാരിൽ സാത്താനാൽ വശീകരിക്കപ്പെട്ട ദൂതന്മാരാകുന്നു എന്നതാകുന്നു. അതിനാൽ അത്തരം സംഭവം പിന്നീട് ആവർത്തിക്കപ്പെടാതിരിക്കുവാൻ അന്നത്തെ ലോകത്തെ ദൈവം വെള്ളംകൊണ്ട് ന്യായം വിധിച്ച് ഭൂമിയുടെ അന്തരീക്ഷ ഘടനയും ആവാസവ്യവസ്ഥിയും മാറ്റുകയും ചെയ്തു.

രണ്ടാമത്തെ സംഭവമായ സൊദോമും ഗൊമോറായും ചുറ്റുമുള്ള പട്ടണങ്ങളും ചെയ്ത പാപം ഇതിന് നേർവിപരീതമായിരുന്നു. അത് ആ പട്ടണങ്ങളിലെ സ്വവർഗരതി എന്ന മ്ലേച്ഛതയിൽ ആണ്ടുപോയ പുരുഷന്മാർ ആബാലവൃദ്ധം ലോത്തിന്റെ വീടു വളഞ്ഞ് അവിടെയെത്തിയ ദൂതന്മാരായ രണ്ട് പുരുഷന്മാരെ ഭോഗിക്കേണ്ടതിന് അവരെ വേണമെന്ന് നിർബന്ധം പിടിച്ചതായിരുന്നു. അതിനാൽ സൊദോം, ഗൊമോറാ പട്ടണങ്ങളെ ദൈവം അഗ്നികൊണ്ട് ഭസ്മം ആക്കിക്കളഞ്ഞു. അതിന്റെ തിരുവചനവെളിപ്പെടുത്തലുകളാണ് താഴെ കൊടുത്തിരിക്കുന്നത്.

> ആ രണ്ട് ദൂതന്മാർ വൈകുന്നേരത്തു സൊദോമിൽ എത്തി; ലോത്ത് സൊദോം പട്ടണ വാതിൽക്കൽ ഇരിക്കുകയായിരുന്നു; അവരെ കണ്ടിട്ടു ലോത്ത് എഴുന്നേറ്റു ചെന്നു നിലംവരെ കുനിഞ്ഞു നമസ്കരിച്ചു; യജമാനന്മാരേ, അടിയന്റെ വീട്ടിൽ വന്നു നിങ്ങളുടെ കാലുകളെ കഴുകി രാപ്പാർപ്പിൻ; കാലത്ത് എഴുന്നേറ്റു നിങ്ങളുടെ വഴിക്കു പോകയുമാം എന്ന് പറഞ്ഞതിന്; അല്ല, ഞങ്ങൾ വീഥിയിൽ തന്നെ രാപാർക്കും എന്ന് അവർ പറഞ്ഞു. അവൻ അവരെ ഏറ്റവും നിർബന്ധിച്ചു; ...അവർ ഭക്ഷണം കഴിച്ചു. അവർ ഉറങ്ങുവാൻ പോകും മുമ്പേ സൊദോം പട്ടണത്തിലെ പുരുഷന്മാർ സകലഭാഗത്തുനിന്നും ആബാലവൃദ്ധം എല്ലാവരും വന്നു വീടുവളഞ്ഞു. അവർ ലോത്തിനെ വിളിച്ചു: ഈ രാത്രി നിന്റെ അടുക്കൽ വന്ന പുരുഷന്മാർ എവിടെ? ഞങ്ങൾ അവരെ ഭോഗിക്കേണ്ടതിനു ഞങ്ങളുടെ അടുക്കൽ പുറത്തു കൊണ്ടുവാ എന്ന് അവനോട് പറഞ്ഞു. ...സഹോദരന്മാരേ, ഇങ്ങനെ ദോഷം ചെയ്യരുതേ; പുരുഷൻ തൊടാത്ത രണ്ടു പുത്രിമാർ എനിക്കുണ്ട്; അവരെ ഞാൻ നിങ്ങളുടെ അടുക്കൽ പുറത്തുകൊണ്ടുവരാം; നിങ്ങൾക്കു ബോധിച്ചതുപോലെ അവരോടു ചെയ്തുകൊൾവിൻ; ഈ പുരുഷന്മാരോടു മാത്രം ഒന്നും ചെയ്യരുതേ; ഇതിനായിട്ടല്ലോ അവർ എന്റെ വീടിന്റെ നിഴലിൽ വന്നത് എന്നു പറഞ്ഞു.

> മാറി നില്ക്ക എന്ന് അവർ പറഞ്ഞു. ... ലോത്തിനെ ഏറ്റവും തിക്കി വാതിൽ പൊളിപ്പാൻ അടുത്തു. അപ്പോൾ ആ പുരുഷന്മാർ കൈ പുറത്തോട്ടു നീട്ടി ലോത്തിനെ തങ്ങളുടെ അടുക്കൽ അകത്തു കയറ്റി വാതിൽ അടച്ചു. വാതിൽക്കൽ ഉണ്ടായിരുന്ന പുരുഷന്മാർക്ക് ആബാലവൃദ്ധം അന്ധത പിടിപ്പിച്ചു. അതുകൊണ്ട് അവർ വാതിൽ തപ്പി നടന്നു വിഷമിച്ചു... ഇവരെക്കുറിച്ചുള്ള ആവലാതി യഹോവയുടെ മുമ്പാകെ വലുതായി ത്തീർന്നിരിക്കകൊണ്ടു ഞങ്ങൾ ഈ സ്ഥലത്തെ നശിപ്പിക്കും. അതിനെ നശിപ്പിപ്പാൻ യഹോവ ഞങ്ങളെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു... യഹോവ സൊദോമിന്റെയും ഗൊമോറായുടെയും മേൽ യഹോവയുടെ സന്നിധിയിൽ നിന്ന്, ആകാശത്തുനിന്നുതന്നെ ഗന്ധകവും തീയും വർഷിപ്പിച്ചു. ...(ഉല്പ. 19:1-28)

സ്വാഭാവിക സ്ത്രീഭോഗം വിട്ടു പുരുഷന്മാർ സ്വാഭാവികഭോഗ ത്തെ സ്വഭാവികവിരുദ്ധമാക്കിക്കളഞ്ഞതായിരുന്നു സൊദോമിന്റെ യും ചുറ്റുമുള്ള പട്ടണങ്ങളുടെയും അതികഠിനപാപം. അതു നിമി ത്തം ആ ദേശങ്ങളുടെ നിലവിളി സ്വർഗത്തിൽ എത്തിയപ്പോൾ അത് അന്വേഷിക്കുന്നതിനാണ് ദൂതന്മാർ ഭൂമിയിൽ എത്തിയത്. അവർ ആദ്യം സന്ദർശിച്ച ആ വിവരം അറിയിച്ചത് ദൈവത്തിന്റെ ദാസനായ അബ്രഹാമിനോടായിരുന്നു. സഹോദരപുത്രനായ ലോത്ത് നിമിത്തം അബ്രാഹാം ദൈവസന്നിധിയിൽ ഇടിവിൽ നിന്നെങ്കിലും പത്ത് നീതിമാന്മാർപോലും ആ ദേശങ്ങളിൽ അവശേഷിച്ചിരുന്നില്ല. അത്ര മാത്രം വഷളത്തം പ്രവർത്തിച്ച ദേശങ്ങളെ ദൈവം ഭസ്മീകരിച്ചു കളഞ്ഞു. അവരുടെയിടയിൽ വസിച്ചിരുന്ന ലോത്തിനെക്കുറിച്ച് തിരു വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത് വലഞ്ഞുപോയ നീതിമാൻ എന്നാകുന്നു.

> അധർമികളുടെ ഇടയിൽ വസിച്ചിരിക്കുമ്പോൾ നാൾതോറും അധർമ്മ പ്രവൃത്തി കണ്ടും കേട്ടും തന്റെ നീതിയുള്ള മനസ്സിൽ നൊന്ത് അവരുടെ ദുഷ്കാമപ്രവൃത്തിയാൽ വലഞ്ഞുപോയ നീതിമാനായ ലോത്തിനെ വിടുവിക്കയും ചെയ്തു (2 പത്രൊ. 2:7-8)

ഇതിൽനിന്ന് ലോത്തും കുടുംബവും ആ ദേശനിവാസികളോട് ഇടകലർന്ന് പാപം ചെയ്തിരുന്നില്ല എന്നാണ് വ്യക്തമാക്കപ്പെടു ന്നത്; എങ്കിലും ദുഷ്ടദേശമായ അവിടം വിട്ടുപോകുവാൻ അവരുടെ സമ്പത്ത് അവരെ അനുവദിച്ചതുമില്ല; അതിൽ അവൻ വല്ലാതെ വല ഞ്ഞുപോയിരുന്നു. സൊദോമിലെ ജനം വഷളത്തം പ്രവർത്തിക്കു ന്നതിൽ അതി സമർത്ഥരായിരുന്നു. അവർ സ്വാഭാവിക സ്ത്രീഭോഗ

ത്തേക്കാൾ പുരുഷഭോഗപ്രിയരായിരുന്നു. അതുകൊണ്ടാണ് ലോത്തിന്റെ വീട്ടിൽ വന്ന അസാധാരണ പുരുഷന്മാരെ ഭോഗിക്കേണ്ടതിന് അവർ അവിടെ വന്നു ചേർന്നത്.

പുരാതനലോകത്ത് ലൂസിഫറിന്റെ വലയിൽ കുടുങ്ങി വീണുപോയ ആകാശവാസികളായ ദൈവപുത്രന്മാരായ ദൂതന്മാർ ചിന്താമണ്ഡലത്തിൽ പാപംചെയ്ത് സ്വന്തവാസസ്ഥലം വിട്ടപ്പോൾത്തന്നെ അവരുടെ തേജസ്സ് നഷ്ടപ്പെട്ട് അവർ ദുഷ്ടന്മാരായ മനുഷ്യർക്ക് തുല്യരായിത്തീരുകയാണ് ചെയ്തത്. പുരാതനലോകത്ത് പാപം ചെയ്ത ദൂതന്മാർ മനുഷ്യതുല്യരായിട്ടാണ് തീർന്നതെങ്കിൽ വരുവാനുള്ള ലോകമാകുന്ന പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും നീതിമാന്മാരായ മനുഷ്യർ പുനരുത്ഥാനത്തിൽ ഭൗമീക തേജസ്സ് പ്രാപിച്ച് ദൂതതുല്യരായിത്തീരുകയാണ് ചെയ്യുന്നത്. പുനരുത്ഥാനപുത്രന്മാരെക്കുറിച്ച് യേശുക്രിസ്തു പറഞ്ഞത് പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിനു കൊടുക്കപ്പെടുന്നതുമില്ല; സ്വർഗത്തിലെ ദൂതന്മാരെപ്പോലെ അത്രേ ആകുന്നു എന്നായിരുന്നു (മത്താ. 22:30, മർ. 12:25, ലൂക്കെ 20:35-36).

ഇവിടെ നാം സമർത്ഥിക്കുന്നത് പുരാതനലോകത്ത് ആകാശവാസികളായ ദൈവപുത്രന്മാരായ ദൂതന്മാരിൽ പാപം ചെയ്തവർ ദുഷ്ടന്മാരായ മനുഷ്യർക്ക് സദൃശ്യരായെന്നും അവരും ആ കാലത്തിലെ സ്ത്രീകളുമായിട്ടുള്ള സംഗമത്തിൽനിന്നാണ് മനുഷ്യരോ ദൂതന്മാരോ അല്ലാത്ത ഒരു അസ്വാഭാവിക തലമുറ ഉടലെടുത്തത് എന്നാകുന്നു. അവരാണ് ആ കാലത്തിലെ മല്ലന്മാർ, വീരന്മാർ, കീർത്തിപ്പെട്ട പുരുഷന്മാർ എന്ന പേരിൽ അറിയപ്പെടുന്നവർ. അവർ ജലപ്രളയത്തിൽ മുങ്ങി നശിച്ചപ്പോൾ അവരുടെ ആത്മാക്കളെ ദൈവം പാതാളത്തിലേക്കയച്ചില്ല. അവരാണ് പിന്നീട് പല പേരുകളിൽ അറിയപ്പെടുന്ന ഭൂതാത്മാക്കളായത്. ജലപ്രളയത്തിനു ശേഷം ഇപ്പോഴത്തെ ലോകത്തിൽ പിന്നീട് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ദുഷ്ടത പ്രവർത്തിക്കുന്ന മല്ലന്മാർ, വീരന്മാർ എന്നിവർ ദുഷ്ടദൂത-സ്ത്രീസംഗമത്തിലൂടെ ജനിച്ചവരല്ല. പിന്നെയോ, പുരാതനലോകത്ത് ജനിച്ച അസ്വാഭാവിക തലമുറയിൽപ്പെട്ടവർ ജലപ്രളയത്തിൽ മുങ്ങിമരിച്ചപ്പോൾ ഉടലെടുത്ത ഭൂതാത്മാക്കൾ മനുഷ്യരിൽ പ്രവേശിച്ച് അവരിൽ ചിലരെപ്പോലെ പ്രവർത്തിക്കുന്നത് നിമിത്തമാണ് ഇത്തരം ആൾക്കാരെ പിന്നീടും ഭൂമിയിൽ കാണുവാൻ സാധിക്കുന്നത്.

പുരാതനലോകത്തിൽ മനസ്സാക്ഷിയുഗത്തിന്റെ അന്ത്യത്തിലേക്ക് മാനവരാശി എത്തിയപ്പോൾ മനുഷ്യകുലം വഷളായിപ്പോയിരുന്നു. ദൈവം വിഭാവനം ചെയ്ത വിവാഹവും കുടുംബവും എന്ന ആശയത്തിന്റെ ഉദ്ദേശത്തിൽനിന്ന് മനുഷ്യർ വ്യതിചലിച്ചപ്പോൾ ദൈവീക ഉദ്ദേശപ്രകാരം ജീവിച്ച നോഹയുടെ കുടുംബത്തെ ദൈവം രക്ഷിക്കയും ശേഷം മനുഷ്യരെ കൊന്നുകളയുമാണ് ചെയ്തത്. മെസോപ്പൊത്താമ്യയിൽ ആരംഭിച്ച മനസ്സാക്ഷിയുഗത്തിലെ മനുഷ്യന്റെ നിവാസത്തിന്റെ അതിരും കാലവും ദൈവം നിശ്ചയിച്ചിരുന്നതുപോലെതന്നെ പൂർത്തീകരിക്കപ്പെട്ടു. നോഹയുടെ പെട്ടകത്തിന്റെ അകത്ത് കടക്കാതെ വെളിയിൽ ആയിരുന്നവർ എല്ലാം ദൈവത്തിന്റെ അതിർ ലംഘിച്ചവരായിരുന്നു. ദൈവം അവരെ ന്യായംവിധിച്ച് വെള്ളത്തിൽ ഒന്നോടെ മുടിച്ചുകളഞ്ഞു. മനസ്സാക്ഷിയിൽ ശരിയും തെറ്റും തിരിച്ചറിഞ്ഞിട്ടും തെറ്റിലകപ്പെട്ട മനുഷ്യകുലം ഒന്നാകെ ചത്തു മലർന്നപ്പോൾ ദൈവം വച്ചിരുന്ന അതിർ പാലിച്ചിരുന്ന നോഹയും കുടുംബവും പെട്ടകത്തിൽ വാഗ്ദത്തയുഗത്തിലേക്കുള്ള പ്രയാണത്തിലായിരുന്നു. അത് മാനവരാശിയുടെ നിത്യതയിലേക്കുള്ള പ്രയാണത്തിന്റെ മൂന്നാമത്തെ നാഴികക്കല്ലാകുന്നു. അരാരാത്ത് പർവ്വതത്തിൽ ഉറച്ച നോഹയുടെ പെട്ടകത്തിൽനിന്ന് അവർ ഇറങ്ങി ഭൂമിയിൽ കാലുകുത്തിയത് വാഗ്ദത്തയുഗത്തിലേക്കായിരുന്നു. അതെക്കുറിച്ചാണ് തുടർന്ന് നാം ചിന്തിക്കുന്നത്.

### iii **വാഗ്ദത്തയുഗത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം**

പുരാതനലോകത്തിന്റെ ആരംഭം മുതൽ ജലപ്രളയത്താൽ അത് മുങ്ങി നശിക്കുന്നതുവരെയുള്ള കാലമായിരുന്നു മനസ്സാക്ഷിയുഗം. അതിന്റെ പരിസമാപ്തിയിൽ ഭൂമിയിൽ നല്ല മനസ്സാക്ഷിയോടെ ജീവിച്ചിരുന്നവർ കേവലം എട്ടുപേർ മാത്രമായിരുന്നു. നോഹ, അവന്റെ ഭാര്യ, അവരുടെ മുന്ന് പുത്രന്മാരും അവരുടെ ഭാര്യമാരും അടങ്ങിയതായിരുന്നു ജലപ്രളയത്തിൽ പെട്ടകത്തിലൂടെ രക്ഷപ്പെട്ട നോഹയുടെ കുടുംബം. നോഹയുടെ പുത്രന്മാരുടെ തലമുറയിലൂടെയാണ് ഭൂമിയൊക്കെയും നാം ഇന്ന് കാണുന്നതുപോലെ വർദ്ധിച്ചു പെരുകിയത് എന്നാണ് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (ഉല്പ. 9:18–19).

ഏദ്ദെനിലെ നിഷ്പാപയുഗത്തിന്റെ അതിരും കാലവും പൂർത്തീകരിക്കപ്പെട്ടപ്പോൾ ആദിമമനുഷ്യർ പാപം ചെയ്തതുനിമിത്തം അവർ അവിടെനിന്ന് തള്ളപ്പെട്ടു. ഏദ്ദെൻതോട്ടം സ്ഥിതി ചെയ്തിരുന്ന

മെസോപ്പൊത്താമ്യയിലായിരുന്നു മനസ്സാക്ഷിയുഗം ആരംഭിച്ചത്. ഏദ്ദെനിലെ നിഷ്പാപയുഗത്തിൽ മനുഷ്യർക്ക് വംശവർദ്ധനവുണ്ടായിരുന്നില്ല. തേജസ്സുണ്ടായിരുന്ന ആദാമും ഹവ്വായും ഭൂമിയിലെ ഏദ്ദെൻതോട്ടത്തിൽ ദൈവദൂതർക്ക് തുല്യരായിരുന്നു. സ്വർഗീയദൂതന്മാരും മനുഷ്യരും തമ്മിലുള്ള പ്രധാന വ്യത്യാസം മനുഷ്യർ ദൈവത്തിന്റെ സ്വരുപസദൃശത്തിൽ സൃഷ്ടിക്കപ്പെട്ടിരുന്നതുകൊണ്ട് അവർക്ക് സ്വയം തീരുമാനമെടുക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നുവെങ്കിൽ ദൂതന്മാർ ഉൾപ്പെടെ മറ്റൊരു സൃഷ്ടിക്കും അതിനുള്ള സ്വാതന്ത്ര്യമില്ല എന്നുള്ളതാണ്. പാപാനന്തരഭൂമിയിലാണ് മനുഷ്യർ വർദ്ധിച്ചു പെരുകിയത്. മെസോപ്പൊത്താമ്യയിൽ ആരംഭിച്ച മനസ്സാക്ഷിയുഗത്തിന്റെ അതിരും കാലവും പൂർത്തീകരിക്കപ്പെട്ടത് പെട്ടകത്തിൽ കയറിയ നോഹയും കുടുംബവും അരാരാത്ത് പർവ്വതത്തിൽ ഉറച്ച പെട്ടകത്തിൽനിന്ന് പ്രളയാനന്തരം പുറത്തിറങ്ങിയതോടെയായിരുന്നു. അതെക്കുറിച്ചാണ് മനസ്സാക്ഷിയുഗത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം എന്ന ഭാഗത്ത് നാം ചിന്തിച്ചത്. തുടർന്ന് ഈ ഭാഗത്ത് നാം ചിന്തിക്കുന്നത് അരാരാത്ത് പർവ്വതത്തിൽ ആരംഭിച്ച് സീനായ് പർവ്വതത്തിൽ അവസാനിക്കുന്ന വാഗ്ദത്തകാലത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശത്തെക്കുറിച്ചാണ്.

മെസോപ്പൊത്താമ്യയിൽ ആരംഭിച്ച രണ്ടാമത്തെ യുഗമാകുന്ന മനസ്സാക്ഷിയുഗത്തിന് ദൈവം നിശ്ചയിച്ചിരുന്ന അതിരും കാലവും തികഞ്ഞത് നോഹയുടെ പെട്ടകത്തിലെ വാസം പൂർത്തീകരിക്കപ്പെടുന്നതുവരെയായിരുന്നു. നോഹയുടെ കുടുംബത്തിന്റെ പെട്ടകത്തിലെ വാസം ഒരു വർഷവും പതിനേഴ് ദിവസവുമായിരുന്നു. അതേക്കുറിച്ച് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ വ്യക്തതയാണ് ചുവടെ ചേർത്തിരിക്കുന്നത്.

* ജലപ്രളയം തുടങ്ങുന്നതിന് ഏഴുദിവസം മുമ്പ് നോഹയും കുടുംബവും അവനോടുകൂടെ കയറുവാനുള്ള സകലജീവജാലങ്ങളും പെട്ടകത്തിൽ പ്രവേശിച്ചിരുന്നു. അത് നോഹയുടെ ആയുസ്സിന്റെ അറുനൂറാം സംവത്സരം പത്താം തീയതി ആയിരുന്നു (ഉല്പ. 7:4,10).
* നോഹയുടെ ആയുസ്സിന്റെ അറുനൂറാം സംവത്സരം രണ്ടാം മാസം പതിനേഴാം തീയതിയാണ് ജലപ്രളയം ആരംഭിച്ചത് (ഉല്പ. 7:10-11).

* നോഹയുടെ പെട്ടകം അഞ്ചുമാസം ഒഴുകിനടന്നതിനു ശേഷ മാണ് അരാരാത്ത് പർവ്വതത്തിൽ ഉറച്ചത് (ഉല്പ. 8:4).
* പത്തുമാസവും പതിനാലു ദിവസവും കഴിഞ്ഞതിന് ശേഷമാണ് ഭൂമിയിലെ വെള്ളം വറ്റിയത് (ഉല്പ. 8:13).
* അരാരാത്ത് പർവ്വതത്തിൽ ഉറച്ച പെട്ടകത്തിൽനിന്ന് അവർ വെളി യിൽ ഇറങ്ങിയത് ഭൂമി ഉണങ്ങിയതിനു ശേഷമായിരുന്നു. അത് നോഹയുടെ ആയുസ്സിന്റെ അറുനൂറ്റൊന്നാം സംവത്സരം ഇരുപ ത്തേഴാം തീയതി ആയിരുന്നു. അതനുസരിച്ച് അവരുടെ പെട്ട കത്തിലെ വാസം ഒരുവർഷവും പതിനേഴ് ദിവസവും ആയിരുന്നു എന്നാണ് വ്യക്തമാക്കപ്പെടുന്നത് (ഉല്പ. 7:11, 8:14).

പുരാതനലോകത്തിലെ മനസ്സാക്ഷിയുഗത്തിൽനിന്ന് ഇപ്പോഴ ത്തെ ലോകത്തിലേക്ക് പ്രവേശിച്ച ഏകകുടുംബം വാഗ്ദത്തയുഗത്തി ലേക്ക് പ്രവേശിച്ചത് അതിനുമുമ്പ് ഉണ്ടായിരുന്ന ജീവിതവ്യവസ്ഥ യിൽനിന്ന് വിഭിന്നമായ ജീവിതസാഹചര്യത്തിലേക്കായിരുന്നു. പുരാ തനലോകത്തിൽ രാവും പകലും ഉണ്ടായിരുന്നുവെങ്കിലും വേനൽ, മഴ, ശീതം, ഉഷ്ണം എന്നിവ ഉണ്ടായിരുന്നില്ല. അതുകൊണ്ട് വിത യ്ക്കും കൊയ്ത്തിനും പ്രത്യേക കാലാവധി പാലിക്കപ്പെട്ടിരുന്നില്ല. ഭൂമിയിൽ മഴ പെയ്തുതുടങ്ങിയതിനു ശേഷമാണ് കാലവസ്ഥയ്ക്ക് മാറ്റം സംഭവിച്ചത്. അതുമാത്രമല്ല വൃക്ഷായുസ്സുണ്ടായിരുന്ന മനു ഷ്യന്റെ ആയുസ്സ് നൂറ്റിരുപത് സംവത്സരത്തിലേക്ക് ചുരുക്കപ്പെടു കയും ചെയ്തു. മനുഷ്യരുടെ ആഹാരകാര്യത്തിൽ രക്തത്തോടെ യല്ലാതെ മാംസം കഴിക്കുവാനുള്ള അനുവാദം ദൈവം മനുഷ്യർക്ക് കൊടുക്കുകയും ചെയ്തു.

ഒരുവർഷവും പതിനേഴു ദിവസത്തെയും പെട്ടകത്തിലെ വാസം കഴിഞ്ഞ് അവർ അരാരാത്ത് പർവ്വതത്തിലാണ് കാലുകുത്തിയത്. എന്നാൽ നോഹയും കുടുംബവും എവിടെനിന്നുമാണ് പെട്ടക ത്തിൽ പ്രവേശിച്ചത് എന്നതിന്റെ വ്യക്തതയില്ലായെങ്കിലും ആദാമിക തലമുറയിലെ നീതിമാന്മാരയവർ വസിച്ചിരുന്ന മെസോപ്പൊത്താ മ്യയിൽ നിന്നുമായിരിക്കും എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. ദൈവ കല്പനപ്രകാരം പെട്ടകത്തിൽനിന്നും സകല ജീവജാലങ്ങളെയും പുറത്തിറക്കിയ നോഹ ആദ്യം ചെയ്തത് യഹോവയ്ക്ക് ഒരു യാഗ പീഠം പണിത് ശുദ്ധിയുള്ള സകല മൃഗങ്ങളിലും ശുദ്ധിയുള്ള സകല പക്ഷികളിലും ചിലതിനെ എടുത്ത് ഹോമയാഗം അർപ്പിക്കുക

യായിരുന്നു. ദൈവം നോഹയോട് ശുദ്ധിയുള്ള മൃഗങ്ങളിൽനിന്നും പക്ഷികളിൽനിന്നും ഏഴേഴുവീതം പെട്ടകത്തിൽ പ്രവേശിപ്പിക്കണമെന്ന് കല്പിച്ചത് അവ പെറ്റുപെരുകുന്നതുവരെ ഏനോശിന്റെ കാലത്ത് ആരംഭിച്ച ആരാധന മുടങ്ങിപ്പോകാതിരിക്കുന്നതിനു വേണ്ടിയായിരുന്നു. നോഹ അർപ്പിച്ച ഹോയാഗത്തിന്റെ സൗരഭ്യവാസന മണത്ത യഹോവ നോഹയെയും അവന്റെ പുത്രന്മാരെയും അനുഗ്രഹിച്ച് അവരോട് നിയമം ചെയ്തു. യഹോവയുടെ അനുഗ്രഹം അവരുടെ മേൽ ചൊരിയപ്പെട്ട അരാരാത്ത് പർവ്വതത്തിൽവച്ചാണ് വാഗ്ദത്തയുഗം ആരംഭിച്ചത് (ഉല്പ. 8:2020, 9:117).

പെട്ടകത്തിൽനിന്ന് വെളിയിൽ വന്നത് നോഹയുടെ കുടുംബം ആയിരുന്നുവെങ്കിലും അതിൽ അടങ്ങിയിരുന്നത് നാല് കുടുംബങ്ങളായിരുന്നു. അവരിൽ ശേം, ഹാം, യാഫെത്ത് എന്നിവരുടെ മൂന്ന് കുടുംബങ്ങളുടെ വംശവർദ്ധനയാണ് ജലപ്രളയാനന്തരം സംഭവിച്ചത്.

സൃഷ്ടിതാവാം ദൈവത്തിന് ഹോമയാഗം കഴിച്ച് അനുഗ്രഹം പ്രാപിച്ചതാണ് പ്രളയാനന്തര ഭൂമിയിൽ നോഹ ചെയ്ത ആദ്യത്തെ പ്രവൃത്തി. അവൻ ചെയ്ത രണ്ടാമത്തെ പ്രവൃത്തി കൃഷിചെയ്ത് മുന്തിരിത്തോട്ടം നട്ടുണ്ടാക്കിയതായിരുന്നു. ഇതിനോടകം നോഹയുടെ പുത്രന്മാർക്ക് മക്കൾ ജനിച്ചിരുന്നു.

> പെട്ടകത്തിൽനിന്ന് പുറപ്പെട്ടവരായ നോഹയുടെ പുത്രന്മാർ ശേമും ഹാമും യാഫെത്തും ആയിരുന്നു; ഹാം എന്നവനോ കനാന്റെ പിതാവ്, ഇവർ മൂവരും നോഹയുടെ പുത്രന്മാർ; അവരെക്കൊണ്ടു ഭൂമി നിറഞ്ഞു (ഉല്പ 9:18 - 19).

നോഹയുടെ പുത്രന്മാരിൽ ഹാമിനു ജനിച്ച കനാന്റെ പേർ ശേം, ഹാം, യാഫെത്ത് എന്നിവരോടുകൂടെയാണ് പ്രസ്താവിച്ചിരിക്കുന്നത്. അതിന്റെ കാരണം എന്തായിരിക്കും എന്നതിന്റെ വ്യക്തത ഇല്ലായെങ്കിലും ഹാമിന് കനാൻ ജനിച്ച സമയത്തായിരിക്കണം ജലപ്രളയത്തിനു ശേഷമുള്ള വാഗ്ദത്തയുഗത്തിൽ മനുഷ്യരുടെ ഇടയിൽ പാപം വീണ്ടും  തലപൊക്കിയത്എന്നുവേണം ചിന്തിക്കുവാൻ. നീതിമാനായ നോഹയും കുടുംബവും വാഗ്ദത്തകാലത്തിലേക്ക് പ്രവേശിച്ചുവെങ്കിലും അധികം താമസിയാതെ അവരുടെയിടയിൽ ശാപത്തിന്റെ വാക്കുകൾ നോഹയുടെ അധരത്തിൽ നിന്നുതന്നെ പുറപ്പെട്ടു. അതിനു കാരണം നോഹ താൻ നട്ടുണ്ടാക്കിയ മുന്തിരിത്തോട്ടത്തിന്റെ ഫലം കൊണ്ട് ഉണ്ടാക്കിയ വീഞ്ഞു കുടിച്ച്

മത്തുപിടിച്ച് തന്റെ കൂടാരത്തിൽ നഗ്നനായി കിടന്നതു നിമിത്തമുണ്ടായ അനന്തര സംഭവങ്ങളാണ്.

> നോഹ കൃഷിചെയ്‌വാൻ തുടങ്ങി; ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി. അവൻ അതിലെ വീഞ്ഞു കുടിച്ച് ലഹരി പിടിച്ചു തന്റെ കൂടാരത്തിൽ വസ്ത്രംനീങ്ങി കിടന്നു. കനാന്റെ പിതാവായ ഹാം പിതാവിന്റെ നഗ്നത കണ്ടു വെളിയിൽ ചെന്നു തന്റെ രണ്ടു സഹോദരന്മാരെയും അറിയിച്ചു. ശേമും യാഫെത്തും ഒരു വസ്ത്രം എടുത്തു, ഇരുവരുടെയും തോളിൽ ഇട്ടു വിമുഖരായി ചെന്നു പിതാവിന്റെ നഗ്നത മറച്ചു; അവരുടെ മുഖം തിരിഞ്ഞിരുന്നതുകൊണ്ട് അവർ പിതാവിന്റെ നഗ്നത കണ്ടില്ല. നോഹ ലഹരി വിട്ടുണർന്നപ്പോൾ തന്റെ ഇളയ മകൻ ചെയ്തത് അറിഞ്ഞു. അപ്പോൾ അവൻ കനാൻ ശപിക്കപ്പെട്ടവൻ; അവൻ തന്റെ സഹോദരന്മാർക്ക് അധമദാസനായിത്തീരും എന്നു പറഞ്ഞു. ശേമിന്റെ ദൈവമായ യഹോവ സ്തുതിക്കപ്പെട്ടവൻ; കനാൻ അവരുടെ ദാസനാകും; ദൈവം യാഫെത്തിനെ വർദ്ധിപ്പിക്കട്ടെ; അവൻ ശേമിന്റെ കൂടാരങ്ങളിൽ വസിക്കും; കനാൻ അവരുടെ ദാസനാകും എന്നു പറഞ്ഞു (ഉല്പ. 9:20-27).

നോഹയും കുടുംബവും പെട്ടകത്തിൽ പ്രവേശിച്ച നാൾവരെ അവർ ഒഴികെ ലോകമനുഷ്യർ എല്ലാവരും തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നവരായിരുന്നു. ജലപ്രളയം വന്ന് അവരെ എല്ലാവരെയും മുടിച്ചുകളഞ്ഞു. അന്നത്തെ മനുഷ്യർ നശിച്ചുവെങ്കിലും അന്നുണ്ടായിരുന്ന പാപം ചെയ്‌വാനുള്ള പ്രവണത ജലപ്രളയത്തോടെ അവസാനിച്ചിരുന്നില്ല. നോഹയിലൂടെ അത് വീണ്ടും ഭൂമിയിൽ തലയുയർത്തി എന്നാണ് നമുക്ക് ഇവിടെ കാണുവാൻ കഴിയുന്നത്. തിന്നുകുടിച്ച് ലഹരിപിടിച്ച് കൂടാരത്തിൽ കിടന്ന നോഹയുടെ നഗ്നത കണ്ട ഹാം അത് മറയ്ക്കാതെ പരിഹാസരൂപേണ സഹോദരന്മാരോടുവന്ന് അറിയിക്കുകയാണ് ചെയ്തത്. അതുകേട്ട നിമിഷത്തിൽ അപ്പനെ ബഹുമാനിച്ചിരുന്ന ശേമും യാഫെത്തും വിമുഖരായി ചെന്ന് അപ്പന്റെ നഗ്നത മറച്ചു. ലഹരി വിട്ടുണർന്ന നോഹ അത് അറിഞ്ഞപ്പോൾ ഹാമിന്റെ മകൻ കനാൻ ശപിക്കപ്പെട്ടവൻ എന്ന ശാപത്തിന്റെ വാക്കുകളാണ് ഉരുവിട്ടത്. ഇവിടെ വാസ്തവത്തിൽ തെറ്റു ചെയ്തതു ഹാം ആണെങ്കിലും നോഹയുടെ ശാപമേറ്റത് ഹാമിന്റെ പുത്രനായ കനാനാണ്. തെറ്റു ചെയ്ത ഹാമിനെ നോഹ ശപിക്കാതിരുന്നത് രണ്ടു കാരണങ്ങളാലായിരുന്നു.

1. ദൈവം അനുഗ്രഹിച്ച ഹാമിനെ നോഹയ്ക്ക് ശപിക്കുവാൻ കഴിയുകയില്ല.
2. ഹാം വംശം ഒന്നാകെ ശാപത്തിൻകീഴിലാകരുത്.

ഹാം വംശം ഒന്നാകെ ശാപത്തിൻകീഴിലാകാതെ അവന്റെ ഒരു മകനായ കനാനെയും അവന്റെ തലമുറയെയും നോഹ ഭാവിസംബന്ധമായി ശപിച്ചത് ദൈവഹിതമായിരുന്നു. പാലും തേനും ഒഴുകുന്ന മനോഹരദേശമായ കനാൻ ഭാവിയിൽ ശാശ്വതാവകാശമായി ശേം വംശത്തിന് നൽകുക എന്നതായിരുന്നു ദൈവത്തിന്റെ തിരുഹിതം. അതാണ് തിരുവചനപഠനത്തിൽ യിസ്രായേലിനോടുള്ള ബന്ധത്തിൽ നമുക്ക് കാണുവാൻ കഴിയുന്നത്.

നോഹയിൽനിന്ന് പിറവിയെടുത്ത മുന്ന് ആൺമക്കളുടെ കുടുംബങ്ങളെക്കുറിച്ച് ദൈവം ഉദ്ദേശിച്ചിരുന്നത് ഭൂമിയിലെ വംശവർദ്ധനവായിരുന്നു. ഉല്പത്തിപുസ്തകം പത്താം അദ്ധ്യായത്തിൽ നോഹയുടെ പുത്രന്മാർക്ക് ജനിച്ച മക്കളുടെ പേരുവിവരങ്ങളും അവരുടെ വംശാവലിയുടെ പട്ടികയുമാണ് കൊടുത്തിരിക്കുന്നത്. ജലപ്രളയാനന്തരവും പുരാതനലോകത്തിലേതുപോലെ ഭൂമിയിലൊക്കെയും ഒരേ ഭാഷയും ഒരേ വാക്കും ആയിരുന്നു. മനുഷ്യർ കിഴക്കോട്ട് യാത്ര ചെയ്ത് ശിനാർ ദേശത്ത് നിമ്രോദിന്റെ നേതൃത്വത്തിൽ ആകാശത്തോളം എത്തുന്ന ബാബേൽ ഗോപുരവും പട്ടണവും പണിതത് അവർക്ക് ഒരു പേരുണ്ടാക്കുവാനും ഭൂമിയിൽ ചിതറിപ്പോകാതിരിക്കുന്നതിനും വേണ്ടിയായിരുന്നു. അതിൻപ്രകാരമാണ് മനുഷ്യർ ഒന്നാകെ ചേർന്ന് പട്ടണവും ഗോപുരവും പണിയുവാൻ തുടങ്ങിയത്. അന്ന് മനുഷ്യർ ശിനാർ ദേശത്ത് കൂടിവന്നത് നിമ്രോദിന്റെ കീഴിൽ ഏകലോക ഭരണസംവിധാനം എന്ന ആശയത്തിൽനിന്നുമായിരുന്നു. എന്നാൽ അത് ദൈവഹിതത്തിന് എതിരായിരുന്നു. അതുകൊണ്ടാണ് ദൈവം അതിന് അവസരം കൊടുക്കാതെ അവരുടെ ഭാഷ കലക്കിക്കളയുകയും ഗോപുരവും പട്ടണവും പണിയാതെ അവരെ അവിടെനിന്ന് ഭൂതലത്തിലൊക്കെയും ചിതറിച്ചുകളയുകയും ചെയ്തത്.

അന്ന് ഭാഷനിമിത്തമുണ്ടായ കലക്കത്തിനെയാണ് ബാബേൽ എന്ന പേരിലറിയപ്പെടുന്നത്. മനുഷ്യന്റെ സ്വന്തവിവേകത്തിലും ശക്തിയിലും പണിതുയർത്തുന്നതെല്ലാം ദൈവീകമല്ല; പൈശാചികമാണ്. അതുകൊണ്ടാണ് ദൈവം അവരുടെ പണിയെ ഇടിച്ചുകളഞ്ഞത്. ശിനാർ ദേശത്തിലെ ബാബേൽ എന്ന സ്ഥലത്തു നടന്ന

മനുഷ്യന്റെ പണിയെ ദൈവം ഇടിച്ചുകളഞ്ഞുവെങ്കിലും അന്ന് അവിടെ വ്യാപരിച്ച പൈശാചിക ശക്തിയുടെ വ്യാപാരം ഒളിഞ്ഞും തെളിഞ്ഞും ഇപ്പോഴും അവിടെ നിലനിൽക്കുന്നുണ്ട് എന്നതാണ് വസ്തുത. കർത്താവിന്റെ രണ്ടാമത്തെ വരവിനു മുമ്പ് പ്രതികാര ദിവസത്തിൽ ബാബേൽ അഗ്നിക്കിരയായി ഒരു മണിക്കൂർകൊണ്ട് ശൂന്യമാക്കപ്പെടുന്നതുവരെ ലോകവ്യവസ്ഥിതിയിൽ അതിന്റെ ശക്തി വ്യാപരിച്ചുകൊണ്ടിരിക്കും. ജലപ്രളയത്തിനുശേഷം ശേമിനുണ്ടായ മക്കളിൽ ഏബെരിന് രണ്ട് പുത്രന്മാരാണ് ഉണ്ടായിരുന്നത്. അവർ പേലെഗ്, യൊക്താൻ എന്നിവരായിരുന്നു. അവരിൽ പേലെഗിന്റെ കാലത്താണ് ഭൂവാസികൾ ബാബേൽ നിമിത്തം ഭൂമിയിൽ ചിതറപ്പെട്ടുപോയത്. അന്ന് വിവിധഭാഷകൾ രൂപപ്പെട്ടപ്പോൾ അതിൽ ഒരേഭാഷ സംസാരിക്കുന്നവർ തമ്മിൽ ഒന്നിച്ചുകൂടി ഒരു ദേശത്ത് പാർക്കുവാൻ തുടങ്ങി. അന്നു തുടങ്ങിയതാണ് സംസാരഭാഷയുടെ അടിസ്ഥാനത്തിലുള്ള ദേശവിഭജനം, അതാണ് ഇന്നും നിലനില്ക്കുന്നത്.

അന്ന് ചിതറപ്പെട്ടുപോയ മാനവകുലത്തിൽനിന്ന് ശേമിന്റെ തലമുറയിൽപ്പെട്ടവരുടെ വംശാവലിയാണ് പിന്നീട് രേഖപ്പെടുത്തിയിട്ടുള്ളത്. ജലപ്രളയത്തിനുശേഷം ഏകദേശം നൂറ് സംവത്സരം കഴിഞ്ഞിട്ടാണ് ബാബേൽ എന്ന കലക്കം ഉണ്ടായതും അതു നിമിത്തം ഭൂവാസികൾ പിരിഞ്ഞുപോയതും. ശേമിന്റെ മകൻ ഏബെരിന്റെ പുത്രനായ പേലെഗിന്റെ കാലത്താണ് അത് സംഭവിച്ചത് (ഉല്പ. 11:10-18). ജലപ്രളയത്തിനുശേഷം മുന്നൂറ്റിയമ്പത് സംവത്സരം ജീവിച്ചിരുന്ന നോഹ ഭൂവാസികൾ പിരിഞ്ഞുപോയ കാലത്ത് ഭൂമിയിൽ ഉണ്ടായിരുന്നു. ശേമിന്റെ വംശാവലിയിൽപ്പെട്ടവരോടുകൂടെയായിരുന്നു നോഹ വസിച്ചിരുന്നത്. ജാതികൾ ചിതറപ്പെട്ടപ്പോൾ ശേമിന്റെ വംശക്കാർ മെസോപ്പൊത്താമ്യയിലെ ഊർ എന്ന ദേശത്തിലാണ് ചെന്നു പാർത്തത്.

നോഹയുടെ പത്താം തലമുറക്കാരനായ അബ്രാം ജനിക്കുന്നതിനു മുമ്പാണ് നോഹ മരിച്ചത്. തേരഹിന്റെ പുത്രനായിരുന്നു അബ്രാം; അവന്റെ സഹോദരന്മാർ നാഹോരും ഹാരാനും ആയിരുന്നു. ഹാരാൻ ജന്മദേശമായ ഊരിൽ വച്ചുതന്നെ മരിച്ചുപോയി. അബ്രാമിന് കല്ദയ പട്ടണമായ ഊരിൽവച്ച് തേജോമയനായ ദൈവം പ്രത്യക്ഷപ്പെട്ടു. അബ്രാമും ഭാര്യയായ സാറായിയും തേരഹിനോടൊപ്പമാണ് ഊരിൽ പാർത്തിരുന്നത്. വാഗ്ദത്തയുഗത്തിൽ ദൈവ

ത്തിന്റെ ഉദ്ദേശപ്രകാരമുള്ള ഉത്തമകുടുംബജീവിതം നയിച്ചവരായിരുന്നു അബ്രാമും സാറായിയും. ദൈവം ഒരു സ്നേഹിതനോടെന്ന പോലെയാണ് അബ്രാമിനോട് ഇടപെട്ടത്. തിരുവചനപ്രകാരം യഹോവയുടെ സഖിത്വം ഉണ്ടായിരുന്ന ഒരു വ്യക്തിയാണ് അബ്രാം.

> യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്ക് ഉണ്ടാകും; അവൻ തന്റെ നിയമം അവരെ അറിയിക്കുന്നു (സങ്കീ. 25:14).

തേജോമയനായ ദൈവം അബ്രാമിന്റെ ജന്മദേശമായ ഊർ എന്ന പട്ടണത്തിൽവച്ച് പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്തത് മുതൽ കനാൻ ദേശത്തിലെ മോറിയ എന്ന മലയിൽ അബ്രാഹാം തന്റെ ഏകജാതനായ മകൻ യിസ്ഹാക്കിനെ വിശ്വാസയാഗം അർപ്പിച്ചതുവരെ പന്ത്രണ്ട് പ്രാവശ്യമാണ് അവനെ സന്ദർശിച്ച് അവനോട് തന്റെ നിയമങ്ങളും വാഗ്ദത്തങ്ങളും അരുളിച്ചെയ്തിട്ടുള്ളത്. അബ്രാഹാമിന്റെ പരദേശപ്രയാണത്തിൽ ദൈവം അവനോട് ഇടപെട്ട സന്ദർഭങ്ങളും അവ ഓരോന്നിനെക്കുറിച്ചുമുള്ള ലഘു വിവരണവുമാണ് താഴെ കുറിച്ചിരിക്കുന്നത്.

1. ജന്മദേശമായ ഊരിൽവച്ച് തോജോമയനായ ദൈവം പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്തത് (അപ്പൊ. 7:3-4)
2. പിതാവായ തേരഹ് മരിച്ചശേഷം അബ്രാം പാർത്തിരുന്ന ഹാരാനിൽവച്ച് ദൈവം അരുളിച്ചെയ്തത് (ഉല്പ. 11:32 മുതൽ 12:5 വരെ)
3. വാഗ്ദത്തദേശമായ കനാനിൽ പ്രവേശിച്ചതിനുശേഷം അരുളിച്ചെയ്തത് (ഉല്പ. 12:4-7)
4. സഹോദരപുത്രനായ ലോത്ത് വിട്ടു പിരിഞ്ഞശേഷം അരുളിച്ചെയ്തത് (ഉല്പ. 13:14-18)
5. ശക്തന്മാരായ നാലു രാജാക്കന്മാരോട് യുദ്ധം ചെയ്ത് ജയാളിയായി മടങ്ങിവരുമ്പോൾ ശാലേം രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ മല്ക്കീസേദെക് അബ്രാമിനെ എതി രേറ്റ് അരുളിച്ചെയ്തത് (ഉല്പ. 14:18-20, എബ്രാ. 7:1-10)
6. യുദ്ധാനന്തരം ഭയാശങ്കകളോടെ മമ്രേയിലെ കൂടാരത്തിലിരുന്ന സന്ദർഭത്തിൽ അരുളിച്ചെയ്തത്. (ഉല്പ. 15:1-21)
7. തൊണ്ണൂറ്റി ഒമ്പതാമത്തെ വയസ്സിൽ ദൈവദൂതൻ അവന് പ്രത്യക്ഷനായി പരിച്ഛേദന ഏൽക്കേണം എന്ന നിയമം അരുളിച്ചെയ്തത് (ഉല്പ. 17:1-21)

8. പരിഛേദന എന്ന നിയമം അനുസരിച്ച അബ്രാമിന് മമ്രേയുടെ തോപ്പിൽ വച്ച് വീണ്ടും പ്രത്യക്ഷനായി അരുളിച്ചെയ്തത് (ഉല്പ. 18:1-15)
9. അബ്രാഹാമിന്റെ കൂടാരത്തിൽ അതിഥിയായി വന്ന മൂന്നുപേരെ യാത്ര അയപ്പാൻ അവരോടുകൂടെ പോയപ്പോൾ അരുളിച്ചെയ്തത് (ഉല്പ. 18:13-33)
10. യിശ്മായേൽ നിമിത്തമുണ്ടായ അബ്രാഹാമിന്റെ കുടുംബപ്രശ്നം പരിഹരിക്കുവാൻ അവനോട് അരുളിച്ചെയ്തത് (ഉല്പ. 21:12-13)
11. ഏകജാതനായ പുത്രൻ യിസ്ഹാക്കിനെ യാഗം അർപ്പിക്കുവാൻ അവനോട് അരുളിച്ചെയ്തത് (ഉല്പ. 22:1-10)
12. യിസ്ഹാക്കിന്റെ യാഗത്തോടുള്ള ബന്ധത്തിൽ മോറിയ മലയിൽ വച്ച് അരുളിച്ചെയ്തത് (ഉല്പ. 22:11-19)

വാഗ്ദത്തയുഗത്തിലെ സുപ്രധാന കുടുംബമായ അബ്രാഹാമിന്റെ കുടുംബത്തെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം പൂർത്തീകരിച്ചെടുന്നതിനാവശ്യമായ ആലോചനകളാണ് ദൈവം ഓരോ സന്ദർഭങ്ങളിലും അവനെ അറിയിച്ചത്. ദൈവീക അരുളപ്പാടുകളിൽനിന്ന് തെല്ലും വ്യതിചലിക്കാതെ ദൈവത്തെ പൂർണ്ണമായും അനുസരിച്ച് ജീവിതം നയിച്ച അബ്രാഹാമിന്റെ കുടുംബജീവിതം മാതൃകാപരമായിരുന്നു. അതുകൊണ്ടാണ് അബ്രാഹാമിന്റെ കുടുംബജീവിതത്തിലെ ദൈവീക ഇടപെടലുകളുടെ പന്ത്രണ്ട് സന്ദർഭങ്ങളെക്കുറിച്ചുള്ള പഠനത്തിന് ഈ ഗ്രന്ഥത്തിൽ പ്രാധാന്യത കൊടുത്തിരിക്കുന്നത്. അതിൽ ഒന്നാമത്തെ സന്ദർഭത്തെക്കുറിച്ചാണ് തുടർന്ന് നാം ചിന്തിക്കുന്നത്.

**സന്ദർഭം ഒന്ന്: ജന്മദേശമായ ഊരിൽവച്ച് തേജോമയനായ ദൈവം പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്തത്**

> ... നമ്മുടെ പിതാവായ അബ്രാഹാം ഹാരാനിൽ വന്നു പാർക്കും മുമ്പേ മെസോപ്പൊത്താമ്യയിൽ ഇരിക്കുമ്പോൾ തന്നെ തേജോമയനായ ദൈവം അവനു പ്രത്യക്ഷനായി; തന്റെ ദേശത്തെയും തന്റെ ചാർച്ചക്കാരെയും വിട്ട് ഞാൻ നിനക്കു കാണിച്ചുതരുന്ന ദേശത്തിലേക്കു ചെല്ലുക എന്നു പറഞ്ഞു. അങ്ങനെ അവൻ കല്ദായരുടെ ദേശം വിട്ടു ഹാരാനിൽ വന്നു പാർത്തു (അപ്പൊ. 7:2-3).

കല്ദായരുടെ ദേശത്തെ ഊർ എന്ന പട്ടണത്തിൽ ജനിച്ച ശേം വംശജനായ അബ്രാഹാമിനോട് ആ ദേശത്തെയും ചാർച്ചക്കാരെ

യും വിട്ട് ദൈവം കാണിച്ചുകൊടുക്കുന്ന ദേശത്തിലേക്ക് ചെല്ലുക എന്ന് തേജോമയനായ ദൈവം അരുളിച്ചെയ്തതാണ് അവന്റെ ജീവിതത്തിലെ ദൈവവിളിയുടെ ഒന്നാമത്തെ സന്ദർഭം. അവനു ലഭിച്ച സ്വർഗീയ ദർശനപ്രകാരം അവനോടൊപ്പം അവന്റെ കാൽചുവടുകളെ അനുഗമിച്ചവളായിരുന്നു അവന്റെ ഭാര്യ സാറായി. അവരുടെ കുടുംബജീവിതം തികഞ്ഞ ഐക്യതയിലായിരുന്നു. അവർ ഇരുവരും വിശ്വസ്തരും ഒരേ ദർശനം പ്രാപിച്ചവരുമായിരുന്നു. അവന്റെ പിതൃഭവനവും അബ്രാമിനെ അനുഗമിച്ച് തേരഹിനോടൊപ്പം ഹാരാനിൽ വന്നു പാർത്തിരുന്നു. അതുകൊണ്ടാണ് പിതൃഭവനത്തെക്കുറിച്ചുള്ള പരാമർശം അബ്രാം വിട്ടു പിരിഞ്ഞതിനോടുള്ള ബന്ധത്തിൽ ഒന്നാമത്തെ സന്ദർഭത്തിൽ രേഖപ്പെടുത്താതിരിക്കുന്നത്.

വാഗ്ദത്തയുഗത്തിലെ പിതാക്കന്മാരിൽ ശ്രേഷ്ഠനായിരുന്ന അബ്രാഹാമിന്റെ ജനനത്തെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്ന വംശാവലിയിൽ ആദാം മുതൽ അബ്രാഹാം വരെയുള്ള നീതിമാന്മാരുടെ തലമുറകളെക്കുറിച്ച് ഉല്പത്തിപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതാണ് ചുവടെ കൊടുത്തിരിക്കുന്നത്.

**1. ആദാം മുതൽ നോഹവരെ പത്ത് തലമുറകൾ**

ആദാം മുതൽ ജലപ്രളയത്തിനു മുമ്പുവരെയുള്ള പുരാതന ലോകത്തിലെ ആദാമിന്റെ വംശപാരമ്പര്യത്തിൽ അവരുടെ പേരും ആയുസ്സുമാണ് ചുവടെ രേഖപ്പെടുത്തിയിരിക്കുന്നത്.

ആദം 930, ശേത്ത് 912, ഏനോശ് 905, കേനാൻ 910, മഹലലേൽ 895, യാരെദ് 962, ഹാനോക് 365, മെഥൂശലഹ് 969, ലാമേക് 777, നോഹ 950 (ഉല്പ. 5:1–32)

**2. ശേം മുതൽ അബ്രാഹാം വരെ പത്ത് തലമുറകൾ**

ജലപ്രളയത്തിനു ശേഷം നോഹയുടെ കുടുംബം ഒഴികെ ബാക്കിയുള്ള തലമുറകളെല്ലാം ജലപ്രളയത്തിൽ ഭൂമിയിൽനിന്ന് തുടച്ചുനീക്കപ്പെട്ടു. നീതിമാനായ നോഹയ്ക്ക് ശേം, ഹാം, യാഫെത്ത് എന്നീ മൂന്നു പുത്രന്മാർ ഉണ്ടായിരുന്നുവെങ്കിലും അവരിൽ ശേമിന്റെ വംശപാരമ്പര്യമാണ് നീതിമാന്മാരുടെ തലമുറയുടെ തുടർച്ചയായി തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ശേം 600, അർപ്പക്ഷാദ് 438, ശാലഹ് 433, ഏബെർ 464, പേലെഗ് 239, രെയൂ 239, ശെരൂഗ് 230, നാഹോർ 148, തേരഹ് 205, അബ്രാഹാം 175 (ഉല്പ. 11:10–26)

**3. കല്ദയപട്ടണമായ ഊരിൽ താമസിച്ചിരുന്ന അബ്രാഹാമിന്റെ പിതൃ കുടുംബമായ തേരഹിന്റെ വംശപാരമ്പര്യം**

അബ്രാഹാം, നാഹോർ, ഹാരാൻ (ഉല്പ. 11:27-32)

ജന്മദേശമായ ഊരിൽവച്ച് പിതാവായ തേരഹിന് മുമ്പ് മരിച്ചുപോയ ഹാരാന്റെ വംശാവലി

ലോത്ത്, മിൽക്കാ, യിസ്കാ, സാറായി (ഉല്പ. 11:27-29).

നാഹോരിന്റെ ഭാര്യ: മിൽക്കാ, ഹാരാന്റെ മകളായിരുന്നു (ഉല്പ. 11:29).

അബ്രാഹാമിന്റെ ഭാര്യ: സാറായിയും ഹാരാന്റെ മകളായിരുന്നു. (ഉല്പ. 11:29).

അബ്രാഹാമിന്റെ ഭാര്യ സാറായി അബ്രാഹാമിന്റെ പിതാവായ തേരഹിന് മറ്റൊരു സ്ത്രീയിൽ ജനിച്ച മകളാണ് എന്നാണ് അബ്രാഹാം ഗെരാർ രാജാവായ അബീമേലെകിനോടു പറഞ്ഞത്. നാഹോർ വിവാഹം കഴിച്ച മിൽക്ക ഹാരാൻെറ മകളായിരുന്നു. അതുപോലെ അബ്രാഹാം വിവാഹം കഴിച്ചതും ഹാരാന്റെ മറ്റൊരു മകളായ സാറായിയെ ആയിരുന്നു. അബ്രാഹാമിന് വാസ്തവത്തിൽ സാറായി മകളുടെ സ്ഥാനത്താണ് വരുന്നത്. എന്നാൽ മറ്റുള്ളവരോടുപറയുമ്പോൾ തന്റെ ഭാര്യ തന്റെ മകളാണെന്നു പറയുന്നത് അനുചിതമായതുകൊണ്ടായിരിക്കണം അവന്റെ ഭാര്യ അവന്റെ പെങ്ങളാകുന്നു എന്ന് തേരഹിനോടുള്ള ബന്ധത്തിൽ പറഞ്ഞത് എന്നുവേണം ചിന്തിക്കുവാൻ.

> വാസ്തവത്തിൽ അവൾ എന്റെ പെങ്ങളാകുന്നു; എന്റെ അപ്പന്റെ മകൾ; എന്റെ അമ്മയുടെ മകൾ അല്ലതാനും; അവൾ എനിക്ക് ഭാര്യയായി (ഉല്പ. 20:12).

ഊരിൽനിന്ന് പുറപ്പെട്ട് ഹാരാനിൽവന്ന് പാർത്തവരിൽ നാലു പേരുടെ പേരുകളാണ് തേരഹിനോടുള്ള ബന്ധത്തിൽ തിരുവചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. അവർ തേരഹ്, അബ്രാം, സാറായി, ലോത്ത് എന്നിവരാണ് (ഉല്പ. 11:31). അബ്രാഹാമിന്റെ പിതൃഭവനവും ചാർച്ചക്കാരും മെസോപ്പൊത്താമ്യ ദേശമായ ഊരിൽനിന്ന് ഹാരാനിൽ വന്നു പാർത്തിരുന്നു. അതിന്റെ വ്യക്തത നമുക്ക് ലഭിക്കുന്നത് അബ്രാഹാമിന്റെ പിതാവായ തേരഹ് മരിച്ചതിനു ശേഷം യഹോവ അവനോട് അരുളിച്ചെയ്ത രണ്ടാമത്തെ സന്ദർഭത്തിലെ ആലോചനകൾ വിശകലനം ചെയ്യുന്നതിൽനിന്നുമാകുന്നു.

**സന്ദർഭം രണ്ട്: പിതാവായ തേരഹ് മരിച്ചശേഷം അബ്രാം പാർത്തിരുന്ന ഹാരാനിൽ വച്ച് ദൈവം അരുളിച്ചെയ്തത്**

> തേരഹിന്റെ ആയുഷ്കാലം ഇരുനൂറ്റിയഞ്ചു സംവത്സരം ആയിരുന്നു; തേരഹ് ഹാരാനിൽവച്ച് മരിച്ചു. യഹോവ അബ്രാഹാമിനോട് അരുളിച്ചെയ്തത് എന്തെന്നാൽ: നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ട് പുറപ്പെട്ട്, ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും (ഉല്പ. 11:32 മുതൽ 12:5 വരെ)

ജന്മദേശമായ ഊരിൽനിന്നു വന്നുപാർത്ത ദേശമായ ഹാരാനിൽ തേരഹും കുടുംബവും എത്രനാൾ പാർത്തു എന്നതിന്റെ വ്യക്തതയില്ല. എന്നാൽ തേരഹിന്റെ ഇരുനൂറ്റിയഞ്ചാമത്തെ വയസ്സിൽ അവൻ ഹാരാനിൽവച്ച് മരിച്ചു എന്ന് തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ശേഷമാണ് ദൈവം അബ്രാമിനോട് വാഗ്ദത്ത ദേശത്തിലേക്ക് പുറപ്പെടുവാൻ രണ്ടാമത് ആജ്ഞാപിക്കുന്നത്. ഊരിൽനിന്ന് പുറപ്പെട്ടവരിൽ കേവലം നാലുപേർ മാത്രമായിരുന്നു ഉണ്ടായിരുന്നതെങ്കിൽ തേരഹ് മരിച്ചതിനുശേഷം ഹാരാനിൽ വസിച്ചിരുന്ന അബ്രാമിനോട് ദേശം, ചാർച്ചക്കാർ, പിതൃഭവനം എന്നിവരെ വിട്ട് പുറപ്പെടുവാൻ രണ്ടാമത്തെ സന്ദർഭത്തിൽ ദൈവം അരുളിച്ചെയ്യുകയില്ലായിരുന്നു. അതിനാൽ അവന്റെ പിതൃഭവനവും അടുത്ത ചാർച്ചക്കാരും അവൻ വന്നുപാർത്ത ഹാരാനിൽ അവനോടൊപ്പം വന്നു പാർത്തിരുന്നു എന്നതിന്റെ സൂചനയാണ് ഇവിടെ വ്യക്തമാക്കപ്പെടുന്നത്. അതു മാത്രമല്ല അബ്രാമിന്റെ സഹോദരൻ നാഹോരിന്റെയും, നാഹോരിന്റെ മകൻ ബെഥൂവേലിന്റെയും അവന്റെ മകൻ ലാബാന്റെയും പട്ടണം ഊർ എന്നല്ല; പദ്ദൻ-അരാമെന്നാണ് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

> യിസ്ഹാക്കിനു നാല്പതു വയസ്സായപ്പോൾ അവൻ പദ്ദൻ-അരാമിലുള്ള അരാമ്യനായ ബെഥൂവേലിന്റെ പുത്രിയും അരാമ്യനായ ലാബാന്റെ സഹോദരിയുമായ റിബെക്കായെ ഭാര്യയായി പരിഗ്രഹിച്ചു (ഉല്പ 25:20)

പദ്ദൻ-അരാം എന്നദേശം മെസോപ്പൊത്താമ്യ ദേശത്തിന്റെയും അരാം ദേശത്തിന്റെയും അതിർത്തിയിൽ കിടക്കുന്ന സ്ഥലമാണ്.

അരാം ദേശത്തിന് ആ പേർ വരുവാനുള്ള കാരണം ശേമിന്റെ അഞ്ചു മക്കളിൽ ഒരുവനായ അരാം അവിടെവന്ന് പാർത്തതുകൊണ്ടായിരുന്നു (ഉല്പ. 10:22-23). അരാംദേശത്ത് ബെഥൂവേലും ലാബാനും താമസിച്ചതുകൊണ്ടാണ് അവരെ പിന്നീട് അരാമ്യർ എന്ന് സംബോധന ചെയ്യപ്പെടുന്നത്. അബ്രാമിന്റെ പിതൃഭവനമായ തേരഹും കൂട്ടരും വന്നുപാർത്തത് മെസോപ്പൊത്താമ്യ ദേശത്തിലെ മറ്റൊരു പട്ടണമായ ഹാരാനിൽ ആയിരുന്നു. അബ്രാമും സാറായിയും ലോത്തും തേരഹിന്റെ മരണശേഷം ഹാരാനിൽനിന്ന് പുറപ്പെട്ടപ്പോൾ അവന്റെ പിതൃഭവനത്തിൽപ്പെട്ട നാഹോരും കുടുംബവും ഹാരാനിൽനിന്നും അവരോടുകൂടെ പുറപ്പെട്ടുവെങ്കിലും അവർ പദ്ദൻ-അരാമിൽവന്ന് പാർക്കുകയാണ് ചെയ്തത്. പദ്ദൻ-അരാമിൽ വന്നുപാർത്ത നാഹോരിന് മിൽക്കാ എട്ടു ആൺമക്കളെയാണ് പ്രസവിച്ചത്.

**നാഹോരിന്റെ വംശപാരമ്പര്യം:** ആദ്യജാതൻ ഊസ്, അവന്റെ അനുജൻ ബൂസ്, കെമുവേൽ, കേശദ്, ഹസോ, പിൽദാശ്, ഇദലാഫ്, ബെഥൂവേൽ (ഉല്പ. 22:20-20). കെമുവേലിന്റെ മകന് അവൻ പേരിട്ടത് അരാം ദേശത്തോടുള്ള ബന്ധത്തിൽ അരാം എന്നായിരുന്നു (ഉല്പ. 22:22). അരാം നാഹോരിന്റെ വംശത്തിൽ തലയെടുപ്പുള്ളവനായിരുന്നു. ബെഥൂവേലിന്റെ മകൾ റിബെക്കായാണ് യിസ്ഹാക്കിന്റെ ഭാര്യ (ഉല്പ. 22:23).

നാഹോരിന്റെ പട്ടണം മെസോപ്പൊത്താമ്യയിലെ പദ്ദൻ-അരാമായിരുന്നു. അവിടേക്കാണ് യിസ്ഹാക്കിന്റെ മകൻ യാക്കോബിനെ യിസ്ഹാക്കും റിബെക്കായും കൂടി അവന് ഒരു ഭാര്യയെ എടുക്കുവാൻ അയച്ചത് (ഉല്പ. 28:1-2). യാക്കോബ് പദ്ദൻ-അരാമിൽ ഇരുപത് വർഷമാണ് പരദേശവാസം ചെയ്തത് (ഉല്പ. 31:41). അതുകൊണ്ടാണ് യിസ്രായേൽ മക്കളോട് അവരുടെ പിതാവായ യാക്കോബ് ദേശാന്തരിയായോരു അരാമ്യനായിരുന്നു എന്ന് ദൈവം അരുളിച്ചെയ്തത് (ആവ. 26:5). അബ്രാഹാം എബ്രായനായിരുന്നു (ഉല്പ. 14:13). എബ്രായന്റെ പേരിലാണ് യിസ്രായേലിന്റെ ദൈവം അറിയപ്പെടുന്നത് (പുറ. 5:3). ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് യാക്കോബിന്റെ അമ്മയുടെ ദേശമായ അരാമിനോടുള്ള ബന്ധത്തിലല്ല വാഗ്ദത്തസന്തതിയായ യിസ്രായേൽ അറിയപ്പെടുന്നത്; അത് വാഗ്ദത്തം ലഭിച്ച എബ്രായനായ അബ്രാഹാമിന്റെ പേരിനോടുള്ള ബന്ധത്തിലാകുന്നു എന്നതാണ്. ഇതുവരെ നാം ചിന്തിച്ച കാര്യങ്ങളുടെ സംക്ഷിപ്തരൂപമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

* അബ്രാമിന്റെ ജന്മദേശം മെസോപ്പൊത്താമ്യയിലെ ഊർ പട്ടണമായിരുന്നു.
* ഊരിൽവെച്ച് ദൈവം അവന് പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്തതിൻ പ്രകാരം അവനും അവന്റെ പിതൃഭവനവും അവിടെനിന്ന് പുറപ്പെട്ട് വന്നുപാർത്തത് മെസോപ്പൊത്താമ്യയിലെ മറ്റൊരു പട്ടണമായിരുന്ന ഹാരാനിലായിരുന്നു.
* അബ്രാമിന്റെ പിതാവായ തേരഹ് മരിച്ചതിനു ശേഷം ദൈവത്തിന്റെ അരുളപ്പാടനുസരിച്ച് മെസോപ്പൊത്താമ്യയിലെ അവന്റെ ജന്മദേശമായ ഊരും പിതൃദേശമായ ഹാരാനും വിട്ട് ഫ്രാത്ത് എന്ന മഹാനദി കുറുകെ കടന്ന് കനാൻ ദേശത്തിലേക്ക് പ്രവേശിച്ചപ്പോൾ അവൻ എബ്രായനായിത്തീർന്നു.
* അതുകൊണ്ടാണ് അബ്രാഹാം വിട്ടു പോന്ന ഹാരാനിലെ പിതൃഭവനത്തിലേക്കും അവന്റെ ജന്മദേശമായ ഊരിലേക്കും അവന്റെ മകനെ മടക്കി കൊണ്ടുപോകരുത് എന്ന് ദമ്മേശെക്കുകാരനായ എല്യേസറിനെക്കൊണ്ട് അബ്രാഹാം സത്യം ചെയ്യിപ്പിച്ചത് (ഉല്പ. 24:6-7).

അബ്രാഹാമിന്റെ കുടുംബത്തെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം മർമ്മമായിട്ടുള്ളതാണ്. പാപാനന്തര ഭൂമിയിൽ മനുഷ്യരുടെ ജീവിതത്തിന് തുടക്കം കുറിച്ച മെസോപ്പൊത്താമ്യയിലെ ഊരിൽനിന്ന് വിശ്വസ്തനായ അബ്രാമിനെയും ഭാര്യയെയും വിളിച്ചിറക്കിയത് വാഗ്ദത്ത നാടായ കനാൻദേശം അവനും അവന്റെ സന്തതിക്കും ശാശ്വത അവകാശമായി കൊടുക്കുന്നതിനു വേണ്ടിയായിരുന്നു. കനാൻ ദേശത്തിലെ യെരുശലേമാണ് മാനവരാശിയുടെ ജന്മഗൃഹം. നിഷ്പാപ യുഗത്തിൽ ദൈവം മണ്ണെടുത്ത് ആദാമിനെ സൃഷ്ടിച്ചത് ഭൂമിയുടെ മദ്ധ്യമാകുന്ന യെരുശലേമിൽവച്ചാകുന്നു. യെരുശലേം ഉൾപ്പെടുന്ന വാഗ്ദത്തദേശമായ കനാൻ അബ്രാഹാമിന്റെ സന്തതിക്ക് കൊടുക്കുക എന്നതായിരുന്നു ദൈവീകപദ്ധതി. അത് സംബന്ധമായ അരുളപ്പാടാണ് അബ്രാഹാമിന് ഹാരാനിൽവച്ച് ലഭിച്ചത്. അതിൽ മർമ്മമായി അടങ്ങിയിരിക്കുന്നത് മൂന്ന് കാര്യങ്ങളാണ് (ഉല്പ. 12:2-3).

* ഞാൻ നിന്നെ വലിയൊരു ജാതിയാക്കും: മാനവജാതിയോടുള്ള ബന്ധത്തിലെ അരുളപ്പാട്
* നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്ര

ഹിക്കും, നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും: യിസ്രായേൽ എന്ന രാജ്യത്തോടുള്ള ബന്ധത്തിലെ അരുളപ്പാട്

* നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും: ലോകരക്ഷകനായ യേശുവിനെക്കുറിച്ചും സുവിശേഷസംബന്ധ വുമായ അരുളപ്പാട്

അബ്രാഹാമിനോട് ദൈവം അരുളിച്ചെയ്തതിലെ ഒന്നാമത്തെ പരാമർശമായ ഞാൻ നിന്നെ വലിയൊരു ജാതിയാക്കും എന്ന ദൈവീക അരുളപ്പാട് അതങ്ങനെതന്നെ ഭാവിയിൽ നിറവേറപ്പെട്ടു. അബ്രാഹാമിൽനിന്നാണ് യിശ്മായേൽ ജനിച്ചത് അവൻ വലിയൊരു ജനസമൂഹമായി മാറി. അബ്രാഹാമിന്റെ മകൻ യിസ്ഹാക്കിൽനിന്ന് രണ്ട് വംശങ്ങൾ ഉടലെടുത്തു. യാക്കോബിൽനിന്ന് യിസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങൾ ജനിക്കപ്പെട്ടപ്പോൾ ഏശാവിൽനിന്ന് ഏദോമ്യ വംശമാണ് ഉടലെടുത്തത്. ഇന്ന് ഭൂമിയിൽ കാണുന്ന മൂന്ന് പ്രബല മതങ്ങളുടെയും തായ്‌വേർ പുറപ്പെട്ടത് വിശ്വാസികളുടെ പിതാവായ അബ്രാഹാമിൽനിന്നുമാകുന്നു. ജൂത, ക്രിസ്ത്യൻ, ഇസ്ലാം എന്നീ മൂന്ന് മതങ്ങളും കേന്ദ്രീകരിച്ചിരിക്കുന്നത് അബ്രാഹാം എന്ന വ്യക്തിയെയാണ്. സാറായിയുടെ മരണശേഷം അബ്രാഹാം കെതൂറാ എന്ന സ്ത്രീയെ ഭാര്യയായി എടുത്തിരുന്നു. അവൾ അവന് ആറു മക്കളെയാണ് പ്രസവിച്ചത് (ഉല്പ. 25:1-5). അവരെല്ലാം ഒരോ വംശങ്ങളായിട്ടാണ് പിന്നീട് രൂപപ്പെട്ടത്. അബ്രാഹാമിന് എട്ടു മക്കൾ ഉണ്ടായിരുന്നുവെങ്കിലും അവൻ തനിക്കുള്ളതൊക്കെയും യിസ്ഹാക്കിനാണ് കൊടുത്തത്. യിസ്ഹാക്ക് വാഗ്ദത്തസന്തതി ആയിരുന്നു; അവനിലൂടെ ദൈവം കണ്ടിരുന്നത് യിസ്രായേൽ എന്ന രാഷ്ട്രമായിരുന്നു. അതെക്കുറിച്ചാണ് ദൈവം ഹാരാനിൽവച്ച് അരുളിച്ചെയ്തതിലെ രണ്ടാമത്തെ പരാമർശം.

ദൈവം അരുളിച്ചെയ്തതുപോലെ അബ്രാം എന്ന പേർ അബ്രാഹാം എന്ന് ദൈവം വലുതാക്കി. അന്ന് അവനോട് പറഞ്ഞത് നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ നിന്നെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവൻ എന്നായിരുന്നു. അതേ അനുഗ്രഹം യാക്കോബാകുന്ന യിസ്രായേലിന്മേലാണ് വന്നുചേർന്നത്. യിസ്ഹാക്ക് അതേ വാക്കുകൾ ചൊല്ലിയാണ് യാക്കോബിനെ അനുഗ്രഹിച്ചത്.

> ... നിന്നെ ശപിക്കുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ; നിന്നെ അനുഗ്രഹിക്കുന്നവൻ എല്ലാം അനുഗ്രഹിക്കപ്പെട്ടവൻ... യിസ്ഹാക്ക്

> യാക്കോബിനെ അനുഗ്രഹിച്ചു കഴിഞ്ഞപ്പോൾ തന്റെ അപ്പനായ യിസ്ഹാക്കിന്റെ മുമ്പിൽനിന്ന് പുറപ്പെട്ടു; ഉടനെ അവന്റെ സഹോദരൻ ഏശാവ് വേട്ട കഴിഞ്ഞു മടങ്ങിവന്നു (ഉല്പ. 237:29-30).

യിസ്ഹാക്കിന്റെ കണ്ണ് നേരത്തെ മങ്ങിപ്പോയതും, നിന്നെ ശപിക്കുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് യിസ്ഹാക്ക് യാക്കോബിനെ അനുഗ്രഹിച്ചതുമെല്ലാം ദൈവഹിതമായിരുന്നു. യിസ്ഹാക്കിന് കാഴ്ച ഉണ്ടായിരുന്നുവെങ്കിൽ യാക്കോബിനെ അവന്റെ മൂത്ത മകനായ ഏശാവെന്നു കരുതി അനുഗ്രഹിക്കുകയില്ലായിരുന്നു. ഏശാവ് അവന്റെ അടുക്കൽ വന്നപ്പോൾ സത്യം തിരിച്ചറിഞ്ഞിട്ട് നടുങ്ങിപ്പോയ യിസ്ഹാക്ക് അനുഗ്രഹം തട്ടിയെടുത്ത യാക്കോബിനെ ശപിച്ചില്ല. അതിന്റെ കാരണം യാക്കോബിനെ ശപിക്കുന്നവനെല്ലാം ശപിക്കപ്പെട്ടവൻ; അവനെ അനുഗ്രഹിക്കുന്നവൻ എല്ലാം അനുഗ്രഹിക്കപ്പെട്ടവൻ എന്ന് ദൈവം മുന്നമേ യിസ്ഹാക്കിനെക്കൊണ്ട് യാക്കോബിനെ അനുഗ്രഹിച്ചതുകൊണ്ടായിരുന്നു (ഉല്പ. 27:31-33). ഇതിൽനിന്നും യിസ്രായേൽ എന്ന രാഷ്ട്രത്തിന്റെ ഉത്ഭവത്തിന്റെ അണിയറ നീക്കങ്ങളായിരുന്നു അബ്രാഹാമിലൂടെ ദൈവം വാഗ്ദത്തയുഗത്തിൽ ചെയ്തുകൊണ്ടിരുന്നത് എന്നാണ് വ്യക്തമാക്കപ്പെടുന്നത്.

മൂന്നാമത്തെ അനുഗ്രഹപരാമർശം സുവിശേഷം നിമിത്തം യേശുക്രിസ്തുവിലൂടെ സൃഷ്ടിക്കപ്പെടുന്ന സമ്പൂർണ്ണമായ ദൈവരാജ്യത്തെക്കുറിച്ചുള്ളതായിരുന്നു. അത് നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും എന്നുള്ളതാകുന്നു. വിശ്വാസത്താലുള്ള രക്ഷ എന്ന ദൈവീകപദ്ധതിയെക്കുറിച്ചുള്ള സുവിശേഷത്തിന്റെ മർമ്മമാണ് അന്ന് അബ്രാമിനോട് അരുളിച്ചെയ്തതിൽ മറഞ്ഞിരുന്നത്.

> എന്നാൽ വിശ്വാസം ജാതികളെ നീതീകരിക്കുന്നു എന്നു തിരുവെഴുത്തു മുൻകണ്ടിട്ട് "നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും" എന്നുള്ള സുവിശേഷം അബ്രാഹാമിനോടു മുമ്പുകൂട്ടി അറിയിച്ചു (ഗലാ. 3:8)

ലോകസ്ഥാപനത്തിനുമുമ്പ് ദൈവത്തിന്റെ തിരുഹൃദയത്തിലുണ്ടായിരുന്ന മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള ആലോചന മാറാത്തതായിരുന്നു. ദൈവം വിഭാവനം ചെയ്ത് ഭൂമിയിൽ നടപ്പിലാക്കുന്ന പദ്ധതിയെ തകിടം മറിക്കുവാൻ യാതൊരു ശക്തിക്കും കഴിയുകയില്ല. വരുവാനുള്ളവന്റെ പ്രതിരൂപമായി ആദാമിനെ സൃഷ്ടിച്ചപ്പോൾ അവനിൽ ദർശിച്ചത് യേശുക്രിസ്തുവിലൂടെ സൃഷ്ടിക്കപ്പെടുവാനുള്ള സമ്പൂർണ്ണമായ ദൈവരാജ്യം എന്ന മർമ്മമായിരുന്നു.

വാഗ്ദത്തയുഗത്തിൽ ദൈവം യിസ്രായേൽ എന്ന രാഷ്ട്രത്തിന്റെ നിർമാണപ്രക്രിയയ്ക്കാണ് ആരംഭംകുറിച്ചത്. അതിനോടുള്ള ബന്ധത്തിൽ കനാനിൽ പ്രവേശിച്ച അബ്രാമിനോട് ദൈവം അരുളിച്ചെയ്തതാണ് മൂന്നാമത്തെ സന്ദർഭം.

**സന്ദർഭം മൂന്ന്: വാഗ്ദത്തദേശമായ കനാനിൽ പ്രവേശിച്ചതിനുശേഷം അരുളിച്ചെയ്തത്**

> യഹോവ തന്നോടു കല്പിച്ചതു പോലെ അബ്രാം പുറപ്പെട്ടു; ലോത്തും അവനോടുകൂടെ പോയി; ഹാരാനിൽനിന്ന് പുറപ്പെടുമ്പോൾ അബ്രാമിന് എഴുപത്തഞ്ചു വയസ്സായിരുന്നു. അബ്രാം തന്റെ ഭാര്യയായ സാറായിയെയും സഹോദരന്റെ മകനായ ലോത്തിനെയും തങ്ങൾ ഉണ്ടാക്കിയ സമ്പത്തുകളെയൊക്കെയും തങ്ങൾ ഹാരാനിൽ വച്ചു സമ്പാദിച്ച അളുകളെയും കൂട്ടിക്കൊണ്ടു കനാൻ ദേശത്തേക്കു പോകുവാൻ പുറപ്പെട്ടു കനാൻ ദേശത്ത് എത്തി (ഉല്പ. 12:4 - 5)

സർവ്വശക്തനായ ദൈവം അബ്രാഹാമിനോട് എന്ത് അരുളിച്ചെയ്താലും അവൻ അത് താമസംവിനാ അനുസരിക്കുന്നവനായിരുന്നു. ദൈവം അരുളിച്ചെയ്തതിൻപ്രകാരം തേരഹ് മരിച്ച ഉടനെ അബ്രാം പുറപ്പെട്ടു. അവന് അന്ന് എഴുപത്തഞ്ച് വയസ്സായിരുന്നു പ്രായം. ഇതിൽനിന്നും തേരഹിന്റെ നൂറ്റിമുപ്പതാമത്തെ വയസ്സിലാണ് അബ്രാം ജനിച്ചത് എന്നാണ് സ്പഷ്ടമാക്കപ്പെടുന്നത്. ഹാരാൻ ദേശം, ചാർച്ചക്കാർ, പിതൃഭവനം എന്നിവരെ വിട്ട് അബ്രാം യാത്ര പുറപ്പെട്ടപ്പോൾ അവന്റെ പ്രിയതമയായ ഭാര്യ സാറായിയും സഹോദരപുത്രനായ ലോത്തും അവർ ഹാരാനിൽ സമ്പാദിച്ച ആളുകളും സമ്പത്തുമാണ് അവനോടുകൂടെ ഉണ്ടായിരുന്നത്. ഹാരാനിൽ കുറേ സംവത്സരം താമസിച്ചിരുന്നു എന്നതിന്റെ തെളിവാണ് അവിടെ അവർ സമ്പാദിച്ച ആളുകളും സമ്പത്തും. അബ്രാം കനാനിൽ ആദ്യം കാലുകുത്തിയത് ശമര്യദേശത്തെ ശെഖേം എന്ന സ്ഥലത്താണ്. അവർ ഏലോൻ മോരേ വരെയും ദേശത്തുകൂടി സഞ്ചരിച്ചു. അന്ന് അവിടെ പാർത്തിരുന്നത് നോഹയുടെ മകനായിരുന്ന ഹാമിന്റെ പുത്രനായ കനാന്റെ തലമുറയിൽപ്പെട്ടവരായിരുന്നു (ഉല്പ.12:6). കനാന് പതിനൊന്നു മക്കളാണ് ഉണ്ടായിരുന്നത്. അവരാണ് സീദോൻ, ഹേത്ത്, യെബൂസ്യൻ, അമോര്യൻ, ഗിർഗ്ഗശ്യൻ, ഹിവ്യൻ, അർക്ക്യൻ, സീന്യൻ, അർവ്വാദ്യൻ, സെമാര്യൻ, ഹമാര്യൻ എന്നിവർ. അവരുടെ ദേശം സീദോൻ തുടങ്ങി ഗെരാർ വഴിയായി ഗസ്സാ വരെയും സൊദോമും ഗൊമോറായും ആദ്മായും സെബോയീമും

വഴിയായി ലാശവരെയും ആയിരുന്നു (ഉല്പ. 10:15–18).

> യഹോവ അബ്രാഹാമിനു പ്രത്യക്ഷനായി, നിന്റെ സന്തതിക്കു ഞാൻ ഈ ദേശം കൊടുക്കുമെന്ന് അരുളിച്ചെയ്തു. തനിക്കു പ്രത്യക്ഷനായ യഹോവയ്ക്ക് അവൻ അവിടെ ഒരു യാഗപീഠം പണിതു (ഉല്പ. 12:7).

വാഗ്ദത്തദേശമായ കനാനിൽ എത്തിച്ചേർന്ന അബ്രാമിന് ദൈവം പ്രത്യക്ഷനായി അവനോട് അരുളിച്ചെയ്തത്, ഒരൊറ്റ കാര്യമായിരുന്നു. അത് നിന്റെ സന്തതിക്ക് കനാൻദേശം കൊടുക്കുമെന്നായിരുന്നു. ഇതിൽനിന്നും അബ്രാം മെസോപ്പൊത്താമ്യയിലായിരുന്നപ്പോൾ ദൈവം പ്രൃക്ഷനായി അവനോട് അരുളിച്ചെയ്ത വാഗദത്തദേശത്ത് അവൻ എത്തിയെന്നും അത് അവന്റെ സന്തതി കൈവശമാക്കും എന്നായിരുന്നു ദൈവം അരുളിച്ചെയ്തത്. ഇതിൽനിന്ന് സ്പഷ്ടമാക്കപ്പെടുന്ന വസ്തുത കനാൻദേശം ദൈവം വാഗ്ദത്തദേശമായി കൊടുത്തിരിക്കുന്നത് യിസ്രായേൽ എന്ന രാഷ്ട്രത്തിനാകുന്നു എന്നാണ്. ദൈവം അരുളിച്ചെയ്തത് അവൻ നിവർത്തിക്കുകതന്നെ ചെയ്യും; എന്നാൽ അതിനെതിരെയാണ് ഇന്നും ശക്തമായ പോരാട്ടമുള്ളത്.

അബ്രാം കനാനാകുന്ന അവന്റെ വാഗ്ദത്തദേശത്തിൽ എത്തിയശേഷമാണ് ദൈവത്തിന് ആദ്യയാഗപീഠം പണിതത്. തേജോമയനായ ദൈവം അവന് പ്രത്യക്ഷമായ അവന്റെ ജന്മദേശമായ ഊർ പട്ടണത്തിലോ അവന്റെ പിതൃഭവനം വന്നുപാർത്ത ഹാരാനിലോ അബ്രാം യാഗപീഠം പണിതിരുന്നില്ല. എന്നാൽ വാഗ്ദത്തദേശത്ത് കാൽ കുത്തിയ അബ്രാമിന് ദൈവം പ്രത്യക്ഷനായപ്പോൾതന്നെ അവൻ അവിടെ ഒരു യാഗപീഠം പണിതു. അവൻ അവിടെനിന്ന് ബേഥേലിനു കിഴക്കുള്ള മലയിലേക്ക് യാത്രചെയ്തു. ബേഥേൽ പടിഞ്ഞാറും ഹായി കിഴക്കുമായി അവൻ കനാൻ ദേശത്തിലെ ആദ്യത്തെ കൂടാരം അടിച്ചു. അവിടെ അവൻ ഒരു യാഗപീഠം പണിത് യഹോവയുടെ നാമത്തിൽ ആരാധിച്ചു. അബ്രാം പിന്നെയും തെക്കോട്ട് യാത്ര ചെയ്തുകൊണ്ടിരുന്നു. തെക്കെ ദേശത്ത് ക്ഷാമം ഉണ്ടായപ്പോൾ അവനും കുടുംബവും ഹാമിന്റെ പുത്രനായ മിസ്രയീമിന്റെ തലമുറ വസിച്ചിരുന്ന മിസ്രയീം എന്ന ദേശത്ത് എത്തി. ദൈവഭയമില്ലാത്ത മിസ്രയീം ദേശത്ത് എന്തു സംഭവിക്കുമെന്ന് മുൻകൂട്ടി അറിഞ്ഞ അബ്രാം തന്റെ സുന്ദരിയായ ഭാര്യയോട് നിന്നെ കാണുമ്പോൾ അവർ എന്നെ കൊല്ലുകയും നിന്നെ ജീവനോടെ

രക്ഷിക്കയും ചെയ്യും. അതുകൊണ്ട് നീ എന്റെ സഹോദരിയെന്ന് പറയേണം; നിന്റെ നിമിത്തം എനിക്ക് നന്മവരികയും ഞാൻ ജീവിച്ചിരിക്കുകയും ചെയ്യും എന്നു പറഞ്ഞു. അബ്രാം പറഞ്ഞതുപോലെ സാറായി അനുസരിച്ചു. ദൈവത്തിന്റെ പ്രവാചകനായ അബ്രാഹാം മുൻദർശിച്ചതു പോലെതന്നെ സംഭവിച്ചു. ഫറവോന്റെ അരമനയിൽ സാറായി പോകേണ്ടിവന്നു. ഫറവോൻ അബ്രാമിന് നന്മചെയ്തു. എന്നാൽ ഫറവോനെയും അവന്റെ കുടുംബത്തെയും യഹോവ അത്യന്തം ദണ്ഡിപ്പിച്ചു. ഫറവോൻ അബ്രാമിന്റെ ഭാര്യയെ അവന് വിട്ടുകൊടുത്തു. അവർ മിസ്രയീമിൽ നിന്ന് തെക്കേ ദേശത്തേക്ക് വീണ്ടും മടങ്ങിവന്നു. അവിടെനിന്ന് ബേഥേലിന് കിഴക്കുള്ള മലയിലേക്ക് അവൻ പുറപ്പെട്ടു.

അബ്രാം ബഹു സമ്പന്നനായിത്തീർന്നു. ബേഥേലിന് കിഴക്കുള്ള മലയിലേക്ക് മടങ്ങിവന്ന അബ്രാം യഹോവയുടെ നാമത്തിൽ അവിടെ പിന്നെയും ആരാധിച്ചു. ലോത്തിനും ആടുമാടുകളും കൂടാരങ്ങളും ഉണ്ടായിരുന്നു. അവരുടെ സമ്പത്ത് വളരെ ഉണ്ടായിരുന്നതുകൊണ്ടും അവരുടെ കന്നുകാലികളുടെ ഇടയന്മാർ തമ്മിൽ പിണക്കം ഉണ്ടാകുകയാലും അബ്രാമും ലോത്തും തമ്മിൽ അവിടെവച്ച് വേർപിരിഞ്ഞു. ലോത്ത് യോർദ്ദാനരികെയുള്ള പ്രദേശമൊക്കെയും നീരോട്ടമുള്ളതുകൊണ്ടും അത് യഹോവുടെ തോട്ടംപോലെ മനോഹരമായിരുന്നതുകൊണ്ടും സൊദോം ഗൊമോറാ പ്രദേശങ്ങൾ തിരഞ്ഞെടുത്ത് കിഴക്കോട്ട് യാത്രചെയ്ത് സൊദോമിൽ കൂടാരമടിച്ചു. അവിടുത്തുകാർ യഹോവയുടെ മുമ്പാകെ മഹാപാപികളായിരുന്നു. അബ്രാം യഹോവയ്ക്ക് താൻ പണിത യാഗപീഠം ഉണ്ടായിരുന്ന കനാൻ ദേശത്തിലെ ബേഥേലിൽതന്നെ പാർത്തു. ഹാരാനിൽ നിന്ന് വന്നവരിൽ ലോത്തും അവനോടുകൂടെ ഉള്ളവരും ഒഴികെ ഉള്ളവരാണ് അബ്രാമിനോടുകൂടെ കനാൻ ദേശത്ത് പാർത്തത്.

#### സന്ദർഭം നാല്: സഹോദരപുത്രനായ ലോത്ത് വിട്ടു പിരിഞ്ഞശേഷം അരുളിച്ചെയ്തത്

അബ്രാമിനെ ലോത്ത് വിട്ടുപിരിഞ്ഞശേഷം യഹോവ അബ്രാമിനോട് അരുളിച്ചെയ്തതാണ് നാലാമത്തെ സന്ദർഭം. കനാൻ ദേശത്തെ ശെഖേമിൽ പ്രവേശിച്ച അബ്രാമിനോട് ദൈവം അരുളിച്ചെയ്ത അതേകാര്യം തന്നെയാണ് വാഗ്ദത്തദേശത്തോടുള്ള ബന്ധത്തിൽ ലോത്ത് വിട്ടുപിരിഞ്ഞശേഷം ബേഥേലിൽ വെച്ചും അബ്രാഹാമിനോട് അരുളിച്ചെയ്തത്.

ലോത്ത് വിട്ടുപിരിഞ്ഞ ശേഷം യഹോവ അബ്രാമിനോട് അരുളിച്ചെയ്തത്; തലപൊക്കി, നീ ഇരിക്കുന്ന സ്ഥലത്തുനിന്ന് വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക. നീ കാണുന്ന ഭൂമിയൊക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും. ഞാൻ നിന്റെ സന്തതിയെ ഭൂമിയിലെ പൊടിപോലെ ആക്കും; ഭൂമിയിലെ പൊടിയെ എണ്ണുവാൻ കഴിയുമെങ്കിൽ നിന്റെ സന്തതിയെയും എണ്ണാം. നീ പുറപ്പെട്ട ദേശത്ത് നെടുകെയും കുറുകെയും സഞ്ചരിക്ക; ഞാൻ അത് നിനക്ക് തരും (ഉല്പ. 13:14 - 17).

വാഗ്ദത്തയുഗത്തിൽ അബ്രാമിനോട് ബേഥേലിൽവച്ച് അരുളിച്ചെയ്തതിൽ അടങ്ങിയിരുന്ന മർമ്മം യിസ്രായേലിന്റെ വർദ്ധനവിനെക്കുറിച്ചായിരുന്നു. അത് അവർ ഭൂമിയിലെ പൊടിപോലെ ആകുമെന്നും ബേഥേലിന് നാലുദിക്കുകളിലുമുള്ള ഭൂമി അവർക്ക് ശാശ്വതാവകാശമായി ലഭിക്കും എന്നുള്ളതായിരുന്നു. അതേകാര്യം തന്നെയാണ് കനാനിൽനിന്ന് പദ്ദൻ-അരാമിലേക്കുള്ള പ്രയാണത്തിൽ ബേഥേലിൽ കിടന്നുറങ്ങിയ യാക്കോബിനോടും ദൈവം അരുളിച്ചെയ്തത് (ഉല്പ. 28:14). ഇതിൽനിന്ന് അബ്രാഹാമിനോട് ദൈവം അരുളിച്ചെയ്ത വാഗ്ദത്തദേശം യാക്കോബായ യിസ്രായേലിനുള്ളതാണെന്നും അവർ അത് കൈവശമാക്കും എന്നുള്ളതാകുന്നു. അതിനു ശേഷം അബ്രാം ബേഥേലിൽനിന്ന് ഹെബ്രോനിൽ മമ്രേയുടെ തോപ്പിൽ വന്നു പാർത്തു. അവിടെ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു.

അബ്രാം മമ്രേയുടെ തോപ്പിൽ വസിച്ചിരുന്ന കാലത്ത് സിദ്ദീം താഴ്‌വരയിൽ വച്ച് നടന്ന യുദ്ധത്തിൽ അഞ്ച് രാജാക്കന്മാർ നാല് രാജാക്കന്മാരോട് യുദ്ധം ചെയ്തു. സൊദോം, ഗൊമോറാ, ആദ്മ, സെബോയീം, സോവർ എന്നീ അഞ്ച് രാജാക്കന്മാർ ഏലാം, ജാതികളുടെ രാജാവായ തീദാൽ, ശിനാർ, എലാസാർ എന്നീ നാല് രാജാക്കന്മാർക്ക് എതിരെ പട നിരത്തി. അഞ്ച് രാജാക്കന്മാർ നാല് രാജാക്കന്മാരുടെ മുമ്പിൽ തോറ്റുപോയി. അബ്രാമിന്റെ സഹോദരപുത്രനായ ലോത്തിനെയും അവനുള്ളതിനെയും നാല് രാജാക്കന്മാരുടെ സൈന്യം കൊണ്ടുപോയി. ആ വിവരം എബ്രായനായ അബ്രാമിനെ ഒരുവൻ വന്ന് അറിയിച്ചു. അതു കേട്ടപ്പോൾ അബ്രാം തന്റെ വീട്ടിൽ ജനിച്ച മുന്നൂറ്റിപതിനെട്ട് അഭ്യാസികളും മമ്രേ, എശ്ക്കോൽ, ആനേർ എന്നിവരുമായി ചെന്ന് നാല് രാജാക്കന്മാരെ തോല്പിച്ച് ലോത്തി

നെയും അവനോടുകൂടെ കൊണ്ടുപോയ സകല ജനത്തെയും മട ക്കി കൊണ്ടുവന്നു (ഉല്പ. 14:8–16). തിരുവചനത്തിൽ രേഖപ്പെടുത്തി യിരുക്കുന്ന രാജ്യങ്ങൾ തമ്മിലുള്ള ആദ്യ യുദ്ധത്തിൽ അബ്രാഹാ മിന്റെ സാന്നിധ്യം ശ്രദ്ധേയമാണ്. അത് വിരൽ ചൂണ്ടുന്നത് ലോക രാജ്യങ്ങൾ ചേർന്നുള്ള അവസാന യുദ്ധമാകുന്ന ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ അബ്രാഹാമിന്റെ സന്തതിയായ യിസ്രായേൽ നിർണ്ണാ യക ശക്തിയായിരിക്കും എന്നുള്ളതാണ്.

**സന്ദർഭം അഞ്ച്: ശക്തന്മാരായ നാലു രാജാക്കന്മാരോടു യുദ്ധം ചെയ്ത് ജയാളിയായി മടങ്ങിവരുമ്പോൾ ശാലേം രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിത നുമായ മല്ക്കീസേദെക് അബ്രാമിനെ എതിരേറ്റ് അരുളിച്ചെയ്തത് (ഉല്പ. 14:18 – 20), (എബ്രാ. 7:1 – 10)**

അഞ്ച് രാജാക്കന്മാരുടെ ഐക്യസൈന്യത്തെ തോല്പിച്ച നാലു ശക്തന്മാരായ രാജാക്കന്മാരോട് യുദ്ധം ചെയ്ത് അവരെ പരാജയ പ്പെടുത്തി ജയാളിയായ അബ്രാമിനെ രാജതാഴ്വര എന്ന ശാവേ താഴ്വരയിൽ വച്ചാണ് ശാലേം രാജാവായ മല്ക്കീസേദെക് അപ്പവും വീഞ്ഞുമായി വന്ന് അവനെ എതിരേറ്റത്. ആ സന്ദർഭത്തിൽ മല്ക്കീ സേദെക് അബ്രാമിനെ അനുഗ്രഹിച്ച് സംസാരിച്ചതാണ് അഞ്ചാ മത്തെ സന്ദർഭം. മല്ക്കീസേദെക് എന്നേക്കും ദൈവപുത്രന് തുല്യ നായിരിക്കുന്നതുകൊണ്ടാണ് അവൻ അബ്രാമിനോട് സംസാരിച്ചത് ദൈവം അബ്രാമിനോട് അരുളിച്ചെയ്തതിനോട് സമമായി ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. അവൻ അബ്രാമിനെ അനുഗ്രഹിച്ചു പറഞ്ഞത് സ്വർഗത്തിനും ഭൂമിക്കും നാഥനായ അത്യുന്നതനായ ദൈ വത്താൽ അബ്രാം അനുഗ്രഹിക്കപ്പെടുമാറാകട്ടെയെന്നും നിന്റെ ശത്രുക്കളെ നിന്റെ കയ്യിൽ ഏല്പിച്ചുതന്ന അത്യുന്നതനായ ദൈവം സ്തുതിക്കപ്പെടുമാറാകട്ടെ എന്നുമായിരുന്നു. ശാലേം രാജാവും അ ത്യുന്നതനായ ദൈവത്തിന്റെ മഹാപുരോഹിതനുമായ മല്ക്കീസേ ദെക്കിന് അബ്രാം സകലത്തിലും ദശാംശം കൊടുത്തു. സൊദോം രാജാവ് അവനോട് പറഞ്ഞ സമ്പത്ത് ഒന്നും അബ്രാം എടുത്തില്ല. അബ്രാമിനെ സൊദോം രാജാവ് സമ്പന്നനാക്കി എന്ന് പറയാതിരി ക്കുവാനാണ് അവൻ അവന്റെ സമ്പത്തിൽ യാതൊന്നും എടുക്കാ തിരുന്നത്. അബ്രാം ദ്രവ്യാഗ്രഹി ആയിരുന്നില്ല, അവന് ലഭിച്ച സക ലത്തിൽനിന്നും ദൈവത്തിനു ദശാംശം കൊടുക്കുന്നതിൽ അബ്രാം അതീവ സന്തുഷ്ടനും ആയിരുന്നു.

**സന്ദർഭം ആറ്: യുദ്ധാനന്തരം ഭയാശങ്കകളോടെ മമ്രേയിലെ കൂടാരത്തിലിരുന്ന സന്ദർഭത്തിൽ അരുളിച്ചെയ്തത്** (ഉല്പ. 15:1– 21).

നാലു രാജാക്കന്മാരെ തോല്പിച്ചിട്ട് മടങ്ങിവന്ന അബ്രാമിനെ മമ്രേയിൽവച്ച് ദൈവം ദർശനത്തിൽ പ്രത്യക്ഷനായതാണ് ആറാമത്തെ സന്ദർഭം. യുദ്ധാനന്തരം അബ്രാമിനെ ഭയാശങ്കകൾ പിടികൂടിയിരുന്നു. അബ്രാം യുദ്ധം ചെയ്തത് നിസ്സാരന്മാരോടായിരുന്നില്ല. ശക്തന്മാരായ നാലു രാജാക്കന്മാരെയാണ് അവൻ തോൽപിച്ചത്. അതിനാൽ അബ്രാമിന്റെയുള്ളിൽ പിന്നീട് ഭയം ജനിച്ചു. ആ സന്ദർഭത്തിൽ യുദ്ധത്തിൽ ജയം കൊടുത്ത കർത്താവ് അവനോട് ദർശനത്തിൽ അരുളിച്ചെയ്തത് ഞാൻ നിന്റെ പരിചയും അതിമഹത്തായ പ്രതിഫലവുമാകുന്നു എന്നാണ്. അതിന് അബ്രാം പറഞ്ഞത് നി എനിക്ക് എന്തു തരും? ഞാൻ മക്കളില്ലാത്തവനായി നടക്കുന്നുവല്ലോ. എന്റെ വീട്ടിൽ ജനിച്ച ദാസനായ ദമ്മേശെക്കുകാരൻ എല്യേസർ എന്റെ അവകാശി ആകുന്നു എന്നായിരുന്നു. അതിന് ദൈവം അവനോട് അരുളിച്ചയ്തത്; അങ്ങനെയല്ല നിന്റെ ഉദരത്തിൽ നിന്ന് പുറപ്പെടുന്ന ഒരുവൻ തന്നെ അവകാശിയാകും എന്നായിരുന്നു. അതുമാത്രമല്ല അവന്റെ ഉദരത്തിൽനിന്ന് പുറപ്പെടുന്ന വാഗ്ദത്ത സന്തതി ആകാശത്തിലെ നക്ഷത്രങ്ങളെപ്പോളെപ്പോലെ എണ്ണുവാൻ കഴിയാത്തവിധത്തിൽ വലിയൊരു ജാതിയായി വർദ്ധിക്കുമെന്നുള്ള വാഗ്ദത്തവുമാണ് അവനു കൊടുത്തത് (ഉല്പ. 15:1–21).

അബ്രാം യഹോവയിൽ വിശ്വസിച്ചു; അത് ദൈവം അവനു നീതിയായി കണക്കിട്ടു. വിശ്വാസിയായ അബ്രാമിനോട് ദൈവം വീണ്ടും അരുളിച്ചെയ്തത് കനാൻ ദേശത്തെ അവകാശമായി കൊടുക്കുമെന്നായിരുന്നു. അതിന്റെ തെളിവ് ചോദിച്ച അബ്രാമിനോട് ദൈവം ചെയ്തത് മൃഗങ്ങളെയും പക്ഷികളെയും പിളർന്ന് അവയിലൂടെ കടന്ന് ഒരിക്കലും മാറ്റമില്ലാത്ത ഒരു ഉടമ്പടിയായിരുന്നു. അബ്രാം അവയെ കൊണ്ടുവന്നു മൃഗങ്ങളെ പിളർന്നുവെങ്കിലും ചെറുപക്ഷികളെ പിളർന്നില്ല. ബഹുജാതികളുടെ പിതാവായ അബ്രാം ചെറുതിനെ ഗണ്യമാക്കാതിരുന്നപ്പോൾ ദൈവം കണ്ടത് ഏറ്റവും ചെറിയതിനെയായിരുന്നു. അത് ജാതികളിൽ എണ്ണത്തിൽ കുറവായ യിസ്രായേലിനെയായിരുന്നു. ഉടലുകളിന്മേൽ ഇറങ്ങിവന്ന റാഞ്ചൻപക്ഷികളെ അബ്രാം ആട്ടിക്കളഞ്ഞു. സൂര്യൻ അസ്തമിക്കുമ്പോൾ അബ്രാമിനു ഗാഢനിദ്രവന്നു; ഭീതിയും അന്ധതമസ്സും അവന്റെ മേൽ വീണു.

അവന്റെ ഗാഢനിദ്രയിൽ അവന്റെ ചെവി തുറന്ന് അവനോട് അരുളി ച്ചെയ്തത്; യിസ്രായേലിനോടുള്ള ബന്ധത്തിൽ അതിന്റെ പിറവി യുടെ ഭാവികാല സംഭവങ്ങളെക്കുറിച്ചായിരുന്നു. ഇതിൽനിന് വ്യക്ത മാക്കപ്പെടുന്നത് അബ്രാമിന്റെ ഗാഢനിദ്രയിൽനിന്നുമാണ് യിസ്രാ യേൽ എന്ന രാഷ്ട്രം പിറവിയെടുത്തത് എന്നാകുന്നു. അതിന്റെ വിശദീകരണമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

* നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്ത് നാനൂറ് സംവത്സരം പ്രവാ സികളായി ആ ദേശക്കാരെ സേവിക്കും. മിസ്രയീമിലെ അടിമത്ത ത്തോടുള്ള ബന്ധത്തിൽ യിസ്രായേലിന്മേലാണ് അത് നിവർ ത്തീകരിക്കപ്പെട്ടത്.
* മിസ്രയീമ്യർ യിസ്രായേലിനെയാണ് നാനൂറു സംവത്സരം പീഡിപ്പിച്ചത്.
* ആ ജാതിയെ ദൈവം വിധിക്കുകയും അബ്രാമിന്റെ സന്തതിയെ വളരെ സമ്പത്തോടുകൂടെ അവിടെനിന്ന് പുറപ്പെടുവിക്കുകയും ചെയ്തു.
* അബ്രാം നല്ല വാർദ്ധക്യത്തിലാണ് സമാധാനത്തോടെ മരിച്ച് പിതാക്കന്മാരോട് ചേർന്നത്.
* നാലാം തലമുറക്കാർ കനാനിലേക്ക് മടങ്ങിവരും എന്ന വാഗ്ദത്തം യിസ്രായേലിനോടുള്ള ബന്ധത്തിൽ നിവർത്തീകരിക്കപ്പെട്ടു.
* കനാന്റെ തലമുറയിൽനിന്നുള്ള അമോര്യരുടെ അക്രമം അതു വരെ തികഞ്ഞിട്ടില്ലായിരുന്നു. കനാൻ ദേശത്തു വസിച്ചിരുന്നു അമോര്യരുടെ പാപം വർദ്ധിച്ച് ദേശം നിലവിളിച്ചപ്പോൾ മറ്റൊരു നിലവിളി ഹാമിന്റെ ദേശമായ മിസ്രയീമിൽ ഉയർന്നു. അത് കനാൻദേശം അമോര്യരെ ഛർദ്ദിച്ചുകളയുമ്പോൾ അതിനെ അവ കാശമാക്കുവാനുണ്ടായിരുന്ന വാഗ്ദത്ത സന്തതിയായ യിസ്രാ യേൽ ജനത്തിന്റെ നിലവിളിയായിരുന്നു.

സൂര്യൻ അസ്തമിച്ച് ഇരുട്ടായശേഷം പുകയുന്ന ഒരു തീച്ചൂള; അബ്രാം പിളർന്നുവച്ചിരുന്ന ഭാഗങ്ങളുടെ നടുവിലൂടെ ജ്വലിക്കുന്ന ഒരു പന്തം കടന്നുപോയി. അന്ന് അബ്രാമിനോട് ഒരു നിയമം ചെ യ്തു. അത് യിസ്രായേൽ എന്ന അവന്റെ വാഗ്ദത്ത സന്തതിക്ക് മിസ്രയീം നദി തുടങ്ങി ഫ്രാത്ത് നദിയായ മഹാനദിവരെയുള്ള കേന്യർ, ഗിർഗ്ഗശ്യർ, യെബൂസ്യർ എന്നിവരുടെ ദേശത്തെ നല്കി യിരിക്കുന്നു എന്നുള്ളതായിരുന്നു.

അബ്രാം കനാൻ ദേശത്തു വന്നു പത്തുവർഷം കഴിഞ്ഞപ്പോൾ സാറായി അബ്രാമിനോട് പറഞ്ഞത് ഞാൻ പ്രസവിക്കാതിരിപ്പാൻ യഹോവ എന്റെ ഗർഭം അടച്ചിരിക്കുന്നു. അതിനാൽ അവളുടെ മിസ്രയീമ്യ ദാസിയായ ഹാഗറിന്റെ അടുക്കൽ ചെല്ലുക. അങ്ങനെ അവളിൽനിന്ന് എനിക്ക് മക്കളെ ലഭിക്കും എന്നായിരുന്നു. അബ്രാം സാറായിയുടെ വാക്ക് അനുസരിച്ചു.  ഹാഗാറിന്റെ അടുക്കൽ ചെല്ലുകയും അവൾ അവനാൽ ഗർഭം ധരിക്കുകയും ചെയ്തു. ഹാഗാർ ഗർഭിണിയായി എന്നു കണ്ടപ്പോൾ നല്ല മനസ്സാക്ഷിയുണ്ടായിരുന്ന അവളുടെ യജമാനത്തി സാറായി അവൾക്ക് നിന്ദിതയായി. അതിൽ മനം നൊന്ത സാറായിയോട് അബ്രാം പറഞ്ഞതനുസരിച്ച് അവൾ ഹാഗാറിനോട് കഠിനതയോടെ പ്രവർത്തിച്ചു. ഹാഗാർ സാറായിയെ വിട്ട് ഓടിപ്പോയി. ഹാഗാർ ശൂർ മരുഭൂമിയിലെ നീരുറവിന്റെ അടുക്കൽ എത്തിയപ്പോൾ ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് അവളോട് സംസാരിച്ചകാര്യങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

* മടങ്ങിപ്പോയി സാറായി എന്ന യജമാനത്തിക്ക് കീഴടങ്ങിയിരിക്കുക
* അവൾക്ക് ജനിക്കുന്ന മകന് യഹോവ നിന്റെ സങ്കടം കേൾക്കകൊണ്ട് യിശ്മായേൽ എന്ന് പേർ വിളിക്കേണം
* യിശ്മായേലിന്റെ സന്തതിയെ ദൈവം ഏറ്റവും വർദ്ധിപ്പിക്കും
* അവൻ കാട്ടുകഴുതയ്ക്ക് സമാനമുള്ള മനുഷ്യനായിരിക്കും
* അവന്റെ കൈ എല്ലാവർക്കും വിരോധമായും എല്ലാവരുടെയും കൈ അവന് വിരോധമായും ഇരിക്കും
* അവൻ തന്റെ സകല സഹോദരന്മാർക്കും എതിരെ പാർക്കും

ദൈവീക അരുളപ്പാട് ശ്രവിച്ച ഹാഗാർ ദൈവമേ നീ എന്നെ കാണുന്ന എന്ന അർത്ഥമുള്ള ബേർ-ലഹയീ-രോയി എന്നുപറഞ്ഞതു നിമിത്തം ആ കിണറിന് അത് പേരായി. അബ്രാമിന് മിസ്രയീമ്യദാസിയായ ഹാഗാർ അവന്റെ എൺപത്താറാമത്തെ വയസ്സിൽ ഒരു മകനെ പ്രസവിച്ചു. അബ്രാം അവന് യിശ്മായേൽ എന്ന് പേരിട്ടു. അതിനുശേഷം പതിമൂന്ന് വർഷം അബ്രാം, സാറായി, ഹാഗാർ, യിശ്മായേൽ എന്നിവരടങ്ങിയ കുടുംബം സസന്തോഷം അബ്രാമിന്റെ വീട്ടിൽ പാർത്തു.

**സന്ദർഭം ഏഴ്: തൊണ്ണൂറ്റി ഒമ്പതാമത്തെ വയസ്സിൽ ദൈവദൂതൻ അവന് പ്രത്യക്ഷനായി പരിച്ഛേദന ഏൽക്കേണം എന്ന നിയമം അരുളിച്ചെയ്തത് (ഉല്പ. 17:1–21).**

യിശ്മായേൽ ജനിച്ചതിനുശേഷം പതിമൂന്ന് വർഷം കഴിഞ്ഞപ്പോൾ യഹോവ അബ്രാമിന് ഹെബ്രോനിലെ മമ്രേയിൽ വച്ച് പ്രത്യക്ഷനായി അരുളിച്ചെയ്തതാണ് ഏഴാമത്തെ സന്ദർഭം. ദൈവം അബ്രാമിന്റെ പേർ വലുതാക്കി അബ്രാഹാം എന്നാക്കിമാറ്റി. അബ്രാഹാം ബഹുജാതികൾക്ക് പിതാവാകും എന്ന് അവനോട് അരുളിച്ചെയ്തു. അബ്രാഹാമിനെ വർദ്ധിപ്പിച്ച് അനേകജാതികളാക്കുകയും അവനിൽനിന്ന് രാജാക്കന്മാർ ഉത്ഭവിക്കുകയും ചെയ്യുമെന്നും ദൈവം അവനോട് അരുളിച്ചെയ്തു. ദൈവം കനാൻ ദേശം അവന്റെ സന്തതിക്ക് കൊടുക്കുമെന്നും അവൻ അവർക്ക് ദൈവമായിരിക്കുമെന്നും അരുളിച്ചെയ്തു. അതുമാത്രമല്ല, അവനോടുകൂടെയുള്ള പുരുഷപ്രജയൊക്കെയും പരിച്ഛേദന ഏല്ക്കണം എന്ന നിയമത്തിന്റെ അടയാളം അവന് കൊടുത്തു. അബ്രാഹാമിൽനിന്ന് ഉത്ഭവിക്കുന്ന തലമുറയിലെ പുരുഷപ്രജയൊക്കെയും എട്ടാം നാളിൽ പരിച്ഛേദന ഏല്ക്കണം എന്നും വീട്ടിൽ ജനിച്ച ദാസനോ വിലകൊടുത്തു വാങ്ങിയവനോ ആരായിരുന്നാലും അവനോടുകൂടെ വസിക്കുന്ന സകല പുരുഷന്മാരും പരിച്ഛേദന ചെയ്യണമെന്നും; പരിച്ഛേദന ഏൽക്കാതിരുന്നാൽ ജനത്തിൽനിന്ന് ഛേദിച്ചുകളയേണം എന്നുള്ളതുമായിരുന്നു അബ്രാഹാമിനോടുള്ള ദൈവത്തിന്റെ അരുളപ്പാട്.

അതുപോലെ അന്ന് ദൈവം സാറായിയോട് അരുളിച്ചെയ്തത് സാറായി എന്നല്ല സാറാ എന്ന് അവൾ വിളിക്കപ്പെടണമെന്നും, അവൾ അനേകം ജാതികൾക്ക് മാതാവായിത്തീരുകയും ജാതികളുടെ രാജാക്കന്മാർ അവളിൽ നിന്ന് ഉത്ഭവിക്കുകയും ചെയ്യും എന്നായിരുന്നു. അതുകേട്ട അബ്രാഹാം കവിണ്ണു വീണു ചിരിച്ചു. നൂറുവയസ്സുള്ളവന് മകൻ ജനിക്കുമോ? തൊണ്ണൂറു വയസ്സുള്ള സാറാ പ്രസവിക്കുമോ? എന്ന് തന്റെ ഹൃദയത്തിൽ പറഞ്ഞു. അത് സംഭവിക്കുകയില്ല എന്ന ചിന്തയോടെ, ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട അബ്രാഹാം ദൈവത്തോട് പറഞ്ഞത് യിശ്മായേൽ തന്റെ മുമ്പാകെ ജീവിച്ചിരുന്നാൽ മതി എന്നായിരുന്നു.

അതിന് ദൈവം ഉത്തരം അരുളിയത് സാറാതന്നെ നിനക്കു ഒരു മകനെ പ്രസവിക്കും. അവന് യിസ്ഹാക്ക് എന്ന് പേരിടണം എന്നും അവനോടും അവന്റെ ശേഷം അവന്റെ സന്തതിയോടും ദൈവത്തിന്റെ നിയമത്തെ നിത്യനിയമമായി സ്ഥാപിക്കും എന്നുമായിരുന്നു. ദൈവം അബ്രാഹാമിനനോട് ചെയ്ത വാഗ്ദത്തങ്ങളിൽ ആവർത്തിച്ചിരിക്കുന്ന മുഖ്യവിഷയം യിസ്രായേലിനോടുള്ള ബന്ധത്തിൽ നിറവേറപ്പെടുവാനുള്ള കാര്യങ്ങളെക്കുറിച്ചായിരുന്നു. അതുപോലെ ദൈവം യിശ്മായേലിനെയും അനുഗ്രഹിച്ച് അത്യന്തം വർദ്ധിപ്പിക്കുമെന്നും അവനിൽ നിന്ന് പന്ത്രണ്ട് പ്രഭുക്കന്മാർ ഉത്ഭവിച്ച് അവനും വലിയൊരു ജാതിയാകും എന്നും അബ്രാഹാമിനോട് അരുളിച്ചെയ്തു. ദൈവം കല്പിച്ചതുപോലെ അന്നുതന്നെ അബ്രാഹാമും യിശ്മായേലും അവനോടുകൂടെയുള്ള സകല പുരുഷന്മാരും പരിഛേദന ഏറ്റു.

ദൈവത്തിന്റെ പരിഛേദന എന്ന നിയമം ശരീരത്തിൽ അവർ അടയാളമായി ഏറ്റപ്പോൾ അബ്രാഹാമിന് തൊണ്ണൂറ്റിയൊമ്പതു വയസ്സും യിശ്മായേലിന് പതിമൂന്നു വയസ്സും ആയിരുന്നു പ്രായം. അബ്രാഹാമിനോട് അരുളിച്ചെയ്ത നിയമം അനുസരിച്ചപ്പോൾ ത്തന്നെ ദൈവം അവന് വീണ്ടും പ്രത്യക്ഷനായി.

## സന്ദർഭം എട്ട്: പരിഛേദന എന്ന നിയമം അനുസരിച്ച അബ്രാമിന് മമ്രേയുടെ തോപ്പിൽ വച്ച് വീണ്ടും പ്രത്യക്ഷനായി അരുളിച്ചെയ്തത് (ഉല്പ. 18:1–15)

പരിഛേദന എന്ന ദൈവകല്പന അനുസരിച്ച അബ്രാഹാമിന് ദൈവം മമ്രേയുടെ തോപ്പിൽ വച്ച് പ്രത്യക്ഷനായി അരുളിച്ചെയ്തതാണ് എട്ടാമത്തെ സന്ദർഭം. അബ്രാഹാമിന്റെ കൂടാരത്തിങ്കൽ എത്തിയ മൂന്നു പുരുഷന്മാരെ അവൻ ഭവ്യതയോടെയാണ് സ്വീകരിച്ചത്. അബ്രാഹാം പറഞ്ഞതിനനുസരിച്ച് സാറാ അവർക്ക് ഭക്ഷണം ഒരുക്കി. ദൈവഭക്തനായ അബ്രാഹാമിന്റെ ഭാര്യ സാറാ വീട്ടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളി പോലെ ആയിരുന്നു (സങ്കീ. 128:3). അതുകൊണ്ടാണ് അവൾ വെളിയിൽ പ്രത്യക്ഷപ്പെടാതിരുന്നത്. അവരുടെ ആഗ്രഹങ്ങളെല്ലാം സഫലീകരിക്കപ്പെട്ടിരുന്നില്ലായെങ്കിലും അവരുടെ കുടുംബജീവിതം അനുഗ്രഹിക്കപ്പെട്ടതും ദൈവത്തിന്റെ അരുളപ്പാടുകളെ അനുസരിക്കുന്നതിൽ കാലതാമസം വരുത്താത്തവരുമായിരുന്നു. ഇതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്

ദൈവത്തിന്റെ വാഗ്ദത്തം നിറവേറപ്പെടുന്നത് വാഗ്ദത്തം ലഭിച്ചവർ ദൈവത്തിന്റെ നിയമത്തെ പൂർണ്ണമായും അനുസരിക്കുമ്പോളാകുന്നു എന്നതാണ്. പരിഛേദന എന്ന നിയമം ലഭിച്ച അബ്രാഹാം അന്നു തന്നെ ദൈവം കല്പിച്ചതുപോലെ ചെയ്തു. അതുകൊണ്ടാണ് ഉടൻ തന്നെ ദൈവം വീണ്ടും അവന് പ്രത്യക്ഷനായി അവനോട് അരുളി ച്ചെയ്ത വാഗ്ദത്തം ഉറപ്പിച്ചത്.

> ഒരു ആണ്ട് കഴിഞ്ഞിട്ടു ഞാൻ നിന്റെ അടുക്കൽ മടങ്ങിവരും; അപ്പോൾ നിന്റെ ഭാര്യ സാറായ്ക്ക് ഒരു മകൻ ഉണ്ടാകും എന്നു അവൻ പറഞ്ഞു (ഉല്പ. 18:10)

അബ്രാഹാമും ഭാര്യ സാറായും വയസ്സു ചെന്ന് വൃദ്ധരായിരുന്നു. സന്താനോത്പാദനത്തിനു കഴിയാത്ത വിധത്തിൽ അവരുടെ ശരീര ങ്ങൾ നിർജീവമായിരുന്നു എന്ന് തിരിച്ചറിഞ്ഞ സാറാ കൂടാരത്തിനു ള്ളിൽ വച്ച് ദൈവീക ആലോചന കേട്ട് ഉള്ളത്തിൽ ചിരിച്ചു. ഹൃദയ രഹസ്യങ്ങളെ നന്നായി അറിയുന്ന സർവ്വശക്തനായ ദൈവം സാറായോട് നീ ചിരിച്ചത് എന്ത്? യഹോവയാൽ കഴിയാത്ത കാര്യം ഉണ്ടോ? ഒരു ആണ്ട് കഴിഞ്ഞിട്ട് ഈ സമയമാകുമ്പോൾ ഞാൻ മടങ്ങി വരും. നിനക്ക് ഒരു മകൻ ഉണ്ടാകും എന്ന് ദൈവം അബ്രാഹാമിനോട് അരുളിച്ചെയ്ത അതേ കാര്യം സാറായോടും അരുളിച്ചെയ്തു. സാറാ ദൈവത്തെ ഭയപ്പെട്ടു; ഇല്ല, ഞാൻ ചിരിച്ചില്ല എന്ന് ഭയത്തോടെ പറഞ്ഞു. ദൈവഭക്തയായ സാറാ ദൈവത്തെ പരിഹസിച്ച് ചിരിച്ച തല്ലായിരുന്നു. അവർ ഇരുവരുടെയും ശരീരത്തിന്റെ ബലഹീനത നിമിത്തം അത് എങ്ങനെ സംഭവിക്കുമെന്ന് ഓർത്ത് അവൾ ചിരിച്ച തായിരുന്നു. അബ്രാഹാമിന്റെ കൂടാരത്തിൽ വന്ന മൂന്ന് പുരുഷന്മാർ അവരോട് അരുളിച്ചെയ്തശേഷം അവരെ വിട്ട് സെദോം വഴിക്ക് തിരിഞ്ഞു. അവരെ യാത്രയയപ്പാൻ അബ്രാഹാമും അവരോടുകൂടെ പുറപ്പെട്ടു.

## സന്ദർഭം ഒൻപത്: അബ്രാഹാമിന്റെ കൂടാരത്തിൽ അതിഥിയായി വന്ന മൂന്നുപേരെ യാത്ര അയപ്പാൻ അവരോടുകൂടെ പോയപ്പോൾ അരുളിച്ചെയ്തത് (ഉല്പ. 18:13–33)

ദൈവം തന്റെ ദാസന്മാരായ പ്രവാചകന്മാരോട് അറിയിക്കാതെ ഒരു കാര്യവും ചെയ്യുകയില്ല എന്ന വചനപ്രകാരം അവനോട് അരുളി ച്ചെയ്ത കാര്യങ്ങളാകുന്നു ഒൻപതാമത്തെ സന്ദർഭം.

* അബ്രാഹാം വലിയതും ബലമുള്ളതുമായ ജാതിയായി തീരുമെന്നുള്ള പ്രവചനം കാട്ടുപോത്തിന് തുല്യമായ ബലമുള്ള യിസ്രായേൽ എന്ന ജനതയെ ദർശിച്ചുള്ള പരാമർശമായിരുന്നു.
* അവനിൽ ഭൂമിയിലെ ജാതികളൊക്കെയും അനുഗ്രഹിക്കപ്പെടുമെന്ന പ്രവചനത്തിൽ മറഞ്ഞിരുന്നത് സുവിശേഷത്തോടുള്ള ബന്ധത്തിലെ മാനവരക്ഷയായിരുന്നു.

ദൈവം അരുളിച്ചെയ്ത വാഗ്ദത്തങ്ങൾ നിറവേറപ്പെടുന്നതിന് അബ്രാഹാം തിരഞ്ഞെടുത്തത് നീതിയും ന്യായവും പ്രവർത്തിച്ചുകൊണ്ട് യഹോവയുടെ വഴിയിൽ നടക്കുന്നതായിരുന്നു. എന്നാൽ ലോത്ത് സ്വന്ത ഇഷ്ടപ്രകാരം തിരഞ്ഞെടുത്തത് സെദോം പട്ടണവും ഗൊമോറായും സമീപപ്രദേശങ്ങളും ആയിരുന്നു. അതികഠിനമായ പാപത്തിൽ മുങ്ങിപ്പോയ ദേശങ്ങളായിരുന്നു ലോത്ത് തിരഞ്ഞെടുത്തത്. അതുകൊണ്ട് അവയെ നശിപ്പിക്കുവാനാണ് മൂന്ന് പുരുഷന്മാർ അവിടേക്ക് തിരിഞ്ഞത്. അതേക്കുറിച്ച് അബ്രാഹാമിനോട് ദൂതന്മാർ അറിയിച്ചപ്പോൾ അവൻ തന്റെ സഹോദരപുത്രനും കുടുംബവും അവരോടൊപ്പം നശിച്ചുപോകാതിരിക്കുന്നതിനാണ് അവർ പാർത്തിരുന്ന പട്ടണത്തിനു വേണ്ടി ദൈവസന്നിധിയിൽ ഇടിവിൽ നിന്നത്. എന്നാൽ പത്ത് നീതിമാന്മാർ പോലും ഇല്ലാതിരുന്ന ആ പട്ടണത്തെ ദൈവത്തിന് ഉന്മൂലനാശം ചെയ്യാതിരിക്കുവാൻ കഴിയുകയില്ലായിരുന്നു. എന്നാൽ ദൈവത്തിന്റെ ദാസനായ അബ്രാഹാമിനെ ഓർത്ത് ദൈവം ലോത്തിനോടും അവന്റെ കുടുംബത്തോടും കരുണ കാണിച്ചു.

ലോത്തിന്റെ പട്ടണവാതിൽക്കൽ എത്തിയ രണ്ട് ദൂതന്മാരെ കണ്ട ലോത്ത് നിലംവരെ കുനിഞ്ഞ് അവരെ എതിരേറ്റു. അവൻ അവരെ നിർബന്ധിച്ച് അവന്റെ വീട്ടിൽ അതിഥികളായി പാർപ്പിക്കുകയും ചെയ്തു. എന്നാൽ അന്ന് രാത്രി ആ ദേശനിവാസികളായ പുരുഷന്മാർ ആബാലവൃദ്ധം ലോത്തിന്റെ വീട് വളഞ്ഞ് ആവശ്യപ്പെട്ടത് ലോത്തിന്റെ വീട്ടിൽ അതിഥികളായി പാർക്കുവന്നവരെ പ്രകൃതിവിരുദ്ധ ലൈംഗിക ക്രീഡകൾക്ക് വിട്ടുകൊടുക്കണമെന്നായിരുന്നു. സൊദോം പട്ടണം ഒന്നാകെ വഷളത്തം പ്രവർത്തിപ്പാൻ തക്കവണ്ണം ലോത്തിന്റെ വീടിന്റെ കതക് തകർക്കുമെന്ന സന്ദർഭത്തിലാണ് ലോത്തിനെ വീടിന്റെ അകത്താക്കി ദൂതന്മാർ കതക് അടച്ചത്. ലോത്തിന്റെ വീട്ടുവാതിൽക്കൽ ഉണ്ടായിരുന്ന പുരുഷന്മാർക്ക്

ദൂതന്മാർ അന്ധത പിടിപ്പിച്ചതു നിമിത്തം അവിടുത്തുകാർ വാതിൽ തപ്പി നടന്ന് പാപം ചെയ്യുന്നതിൽനിന്ന് പിന്തിരിയാതിരുന്നു.

ലോത്തിന്റെ പട്ടണം നശിപ്പിക്കുന്നതിനു മുമ്പ് അവന് അവിടെയുള്ള ആരെങ്കിലുമുണ്ടെങ്കിൽ അവരുമായി ദേശം വിട്ട് രക്ഷപ്പെട്ടുകൊള്ളുവാൻ ദൂതന്മാർ ലോത്തിന് അനുമതി നല്കി. അവന്റെ രണ്ടു പെൺമക്കൾക്ക് വിവാഹം നിശ്ചയിച്ചിരുന്ന മരുമക്കളോട് ലോത്ത് സംസാരിച്ചുവങ്കിലും അവൻ കളിപറയുന്നു എന്ന് വിചാരിച്ച് അവർ അത് ഗൗനിച്ചില്ല. ദൈവദൂതന്മാർ ലോത്തിനോട് യഹോവ ഈ പട്ടണം നശിപ്പിക്കും; അതിനുമുമ്പ് നീയും നിന്റെ ഭാര്യയും ഇവിടെ കാണുന്ന നിന്റെ രണ്ട് പുത്രിമാരെയും കൊണ്ടു പൊയ്ക്കൊൾക എന്നു പറഞ്ഞു. ലോത്ത് താമസിച്ചപ്പോൾ യഹോവ കരുണ കാണിച്ചതിനാൽ ദൂതന്മാർ അവരുടെ കൈക്കു പിടിച്ച് അവരെ പട്ടണത്തിന് പുറത്താക്കി. അത്രമാത്രം മ്ലേഛത പെരുകിയ സൊദോം വിട്ടുപോകുവാൻ അവർ മടിച്ചത് അവരുടെ സമ്പത്തിനോടുള്ള അത്യാഗ്രഹമായിരുന്നു. അവരുടെ നിക്ഷേപം സൊദോമിലായതുകൊണ്ടാണ് അവരുടെ ഹൃദയം അവിടെയായിരുന്നത്.

ദൂതന്മാർ സൊദോം പട്ടണത്തിനു വെളിയിൽ നിർബന്ധിച്ചുകൊണ്ടുവന്ന ലോത്തിന്റെ കുടുംബത്തിനോട് രക്ഷപ്പെടുവാനുള്ള നാലു നിബന്ധനകളാണ് അവർക്കുമുമ്പിൽ വച്ചത്.

* ജീവരക്ഷയ്ക്കായി ഓടിപ്പോക
* പുറകോട്ട് നോക്കരുത്
* ഈ പ്രദേശത്തെങ്ങും നിൽക്കരുത്
* നാശം ഭവിക്കാതിരിപ്പാൻ പർവ്വതത്തിലേക്ക് ഓടിപ്പോക

ഭൗമീകനായ ലോത്ത് അടുത്ത പട്ടണമായ സോവാർ മനസ്സിൽ കണ്ട്, ഒഴികഴിവ് പറഞ്ഞ്, പർവ്വതത്തിലേക്ക് ഓടിപ്പോകാതെ അവിടേക്ക് ഓടിപ്പോകുവാൻ അനുവാദം തേടി. എന്നാൽ അത് അവന് പിന്നീട് നാശമായി ഭവിച്ചു. സ്വന്തവിവേകത്തിൽ ഊന്നി പിന്നെയും ലോത്ത് തിരഞ്ഞെടുപ്പ് നടത്തിയതാണ് അവന്റെ ജീവിതം പരാജയത്തിൽ കലാശിക്കുവാൻ കാരണമായിത്തീർന്നത്. ലോത്തിന്റെ ഭാര്യ സാമർത്ഥ്യമോ ദൈവഭക്തിയോ ഉള്ളവളായിരുന്നില്ല. അതിന്റെ തെളിവാണ് സാമർത്ഥ്യമുള്ള ഭാര്യയുടെ ഗുണഗണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന തിരുവചനഭാഗങ്ങൾ ചിന്തിക്കുന്നതിൽ നിന്ന് വ്യക്തമാക്കപ്പെടുന്നത്.

> സാമർത്ഥ്യമുള്ള ഭാര്യയെ ആർക്കു കിട്ടും? അവളുടെ വില മുത്തുകളിലും ഏറും... ദേശത്തിലെ മൂപ്പന്മാരോടുകൂടെ ഇരിക്കുമ്പോൾ അവളുടെ ഭർത്താവ് പട്ടണവാതിൽക്കൽ പ്രസിദ്ധനാകുന്നു... യഹോവ ഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും... പട്ടണവാതിൽക്കൽ അവളെ പ്രശംസിക്കട്ടെ (സദൃശ.31:10 - 31).

സൊദോം പട്ടണവാതിൽക്കൽ സാമർത്ഥ്യവും ദൈവഭക്തിയുമില്ലാത്തവളുടെ ഭർത്താവായ ലോത്ത് സ്ഥിരമായി ഇരിക്കുമായിരുന്നുവെങ്കിലും അവൻ ആ ദേശത്ത് ആദരിക്കപ്പെട്ടവനായിരുന്നില്ല. അന്യജഡം മോഹിച്ച് നടന്ന സൊദോം പുരുഷന്മാർ അവന്റെ വീട് വളഞ്ഞ് അവന്റെ അഭിപ്രായത്തിന് വില കല്പിക്കാതെ അവനോട് ധിക്കാരപരമായി സംസാരിച്ചതിൽനിന്നും അതാണ് വ്യക്തമാക്കപ്പെടുന്നത്. വഷളന്മാരായ സൊദോം നിവാസികൾ ലോത്തിനോട് ധിക്കാരസ്വരത്തിൽ പറഞ്ഞത് ഇപ്രകാരമായിരുന്നു.

> മാറിനില്ക്ക എന്ന് അവർ പറഞ്ഞു. ഇവനൊരുത്തൻ പരദേശിയായി വന്നു പാർക്കുന്നു; ന്യായം വിധിപ്പാനും ഭാവിക്കുന്നു. ഇപ്പോൾ ഞങ്ങൾ അവരോടു ഭാവിച്ചതിലധികം നിന്നോടു ദോഷം ചെയ്യും എന്നും അവർ പറഞ്ഞു ലോത്തിനെ ഏറ്റവും തിക്കി വാതിൽ പൊളിപ്പാൻ അടുത്തു (ഉല്പ19:9).

സൊദോം പട്ടണത്തിൽ ലോത്തിന്റെ സ്ഥിതി ഇതായിരുന്നുവെങ്കിൽ ദൈവഭക്തിയും സാമർത്ഥ്യവും ഉണ്ടായിരുന്നവളായ സാറായുടെ ഭർത്താവ് അവൻ പാർത്ത കനാൻ ദേശത്ത് പ്രസിദ്ധനായിരുന്നു.

> പിന്നെ അബ്രാഹാം മരിച്ചവളുടെ അടുക്കൽ നിന്ന് എഴുന്നേറ്റു ഹിത്യരോട് സംസാരിച്ചു; ഞാൻ നിങ്ങളുടെ ഇടയിൽ പരദേശിയും വന്നു പാർക്കുന്നവനും ആകുന്നു; ഞാൻ എന്റെ മരിച്ചവളെ കൊണ്ടുപോയി അടക്കേണ്ടതിന് എനിക്ക് നിങ്ങളുടെ ഇടയിൽ ഒരു ശ്മശാനഭൂമി അവകാശമായി തരുവിൻ എന്നു പറഞ്ഞു. ഹിത്യർ അബ്രാഹാമിനോട്: യജമാനനേ, കേട്ടാലും നീ ഞങ്ങളുടെ ഇടയിൽ ദൈവത്തിന്റെ ഒരു പ്രഭുവാകുന്നു;... (ഉല്പ. 23:3 - 4).

ദൈവീക ഉദ്ദേശപ്രകാരം കല്ദയ പട്ടണത്തിൽനിന്ന് പുറപ്പെട്ട അബ്രാഹാമിന്റെ കുടുംബജീവിതം മാന്യമായിരുന്നു. അവൻ ചെന്നു പാർത്ത ദേശത്ത് അവൻ അറിയപ്പെടുന്നവനും ബഹുമാനിക്കപ്പെടുന്നവനുമായിരുന്നു. അതിന്റെ പിമ്പിൽ അവന്റെ ഭാര്യയുടെ

പങ്ക് നിർണ്ണായകമായിരുന്നു. എന്നാൽ സൊദോമിൽ പാർത്തിരുന്ന ലോത്ത് ആ ദേശത്ത് അപമാനിതനായിരുന്നു. സൊദോം നിവാസികൾ അവനെ അംഗീകരിച്ചിരുന്നില്ല. അതിന്റെ കാരണം ലോത്തിന്റെ ജീവിതത്തിന്റെ ഭാഗമായിരുന്ന അവന്റെ ഭാര്യ അനുസരണമില്ലാത്തവളും ദൈവഭക്തി, സാമർത്ഥ്യം എന്നിവ ഇല്ലാത്തവളുമായിരുന്നു. അതാണ് ഇവിടെ നാം ചിന്തിച്ച തിരുവചന ഭാഗങ്ങളിൽനിന്ന് സ്ഥിരികരിക്കപ്പെടുന്നത്.

ഒരു ഉത്തമസ്ത്രീയ്ക്ക് വേണ്ടതായ ഗുണഗണങ്ങൾ ഇല്ലാതിരുന്ന ലോത്തിന്റെ ഭാര്യക്ക് സംഭവിക്കാൻ പോകുന്നത് ദൈവം മുന്നമേ അറിഞ്ഞിരുന്നതുകൊണ്ടാണ് പർവ്വതത്തിലേക്ക് ഓടിപ്പോകുവാൻ ലോത്തിനോട് അരുളിച്ചെയ്തത്. അവൻ അവന്റെ കുടുംബത്തെയും കൊണ്ട് ദൈവം കാണിച്ചുകൊടുത്ത പർവ്വതത്തിലേക്കാണ് ഓടിപ്പോയിരുന്നതെങ്കിൽ ലോത്തിന്റെ ഭാര്യ സോവാരിൽ ഉപ്പു തൂണാകുമായിരുന്നില്ല. പർവ്വത്തിനു മുകളിൽ എത്തിയാൽ പിന്നെ അതിന് മുമ്പും പിമ്പും ഇടതും വലതുമില്ല. ലോത്തിന്റെ ഭാര്യ തിരിഞ്ഞു നോക്കും എന്നുള്ളത് നിശ്ചയമായിരുന്നു. പർവ്വതത്തിനു മുകളിൽനിന്നാണ് അവൾ സൊദോമിനെ നോക്കിയിരുന്നതെങ്കിൽ ദൈവകല്പന ലംഘിക്കപ്പെടുകയില്ലായിരുന്നു; അവൾ രക്ഷപ്പെടുമായിരുന്നു. തീയും ഗന്ധകവും ഉപ്പും പെയ്തിറങ്ങിയ സമീപ പ്രദേശങ്ങളിൽ നിന്നുള്ള കാറ്റായിരുന്നു ഓടിപ്പൊയ്ക്കൊണ്ടിരുന്ന ലോത്തിനെയും കുടുംബത്തെയും പിന്തുടർന്നിരുന്നത്. ലോത്തിന്റെ ഭാര്യ ഓട്ടം നിർത്തി പുറകോട്ട് തിരിഞ്ഞപ്പോൾ മരുഭൂമിയിലെ പൊടിക്കാറ്റിൽപെട്ടു പോകുന്നതുപോലെ അവൾ ഗന്ധകത്തിന്റെയും ഉപ്പിന്റെയും സമ്മിശ്രിതമടങ്ങിയ കാറ്റിനാൽ മൂടപ്പെട്ടു. അതുനിമിത്തമാണ് അവൾ ഉപ്പുതൂണായിത്തീർന്നത്. ലോത്തിന്റെയും അവന്റെ രണ്ട് പുത്രിമാരുടെയും പിമ്പിൽ ഉപ്പുതൂണായിത്തീർന്ന അവളെ ഒന്നു തിരിഞ്ഞു നോക്കുവാൻപോലും കഴിയാതെ അവർ നിസ്സഹായരായി അവിടെനിന്ന് ഓടി രക്ഷപ്പെട്ടു.സൊദോം ഗൊമോറായും സമീപപ്രദേശങ്ങളും ദൈവക്രോധത്തിന്റെ അഗ്നിയിൽ ഉന്മൂലനാശം ചെയ്യപ്പെട്ടതിനു ശേഷം ലോത്തും അവന്റെ രണ്ടു പെൺമക്കളും സോവാരിൽ പാർപ്പാൻ ഭയപ്പെടുക നിമിത്തം പർവ്വതത്തിലെ ഒരു ഗുഹയിൽ ചെന്ന് പാർത്തു.

അബ്രാഹാം ഹെബ്രോൻ ദേശം വിടുകയും ഗെരാർ ദേശത്ത് കാദേശിനും സൂരിനും മദ്ധ്യേ ചെന്ന് കുടിയിരിക്കുകയും ചെയ്തു.

ആ ദേശനിവാസികൾ ദൈവഭയമില്ലാത്തവരായിരുന്നു. അത് തിരിച്ചറിഞ്ഞ അബ്രാഹാം അവന്റെ ഭാര്യ സാറാ, അവന്റെ പെങ്ങൾ ആകുന്നു എന്ന് ആ ദേശത്തിലുള്ളവരോട് പറഞ്ഞിരുന്നു. ഗെരാർ രാജാവായ അബീമേലക്ക് ആളയച്ച് സാറായെ അവന്റെ അടുക്കൽ കൊണ്ടുപോയെങ്കിലും അവളെ തൊടുവാൻ ദൈവം അവനെ അനുവദിച്ചില്ല. ദൈവം സ്വപ്നത്തിൽ അവനോട് അരുളിച്ചെയ്തത്, നീ എടുത്ത സ്ത്രീ നിമിത്തം നീ മരിക്കും; അവൾ ഒരു പുരുഷന്റെ ഭാര്യ ആകുന്നു എന്നായിരുന്നു.

ഹാരാനിൽനിന്ന് അബ്രാഹാം പുറപ്പെടുന്ന സന്ദർഭത്തിൽ സാറായോട് നാം ഏതൊരു ദിക്കിൽ ചെന്നാലും അവിടെ അവൻ അവളുടെ ആങ്ങള എന്ന് തന്നെക്കുറിച്ച് പറയേണം എന്ന് പറഞ്ഞിരുന്നു (ഉല്പ. 20:13). അതിന്റെ കാരണം ദൈവഭയമില്ലാത്ത ദേശത്തുകൂടി സഞ്ചരിക്കുമ്പോൾ അവിടുത്തുകാർ അതിസുന്ദരിയായ സാറാ നിമിത്തം അബ്രാഹാമിനെ കൊല്ലുകയും അവളെ എടുക്കുകയും ചെയ്യും എന്ന ഭയം അബ്രാഹാമിന് ഉണ്ടായിരുന്നതുകൊണ്ടായിരുന്നു. അവന്റെ പ്രയാണത്തിന്റെ പ്രാരംഭഘട്ടത്തിൽ ക്ഷാമം നിമിത്തം മിസ്രയീമിൽ ചെന്ന് പാർത്തപ്പോൾ അവൾ ഫറവോന്റെ അരമനയിൽ പോകേണ്ടിവന്നു. അതു നിമിത്തം ഫറവോനെയും കുടുംബത്തെയും ദൈവം അത്യന്തം ദണ്ഡിപ്പിച്ചു. ഫറവോൻ അവളെ അബ്രാഹാമിന് വിട്ടുകൊടുക്കുകയും അവൾ നിമിത്തം അവനു നന്മ ചെയ്യുകയും ചെയ്തു.

അബ്രാഹാമിന്റെ പരദേശപ്രയാണത്തിന്റെ അവസാനഘട്ടത്തിൽ അവൻ ചെന്ന് കുടിയിരുന്നത് ഗെരാർ ദേശത്തായിരുന്നു. ഗെരാർ രാജാവായ അബീമേലെക് അവളെ തന്റെ അടുക്കൽ കൊണ്ടുപോയെ ങ്കിലും അവളെ തൊടുവാൻ ദൈവം സമ്മതിച്ചില്ല. അബീമേലെക്കിനോട് ദൈവം അരുളിച്ചെയ്തത് അവൻ ഒരു പ്രവാചകൻ ആകുന്നു; നീ ജീവനോടിരിക്കേണ്ടതിന് അവൻ നിനക്കുവേണ്ടി പ്രാർത്ഥിക്കട്ടെ എന്നായിരുന്നു. അബീമേലെക് അബ്രാഹാമിന് ആടുമാടുകളെയും ദാസീദാസന്മാരെയും കൊടുത്തു; അവന്റെ ഭാര്യയായ സാറായെയും അവനു മടക്കിക്കൊടുത്തു. അവന്റെ രാജ്യത്തിൽ ബോധിച്ചിടത്ത് താമസിക്കുവാൻ അവനെ അനുവദിച്ചു. സാറാ നിമിത്തം ആയിരം വെള്ളിക്കാശ് അബീമേലെക് അബ്രാഹാമിന് പ്രതിശാന്തിയായി കൊടുക്കുകയും ചെയ്തു. അബ്രാഹാമും കുടുംബവും തിരികെ വന്ന് ബേർ-ശേബയിൽ പാർത്തു (ഉല്പ. 22:19)

അബ്രാഹാം പ്രയാണം ചെയ്യുവാൻ ദൈവം ഉദ്ദേശിച്ചിരുന്ന സകല ദേശങ്ങളിലൂടെയും നെടുകെയും കുറുകെയും സഞ്ചരിച്ചതിനു ശേഷമാണ് ദൈവം അബ്രാഹാമിന്റെ ഭാര്യയായ സാറായെ സന്ദർശിച്ചത്. അത് പൂർത്തീകരിക്കുന്നതുവരെയാണ് ദൈവം അവന് സന്തതിയെ കൊടുക്കാതിരുന്നത്. ദൈവം അവന് നേരത്തെ വാഗ്ദത്തസന്തതിയെ കൊടുക്കാതിരുന്നതിനു പിമ്പിൽ രണ്ട് കാരണങ്ങളാണ് ഉണ്ടായിരുന്നത്.

1. അബ്രാഹാമിന് സാറാ യിസ്ഹാക്കിനെ പ്രസവിച്ചിരുന്നുവെങ്കിൽ ആങ്ങള-പെങ്ങൾ എന്ന ബന്ധത്തിൽ ദൈവഭയമില്ലാത്ത ദേശങ്ങളിലൂടെ അവർക്ക് സഞ്ചരിക്കുവാൻ കഴിയുമായിരുന്നില്ല.

2. അബ്രാഹാം നെടുകെയും കുറുകെയും സഞ്ചരിച്ച ദേശമാണ് അവന് അവകാശമായി കൊടുത്തത്. അതുകൊണ്ട് അവന്റെ പ്രയാണം പൂർത്തീകരിക്കുന്നതുവരെ ദൈവം അവന് സന്തതിയെ കൊടുത്തില്ല.

അബ്രാഹാം ബേർശേബയിൽ പാർക്കുന്ന സമയം ദൈവം അവനോട് അരുളിച്ചെയ്തിരുന്ന അവധിക്ക് സാറാ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. ദൈവം കല്പിച്ചതുപോലെ അവന് യിസ്ഹാക്ക് എന്ന് പേരിടുകയും എട്ടാം ദിവസം വാഗ്ദത്തസന്തതിയായ യിസ്ഹാക്കിനെ അബ്രാഹാം പരിഛേദന ചെയ്യുകയും ചെയ്തു. യിസ്ഹാക്ക് ജനിച്ചപ്പോൾ അബ്രാഹാമിന് ഏകദേശം നൂറ് വയസ്സും സാറായ്ക്ക് തൊണ്ണൂറ് വയസ്സും ആയിരുന്നു പ്രായം. യിസ്ഹാക്കിന്റെ മുലകുടി മാറിയ നാളിൽ അബ്രാഹാം ഒരു വലിയ വിരുന്ന് കഴിച്ചു. അതിനു ശേഷം അബ്രാഹാമിന്റെ കുടുംബത്തിൽ ഹാഗാർ പ്രസവിച്ച മകൻ യിശ്മായേൽ നിമിത്തം പ്രശ്നങ്ങൾ തലയുയർത്തി. അതിന്റെ കാരണം ഹാഗാറിന്റെ മകൻ യിശ്മായേൽ പരിഹാസി ആയിരുന്നതാണ്. അതുകൊണ്ട് ദാസിയായ ഹാഗാറിനെയും അവളുടെ പരിഹാസിയായ മകൻ യിശ്മായേലിനെയും പുറത്താക്കിക്കളയുക, അവൻ എന്റെ മകൻ യിസ്ഹാക്കിനോടൊപ്പം അവകാശിയാകരുത് എന്ന വ്യവസ്ഥയാണ് സാറാ അബ്രാഹാമിന്റെ മുമ്പിൽ വച്ചത്. എന്നാൽ യിശ്മായേൽ എന്ന അവന്റെ മകൻ മുഖാന്തരം സാറാ അബ്രാഹാമിനേടു പറഞ്ഞത് അബ്രാഹാമിന് അനിഷ്ടമായി.

അബ്രാഹാമിന്റെ കുടുംബജീവിതത്തിൽ അതുവരെയും ഉണ്ടാകാതിരുന്ന പിണക്കമാണ് യിശ്മായേൽ നിമിത്തം അബ്രാഹാമിനും സാറായ്ക്കും ഇടയിലുണ്ടായത്. അത് പരിഹരിക്കുവാൻ അവർക്ക്

സാധിക്കാതിരുന്നപ്പോൾ അവരുടെ വിഷയം മറ്റൊരാൾ അറിയുകയോ ഇടപെടുകയോ ചെയ്യുവാൻ ദൈവം അനുവദിച്ചില്ല. ദൈവം തന്നെയാണ് അവർക്ക് അതിനുള്ള പരിഹാരമാർഗ്ഗം നിർദ്ദേശിച്ചു കൊടുത്തത്.

### സന്ദർഭം പത്ത്: യിശ്മായേൽ നിമിത്തമുണ്ടായ അബ്രാഹാമിന്റെ കുടുംബ പ്രശ്നം പരിഹരിക്കുവാൻ അവനോട് അരുളിച്ചെയ്തത് (ഉല്പ. 21:12–13)

> നിഗളവും ഗർവവും ഉള്ളവനു പരിഹാസി എന്നുപേർ; അവൻ ഗർവത്തിന്റെ അഹങ്കാരത്തോടെ പ്രവർത്തിക്കുന്നു (സദൃശ. 21:24)
>
> പരിഹാസിയെ നീക്കികളക; അപ്പോൾ പിണക്കം പൊയ്ക്കൊള്ളും; കലഹവും നിന്ദയും നിന്നുപോകും (സദൃശ. 22:10)

അബ്രാഹാമിന്റെ കുടുംബപ്രശ്നത്തിന് പരിഹാരമായി ദൈവം അരുളിച്ചെയ്തതാണ്  പത്താമത്തെ സന്ദർഭം. ഉത്തമസ്ത്രീ ആയിരുന്ന സാറാ അവൾക്ക് ഒരു മകൻ ജനിച്ചതുകൊണ്ട് അതിന്റെ അഹങ്കാരത്തിൽ ദാസിയെയും മകനെയും പുറത്താക്കിക്കളയുവാൻ അബ്രാഹാമിനോട് പറയുകയല്ലായിരുന്നു. യിശ്മായേൽ നിഗളവും ഗർവവും ഉള്ളവനായതുകൊണ്ട് അതുവരെ ഇല്ലാതിരുന്ന പിണക്കം, കലഹം, നിന്ദ എന്നിവകൾ അബ്രാഹാമിന്റെ കുടുംബത്തിൽ തലയുയർത്തി. അത് അവസാനിപ്പിച്ച് സന്തുഷ്ടകുടുംബജീവിതം തുടരണമെങ്കിൽ യിശ്മായേൽ എന്ന പരിഹാസിയെ ദൈവവചനപ്രകാരം പുറത്താക്കിക്കളയേണ്ടത്  ആവശ്യമായിരുന്നു. അതാണ് സാറാ അബ്രാഹാം എന്ന യജമാനനായ തന്റെ ഭർത്താവിനോട് അപേക്ഷിച്ചത്. അത് അവന് അനിഷ്ടമായി പ്രശ്നം പരിഹരിക്കപ്പെടാതിരുന്ന സന്ദർഭത്തിൽ ദൈവം പ്രത്യക്ഷപ്പെട്ട് അവനോട് അരുളിച്ചെയ്തത് സാറാ പറഞ്ഞതിൻപ്രകാരം അബ്രാഹാം അനുസരിക്കണമെന്നായിരുന്നു. അത് കുടുംബകലഹത്തിനു കാരണമായ യിശ്മായേലിനെയും ഹാഗറിനെയും പുറത്താക്കുക എന്നതായിരുന്നു. ഇതിൽ നിന്ന് നമുക്ക് ലഭിക്കുന്ന ഗുണപാഠം പരിഹാസസ്വഭാവമുള്ള ആളുകൾ കുടുംബത്തിലോ സഭയിലോ സമൂഹത്തിലോ തലയുയർത്തിയാൽ അവിടം പിന്നീട് ഒരു കലാപഭൂമിയായി മാറും എന്നാകുന്നു. പഴയനിയമത്തിൽ അത് ഒറ്റപ്പെട്ട സംഭവമായിരുന്നെങ്കിൽ അന്ത്യകാലത്ത് പരിഹാസികൾ എഴുന്നേൽക്കുന്നത് സർവ്വസാധാരണമായിരിക്കും എന്നാണ് അപ്പൊ. യൂദാ എഴുതിയ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

അന്ത്യകാലത്ത് ഭക്തികെട്ട മോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ ഉണ്ടാകും എന്നു അവർ നിങ്ങളോടു പറഞ്ഞവല്ലോ. അവർ ഭിന്നത ഉണ്ടാക്കുന്നവർ, പ്രാകൃതർ, ആത്മാവില്ലാത്തവർ (യൂദാ. 18-19).

അന്ന് സാറാ അബ്രഹാമിനോട് പരിഹാസിയായ യിശ്മായേലിനെ പുറത്താക്കുവാൻ അപേക്ഷിച്ചത് പ്രശ്നപരിഹാരത്തിനു വേണ്ടിയായിരുന്നു എന്നാണ് ഇതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്. അന്നത്തേക്കാൾ ഇന്ന് അനേകം പരിഹാസികൾ എഴുന്നേൽക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അതിനാൽ അന്ത്യകാലലക്ഷണങ്ങൾ നമ്മിൽ ആരിലും തലയുയർത്തുവാൻ നാം അനുവദിക്കരുത്. മറ്റുള്ളവരെ പരിഹസിക്കുന്ന സ്വഭാവം നമ്മളിൽ ഉണ്ടാകാതിരിക്കണമെങ്കിൽ നാം ആത്മനിറവുള്ളവരായിരിക്കണം. പ്രശ്നകലുഷിതമായിത്തീർന്ന അബ്രാഹാമിന്റെ കുടുംബത്തിൽനിന്ന് ദൈവം അരുളിച്ചെയ്തതിൻപ്രകാരം പ്രശ്നപരിഹാരത്തിനായി പരിഹാസിയെ നീക്കിക്കളഞ്ഞു. അതുപോലെ ആരുടെയെങ്കിലും ജീവിതത്തിൽ പരിഹാസസ്വഭാവമുണ്ടെങ്കിൽ പരിശുദ്ധാത്മാവിന്റെ കൃപയാൽ അതിനെ നീക്കിക്കളയേണ്ടതാണ്. അങ്ങിനെയങ്കിൽ ഇന്ന് പലകുടുംബങ്ങളിലും സഭകളിലും നിലനില്ക്കുന്ന വഴക്കും പിണക്കവും നിന്ദയും മാറിക്കിട്ടും. അബ്രാഹാം അന്നു ചെയ്തതുപോലെ ഇന്നു നമുക്കു ചെയ്യുവാൻ കഴിയുകയില്ല. എന്നാൽ അത്തരം സ്വഭാവം നമ്മുടെ ഇടയിൽ ആരിലും തലയുയർത്താതിരിക്കുവാൻ നമുക്ക് പ്രാർത്ഥിച്ച് വിടുതൽ പ്രാപിക്കാവുന്നതാകുന്നു.

ദൈവം എന്ത് അരുളിച്ചെയ്താലും അത് അപ്പോൾത്തന്നെ ചെയ്യുന്ന അബ്രാഹാം ദൈവശബ്ദം കേട്ട സന്ദർഭത്തിൽത്തന്നെ അതിനനുസരിച്ചു പ്രവർത്തിച്ചു. അബ്രാഹാം അതികാലത്ത് എഴുന്നേറ്റ് അപ്പവും ഒരു തുരുത്തി വെള്ളവും എടുത്ത് ഹാഗാറിന്റെ തോളിൽവച്ചു. കുട്ടിയെയും കൊടുത്ത് അവളെ പറഞ്ഞയച്ചു. യജമാനന്റെ വീട്ടിൽ നിന്ന് ഹാഗാർ പുറപ്പെട്ടുപോയി ബേർ-ശേബ മരുഭൂമിയിൽ ഉഴന്നു നടന്നു. കുട്ടിയുടെ മരണം എനിക്കു കാണേണ്ട എന്നു പറഞ്ഞ് എതിരേ ഇരുന്ന് ഉറക്കെ കരഞ്ഞു. ദൈവം ഹാഗറിന്റെ മകനായ യിശ്മായേൽ എന്ന ബാലന്റെ നിലവിളി കേട്ടു. ദൈവത്തിന്റെ ദൂതൻ ആകാശത്തുനിന്നും ഹാഗാറിനെ വിളിച്ച് അവളോട് സംസാരിച്ച് അവളെ ബലപ്പെടുത്തി. ദൈവം അവളുടെ കണ്ണു തുറന്നു; അവൾ ഒരു നീരുറവുകണ്ടു. ദൈവം ബാലനോടുകൂടെ ഉണ്ടായിരുന്നു (ഉല്പ. 21:9-19).

മരുഭൂമിയിൽ തളർന്ന് നിലവിളിച്ച യിശ്മായേലിന്റെ ശബ്ദം ദൈവം കേട്ടു. അബ്രാഹാമിന്റെ വീട്ടിലെ സുഖലോലുപതയായിരുന്നു അവനെ അഹങ്കാരിയാക്കിത്തീർത്തത്. എന്നാൽ മുരുഭൂമിയിൽ അവൻ വാടി തളർന്നു നിലവിളിച്ചത് ദൈവം കേൾക്കുകയും അവനോടുകൂടെ ഇരിക്കുകയുമാണ് ചെയ്തത്. യിശ്മായേൽ പാരാൻ മരുഭൂമിയിലാണ് പാർത്തത്. അവൻ വളർന്ന് ഒരു വില്ലാളിയായിത്തീർന്നു. ഹാഗറിന്റെ ജന്മദേശമായ മിസ്രയീം ദേശത്തുനിന്നുമാണ് അവൾ അവന് ഒരു ഭാര്യയെ എടുത്തത്. ദൈവം അരുളിച്ചെയ്തതുപോലെ അവൻ വലിയൊരു ജാതിയായിത്തീർന്നു. അവനിൽ നിന്ന് പന്ത്രണ്ട് പ്രഭുക്കന്മാർ ഉത്ഭവിക്കുകയും ചെയ്തു (ഉല്പ. 25:12-18).

ദൈവം അബ്രാഹാമിന്റെ കുടുംബത്തിലെ പ്രശ്നം പരിഹരിച്ചപ്പോൾ അത് ഭംഗിയായി പരിഹരിക്കപ്പെട്ടു. അതുപോലെ യിശ്മായേലിനുവേണ്ടിയുള്ള ഭാവി പദ്ധതികളും ദൈവം അവന് ഒരുക്കിക്കൊടുക്കുകയും ചെയ്തു. പ്രിയരേ, പ്രശ്നങ്ങൾ തലയുയർത്താത്ത ഭവനങ്ങളോ സഭകളോ ഇല്ല. എന്നാൽ സകല പ്രശ്നങ്ങളെയും നന്നായി പരിഹരിക്കുന്നവൻ നമ്മോടകൂടെയുണ്ട്. എത്ര പ്രശ്നകലുഷിതമായ വിഷയമാണെങ്കിലും ദൈവത്തിനു പരിഹരിക്കുവാൻ കഴിയും. അബ്രാഹാമിന്റെ കുടുംബപ്രശ്നം മറ്റാരും അറിയാതെ പരിഹരിച്ച ദൈവം നമ്മുടെ പ്രശ്നങ്ങളെയും പരിഹരിക്കുവാൻ കഴിവുള്ളവനാകുന്നു.

അബ്രാഹാമിന്റെ കുടുംബത്തിലെ കലഹം യിശ്മായിലിനെയും ഹാഗാറിനെയും പുറത്താക്കിയതോടെ പരിഹരിക്കപ്പെട്ടു. ഗെരാർ രാജാവുമായി ഉടമ്പടി ചെയ്ത് ദേശത്ത് പാർക്കുവാൻ സ്വസ്ഥതയും ലഭിച്ചതോടെ അബ്രാഹാം ബേർ-ശേബയിൽ ഒരു പിചുല വൃക്ഷം നട്ടു; നിത്യദൈവമായ യഹോവയുടെ നാമത്തിൽ ആരാധിച്ചു. അബ്രാഹാം ഭാര്യ സാറായോടും അവർക്ക് വാർദ്ധക്യത്തിൽ ജനിച്ച വാഗ്ദത്ത സന്തതിയായ യിസ്ഹാക്കിനോടും കൂടെ ബഹു സമ്പന്നനായി സന്തോഷത്തോടെ ബേർ-ശേബയിൽ ജീവിച്ചു.

## സന്ദർഭം പതിനൊന്ന്: ഏകജാതനായ പുത്രൻ യിസ്ഹാക്കിനെ യാഗം അർപ്പിക്കുവാൻ അവനോട് അരുളിച്ചെയ്തത്

ബേർ-ശേബയിൽ അബ്രാഹാമും കുടുംബവും സന്തോഷത്തോടെ ജീവിക്കുന്ന സന്ദർഭത്തിൽ ദൈവം അബ്രാഹാമിനോട് അരുളിച്ചെയ്തതാണ് പതിനൊന്നാമത്തെ സന്ദർഭം.

അതിന്റെ ശേഷം ദൈവം അബ്രാഹാമിനെ പരീക്ഷിച്ചത് എങ്ങനെയന്നാൽ: അബ്രാഹാമേ എന്ന് വിളിച്ചതിന്; ഞാനിതാ എന്ന് അവൻ പറഞ്ഞു. അപ്പോൾ അവൻ: നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാത നായ യിസ്ഹാക്കിനെത്തന്നെ കൂട്ടിക്കൊണ്ടു മോറിയാ ദേശത്ത് ചെന്ന് അവിടെ ഞാൻ നിന്നോട് കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്ന് അരുളിച്ചെയ്തു. (ഉല്പ. 22:1-10).

ദൈവം ആരെയും ദോഷങ്ങളാൽ പരീക്ഷിക്കുന്നവനല്ല. സർവ്വ ശക്തനായ ദൈവത്തെ അനുസരിച്ച് ജീവിതം നയിച്ച വിശ്വാസിക ളുടെ പിതാവായ അബ്രാഹാമിനെ ഐശ്വര്യമായി അനുഗ്രഹിക്കേണ്ട തിനു വേണ്ടിയാണ് ദൈവം അവനെ പരീക്ഷിച്ചത്.

അബ്രാഹാമേ, എന്നു വിളിച്ചപ്പോൾ 'ഞാനിതാ' എന്നു പറയു വാൻ തക്കവണ്ണം ദൈവവുമായി വളരെ നല്ല ബന്ധത്തിലായിരുന്നു അബ്രാഹാമിന്റെ ജീവിതം. ഏദ്ദെനിൽ പാപം ചെയ്ത് ദൈവതേജസ്സ് നഷ്ടപ്പെടുത്തിയ ആദാമിനെ ദൈവം വിളിച്ചപ്പോൾ അവൻ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചിരിക്കുകയായിരുന്നു. ദൈവം ആദാ മിനെ വിളിച്ച്, നീ എവിടെ എന്ന് ചോദിച്ചതിന് അവൻ പറഞ്ഞത് ഞാൻ നഗ്നനാകകൊണ്ട് ഭയപ്പെട്ട് ഒളിച്ചു എന്നായിരുന്നു. ദൈവീക ഉദ്ദേശപ്രകാരം ജീവിക്കുന്നവർക്കു മാത്രമേ ഏതു സമയത്ത് ദൈവം വിളിച്ചാലും ഞാനിതാ അഥവാ അടിയൻ ഇതാ എന്ന് മറുപടി പറയു വാൻ കഴിയുകയുള്ളൂ. ഇതിൽനിന്നും വാഗ്ദത്തയുഗത്തിൽ ഞാനി താ ദൈവമേ എന്ന് പറയത്തക്കവണ്ണമുള്ള ജീവിത നിലവാരത്തി ലേക്ക് അബ്രാഹാമും അവന്റെ കുടുംബവും ഉയർത്തപ്പെട്ടിരുന്നു എന്നാണ് വ്യക്തമാക്കപ്പെടുന്നത്. അതിന്റെ കാരണം ദൈവം എന്ത് അരുളിച്ചയ്താലും അതെല്ലാം നന്മയ്ക്കാണ്, തിന്മയ്ക്കല്ല എന്ന ഉത്തമ വിശ്വാസമായിരുന്നു ദൈവത്തെ സ്നേഹിച്ചിരുന്നവനും നിർ ണ്ണയപ്രകാരം വിളിക്കപ്പെട്ടവനുമായ അബ്രാഹാമിന് ഉണ്ടായിരുന്നത്. ദൈവത്തിന്റെ നിർണ്ണയപ്രകാരമുള്ള വിളികേട്ട് മെസോപ്പൊത്താമ്യ യിൽനിന്ന് ഇറങ്ങിത്തിരിച്ച അബ്രാഹാമിന്റെ വിശ്വാസജീവിതം ഏതു കാലത്തിലുമുള്ള വിശ്വാസികൾക്ക് ഉത്തമ മാതൃകയാകുന്നു. പുതിയ നിയമത്തിലെ ഓരോ വിശ്വാസിയും ഇത് വ്യക്തിപരമായി അറിഞ്ഞിരി ക്കണം എന്നാണ് പൌലൊസ് അപ്പൊസ്തലൻ റോമർക്ക് എഴുതിയ ലേഖനത്തിൽ വിശ്വാസസമൂഹത്തെ ഓർപ്പിച്ചുണർത്തുന്നത്.

എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്ക

പ്പെട്ടവർക്കു തന്നെ സകലവും നന്മയ്ക്കായി കൂടി വ്യപരിക്കുന്നു എന്നു നാം അറിയുന്നു (റോമ.8:28).

യിസ്ഹാക്കിനെ യാഗം അർപ്പിക്കണമെന്നുള്ള ദൈവീക അരുളപ്പാടുണ്ടായപ്പോൾ വിശ്വാസികളുടെ പിതാവായ അബ്രാഹാമിനുണ്ടായിരുന്ന ഉത്തമവിശ്വാസം ദൈവഹിതപ്രകാരം സകലവും നന്മയ്ക്കായി കൂടിവ്യപരിക്കുമെന്നുള്ളതായിരുന്നു. അതുകൊണ്ടാണ് അബ്രാഹാം ഒന്നും സംശയിക്കാതെ അതികാലത്ത് എഴുന്നേറ്റ് ദൈവം അവനോട് അരുളിച്ചെയ്ത സ്ഥലത്തേക്ക് കഴുതയ്ക്ക് കോപ്പിട്ടു കെട്ടി ബാല്യക്കാരിൽ രണ്ടുപേരെയും യിസ്ഹാക്കിനെയും കൂട്ടി പുറപ്പെട്ടത്. ദൈവം അബ്രാഹാമിന് യാഗത്തിന് മൂന്ന് ദിവസത്തെ യാത്ര അനുവദിച്ചത് അവൻ നന്നായി ചിന്തിച്ച് തീരുമാനമെടുക്കുന്നതിനുവേണ്ടിയായിരുന്നു. ഉറച്ച തീരുമാനത്തോടെ കാൽചുവടുകൾ വെച്ച അബ്രാഹാം തെല്ലും പതറിപ്പോകാതെ മൂന്നാം ദിവസം ദൂരത്തുനിന്ന് മോറിയാ മല കണ്ടപ്പോൾ ബാല്യക്കാരോടു പറഞ്ഞത് വിശ്വാസത്തിന്റെ വാക്കുകളായിരുന്നു. അവൻ അവരോടു പറഞ്ഞത് “കഴുതയുമായി ഇവിടെ ഇരിപ്പിൻ; ഞാനും ബാലനും അവിടത്തോളം ചെന്ന് ആരാധന കഴിച്ച് മടങ്ങിവരാം” എന്നായിരുന്നു. സ്വന്ത മകനെ യാഗം അർപ്പിക്കുവാനായി പുറപ്പെട്ട അബ്രാഹാമിന്റെ വാക്കുകളിൽ നിറഞ്ഞുനിന്നത് വിശ്വാസവും പ്രത്യാശയുമായിരുന്നു. അബ്രാഹാം ഹോമയാഗത്തിനുള്ള കീറിയ വിറക് യിസ്ഹാക്കിന്റെ തോളിൽ വയ്ക്കുകയും തീയും കത്തിയും അവൻ എടുത്ത് അവർ ഇരുവരും ഒന്നിച്ച് നടന്നുനീങ്ങിയത് മോറിയാ മലയുടെ മുകളിലേക്കായിരുന്നു. അബ്രാഹാമിനോടൊപ്പം യാഗം നടത്തി പരിചയമുണ്ടായിരുന്ന യിസ്ഹാക്ക് അബ്രാഹാമിനോട് പതിവിനു വിരുദ്ധമായി ചോദിച്ചത് “അപ്പാ, തീയും വിറകും ഉണ്ട് ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ?” എന്നായിരുന്നു. അവന്റെ ചോദ്യത്തിനു മുമ്പിലും അബ്രാഹാം പതറിപ്പോയില്ല. മകന്റെ സ്നേഹനിർഭരമായ ചോദ്യത്തിന് അബ്രാഹാം നിശ്ചയദാർഢ്യത്തോടെഉത്തരം പറഞ്ഞത്: “ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടിയെ ദൈവം കരുതിക്കൊള്ളും മകനെ,” എന്നായിരുന്നു. ഹോമയാഗത്തിന്റെ ആട്ടിൻകുട്ടിയെക്കുറിച്ചുള്ള അപ്പന്റെയും മകന്റെയും സംഭാഷണത്തിനു ശേഷവും അവർ ഇരുവരും ഒന്നിച്ചാണ് നടന്നത്. ദൈവം കല്പിച്ചിരുന്ന സ്ഥലത്ത് അവർ എത്തി; അവിടെ അബ്രാഹാം ഒരു യാഗപീഠം പണിത് വിറക് അടുക്കി, തന്റെ മകൻ യിസ്ഹാക്കിനെ കെട്ടി യാഗപീഠ

ത്തിലെ വിറകിനു മീതെ കിടത്തി. പിന്നെ അബ്രാഹാം കൈനീട്ടി തന്റെ മകനെ അറുക്കേണ്ടതിന് കത്തി എടുത്തു.

ബാലനായ യിസ്ഹാക്ക് തന്റെ അപ്പനെ പൂർണ്ണമായും അനുസരിക്കുന്നവനായിരുന്നു. അവൻ കുതറി ഓടുകയോ ഭയപ്പെട്ട് നിലവിളിക്കുകയോ ചെയ്തില്ല. അതിന്റെ കാരണം അവനും നന്നായി അറിയാമായിരുന്നു അവന്റെ അപ്പൻ സേവിക്കുന്ന ദൈവവും അവന്റെ അപ്പനും അവന് നന്മയല്ലാതെ തിന്മയൊന്നും ചെയ്യുകയില്ലായെന്ന്. മോറിയാ മലയിൽ അന്നു നടന്ന സംഭവത്തിൽനിന്ന് നമ്മുടെ ദൃഷ്ടിയിൽ തെളിഞ്ഞുവരുന്നത് ദൈവത്തെ പരിപൂർണ്ണമായി അനുസരിക്കുന്നസ്നേഹവാനായ പിതാവിന്റെയും അനുസരണമുള്ള മകന്റെയും ചിത്രമാണ്. അന്ന് നടന്നത് നിഴലായിരുന്നുവെങ്കിൽ പൊരുളായി സ്നേഹവാനായ സ്വർഗീയപിതാവ് അനുസരണയുള്ള ഏകജാതനായ തന്റെ പുത്രനെ കാൽവറിയിൽ മാനവപാപപരിഹാരത്തിനുവേണ്ടി യാഗം അർപ്പിക്കുകതന്നെ ചെയ്തു.

## സന്ദർഭം പന്ത്രണ്ട്: യിസ്ഹാക്കിന്റെ യാഗത്തോടുള്ള ബന്ധത്തിൽ മോറിയ മലയിൽ വച്ച് അരുളിച്ചെയ്തത്

> ഉടനെ യഹോവയുടെ ദൂതൻ ആകാശത്തുനിന്ന് അബ്രാഹാമേ, അബ്രാഹാമേ എന്നു വിളിച്ചു. ഞാൻ ഇതാ, എന്ന് അവൻ പറഞ്ഞു; ബാലന്റെ മേൽ കൈവയ്ക്കരുത്; അവനോട് ഒന്നും ചെയ്യരുത് നിന്റെ ഏകജാതനായ മകനെ തരുവാൻ നീ മടിക്കായ്കകൊണ്ട് നീ ദൈവത്തെ ഭയപ്പെടുന്നു എന്നു ഞാൻ ഇപ്പോൾ അറിയുന്നു എന്നു അവൻ അരുളിച്ചെയ്തു... അവർ ഒന്നിച്ചു പുറപ്പെട്ടു ബേർ-ശേബയിലേക്ക് പോന്നു; അബ്രാഹാം ബേർ-ശേബയിൽ പാർത്തു (ഉല്പ. 22:11-19)

മോറിയാ മലയിൽ സ്വന്തപുത്രനെ ഹോമയാഗമായി അർപ്പിക്കേണ്ടതിന് കത്തിയെടുത്ത അബ്രാഹാമിനോട് ദൈവം അരുളിച്ചെയ്തതാണ് പന്ത്രണ്ടാമത്തെയും അവസാനത്തേതുമായ സന്ദർഭം. ദൈവം അരുളിച്ചെയ്യുന്നത് അതുപോലെ അനുസരിക്കുന്ന അബ്രാഹാം ദൈവത്തെ ബഹുമാനിച്ച് ഭയപ്പെടുന്നവനായിരുന്നു. ഇച്ഛാശക്തിയോടെ സൃഷ്ടിക്കപ്പെട്ട മനുഷ്യരിൽ ഒരുവനായിരുന്നു അബ്രാഹാമും. അവന് വേണമെങ്കിൽ പിന്മാറാമായിരുന്നു, എന്നാൽ അവൻ ദൈവത്തെ പൂർണ്ണമായി വിശ്വസിച്ചിരുന്നു എന്നതാണിവിടെ സ്ഥിരീകരിക്കപ്പെടുന്നത്. അബ്രാഹാമിന്റെ ദൈവത്തോടുള്ള വിശ്വാസം നിർവ്യാജ

മായിരുന്നു. അക്ഷയമായി ദൈവത്തെ സ്നേഹിച്ച അബ്രാഹാം മകനോട് പറഞ്ഞതുപോലെ ഹോമയാഗത്തിനുള്ള ആട്ടുകൊറ്റനെ ദൈവം അവനുവേണ്ടി അവിടെ കരുതുകയും ചെയ്തിരുന്നു. അവൻ ആ ആട്ടുകൊറ്റനെ പിടിച്ചാണ് തന്റെ മകനു പകരം ഹോമയാഗം കഴിച്ചത്. അവൻ ആ സ്ഥലത്തിന് യഹോവ കരുതിക്കൊള്ളും എന്നർത്ഥം വരുന്ന യഹോവ-യിരേ എന്ന് പേരിട്ടു.

അബ്രാഹാം ആട്ടുകൊറ്റനെ ഹോമയാഗം കഴിച്ച ഉടനെ യഹോവയുടെ ദൂതൻ രണ്ടാമത് ആകാശത്തുനിന്ന് വിളിച്ച് അവനോട് അരുളിച്ചെയ്തത് ഇപ്രകാരമായിരുന്നു.

> നീ ഈ കാര്യം ചെയ്തു, നിന്റെ ഏകജാതനായ മകനെ തരുവാൻ മടിക്കായ്കകൊണ്ട് ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും; നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽകരയിലെ മണൽപോലെയും അത്യന്തം വർദ്ധിക്കും; നിന്റെ സന്തതി ശത്രുക്കളുടെ പട്ടണങ്ങളെ കൈവശമാക്കും; നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ട് നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്നു ഞാൻ എന്നെ കൊണ്ടുതന്നെ സത്യം ചെയ്തിരിക്കുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു (ഉല്പ. 22:16 - 18).

വാഗ്ദത്തസന്തതി വർദ്ധിച്ചു പെരുകി ശത്രുവിന്റെ പട്ടണങ്ങളെ കൈവശമാക്കും എന്ന് യിസ്രായേലിനോടുള്ള ബന്ധത്തിലാണ് യഹോവ അരുളിച്ചെയ്തതെങ്കിൽ സുവിശേഷം മുഖാന്തരമുള്ള മാനവരക്ഷയെക്കുറിച്ചാണ് നിന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്ന വാഗദത്തത്തിൽ അന്തർലീനമായിരിക്കുന്നത്. അത് സ്വർഗീയപിതാവിന്റെ ഓമനകുമാരനിലൂടെ പൊരുളായി നിറവേറപ്പെടുമെന്നതിന്റെ നിഴലായി സംഭവിച്ചതാണ് മോറിയാ മലയിലെ യിസ്ഹാക്കിന്റെ യാഗം. ക്രിസ്തുയേശുവിന്റെ പരമയാഗത്തിലുള്ള വിശ്വാസം മുഖാന്തരമാണ് പുതിയനിയമ ദൈവസഭയിലെ ഓരോ വിശ്വാസിയും ദൈവത്തിന്റെ ഐശ്വര്യമായ അനുഗ്രഹം പ്രാപിക്കുന്നത്. വിശ്വാസയാഗം അർപ്പിച്ച് മോറിയാ മലയിൽനിന്ന് ഇറങ്ങിയ അബ്രാഹാം യിസ്ഹാക്കിനെയും കൂട്ടി ബേർ-ശേബയിൽ തിരികെ വന്ന് പാർത്തു. യിസ്ഹാക്കിന്റെ യാഗം നിഴലായി പൂർത്തീകരിക്കപ്പെട്ടതിനു ശേഷം അബ്രാഹാമിന്റെ പിതൃഭവനത്തോടുള്ള ബന്ധത്തിൽ തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് യിസ്ഹാക്കിനു വേണ്ടി ദൈവം കരുതിയിരുന്ന തക്ക തുണയായ റിബെക്കായുടെ ജനനത്തെക്കുറിച്ചുള്ള വിവരമാണ്. ഇത് മ

റ്റൊരു വിലയേറിയ മർമ്മത്തെയാണ് വെളിപ്പെടുത്തുന്നത്. അത് കാൽവറിയിൽ യാഗമായിത്തീർന്ന യേശുക്രിസ്തുവിന്റെ പുണ്യാഹ രക്തത്തിലൂടെ അവനായി സമ്പാദിക്കപ്പെടുന്ന പൊരുളാകുന്ന സഭ യെക്കുറിച്ചുള്ള അതിശ്രേഷ്ഠമായ മർമ്മമാകുന്നു.

അബ്രാഹാമിന്റെ ഭാര്യ സാറാ നൂറ്റിയിരുപത്തേഴ് വയസ്സുള്ള വളായി കനാൻ ദേശത്തെ ഹെബ്രോൻ എന്ന കിര്യത്ത്-അർബ്ബയിൽ വച്ച് മരിച്ചു. അബ്രാഹാമിന് അപ്പോൾ നൂറ്റിമുപ്പത്തിയേഴ് വയസ്സും യിസ്ഹാക്കിന് മുപ്പത്തിയേഴ് വയസ്സുമായിരുന്നു പ്രായം. അബ്രാഹാം ഹിത്യനായ സോഹറിന്റെ മകൻ എഫ്രേമിനോട് മമ്രേക്കരികെയുള്ള മക്പേലാ നിലവും അതിലെ ഗുഹയും നാനൂറ് വെള്ളിക്കാശിന് വിലയ്ക്കു മേടിച്ച് സാറായെ അതിൽ അടക്കം ചെയ്തു. ദൈവഹിത ത്തിനുവേണ്ടി സ്വയം സമർപ്പിക്കപ്പെട്ട അബ്രാഹാം, സാറാ ദമ്പതി മാരുടെ ഉത്തമകുടുംബജീവിതത്തിന്റെ തിരശ്ശീലയാണ് സാറായുടെ നിര്യാണത്തോടെ വീണത്.

വാഗ്ദത്തയുഗത്തിലെ സുപ്രധാന കുടുംബമായിരുന്ന അബ്രാ ഹാമിന്റെ കുടുംബജീവിതത്തെക്കുറിച്ചുള്ള സുദീർഘമായ പഠന ത്തിലായിരുന്നു നാം ഇതുവരെ ആയിരുന്നത്. അതുകൊണ്ട് വാഗ്ദ ത്തയുഗത്തിലെ മറ്റു കുടുംബങ്ങളെക്കുറിച്ചുള്ള വിവരണം ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തുന്നില്ല. യിസ്ഹാക്, യാക്കോബ്, യോസേഫ്, മോശെ എന്നിവരുടെ കുടുംബങ്ങളെക്കുറിച്ചുള്ള വിവ രണം അടുത്ത അദ്ധ്യായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അബ്രാഹാ മിന് ലഭിച്ച ദൈവീകവാഗ്ദത്തം യിസ്ഹാക്കിലേക്കും അത് യാക്കോ ബിലേക്കുമാണ് കൈമാറപ്പെട്ടത്. യാക്കോബിന് ജനിച്ച പന്ത്രണ്ട് മക്കളാണ് യിസ്രായേൽ ഗോത്രങ്ങളായിത്തീർന്നത്. അവരിൽ യോസഫിനെ സ്വന്ത സഹോദരന്മാർ വില്ക്കുകയും അവൻ മിസ്രയീമിൽ എത്തിച്ചേരുകയും ദൈവത്തിന്റെ മുൻനിർണ്ണയ പ്രകാരം അവിടുത്തെ അധിപതിയായിത്തീരുകയും ചെയ്തു. യിസ്രായേൽ ആകുന്ന യാക്കോബ് അവന്റെ കുടുംബവുമായി മിസ്രയീം ദേശത്തെ അധിപതിയായ അവന്റെ മകൻ യോസേഫിന്റെ അടുക്കലേക്ക് ഇറങ്ങിച്ചെന്നു. ഇതെല്ലാം സംഭവിച്ചത് അബ്രാഹാമി നോട് ദൈവം മുൻകൂട്ടി അരുളിചെയ്തിരുന്നതുപോലെയായിരുന്നു. അവന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്ത് നാനൂറ് സംവത്സരം അ വിടെ പ്രവാസികളായിരുന്ന് അവരെ സേവിക്കും എന്ന തിരുവചനപ്ര കാരം അവർ മിസ്രയീം ദേശത്ത് നാനൂറ്റി മുപ്പത് സംവത്സരം പാർത്തു.

കനാൻ ദേശത്തെ ഹെബ്രോനിൽനിന്ന് യാക്കോബിനെയും കുടുംബത്തെയും മിസ്രയീമിലെ മന്ത്രിയായിരുന്ന യോസഫ് അയച്ച ഫറവോന്റെ രഥങ്ങൾ വന്നാണ് മിസ്രയീമിലേക്ക് കൂട്ടിക്കൊണ്ടു പോയത്. അവിടെ യിസ്രായേൽജനത്തിന് യോസേഫിന്റെ കാലം വരെ അവർക്ക് സുവർണ്ണകാലമായിരുന്നു. അതിനു ശേഷം യോസേഫും സഹോദരന്മാരും ആ തലമുറയൊക്കെയും മരിച്ചു. യിസ്രായേൽ മക്കൾ മിസ്രയീമിൽ സന്താനസമ്പന്നരായി അത്യന്തം വർദ്ധിച്ചു പെരുകി ബലപ്പെട്ടു; ദേശം അവരെക്കൊണ്ട് നിറഞ്ഞു.

യോസേഫിനെ അറിയാത്ത പുതിയൊരു രാജാവ് മിസ്രയീമിൽ ഉണ്ടായപ്പോൾ അവൻ യിസ്രായേൽ ജനത്തോട് ക്രൂരത കാണിപ്പാൻ തുടങ്ങി. അവർ അതികഠിനമായി അവിടെ പീഡിപ്പിക്കപ്പെട്ടു. ഇതിനോടകം അവരുടെ രക്ഷകനായി മോശെയെ ദൈവം ജനിപ്പിച്ചിരുന്നു. പ്രവാസത്തിൽനിന്നും യിസ്രായേലിനെ വിടുവിപ്പാൻ ദൈവം കണ്ടിരുന്നത് മോശയെ ആയിരുന്നു. അവന്റെ ജനനം ഒരു ലേവ്യ കുടുംബത്തിൽ ആയിരുന്നു. അവന്റെ പിതാവ് അമ്രാമും അമ്മ യോഖേബേദും ആയിരുന്നു. മോശെയുടെ മൂത്ത സഹോദരൻ അഹരോനും സഹോദരി മിര്യാമും ആയിരുന്നു. മോശെയുടെ അമ്മ യോഖേബേദ് മിസ്രയീം ദേശത്തുവച്ച് യാക്കോബിന്റെ മകൻ ലേവിക്ക് ജനിച്ച മകളായിരുന്നു (സംഖ്യ. 26:59)

പ്രവാസദേശത്തിലും യിസ്രായേൽ മക്കൾ അവരുടെ കുടുംബ ജീവിതം കാത്തുസൂക്ഷിച്ചിരുന്നു. യാക്കോബും കുടുംബവും മിസ്രയീമിൽ എത്തിയശേഷം അവർ ഏറ്റവും വർദ്ധിച്ചു പെരുകി. നാനൂറ്റിമുപ്പത് വർഷത്തെ പ്രവാസജീവിതത്തിൽ എഴുപത്തിയഞ്ച് പേർ ഏകദേശം ഇരുപത്തിയഞ്ച് ലക്ഷം പേരായി വർദ്ധിച്ചിരുന്നു. അവരുടെ രക്ഷകനായി ജനിച്ച മോശെ വളർന്നത് ഫറവോന്റെ കൊട്ടാരത്തിൽ ഫറവോന്റെ മകളുടെ മകനായിട്ടായിരുന്നു. അവന്റെ നാല്പതാമത്തെ വയസ്സിൽ കൊട്ടാരം വിട്ട് സ്വന്തജനത്തിന്റെ ഉദ്ധാരണത്തിനായി ഇറങ്ങി പുറപ്പെട്ടു. അവർ അവനെ അംഗീകരിക്കായ്കകൊണ്ട് അവൻ അവിടെനിന്ന് ഓടി മിദ്യാനിൽ ചെന്നുപാർത്തു. അവൻ സിപ്പോറായെ വിവാഹം കഴിച്ചു. അവിടെ രണ്ടുമക്കൾ അവനു ജനിച്ചു. നാല്പതു വർഷം പിന്നിട്ടപ്പോൾ ദൈവം അവന് മുൾപ്പടർപ്പിൽ പ്രത്യക്ഷനായി. യിസ്രായേൽ ജനത്തെ മിസ്രയീമിൽനിന്ന് പുറപ്പെടുവിക്കാൻ ദൈവം അവനെ അവിടേക്ക് മടക്കി അയച്ചു. ഫറവോൻ മോശെയുടെയും അഹരോന്റെയും വാക്കുകൾ

കേട്ടില്ല. അനന്തരം ദൈവം മിസ്രയീമിനെ പത്ത് ബാധകൊണ്ട് സന്ദർശിച്ചു. യിസ്രായേൽജനം പെസഹ ആചരിച്ചു. സംഹാരദൂതൻ അവരുടെ കൂടാരങ്ങളെ ഒഴിഞ്ഞുപോയി. എന്നാൽ അന്ന് മിസ്രയീമിലെ കടിഞ്ഞൂലുകളെല്ലാം സംഹരിക്കപ്പെട്ടു. ഒടുവിൽ മോശെയുടെ നേതൃത്വത്തിൽ യിസ്രായേൽ ജനം ഗണംഗണമായി മിസ്രയീമിൽനിന്ന് പുറപ്പെട്ടു. അന്ന് യിസ്രായേൽ മക്കൾ കുട്ടികൾ ഒഴികെ ഏകദേശം ആറുലക്ഷം പുരുഷന്മാരാണ് കാൽനടയായി രമെസേസിൽ നിന്ന് സൂക്കോത്തിലേക്ക് യാത്രപുറപ്പെട്ടത് (പുറ.13:37).

യാത്രാമധ്യേ പ്രതിസന്ധികളും പ്രശ്നങ്ങളും അഭിമുഖീകരിച്ചുവെങ്കിലും യിസ്രായേൽ ജനം അവർ പുറപ്പെട്ടതിന്റെ മൂന്നാം മാസത്തിൽ അതേദിവസം സീനായി മരുഭൂമിയിൽ എത്തിച്ചേർന്നു. അവർ സീനായി പർവ്വതത്തിനെതിരെ പാളയമിറങ്ങി. സീനായി പർവ്വതത്തിന്റെ കൊടുമുടിയിൽ യഹോവ മേഘതമസ്സിൽ പ്രത്യക്ഷമായി അവർക്ക് പത്ത് കല്പനകളെ കൊടുത്തു. അരാരാത്ത് പർവ്വതത്തിൽ ആരംഭിച്ച വാഗ്ദത്തയുഗം അവസാനിച്ചത് സീനായി പർവ്വതത്തിൽവച്ചാകുന്നു. ദൈവത്തെ അനുസരിച്ചു വാഗ്ദത്തം പ്രാപിച്ച അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നീ പിതാക്കന്മാരുടെ തലമുറയായ യിസ്രായേൽ മക്കൾ സീനായി പർവ്വതത്തിൽവെച്ചാണ് ന്യായപ്രമാണയുഗത്തിലേക്ക് പ്രവേശിച്ചത്.

അരാരാത്ത് പർവ്വതത്തിൽ ഉറച്ച പെട്ടകത്തിൽനിന്ന് ഇറങ്ങിയ നോഹയുടെ കുടുംബത്തോടുള്ള ബന്ധത്തിലാണ് വാഗ്ദത്തയുഗത്തിന് തുടക്കം കുറിച്ചത്. ദൈവത്തിന്റെ സ്നേഹിതനായ അബ്രാഹാമിനും അവന്റെ കുടുംബത്തിനുമായിരുന്നു വാഗ്ദത്തയുഗത്തിൽ സുപ്രധാന പങ്കുണ്ടായിരുന്നത്. അതുകൊണ്ടാണ് അബ്രാഹാമിനെ കേന്ദ്രീകരിച്ചുള്ള പഠനത്തിന് ഈ ഭാഗത്ത് നാം പ്രാധാന്യത കൊടുത്തത്. നിഷ്പാപയുഗത്തിൽ ആദാം, ഹവ്വാ എന്നീ രണ്ട് പേർക്കായിരുന്നു ദൈവം പ്രത്യക്ഷപ്പെട്ടിരുന്നതെങ്കിൽ മനസ്സാക്ഷിയുഗത്തിൽ നോഹയുടെ കുടുംബത്തിലേക്ക് ദൈവസാന്നിധ്യം ഇറങ്ങിവന്നു. പ്രളയാനന്തരഭൂമിയായ ഇപ്പോഴത്തെ ലോകത്തിൽ നോഹയുടെ തലമുറയിൽ ആരംഭിച്ച വാഗ്ദത്തയുഗം അബ്രാഹാമിലൂടെയാണ് വളർച്ച പ്രാപിച്ചത്. സീനായി പർപവ്വതത്തിൽവെച്ച് മാനവരാശി വാഗ്ദത്തയുഗത്തിൽനിന്ന് ന്യായപ്രമാണയുഗത്തിലേക്ക് പ്രവേശിച്ചപ്പോൾ വാഗ്ദത്തസന്തതിയായ യിസ്രായേൽ ഒരു വലിയ സമൂഹമായിത്തീർന്നിരുന്നു. ഇതിൽനിന്നും ഓരോ യുഗത്തിലും ദൈവം

തിരഞ്ഞെടുത്ത വ്യക്തികളുടെ കുടുംബജീവിതം ദൈവത്തിന്റെ ഉദ്ദേശപ്രകാരമാണ് നയിക്കപ്പെട്ടത് എന്നതിന്റെ വ്യക്തതയാണ് നമുക്ക് ലഭിക്കുന്നത്. സീനായി പർവ്വതത്തിൽ ആരംഭിച്ച ന്യായപ്രാമാണയുഗം പൂർത്തീകരിക്കപ്പെട്ടത് കാൽവറി മലയിൽ യേശുക്രിസ്തു യാഗമായിത്തീർന്ന് പുതിയനിമസഭയുടെ യുഗത്തിലേക്ക് പ്രവേശിക്കപ്പെട്ടതോടെയാകുന്നു. പുതിയനിയമസഭയുടെ യൂഗത്തിനു മുമ്പ് സീനായി പർവ്വതത്തിൽ ആരംഭിച്ച് കാൽവറിമലയിൽ അവസാനിച്ച ന്യായപ്രമാണയുഗത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശത്തെക്കുറിച്ചാണ് തുടർന്ന് നാം ചിന്തിക്കുന്നത്.

### iv **ന്യായപ്രമാണയുഗത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം**

> എന്നാൽ അബ്രാഹാമിനും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു; സന്തതികൾക്കും എന്ന അനേകരെക്കുറിച്ചല്ല നിന്റെ സന്തതിക്കും എന്ന് ഏകനെക്കുറിച്ചത്രേ പറയുന്നത്: അതു ക്രിസ്തുതന്നെ.. ഞാൻ പറയുന്നതിന്റെ താൽപര്യമോ: നാനൂറ്റി മുപ്പത് ആണ്ടു കഴിഞ്ഞിട്ട് ഉണ്ടായ ന്യായപ്രമാണം വാഗ്ദത്തത്തെ നീക്കുവാൻ തക്കവണ്ണം അതു ദൈവം മുമ്പ് ഉറപ്പാക്കിയ നിയമത്തെ ദുർബലമാക്കുന്നില്ല. അവകാശം ന്യായപ്രമാണത്താൽ എങ്കിൽ വാഗ്ദത്തത്താലല്ല വരുന്നത്; അബ്രാഹാമിനോ ദൈവം അതിനെ വാഗദത്തം മൂലം നല്കി. എന്നാൽ ന്യായപ്രമാണം എന്തിന്? വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം അതു ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം മധ്യസ്ഥന്റെ കൈയിൽ ഏല്പിച്ചതുമത്രെ. അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്, ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു (ഗലാ. 3:16 - 23)

അരാരാത്ത് പർവ്വതത്തിൽവെച്ച് നോഹയുടെ കാലത്ത് ആരംഭിച്ച വാഗ്ദത്തയുഗത്തിന്റെ അതിരും കാലവും തികഞ്ഞത് മിസ്രയീമിലെ നാനൂറ്റിമുപ്പത് വർഷത്തെ പ്രവാസകാലത്തിലായിരുന്നു. അതിൽ നാനൂറ് വർഷമാണ് യിസ്രായേൽ ജനം മിസ്രയീമിലെ ഇരുമ്പു ചൂളയിലായിരുന്നത്. അവർ അവിടെ പീഢിപ്പിക്കപ്പെട്ടു എങ്കിലും ദൈവം അബ്രാഹാമിനോട് അരുളിച്ചെയ്തതുപോലെ അവർ അത്യധികം വർദ്ധിച്ചു പെരുകി. ദൈവം നിശ്ചയിച്ചിരുന്ന നാനൂറ് സംവത്സരത്തെ പരദേശവാസത്തിലെ അടിമത്വം കഴിഞ്ഞ അന്ന് ആ ദിവസംതന്നെ ദൈവം അവരെ അടിമവീടായ മിസ്രയീം ദേശത്തുനിന്ന് പുറപ്പെടുവിക്കുകയും ചെയ്തു.

> യിസ്രായേൽ മക്കൾ മിസ്രയീമിൽ കഴിച്ച പരദേശവാസം നാനൂറ്റിമുപ്പതു സംവത്സരമായിരുന്നു. നാനൂറ്റിമുപ്പത് സംവത്സരം കഴിഞ്ഞിട്ട്, അന്ന് ആദിവസം തന്നെ, യഹോവയുടെ ഗണങ്ങളൊക്കെയും മിസ്രയീം ദേശത്തു നിന്നു പുറപ്പെട്ടു (പുറ. 12:40)

ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരം വാഗ്ദത്തയുഗത്തിന്റെ അതിരും കാലവും പിതാവായ അബ്രാഹാമിനോട് അരുളിച്ചെയ്തതു പോലെ പൂർത്തീകരിക്കപ്പെട്ട അന്ന് ആ ദിവസം തന്നെയാണ് അവർ മിസ്രയീം ദേശത്തുനിന്ന് യുദ്ധസന്നദ്ധരായി ഗണംഗണമായി പുറപ്പെട്ടത്. നാനൂറ് സംവത്സരത്തെ അന്യദേശത്തുള്ള അടിമത്ത ജീവിതം മുഖാന്തരം യിസ്രായേലിനു സിദ്ധിച്ചത് പ്രധാനമായും മൂന്നു കാര്യങ്ങളായിരുന്നു.

* യിസ്രായേലിന്റെ ഭാവികാലത്തുണ്ടായ പ്രതിസന്ധകളിൽ അവർക്ക് പിടിച്ചു നിൽക്കുവാനുള്ള ശക്തി പകർന്നത് അവർ പ്രവാസകാലത്ത് ആർജ്ജിച്ചെടുത്ത അനുഭവസമ്പത്തായിരുന്നു. യിസ്രാ യേൽ ജനത്തിന്റെ നാലു തലമുറകളെയാണ് ദൈവം അപ്രകാരം മിസ്രയീം എന്ന ഇരുമ്പു ചൂളയിൽ പരിശീലിപ്പിച്ചെടുത്തത്.
* യിസ്രായേൽ ഈ കാലയളവിൽ വർദ്ധിച്ചു പെരുകുവാൻ ഇടയായിത്തീർന്നു.
* അന്ന് അവർ മിസ്രയീമിനെ കൊള്ളയടിച്ചതു നിമിത്തം അവിടെ നിന്ന് പുറപ്പെട്ടപ്പോൾ വളരെ വലിയ സമ്പത്ത് അവർക്ക് ലഭിക്കുവാൻ ഇടയായി. അത് അവർ മിസ്രയീമിൽ ചെയ്ത അടിമവേലയുടെ കൂലിയായിട്ടാണ് ദൈവം അവർക്ക് മിസ്രയീമിൽനിന്ന് പുറപ്പെട്ടപ്പോൾ സമാഹരിച്ചു കൊടുത്തത്.

വാഗ്ദത്തദേശത്തേക്ക് അവരെ അവിടെനിന്ന് വിടുവിച്ച് കൊണ്ടുപോകുവാൻ ദൈവം കരങ്ങളിൽ എടുത്ത വ്യക്തി മോശെയായിരുന്നു. അവൻ എബ്രായനായി ജനിച്ചുവെങ്കിലും നാല്പത് വർഷം വളർന്നത് മിസ്രയീമ്യനായി ഫറവോന്റെ കൊട്ടാരത്തിൽ ഫറവോന്റെ മകളുടെ പുത്രനായിട്ടായിരുന്നു. ദൈവത്തിന്റെ സമയത്ത് ദൈവം അവന്റെ ഉള്ളിൽ പ്രേരണ കൊടുത്ത് അവനെ കൊട്ടാരത്തിൽനിന്ന് വിളിച്ചിറക്കി. മോശെ പ്രതിഫലം നോക്കിയപ്പോൾ ഫറവോന്റെ മകളുടെ പുത്രൻ എന്ന് വിളിക്കപ്പെടുന്നത് നിരസിക്കയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണി

ഫറവോന്റെ കൊട്ടാരം വിടുകയുമാണ് ചെയ്തത്. ദൈവം അവനു വേണ്ടി മരുഭൂമിയിൽ ഒരുക്കിവച്ചിരുന്നത് നാല്പതു വർഷത്തെ കഠിന പരിശീലനമായിരുന്നു. അതിനായി ദൈവം അവനെ എത്തിച്ചത് മിദ്യാനിലെ പുരോഹിതനായ യിത്രോവിന്റെ ഭവന ത്തിലേക്കായിരുന്നു.

അബ്രാഹാമിന് കെതുറാ എന്ന മറ്റൊരു ഭാര്യയിൽ ജനിച്ച ആറു മക്കളിൽ ഒരുവനായ മിദ്യാന്റെ തലമുറയിൽപ്പെട്ടവരാണ് മിദ്യാനർ. റെഗുവേൽ എന്ന യിത്രോ മിദ്യാനിലെ പുരോഹിതനായിരുന്നു. അവന്റെ മകൾ സിപ്പോറായെയാണ് അവൻ മോശെയ്ക്ക് ഭാര്യയായി കൊടുത്തത്. രാജകീയ വിവാഹം കഴിച്ച് കൊട്ടാരത്തിൽ രാജകീയ ജീവിതം കഴിക്കാമായിരുന്ന മോശെയുടെ വിവാഹം മിദ്യാനിൽ നടത്തപ്പെട്ടത് ആർഭാടരഹിതമായിട്ടായിരുന്നു. അവന്റെ മാതാപിതാക്കളോ ബന്ധുമിത്രാദികളോ അതുപോലെ അവനുള്ള ആരുംതന്നെ അവന്റെ വിവാഹത്തിൽ പങ്കെടുത്തിരുന്നില്ല. അവൻ അവന്റെ അമ്മാവിയപ്പന്റെ വീട്ടിലാണ് കുടുംബജീവിതം ആരംഭിച്ചത്. അവന്റെ ജോലി യിത്രോവിന്റെ ആടുകളെ മേയിക്കുക എന്നതായിരുന്നു. അവൻ അത് വിശ്വസ്തതയോടെ നാല്പതു വർഷത്തോളം നിവർത്തിച്ചു. ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരമുള്ള മോശെയുടെ പരിശീലനകാലം പൂർത്തീകരിക്കപ്പെട്ടപ്പോൾ അവൻ അമ്മാവിയപ്പന്റെ ആടുകളുമായി ദൈവത്തിന്റെ പർവ്വതമായ ഹോരേബിലാണ് എത്തിച്ചേർന്നത്. മരുഭൂമിക്ക് അപ്പുറത്ത് ആടുകളുമായി എത്തിച്ചേരുവാൻ പ്രാപ്തനായ മോശെ മിസ്രയീം എന്ന അടിമദേശത്തുനിന്ന് ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേലിനെ പുറപ്പെടുവിപ്പാൻ പ്രാപ്തനായി എന്ന് ദൈവം കണ്ടു. അത് അവനെക്കൊണ്ട് കഴിയും എന്ന് ദൈവത്തിനു ബോദ്ധ്യപ്പെട്ടപ്പോളാണ് ദൈവം അവന് ഹോരേബിലെ മുൾപ്പടർപ്പിൽ പ്രത്യക്ഷനായത്.

മിസ്രയീമിൽ നാനൂറ് സംവത്സരത്തെ പ്രവാസജീവിതത്തിൽ കഷ്ടത പഠിച്ചു തികഞ്ഞ യിസ്രായേലിനെ വിടുവിക്കേണ്ട തക്കസമയത്ത് അവരെ വിടുവിക്കേണ്ടതിന് ദൈവം കണ്ടിരുന്ന മോശെ എന്ന വിശ്വസ്തനും അതിനുള്ള പരിശീലനം മരുഭൂമിയിൽ പൂർത്തീകരിച്ചിരുന്നു. രണ്ടും ഒരേ കാലയളവിൽ പൂർത്തീകരിക്കപ്പെട്ടപ്പോളാണ് ദൈവം അവനെ യിസ്രായേലിന്റെ നേതൃത്വസ്ഥാനത്തേക്ക് കൊണ്ടുവന്നത്. ദൈവം മോശയെ പ്രാപ്തൻ എന്നു കണ്ട് യിസ്രായേലിനെ നയിക്കുവാൻ വിളിച്ചപ്പോൾ അവൻ അതിനു പ്രാപ്തനല്ല എന്നുപറഞ്ഞ് ഒഴിഞ്ഞു മാറുവാനാണ് ശ്രമിച്ചത്.

> ... ഞാൻ എന്തു മാത്രമുള്ളൂ എന്നു പറഞ്ഞു. അതിന് അവൻ ഞാൻ നിന്നോട് കൂടെ ഇരിക്കും; നീ ജനത്തെ മിസ്രയീമിൽ നിന്നു കൂട്ടിക്കൊണ്ടുവരുമ്പോൾ നിങ്ങൾ ഈ പർവ്വതത്തിങ്കൽ ദൈവത്തെ ആരാധിക്കുമെന്നുള്ളത് ഞാൻ നിന്നെ അയച്ചതിന് അടയാളം ആകും എന്നു അരുളിച്ചെയ്തു (പുറ. 3:11-12).

അപ്രതീക്ഷിതമായ സമയത്താണ് മോശെയുടെമേൽ ദൈവത്തിന്റെ വിളി വന്നത്. അന്യദേശത്ത് പരദേശിയായി ജീവിതം അവസാനിക്കുമെന്നാണ് മോശെ ചിന്തിച്ചിരുന്നത്. എന്നാൽ ദൈവം അവനോട് അരുളിച്ചെയ്തതുപോലെ തന്നെ പിന്നീട് സംഭവിച്ചു എന്നതിനാണ് തിരുവചനം വ്യക്തത നല്കുന്നത്.

> യിസ്രായേൽ മക്കൾ മിസ്രയീം ദേശത്തു നിന്നു പുറപ്പെട്ടതിന്റെ മൂന്നാം മാസത്തിൽ അതേദിവസം അവർ സീനായി മരുഭൂമിയിൽ എത്തി. അവർ രെഫിദീമിൽ നിന്നു യാത്രപുറപ്പെട്ടു. സീനായി മരുഭൂമിയിൽ വന്നു മരുഭൂമിയിൽ പാളയമിറങ്ങി; അവിടെ പർവ്വതത്തിനെതിരെ യിസ്രായേൽ പളയമിറങ്ങി, മോശെ ദൈവത്തിന്റെ അടുക്കൽ കയറിച്ചെന്നു (പുറ. 19:1-2).

പ്രളയാനന്തരഭൂമിയിലെ ഇപ്പോഴത്തെ ലോകത്തിൽ നോഹയുടെ കാലത്ത് അരാരത്ത് പർവ്വതത്തിൽ ആരംഭിച്ച വാഗ്ദത്തയുഗത്തിന്റെ തിരശ്ശീലയാണ് സീനായി പർവ്വതത്തിൽവെച്ച് വീണത്. അന്നു മുതൽ ഒരു പുതിയ യുഗം ആരംഭിച്ചു അതാണ് ന്യായപ്രമാണയുഗം. കേവലം എട്ടുപേർ മാത്രമുണ്ടായിരുന്ന നോഹയുടെ കുടുംബത്തിൽ നിന്ന് ശേമിന്റെ വർഗത്തിൽപ്പെട്ട അബ്രഹാം, യിസ്ഹാക്ക്, യിസ്രായേൽ എന്നിവരുടെ സന്തതി വാഗ്ദത്തകാലത്തിന്റെ അന്ത്യത്തിൽ ഒരു വലിയ ജനസമൂഹമായിത്തീർന്നിരുന്നു. വാഗ്ദത്തസന്തതി ദൈവത്തിന്റെ പർവ്വതമായ സീനായിൽനിന്ന് നേരിട്ട് ദൈവശബ്ദം കേൾക്കുകയും ഒരു രാഷ്ട്രത്തിന്റെ പദവിയിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു. യിസ്രായേൽ എന്ന രാഷ്ട്രത്തിന്റെ വാഗദത്തദേശമായ കനാൻ ദേശത്ത് അവർ പ്രവേശിക്കപ്പെടുന്നതിനുമുമ്പ് അവർ അനുവർത്തിക്കേണ്ട നിയമസംഗതികളാണ് ദൈവം മോശെ മുഖാന്തരം അവരെ അറിയിച്ചത്. അതിൽ യിസ്രായേൽ എന്ന രാഷ്ട്രത്തിന്റെ ഭരണഘടനയുടെ ആമുഖമാണ് പത്തു കല്പനകളായി സീനായി പർവ്വതത്തിൽ വച്ച് അവരോട് അരുളിച്ചെയ്തത്. അതിന് മൂന്ന് ഭാഗങ്ങളാണുള്ളത് (പുറ. 20:1-17)

1 **ദൈവസംബന്ധമായ നാലു കല്പനകൾ. പത്തു കൽപനകളിലെ ഒന്ന്, രണ്ട്, മൂന്ന്, നാല്എന്നീ നാലു കൽപനകളാണ് ദൈവസംബന്ധ മായിട്ടുള്ള കൽപനകൾ.**

* സത്യദൈവം ഒഴികെ അന്യദൈവങ്ങൾ ഉണ്ടാകരുത് (കല്പന 1)
* വിഗ്രഹം ഉണ്ടാക്കരുത് (കല്പന 2)
* ദൈവത്തിന്റെ നാമം വൃഥാ എടുക്കരുത് (കല്പന 3)
* ശബ്ബത്ത് നാളിനെ ബഹുമാനിക്കണം (കല്പന 4)

2 **കുടുംബജീവിതത്തോടുള്ള ബന്ധത്തിലെ മൂന്നു കല്പനകൾ. പത്ത് കല്പനകളിലെ അഞ്ച്, ഏഴ്, പത്ത് എന്നീ മൂന്ന് കല്പനകൾ കുടും ബജീവിതത്തിന്റെ സുസ്ഥിരതയ്ക്കുള്ള നിയമങ്ങളാണ്.**

* അപ്പനെയും അമ്മയെയും ബഹുമാനിക്ക (കല്പന 5)
* വ്യഭിചാരം ചെയ്യരുത് (കല്പന 7)
* കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്, കൂട്ടുകാരന്റെ ഭാര്യ യെയും അവന്റെ ദാസനെയും ദാസിയെയും അവന്റെ കാളക ളെയും കഴുതകളെയും കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത് (കല്പന 10).

3 **സാമൂഹിക ജീവിതത്തോടുള്ള ബന്ധത്തിലെ മൂന്നു കല്പനകൾ. ആറ്, എട്ട്, ഒൻപത് എന്നീ കല്പനകൾ സാമൂഹികജീവിത ത്തോടുള്ള ബന്ധത്തിലെ നിയമങ്ങളാണ്.**

* കൊല ചെയ്യരുത്  (കല്പന 6)
* മോഷ്ടിക്കരുത് (കല്പന 8)
* കള്ളസാക്ഷ്യം പറയരുത് (കല്പന 9)

നിഷ്പാപയുഗം, മനസ്സാക്ഷിയുഗം, വാഗ്ദത്തയുഗം എന്നിവ യിൽ ദൈവം മനുഷ്യരോട് അരുളിചെയ്തിരുന്നത് വാമൊഴിയായി ട്ടായിരുന്നു. എന്നാൽ ന്യായപ്രമാണയുഗത്തിലാണ് അതിന് മാറ്റം വന്നത്. വാമൊഴിയായി ദൈവം യിസ്രായേൽ ജനത്തോട് അരുളി ച്ചെയ്യുന്നതു മുഴുവൻ മോശെ വരമൊഴിയായി ഒരു പുസതകത്തിൽ എഴുതി. തിരുവചനപ്രകാരം ആദ്യം രചിക്കപ്പെട്ട ഗ്രന്ഥം മോശെ എഴുതിയ നിയമപുസ്തകമാണ്. അത് ജനത്തെ വായിച്ചു കേൾപ്പി ക്കുന്നതിനു മുമ്പ് അവൻ സീനായി പർവ്വതത്തിന്റെ അടിവാരത്ത് ഒരു യാഗപീഠവും യിസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളുടെ സംഖ്യ യ്ക്കൊത്തവണ്ണം പന്ത്രണ്ട് തൂണും പണിതു. യാഗങ്ങൾ കഴിച്ചതിനു

ശേഷം യാഗരക്തത്തിൽ പാതി യാഗപീഠത്തിൽന്മേൽ തളിച്ചു. അതിനുശേഷം നിയമപുസ്തകം മോശെ ജനത്തെ വായിച്ചു കേൾപ്പിച്ചു. യഹോവ കല്പിച്ചതനുസരിച്ച് നടന്നുകൊള്ളാമെന്ന് ജനം അറിയിച്ചപ്പോൾ മോശെ നിയമത്തിന്റെ രക്തമെടുത്ത് ജനത്തിന്മേൽ തളിച്ചു ദൈവവുമായി നിയമം ചെയ്തു.

ദൈവത്തിന്റെ അരുളപ്പാടുകൾ അനുസരിച്ച് ജീവിക്കുമെന്ന് നിയമം ചെയ്ത ജനത്തിന്റെ മദ്ധ്യേ ദൈവത്തിന് വസിക്കുവാനുള്ള വിശുദ്ധമന്ദിരത്തിന്റെ മാതൃക മോശെയെ കാണിച്ചു കൊടുക്കുന്നതിനാണ് ദൈവം അവനെ സീനായി പർവ്വതത്തിന്റെ കൊടുമുടിയിലേക്ക് വിളിച്ചത്. മോശെ അവിടെ നാല്പത് പകലും നാല്പത് രാവും ദൈവത്തോട് കൂടെ ആയിരുന്നു. സമാഗമന കൂടാരത്തിന്റെ മാതൃക ലഭിച്ച മോശെ അത് ദൈവം കാണിച്ച മാതൃക പ്രകാരം പണിയേണ്ടതിനും അതിൽ ദൈവം തന്റെ വിരൽകൊണ്ട് എഴുതിയ സാക്ഷ്യപ്പലക രണ്ടും സാക്ഷ്യപ്പെട്ടകവും വിശുദ്ധനിവാസവും പണിത് അതിൽ വയ്ക്കേണ്ടതിനുമാണ് സീനായി പർവ്വതത്തിൽനിന്നും ഇറങ്ങിവന്നത്. എന്നാൽ മോശെ വരുവാൻ താമസിക്കുന്നു എന്നു കണ്ട ജനം അവന് എന്തോ ഭവിച്ചു എന്ന് വിചാരിച്ച് നേതൃത്വമില്ലാതെ അവർ കെട്ടഴിയപ്പെട്ടവരായി.

അവർ അഹരോനോട് അവർക്കു മുമ്പേ നടക്കുവാൻ ഒരു ദൈവത്തെ ഉണ്ടാക്കിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. അഹരോൻ ജനത്തെ അനുസരിച്ചു; അവരോട് ഭാര്യന്മാർ, പുത്രന്മാർ, പുത്രിമാർ എന്നിവരുടെ കാതിലെ പൊൻകുണുക്ക് പറിച്ച് അവന്റെ അടുക്കൽ കൊണ്ടുവരാൻ പറഞ്ഞു. അവർ കൊണ്ടുവരികയും അവൻ അതിനെ ഒരു കൊത്തുളികൊണ്ട് ഭാഷ വരുത്തി ഒരു കാളക്കുട്ടിയെ വാർത്ത് ഉണ്ടാക്കുകയും ചെയ്തു. യിസ്രായേൽ ജനം അവരെ വിടുവിച്ച് കൊണ്ടുവന്ന ദൈവത്തെ പുല്ലു തിന്നുന്ന ഒരു കാളക്കുട്ടിക്ക് സദൃശ്യമാക്കിത്തീർത്തു. അവർ അതിന് യാഗപീഠം പണിയുകയും ഉത്സവം ആചരിക്കുകയും ചെയ്തു. അങ്ങനെ യിസ്രായേൽ ജനം വേഗത്തിൽ ദൈവത്തെ വിട്ടകന്ന് പാപം ചെയ്തു.

അതിൽ കോപം ജ്വലിച്ച ദൈവം ജനത്തെ ദഹിപ്പിച്ചു കളയേണ്ടതിന് ഒരുങ്ങിയപ്പോൾ മോശെയോട് അരുളിച്ചെയ്തത്: “എന്നെ വിടുക; ഞാൻ നിന്നെ വലിയൊരു ജാതിയാക്കും” എന്നായിരുന്നു. അന്ന് മോശെയ്ക്ക് ദൈവത്തിൽനിന്ന് ലഭിച്ച വാഗ്ദത്തം

വ്യക്തിപരമായി ചിന്തിച്ചാൽ വളരെ വലുതായിരുന്നു. എന്നാൽ അവൻ അതിന് താല്പര്യപ്പെടാതെ തെറ്റിപ്പോയ ജനത്തിനു വേണ്ടി ഇടിവിൽനിന്ന് സംസാരിക്കുകയാണ് ചെയ്തത്. അത് മോശെയുടെ സ്വഭാവത്തിന്റെ സവിശേഷതയാണ് വെളിപ്പെടുത്തുന്നത്. അവന് സ്വന്തകുടുംബം എന്നതിന് മീതെ യിസ്രായേൽ ജനം എന്ന വലിയ കുടുംബത്തിന്റെ കാഴ്ചപ്പാടുള്ള വ്യക്തിയായിരുന്നു. ഇതിൽനിന്നും അവൻ സ്വാർത്ഥതയുള്ളവനായിരുന്നില്ല എന്നതാണ് വ്യക്തമാക്കപ്പെടുന്നത്. അങ്ങനെ മോശെ ദൈവസന്നിധിയിൽ ഇടിവിൽ നിന്ന് ദൈവകോപം ശമിപ്പിച്ചിട്ടാണ് യോശുവയെയും കൂട്ടി പർവ്വതത്തിൽ നിന്ന് ഇറങ്ങിവന്നത്.

അവർ പർവ്വതത്തിൽ നിന്ന് ഇറങ്ങിവരുമ്പോൾ കേട്ടത് ഗാനപ്രതിഗാനം ചെയ്യുന്ന യിസ്രായേൽ മക്കളുടെ ഘോഷമാണ്. അതിൽ മനംനൊന്ത് കോപാകുലനായ മോശെ തന്റെ കയ്യിൽ ഉണ്ടായിരുന്ന സാക്ഷ്യപ്പലക രണ്ടും പർവ്വതത്തിന്റെ അടിവാരത്തിൽ എറിഞ്ഞ് ഉടച്ചുകളഞ്ഞു. അവൻ പാളയത്തിൽ എത്തി അവർ ഉണ്ടാക്കിയ പൊൻ കാളക്കുട്ടിയെ എടുത്ത് തീയിൽ ഇട്ടു ചുട്ട് അരച്ചു പൊടിയാക്കി വെള്ളത്തിൽ വിതറി യിസ്രായേൽ മക്കളെ അത് കുടിപ്പിച്ചു. മോശെയുടെ ചോദ്യത്തിനു മുമ്പിൽ ഉത്തരം പറയാൻ ആവാതെ അഹരോൻ നിശബ്ദനായി. മോശെ  പാളയത്തിന്റെ വാതിൽക്കൽ നിന്ന് യഹോവയുടെ പക്ഷത്തുള്ളവർ എന്റെ അടുക്കൽ വരട്ടെ എന്ന ആഹ്വാനത്തിൽ ലേവ്യർ അവന്റെ അടുക്കൽ വന്നുകൂടി. നിങ്ങൾ അരയ്ക്കു വാൾ കെട്ടി മുഖം നോക്കാതെ കൊന്നുകളവിൻ എന്ന യഹോവയുടെ ആജ്ഞ മോശെ അവരെ അറിയിച്ചപ്പോൾ അവർ അത് അക്ഷരംപ്രതി നടപ്പിലാക്കുകയും ജനത്തിൽ  മൂവായിരം പേർ അന്ന് സംഹരിക്കപ്പെടുകയും ചെയ്തു.

സമാഗമന കൂടാരത്തിന്റെ ദർശനം ലഭിച്ച മോശെ തെറ്റിപ്പോയ ജനത്തിന്റെ ഇടയിൽനിന്ന് ദൂരത്ത് തന്റെ കൂടാരം അടിച്ച് അതിന് സമാഗമനകൂടാരം എന്ന് പേർ ഇട്ടു. യിസ്രായേൽ ജനത്തിന്റെ മധ്യത്തിൽ ദൈവസാന്നിധ്യം ഇറങ്ങിവന്ന് വസിക്കുന്നതിനായിട്ടായിരുന്നു വിശുദ്ധ മന്ദിരം എന്ന സമാഗമനകൂടാരം പണിയുവാനുള്ള ആലോചന ദൈവം മോശെയ്ക്ക് കൊടുത്തിരുന്നത്. അതിന് വിഘാതം വന്നെങ്കിലും ദൈവപ്രവൃത്തിക്ക് വിഘ്നം വരാതെ മോശെയുടെ കൂടാരം പാളയത്തിനു പുറത്ത് സമാഗമനകൂടാരമായിത്തീർന്നു. യഹോവയെ അന്വേഷിക്കുന്നവരെല്ലാം സമാഗമനകൂടാരത്തിൽ

മോശെയുടെ അടുക്കൽ ചെന്നു. ഒരുത്തൻ തന്റെ സ്നേഹിതനോട് സംസാരിക്കുന്നതുപോലെ യഹോവ മോശെയോട് സമാഗമന കൂടാരത്തിൽവച്ച് സംസാരിച്ചു. പിന്നെ അവൻ പാളയത്തിലേക്ക് മടങ്ങി വന്നു; അവന്റെ ശുശ്രൂഷക്കാരനായ നൂനിന്റെ മകനായ യോശുവ എന്ന ബാല്യക്കാരനോ കൂടാരത്തെ വിട്ടുപിരിയാതെയിരുന്നു.

ദൈവസ്നേഹം അനുഭവിച്ചറിഞ്ഞ ജീവിതത്തിന്റെ ഉടമയായിരുന്നു മോശെ എന്ന ദൈവപുരുഷൻ. ജനത്തെ സീനായി പർവ്വതത്തിൽ നിന്ന് പുറപ്പെടുവിക്കുന്നതിന് മുമ്പ് യഹോവ മോശെയോട് അരുളിച്ചെയ്തത് മുമ്പിലത്തെപോലെ രണ്ടു കല്പലക ചെത്തി സീനായി പർവ്വതത്തിൽ അവന്റെ അടുക്കൽ കയറി ചെല്ലുവാനായിരുന്നു. മനുഷ്യനോ മൃഗമോ ഒന്നുംതന്നെ പർവ്വതത്തിൽ കയറുകയോ തൊടുകയോ അരുത് എന്ന് ദൈവം കർശനമായി കല്പിച്ചിരുന്നു. രണ്ടാമത് സീനായി പർവ്വതത്തിൽ കയറിയ മോശെ പിന്നെയും അവിടെ നാല്പത് രാവും നാല്പത് പകലും ഒന്നും കഴിക്കാതെയും കുടിക്കാതെയും ദൈവത്തോട് കൂടെ ആയിരുന്നു. ദൈവം അരുളിച്ചെയ്ത കാര്യങ്ങൾ എല്ലാം മോശെ എഴുതിയിരുന്നു. നാല്പത് ദിവസം കഴിഞ്ഞപ്പോൾ പത്ത് കല്പനയായ നിയമത്തിന്റെ വചനങ്ങളെ മോശെ കൊണ്ടുപോയിരുന്ന രണ്ട് കല്പലകകളിൽ ദൈവം അവന്റെ വിരലുകൾകൊണ്ട് എഴുതി അവനെ അത് ഭരമേല്പിച്ചു.

ദൈവം എഴുതിക്കൊടുത്ത രണ്ട് കല്പലകകളുമായി യിസ്രായേൽ പാളയത്തിലേക്ക് മടങ്ങിവന്ന മോശെയുടെ മുഖത്തെ ത്വക്ക് പ്രകാശിച്ചിരുന്നു. രണ്ടാമത്തെ പ്രാവശ്യം ദൈവം സീനായി പർവ്വതത്തിൽവച്ച് മോശെയോട് അരുളിച്ചെയ്തത് ജനം കനാൻ ദേശത്ത് ചെല്ലുമ്പോൾ അനുവർത്തിക്കേണ്ട നിയമങ്ങളെക്കുറിച്ചായിരുന്നു (പുറ. 34:11–28). ഒന്നാമത്തെ പ്രാവശ്യമായ നാല്പത് രാവും നാല്പത് പകലും ദൈവം മോശെയോട് അരുളിച്ചെയ്തത് വിശുദ്ധ മന്ദിരമായ തിരുനിവാസം ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള വിവരണങ്ങളായിരുന്നു. എന്നാൽ യിസ്രായേൽ ജനം പാപം ചെയ്ത് ദൈവത്തിൽ നിന്നകന്നതുകൊണ്ട് അതിന് സാധിക്കാതെ വന്നതുകൊണ്ടാണ് മോശെ തന്റെ കൂടാരം പാളയത്തിന് പുറത്ത് ദൂരെ അടിച്ച് അതിന് സമാഗമനകൂടാരം എന്ന് പേരിട്ടത് (പുറ. 33:7).

വിശുദ്ധമന്ദിരമാകുന്ന തിരുനിവാസം ദൈവം കൊടുത്ത മാതൃക പ്രകാരം പണിയുന്നതിന് മോശെയുടെ നേതൃത്വത്തിൽ ജനം ഒന്നു

ചേർന്നു. അവർ അതിനുവേണ്ട സാധനങ്ങൾ സ്വമേധയാ ദാനം ചെയ്തു (പുറ. 35:29). യെഹൂദാ ഗോത്രത്തിൽ ഹൂരിയുടെ മകൻ ബെസേലിനും ദാൻ ഗോത്രത്തിൽ അഹീമാസിന്റെ മകൻ ഒഹൊലീയാബിനും അവ പണിയേണ്ടതിനാവശ്യമായ ജ്ഞാനവും ബുദ്ധിയും ദൈവം നല്കിയിരുന്നു. അവരെക്കൂടാതെ യഹോവ ബുദ്ധിയും ജ്ഞാനവും നല്കിയ ജ്ഞാനികളും അവരോടൊപ്പം പ്രവൃത്തി ചെയ്തു (പുറ. 35:20-35, പുറ. 36:1). സമാഗമനകൂടാരവും അതിലെ ഉപകരണങ്ങളും അവർ പർവ്വതത്തിൽ മോശെയ്ക്ക് കാണിച്ചു കൊടുത്ത മാതൃകപ്രകാരമാണ് പണിതു പൂർത്തീകരിച്ചത് (പുറ. 24:18, അദ്ധ്യായങ്ങൾ 25 മുതൽ 31 വരെ). അവർ തിരുനിവാസം മോശെയുടെ അടുക്കൽ കൊണ്ടുവന്നു; മോശെ പണിയൊക്കെയും നോക്കി, യഹോവ കല്പിച്ചതു പോലെതന്നെ അവർ അത് ചെയ്തു തീർത്തിരുന്നു. മോശെ അതു കണ്ട് അവരെ അനുഗ്രഹിച്ചു (പുറ. 39:43). അവർ മിസ്രയീമിൽ നിന്ന് പുറപ്പെട്ടതിന്റെ രണ്ടാം സംവത്സരം ഒന്നാം മാസം ഒന്നാം തീയതി ദൈവത്തിന്റെ കല്പനപ്രകാരം മോശെ തിരുനിവാസം മരുഭൂമിയിൽ നിവിർത്തു (പുറ. 40:1,2, 40:17).

മോശെ തിരുനിവാസം നിവിർത്ത് അതിന്റെ പ്രവൃത്തി അവസാനിപ്പിച്ചു. അപ്പോൾ മേഘം സമാഗമനകൂടാരത്തെ മൂടി, യഹോവയുടെ തേജസ്സ് തിരുനിവാസത്തെ നിറച്ചു. അതുനിമിത്തം മോശെയ്ക്ക് തിരുനിവാസത്തിന് അകത്ത് പ്രവേശിപ്പാൻകഴിഞ്ഞില്ല. പകൽ സമയത്ത് അതിന്മേൽ യഹോവയുടെ മേഘവും രാത്രിസമയത്ത് അതിൽ അഗ്നിയും ഉണ്ടായിരുന്നു. മേഘം തിരുനിവാസത്തിൽനിന്ന് ഉയരുമ്പോൾ യിസ്രായേൽ മക്കൾ യാത്ര പുറപ്പെടുകയും, മേഘം ഉയരാതിരുന്നാൽ അത് ഉയരും നാൾവരെ അവർ യാത്ര പുറപ്പെടാതിരിക്കുകയും ചെയ്യുമായിരുന്നു (പുറ. 40:34-38).

യിസ്രായേൽ മക്കൾ ഒന്നുചേർന്ന് പണിത് നിവർത്തിയ സമാഗമനകൂടാരത്തിൽവച്ചാണ് പിന്നീട് ദൈവം മോശെയോട് അരുളിച്ചെയ്തത്. സമാഗമനകൂടാരത്തിൽവച്ച് ദൈവം മോശെയോട് അരുളിച്ചെയ്തത് യാഗങ്ങളെക്കുറിച്ചും പൌരോഹിത്യ ശുശ്രൂഷയെക്കുറിച്ചുമുള്ള വിവരങ്ങളായിരുന്നു. അതെക്കുറിച്ചാണ് ലേവ്യപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിനോടകം ദൈവസാന്നിദ്ധ്യം യിസ്രായേൽ ജനത്തിന്റെ മദ്ധ്യത്തിൽ വസിക്കത്തക്കവണ്ണം ദൈവജനമായ യിസ്രായേൽ ആത്മീയ അഭിവൃദ്ധി പ്രാപിച്ചിരുന്നു.

ഞാൻ യിസ്രായേൽ മക്കളുടെ മദ്ധ്യേ വസിക്കുകയും അവർക്കു ദൈവമായിരിക്കുകയും ചെയ്യും. അവരുടെ മദ്ധ്യേ വസിക്കേണ്ടതിനു അവരെ മിസ്രയീം ദേശത്തുനിന്നും കൊണ്ടുവന്നവനായി അവരുടെ ദൈവമായ യഹോവ ഞാൻ ആകുന്നു എന്നു അവർ അറിയും; ഞാൻ അവരുടെ ദൈവമായ യഹോവ തന്നെ (പുറ. 29:44-46).

യിസ്രായേൽ മക്കളുടെ നടുവിലുള്ള ദൈവത്തിന്റെ നിവാസം അവരാൽ അശുദ്ധമാക്കപ്പെടാതിരിക്കുവാനുള്ള പ്രമാണങ്ങളാണ് ദൈവം അവരെ അറിയിച്ചത്. യിസ്രായേലിന്റെ ദൈവം അവരെ ലോകജാതികളിൽനിന്ന് വേർതിരിച്ചു അവരെ അവന് സ്വന്തജന മാക്കി തീർക്കുന്നതിനുവേണ്ടി അവരും മറ്റുള്ളവരും തമ്മിൽ വ്യക്ത മായ വേർതിരിവ് വച്ചിരുന്നു. അതെക്കുറിച്ച് യഹോവ അവരോട് അരുളിച്ചെയ്തത് ഇപ്രകാരമായിരുന്നു.

യിസ്രായേൽ മക്കളോട് പറയേണ്ടത് എന്തെന്നാൽ; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു; നിങ്ങൾ പാർത്തിരുന്ന മിസ്രയീം ദേശത്തിലെ നടപ്പുപോലെ നിങ്ങൾ നടക്കരുത്; ഞാൻ നിങ്ങളെ കൊണ്ടു പോകുന്ന കനാൻ ദേശത്തിലെ നടപ്പു പോലെയും അരുത്; അവരുടെ മര്യാദ ആചരിക്കരുത് (ലേവ്യ. 18:2-3).

ജാതികളുടെ ഇടയിൽ നടക്കുന്ന മ്ലേച്ഛതകൾ എന്തൊക്കെ യെന്നതിനെക്കുറിച്ച് യിസ്രായേൽ ജനത്തെ അറിയിച്ചിരിക്കുന്നതിൽ വിവാഹം, കുടംബബന്ധങ്ങൾ എന്നിവ സംബന്ധമായ കാര്യങ്ങളെ ക്കുറിച്ച് മാത്രമാണ് നാം ഈ ഗ്രന്ഥത്തിൽ ചിന്തിക്കുന്നത്. അതാണ് ചുവടെ കൊടുത്തിരിക്കുന്നത്.

* അമ്മ, സഹോദരി, അപ്പന്റെ ഭാര്യ, മകൾ, അപ്പന്റെ ഭാര്യയുടെ മ കൾ, അപ്പന്റെ സഹോദരി, അമ്മയുടെ സഹോദരി, ഇളയമ്മ, മരു മകൾ, സഹോദരന്റെ ഭാര്യ, ഒരു സ്ത്രീയും അവളുടെ മകളും, കൊച്ചുമക്കൾ എന്നിവരെ പരിഗ്രഹിക്കരുത്. അത് ദുഷ്കർമ്മം ആകുന്നു. രക്തബന്ധമായ വിവാഹത്തിന് വിലക്ക് ഏർപ്പെടുത്തി യത് ന്യായപ്രമാണകാലം മുതലായിരുന്നു. അതിനു മുമ്പ് അത് നട ന്നിരുന്നുവെങ്കിലും അത് പാപമായി ദൈവം കണക്കിട്ടി രുന്നില്ല.
* ഭാര്യ ജീവിച്ചിരിക്കുമ്പോൾ അവളെ ദുഃഖിപ്പിപ്പാൻ തക്കവണ്ണം അവളുടെ സഹോദരിയെ പരിഗ്രഹിക്കരുത്.
* ഋതു നിമിത്തം അശുദ്ധമായിരിക്കുന്നവൾ, കൂട്ടുകാരന്റെ ഭാര്യ എന്നിവരെ പരിഗ്രഹിക്കരുത്.

* നിന്റെ സന്തതിയിൽ ഒന്നിനെയും മോലെക്കിന് അർപ്പിച്ച് ദൈവത്തിന്റെ നാമം അശുദ്ധമാക്കരുത്.
* സ്ത്രീയോട് എന്നപോലെ പുരുഷന്മാരോട് കൂടെ ശയിക്കരുത്. ഇവയെല്ലാം മ്ലേച്ഛപ്രവൃത്തികളാകുന്നു.
* യാതൊരു മൃഗത്തോടും കൂടെ ശയിച്ച് അതിനാൽ നിന്നെ അശുദ്ധനാക്കരുത്; യാതൊരു സ്ത്രീയും മൃഗത്തോടുകൂടെ ശയിക്കേണ്ടതിന് അതിന്റെ മുമ്പിൽ നില്ക്കയുമരുത്; അത് നികൃഷ്ടമാകുന്നു.

ന്യായപ്രമാണത്തിനു വിരുദ്ധമായി പാപം ചെയ്യുന്നവർക്കുള്ള ശിക്ഷാവിധിയിൽ മരണശിക്ഷയ്ക്കുള്ള പാപപ്രവൃത്തികൾ താഴെപ്പറയുന്നവകളാണ്.

* അപ്പനെയോ അമ്മയെയോ ശപിക്കുന്നവൻ
* മറ്റൊരുത്തന്റെ ഭാര്യയുമായി വ്യഭിചാരം ചെയ്യുന്ന വ്യഭിചാരിയും വ്യഭിചാരിണിയും
* അപ്പന്റെ ഭാര്യയോടുകൂടെ ശയിക്കുന്നവനും അവളും
* മരുമകളോടുകൂടെ ശയിക്കുന്ന അമ്മാവിയപ്പനും മരുമകളും
* സ്ത്രീയോട് എന്നപോലെ പുരുഷനോടുകൂടെ ശയിക്കുന്നവൻ
* സ്ത്രീയെയും അവളുടെ മകളെയും പരിഗ്രഹിച്ചാൽ അവർ മൂന്നുപേരും
* മൃഗത്തോടുകൂടെ ശയിക്കുന്ന പുരുഷൻ, സ്ത്രീ, മൃഗം
* സഹോദരിയെ പരിഗ്രഹിച്ചാൽ അവർ ഇരുവരും
* ഋതുവായ സ്ത്രീയോടുകൂടെ ശയിച്ചാൽ അവർ ഇരുവരും
* അടുത്ത ചാർച്ചക്കാരത്തി, ഇളയമ്മ എന്നിവരോടുകൂടെ ശയിക്കുന്നവൻ
* സഹോദരന്റെ ഭാര്യയെ പരിഗ്രഹിക്കുന്നത് മാലിന്യം; അവർ ഇരുവരും

ഈ മ്ലേച്ഛപ്രവൃത്തികൾ ചെയ്തിരുന്ന ദേശനിവാസികൾ വസിച്ചിരുന്ന കനാൻ ദേശം ദൈവത്തിന് അറപ്പായി തീർന്നതുകൊണ്ടാണ് ദൈവം അവരെ അവിടെ നിന്ന് നീക്കിക്കളഞ്ഞത്. പാലും തേനും ഒഴുകുന്ന ദേശം അവർക്ക് പകരമായി ദൈവത്തിന്റെ വിശുദ്ധ ജനത്തിന് അവകാശമായി കൊടുക്കേണ്ടതിനാണ് ദൈവം അവരെ

ജാതികളിൽനിന്നും വേർതിരിച്ച് അവിടേക്ക് കൊണ്ടുപോയത്. ഇതിൽ നിന്നും വ്യക്തമാക്കപ്പെടുന്നത് വിശുദ്ധമായ കുടുംബ ജീവിതം നയിക്കുന്നത് ദൈവത്തിന്റെ സ്വന്തജനമായി തീരുന്നതിനുള്ള സുപ്രധാനഘടകമാകുന്നു എന്നുള്ളതാണ്.

> നിങ്ങൾ എനിക്കു വിശുദ്ധന്മാരായിരിക്കേണം; യഹോവയായ ഞാൻ വിശുദ്ധനാകകൊണ്ടു നിങ്ങളും എനിക്കു വിശുദ്ധന്മാരായിരിക്കേണം; നിങ്ങൾ എനിക്കുള്ളവരായിരിക്കേണ്ടതിനു ഞാൻ നിങ്ങളെ ജാതികളിൽ നിന്ന് വേർതിരിച്ചിരിക്കുന്നു (ലേവ്യ. 20:26).

ദൈവീകപ്രമാണം ലഭിച്ച യിസ്രായേൽ ജനത്തെ ആളാംപ്രതി പേർ വഴി ചാർത്തി സംഘത്തിന്റെ ആകത്തുക എടുക്കേണം എന്ന് ദൈവം മോശെയോട് സീനായിൽവെച്ച് അരുളിച്ചെയ്തു (സംഖ്യ.1:1–2). അതിൻപ്രകാരം മോശെ കണക്കെടുത്തതുകൊണ്ടാണ് തിരുവചനത്തിലെ നാലാമത്തെ പുസ്തകത്തിന് സംഖ്യാ പുസ്തകം എന്ന് പരിശുദ്ധാത്മാവ് പേരിട്ടിരിക്കുന്നത്. മിസ്രയീമിൽ നിന്ന് പുറപ്പെട്ടപ്പോൾ പുരുഷന്മാരുടെ എണ്ണം ഏകദേശം ആറു ലക്ഷമായിരുന്നു. മോശെ സീനായി പർവ്വതത്തിൽവച്ച് ജനത്തിന്റെ കണക്ക് എടുത്തപ്പോൾ ലേവ്യഗോത്രം ഒഴികെ മറ്റു ഗോത്രങ്ങളിൽ നിന്ന് ഇരുപത് വയസ്സിന് മുകളിലോട്ട് യുദ്ധത്തിന് പുറപ്പെടുവാൻ പ്രാപ്തിയുള്ള പുരുഷന്മാരുടെ എണ്ണം ആറുലക്ഷത്തി മൂവായിരത്തഞ്ഞൂറ്റമ്പത് പേരായിരുന്നു. അതേത്തുടർന്നാണ് യിസ്രായേൽ കുടുംബങ്ങളും ഗോത്രങ്ങളും പാളയങ്ങളുമായി വിഭജിക്കപ്പെട്ടത്.

ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരമായിരുന്നു യിസ്രായേൽ എന്ന സ്വന്തജനത്തിന്റെ മദ്ധ്യത്തിൽ ദൈവസാന്നിദ്ധ്യം വസിപ്പാനുള്ള തിരുനിവാസം നിഴലായി നിവർക്കപ്പെട്ടത്. കർത്താവിന്റെ ആയിരമാണ്ടു വാഴ്ചയിലാണ് അത് ഭൂമിയിൽ അക്ഷരീകമായി നിറവേറപ്പെടുന്നത്. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും മാനവരാശിയോടുള്ള ബന്ധത്തിലെ ദൈവീകനിത്യതയിലാണ് അത് പൊരുളായി സമ്പൂർത്തീകരിക്കപ്പെടുന്നത്. പുതുവാനഭൂമിയിൽ സമ്പൂർണ്ണമായി നിവർത്തീകരിക്കപ്പെടുവാനുള്ളതിന്റെ നിഴലായിരുന്നു സീനായി പർവ്വതത്തിൽ യിസ്രായേൽ ജനം പാളയമടിച്ച് പാർക്കുവാൻ തുടങ്ങിയതോടെ ആരംഭിച്ചത്.

തിരുവാസത്തിനു ചുറ്റും പാളയമിറങ്ങുന്നത് ലേവ്യരുടെ പാളയമാണ്. അവരിൽ മോശെയും അഹരോനും അവന്റെ പുത്രന്മാരും

പൌരോഹിത്യശുശ്രൂഷ ചെയ്യുന്നവരായതുകൊണ്ട് **കിഴക്കു**വശത്തായിട്ടായിരുന്നു അവരുടെ സ്ഥാനം. **പടിഞ്ഞാറ്** ഗേർശേന്യകുടുംബം, **തെക്ക്** കെഹാത്യകുടുംബം, **വടക്ക്** മെരാര്യകുടുംബം ഇവർ തിരുനിവാസത്തിലെ ജോലി സംബന്ധമായ കാര്യങ്ങൾ ചെയ്യുന്നവരായിരുന്നു. ദൈവം വിഭാവനം ചെയ്തതുപോലെ തിരുനിവാസത്തിനു ചുറ്റും ലേവിഗോത്രം പാളയമിറങ്ങി. അതിനുശേഷം അവരുടെ ചുറ്റിലുമായിട്ടാണ് **നാലു പാളയങ്ങൾ** അവരവരുടെ കൊടിക്കീഴിൽ നാലു ദിക്കുകളിലായിട്ട് പാളയമിറങ്ങിയിരുന്നത്. **യെഹൂദാ** ഗോത്രത്തിന്റെ കൊടിക്കീഴിൽ സമാഗമനകൂടാരത്തിനു കിഴക്ക് പാളയമിറങ്ങിയിരുന്നത് യെഹൂദാ, യിസ്സാഖാർ, സെബൂലൻ എന്നീ മൂന്ന് ഗോത്രങ്ങളായിരുന്നു. തെക്ക് വശത്ത് **രൂബേന്റെ** ഗോത്രത്തിന്റെ കൊടിക്കീഴിൽ പാളയമിറങ്ങിയിരുന്നത് രൂബേൻ, ശിമെയോൻ, ഗാദ് എന്നീ മൂന്ന് ഗോത്രങ്ങളായിരുന്നു.

യിസ്രായേൽ പാളയങ്ങൾ പുറപ്പെടുമ്പോൾ കിഴക്കും തെക്കുമുള്ള രണ്ട് പാളയങ്ങളാണ് ആദ്യം പുറപ്പെടുക. അതിനുശേഷമാണ് സമാഗമനകൂടാരം പാളയത്തിന്റെ നടുവിൽ ലേവ്യാപാളയവുമായി പുറപ്പെട്ടിരുന്നത്. പടിഞ്ഞാറ് പാളയമിറങ്ങിയിരുന്നത് എഫ്രയീമിന്റെ കൊടിക്കീഴിലുള്ള **എഫ്രയീം** പാളയമായിരുന്നു. ആ പാളയത്തിൽ ഉൾപ്പെട്ടിരുന്നത് എഫ്രയീം, മനശ്ശെ, ബെന്യാമീൻ എന്നീ ഗോത്രങ്ങളായിരുന്നു. വടക്ക് വശത്ത് പാളയമിറങ്ങിയിരുന്നത് **ദാൻ** ഗോത്രത്തിന്റെ കൊടിക്കീഴിലുള്ളവരായിരുന്നു. അവരിലുൾപ്പെട്ടിരുന്ന ഗോത്രങ്ങൾ ദാൻ, ആശേർ, നഫ്താലി എന്നിവരായിരുന്നു.

സമ്മിശ്രജാതിയായി മിസ്രയീമിൽനിന്ന് പുറപ്പെട്ട യിസ്രായേൽ മക്കൾ സീനായിയിൽ വെച്ച് കുടുംബങ്ങളും ഗോത്രങ്ങളും പാളയങ്ങളുമായി സമാഗമനകൂടാരത്തിനു ചുറ്റും വിന്യസിക്കപ്പെട്ടിരുന്നു. ദൈവവും മനുഷ്യരും തമ്മിലുള്ള സമ്പർക്കത്തിന് മുടക്കം വരാത്തവിധം വാഗ്ദത്തജനമായ യിസ്രായേൽ ഭൂമിയിൽ ഒരു രാഷ്ട്രം എന്ന നിലയിൽ സീനായി പർവ്വതത്തിൽവെച്ച് സമാഗമനകൂടാരത്തിനു ചുറ്റും രൂപപ്പെട്ടു. അതേത്തുടർന്നുള്ള ദൈവീകപദ്ധതി ദൈവം യിസ്രായേൽ ജനത്തിന് വാഗ്ദത്തം ചെയ്ത കനാൻ ദേശം കൈവശമാക്കുവാൻ അവരെ പ്രയാണം ചെയ്യിപ്പിക്കുക എന്നതായിരുന്നു. രണ്ടാം സംവത്സരം ഒന്നാം മാസം പതിനാലാം തീയതി അവർ മരുഭൂമിയിൽവച്ച് പെസഹാ ആചരിച്ചു. ആ വർഷം രണ്ടാം

മാസം ഇരുപതാം തീയതി മേഘം സാക്ഷ്യനിവാസത്തിൽനിന്ന് പൊങ്ങി. അപ്പോൾ യിസ്രായേൽ മക്കൾ സീനായി മരുഭൂമിയിൽനിന്ന് യാത്ര പുറപ്പെട്ടു.

ദൈവം മാനവരാശിയുടെ കുടുംബങ്ങളോടുള്ള ബന്ധത്തിൽ ന്യായപ്രമാണയുഗത്തിന്റെ ആരംഭത്തിൽ ഉദ്ദേശിച്ചിരുന്ന കാര്യങ്ങളാണ് യിസ്രായേൽ ജനതയോടുള്ള ബന്ധത്തിൽ പൂർത്തീകരിക്കപ്പെട്ടത്. അവ ഓരോന്നുമാണ് ചുവടെ കുറിച്ചിരിക്കുന്നത്.

* പത്ത് കല്പനകളും നിയമങ്ങളും ജനത്തെ അറിയിച്ചു
* സമാഗമനകൂടാരവും അതിലെ ഉപകരണങ്ങളും നിർമ്മിക്കപ്പെട്ടു.
* യിസ്രായേൽഗോത്രങ്ങൾ അഞ്ചു പാളയങ്ങളായി വിഭജിക്കപ്പെട്ടു.
* പാളയങ്ങൾ പുറപ്പെടുന്നതിന്റെ ക്രമം നിശ്ചയിക്കപ്പെട്ടു; അവർ അതനുസരിച്ച് പുറപ്പെട്ടു.

അനവധി പ്രതിബന്ധങ്ങളെയും പ്രശ്നങ്ങളെയും തരണം ചെയ്ത് ദൈവീക നിർണയപ്രകാരം യിസ്രായേൽ ജനം കനാൻ ദേശമെന്ന അവരുടെ വാഗ്ദത്തദേശത്ത് എത്തിച്ചേർന്നു. ന്യായപ്രമാണയുഗത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശത്തിന്റെ പ്രാരംഭഘട്ടമാണ് യിസ്രായേൽ ജനം വാഗ്ദത്തദേശത്ത് കാലുകുത്തിയതോടെ പൂർത്തീകരിക്കപ്പെട്ടത്. ന്യായപ്രമാണയുഗത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള പൊതു പഠനത്തിലായിരുന്നു നാം ഇതുവരെ ആയിരുന്നത്. അതിൽ അനേകം കുടുംബങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അവരിൽ ഏറ്റവും ശക്തനായിരുന്ന മോശെയുടെ കുടുംബജീവിതത്തെക്കുറിച്ച് ദൈവത്തിനുണ്ടായിരുന്ന ഉദ്ദേശത്തെക്കുറിച്ച് ചിന്തിച്ച് ഈ ഭാഗത്തിന്റെ പഠനം പൂർത്തീകരിക്കുന്നു.

**ന്യായപ്രമാണയുഗത്തിലെ മോശെയുടെ കുടുംബജീവിതം**

യാക്കോബ് എന്ന യിസ്രായേലിന്റെ മക്കൾ മിസ്രയീംദേശത്തേക്ക് ഇറങ്ങിച്ചെല്ലുകയും അധികം താമസിയാതെ അവർ മിസ്രയീമ്യ അടിമത്തത്തിലേക്ക് പ്രവേശിക്കപ്പെടുകയും ചെയ്തു. അവർ അവിടെയായിരുന്ന നാനൂറ്റിമുപ്പത് സംവത്സരത്തിലും ദൈവം പിതാക്കന്മാരോടുള്ള ബന്ധത്തിൽ വിഭാവനം ചെയ്തിരുന്ന കുടുംബജീവിതം നയിച്ചവരായിരുന്നു. അപ്രകാരമുണ്ടായിരുന്ന ഒരു കുടുംബത്തിലാണ് മോശെ എന്ന ദൈവപുരുഷൻ ജനിച്ചത്.

അമ്രാം തന്റെ പിതാവിന്റെ സഹോദരിയായ യോഖേബെദിനെ വിവാഹം കഴിച്ചു. അവൾ അവനു അഹരോനെയും മോശെയെയും പ്രസവിച്ചു (പുറ. 6:20)

യിസ്രായേൽ എന്ന യാക്കോബിന്റെ മകനായിരുന്നു ലേവി. അവന്റെ മകൻ കെഹാത്തിന്റെ മകനായിരുന്നു അമ്രാം. അമ്രാം വിവാഹം കഴിച്ചത് ലേവ്യകന്യകയായ ലേവിയുടെമകൾ യോഖേബെദിനെയാണ് (സംഖ്യ. 28:57-59). അവൾ അമ്രാമിന്റെ പിതാവായ കെഹാത്തിന്റെ സഹോദരിയായിരുന്നു. അവർക്ക് അഹരോൻ ജനിച്ചു, അവന് മൂന്നു വയസ്സുള്ളപ്പോളാണ് അവന്റെ അനുജൻ മോശെ ജനിച്ചത്. മിസ്രയീമിൽ മോശെ ജനിച്ച സമയത്ത് എബ്രായർക്ക് ജനിക്കുന്ന സകല ആൺകുട്ടികളെയും നൈൽ നദിയിൽ ഇട്ടുകളയണമെന്നുള്ള ഫറവോന്റെ കല്പനയുണ്ടായിരുന്ന കാല മായിരുന്നു. മോശെ ജനിച്ചപ്പോൾ ദിവ്യസുന്ദരനായിരുന്നതുകൊണ്ട് മാതാപിതാക്കൾ അവനെ മൂന്നു മാസം ഒളിപ്പിച്ചുവച്ചു. പിന്നെ അതിന് കഴിയാതെവന്നപ്പോൾ അവന്റെ അമ്മ ഒരു ഞാങ്ങണ പെട്ടകം വാങ്ങി പശയും കീലും തേച്ച് പൈതലിനെ അതിൽ കിടത്തി നദി അരികെ ഞാങ്ങണയുടെ ഇടയിൽ വച്ചു. ഫറവോന്റെ മകൾ ദാസി മാരുമായി നദിയിൽ കുളിക്കാൻ വന്നപ്പോൾ പെട്ടകം കണ്ടു. അത് ദാസിമാരെക്കൊണ്ട് എടുപ്പിച്ച് തുറന്നു നോക്കിയപ്പോൾ ഒരു പൈതലിനെ കണ്ടു. പൈതൽ എബ്രായരുടെ പൈതൽ എന്നു കണ്ടിട്ടും ഫറവോന്റെ മകൾക്ക് അവനോട് അലിവു തോന്നി.

മോശെയുടെ മൂത്ത പെങ്ങൾ മിര്യാം നദിക്കരികെ മോശെയ്ക്ക് എന്തു ഭവിക്കുമെന്ന് അറിയുവാൻ നോക്കി നിന്നിരുന്നു. അവൾ ഫറവോന്റെ മകളുടെ അടുക്കൾ ചെന്നു. ഈ പൈതലിന് മുലകൊടുക്കേണ്ടതിന് ഒരു എബ്രായ സ്ത്രീയെ വിളിച്ചുകൊണ്ടു വരണമോ എന്നു ചോദിച്ചു. അതിന് അവൾ സമ്മതിച്ചപ്പോൾ മിര്യാം ചെന്ന് അവന്റെ അമ്മയെ വിളിച്ചുകൊണ്ടുചെന്നു. ഫറവോന്റെ പുത്രിയുടെ ആജ്ഞപ്രകാരം അവന് മുലകൊടുത്ത് വളർത്തി. അതിന് ഫറവോന്റെ മകൾ മോശെയുടെ അമ്മയ്ക്ക് ശമ്പളം കൊടുത്തു. പൈതൽ വളർന്നപ്പോൾ അവനെ ഫറവോന്റെ മകളുടെ അടുക്കൽ കൊണ്ടുപോയി, അവൾ അവനെ വെള്ളത്തിൽനിന്ന് വലിച്ചെടുത്തു എന്ന് അർത്ഥമുള്ള മോശെ എന്നു പേരിട്ടു. അങ്ങനെ മോശെ ഫറവോന്റെ മകൾക്ക് മകനായി. അവൻ ഫറവോന്റെ കൊട്ടാരത്തിൽ വളർന്നു; മിസ്രയീമിന്റെ സകലജ്ഞാനവും അഭ്യസിച്ച് വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീർന്നു.

ദൈവപുരുഷനായ മോശെ എബ്രായനായി ജനിച്ചു. മിസ്രയീമ്യനായി ഫറവോന്റെ കൊട്ടാരത്തിൽ വളർന്നു. സ്വന്തജനത്തിന്റെ സ്ഥിതി അന്വേഷിച്ച് അവരുടെ ഇടയിലേക്ക് മോശെ നാല്പതാമത്തെ വയസ്സിൽ ഇറങ്ങിച്ചെന്നു. അവന്റെ സഹോദരന്മാരിൽ ഒരുത്തനെ ഒരു മിസ്രയീമ്യൻ അടിക്കുന്നതു കണ്ട് അവൻ അങ്ങോട്ടും ഇങ്ങോട്ടും നോക്കിയിട്ട് ആരും ഇല്ലെന്ന് കണ്ടപ്പോൾ മിസ്രയീമ്യനെ മോശെ മിസ്രയീമ്യ അഭ്യാസത്തിന്റെ കൈക്കരുത്ത് ഉപയോഗിച്ച് അടിച്ചുകൊന്ന് മണലിൽ മറവുചെയ്തു. അടുത്ത ദിവസം എബ്രായദാസന്മാർ തമ്മിൽ ശണ്ഠയിടുന്നതുകണ്ടു. അന്യായം ചെയ്തവനോട്: നിന്റെ കൂട്ടുകാരനെ അടിക്കുന്നത് എന്ത് എന്നു മോശെ ചോദിച്ചതിന് അവൻ മറുപടി പറഞ്ഞത് നിന്നെ ഞങ്ങൾക്കു പ്രഭുവും ന്യായധിപതിയും ആക്കിയവൻ ആർ? മിസ്രയീമ്യനെ കൊന്നതുപോലെ എന്നെയും കൊല്ലുവാൻ ഭാവിക്കുന്നുവോ എന്നായിരുന്നു.

മിസ്രയീമ്യനെ കൊന്നകാര്യം ദേശത്ത് പ്രസിദ്ധമായി എന്നും അത് ഫറവോന്റെ ശ്രദ്ധയിൽപ്പെട്ടുവെന്നും അവനെ കൊല്ലുവാൻ ഫറവോൻ അന്വേഷിക്കുന്നു എന്നും കേട്ടാറെ മോശെ ഫറവോന്റെ സന്നിധിയിൽനിന്ന് ഓടിപ്പോയി മിദ്യാൻ ദേശത്ത് പാർത്തു. മോശെയുടെ ജനനം മുതൽ അവന്റെ നാല്പത് വയസ്സുവരെയുള്ള ഫറവോന്റെ കൊട്ടാരത്തിലെ ജീവിതത്തിന് അന്ത്യം കുറിച്ച സംഭവമായിരുന്നു അത്. മിസ്രയീമിൽനിന്നും പ്രാണരക്ഷാർത്ഥം ഓടിപ്പോയ മോശെയെ ദൈവം എത്തിച്ചത് മിദ്യാനിലായിരുന്നു. അവിടെയാണ് അവന്റെ കുടുംബജീവിതത്തിന് ആരംഭം കുറിച്ചത്.

മിദ്യാനിൽ ചെന്നുപാർത്ത മോശെ ഒരു കിണറിനരികെ ഇരിക്കുമ്പോൾ മിദ്യാനിലെ പുരോഹിതന്റെ ഏഴു പുത്രിമാർ അവിടെ വന്ന് അപ്പന്റെ ആടുകളെ കുടിപ്പിക്കുവാൻ വെള്ളം കോരി തൊട്ടികൾ നിറച്ചുവച്ചു. എന്നാൽ പ്രാകൃതരായ അവിടുത്തെ ഇടയന്മാർ പെൺകുട്ടികളെ ആട്ടിക്കളഞ്ഞ് അവർ കോരിവയ്ക്കുന്ന വെള്ളം തങ്ങളുടെ ആടുകളെ കുടിപ്പിക്കുന്നത് നിത്യസംഭവമായിരുന്നു. അതു കണ്ട മോശെ മിദ്യാനിലെ പുരോഹിതന്റെ പുത്രിമാരെ സഹായിച്ച് അവരുടെ ആടുകളെ കുടിപ്പിച്ചു. അന്ന് പതിവിലും നേരത്തെ തന്റെ പുത്രിമാർ ആടുകളുമായി വീട്ടിൽ എത്തിയതിന്റെ കാര്യം തിരക്കിയപ്പോൾ അവർ പറഞ്ഞത് ഒരു മിസ്രയീമ്യൻ അവരെ സഹായിച്ചു എന്നായിരുന്നു. അതു കേട്ടാറെ യിത്രോ പറഞ്ഞതനുസരിച്ച് അവർ

മോശെയെ വീട്ടിലേക്ക് ക്ഷണിച്ചു. മോശെയ്ക്ക് അവനോടുകൂടെ പാർക്കുന്നതിന് സമ്മതമായി. അപരിചിതനായ മോശെയെ വീട്ടിൽ താമസിപ്പിക്കുവാനും തന്റെ മകൾ സിപ്പോറയെ അവന് ഭാര്യയായി കൊടുക്കുന്നതിനും യിത്രോ തീരുമാനിച്ചത് അവൻ മോശെയിൽ ചുരുങ്ങിയ സമയംകൊണ്ട് കണ്ട സ്വഭാവസവിശേതയായിരുന്നു.

മിസ്രയീമിൽ രാജകുമാരതുല്യനായി വളർന്ന മോശെ അഹങ്കാരിയായിരുന്നില്ല. അവൻ മറ്റുള്ളവർ അന്യായം ചെയ്യുന്നത് കണ്ടാൽ സഹിക്കാത്തവനും അന്യായം സഹിക്കുന്നവരെ സഹായിക്കുന്നതിൽ ശുഷ്കാന്തിയുള്ള മാന്യനായ ഒരു യൗവനക്കാരനായിരുന്നു. യിത്രോ അവന്റെ ആടുകളെ മേയിക്കുന്ന ഉത്തരവാദിത്വം അവനെ ഏല്പിച്ചു. അങ്ങനെ മോശെ നാല്പതു വർഷം അമ്മാവിയപ്പന്റെ ആടുകളെ പരിപാലിച്ചു. അവന് രണ്ട് ആൺമക്കൾ ഇതിനോടകം മിദ്യാനിൽ ആയിരിക്കുമ്പോൾ ജനിച്ചു. അന്യദേശത്ത് പരദേശി എന്ന അർത്ഥം വരുന്ന ഗേർശോം എന്ന് മൂത്തമകന് അവൻ പേരിട്ടു. രണ്ടാമത്തവന് പിതാവിന്റെ ദൈവം എനിക്ക് തുണയായി എന്നർത്ഥമുള്ള എലീയേസർ എന്നാണ് പേരിട്ടത്.

മോശെ വളർന്ന സാഹചര്യത്തിൽ അവൻ കൊട്ടാരത്തിൽ വളർന്നിരുന്നുവെങ്കിൽ രാജകീയ പ്രൗഢിയോടെ വിവാഹം കഴിച്ച് കുടുംബസമേതം ഉല്ലാസത്തോടെ മിസ്രയീമിൽ ഫറവോനായി വാഴാമായിരുന്നു. മോശെ പ്രതിഫലം നോക്കിയപ്പോൾ അവനു ലഭിക്കാമായിരുന്ന രാജകീയനന്മകളെല്ലാം ഉപേക്ഷിച്ചത് അതെല്ലാം താല്കാലികമാണെന്നുള്ള ആത്മീകചിന്ത അവനിൽ ഉടലെടുത്തതുകൊണ്ടായിരുന്നു. അതുകൊണ്ടാണ് പിതാക്കന്മാരോടുള്ള വാഗ്ദത്ത പ്രകാരം ദൈവികപദ്ധതിയിൽ പങ്കാളിയായിത്തീർന്ന് ക്രിസ്തുവിന്റെ നിന്ദ സഹിക്കുന്നത് വലിയ ധനമെന്ന് അവൻ കരുതിയത്. അപ്രകാരം ദൈവീകവാഗ്ദത്തം മുമ്പിൽ കണ്ട് ഇറങ്ങിത്തിരിച്ചവന് ദൈവം ഒരുക്കിയത് നാല്പതു വർഷത്തെ മിദ്യാൻ ദേശത്തുള്ള ഒരു സാധാരണ കുടുംബജീവിതമായിരുന്നു. അവിടെ അവൻ സമർത്ഥനായ ഒരു ആട്ടിടയനും സ്നേഹവാനായ ഭർത്താവും രണ്ട് ആൺമക്കളുടെ പിതാവും ഉത്തമനായ ഒരു മരുമകനും ഒക്കെയായി മിദ്യാനിൽ പാർത്തു.

മിസ്രയീമിൽ രാജകീയ ജീവിതത്തിനുള്ള അനുകൂല സാഹചര്യങ്ങളെല്ലാമുണ്ടായിരുന്ന മോശെയുടെ കുടുംബജീവിതത്തെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം ഇപ്രകാരം ആയിരുന്നുവെങ്കിൽ മോശെ

ജനിക്കുന്നതിന് ഏകദേശം നാനൂറ്റമ്പതു വർഷം മുമ്പ് മിസ്രയീമിൽ എത്തിച്ചേർന്ന അടിമച്ചെറുക്കനായ യോസേഫിന്റെ കുടുംബജീവിതം മോശെയുടെ കുടുംബജീവിതത്തിൽനിന്നും വ്യത്യസ്ഥമായിരുന്നു. സ്വന്ത സഹോദരന്മാരാൽ ദ്വേഷിക്കപ്പെട്ട് അടിമയായി വില്ക്കപ്പെട്ട യോസേഫ് ദൈവഭയത്തിൽ വിശുദ്ധിയെ കാത്തുസൂക്ഷിച്ച് ജീവിച്ചതിനാലാണ് മിസ്രയീമിലെ കാരാഗൃഹ ത്തിൽ അടയ്ക്കപ്പെട്ടത്. എന്നാൽ ദൈവം അവനോടു കൂടെയിരുന്നു; അവനെ തക്കസമയത്ത് ഉയർത്തി മിസ്രയീമിലെ പ്രധാനമന്ത്രിയാക്കി. മിസ്രയീം രാജാവായ ഫറവോനാണ് യോസേഫിന്റെ വിവാഹം ആലോചിച്ച് നടത്തിക്കൊടുത്തത്. അവനു ലഭിച്ചത് മിസ്രയീമിലെ രാജകീയ വിവാഹം ആയിരുന്നു. എന്നാൽ ഫറവോന്റെ കൊട്ടാരത്തിൽ വളർന്നവനും രാജകീയസാഹചര്യം എല്ലാം ഉണ്ടായിരുന്നവനുമായ മോശെയുടെ കുടുംബജീവിതം ദൈവം പണിതെടുത്തത് മിദ്യാനിലെ ഒരു ആട്ടിടയനായിട്ടായിരുന്നു.

മിദ്യാനിൽ ദൈവം അവനു കൊടുത്ത കുടുംബത്തെ ദൈവപുരുഷനായ മോശെ ആഴമായി സ്നേഹിച്ചിരുന്നു. അതിന്റെ തെളിവാണ് യിസ്രായേൽ ജനത്തെ മിസ്രയീമിൽനിന്ന് വിടുവിപ്പാനുള്ള നിയോഗം ലഭിച്ചപ്പോൾ അവൻ അവരെ മിദ്യാനിൽ ഉപേക്ഷിക്കാതെ അവനോടൊപ്പം അവരെ കൊണ്ടുപോയതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്. മോശെയുടെ ഭാര്യയോടും മക്കളോടും മാത്രമല്ല അവന്റെ ഭാര്യയുടെ വീടുമായി അവന് നല്ല സ്നേഹബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണ് യിത്രോയും കുടുംബവും അവരുടെ മകളായ സിപ്പോറെയും കൊച്ചുമക്കളെയും യാതൊരും മടിയും കൂടാതെ സന്തോഷത്തോടെ അവനോടൊപ്പം യാത്ര അയച്ചത്. മിദ്യാനിൽ നിന്ന് മിസ്രയീമിലേക്ക് പുറപ്പെടുന്നതിനു മുമ്പ് മോശെ അമ്മാവിയപ്പന്റെ ആടുകളെ അവന് തിരികെ ഏല്പിച്ചു. മോശെ മിദ്യാനിലെ അവന്റെ സകല ഉത്തരവാദിത്വങ്ങളും യിത്രോവിനെ ഭരമേല്പിച്ചതിനു ശേഷം അവൻ കുടുംബസമേതം ദൈവനിയോഗത്തിന്റെ നിർവഹണത്തിനായിട്ടാണ് മിസ്രയീമിലേക്ക് പുറപ്പെട്ടത്.

മിസ്രയീമിലെ ദൈവീക പദ്ധതിയുടെ ദൗത്യനിർവ്വഹണത്തിൽ മുഴുകിയ മോശെ വളരെയധികം തിരക്കുള്ളവനായിരുന്നു. അതുകൊണ്ട് യിസ്രായേൽ ജനം മിസ്രയീമിയിലെ രമെസേസിൽ നിന്ന് പുറപ്പെടുന്നതിനു മുമ്പ് മോശെ തന്റെ ഭാര്യയെയും മക്കളെയും മിദ്യാനിലേക്ക് മടക്കി അയച്ചിരുന്നു. ഹാമിന്റെ ദേശത്തുനിന്ന്

സ്വതന്ത്രമാക്കപ്പെട്ട യിസ്രായേൽ മക്കൾ പുറപ്പെട്ടതിന്റെ മൂന്നാം മാസം പതിനഞ്ചാം തീയതി അവർ സുരക്ഷിതരായി സീനായി പർവ്വതമെന്ന ഹോറേബിൽ എത്തിച്ചേർന്നു. ആ വിവരം അറിഞ്ഞ് യിത്രോ മോശെ മടക്കി അയച്ചിരുന്ന അവന്റെ ഭാര്യയെയും മക്കളെയുമായി മോശെയുടെ അടുക്കൽ വന്നു. അതറിഞ്ഞ മോശെ ബദ്ധപ്പാടുകളുടെ മധ്യത്തിലും അവൻ ചെന്ന് തന്റെ അമ്മാവിയപ്പനെ ബഹുമാനപുരസ്സരം സ്വീകരിച്ചു.

> മോശെ തന്റെ അമ്മായപ്പനെ എതിരേല്പാൻ ചെന്നു വണങ്ങി അവനെ ചുംബിച്ചു; അവർ തമ്മിൽ കുശലപ്രശ്നം ചെയ്തു കൂടാരത്തിൽ വന്നു (പുറ, 18:7)

ഇരുപത്തിയഞ്ച് ലക്ഷത്തിലധികം ജനത്തിന് നേതൃത്വം വഹിച്ചിരുന്ന മോശെ അവൻ ചെന്ന് തന്റെ അമ്മാവിയപ്പനെയും അവനോടുകൂടെ വന്ന സിപ്പോറായെയും മക്കളെയും ചെന്നു സ്വീകരിച്ചത് മോശെയുടെ അമ്മാവിയപ്പനോടുള്ള ബഹുമാനത്തെയും അവന്റെ കുടുംബത്തോടുള്ള സ്നേഹത്തെയുമാണ് വെളിപ്പെടുത്തുന്നത്. അതുപോലെ അഹരോനും യിസ്രായേൽ മൂപ്പന്മാരും എല്ലാവരും വന്ന് യിത്രോവിനോടുകൂടെ ദൈവസന്നിധിയിൽ ഒന്നിച്ച് ഭക്ഷണം കഴിച്ചതും അവനോടുള്ള ആദരസൂചകമായിട്ടായിരുന്നു. അന്ന് മോശെയോടും കുടുംബത്തോടും കൂടെ സീനായി മരുഭൂമിയിൽ താമസിച്ചതിനു ശേഷം അടുത്ത ദിവസമാണ് യിത്രോ സ്വദേശമായ മിദ്യാനിലേക്ക് പുറപ്പെട്ടത്. ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് മോശെ തന്റെ ഭാര്യാകുടുംബവുമായി നല്ല ഊഷ്മളബന്ധത്തിലായിരുന്നു എന്നതാകുന്നു. ഉത്തമനായ ഒരു പുരുഷനോടൊപ്പം തന്റെ മകളെ വിവാഹം കഴിപ്പിച്ചതിൽ ആ പിതാവ് സന്തുഷ്ടനായിരുന്നു. വലിയ ഉത്തരവാദിത്വമുണ്ടായിരുന്ന മരുമകനായ മോശെയിൽനിന്ന് അന്നു യിത്രോവിനു ലഭിച്ചതുപോലെയുള്ള ബഹുമാനം ഇന്നത്തെ സാഹചര്യത്തിൽ ഒരു അമ്മാവിയപ്പന് ലഭിക്കുന്നത് വിരളമായിരിക്കും.

രാവിലെ മുതൽ ജനം അവരുടെ വിഷയങ്ങളുടെ പരിഹാരത്തിനായി മോശെയുടെ അടുക്കൽ വന്ന് കൂടിനില്ക്കുന്നത് കണ്ട യിത്രോ അവനോട് പറഞ്ഞുകൊടുത്ത ആലോചന അവൻ സ്വീകരിച്ചു. അതനുസരിച്ചാണ് ആയിരം, നൂറ്, അൻപത് എന്നീ ക്രമത്തിൽ ജനങ്ങൾക്ക് അധിപന്മാരെ മോശെ ജനത്തിന്മേൽ നിയമിച്ചത്. അതിൻപ്രകാരം ചെറിയ കാര്യങ്ങൾ ജനത്തിന്റെ അധിപന്മാർ പരിഹരി

ക്കുകയും അവർക്കു പരിഹരിക്കുവാൻ കഴിയാത്ത കാര്യങ്ങൾ മാത്രം മോശെ പരിഹരിക്കുകയും ചേയ്തു. യിത്രോവിന്റെ മരുമകനായ മോശെയും യിസ്രായേൽ ജനവും ക്ഷീണിച്ചുപോകാതിരിക്കുവാൻ യിത്രോ മോശെയ്ക്ക് ഉപദേശിച്ചുകൊടുത്തത് മോശെയ്ക്കും യിസ്രായേൽ ജനത്തിനും ഉപകാരപ്രദമായിത്തീർന്നു. അതുനിമിത്തം മോശെയുടെ വലിയ ഭാരം കുറഞ്ഞു. മോശെ തന്റെ അമ്മാവിയപ്പനെ സന്തോഷത്തോടെ സ്വദേശത്തേക്ക് യാത്രയയച്ചു. ദൈവത്തിന്റെ ഹിതപ്രകാരമുള്ള ഉറ്റ സ്നേഹബന്ധമായിരുന്നു മോശെയ്ക്ക് ഭാര്യാപിതാവായ യിത്രോവിനോടും അവന്റെ കുടുംബത്തോടും ഉണ്ടായിരുന്നത്. മോശെയെപ്പോലെ ഓരോരുത്തരും ഭാര്യയുടെ കുടുംബവുമായി ഉറ്റസ്നേഹബന്ധം പുലർത്തണമെന്നാണ് ഇത്തരുണത്തിൽ ഓർമ്മിപ്പിക്കുന്നത്.

മോശെയുടെ അളിയൻ ഹോബാബും യിസ്രായേൽ ജനം പാളയം അടിച്ച് കിടന്നിരുന്ന സ്ഥലമായ സീനായി മരുഭൂമിയിൽ വന്ന് അവരോടൊപ്പം പാർത്തിരുന്നു. സീനായി മരുഭൂമിയിൽ വച്ചാണ് യിസ്രായേൽ ജനം ആദ്യമായി അഞ്ച് പാളയങ്ങളായി വിഭജിക്കപ്പെട്ടത്. അവർ വിശുദ്ധ തിരുനിവാസത്തിനു ചുറ്റിലുമായി അതാത് കൊടിക്കീഴിലാണ് പാളയമിറങ്ങിയത്. യിസ്രായേൽ പാളയങ്ങളുടെ പ്രഥമ യാത്ര സീനായി പർവ്വതത്തിൽനിന്ന് പാരാൻ മരുഭൂമിയിലേക്കാണ് പുറപ്പെട്ടത്. മേഘം സാക്ഷ്യകൂടാരത്തിൽനിന്ന് പൊങ്ങിയപ്പോളാണ് അവർ അതനുസരിച്ച് അവിടെനിന്ന് യാത്രപുറപ്പെട്ടത്; യിസ്രായേൽ വംശത്തിൽ ഉൾപെടാത്ത ഹോബാബ് അപ്പോൾ സ്വന്തദേശമായ മിദ്യാനിലേക്ക് മടങ്ങിപ്പോകുവാൻ തീരുമാനമെടുത്തു. അതറിഞ്ഞ മോശെ ഹോബാബ് അന്യദേശക്കാരനായിട്ടും അവനോട് അപേക്ഷിച്ചത് അവരെ വിട്ടുപോകരുതേ എന്നായിരുന്നു.

> പിന്നെ മോശെ തന്റെ അമ്മായപ്പനായ രെയൂവേൽ എന്ന മിദ്യാനന്റെ മകനായ ഹോബാബിനോട്: നിങ്ങൾക്കു ഞാൻ തരുമെന്നു യഹോവ അരുളിച്ചെയ്ത ദേശത്തേക്കു ഞങ്ങൾ യാത്ര ചെയ്യുന്നു; യഹോവ യിസ്രായേലിനു നന്മ ചൊല്ലിയിരിക്കകൊണ്ടു നീ ഞങ്ങളോടു കൂടെ വരിക; ഞങ്ങൾ നിനക്കു നന്മ ചെയ്യും എന്നു പറഞ്ഞു. അവൻ അവനോട്: ഞാൻ വരുന്നില്ല; എന്റെ സ്വദേശത്തേക്കും ചാർച്ചക്കാരുടെ അടുക്കലേക്കും ഞാൻ പോകുന്നു എന്നു പറഞ്ഞു. അതിന് അവൻ: ഞങ്ങളെ വിട്ടു പോകരുതേ; മരുഭൂമിയിൽ ഞങ്ങൾ പാളയമിറങ്ങേണ്ടത് എങ്ങനെ എന്നു നീ അറിയുന്നു; നീ ഞങ്ങൾക്കു കണ്ണായിരിക്കും. ഞങ്ങളുടെ കൂടെ

പോന്നാൽ യഹോവ ഞങ്ങൾക്കു ചെയ്യുന്ന നന്മപോലെ തന്നെ ഞങ്ങൾ നിനക്കും ചെയ്യും എന്നു പറഞ്ഞു (സംഖ്യ. 10:29-32).

മോശെയുടെ അമ്മായപ്പനോടും അളിയനോടുമുള്ള സ്നേഹം എത്ര വലിയതായിരുന്നു എന്നാണ് അവരോടുള്ള ആദരപൂർവ്വമായ അവന്റെ ഇടപെടലിൽനിന്നും വ്യക്തമാക്കപ്പെടുന്നത്. മോശെ അമ്മായപ്പനെയും അളിയനെയും അത്രമാത്രം സ്നേഹിച്ചുവെങ്കിൽ അവൻ നിശ്ചയമായും തന്റെ ഭാര്യ സിപ്പോറായെ സ്വന്ത ശരീരത്തെപ്പോലെ സ്നേഹിച്ചിരുന്നു എന്നതിന് സംശയമേതുമില്ല. മോശെ തന്റെ ഭാര്യയുടെ കുടുംബത്തെ സ്നേഹിച്ചത് അവർക്ക് എന്തെങ്കിലും പ്രത്യേക പദവികളോ സാമ്പത്തിക ഉന്നതികളോ ഉണ്ടായിരുന്നതുകൊണ്ടല്ല. അന്യദേശക്കരായ സിപ്പോറായുടെ കുടുംബത്തെ വാഗ്ദത്തജനമായ യിസ്രായേൽ ജനത്തോടോപ്പം ചേർത്തു നിർത്തുവാൻ തടസ്സങ്ങൾ വളരെയധികം ഉണ്ടായിരുന്നുവെങ്കിലും അവൻ അവരെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു. അതിന്റെ കാരണം നാല്പത് വർഷത്തെ മോശെയുടെ പരദേശവാസത്തിൽ ദൈവഹിതത്താൽ ഒരുക്കപ്പെട്ട മിദ്യാനിലെ യിത്രോവിന്റെ കുടുംബത്തെ മറന്നുകളയുവാൻ അവന് കഴിയുമായിരുന്നില്ല. മോശെയുടെ ബന്ധുവീടിനോടുള്ള ബന്ധത്തിലെ സമീപനത്തിൽനിന്ന് നമുക്ക് ലഭിക്കുന്ന ഗുണപാഠം സമൂഹത്തിൽ വിലയും നിലയും ഉണ്ടെങ്കിൽ അവരെ ബഹുമാനിക്കുകയും അതില്ലായെങ്കിൽ അവരെ അവഗണിച്ചുകളയുകയും ചെയ്യുന്ന സമ്പ്രദായത്തിനപ്പുറമായി കുടുംബബന്ധങ്ങൾ സൂക്ഷിക്കപ്പെടണമെന്നുള്ളതാണ്.

അന്യദേശക്കാരായ മോശെയുടെ ഭാര്യയുടെ വീട്ടുകാരെ അവൻ ആദരിച്ചതും സ്നേഹിച്ചതും അവന്റെ പിതൃകുടുംബത്തിലുള്ളവർക്ക് പിന്നീട് പ്രിയമായിരുന്നില്ല എന്നതാണ് തുടർസംഭവം വ്യക്തമാക്കപ്പെടുന്നത്.

മോശെ ഒരു കൂശ്യ സ്ത്രീയെ വിവാഹം ചെയ്തിരുന്നതുകൊണ്ടു കൂശ്യസ്ത്രീ നിമിത്തം മിര്യാമും അഹരോനും അവനു വിരോധമായി സംസാരിച്ചു: യഹോവ മോശെ മുഖാന്തരം മാത്രമേ അരുളിച്ചെയ്തിട്ടുള്ളുവോ? ഞങ്ങൾ മുഖാന്തരവും അരുളിച്ചെയ്തിട്ടില്ലയോ എന്ന് പറഞ്ഞു; യഹോവ അതു കേട്ടു. മോശെ എന്ന പുരുഷനോ ഭൂതലത്തിൽ ഉള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു (സംഖ്യ. 12:1-3).

ചെവിയെ നട്ടവനും കണ്ണിനെ നിർമ്മിച്ചവനുമായ യഹോവ അഹരോനും മിര്യാമും ഹസേരോത്തിൽ വച്ച് ദൈവത്തിന്റെ അഭിഷിക്ത

നായ മോശെയ്ക്ക് വിരോധമായി സംസാരിച്ചത് കേട്ടു. അതറിഞ്ഞ് സർവ്വശക്തനായ ദൈവം അവരോട് അരുളിച്ചെയ്തത് മോശെ ഭൂതലത്തിൽ എങ്ങും ഉള്ള സകല മനുഷ്യരിലും അതിസൗമ്യൻ എന്നായിരുന്നു. അവൻ അതിസൗമ്യനായതുകൊണ്ടാണ് ദൈവം അവനെ സന്ദർശിച്ച് ഉയർത്തിയപ്പോൾ അവൻ അന്യദേശക്കാരത്തിയായ അവന്റെ ഭാര്യയെയും മക്കളെയും ഉപേക്ഷിക്കാതെയും മിദ്യാനിലെ അവന്റെ ഭാര്യയുടെ കുടുംബത്തെ അവഗണിച്ചുകളയാതെയുമിരുന്നത്.

ദൈവത്തിന് മോശെ ചെയ്തത് പ്രിയമായിരുന്നുവെങ്കിലും അവന്റെ പിതൃകുടുംബക്കാർക്ക് അത് അപ്രിയമായിരുന്നു. സ്വന്ത കുടുംബവിഷയത്തോടുള്ള ബന്ധത്തിൽ ഞെരങ്ങിപ്പോയ മോശെ എന്ന പുരുഷന്റെ കുടുംബവിഷയം ദൈവം ഏറ്റെടുക്കുകയും മോശെ ആരാകുന്നു എന്ന് അവന്റെ ഉറ്റവർക്ക് വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. മോശെയ്ക്കു വിരോധമായി സംസാരിച്ച അവന്റെ സഹോദരി മിര്യാം തൽസമയം ശിക്ഷിക്കപ്പെട്ടു. അവൾ ഒരു കുഷ്ഠരോഗിയെപ്പോലെ ആയിത്തീർന്നു. അവളെ പാളയത്തിനു വെളിയിൽ ഏഴ് ദിവസം യഹോവയുടെ കല്പനപ്രകാരം അടച്ചിട്ടു. ദൈവം മിര്യാമിനെ ഇപ്രകാരം ശിക്ഷിച്ചതിനാൽ മോശെയുടെ പിതൃകുടുംബം ഭയപ്പെട്ടു. അങ്ങനെയാണ് മോശെയുടെ കുടുംബത്തിലുണ്ടായ പ്രശ്നത്തിന് ദൈവം പരിഹാരം വരുത്തിയത്.

സിപ്പോറായെ മിദ്യാന്യസ്ത്രീ എന്നല്ല; കൂശ്യസ്ത്രീ എന്നാണ് മോശെയുടെ ഉറ്റവർ പറഞ്ഞിരുന്നത്. എന്നാൽ സിപ്പോറായുടെ അപ്പനായ യിത്രോവിനെയും ആങ്ങളയെയും തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് മിദ്യാന്യരോടുള്ള ബന്ധത്തിലാണ്. എന്നാൽ അത് എന്തുകൊണ്ടാകുന്നു എന്നതിന്റെ വ്യക്തത തിരുവചനത്തിൽ വെളിപ്പെടുത്തിയിട്ടില്ലാത്തതിനാൽ വ്യക്തമായ നിഗമനത്തിൽ എത്തിച്ചേരുവാൻ നമുക്ക് കഴിയുകയില്ല. എന്നാൽ രണ്ടു നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ യിത്രോ കൂശ്യനായിരുന്നുവെന്ന് ചിന്തിക്കാവുന്നതാണ്.

* കൂശ്യനായ യിത്രോ എന്ന രെയൂവേൽ മിദ്യാനിൽ വന്നു പാർത്തതുകൊണ്ടാവണം അവനും അവന്റെ കുടുംബവും മിദ്യാന്യരോടുള്ള ബന്ധത്തിൽ പിന്നീട് അറിയപ്പെട്ടത്. യിത്രോ മിദ്യാനിലെ പുരോഹിതനായിരുന്നു എന്നതല്ലാതെ അവൻ ആ വംശത്തിൽപ്പെട്ടവൻ ആയിരുന്നുവോ എന്നതിന്റെ വ്യക്തതയില്ല.

* പരിച്ഛേദനയോടുള്ള ബന്ധത്തിൽ യിത്രോ കൂശ്യനായിരുന്നു. മിദ്യാന്യർ അബ്രാഹാമിന്റെ വംശത്തിൽപ്പെട്ടവരാകുന്നു. മിദ്യാൻ അബ്രാഹാമിന്റെ മറ്റൊരു ഭാര്യായിരുന്ന കെതുറായുടെ ആറ് മക്കളിൽ നാലാമത്തവനായിരുന്നു (ഉല്പ. 25:1–2). എന്നാൽ കൂശ്യർ നോഹയുടെ മകനായ ഹാമിന്റെ വംശത്തിൽനിന്നുള്ള വരാകുന്നു (ഉല്പ. 10:6–9).

പരിച്ഛേദന എന്ന അടയാളം ദൈവീക നിയമമായി ശരീരത്തിൽ വഹിക്കുന്നവരാണ് അബ്രാഹാമിന്റെ വംശത്തിലുള്ളവർ. ജഡപ്രകാരം അബ്രാഹാമിന്റെ സന്തതി പരമ്പരയിൽപ്പെട്ടവർ ഇന്നും ആ പാരമ്പര്യം പിന്തുടരുന്നവരാണ്. പരിച്ഛേദന ജഡീകനിയമമായി ആചരിക്കുന്ന അബ്രാഹാമിന്റെ വംശാവലിയുടെ ചരിത്രമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

* അബ്രാഹാം (സാറാ) – യിസ്ഹാക്ക്
* യിസ്ഹാക്ക് (റിബെക്കാ) – യാക്കോബ്, ഏശാവ്
* യാക്കോബിൽനിന്ന് – യിസ്രായേൽ
* അബ്രാം (ഹാഗർ) – യിശ്മായേൽ
* അബ്രാഹം (കെതുറാ) – മിദ്യാനുൾപ്പെടെ ആറു മക്കൾ
* ഏശാവിൽനിന്ന് – ഏദോമികവംശം

മിദ്യാനിലെ പുരോഹിതനായിരുന്ന യിത്രോ മിദ്യാനപാരമ്പര്യം അനുസരിച്ചുള്ളവൻ ആയിരുന്നുവെങ്കിൽ സിപ്പോറയിൽ മോശെയ്ക്ക് ജനിച്ച രണ്ട് ആൺമക്കളെയും എട്ടാം നാളിൽ മിദ്യാനിൽവച്ച് പരിച്ഛേദന കഴിക്കുമായിരുന്നു. എന്നാൽ മോശെയുടെ രണ്ട് ആൺമക്കളും പരിച്ഛേദന ഏറ്റവരായിരുന്നില്ല എന്നതിനാണ് തിരുവചനം വ്യക്തത നൽകുന്നത്. മോശെയുടെ മൂത്തപുത്രനായ ഗേർശോമിന്റെ പരിച്ഛേദന സിപ്പോറ ചെയ്തത് മിദ്യാനിൽനിന്ന് മിസ്രയീമിലേക്കുള്ള മോശെയുടെ കുടുംബത്തിന്റെ യാത്രയിൽ സത്രത്തിൽ വച്ച് മോശെയെ കൊല്ലുവാൻ യഹോവ ഭാവിച്ച സന്ദർഭത്തിലായിരുന്നു.

> എനിക്കു ശുശ്രൂഷ ചെയ്‌വാൻ എന്റെ പുത്രനെ വിട്ടയയ്ക്കണമെന്നു ഞാൻ നിന്നോടു കല്പിക്കുന്നു; അവനെ വിട്ടയപ്പാൻ സമ്മതിക്കുന്നില്ലായെങ്കിൽ ഞാൻ നിന്റെ പുത്രനെ നിന്റെ ആദ്യജാതനെ തന്നെ കൊന്നുകളയും എന്നു പറക. എന്നാൽ വഴിയിൽ സത്രത്തിൽ വച്ചു യഹോവ അവനെ എതിരിട്ടു കൊല്ലുവാൻ ഭാവിച്ചു. അപ്പോൾ സിപ്പോറാ ഒരു കല്ക്കത്തി എടുത്തു തന്റെ മകന്റെ അഗ്രചർമ്മം ഛേദിച്ച് അവന്റെ

കാല്ക്കൽ ഇട്ടു; നീ എനിക്കു രക്തമണവാളൻ എന്നു പറഞ്ഞു. ഇങ്ങനെ അവൻ അവനെ വിട്ടൊഴിഞ്ഞു; ആ സമയത്താകുന്നു അവൾ പരിഛേദന നിമിത്തം രക്തമണവാളൻ എന്നു പറഞ്ഞത് (പുറ. 4:23-26).

മിദ്യാനിൽവച്ച് മോശെയ്ക്ക് ആൺമക്കൾ ജനിച്ചപ്പോൾ അവന്റെ പിതൃഭവനത്തിന്റെ അടയാളമായിരിക്കുന്ന പരിഛേദന എന്ന കർമ്മത്തെക്കുറിച്ച് തന്റെ ഭാര്യയെ അവൻ അറിയിച്ചിരുന്നുവെങ്കിലും അവർ അത് അനുഷ്ഠിച്ചില്ല. മോശെയുടെ കുടുംബത്തിന്റെ കുറവിനെ സത്രത്തിൽവച്ച് ദൈവം വെളിപ്പെടുത്തിയപ്പോൾ സിപ്പോറാ അവളുടെ മൂത്തമകന്റെ പരിഛേദന ചെയ്ത് ദൈവീകനിയമത്തിന്റെ കീഴിൽ സുരക്ഷിതരായിത്തീർന്നു. അവൾ അപ്രകാരം പരിഛേദന എന്ന നിയമം അനുഷ്ഠിക്കാതിരുന്നുവെങ്കിൽ മിസ്രയീമിലെ ആദ്യജാതന്മാരെ സംഹരിച്ചുകളഞ്ഞപ്പോൾ മോശെയുടെ മൂത്തമകനും സംഹരിക്കപ്പെടുമായിരുന്നു.

മിസ്രയീമിലെ അടിമത്തകാലത്തിൽ മോശെ ഉൾപ്പെടെ യിസ്രായേൽമക്കൾക്ക് ജനിച്ച സകല ആൺകുഞ്ഞുങ്ങളും പരിഛേദന ഏറ്റവരായിരുന്നു. അതിന്റെ വ്യക്തത നമുക്ക് ലഭിക്കുന്നത് യോശുവയുടെ പുസ്തകത്തിൽനിന്നുമാകുന്നു.

അക്കാലത്ത് യഹോവ യോശുവയോട്: തീക്കല്ലുകൊണ്ട് കത്തി ഉണ്ടാക്കി യിസ്രായേൽ മക്കളെ പരിച്ഛേദന ചെയ്ക എന്നുകല്പിച്ചു. യോശുവ തീക്കല്ലുകൊണ്ട് കത്തി ഉണ്ടാക്കി യിസ്രായേൽ മക്കളെ അഗ്രചർമ്മ ഗിരിയിങ്കൽവച്ച് പരിച്ഛേദന ചെയ്തു. യോശുവ പരിച്ഛേദന ചെയ്യുവാനുള്ള കാരണമോ മിസ്രയീമിൽനിന്ന് പുറപ്പെട്ട ആണുങ്ങളായ ജനമൊക്കെയും യോദ്ധാക്കളെല്ലാവരും മിസ്രയീമിൽനിന്ന് പുറപ്പെട്ടുപോന്ന ശേഷം പ്രയാണത്തിൽ മരുഭൂമിയിൽവച്ച് മരിച്ചുപോയി; പുറപ്പെട്ടുപോന്ന ജനത്തിനെല്ലാം പരിച്ഛേദന കഴിഞ്ഞിരുന്നു എങ്കിലും മിസ്രയീമിൽനിന്ന് പുറപ്പെട്ടു പോന്ന ശേഷം മരുഭൂമിയിൽവച്ച് പ്രയാണത്തിൽ ജനിച്ചവരിൽ ആരെയും പരിച്ഛേദന ചെയ്തിരുന്നില്ല. ...എന്നാൽ അവർക്ക് പകരം അവൻ എഴുന്നേല്പിച്ച പുത്രന്മാരെ യോശുവ പരിച്ഛേദന ചെയ്തു; അവരെ പ്രയാണത്തിൽ പരിച്ഛേദന ചെയ്യായ്കകൊണ്ട് അവർ അഗ്രചർമ്മികളായിരുന്നു ... യഹോവ യോശുവയോട്: ഇന്നു ഞാൻ മിസ്രയീമിന്റെ നിന്ദ നിങ്ങളിൽ നിന്നു ഉരുട്ടിക്കളഞ്ഞിരിക്കുന്നു എന്നു അരുളിച്ചെയ്തു; അതുകൊണ്ട് ആ സ്ഥലത്തിന് ഇന്നുവരെ ഗില്ഗാൽ (ഉരുൾ) എന്നു പേർ പറയുന്നു (യോശു. 5:2-9).

മോശെയുടെയും മിസ്രയീമിൽ ജനിച്ച യിസ്രായേൽ ഗോത്രങ്ങളിലെ സകല ആണുങ്ങളുടെയും പരിഛേദന മിസ്രയീമിൽനിന്ന് പുറപ്പെടുന്നതിനു മുമ്പ് കഴിഞ്ഞിരുന്നു എന്നതിനാണ് തിരുവചന ഭാഗം വ്യക്തത നല്കുന്നത്. എന്നാൽ മിദ്യാന്യ ദേശത്ത് ജനിച്ച മോശെയുടെ മക്കളുടെ പരിഛേദന കഴിഞ്ഞിരുന്നില്ല. അത് നിർവ്വഹിക്കുന്നതിനു വേണ്ടിയാണ് ദൈവം സത്രത്തിൽ വച്ച് മോശെയെ എതിരിട്ട് കൊല്ലുവാൻ ശ്രമിച്ചത് എന്ന് ഇതിനോടകം നാം ചിന്തിച്ചുവല്ലോ. യിസ്രായേൽ ജനം രമെസേസിൽ നിന്നു പുറപ്പെട്ടപ്പോൾ ബദ്ധപ്പാടു നിമിത്തം ആയിരിക്കണം മോശെ തന്റെ കുടുംബത്തെ മിദ്യാനിലേക്ക് പറഞ്ഞയച്ചത്. അവർ പിന്നീട് അവന്റെ അടുക്കൽ മടങ്ങി വന്നത് സീനായി പർവ്വതത്തിൽ യിസ്രായേൽ ജനം സുരക്ഷിതമായി എത്തി പാളയമടിച്ചതിനു ശേഷമായിരുന്നു.

പ്രയാണത്തിൽ പരിച്ഛേദന എന്ന കർമ്മം യിസ്രായേൽ മക്കൾ അനുഷ്ഠിച്ചിരുന്നില്ല. മിസ്രയീമിൽനിന്ന് യോദ്ധാക്കളായി പുറപ്പെട്ട ഇരുപത് വയസ്സിനുമുകളിൽ പ്രായമുള്ളവരായിരുന്നവരിൽ യോശുവയും കാലേബും ഒഴികെ മറ്റാരുംതന്നെ യോർദ്ദാൻ കടക്കാതെ അതിനു മുമ്പ് നാല്പതുവർഷം കൊണ്ട് മരുഭൂമിയിൽ വച്ച് മരിച്ചുപോയിരുന്നു. പ്രയാണത്തിൽ ജനിച്ചവരുടെ പരിച്ഛേദന നടത്തുവാനാണ് യഹോവ യോശുവയോട് ഗില്ഗാലിൽവച്ച് പറഞ്ഞത്. യഹോവ അരുളിച്ചെയ്തതുപോലെ അവർ ചെയ്തു. അപ്പോൾ യഹോവ അരുളിച്ചെയ്തത്: ഇന്നു ഞാൻ മിസ്രയീമിന്റെ നിന്ദ നിങ്ങളിൽ നിന്ന് ഉരുട്ടിക്കളയുന്നു എന്നായിരുന്നു. അതുപോലെ കൂശിന്റെ നിന്ദ മോശെയുടെ കുടുംബത്തിൽനിന്ന് ഉരുട്ടിക്കളഞ്ഞത് സിപ്പോറാ തന്റെ ആദ്യജാതനെ പരിഛേദന ചെയ്ത ദിവസമായിരുന്നു.

ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് സിപ്പോറായും അവളുടെ പിതൃകുടുംബവും ജനനം കൊണ്ട് കൂശ്യരും വന്നുപാർത്തതു നിമിത്തം മിദ്യാനരും ആകുന്നു എന്നാണ്. അബ്രാഹാമിന്റെ വംശത്തിൽപ്പെട്ട എബ്രായർ, യിശ്മായേല്യർ, ഏദോമ്യർ, സിമ്രാമ്യർ, യൊക്ശ്യനർ, മെദാന്യർ, മിദ്യാനർ, യിഗ്ബാക്യർ, സൂവന്യർ എന്നിവരും അവരിൽനിന്ന് ഉത്ഭവിച്ച സന്തതി പരമ്പരകളും അബ്രാഹാമിന്റെ പാരമ്പര്യപ്രകാരം പരിഛേദന ഏല്കുന്നവരാകുന്നു. എന്നാൽ ഹാമിന്റെ വംശത്തിൽപ്പെടുന്ന കൂശ്യർ, മിസ്രയീമ്യർ... എന്നിവർ പരിഛേദന എന്ന കർമ്മം അനുഷ്ഠിക്കാത്ത അഗ്രചർമ്മികളാണ്.

മോശെയുടെയും കുടുംബത്തിന്റെയും പ്രയാണത്തിൽ യഹോവ മോശെയെ കൊന്നുകളവാൻ ഭാവിച്ച് സത്രത്തിൽവച്ച് എതിരിട്ട പ്പോൾ സിപ്പോറ അനുസരണമുള്ളവളായിത്തീർന്നു. യഹോവയുടെ കല്പനയായിരുന്ന പരിച്ഛേദന എന്ന കർമ്മം അനുഷ്ഠിക്കാതിരുന്ന കുറവ് മോശെയുടെ കുടുംബത്തിൽ നിന്ന് അവൾ അന്ന് ഉരുട്ടി ക്കളഞ്ഞു. മുഖപക്ഷമില്ലാത്ത ദൈവീകപ്രമാണങ്ങളുടെ പ്രാധന്യത എത്ര വലുതാകുന്നു എന്നതാണ് ഇവിടെ വ്യക്തമാക്കപ്പെടുന്നത്. അന്ന് മോശെയ്ക്കും കുടുംബത്തിനും അത് ബോദ്ധ്യപ്പെടുകയും ചെയ്തു.

ദൈവീക അനുസരണം പഠിച്ച് ദൈവീകപദ്ധതിയിൽ മോശെ യോടൊപ്പം ചേർന്നുനിന്ന സിപ്പോറാ എന്ന സ്ത്രീയെ ആണ് മിര്യാ മും അഹരോനും കൂശ്യസ്ത്രീ എന്നുവിളിച്ച് പരിഹസിച്ചത്. അതിൽ ദൈവം അതൃപ്തനായിരുന്നു. അതുകൊണ്ടാണ് യഹോവ ഇടപെട്ട് അതിന് പരിഹാരം വരുത്തിയത്. ദൈവപുരുഷനായ മോശെയുടെ കുടുംബജീവിതം ധന്യമായിരുന്നു. യിസ്രായേൽ ജനത്തോടുള്ള ബന്ധത്തിലെ ഭാരിച്ച ബദ്ധപ്പാടുകളൊന്നും അവന്റെ കുടുംബ പരമായ കർത്തവ്യങ്ങളിൽനിന്ന് അവനെ വ്യതിചലിപ്പിച്ചിരുന്നില്ല. മോശെയുടെ കുടംബജീവിതത്തോടുള്ള ബന്ധത്തിൽ അവൻ ഉത്ത മനായ മകനും സഹോദരനും ഭർത്താവും മരുമകനും അളിയനും പിതാവും ഒക്കെ ആയിരുന്നു. മോശെയുടെ കുടുംബജീവിതത്തിൽ നിന്ന് നാം ഗ്രഹിക്കേണ്ടത് ശുശ്രൂഷകളോ ജോലിത്തിരക്കുകളോ മറ്റു യാതൊന്നും കുടുംബജീവിതത്തിന്റെ സന്തോഷത്തെ കെടുത്തി ക്കളയരുത് എന്നാകുന്നു. മോശെ സൗമ്യതയോടെയാണ് സകല കാര്യങ്ങളിലും ഇടപെട്ടിരുന്നത്. അതാണ് അവന്റെ കുടുംബ ജീവിതം അവലോകനം ചെയ്തതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്.

പ്രവാചകനായ മോശെ ഭാവിയിൽ മിദ്യാനർക്ക് സംഭവിക്കുവാൻ പോകുന്ന ഭവിഷ്യത്ത് മുൻകൂട്ടി കണ്ടതുകൊണ്ടായിരുന്നു മോശെ യുടെ അളിയനായ ഹോബാബിനെ അവൻ മിദ്യാൻ ദേശത്തേക്ക് മടക്കി അയയ്ക്കാതിരുന്നത്. ഹോബാബും അവന്റെ കുടുംബവും അവനുള്ളവരും യിസ്രായേൽ ജനത്തോടുകൂടെ യെഹൂദാ മരുഭൂമി യിലാണ് പാർത്തിരുന്നത്.

> മോശെയുടെ അളിയനായ കേന്യന്റെ മക്കൾ യെഹൂദാ മക്കളോടുകൂടെ ഈന്തപ്പട്ടണത്തിൽ നിന്നു അരാദിനു തെക്കുള്ള യെഹൂദാ മരുഭൂമിയി ലേക്കു പോയി; അവർ ചെന്നു ജനത്തോടുകൂടെ പാർത്തു (ന്യായ. 1:16).

അവർ യെഹൂദാ മരുഭൂമിയിൽ പാർത്തിരുന്നതുകൊണ്ട് മോശെയുടെ ഭാര്യയുടെ കുടുംബം മിദ്യാന്യദേശ നിവാസികളോടു കൂടെ സംഹരിക്കപ്പെട്ടില്ല. നാല്പത് വർഷം മോശെ പാർത്തിരുന്ന മിദ്യാൻ ദേശത്തോട് യിസ്രായേലിനു വേണ്ടി പ്രതികാരം നടത്തുക എന്നതായിരുന്നു മോശെയോട് നിർവ്വഹിക്കുവാൻ യഹോവ കല്പിച്ച അവസാന ദൗത്യം. അതു നിർവ്വഹിക്കപ്പെടുന്നതിനു മുമ്പ് ദീർഘദർശിയായ മോശെ തന്റെ ഭാര്യാകുടുംബത്തെ അവിടെനിന്നും രക്ഷിച്ചിരുന്നു.

> അനന്തരം യഹോവ മോശെയോട് അരുളിച്ചെയ്തത്: യിസ്രായേൽ മക്കൾക്കുവേണ്ടി മിദ്യാനരോട് പ്രതികാരം നടത്തുക; അതിന്റെ ശേഷം നീ നിന്റെ ജനത്തോടു ചേരും... എന്നാൽ മോശെ യുദ്ധത്തിൽനിന്നു വന്നിട്ടുള്ള സഹസ്രാധിപന്മാരും ശതാധിപന്മാരുമായ സൈന്യ നായകരോടു കോപിച്ചു പറഞ്ഞതെന്തെന്നാൽ: നിങ്ങൾ സ്ത്രീകളെയെല്ലാം ജീവനോടെ വച്ചിരിക്കുന്നു. ഇവരത്രേ പെയോരിന്റെ സംഗതിയിൽ ബിലെയാമിന്റെ ഉപദേശത്താൽ യിസ്രായേൽ മക്കൾ യഹോവയോടു ദ്രോഹം ചെയ്‌വാനും യഹോവയുടെ സഭയിൽ ബാധ ഉണ്ടാവാനും ഹേതുവായത്. ആകയാൽ ഇപ്പോൾ കുഞ്ഞുങ്ങളിലുള്ള ആണിനെയൊക്കെയും പുരുഷനോടുകൂടെ ശയിച്ചിട്ടുള്ള സകല സ്ത്രീകളെയും കൊന്നുകളവിൻ. പുരുഷനോടുകൂടെ ശയിക്കാത്ത പെൺകുഞ്ഞുങ്ങളെ ജീവനോടെ വച്ചുകൊൾവിൻ (സംഖ്യ. 31:1-18).

ദൈവത്തിന്റെ അരുളപ്പാട് അനുസരിച്ച് മോശെ മിദ്യാന്യരോട് പ്രതികാരം ചെയ്തതിനുശേഷം യിസ്രായേൽ ജനം കനാൻദേശം വിഭജിക്കേണ്ടതിനെക്കുറിച്ചുള്ള ദൈവീക ആജ്ഞ അവർക്ക് കൈമറി. അതിനു ശേഷം യഹോവ അരുളിച്ചെയ്തതിൻ പ്രകാരം മോശെ യെരീഹോവിനെതിരെ മോവാബുദേശത്തുള്ള അബാരീം എന്ന നെബോ പർവ്വതത്തിലെ പിസ്ഗാ മുകളിൽ കയറി യിസ്രായേൽ ദേശത്തിന്റെ അവകാശദേശം കണ്ടു (ആവ. 34:1-3). അവിടെവച്ച് മോശെ മരിച്ചു. യഹോവ അവനെ ബേത്ത്-പെയോരിനെതിരെയുള്ള താഴ്‌വരയിൽ അടക്കി, എങ്കിലും അതിന്റെ സ്ഥലം ഇന്നുവരെ ആരും അറിയുന്നില്ല.

നൂറ്റിരുപത് സംവത്സരം ജീവിച്ചിരുന്ന മോശെ ദൈവീക ഉദ്ദേശ പ്രകാരം ജീവിച്ച വ്യക്തിയായിരുന്നു. ന്യായപ്രമാണയുഗത്തിലെ ശ്രേഷ്ഠനായ മോശെയുടെ ജീവിതം എല്ലാ അർത്ഥത്തിലും മാതൃകാപരമായിരുന്നു. മനുഷ്യർ സ്വസ്നേഹികളായിത്തീർന്നുകൊണ്ടിരി

ക്കുന്ന ഈ കാലഘട്ടത്തിൽ സ്വന്ത ഇഷ്ടത്തിനു മാത്രം ഊന്നൽ കൊടുത്ത് അനേകർ ഭാര്യയെയും മക്കളെയും അപ്പനെയും അമ്മയെയും ഉറ്റവരെയും ഉടയവരെയും എല്ലാം അവഗണിച്ച് ജീവിക്കുമ്പോൾ അതിൽനിന്ന് വ്യത്യസ്ഥനായി ജീവിച്ച ദൈവപുരുഷനായ മോശെയുടെ ജീവിതം കുടുംബബന്ധങ്ങളോടുള്ള ബന്ധത്തിൽ അനുകരിക്കത്തക്കതാണ്.

ന്യായപ്രമാണയുഗം സീനായി പർവ്വതത്തിൽ ആരംഭിച്ച് കാൽവറി മലയിലാണ് പൂർത്തീകരിക്കപ്പെട്ടത്. ന്യായപ്രമാണയുഗത്തിന്റെ അതിരും കാലവും തികെഞ്ഞപ്പോൾ സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണമാകുന്ന പുതിയനിയമ യുഗത്തിനാണ് ക്രിസ്തുയേശു മുഖാന്തരം ആരംഭം കുറിച്ചത്. ആ യുഗമാണ് സഭായുഗം എന്ന പേരിലറിയപ്പെടുന്നത്. സഭായുഗത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശത്തെക്കുറിച്ചാണ് തുടർന്ന് നാം ചിന്തിക്കുന്നത്.

## V സഭായുഗത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം

പഴയനിയമത്തിൽ ദൈവീക ഉദ്ദേശപ്രകാരം ജീവിച്ചിരുന്ന കുടുംബങ്ങളെക്കുറിച്ചുള്ള പഠനത്തിലായിരുന്നു ഇതുവരെ നാം ആയിരുന്നത്. അതിൽ മാനവകുലത്തിലെ ആദ്യകുടുംബമായിരുന്ന ആദാമിന്റെ കുടുംബം മുതൽ ന്യായപ്രമാണയുഗത്തിലെ ആദ്യപ്രവാചകനായ മോശെയുടെ കുടുംബം വരെയുള്ള ചില പ്രധാന കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശത്തെക്കുറിച്ചാണ് നാം ചിന്തിച്ചത്. തുടർന്നു നാം ചിന്തിക്കുന്നത് പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അഞ്ച് സുപ്രധാന കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശത്തെക്കുറിച്ചാകുന്നു.

1. പുതിയനിയമ സ്ഥാപകനും അത്യുന്നതന്റെ പുത്രനുമായ യേശുക്രിസ്തു ജനിച്ച യോസേഫിന്റെയും മറിയയുടെയും കുടുംബത്തെക്കുറിച്ചുണ്ടായിരുന്ന ദൈവീക ഉദ്ദേശം
2. ന്യായപ്രമാണത്തിലെ അവസാന പ്രവാചകനും അത്യുന്നതന്റെ പ്രവാചകനുമായ യോഹന്നാൻ ജനിച്ച സെഖര്യാവിന്റെയും എലീശബെത്തിന്റെയും കുടുംബത്തെക്കുറിച്ചുണ്ടായിരുന്ന ദൈവീക ഉദ്ദേശം.
3. യേശുക്രിസ്തുവിന്റെ പ്രഥമശിഷ്യനായ പത്രൊസിന്റെ കുടുംബത്തെക്കുറിച്ചുണ്ടായിരുന്ന ദൈവീക ഉദ്ദേശം.

4. ജാതികളിൽനിന്നും ക്രിസ്തു ശിഷ്യനായിത്തീർന്ന കൊർന്നേല്യൊസിന്റെ കുടുംബത്തെക്കുറിച്ചുണ്ടായിരുന്ന ദൈവീക ഉദ്ദേശം.

5. സുവിശേഷഘോഷണത്തിൽ ശക്തമായി പോരാടിയ അക്വിലാവിന്റെയും പ്രിസ്കില്ലയുടെയും കുടുംബത്തെക്കുറിച്ചുണ്ടായിരുന്ന ദൈവീക ഉദ്ദേശം.

**1. പുതിയനിയമ സ്ഥാപകനും അത്യുന്നതന്റെ പുത്രനുമായ യേശുക്രിസ്തു ജനിച്ച യോസേഫിന്റെയും മറിയയുടെയും കുടുംബത്തെക്കുറിച്ചുണ്ടായിരുന്ന ദൈവീക ഉദ്ദേശം.**

പുതിയ നിയമത്തിലെ ആരംഭപുസ്തകമായ വിശുദ്ധ മത്തായി എഴുതിയ സുവിശേഷത്തിലെ പ്രാരംഭ അദ്ധ്യായത്തിൽ വിശ്വാസികളുടെ പിതാവായ അബ്രാഹാമിൽ തുടങ്ങി സ്ത്രീയുടെ സന്തതിയായി ജനിച്ച യേശുക്രിസ്തു വരെയുള്ള നാല്പത്തി രണ്ട് തലമുറകളുടെ വംശാവലിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാനവരക്ഷയ്ക്കായി പിറന്ന യേശുക്രിസ്തുവിന് പരമപ്രാധാന്യത കൊടുത്തുകൊണ്ടാണ് സുവിശേഷം രചിക്കപ്പെട്ടിട്ടുള്ളത്. ന്യായപ്രമാണത്തിന്റെ പൂർത്തീകരണത്തിനായി ജനിച്ച നിത്യദൈവത്തിന്റെ പുത്രനായ യേശുക്രിസ്തു മല്ക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കുമുള്ള പുരോഹിതനും ദാവീദ് ഗൃഹത്തോടുള്ള ബന്ധത്തിൽ നിത്യരാജാവും മാനവരാശിയോടുള്ള ബന്ധത്തിൽ നിത്യരക്ഷയുടെ കാരണഭൂതനുമാണ്.

സ്ത്രീയുടെ സന്തതിയായി ജനിച്ച യേശുവിന്റെ ജനനത്തെക്കുറിച്ച് പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

> യാക്കോബ് മറിയയുടെ ഭർത്താവായ യോസേഫിനെ ജനിപ്പിച്ചു. അവളിൽ നിന്നു ക്രിസ്തു എന്ന പേരുള്ള യേശു ജനിച്ചു... യേശുക്രിസ്തുവിന്റെ ജനനം ഇവ്വണ്ണം ആയിരുന്നു. അവന്റെ അമ്മയായ മറിയ യോസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ടശേഷം അവർ കൂടിവരുമ്മുമ്പേ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു. അവളുടെ ഭർത്താവായ യോസേഫ് നീതിമാനാകകൊണ്ടും അവൾക്കു ലോകാപവാദം വരുത്തുവാൻ അവനു മനസ്സില്ലായ്കകൊണ്ടും അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു. ഇങ്ങനെ നിനെച്ചിരിക്കുമ്പോൾ കർത്താവിന്റെ ദൂതൻ അവനു സ്വപ്നത്തിൽ പ്രത്യക്ഷനായി: ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ടാ; അവളിൽ

ഉൽപാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു... യോസേഫ് ഉറക്കം ഉണർന്നു; കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ ചെയ്തു, ഭാര്യയെ ചേർത്തുകൊണ്ടു. മകനെ പ്രസവിക്കുംവരെ അവൻ അവളെ പരിഗ്രഹിച്ചില്ല. മകന് അവൻ യേശു എന്നു പേർ വിളിച്ചു (മത്താ. 1:16-25).

പുതിയനിയമം അബ്രാഹാമിൽ എഴുതിത്തുടങ്ങിയത് സുവിശേഷം അവനോട് മുൻകൂട്ടി ദൈവം അറിയിച്ചതുകൊണ്ടാണ്. നാലു സുവിശേഷങ്ങളുടെയും സുപ്രധാന പ്രമേയം യേശുവിന്റെ ജനനം, ശുശ്രൂഷ, പാപപരിഹാരയാഗമാകുന്ന ക്രൂശിലെ മരണം, പുനരുത്ഥാനം, സ്വർഗാരോഹണം എന്നിവയാകുന്നു. വചനമാം ദൈവം ഭൂമിയിൽ അവതരിച്ചതാണ് യേശുക്രിസ്തു എന്നാകുന്നു അപ്പൊസ്തലനായ യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ സ്പഷ്ടമാക്കിയിരിക്കുന്നത്. വിശുദ്ധ ലൂക്കൊസ് രചിച്ച ചരിത്രത്തിൽ സ്ത്രീയുടെ സന്തതിയായ യേശു മറിയയുടെ ഉദരത്തിൽ ഉത്പാദിതമായതിനെക്കുറിച്ചും അവന്റെ അമ്മയായ മറിയയുടെ സ്വഭാവവൈശിഷ്ട്യത്തിനുമാണ് പ്രാധാന്യത കൊടുത്തിരിക്കുന്നത്. വിശുദ്ധ മർക്കൊസ് യേശുവിന്റെ ജനനത്തിന്റെ ഒരു കാര്യങ്ങളും പ്രസ്താവിക്കാതെ സുവിശേഷം എന്ന വാക്കിൽ ക്രിസ്തു യേശുവിന്റെ ജനനത്തെ മർമ്മമായി പ്രസ്താവിച്ച് യേശുവിന്റെ ശുശ്രൂഷയ്ക്കാണ് പ്രാധാന്യത കൊടുത്തിട്ടുള്ളത്. വിശുദ്ധ യോഹന്നാൻ യേശുക്രിസ്തുവിനെ വചനമാം ദൈവം ജഡാവതാരമെടുത്തു എന്നാണ് സാക്ഷീകരിച്ചിരിക്കുന്നത്. വിശുദ്ധ മത്തായി എഴുതിയ സുവിശേഷത്തിൽ ദാവീദിന്റെ കുലത്തിൽപ്പെട്ട യോസേഫിനെക്കുറിച്ചും അവന്റെ ഭാര്യയിൽ പരിശുദ്ധാത്മാവിൽ പിറന്ന യേശുവിന്റെ കന്യകാ ജനനത്തെയുമാണ് വരച്ചു കാട്ടിയിരിക്കുന്നത്.

അബ്രാഹാമിനോട് മുൻകൂട്ടി അറിയിച്ചിരുന്ന സുവിശേഷപ്രകാരം അവന്റെ സന്തതിയിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും എന്ന ദൈവീക വാഗ്ദത്തത്തിന്റെ കാലതികവിങ്കലാണ് യേശു സ്ത്രീയുടെ സന്തതിയായി പാപരഹിതനായി ഭൂമിയിൽ ജനിച്ചത്. അത്യത്ഭുത സംഭവമായ യേശുക്രിസ്തുവിന്റെ ജനനം യോസേഫ്-മറിയ ദമ്പതികളുടെ കുടുംബജീവിതത്തോടുള്ള ബന്ധത്തിലാണ് സംഭവിച്ചത്. പുതിയനിയമത്തിലെ ദൈവീക ഉദ്ദേശം ഭൂമി

യിൽ നിറവേറപ്പെടുവാൻ പിതാവാം ദൈവം കണ്ടെത്തിയ കുടുംബം അബ്രാഹാമിന്റെ തലമുറയിൽ ദാവീദ് രാജാവിന്റെ ഗോത്രത്തിൽ നസറെത്തുകാരൻ തച്ചനായ യോസേഫിന്റേതായിരുന്നു. അബ്രാഹാമിന്റെ പുത്രനായ ദാവീദീന്റെ പുത്രനായ യേശുക്രിസ്തുവിന്റെ പരമോന്നതമായ വംശാവലിയിലെ അവസാന കണ്ണിയാണ് യോസേഫ്. യോസേഫിന്റെ ഭാര്യയായ മറിയ ആ തലമുറയിലെ ശ്രേഷ്ഠയും ഭാഗ്യവതിയുമായിരുന്നു.

മറിയയുടെ വംശാവലി അവളുടെ ഭർത്താവായ യോസേഫിന്റേതുപോലെ തിരുവചനത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അവൾ ലേവി, ആശേർ എന്നീ ഗേത്രങ്ങളോടുള്ള ബന്ധത്തിലുള്ളവളാകുന്നു എന്നാണ് തിരുവചനം വിശകലനം ചെയ്യുന്നതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്. അഹരോന്യ പൗരോഹിത്യത്തിൽപ്പെടുന്ന സെഖര്യാവിന്റെ ഭാര്യ എലീശബെത്ത് മറിയയുടെ അടുത്ത ചാർച്ചക്കാരിയായതുകൊണ്ട് മറിയയുടെ പിതാവ് ലേവി ഗോത്രത്തിലുള്ളവനാകുന്നു എന്നത് വ്യക്തമാണ്. എന്നാൽ മറിയയുടെ മാതാവ് ആശേർ ഗോത്രക്കാരി ആയിരുന്നു എന്ന് നാം ചിന്തിക്കുന്നത് ഗലീലയിലെ കാനാവിലെ കല്യാണത്തോടുള്ള ബന്ധത്തിൽ നിന്നുമാകുന്നു. ആശേർ ഗോത്രത്തിന്റെ അവകാശമായിരുന്നു കാനാ (യോശു. 19:24-28).

കാനാവിലെ കല്യാണവീട്ടിൽ മറിയ ഉണ്ടായിരുന്നത് അവർ അവളുടെ അമ്മയുടെ അടുത്ത ചാർച്ചക്കാരത്തി ആയതുകൊണ്ടായിരുന്നു. യിസ്രായേൽ മക്കളുടെ വിവാഹവ്യവസ്ഥിതിയിൽ ലേവ്യ ഗോത്രം ഒഴികെ മറ്റ് ഗോത്രങ്ങളിലെ പുരുഷന്മാർക്ക് ഏത് ഗോത്രങ്ങളിൽനിന്നുമുള്ള സ്ത്രീകളെ വിവാഹം ചെയ്യാമെന്നത് അനുവദനീയമായിരുന്നു. എന്നാൽ ലേവി ഗോത്രത്തിലെ അഹരോന്യ പുരോഹിത വർഗത്തിൽപ്പെട്ട പുരുഷന്മാർക്ക് ലേവി ഗോത്രത്തിലുള്ള കന്യകമാരെ മാത്രമേ വിവാഹം ചെയ്യുവാൻ പാടുള്ളൂ എന്നതാണ് നിയമം. അതുപോലെ മറ്റൊരു ഗോത്രത്തിൽനിന്ന് വിവാഹബന്ധത്തിൽ ഏർപ്പെടുവാൻ സാധിക്കാത്ത വേറൊരു സന്ദർഭം; ഒരു ഗോത്രത്തിലെ ഒരു കുടുംബത്തിൽ അവകാശികളായി പെൺമക്കൾ മാത്രമാണ് ഉള്ളതെങ്കിൽ അവർക്ക് മറ്റൊരു ഗോത്രത്തിലുള്ള പുരുഷന്മാരെ വിവാഹം കഴിക്കുവാൻ അനുവാദമില്ല എന്നതാകുന്നു. അതിന്റെ കാരണം ഒരു ഗോത്രത്തിലെ അവകാശം മറ്റൊരു ഗോത്രത്തിലേക്കു മാറുവാൻ പാടില്ലാത്തതുകൊണ്ടാകുന്നു (സംഖ്യ. 27:1-11,

36:1-12). ഇതിൽനിന്നും യെഹൂദാ ഗോത്രക്കാരനായ യോസേഫ് ലേവി ഗോത്രത്തിൽപ്പെട്ട മറിയയെ വിവാഹം കഴിച്ചിരുന്നു എന്നും മറിയയുടെ മാതൃകുടുംബം ആശേർ ഗോത്രമായിരുന്നു എന്നുമാണ് വ്യക്തമാക്കപ്പെടുന്നത്.

യഹൂദാഗോത്രത്തിൽപ്പെട്ട നീതിമാനായ യോസേഫിന്റെ വ്യക്തിത്വത്തെക്കുറിച്ചാണ് വിശുദ്ധ മത്തായി എഴുതിയ സുവിശേഷത്തിൽ യേശുവിന്റെ ജനനത്തോടുള്ള ബന്ധത്തിൽ പരാമർശിച്ചിരിക്കുന്നതെങ്കിൽ വിശുദ്ധ ലൂക്കൊസ് വരച്ചു കാട്ടിയിരിക്കുന്നത് മറിയ എന്ന കന്യകയുടെ സ്വഭാവസവിശേഷതയായ സമർപ്പണത്തെക്കുറിച്ചാണ്. ആ തലമുറയിൽ യോസേഫും മറിയയും ന്യായപ്രമാണസംബന്ധമായ അറിവുള്ളവരും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും നീതിബോധമുള്ളവരുമായിരുന്നു. അതുകൊണ്ടാണ് ദൈവം അവരോട് സംസാരിച്ചപ്പോൾ അവർ മറുത്തു നില്കാതെ ദൈവീക അരുളപ്പാടുകൾക്ക് വിധേയപ്പെട്ടത്. യോസേഫ്-മറിയ ദമ്പതിമാരുടെ കുടുംബം വിവാഹം നിഴലും പൊരുളും എന്ന വിഷയത്തിലെ സുപ്രധാന കുടുംബമാണ്.

അതിന്റെ കാരണം ലോകരക്ഷകനായ യേശുവിന്റെ തിരുപ്പിറവിക്ക് സ്വർഗം തിരഞ്ഞെടുത്തത് യോസേഫിന്റെയും മറിയയുടെയും കുടുംബമായതുകൊണ്ടാകുന്നു. ലോകസ്ഥാപനത്തിനു മുമ്പേ മനുഷ്യസൃഷ്ടിയെക്കുറിച്ച് ദൈവം വിഭാവനം ചെയ്തിരുന്ന കാര്യങ്ങളാണ് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അവ ഓരോന്നുമാണ് അതാതിന്റെ സമയത്ത് ഭംഗിയായി പൂർത്തീകരിക്കപ്പെടുന്നത്. മാനവകുലം പാപത്തിനും മരണത്തിനും അടിമപ്പെട്ട് ഏദെനിൽനിന്നും പുറത്താക്കപ്പെട്ടപ്പോൾ ദൈവം അവരുടെ രക്ഷകനായി വാഗ്ദത്തം ചെയ്ത സ്ത്രീയുടെ സന്തതിയെക്കുറിച്ചുള്ള വാഗദത്തപ്രവചനമാണ് പഴയനിയമ പ്രവചനങ്ങളിൽ പരമോന്നതമായിട്ടുള്ളത്. അതെക്കുറിച്ച് പിന്നീട് നിരവധി പ്രവചനങ്ങളാണ് പഴയനിയമത്തിലെ പ്രവാചകന്മാരാൽ വിവിധ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പഴയനിയമത്തിന്റെ കാലം പൂർത്തീകരിച്ച് പുതിയനിയമം ആരംഭിക്കുന്ന വേളയിലാണ് സ്ത്രീയുടെ സന്തതിയായി ക്രിസ്തുയേശു ജനിച്ചത്. അവന്റെ ജനനത്തിന്റെ വസ്തുത വിളംബരം ചെയ്തുകൊണ്ടാണ് പുതിയ നിയമം ആരംഭിക്കുന്നത്. അതിൽ അബ്രാഹാമിന്റെ വംശാവലിയിൽ യേശുക്രിസ്തു ജനിച്ചു എന്നതിന്റെ ചരിത്രതെളിവാണ് നാല്പത്തിരണ്ട് തലമുറകളുടെ വിവ

രണം മത്തായി എഴുതിയ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽനിന്ന് സ്പഷ്ടമാക്കപ്പെടുന്നത്.

ആദാം-ഹവ്വാ ദമ്പതിമാരിൽനിന്ന് ആരംഭിച്ച ജഡപ്രകാരമുള്ള ജനനമായിരുന്നില്ല യേശുക്രിസ്തുവിന്റെ ജനനം. ലോകാരംഭത്തിൽ ആദാം അവന്റെ ഭാര്യയായ ഹവ്വായെ പരിഗ്രഹിക്കുകയും അവൾ ഗർഭം ധരിച്ച് കയീനെ പ്രസവിക്കുകയുമാണ് ചെയ്തത്. അങ്ങനെ പുരുഷ-സ്ത്രീ ബന്ധത്തിലൂടെയാണ് മാനവകുലം ഭൂമിയിൽ ഉടലെടുത്തത്. എന്നാൽ അതിൽ നിന്ന് തികച്ചും വ്യത്യസ്ഥമായ കാര്യമാണ് പുതിയനിയമത്തിലെ പ്രഥമകുടുംബത്തിൽ യേശുക്രിസ്തുവിന്റെ ജനനത്തോടുള്ള ബന്ധത്തിൽ സംഭവിച്ചത്. കന്യകയായ മറിയ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി. യേശു എന്ന രക്ഷകൻ ജനിക്കുന്നതുവരെ യോസേഫ് മറിയയെ പരിഗ്രഹിച്ചില്ല എന്ന അത്യപൂർവ്വമായ കാര്യമാണ് തിരുവചനത്തിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

> മകനെ പ്രസവിക്കും വരെ അവൻ അവളെ പരിഗ്രഹിച്ചില്ല. മകന് അവൻ യേശു എന്നു പേർ വിളിച്ചു (മത്താ. 1:25).

യേശുവിന്റെ ജനനം ദൈവം മനുഷ്യനായി പിറന്ന തിരുപ്പിറവിയാണ്. എന്നാൽ യോസേഫ്-മറിയ ദമ്പതിമാരുടെ കുടുംബം തിരുക്കുടുംബമല്ല. അതിന്റെ കാരണം യോസേഫും മറിയയും ആദാമികവംശത്തിൽപ്പെട്ടവരും യേശുക്രിസ്തു എന്ന രക്ഷകനിലൂടെ പാപമോചനം പ്രാപിക്കേണ്ടവരുമായിരുന്നു. അവർ ഇരുവരും പാപത്തിന് അടിമപ്പെട്ട മാനവകുലത്തിൽപ്പെട്ട സാധാരണ മനുഷ്യരായിരുന്നു എന്ന് വ്യക്തമാക്കുന്നതിനാണ് യോസേഫിന്റെയും മറിയയുടെയും വംശാവലിയെക്കുറിച്ച് നാം പ്രാരംഭത്തിൽ ചിന്തിച്ചത്. അതിൽ നാം വ്യക്തമായി ഗ്രഹിച്ചത് യോസേഫ് അബ്രാഹാമിന്റെ വംശത്തിലും ദാവീദ് രാജാവിന്റെ കുലത്തിൽപ്പെട്ട യെഹൂദാ വംശക്കാരനും, മറിയയുടെ പിതാവ് ലേവ്യ ഗോത്രക്കാരനും മാതാവ് ആശേർ ഗോത്രത്തിൽപ്പെട്ടവളുമായിരുന്നു എന്നതാണ്. ഇതിൽനിന്നും യേശുവിന്റെ അമ്മ മറിയയും അവന്റെ വളർത്തപ്പനായിരുന്ന യോസേഫും ആദാമികവംശത്തിൽപ്പെട്ടവരും യേശു മുഖാന്തരം പാപമോചനം പ്രാപിക്കേണ്ടവരുമായിരുന്നു എന്നാണ് സ്പഷ്ടമാക്കപ്പെടുന്നത്. അതിന്റെ വ്യക്തമായ തിരുവചന തെളിവാണ് മറിയ പരിശുദ്ധാത്മാവിന്റെ നിറവിൽ സംസാരിച്ചതിൽനിന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നത്.

എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു; എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു (ലൂക്കൊ. 1:40 - 47).

മറിയ പരിശുദ്ധാത്മാവിൽ സംസാരിച്ചത് പാപമോചകനായ യേശു എന്ന കർത്താവിൽ അവൾ ഉല്ലസിക്കുന്നു എന്നായിരുന്നു. അവളുടെ ഉദരത്തിൽ പരിശുദ്ധാത്മാവിനാൽ ഉല്പാദിതമായിരിക്കുന്നത് സാക്ഷാൽ വചനമാം ദൈവമാണെന്നുള്ള തിരിച്ചറിവ് അവൾക്കുണ്ടായിരുന്നു. യേശുവിന്റെ ജനനത്തെക്കുറിച്ച് നിരവധി പ്രവചനങ്ങളുണ്ടായിരുന്നുവെങ്കിലും അതു നിവർത്തീകരിക്കപ്പെട്ടപ്പോൾ അന്ന് ഭൂമിയിൽ രണ്ടു പേർക്ക് മാത്രമാണ് ആ രഹസ്യം സ്വർഗം വെളിപ്പെടുത്തിക്കൊടുത്തത്. അത് യേശുവിനെ ഉദരത്തിൽ വഹിച്ച മറിയയ്ക്കും അവളുടെ ഭർത്താവായ യോസേഫിനുമായിരുന്നു. എലീശബെത്ത് ആയിരുന്നു ആ രഹസ്യം പിന്നീട് ഗ്രഹിച്ചത്. മറിയ ഗർഭിണിയായ ഉടനെ യെഹൂദ്യ പട്ടണത്തിലുള്ള സെഖര്യാവിന്റെ  വീട്ടിലേക്കാണ് പോയത്.

യേശുവിന് വഴിയൊരുക്കിയ യോഹന്നാൻ സ്നാപകനെ ഉദരത്തിൽ വഹിച്ചിരുന്ന എലീശബെത്തിന്റെ വീട്ടിൽ എത്തിച്ചേർന്ന മറിയ അവളോട് വന്ദനം പറഞ്ഞപ്പോൾ പിള്ള അവളുടെ ഉദരത്തിൽ തുള്ളി. അവൻ അമ്മയുടെ ഗർഭത്തിൽ വച്ചുതന്നെ പരിശുദ്ധാത്മാവുകൊണ്ട് നിറയപ്പെടും എന്ന് ഗബ്രിയേൽ മുഖാന്തരം യോഹന്നാനെക്കുറിച്ച് സെഖര്യാവിനോട് അരുളിച്ചെയ്ത ദൈവീക അരുളപ്പാട് നിവർത്തീകരിക്കപ്പെടേണ്ടതിനായിരുന്നു സ്വർഗം മറിയയെ അവിടേക്ക് അയച്ചത്. മറിയയുടെ ഉദരത്തിൽ ഉരുവായിരുന്ന മശീഹായുടെ സാന്നിധ്യമാണ് യോഹന്നാനെയും എലീശബെത്തിനെയും മറിയയെയും പരിശുദ്ധാത്മാവിനാൽ നിറച്ചത്. യോഹന്നാൻ സ്നാപകന്റെ ജനനത്തെക്കുറിച്ച് അടുത്ത ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ട് അതിലേക്ക് പ്രവേശിക്കുന്നില്ല.

പുതിയനിയമത്തിലെ ആദ്യനാല് പുസ്തകങ്ങളിൽ മത്തായി, ലൂക്കൊസ് എന്നീ രണ്ട് സുവിശേഷങ്ങളിലാണ് മാനവരാശിയിലെ സുപ്രധാന കുടുംബമായ യോസേഫിന്റെയും മറിയയുടെയും കുടുംബത്തെക്കുറിച്ചുള്ള വ്യക്തമായ പരാമർശം ഉള്ളത്. ലൂക്കൊസ് രചിച്ച സുവിശേഷത്തിലാണ് യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള ചരിത്രം ക്രമമായി എഴുതിയിരിക്കുന്നത്. എന്നാൽ അതാണ് ആദ്യത്തെ പുസ്തകമായി പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരുന്നതെങ്കിൽ യേശുവിന്റെ ജനനത്തിനു മുമ്പ് ജനിച്ച് സെഖര്യാ

വിന്റെ മകനായ യോഹന്നാനെക്കുറിച്ചും അവന്റെ കുടുംബത്തെക്കുറിച്ചുമുള്ള വിവരണത്തോടെയായിരുന്നു പുതിയനിയമം ആരംഭിക്കുക. എന്നാൽ അത് അപ്രകാരം സംഭവിക്കാതിരിക്കുന്നതിനുവേണ്ടിയാണ് യേശു ക്രിസ്തുവന്റെ ജനനത്തിന് പരമപ്രാധാന്യത കൊടുത്തിട്ടുള്ള മത്തായി എഴുതിയ സുവിശേഷത്തെ പരിശുദ്ധാത്മാവ് പുതിയനിയമത്തിന്റെ പ്രഥമ പുസ്തകമായി ക്രമപ്പെടുത്തിയിരിക്കുന്നത്. അങ്ങനെ വിശുദ്ധഗ്രന്ഥത്തിന്റെ പുസ്തകങ്ങൾ പരിശുദ്ധാത്മാവ് ക്രമീകരിച്ചിരിക്കുന്നതിൽപോലും യേശുക്രിസ്തുവിന്റെ അതുല്യതയാണ് വ്യക്തമാക്കപ്പെട്ടിരിക്കുന്നത്.

സുവിശേഷ രചയിതാക്കളായ ലൂക്കൊസ്, മത്തായി എന്നിവർ യേശുക്രിസ്തുവിന്റെ ജനനത്തോടുള്ള ബന്ധത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് യേശുക്രിസ്തു ഭൂമിയിൽ അവതരിച്ച സന്ദർഭം, അവന്റെ ജനനം, മുപ്പതു വയസ്സ് പ്രായം ആകുന്നതുവരെ അവൻ കീഴടങ്ങിയിരുന്ന നസറെത്ത് എന്ന ഗലീല പട്ടണത്തിലെ യോസേഫിന്റെ ഗൃഹം എന്നിവയെക്കുറിച്ചാകുന്നു. ഈ രണ്ട് സുവിശേഷങ്ങളെയും ആസ്പദമാക്കി അവയുടെ ക്രമീകൃതമായ ചുരുക്കെഴുത്താണ് ചുവടെ കൊടുത്തിരിക്കുന്നത്.

* ന്യായപ്രമാണയുഗത്തിലെ അവസാനപ്രവാചകനായ യോഹന്നാൻ എലീശബെത്തിന്റെ ഉദരത്തിൽ ജനിച്ച് ആറുമാസം കഴിഞ്ഞപ്പോളാണ് ഗബ്രീയേൽ ദൂതൻ മറിയയ്ക്ക് പ്രത്യക്ഷനായത്.
* അവൾ നസറെത്ത് എന്ന ഗലീല പട്ടണത്തിൽ ദാവീദ് ഗൃഹത്തിലുള്ള യോസേഫ് എന്നൊരു പുരുഷന് വിവാഹം നിശ്ചയിക്കപ്പെട്ടവളായിരുന്നു
* അവൻ അബ്രാഹാമിന്റെ വംശാവലിയിൽ നിന്നുള്ളവനും യെഹൂദാ ഗോത്രക്കാരനും ദാവീദിന്റെ രാജകീയ കുടുംബത്തിൽപ്പെട്ടവനുമായിരുന്നു (മത്താ. 1:1-6)
* മറിയയുടെ വിവാഹം നടക്കുന്നതിന് വളരെയടുത്ത ദിവസത്തിലാണ് ഗബ്രീയേൽ ദൂതൻ മറിയക്ക് പ്രത്യക്ഷപ്പെട്ടത്. ദൂതൻ മറിയയോട് അരുളിച്ചെയ്തത് “നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു; നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും; അവന് യേശു എന്നു പേർ വിളിക്കേണം” എന്നായിരുന്നു.
* അവൾ പ്രസവിക്കുന്ന യേശു വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും; കർത്താവായ ദൈവം

അവന്റെ പിതാവായ ദാവീദീന്റെ സിംഹാസനം അവനു കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിന് എന്നേക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകുകയില്ല എന്നും ദൂതൻ അവളോട് അറിയിച്ചു.

* മറിയ ദൂതനോടു ചോദിച്ചത് അവൾ പുരുഷനെ അറിയായ്കയാൽ അത് എങ്ങനെ സംഭവിക്കും എന്നായിരുന്നു.

* അതിന് ദൂതൻ ഉത്തരം പറഞ്ഞത്: പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും. നിന്റെ ചാർച്ചക്കാരത്തി എലീശബെത്തും വാർദ്ധക്യത്തിൽ ഒരു മകനെ ഗർഭം ധരിച്ചിരിക്കുന്നു; മച്ചി എന്നു പറഞ്ഞുവന്നവൾക്ക് ഇത് ആറാം മാസം. ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ എന്നായിരുന്നു.

* അതുകേട്ട മറിയ ദൈവത്തിന്റെ തിരുഹിതത്തിന് സ്വയം ഏല്പിച്ചു പറഞ്ഞത്, ഇതാ ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ എന്നായിരുന്നു.

* ദൂതൻ പറഞ്ഞതുപോലെ മറിയ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി.

* യോസേഫും മറിയയും വിവാഹാനന്തരം കൂടിവന്നപ്പോൾ മറിയയാണ് ഈ രഹസ്യം അവളുടെ ഭർത്താവായ യോസേഫിനെ അറിയിച്ചത്. ഇപ്രകാരം അസന്നിഗ്ദ്ധമായി പ്രസ്താവിച്ചിരിക്കുന്നതിന്റെ കാരണം സ്വർഗീയമായ ഈ ജനനത്തെക്കുറിച്ച് മറിയ എന്ന കന്യക അല്ലാതെ മറ്റൊരു വ്യക്തിയും ഈ രഹസ്യം അറിഞ്ഞിട്ടില്ലാത്തതുകൊണ്ടാകുന്നു.

* വിവാഹദിവസത്തിന്റെ സ്വകാര്യതയിൽ യോസേഫിനോട് അവന്റെ ഭാര്യ മറിയ പരിശുദ്ധാത്മാവിനാൽ ഗർഭിണിയാണ് എന്ന വിവരം അറിയിച്ചപ്പോൾ അവൻ അതിൽ വിഷമിതനായി.

* മാനവകുലത്തിന്റെ പ്രഥമകുടുംബമായിരുന്ന ആദാം-ഹവ്വാ ദമ്പതിമാരുടെ ജീവിതത്തിൽ ഒന്നാം മനുഷ്യനായ ആദാം വിഷമഘട്ടത്തിലായത് സാത്താന്റെ മുമ്പിൽ കുലുങ്ങിപ്പോയ അവന്റെ ഭാര്യ മോഹത്തിന് അടിമപ്പെട്ട് വിലക്കപ്പെട്ട കനി തിന്നുകയും അവനുവേണ്ടി അതുമായി വന്ന സന്ദർഭത്തിലായിരുന്നു. ആദാം അവളെ ജീവനുതുല്യം സ്നേഹിച്ചിരുന്നതുകൊണ്ട്

അറിഞ്ഞുതന്നെയാണ് അവളെ ഉപേക്ഷിക്കാതെ അവളോടൊപ്പം വിലക്കപ്പെട്ട കനി ഭക്ഷിച്ച് അവളെപ്പോലെ ആയിത്തീർന്നത്. എന്നാൽ അതിൽനിന്ന് വ്യത്യസ്ഥമായി പുതിയനിയമത്തിലെ പ്രാരംഭകുടുംബമായ യോസേഫ്-മറിയ ദമ്പതിമാരുടെ ജീവിതത്തിൽ മറിയയുടെ ഭർത്താവായ യോസേഫ് മനോവിഷമത്തിലായത് മറിയ തിരുശബ്ദത്തിന് കീഴ്പ്പെട്ട് പരിശുദ്ധാത്മാവിനാൽ ഒടുക്കത്തെ ആദാമാകുന്ന അനുസരണത്തിന്റെ പുത്രനെ ഉദരത്തിൽ വഹിക്കുന്നു എന്ന സത്യം അവനോട് അറിയിച്ച സന്ദർഭത്തിലായിരുന്നു.

* ഉലകത്തിൽ അന്നുവരെ സംഭവിക്കാത്ത കാര്യം നവവധുവിൽ നിന്നും ശ്രവിച്ച യോസേഫ് അത് സത്യമോ മിഥ്യയോ എന്നറിയാതെ കുഴഞ്ഞുപോയി. ന്യായപ്രമാണം അനുസരിച്ച് മരണ ശിക്ഷയ്ക്ക് വിധിക്കപ്പെടേണ്ട മറിയയെ നീതിമാനായ യോസേഫ് രക്ഷിക്കുവാൻ തീരുമാനിച്ചു. അതുകൊണ്ട് നീതിമാനായ യോസേഫ് ഈ രഹസ്യം ആരെയും അറിയിക്കാതെ ഗൂഢമായി അവളെ ഉപേക്ഷിക്കുവാനാണ് തീരുമാനിച്ചത്.

* മാനവരാശിയുടെ പ്രഥമ കുടുംബമായ ആദാമിക കുടുംബത്തിലെ പ്രശ്നത്തിന് പരിഹാരം വരുത്തിയ ദൈവം പുതിയനിയമത്തിലെ പ്രഥമകുടുംബത്തിലെ പ്രശ്നം പരിഹരിച്ചത് യോസേഫിന് അന്നു രാത്രിയിൽകൊടുത്ത സ്വപ്നത്തിലൂടെയായിരുന്നു.

* അന്ന് ദൈവത്തിന്റെ ദൂതൻ യോസേഫിനു സ്വപ്നത്തിൽ പ്രത്യക്ഷനായി അവനോട് അറിയിച്ചത്: ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ടാ; അവളിൽ ഉല്പാദിതമായത് പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് നീ അവനു യേശു എന്ന് പേർ ഇടേണം എന്നായിരുന്നു.

* അതു മാത്രമല്ല "കന്യക ഗർഭിണയായി ഒരു മകനെ പ്രസ വിക്കും; അവനു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാ നുവേൽ എന്ന് പേർവിളിക്കും" എന്ന് കർത്താവ് യെശയ്യാവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തിരുന്ന പ്രവചനമാണ് കന്യകയായ മറിയയിൽ നിവർത്തീകരിക്കപ്പെട്ടത് എന്നുമാണ് യോസേഫിന് ദൂതൻ സ്വപ്നത്തിൽ സ്പഷ്ടമാക്കിക്കൊടുത്തത്.

* ദൈവത്തിന്റെ മാനവരക്ഷാപദ്ധതിയാണ് തന്റെ കുടുംബ ജീവിതത്തിലൂടെ നിറവേറപ്പെടുന്നത് എന്ന സത്യം തിരിച്ചറിഞ്ഞ നീതിമാനായ യോസേഫ് ദൈവത്തിന്റെ കൃപ ലഭിച്ച നീതിമതി യായ മറിയയെ ഭാര്യയായി ചേർത്തുകൊണ്ടു.
* മറിയ വിശുദ്ധപ്രജയായ യേശുവിനെ പ്രസവിക്കുന്നതുവരെ യോസേഫ് അവളെ പരിഗ്രഹിച്ചില്ല.
* ലോകത്തിന്റെ ദൃഷ്ടിയിൽ അവർ വിവാഹം കഴിഞ്ഞ ഭർത്താവും ഭാര്യയുമായിരുന്നു. എന്നാൽ പരിശുദ്ധാത്മാവിനാൽ മറിയ ഗർഭി ണിയായ സ്വർഗീയമർമ്മം മറ്റാരും അറിഞ്ഞിരുന്നില്ല. അവർ ഉത്തമ കുടുംബജീവിതമാണ് നയിച്ചത്.
* ഉത്തമ കുടുംബജീവിതം നയിച്ചിരുന്ന മറിയ ഭർത്താവായ യോസേഫിന്റെ അനുവാദത്തോടെയാണ് യെഹൂദ്യ മലനാട്ടി ലുള്ള അവളുടെ ചാർച്ചക്കാരത്തി എലീശബെത്തിന്റെ അടുക്കൽ പോയത്. അത് കേവലം ഒരു ബന്ധുസന്ദർശനമായിരുന്നില്ല; ഒരു പ്രവചനം നിവർത്തീകരിക്കുന്നതിനു വേണ്ടിയായിരുന്നു. അത് സ്നാപകയോഹന്നാൻ എലീശബെത്തിന്റെ ഉദരത്തിൽവച്ച് പരിശുദ്ധാത്മാവിനാൽ നിറയപ്പെടും എന്ന പ്രവചനമായിരുന്നു. ദൈവപുത്രനെ ഉദരത്തിൽ വഹിച്ചിരുന്ന മറിയയുടെ സാന്നി ദ്ധ്യമാണ് സ്നാപകയോഹന്നാനെ ഉദരത്തിൽവച്ച് പരിശുദ്ധാത്മാ വിൽ നിറച്ചത്.
* എലീശബെത്ത് ഗർഭിണി ആയതിനു ശേഷം അഞ്ചുമാസം ഒളിച്ചു പാർത്തതുകൊണ്ട് ഈ വിവരം അവളുടെ അടുത്ത ബന്ധുക്കൾക്ക് അറിവില്ലായിരുന്നു.
* ഗബ്രീയേൽ ദൂതനാണ് മറിയയോട് എലീശബെത്ത് വാർദ്ധക്യ ത്തിൽ ഗർഭം ധരിച്ചിരിക്കുന്ന വിവരം അറിയിച്ചത്.
* എലീശബെത്ത് ഗർഭം ധരിച്ചതിന്റെ ആറാമത്തെ മാസത്തിലാണ് മറിയ അവളുടെ അടുക്കൽ ചെന്ന് മൂന്നുമാസം അവളോടുകൂടെ പാർത്തത്.
* അന്ന് സെഖര്യാവിന്റെ ഭവനത്തിൽ വ്യാപരിച്ച ദൈവീകസാ ന്നിദ്ധ്യം ഗർഭസ്ഥശിശുവായ യോഹന്നാൻ, എലീശബെത്ത്, മറിയ എന്നിവരെ പരിശുദ്ധാത്മാവിന്റെ നിറവിലാക്കിയപ്പോൾ സെഖര്യാവിന് അതിനു സാധിക്കാതെപോയി. അതിന്റെ കാരണം ദൈവത്തിന്റെ അരുളപ്പാട് അവനോട് അറിയിച്ച സന്ദർഭത്തിൽ

അവൻ അത് വിശ്വസിക്കാതിരുന്നതുകൊണ്ട് യോഹന്നാൻ ജനിക്കുംവരെ അവൻ സംസാരിക്കാതെ മൗനം ആയിരിക്കുമെന്ന് ദൂതൻ മുൻ അറിയിച്ചതു നിമിത്തമായിരുന്നു.

* മൂന്നുമാസം മറിയ എലിശബെത്തിന്റെ കൂടെ താമസിച്ചതിനു ശേഷം തിരികെ അവൾ നസറെത്തിലേക്ക് യോസഫിന്റെ അടുക്കലേക്കാണ് മടങ്ങിപ്പോയത്.
* ലോകമൊക്കെയും പേർവഴി ചാർത്തേണം എന്ന് ഔഗുസ്തൊസ് കൈസരുടെ ആജ്ഞ പുറപ്പെട്ടതിനനുസരിച്ച് എല്ലാവരും താന്താങ്ങളുടെ പട്ടണങ്ങളിലേക്ക് യാത്രയാകണമായിരുന്നു.
* യോസേഫ് ദാവീദിന്റെ ഗൃഹത്തിലും കുലത്തിലും ഉള്ളവൻ ആകകൊണ്ട് ഗർഭിണിയായ ഭാര്യയോടും കൂടെ ചാർത്തപ്പെടേണ്ടതിനു ഗലീലായിലെ നസറെത്തിൽനിന്ന് ബേത്‌ലഹേം എന്ന ദാവീദിൻ പട്ടണത്തിലേക്കാണ് പോയത്.
* അവർ ബേത്‌ലഹേമിൽ ഇരിക്കുമ്പോൾ മറിയയ്ക്ക് പ്രസവത്തിനുള്ള കാലം തികഞ്ഞു. അവൾ ആദ്യജാതനായ മകനെ പ്രസവിച്ചു, ശീലകൾ ചുറ്റി വഴിയമ്പലത്തിൽ അവർക്ക് സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി.
* ബേത്‌ലഹേമിൽ ഇടയന്മാർ ആട്ടിൻ കൂട്ടത്തെ കാവൽകാത്തു വെളിയിൽ പാർത്തിരുന്നു. നല്ല ഇടയനായ യേശു ജനിച്ചപ്പോൾ കർത്താവിന്റെ തേജസ്സ് ഇടയന്മാരെ ചുറ്റിമിന്നി. അവരോട് കർത്താവായ യേശുക്രിസ്തു മാനവരക്ഷയ്ക്കായി ദാവീദിൻ പട്ടണമായ ബേത്‌ലഹേമിൽ ജനിച്ചു എന്ന മഹാസന്തോഷവാർത്ത അറിയിച്ചു.
* സ്വർഗീയസൈന്യത്തിന്റെ ഒരു സംഘം ദൂതനോടു ചേർന്ന് ദൈവത്തെ പുകഴ്ത്തിയത് അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം എന്നായിരുന്നു.
* ദൂതന്മാരുടെ സംഘം ഇടയന്മാരെ വിട്ട് സ്വർഗത്തിലേക്ക് പോയ ശേഷം; അവർ കേട്ട വാർത്തയനുസരിച്ച് അവർ ക്രിസ്തു എന്ന രക്ഷിതാവിനെ കാണുവാൻ ബേത്‌ലെഹേമിലേക്ക് പോയി. ദൂതൻ പറഞ്ഞതിൻപ്രകാരം അവർ അവിടെ എത്തി, ശീലകൾ പൊതിഞ്ഞ് പശുത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശുവിനെ കണ്ടു.

* പരിച്ഛേദന കഴിപ്പാനുള്ള എട്ടുദിവസം തികഞ്ഞപ്പോൾ അവൻ ഗർഭത്തിൽ ഉല്പാദിക്കുംമുമ്പേ ദൂതൻ പറഞ്ഞതുപോലെ അവനു യേശു എന്നു പേർ വിളിച്ചു (മത്താ.1:25, ലൂക്കൊ. 2:21)
* ശിശുവിന്റെ പരിച്ഛേദന കഴിഞ്ഞ് അവന് യേശു എന്ന് യോസേഫ് പേർ ഇട്ടതിനു ശേഷമാണ് കിഴക്കുനിന്നുള്ള വിദ്വാന്മാർ യെരുശലേമിൽ എത്തിച്ചേർന്നത്.
* അവർ യേശുവിന്റെ നക്ഷത്രം കിഴക്ക് കണ്ടു. അതിൻപ്രകാരമാണ് അവർ യെഹൂദന്മാരുട രാജാവായി പിറന്നവനെ അന്വേഷിച്ച് യെരുശലേമിൽ ഹെരോദാവിന്റെ രാജകൊട്ടാരത്തിൽ എത്തിച്ചേർന്നത്.
* യെഹൂദന്മാരുടെ രാജാവായി ഒരുവൻ പിറന്നു എന്നും അവനെ കാണുവാൻ പൂർവ്വദിഗ്വാസികൾ യെരുശലേമിൽ എത്തി എന്ന വാർത്ത കേട്ട ഹെരോദാ രാജാവ് അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി. അവനോടുകൂടെ യെരുശലേമും ഭ്രമിച്ചുപോയി (മത്താ. 2:3).
* ക്രിസ്തു എന്ന യെഹൂദന്മാരുടെ രാജാവ് എവിടെയാണ് പിറക്കുന്നത് എന്ന് ഹെരോദാ രാജാവ് മഹാപുരോഹിതന്മാരോടും ശാസ്ത്രിമാരോടുമാണ് ചോദിച്ചറിഞ്ഞത് (മത്താ. 2:4).
* തിരുവെഴുത്തുകളെ പരിശോധിച്ചിട്ട് ദീർഘദർശിയായ മീഖായുടെ പ്രവചനപ്രകാരം യെഹൂദ്യായിലെ ബേത്ലെഹേമിൽ ക്രിസ്തു ജനിക്കുന്നു എന്നണ് അവർ ഹെരോദാവിനെ അറിയിച്ചത് (മീഖാ. 5:2, മത്താ. 2:5-6).
* ഹെരോദാവ് വിദ്വാന്മാരെ രഹസ്യമായി വിളിച്ച് നക്ഷത്രം അവർക്ക് വെളിവായ സമയം സൂക്ഷ്മമായി ചോദിച്ചറിഞ്ഞു (മത്താ. 2:7).
* യിസ്രായേൽ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും തിരുവെഴുത്ത് ആധാരമാക്കി ക്രിസ്തു ജനിക്കുന്നത് ബേത്ലഹേമിലാണെന്ന് ഹെരോദാവിനെ അറിയിച്ചതിൻപ്രകാരം അവനാണ് വിദ്വാന്മാരെ ബേത്ലഹേമിലേക്ക് പറഞ്ഞയച്ചത് (മത്താ. 2:8).
* വിദ്വാന്മാർ ശിശുവിനെ കണ്ടെത്തിയാൽ ഹെരോദാവും ശിശുവിനെ നമസ്കരിക്കേണ്ടതിന് ആ വിവരം അവനെ വന്ന് അറിയിക്കണമെന്ന് അവരോട് ആജ്ഞാപിച്ചിരുന്നു (മത്താ. 2:8).

* വിദ്വാന്മാർ കിഴക്കുനിന്ന് ദൂരയാത്ര ചെയ്താണ് യെരുശലേമിൽ എത്തിയത്. അവർ യെഹൂദന്മാരുടെ രാജാവായി യാക്കോബിൽ അഥവാ യിസ്രായേലിൽനിന്ന് ഒരുവൻ നക്ഷത്രംപോലെ ഉദിക്കുമെന്ന് ഗ്രഹിച്ചിരുന്നു. അത് അവർ ഗ്രഹിച്ചത് മെസോപ്പൊത്താമ്യയിലെ പെഥോരിൽനിന്നുള്ള ബെയോരിന്റെ മകനായ ബിലെയാമിന്റെ ഭാവികാലപ്രവചനം വിശകലനം ചെയ്തതിൽ നിന്നുമായിരുന്നു (ആവ. 23:4).
* ക്രിസ്തുവിന്റെ ഒന്നാമത്തെ വരവിനെക്കുറിച്ചും അവന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചുമാണ് ബിലെയാം പ്രവചിച്ചത്. അതിൽ യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും എന്നത് കർത്താവിന്റെ തിരുപ്പിറവെയക്കുറിച്ചായിരുന്നുവെങ്കിൽ യിസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും എന്നത് അവൻ മഹാരാജാവായി ലോകത്തിൽ വാഴുവാനുള്ളതിനെക്കുറിച്ചാകുന്നു (സംഖ്യ. 24:17).
* അന്നു മുതൽ യെരുശലേമിന് കിഴക്കുള്ള വിദ്വാന്മാരുടെ തലമുറകൾ ഈ നക്ഷത്രം ഉദിക്കുന്നത് എന്നായിരിക്കും എന്ന അന്വേഷണത്തിലായിരുന്നു. അവരാണ് യേശുവിന്റെ ജനനത്തോടുള്ള ബന്ധത്തിൽ കിഴക്ക് ഉദിച്ചുയർന്ന നക്ഷത്രം ആകാശത്തിൽ കണ്ടത്. വിദ്വാന്മാർ ക്രിസ്തു യെഹൂദന്മാരുടെ രാജാവായി യെരുശലേമിൽ അധികംതാമസിയാതെ ജനിക്കുമെന്ന് ഗ്രഹിച്ചതിൻപ്രകാരമാണ് ഉടനെ അവിടേക്ക് യാത്രപുറപ്പെട്ടത്.
* അവർ കണക്കുകൂട്ടി പുറപ്പെട്ട കാലം കൃത്യമായിരുന്നു. യേശു ജനിച്ച കാലത്ത് തന്നെ അവർ യെരുശലേമിൽ എത്തിച്ചേർന്നു. അവർ സ്വദേശത്തുവച്ച് കിഴക്കു കണ്ട നക്ഷത്രം അവരുടെ യാത്രയിൽ അവരെ അനുഗമിച്ചിരുന്നില്ല. അത് അവർക്ക് വഴികാട്ടിയായിട്ട് ഉണ്ടായിരുന്നുവെങ്കിൽ അവർ ഒരിക്കലും ഹെരോദാവിന്റെ കൊട്ടാരത്തിൽ യേശുവിന്റെ ജനനം അന്വേഷിച്ച് ചെല്ലുകയില്ലായിരുന്നു. യെരുശേമിലാണ് യേശു ജനിക്കുന്നത് എന്ന് അറിയാമായിരുന്നതുകൊണ്ട് അവിടേക്കുള്ള യാത്രയ്ക്ക് നക്ഷത്രത്തിന്റെ സാന്നിധ്യം വിദ്വാന്മാർക്ക് ആവശ്യമില്ലായിരുന്നു.
* അവർ ഹെരോദാവിന്റെ കൊട്ടാരത്തിൽ എത്തിച്ചേരണമെന്നത് ദൈവഹിതമായിരുന്നു. യെഹൂദന്മാരുടെ രാജാവായി ഒരുവൻ

യെരുശലേമിൽ പിറന്നത് ഹെരോദാവിനെയും യിസ്രായേൽ മഹാപുരോഹിതന്മാരെയും ശാസ്ത്രിമാരെയും അറിയിച്ചത് ക്രിസ്തുവിന്റെ തിരുപ്പിറവിയുടെ രാജകീയ വിളംബരം ആയിരുന്നു. അതുപോലെ യിരെമ്യാവ് പ്രവചിച്ച റാഹേലിനോടുള്ള ബന്ധത്തിലെ റാമായിലെ നിലവിളി നിവർത്തീകരിക്കപ്പെടുന്നതിന് അവർ രാജകൊട്ടാരത്തിൽ എത്തിച്ചേരണമായിരുന്നു. റാമായിലെ നിലവിളി യേശുവിന്റെ ജനനത്തിലാണ് നിറവേറപ്പെട്ടത് (യിര. 31:15).

* വിദ്വാന്മാർ യെരുശലേമിലെ ഹെരോദാവിന്റെ കൊട്ടാരത്തിൽ യെഹൂദന്മാരുടെ രാജാവായി പിറന്നവന്റെ ജനനം വിളംബരം ചെയ്ത് അവിടെ നിന്ന് ബേത്‌ലഹേമിലേക്ക് പുറപ്പെട്ടപ്പോളാണ് അവർ കിഴക്ക് കണ്ട നക്ഷത്രം വീണ്ടും അവർക്ക് വെളിവായത്. അതിൽ അവർ അത്യന്തം സന്തോഷിച്ചു (മത്താ. 2:10).
* ആ നക്ഷത്രം അവർക്ക് മുമ്പായി യാത്ര ചെയ്ത് യേശു ഇരിക്കുന്ന  വീടിന്റെ മീതെയാണ് വന്നുനിന്നത് (മത്താ. 2:11).
* അവർ ഒരു വീട്ടിൽ ചെന്നാണ് ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടത്. അവർ അവനെ വീണുനമസ്കരിക്കുകയും നിക്ഷേപപാത്രങ്ങളെ തുറന്ന് അവന് പൊന്നും കുന്തുരുക്കവും മൂരും കാഴ്ചവയ്ക്കുകയും ചെയ്തു (മത്താ. 2:11).
* ആട്ടിടയന്മാർ യേശു ജനിച്ച അന്ന് ആ രാത്രിതന്നെ അവനെ പശുത്തൊട്ടിയിൽ ചെന്നുകണ്ടു നമസ്കരിക്കുകയാണ് ചെയ്തതെങ്കിൽ വിദ്വാന്മാർ യേശുവിനെ ചെന്നുകണ്ടത് പശുത്തൊട്ടിയിലോ സത്രത്തിലെ ആയിരുന്നില്ല; ബേത്‌ലഹേമിലെ ഒരു വീട്ടിലായിരുന്നു.
* ബേത്‌ലഹേമിൽ പിതൃകുടുംബത്തിന്റെ വേര് ഉണ്ടായിരുന്ന യോസേഫ് അവന്റെ ഭാര്യ മറിയയെയും യേശുവിനെയും കൊണ്ട് ഏതു ഭവനത്തിലേക്കാണ് മാറി താമസിച്ചത് എന്നതിന്റെ തിരുവചന തെളിവില്ല. അത് യോസേഫിന്റെ പിതൃകുടുംബത്തിന്റെ ചാർച്ചയിൽപ്പെട്ട ആരുടെയെങ്കിലും ഭവനമായിരുന്നു എന്ന് തിരുവചനവെളിച്ചത്തിൽ ചിന്തിക്കുന്നതിൽ തെറ്റില്ല.
* വിദ്വാന്മാർ യേശുവിനെ ആ വീട്ടിൽ ചെന്ന് കണ്ടതിനുശേഷം സ്വദേശത്തേക്കാണ് മടങ്ങിപ്പോയത്. ഹെരോദാവിന്റെ അടുക്കൽ മടങ്ങിപ്പോകരുത് എന്ന് അവർക്ക് സ്വപ്നത്തിൽ അരുളപ്പാട്

ഉണ്ടായതുകൊണ്ട് അവർ ഹെരോദാവിന്റെ അടുക്കൽ പോകാതെ വേറെ വഴിക്കാണ് തിരികെ പോയത് (മത്താ. 2:12).

* വിദ്വാന്മാർ പോയതിനു ശേഷം കർത്താവിന്റെ ദൂതൻ യോസേഫിന് സ്വപ്നത്തിൽ പ്രത്യക്ഷനായി: ശിശുവിനെയും അമ്മയെയും കൂട്ടിക്കൊണ്ട് മിസ്രയീമിലേക്ക് ഓടിപ്പോകുവാനും മടങ്ങിവരുവാൻ പറയുംവരെ അവിടെ താമസിക്കുവാനും അവനോട് അറിയിച്ചു.
* ഹെരോദാവ് ശിശുവിനെ നശിപ്പിക്കുവാൻ അന്വേഷിക്കുന്നത് നിമിത്തം അന്നു ആ രാത്രി തന്നെ യോസേഫും കുടുംബവും യിസ്രായേൽ ദേശത്തുനിന്നു മിസ്രയീമില്ക്ക് ഓടിപ്പോയി. ഹെരോദാവിന്റെ മരണത്തോളം അവിടെ പാർത്തു.
* മിസ്രയീമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചുവരുത്തി എന്ന് കർത്താവ് യിരെമ്യാവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്ത പ്രവചനമാണ് അന്ന് നിവർത്തീകരിക്കപ്പെട്ടത്.
* വിദ്വാൻമാർ തന്നോട് അറിയിക്കാതെ സ്വദേശത്തേക്ക് പോയി എന്നു കണ്ട ഹെരോദാവ് അവർ അവനെ കളിയാക്കി എന്നു ധരിച്ച് വളരെ കോപിച്ചു.
* വിദ്വാന്മാരോട് ചോദിച്ചറിഞ്ഞ കാലത്തിനൊത്തവണ്ണം രണ്ടു വയസ്സും അതിനു താഴെയുമുള്ള ആൺ കുട്ടികളെയൊക്കെയും ബേത്ലഹേമിലും അതിന്റെ എല്ലാ അതിരുകളിലും ആളയച്ച് ഹെരോദാവ് കൊന്നുകളഞ്ഞു.
* ഇതിൽനിന്നും വിദ്വാന്മാർ നക്ഷത്രം കണ്ട് അവരുടെ ദേശത്തുനിന്ന് യിസ്രായേലിലേക്ക് പുറപ്പെട്ടതിന്റെ കാലം ഗണിച്ചാണ് ഹെരോദാവ് ബേത്ലഹേമിലും അതിന്റെ എല്ലാ അതിരുകളിലും ഉണ്ടായിരുന്ന രണ്ടു വയസ്സും അതിനു താഴെയുമുള്ള സകല ആൺകുഞ്ഞുങ്ങളെയും ആളയച്ച് കൊന്നുകളഞ്ഞത്.
* യിരെമ്യാവ് അത് മുൻകൂട്ടി പ്രവചിച്ചതിനെ പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാകുന്നു.

  റാമായിൽ ഒരു ശബ്ദം കേട്ടു; കരച്ചിലും വലിയ നിലവിളിയും തന്നെ; റാഹേൽ മക്കളെച്ചൊല്ലി കരഞ്ഞു; അവർ ഇല്ലായ്കയാൽ ആശ്വാസം കൈക്കൊൾവാൻ മനസ്സില്ലായിരുന്നു (മത്താ. 2:12), (യിര. 31:15)
* യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടിന്റെയും എണ്ണം തികെഞ്ഞത് ബെന്യാമീന്റെ ജനനത്തോടെയാണ്. യാക്കോബിന്റെ ഭാര്യ

റാഹേലാണ് അവനെ പ്രസവിച്ചത്. യാക്കോബും അവന്റെ കുടുംബവും പദ്ദൻ-അരാമിലെ പ്രവാസത്തിനു ശേഷം കനാൻ ദേശത്തേക്കുള്ള യാത്രാമദ്ധ്യേ ആണ് യാക്കോബിന്റെ ഭാര്യ റാഹേൽ അവനെ പ്രസവിച്ചത്. ബേഥേലിൽ നിന്ന് യാക്കോബും കുടുംബവും പുറപ്പെട്ട് എഫ്രാത്ത് എന്ന ബേത്‌ലഹേമിന് എത്തുവാൻ അൽപ ദൂരമുള്ളപ്പോളാണ് അവൾ ബെന്യാമീനെ കഠിനവേദനയോടെ പ്രസവിച്ച് ഇഹലോകം വെടിഞ്ഞത്. ബേഥേലിൽ നിന്ന് തെക്കോട്ടു യാത്ര ചെയ്യുമ്പോൾ റാമാ, യെരുശലേം, ബേത്‌ലഹേം എന്നിങ്ങനെയാണ് സ്ഥലങ്ങൾ സ്ഥിതിചെയ്യുന്നത്. ഇതിൽ നിന്നും യെരുശലേമിനോട് തൊട്ടടുത്ത സ്ഥലമാണ് റാമാ എന്നും അവിടെവച്ച് റാഹേൽ പ്രസവവേദനയിൽ മക്കളെച്ചൊല്ലി കരഞ്ഞു മരിച്ചതുകൊണ്ടാണ് റാഹേലിനോടുള്ള ബന്ധത്തിൽ ഈ സ്ഥലം തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

* റാഹേൽ അതിവേദനയോടെ ബെന്യാമീനെ പ്രസവിച്ച് യിസ്രായേൽ ഗോത്രങ്ങളുടെ എണ്ണം തികെയപ്പെട്ടപ്പോൾ അന്ന് അവളുടെ മരണം നിമിത്തം റാമായിൽ വലിയൊരു നിലവിളി ഉയർന്നിരുന്നു. അത് യിസ്രായേലിന്റെ വീണ്ടെടുപ്പുകാരന്റെ ജനനത്തോടുള്ള ബന്ധത്തിലാണ് അവിടെ ആവർത്തിക്കപ്പെട്ടത്.
* യേശുക്രിസ്തുവിന്റെ ജനനത്തിൽ ബേത്‌ലഹേമും അതിന്റെ ചുറ്റുമുള്ള പ്രദേശങ്ങളിലെ രണ്ടു വയസ്സും അതിനു താഴെയുമുള്ള ആൺ കുഞ്ഞുങ്ങളെയെല്ലാമാണ് ഹെരോദാവ് അളയച്ച് കൊന്നുകളഞ്ഞതാണ് റാമായോടുള്ള ബന്ധത്തിൽ ഉയർന്ന നിലവിളി.
* യിസ്രായേലിലെ മൂന്നു ഗോത്രങ്ങളിലെ ആൺകുഞ്ഞുങ്ങളാണ് കൊല്ലപ്പെട്ടത്. അത് യേശു ജനിച്ച യെഹൂദാ ഗോത്രം, റാഹേലിന്റെ മക്കളായിരുന്ന യോസേഫ്, ബെന്യാമീൻ എന്നീ ഗോത്രങ്ങളിൽപ്പെട്ട ആൺകുഞ്ഞുങ്ങളാകുന്നു.
* യെഹൂദാ ഗോത്രത്തിൽ ഉൾപ്പെടുന്ന ബേത്‌ലഹേമിന്റെ അതിരുകളിൽ വസിക്കുന്നത് യോസേഫിന്റെ മകനായ എഫ്രയീമിന്റെ ഗോത്രവും റാഹേൽ വേദനയോടെ പ്രസവിച്ച ബെന്യാമീന്റെ ഗോത്രവുമാണ്.
* യെഹൂദാ, എഫ്രയീം, ബെന്യാമീൻ എന്നീ മൂന്ന് ഗോത്രങ്ങളിലെ രണ്ടു വയസ്സിനു താഴെയുള്ള ആൺകുഞ്ഞുങ്ങൾ യേശു

ക്രിസ്തുവിന്റെ ജനനത്തിങ്കൽ കൊല്ലപ്പെടുമെന്ന് ആത്മാവിൽ ദർശിച്ചതുകൊണ്ടാണ് റാമായിൽ കരച്ചിലും വലിയ നിലവിളിയും ഉയരുമെന്ന് യിരെമ്യാവ് പ്രവചിച്ചത്.

* അധികം താമസിയാതെ ഹെരോദാവ് മരിച്ചു. മിസ്രയീമിൽനിന്ന് യിസ്രായേൽ ദേശത്തേക്ക് മടങ്ങിപ്പോകുക എന്നു ദൂതൻ അറിയിച്ചതിൻപ്രകാരം യോസേഫ് മറിയയെയും യേശുവിനെയും കൊണ്ട് യിസ്രായേൽ ദേശത്തേക്ക് മടങ്ങി വന്നു.
* അവർ ഓടിപ്പോയത് യെഹൂദ്യയിലെ ബേത്ലഹേമിലെ വീട്ടിൽ നിന്നായിരുന്നു. എന്നാൽ മിസ്രയീമിൽനിന്ന് മടങ്ങിവന്നപ്പോൾ അവർ അവിടേക്ക് പോകുവാൻ ഭയപ്പെട്ടു. അതിന്റെ കാരണം ഹെരോദാവിനു പകരം അവന്റെ മകൻ അർക്കെലയൊസ് യെഹൂദായിൽ വാഴുന്നു എന്ന് കേട്ടതുകൊണ്ടായിരുന്നു.
* യോസേഫിന് സ്വപ്നത്തിൽ അരുളപ്പാടുണ്ടായിട്ട് അവൻ അവരെയും കൊണ്ട് സ്വന്തപട്ടണമായ ഗലീലയിലെ നസറെത്ത് എന്ന ഗ്രാമത്തിലാണ് ചെന്നു പാർത്തത്. നസറെത്തിൽ യേശു വളർന്നതുകൊണ്ടാണ് അവനെ നസറായൻ എന്ന പേരിലും അറിയപ്പെടുന്നത്.
* യേശുവിനെയും കൊണ്ട് യോസേഫും മറിയയും എത്രനാൾ മിസ്രയീമിൽ പാർത്തു എന്നതിന്റെ വ്യക്തമായ തിരുവചന രേഖയില്ല. എന്നാൽ യെഹൂദന്മാർക്ക് ജനിക്കുന്ന ആൺകുഞ്ഞുങ്ങളോടുള്ള ബന്ധത്തിൽ നടത്തപ്പെടുന്ന രണ്ടു ആചാരങ്ങളോടുള്ള ബന്ധത്തിൽ നിന്ന് അത് നമുക്ക് ഗ്രഹിച്ചെടുക്കാവുന്നതാണ്.
* യിസ്രായേലിൽ ജനിക്കുന്ന പുരുഷപ്രജകളുടെ പരിച്ഛേദന എട്ടാമത്തെ നാളിൽ നടത്തണമെന്ന വചനപ്രകാരം ക്രിസ്തുവിനെ ബേത്ലഹേമിലെ വീട്ടിൽവച്ച് അവർ ആ കർമ്മം നിവർത്തിച്ചിരുന്നു. അത് തിരുവചനവെളിച്ചത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള വസ്തുതയാണ് (ലൂക്കൊ. 2:21).
* അതിനു ശേഷമാണ് അവർ മിസ്രയീമിലേക്ക് ഓടിപ്പോയത്. ഹെരോദാവ് മരിച്ചതിനു ശേഷം അവർ മടങ്ങി വന്ന് പാർത്തത് ഗലീലായിലെ നസറെത്തിലെ സ്വന്തവീട്ടിൽ ആയിരുന്നു.
* മോശെയുടെ ന്യായപ്രമാണപ്രകാരം യേശുവിന്റെ അമ്മ മറിയയുടെ ശുദ്ധീകരണകാലം തികഞ്ഞപ്പോളാണ് അവർ യേശുവിനെ യെരുശലേം ദൈവാലയത്തിൽ കൊണ്ടുപോയത്.

* ആൺകുഞ്ഞുങ്ങളെ പ്രസവിക്കുന്ന സ്ത്രീയുടെ ശുദ്ധീകരണ കാലത്തെക്കുറിച്ച് ലേവ്യ പുസ്തകത്തിൽ രേഖപ്പെടുത്തി യിരിക്കുന്നതിൻപ്രകാരം അത് മുപ്പത്തിമൂന്ന് ദിവസമാകുന്നു (ലേവ്യ. 12:1–8).
* ന്യായപ്രമാണത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എല്ലാം യേശു വിന്റെ ജനനത്തോടുള്ള ബന്ധത്തിൽ മറിയയുടെ ശുദ്ധീകരണ ത്തിനായി അവർ ചെയ്തിരുന്നു.
* അതിനാൽ യേശുവിന്റെ എട്ടാം നാളിലെ പരിഛേദനയ്ക്ക് ശേഷം മിസ്രയീമിലേക്ക് ഓടിപ്പോയ യോസേഫും കുടുംബവും ഏക ദേശം ഒരു മാസത്തിനുള്ളിൽ യിസ്രായേൽ ദേശത്തേക്ക് മടങ്ങി വന്നു എന്നാണ് തിരുവചനവെളിച്ചത്തിൽ വ്യക്തമാക്കപ്പെടുന്നത്.
* അവർ പാർത്തിരുന്ന നസറെത്തിൽ നിന്ന് യെരുശലേമിലെ ദൈവാലയത്തിലേക്ക് അവർ യേശുവിനെയും കൊണ്ട് അവൻ ജനിച്ചതിന്റെ നാല്പത്തിയൊന്നാം ദിവസത്തിലാണ് എത്തിയത്. (പരിഛേദനകാലമാകുന്ന എട്ടു ദിവസവും മറിയയുടെ ശുദ്ധീക രണകാലമാകുന്ന മുപ്പത്തിമൂന്നു ദിവസവും)
* യേശു ദരിദ്രകുടുംബത്തിൽ ആണ് ജനിച്ചത്. അതുകൊണ്ടാണ് യേശുവിന്റെ ജനനത്തിൽ മറിയയുടെ ശുദ്ധീകരണത്തോടുള്ള ബന്ധത്തിൽ അവർ ഒരു ഇണ കുറുപ്രാവിനെയോ രണ്ട് പ്രാവിൻ കുഞ്ഞിനെയോ അർപ്പിച്ചത്.
* യെരുശലേം ദൈവാലയത്തിൽ യേശുവിനെയും കൊണ്ട് യോസേഫും മറിയയും ചെന്നപ്പോൾ കർത്താവിന്റെ ക്രിസ്തു വിനെ കാണും മുമ്പേ മരണം കാണുകയില്ല എന്ന് പരിശുദ്ധാ ത്മാവിനാൽ അരുളപ്പാട് ലഭിച്ചിരുന്ന ശിമ്യോൻ ആത്മനിയോഗ ത്താൽ യെരുശലേം ദൈവാലയത്തിൽ എത്തി യേശുവിനെ കര ങ്ങളിൽ എടുത്ത് ദൈവത്തെ പുകഴ്ത്തി പറഞ്ഞത് ഇപ്രകാര മായിരുന്നു.

... ഇപ്പോൾ നാഥാ തിരുവചനംപോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയയ്ക്കുന്നു. ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ എന്നു പറഞ്ഞു. ...പിന്നെ ശിമ്യോൻ അവരെ അനുഗ്രഹിച്ച്... (ലൂക്കൊ. 2:25-35).

* അതുപോലെ അന്ന് ആശേർ ഗോത്രത്തിൽ ഫനുവേലിന്റെ മകളായ ഹന്നാ പ്രവാചകിയും യെരുശലേമിന്റെ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടുമായി പ്രസ്താവിച്ചത് യേശുവിനെക്കുറിച്ചായിരുന്നു.

* കർത്താവിന്റെ ന്യായപ്രമാണത്തിൽ കല്പിച്ചിരിക്കുന്നതൊക്കെയും നിവർത്തിച്ച ശേഷം അവർ ഗലീലയിൽ തങ്ങളുടെ പട്ടണമായ നസറെത്തിലേക്കാണ് മടങ്ങിപ്പോയത്.

* നസറെത്തിലായിരുന്നതുകൊണ്ടാണ് യേശുവിനെ അർക്കെലയൊസ് ഉൾപ്പെടെ ആരും ശ്രദ്ധിക്കാതിരുന്നത്. അതുകൊണ്ട് മിസ്രയീമിൽനിന്ന് മടങ്ങിവന്ന യോസേഫും മറിയയും ശിശുവിനെയും കൊണ്ട് നസറെത്തിൽ നിന്ന് യെരുശലേമിലെ ദൈവാലയത്തിലേക്ക് കർത്താവിന്റെ ന്യായപ്രമാണത്തിൽ കല്പിച്ചിരിക്കുന്നതൊക്കെയും നിവർത്തിക്കാൻ പോയതും തിരികെ വന്നതും ഒന്നും ആരും ശ്രദ്ധിച്ചില്ല.

* ശിമ്യോൻ, ഹന്നാ എന്നിവർ യേശു ആരാണ് എന്ന് തിരിച്ചറിഞ്ഞവരായിരുന്നു. അത് അവർ ദൈവാലയത്തിൽ വച്ച് പരസ്യമായി പ്രസ്താവിക്കുകയും ചെയ്തു.

* യേശു നസറെത്തിൽ തച്ചനായ യോസേഫിന്റെ മകനായി വളർന്നു. ജ്ഞാനം നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടു, ദൈവകൃപയും അവന്റെ മേൽ ഉണ്ടായിരുന്നു. അവന്റെ അമ്മയപ്പന്മാർ ആണ്ടുതോറും പെസഹാ പെരുന്നാളിന് യെരുശലേം ദൈവാലയത്തിലേക്ക് പോകുക പതിവായിരുന്നു.

* പന്ത്രണ്ട് വയസ്സുള്ള ബാലനായ യേശു പെസഹാ പെരുന്നാളിന് പതിവുപോലെ അമ്മയപ്പന്മാരോടുകൂടെ പോയിട്ട് അവരോടൊപ്പം യെരുശലേമിൽ നിന്ന് മടങ്ങിപ്പോയില്ല. അവൻ യെരുശലേം ദൈവാലയത്തിൽ ഇരുന്ന് ഉപദേഷ്ടാക്കന്മാരുടെ ഉപദേശം കേൾക്കയും അവരോട് ചോദിക്കുകയുമായിരുന്നു ചെയ്തത്.

* യോസേഫും മറിയയും അവനെ കാണാതെ തിരഞ്ഞുനടന്നു, ഒടുവിൽ മൂന്നുനാൾ കഴിഞ്ഞു യെരുശലേം ദൈവാലയത്തിൽ മടങ്ങി വന്നപ്പോൾ അവർ കണ്ടത് അവൻ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിക്കുന്നതായിട്ടാണ്.

* യേശുവിന്റെ അമ്മ മറിയ അവനോട് നിന്റെ അപ്പനും ഞാനും വ്യസനിച്ചുകൊണ്ട് നിന്നെ തിരഞ്ഞു എന്നു പറഞ്ഞതിന് യേശു

മറുപടി പറഞ്ഞത് എന്നെ തിരഞ്ഞത് എന്തിന്? എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടത് എന്നു നിങ്ങൾ അറിയുന്നില്ലയോ എന്നായിരുന്നു.

* യേശു അവരോടുകൂടെ ഇറങ്ങി നസറെത്തിൽ വന്ന് അവർക്കു കീഴടങ്ങിയിരുന്നു.

* യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെ കൃപയിലും മുതിർന്നുവന്നു.

സാക്ഷാൽ ദൈവമായിരുന്നവൻ മാനവരാശിക്കുവേണ്ടി ഭൂമിയിൽ അവതരിക്കുവാൻ തിരഞ്ഞെടുത്ത സുപ്രധാന കുടുംബമായിരുന്ന യോസേഫ്-മറിയ ദമ്പതിമാരുടെ കുടുംബം. ഇതിൽനിന്ന് അവരുടെ കുടുംബത്തെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം യേശുക്രിസ്തു എന്ന ലോകരക്ഷകനെ ഉലകത്തിൽ ജനിക്കുന്നതിനുള്ള അവസരം ഒരുക്കുക എന്നതായിരുന്നു. സ്വർഗീയപദ്ധതിപ്രകാരം യേശുവിന്റെ ജനനം അതീവരഹസ്യമായിത്തന്നെ ഇരുന്നു. അവന്റെ ദിവ്യജനനത്തിനു ശേഷം അത് യഥാർത്ഥത്തിൽ തിരിച്ചറിഞ്ഞിരുന്നത് കേവലം കുറച്ചുപേർ മാത്രമായിരുന്നു. യേശുവിന്റെ അമ്മ മറിയ, യോസേഫ്, ആട്ടിടയന്മാർ, വിദ്വാന്മാർ, ശിമ്യോൻ, ഹന്നാ, സെഖര്യാവ് പുരോഹിതൻ, എലീശബെത്ത്, യോഹന്നാൻസ്നാപകൻ എന്നിവരായിരുന്നു അവർ.

മാനവരാശിയോടുള്ള ബന്ധത്തിലെ സുപ്രധാന ദൈവീക ദൗത്യനിർവ്വഹണത്തിനുവേണ്ടി ജനിച്ച യേശുക്രിസ്തുവിന്റെ ജനനം, വളർച്ച എന്നിവയ്ക്ക് പൂർണ്ണപങ്കാളിത്തം വഹിച്ചവരായിരുന്നു യോസേഫും മറിയയും. യോസേഫിന് മറിയയിൽ ഉണ്ടായ പുത്രനാണ് യേശു എന്നായിരുന്നു ലോകം കരുതിയത്. ഇത് വ്യക്തമാക്കുന്നത് യോസേഫിന്റെയും മറിയയുടെയും കുടുംബജീവിതത്തിലുണ്ടായിരുന്ന സ്നേഹവും ഐക്യതയുമാണ്. അവർ ഇരുവരും ഒന്നായിത്തന്നെയാണ് ജീവിതത്തിലെ സകല സാഹചര്യങ്ങളെയും അഭിമുഖീകരിച്ചത്. യേശു മറിയയിൽ ജനിച്ചത് അതീവ രഹസ്യമായതുകൊണ്ട് അവൾക്ക് ആരിൽനിന്നും അപമാനം ഏല്ക്കേണ്ടിവന്നിട്ടില്ല. അത്തരം സന്ദർഭം ഉണ്ടാകാതിരിക്കുവാനാണ് നീതിമാനായ യോസേഫിനെ കൊണ്ട് മറിയയെ ദൈവം വിവാഹം കഴിപ്പിച്ചത്.

ന്യായപ്രമാണം നിവർത്തിപ്പാൻ ഭൂമിയിൽ പ്രത്യക്ഷപ്പെട്ട യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചും അവന്റെ അമ്മയപ്പന്മാരെ

ക്കുറിച്ചും അവരുടെ കുടുംബജീവിതത്തെക്കുറിച്ചുമാണ് നാം ഇതുവരെ ചിന്തിച്ചത്. സഭായുഗത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശത്തിൽ തുടർന്നു നാം ചിന്തിക്കുന്നത് ന്യായപ്രമാണത്തിന്റെ അവസാന പ്രവാചകനും അത്യുന്നതന്റെ പ്രവാചകനുമായ യോഹന്നാൻ സ്നാപകൻ ജനിച്ച സെഖര്യാവിന്റെയും എലീശബെത്തിന്റെയും കുടുംബജീവിതത്തിൽ നിവർത്തീകരിക്കപ്പെട്ട ദൈവീക ഉദ്ദേശത്തെക്കുറിച്ചാണ്.

### 2. ന്യായപ്രമാണത്തിലെ അവസാന പ്രവാചകനും അത്യുന്നതന്റെ പ്രവാചകനുമായ യോഹന്നാൻ ജനിച്ച സെഖര്യാവിന്റെയും എലീശബെത്തിന്റെയും കുടുംബത്തെക്കുറിച്ചുണ്ടായിരുന്ന ദൈവീക ഉദ്ദേശം.

പഴയനിയമത്തിലെ ആരംഭപുസ്തകമായ ഉല്പത്തിയിൽ മാനവകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി ഭൂമിയിൽ അവതരിച്ച സ്ത്രീയുടെ സന്തതിയായ ദൈവപുത്രനെക്കുറിച്ചുള്ള പ്രവചനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പഴയനിയമത്തിലെ അവസാന പുസ്തകമായ മലാഖിയുടെ പ്രവചനം എഴുതി അവസാനിപ്പിച്ചിരിക്കുന്നത് ദൈവപുത്രനായ യേശുവിന് മുന്നോടിയായി വന്ന ന്യായപ്രമാണത്തിലെ അവസാന പ്രവാചകനായ യോഹന്നാനെക്കുറിച്ചുള്ള പ്രവചനമാണ്.

മുപ്പതാമത്തെ വയസ്സിൽ തച്ചന്റെ മകൻ എന്നറിയപ്പെട്ടിരുന്ന യേശുവിനെ ദൈവപുത്രൻ എന്ന് ലോകത്തിനു വെളിപ്പെടുത്തുക എന്ന സ്വർഗീയദൗത്യമാണ് സെഖര്യാവിന്റെ മകനായ യോഹന്നാനിൽ നിക്ഷിപ്തമായിരുന്നത്. യോഹന്നാൻ യേശുവിനെ യിസ്രായേലിന് വെളിപ്പെടുത്തിയത് അവനെ യോർദ്ദാനിൽവച്ച് വെള്ളത്തിൽ സ്നാനപ്പെടുത്തിയ സന്ദർഭത്തിലായിരുന്നു. ദൈവപുത്രൻ മനുഷ്യനായി ഭൂമിയിൽ തിരുപ്പിറവിയെടുക്കുന്നതിന് സുമാർ ആറു മാസം മുമ്പായിരുന്നു യോഹന്നാൻ സ്നാപകന്റെ ജനനം. അവൻ ജനിച്ച സെഖര്യാവ്-എലീശബെത്ത് കുടുംബമാണ് പുതിയനിയമത്തിന്റെ ആരംഭത്തിൽ ദൈവത്തിന്റെ ഉദ്ദേശത്തിനായി വേർതിരിക്കപ്പെട്ടിരുന്ന രണ്ടാമത്തെ കുടുംബം. അതെക്കുറിച്ചാണ് തുടർന്ന് നാം ഈ ഭാഗത്തിൽ ചിന്തിക്കുന്നത്.

സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചും അതിനായി സ്വർഗം തിരഞ്ഞെടുത്ത സെഖര്യാവിന്റെ കുടുംബത്തെക്കുറിച്ചും തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകളുടെ രത്ന

ച്ചുരുക്കമാണ് ചുവടെ കൊടുത്തിരിക്കുന്നത്. വിശുദ്ധ ലൂക്കൊസാണ് അതിന്റെ ചരിത്രം ചമച്ചിരിക്കുന്നത്

**വായനാഭാഗം: ലൂക്കൊ. 1:15-25, 57-80**

* യെഹൂദ്യരാജാവായ ഹെരോദാവിന്റെ കാലത്താണ് യേശുവും യോഹന്നാൻ സ്നാപകനും ജനിച്ചത്.
* യേശുവിന് ആറുമാസം മുമ്പായിരുന്നു സ്നാപക യോഹന്നാൻ ജനിച്ചത്.
* യോഹന്നാന്റെ പിതാവ് അബീയാ കൂറിലുള്ള സെഖര്യാവ് എന്ന പുരോഹിതനായിരുന്നു.
* അവന്റെ അമ്മ അഹരോന്യ വംശത്തിൽപ്പെട്ട എലീശബെത്ത് ആയിരുന്നു.
* അവർ ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരുമായിരുന്നു.
* അവർ ഇരുവരും വയസ്സു ചെന്നവരും എലീശബെത്ത് മച്ചിയുമായിരുന്നു.
* പുരോഹിത കൂറുകളുടെ ക്രമപ്രകാരം ദൈവസന്നിധിയിൽ സെഖര്യാവ് ശുശ്രൂഷ ചെയ്തുവരുന്ന സന്ദർഭത്തിലാണ് പൗരോഹിത്യ മര്യാദപ്രകാരം കർത്താവിന്റെ മന്ദിരത്തിൽ ചെന്ന് ധൂപം കാട്ടുവാൻ അവനു നറുക്കു വന്നത്.
* സെഖര്യാവ് പുരോഹിതൻ ധൂപം കാട്ടുന്ന നാഴികയിൽ കർത്താവിന്റെ ദൂതൻ ധൂപപീഠത്തിന്റെ വലതു ഭാഗത്തു നിൽക്കുന്നതായിട്ടാണ് അവൻ കണ്ടത്.
* ദൂതൻ സെഖര്യാവിനോട് പറഞ്ഞത്: സെഖര്യാവെ, ഭയപ്പെടേണ്ട; നിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായി; നിന്റെ ഭാര്യ എലീശബെത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും; അവനു യോഹന്നാൻ എന്ന് പേർ ഇടേണം എന്നായിരുന്നു.
* അപ്രകാരം ജനിക്കുന്ന യോഹന്നാൻ ആരായിരിക്കും എന്നതിനെക്കുറിച്ച് ദൂതൻ സെഖര്യാവിനോട് അറിയിച്ചത്: നിനക്കു സന്തോഷവും ഉല്ലാസവും ഉണ്ടാകും. അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവനാകും.
* അവൻ മദ്യവും വീഞ്ഞും കുടിക്കയില്ല.

* അമ്മയുടെ ഗർഭത്തിൽ വച്ചുതന്നെ പരിശുദ്ധാത്മാവുകൊണ്ട് നിറയും.

* അവൻ യിസ്രായേൽ മക്കളിൽ പലരെയും അവരുടെ ദൈവമായ കർത്താവിങ്കലേക്ക് തിരിച്ചുവരുത്തും.

* അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേക്കും തിരിച്ചുകൊണ്ട് ഒരുക്കമുള്ളൊരു ജനത്തെ കർത്താവിനു വേണ്ടി ഒരുക്കുവാൻ അവനു മുമ്പായി ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടക്കും.

* അതിന് സെഖര്യാവ് ദൂതനോട് ചോദിച്ചത്; ഇതു ഞാൻ ഏതൊന്നിനാൽ അറിയും അവൻ വൃദ്ധനും അവന്റെ ഭാര്യ വയസ്സു ചെന്നവളുമല്ലോ എന്നായിരുന്നു.

* ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേലിന്റെ തക്കസമയത്തു നിവർത്തി വരുവാനുള്ള സദ്വർത്തമാനം സെഖര്യാവ് വിശ്വസിക്കായ്കകൊണ്ട് അതു സംഭവിക്കും വരെ അവൻ ഊമനായിരിക്കുമെന്നാണ് ദൂതൻ അവനോട് അരുളിച്ചെയ്തത്.

* മന്ദിരത്തിനകത്തു പ്രവേശിച്ച സെഖര്യാവ് ഇറങ്ങിവരുവാൻ താമസിച്ചതിനാൽ ജനം അവനായി കാത്തിരുന്നു. പുറത്തു വന്നാറെ അവന് സംസാരിപ്പാൻ കഴിയാതെ ആംഗ്യംകാട്ടി ഊമനായി പാർത്തു. അവൻ മന്ദിരത്തിനകത്ത് ഒരു ദർശനം കണ്ടുവെന്ന് ജനം വിശ്വസിച്ചു.

* അവന്റെ ശുശ്രൂഷാകാലം പൂർത്തിയാക്കിയതിനുശേഷം അവൻ യെഹൂദ്യ പട്ടണത്തിലുള്ള തന്റെ ഭവനത്തിലേക്കാണ് മടങ്ങിപ്പോയത്.

* ആ നാളുകൾ കഴിഞ്ഞിട്ട് അവന്റെ ഭാര്യ എലീശബെത്ത് ഗർഭം ധരിച്ചു.

* മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന നിന്ദ നീക്കുവാൻ കർത്താവ് അവളെ കടാക്ഷിച്ച നാളിൽ ഇങ്ങനെ സംഭവിച്ചു എന്ന് പറഞ്ഞു അഞ്ചുമാസം ഒളിച്ചു പാർത്തു.

* എലീശബെത്ത് ഗർഭിണി ആയതിന്റെ ആറാം മാസത്തിൽ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായ മറിയ അവളുടെ വീട്ടിൽ എത്തി അവളെ വന്ദനം ചെയ്തപ്പോൾ പരിശുദ്ധാത്മാവിൽ യോഹന്നാൻ എലീശബെത്തിന്റെ ഉദരത്തിൽ തുള്ളുകയും എലീശബെത്ത് പരിശുദ്ധാത്മാവ് നിറഞ്ഞ് സംസാരിക്കുകയും ചെയ്തു.

* മറിയ മൂന്നു മാസം എലീശബെത്തിനോടുകൂടെ പാർത്തതിനു ശേഷം അവൾ ഗലീലയിലെ അവളുടെ വീട്ടിലേക്കാണ് മടങ്ങിപ്പോയത്.
* എലീശബെത്തിന്റെ പ്രസവകാലം തികഞ്ഞ് അവൾ ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു.
* എട്ടാം നാളിൽ അവനെ പരിഛേദന ചെയ്തു. അപ്പന്റെ പേർ പോലെ അവനു സെഖര്യാവ് എന്ന് പേർ ഇടുവാൻ ഭാവിച്ചു; എന്നാൽ എലീശബെത്ത് അവനു യോഹന്നാൻ എന്നു പേർ ഇടേണം എന്ന് അവരോടു പറഞ്ഞു. അതിനു അവർ നിന്റെ ചാർച്ചയിൽ ഈ പേരുള്ള ആരും ഇല്ലല്ലോ എന്നു പറഞ്ഞു. പിന്നെ അവർ സെഖര്യാവിനോട് മകന് എന്തു പേരിടേണം എന്ന് ആംഗ്യംകാട്ടി ചോദിച്ചു. അവൻ ഒരു എഴുത്തു പലക ചോദിച്ചു. അവന്റെ പേർ യോഹന്നാൻ എന്ന് എഴുതി; എല്ലാവരും ആശ്ചര്യപ്പെട്ടു; ഉടനെ അവന്റെ വായും നാവും തുറന്നു.
* അവൻ സംസാരിച്ചു ദൈവത്തെ സ്തുതിച്ചു.
* യെഹൂദ്യ മലനാട്ടിൽ എങ്ങും ഈ വാർത്ത ഒക്കെയും പരന്നു; കേട്ടവർ ഈ പൈതൽ എന്തു ആകും എന്നു പറഞ്ഞു; കർത്താവിന്റെ കൈ അവനോടു കൂടെ ഉണ്ടായിരുന്നു.
* സെഖര്യാവ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി രക്ഷകനായ യേശുവിനെക്കുറിച്ചും അവനു മുമ്പായി വഴി ഒരുക്കുവാനുള്ള യോഹന്നാനെക്കുറിച്ചുമാണ് ആത്മാവിൽ സംസാരിച്ചത്.
* യോഹന്നാൻ വളർന്ന് ആത്മാവിൽ ബലപ്പെട്ടു; അവൻ യിസ്രായേലിന് തന്നെത്താൻ കാണിക്കും നാൾവരെ മരുഭൂമിയിൽ പാർത്തു.
* മലാഖിയുടെ പ്രവചനത്തിൽ പ്രവചിച്ചിരിക്കുന്ന വരുവാനുള്ള ഏലിയാവായിരുന്നു യോഹന്നാൻ സ്നാപകൻ.
* യെശയ്യാവിന്റെ പ്രവചനപ്രകാരം അവൻ മരുഭൂമിയിലെ ശബ്ദമായിരുന്നു.
* സ്ത്രീകളിൽ ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല; എന്നാൽ ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനേക്കാൾ വലിയവൻ എന്നായിരുന്നു കർത്താവായ യേശുക്രിസ്തു യോഹന്നാനെക്കുറിച്ച് അരുളിച്ചെയ്തത്.

യിസ്രായേൽ പൗരോഹിത്യ മര്യാദപ്രകാരം സെഖര്യാവ് പുരോഹിതന്റെ മകൻ യെരുശലേം മന്ദിരത്തിൽ ശുശ്രൂഷ ചെയ്യേണ്ടവനായിരുന്നു. എന്നാൽ ദൈവം അവനെ നിയോഗിച്ചയച്ചത് നിഴലായിരുന്ന ന്യായപ്രമാണത്തെ തികെപ്പാൻ പ്രത്യക്ഷനായ യേശുക്രിസ്തുവിന് വഴി ഒരുക്കുവാനായിരുന്നു. യോഹന്നാൻ മരുഭൂമിയിലാണ് പാർത്തത്. അവൻ ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറുമാണ് ധരിച്ചിരുന്നത്. വെട്ടുക്കിളിയും കാട്ടുതേനും കൊണ്ടാണ് അവൻ ഉപജീവനം കഴിച്ചത്. അവൻ യിസ്രായേലിന് തന്നെത്താൻ വെളിപ്പെടുത്തേണ്ട സമയത്താണ് അവന് മരുഭൂമിയിൽ വച്ച് ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായത്. അവൻ യോർദ്ദാനരികെയുള്ള നാട്ടിലൊക്കെയും വന്നു പ്രസംഗിച്ചത് പാപമോചനത്തിനായുള്ള മാനസാന്തരസ്നാനത്തെക്കുറിച്ചായിരുന്നു.

മരുഭൂമിയിൽ വളർന്ന യോഹന്നാന് ദൈവീകഅരുളപ്പാട് ലഭിച്ചതിനനുസരിച്ചാണ് അവിടനിന്ന് അവൻ വന്ന് യോർദ്ദാനക്കരെയുള്ള ബേഥാന്യയിൽ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നത്. യോഹന്നാൻ മരുഭൂമിവിട്ട് യോർദ്ദാനക്കരെയുള്ള ബേഥാന്യയിൽ വന്നപ്പോൾ യേശു എന്ന ലോകരക്ഷകൻ ഗലീലയിലെ നസറെത്ത് എന്ന യോസേഫിന്റെ പട്ടണം വിട്ട് യോർദ്ദാനിൽ എത്തിയത് മാനവരക്ഷ എന്ന ദൈവീക ദൗത്യം ഏറ്റെടുക്കുന്നതിനു വേണ്ടിയായിരുന്നു. യേശുവിന്റെ ശുശ്രൂഷയുടെ ആരംഭത്തിങ്കലാണ് അവൻ ബേഥാന്യയിൽ വന്ന് അവിടെ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്ന യോഹന്നാന്റെ കൈക്കീഴിൽ സ്നാനമേറ്റത്. യേശു സ്നാനം ഏറ്റ് വെള്ളത്തിൽ നിന്ന് കയറി പ്രാർത്ഥിച്ച സന്ദർഭത്തിലാണ് സ്വർഗം തുറന്ന് ദൈവാത്മാവ് പ്രാവെന്നപോലെ ഇറങ്ങി അവന്റെ മേൽ ആവസിച്ചത്. അപ്പോൾ "ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന ദൈവശബ്ദം സ്വർഗത്തിൽനിന്ന് ഉണ്ടാവുകയും ചെയ്തു. സ്വർഗം തുറന്ന് ആത്മാവ് ഇറങ്ങി ആരുടെമേൽ ആവസിക്കുന്നുവോ അവനാണ് ദൈവപുത്രൻ എന്നു സാക്ഷീകരിപ്പാനാണ് യോഹന്നാന് മരുഭൂമിയിൽ വച്ച് ദൈവീകഅരുളപ്പാട് ലഭിച്ചിരുന്നത്. അത് യേശുക്രിസ്തുവിന്റെ സ്നാനത്തിൽ നിവർത്തീകരിക്കപ്പെട്ടു എന്നാണ് യോഹന്നാൻ അന്ന് ജനത്തോട് സാക്ഷീകരിച്ചത്.

> യോഹന്നാൻ പിന്നെയും സാക്ഷ്യം പറഞ്ഞത്: ആത്മാവ് ഒരു പ്രാവുപോലെ സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു; അതു അവന്റെ മേൽ വസിച്ചു. ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും വെള്ളത്തിൽ സ്നാനം

കഴിപ്പിപ്പാൻ എന്നെ അയച്ചവൻ എന്നോട്: ആരുടെമേൽ ആത്മാവ് ഇറങ്ങുന്നതും വസിക്കുന്നതും നീ കണുമോ അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു എന്നു പറഞ്ഞു. അങ്ങനെ ഞാൻ കാണുകയും ഇവൻ ദൈവപുത്രൻ തന്നെ എന്നു സാക്ഷ്യം പറയുകയും ചെയ്തിരിക്കുന്നു (യോഹ. 1:32-34).

യേശുക്രിസ്തുവിനെ ജലത്തിൽ സ്നാനപ്പെടുത്തി അവനെ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവകുഞ്ഞാടായി ലോകത്തിനു ന്യായപ്രമാണത്തിന്റെ അവസാനപ്രവാചകനായ യോഹന്നാൻ വെളിപ്പെടുത്തിയതോടെയാണ് പഴയനിയമത്തിൽ നിഴലായി മറഞ്ഞിരുന്ന യേശുക്രിസ്തു എന്ന മർമ്മം പൊരുളായി ലോകത്ത് വെളിപ്പെട്ടത്. അത്യുന്നതന്റെ പുത്രൻ അത്യുന്നതന്റെ പ്രവാചകനാൽ സ്നാനമേറ്റ് ശുശ്രൂഷ ആരംഭിച്ച ദിവസമാണ് മാനവരാശിയുടെ പഴയനിയമത്തിൽനിന്നും പുതിയനിയമത്തിലേക്കുള്ള ചുവടുമാറ്റത്തിന്റെ ആരംഭം കുറിച്ചത്.

പഴയനിയമത്തിന്റെ ആരംഭപുസ്തകമായ ഉല്പത്തിപുസ്തകത്തിൽ പ്രവചിക്കപ്പെട്ടിരുന്ന സ്ത്രീയുടെ സന്തതിയായ യേശുക്രിസ്തു ജനിച്ച യോസേഫ്-മറിയ ദമ്പതിമാരുടെ കുടുംബത്തെക്കുറിച്ചും പഴയനിയമത്തിന്റെ അവസാന പുസ്തകമായ മലാഖിയുടെ പ്രവചനത്തിൽ പ്രവചിച്ചിരിക്കുന്ന ഏലീയാവ് എന്ന സ്നാപകയോഹന്നാൻ ജനിച്ച കുടുംബത്തെക്കുറിച്ചുമുള്ള ദൈവീക ഉദ്ദേശത്തെക്കുറിച്ചുള്ള സമഗ്ര പഠനത്തിലായിരുന്നു നാം ഇതുവരെ ആയിരുന്നത്. അവർ ഭൂമിയിൽ ജനിക്കുവാൻ സ്വർഗം കണ്ടെത്തിയിരുന്ന രണ്ടു കുടുംബങ്ങളും മാതൃകാപരമായിട്ടുള്ള ജീവിതം നയിച്ചവരായിരുന്നു. അതുപോലെ എല്ലാ കാലഘട്ടത്തിലും ദൈവം അവന്റെ ദൗത്യപൂർത്തീകരണത്തിനായി വിശ്വസ്തരായ കുടുംബങ്ങളെ കണ്ടെത്തുകയും അവരിലൂടെ ദൈവീകദൗത്യം പൂർത്തീകരിക്കുകയുമാണ് ചെയ്യുന്നത്.

പഴയനിയമത്തിൽ ദൈവീകദൗത്യനിർവ്വഹണത്തിനു വേണ്ടി അനേകം കുടുംബങ്ങളും വ്യക്തികളും ആവശ്യമായിരുന്നില്ല. എന്നാൽ സുവിശേഷീകരണം എന്ന സ്വർഗീയ മഹത്ദൗത്യം ലോകത്തിൽ പൂർത്തീകരിക്കുവാൻ കൊയ്ത്തിന്റെ യജമാനന് ധാരാളം വേലക്കാരെയാണ് ആവശ്യമുള്ളത്. അതുകൊണ്ട് പുതിയനിയമത്തിലെ ഓരോ വിശ്വാസിയും കുടുംബവും ലോകമാകുന്ന വയലിയെ കൊയ്ത്തിനു വേണ്ടി നിയോഗിക്കപ്പെട്ടവരാണ്. ന്യായ

പ്രമാണയുഗത്തിന്റെ അന്ത്യത്തിൽ രൂപീകൃതമായ സഭായുഗത്തിൽ ദൈവരാജ്യത്തിന്റെ സുവിശേഷം ലോകത്തിൽ ഘോഷിക്കപ്പെടുവാൻ തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശത്തെക്കുറിച്ചാണ് തുടർന്ന് നാം ചിന്തിക്കുന്നത്.

സീനായി മലയിൽ ആരംഭിച്ച ന്യായപ്രമാണയുഗത്തിന്റെ അതിരും കാലവുമാണ് യോഹന്നാൻ സ്നാപകന്റെ കാലത്ത് പൂർത്തീകരിക്കപ്പെട്ടത്. സീനായി പർവ്വതത്തിൽ ആരംഭിച്ച ന്യായ പ്രമാണയുഗം പൂർത്തീകരിച്ച് പുതിയനിയമ യുഗത്തിലേക്ക് പ്രവേശിക്കുന്നത് കാൽവറിമലയിലാണ്. യേശുക്രിസ്തു കാൽവറിമലയിൽ കഴിച്ച പരമയാഗമാണ് മാനവപാപത്തിന് പരിഹാരം വരുത്തിയ പുതിയനിയമം. പുതിയനിയമത്തിൽ ഉടലെടുത്ത സുപ്രധാനയുഗമാണ് സഭായുഗം. കാൽവറിമലയിൽ ആരംഭിച്ച പുതിയനിയമത്തിൽ നിന്ന് ഉടലെടുത്ത സഭായുഗത്തിന്റെ അതിരും കാലവും പൂർത്തീകരിക്കപ്പെടുന്നത് ഒലിവുമലയിൽ കർത്താവിന്റെ രണ്ടാമത്തെ വരവിലാകുന്നു.

ഒന്നാം മനുഷ്യനായ ആദാം സൃഷ്ടിക്കപ്പെട്ടത് മണ്ണിൽനിന്നുമാണെങ്കിൽ അവനിലെ വിവേകമുള്ള ജീവൻ തുടിക്കപ്പെട്ടത് ദൈവത്തിന്റെ ശ്വാസത്തിൽനിന്നുമായിരുന്നു. അവന്റെ ഒരു വാരിയെല്ലിൽ ഉണ്ടായിരുന്ന മജ്ജയിൽ നിന്നുമാണ് ഹവ്വായ്ക്ക് ജീവൻ പകർന്ന ജീവരക്തം ഉല്പാദിപ്പിക്കപ്പെട്ടത്. ആദാമിന്റെ വാരിയെല്ല്, അസ്ഥിയിലുണ്ടായിരുന്ന മാംസം, അസ്ഥിക്കുള്ളിൽ അടങ്ങിയിരുന്ന മജ്ജ എന്നിവയിൽനിന്നുമാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടത്. ദൈവതേജസ്സുണ്ടായിരുന്ന ആദാമിൽനിന്ന് ഹവ്വായ്ക്ക് ലഭിച്ച ശരീരവും ജീവനും തേജസ്സും ഭൂമിയിലെ ഏദ്യെനിൽ ജീവിക്കാൻ ഉതകുന്നതായിരുന്നു. ആദാമിന്റെ ജീവന്റെ തേജസ്സിന്റെ ഭാഗമായ തേജസ്സായിരുന്നു അവന്റെ അസ്ഥിയിൽ അടങ്ങിരുന്ന മജ്ജയിൽ നിന്ന് ഉത്ഭവിച്ച ജീവരക്തത്തിൽനിന്ന് ഹവ്വായ്ക്ക് ലഭിച്ചത്. അതു നിമിത്തമാണ് ഹവ്വാ തേജസ്സുള്ളവളായിത്തീർന്നത്. ദൈവതേജസ്സ് ഉണ്ടായിരുന്ന ആദാമും അവനിൽനിന്ന് ജനിച്ച് അവന്റെ തേജസ്സുണ്ടായിരുന്ന ഹവ്വായുമാണ് വിവാഹബന്ധത്തിൽ ഒരു ദേഹമായിത്തീർന്നത്. പാപം നിമിത്തം അവർ ഇരുവരുടെയും തേജസ്സ് നഷ്ടപ്പെട്ടുവെങ്കിലും അവർ ഒരു ദേഹമായിത്തന്നെയാണ് ഇഹലോകത്തിൽ ജീവിച്ചു മരിച്ചത്. പുരുഷനും സ്ത്രീയും തമ്മിലുള്ള വിവാഹബന്ധം ഭൗമീകമാണ്; അത് നിത്യബന്ധം അല്ല.

ഇതിൽനിന്ന് വ്യത്യസ്ഥമായിട്ടാണ് ജീവന്റെ ഉറവയായ ക്രിസ്തുയേശുവിൽനിന്ന് പുതിയനിമ സഭ ഉരുവാക്കപ്പെട്ടത്. ജീവനായ ദൈവത്തിന്റെ ജീവനിൽനിന്ന് സഭ ഉത്ഭവിച്ചത് അവനോട് ഏകീഭവിച്ച് ഒരു ദേഹമായി തീരുന്നതിനുവേണ്ടിയാകുന്നു. ആദാമിൽ നിന്ന് ജഡപ്രകാരമുള്ള വംശവർദ്ധനവിലൂടെയാണ് ഭൂമിയിലെ മാനവലോകം സൃഷ്ടിക്കപ്പെട്ടതെങ്കിൽ പരിശുദ്ധാത്മാവിനാലുള്ള ആത്മീക വംശവർദ്ധനവിലൂടെയാണ് വരുവാനുള്ള ലോകം സൃഷ്ടിക്കപ്പെടുന്നത്.

യേശുക്രിസ്തു പരമയാഗമായിത്തീർന്നതിനു ശേഷം നാല്പതാമത്തെ ദിവസമാണ് ഒലിവുമലയിൽനിന്ന് സ്വർഗാരോഹണം ചെയ്തത്. അതിനുശേഷം പത്തു ദിവസം കഴിഞ്ഞ് അൻപതാമത്തെ ദിവസമാകുന്ന പെന്തക്കൊസ്തുനാളിലാണ് പരിശുദ്ധാത്മാവാം ദൈവത്തെ സ്വർഗീയപിതാവ് ഭൂമിയിലേക്ക് അയച്ചത്. അത് ജീവനുള്ള ദൈവത്തിന്റെ ശരീരമാകുന്ന സഭ പണിയപ്പെടുന്നതിനു വേണ്ടിയായിരുന്നു. അന്ന് യെരുശലേമിലെ മർക്കൊസിന്റെ മാളികമുറിയിൽ കൂടിയിരുന്ന നൂറ്റിരുപതുപേരുടെ സംഘത്തിന്മേലാണ് ദൈവാത്മാവ് ഇറങ്ങി വന്ന് ആവസിച്ചത്. പുതിയ സൃഷ്ടികളായിത്തീരുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്യുന്നവരുടെ വ്യക്തിപരമായ ജീവിതം, കുടുംബജീവിതം, സഭാജീവിതം, സാമൂഹികജീവിതം എന്നിവ വിശദ്ധവും മാതൃകാപരവും ആകുന്നു. സുവാർത്താ ദൂത് അറിയിക്കുന്ന വിശുദ്ധന്മാർ വലിയൊരു ഗണമാകുന്നു. അവരിൽ ഒന്നാം നൂറ്റാണ്ടിലെ സഭയിൽ ഉണ്ടായിരുന്ന മൂന്ന് പ്രധാന കുടുംബങ്ങളെയാണ് മാതൃകാകുടുംബങ്ങളായി സഭാസ്ഥാപനത്തിനു ശേഷമുള്ള സഭായുഗത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം എന്ന ഈ ഭാഗത്തിന്റെ തുടർപഠനത്തിൽ നാം ചിന്തിക്കുന്നത്. അതിൽ പ്രാരംഭമായി ചിന്തിക്കുന്നത് യേശുക്രിസ്തുവിന്റെ പ്രഥമ ശിഷ്യനായ അപ്പൊസ്തലനായ പത്രൊസിന്റെ കുടുംബത്തെക്കുറിച്ചുള്ള ദൈവീക ഉദ്ദേശത്തെക്കുറിച്ചാകുന്നു.

### 3. യേശുക്രിസ്തുവിന്റെ പ്രഥമശിഷ്യനായ പത്രൊസിന്റെ കുടുംബത്തെക്കുറിച്ചുണ്ടായിരുന്ന ദൈവീക ഉദ്ദേശം.

ന്യായപ്രമാണയുഗത്തിന്റെ അന്ത്യത്തിലേക്ക് മാനവരാശി എത്തിച്ചേർന്നപ്പോൾ ദൈവഹിതത്തിന് വിരുദ്ധമായ കാര്യങ്ങളായിരുന്നു ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേൽ ജനതയുടെ

ഇടയിൽ പോലും സംഭവിച്ചുകൊണ്ടിരുന്നത്. അതിനെ കഠിനമായി ശാസിച്ച യേശുക്രിസ്തു ഗിരിപ്രഭാഷണത്തിലും തുടർന്നും കുടുംബ ജീവിതത്തെക്കുറിച്ച് അരുളിച്ചെയ്ത ഓരോ കാര്യങ്ങളും സഭായുഗത്തിലെ സകലമാന വിശ്വാസകുടുംബങ്ങളും അനുവർത്തിക്കേണ്ട ദൈവീക ഉദ്ദേശങ്ങളാകുന്നു.

ന്യായപ്രമാണത്തിൽ മോശെ മുഖാന്തരം ദൈവം കല്പിച്ചിരുന്ന കല്പനകൾ ജഡപ്രകാരം മനുഷ്യൻ പുറമേ ചെയ്യുന്ന പാപപ്രവൃത്തികളെക്കുറിച്ചായിരുന്നു. എന്നാൽ കർത്താവായ യേശു അരുളിച്ചെയ്തത് ദൃശ്യമായ പാപങ്ങൾ മാത്രമല്ല ഹൃദയംകൊണ്ട് ആന്തരിക മനുഷ്യൻ ചിന്തിക്കുന്ന പാപചിന്തകൾപോലും പാപമാകുന്നു എന്നായിരുന്നു. അതിൻപ്രകാരം പത്തു കല്പനകളിലെ ഏഴാമത്തെ കല്പനയാകുന്ന വ്യഭിചാരത്തെക്കുറിച്ച് യേശു അരുളിച്ചെയ്തിരിക്കുന്നത് ഇപ്രകാരമാകുന്നു.

> വ്യഭിചാരം ചെയ്യരുത് എന്നു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത്: സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോടു വ്യഭിചാരം ചെയ്തു പോയി. ...ആരെങ്കിലും ഭാര്യയെ ഉപേക്ഷിച്ചാൽ അവൾക്ക് ഉപേക്ഷണപത്രം കൊടുക്കട്ടെ എന്നും അരുളിച്ചെയ്തിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത്: പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെക്കൊണ്ടു വ്യഭിചാരം ചെയ്യിക്കുന്നു; ഉപേക്ഷിച്ചവളെ ആരെങ്കിലും വിവാഹം കഴിച്ചാൽ വ്യഭിചാരം ചെയ്യുന്നു (മത്താ. 5:27 - 32), (ആവ. 24:7 - 4), (മത്താ. 19:7).

മനുഷ്യന്റെ ഹൃദയവിശുദ്ധിയെക്കുറിച്ചുള്ള സന്ദേശമാണ് യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിൽ നിറഞ്ഞു നിൽക്കുന്നത്. ഹൃദയകാഠിന്യം കൊണ്ട് ദൈവത്തിൽ നിന്നകന്നുപോയ യിസ്രായേൽ ജനതയെ മാനസാന്തരപ്രസംഗത്തിലൂടെ യേശുവിങ്കലേക്ക് നയിച്ചത് ശിശുപാലകനായി നിയമിക്കപ്പെട്ട ന്യായപ്രമാണത്തിന്റെ അവസാന പ്രവാചകനായിരുന്ന സ്നാപക യോഹന്നാനായിരുന്നു.

> അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു (ഗല. 3:24).

ദൈവം മോശെയുടെ കൈവശം ദൂതനാകുന്ന മധ്യസ്ഥൻ മുഖാന്തരം കൊടുത്ത ന്യായപ്രമാണത്തിന്റെ സുപ്രധാനഉദ്ദേശ്യം ലോക

ത്തിൽ ദൈവത്തിനായി ഒരു ജനതയെ വേർതിരിച്ചു നിർത്തുക എന്നതായിരുന്നു. യിസ്രായേൽ ജനത പൈശാചിക വഞ്ചനയിൽ കുടുങ്ങി ദൈവത്തിൽ നിന്ന് പല സന്ദർഭങ്ങളിൽ അകന്നു പോയെങ്കിലും ഇന്നുവരെയും യിസ്രായേൽ ശൂന്യമാക്കപ്പെട്ടിട്ടില്ല. അതുപോലെ തിരുവെഴുത്തുകൾക്ക് നിവർത്തിവരുവോളം ദൈവത്തിന്റെ സ്വന്തജനമാകുന്ന യിസ്രായേൽ ഭൂമിയിൽ ഉണ്ടായിരിക്കുകതന്നെ ചെയ്യും. പഴയനിയമത്തിലെ അവസാന പുസ്തകമായ മലാഖിയുടെ പ്രവചനത്തിൽ പ്രവാചകൻ പ്രവചിച്ച് പഴയനിയമം പൂർത്തീകരിച്ചിരിക്കുന്നത് ന്യായപ്രമാണത്തിലെ അവസാനപ്രവാചകനായ ഏലീയാവിനെ ദൈവം ഭൂമിയിലേക്ക് അയയക്കുമെന്നുള്ള പ്രവചനത്തോടെയാകുന്നു. ആ പ്രവചനത്തിന്റെ നിവർത്തീകരണത്തിനാണ് ദൈവം ഏലീയാവിനെ യോഹന്നാൻ സ്നാപകനായി ക്രിസ്തുവിന് മുമ്പ് അയച്ചത്. അവന്റെ ദൗത്യം, തെറ്റിപ്പോയ യിസ്രായേലിൽനിന്ന് ചിലരെ മാനസാന്തരത്തിലൂടെ ക്രിസ്തുവിന്റെ അടുക്കലേക്ക് കൊണ്ടുവരിക എന്നതായിരുന്നു. അതാണ് യോഹന്നാൻ എന്ന ഏലീയാവ് ന്യായപ്രമാണത്തിന്റെ അവസാന പ്രവാചകനായി പുതിയനിയമത്തിന്റെ ആരംഭത്തിൽ പ്രത്യക്ഷപ്പെട്ട് പൂർത്തീകരിച്ചത്.

മോശെയ്ക്ക് ലഭിച്ച ന്യായപ്രമാണത്തേക്കാൾ ഉന്നതമായി മറ്റൊന്നും ഉലകത്തിലില്ലായെന്ന് കരുതി അതിനുവേണ്ടി ശുഷ്കാന്തിയോടെ വാദിക്കുകയും പ്രവർത്തിക്കുകയും ചെയ്തവനായിരുന്നു തർസൊസുകാരനായ ശൌൽ. എന്നാൽ അവൻ യേശുക്രിസ്തുവിനാൽ പിടിക്കപ്പെട്ട് പുതിയനിയമസഭയുടെ ശുശ്രൂഷകനും അപ്പൊസ്തലനുമായ ശേഷം ഗലാത്യർക്ക് എഴുതിയ ലേഖനത്തിൽ രേഖപ്പെടുത്തിയിരുക്കുന്ന തിരുവചനഭാഗമാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ശൌൽ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ട് സുവിശേഷത്തിനായി വേർതിരിക്കപ്പെട്ടതിനു ശേഷം അസന്നിഗ്ദ്ധമായി പ്രസ്താവിച്ചിരിക്കുന്നത് തികഞ്ഞ ന്യായപ്രമാണമാകുന്ന വിശ്വാസത്തിന്റെ പ്രമാണം ക്രിസ്തുയേശുവിനാൽ ആരംഭിച്ചു എന്നും അവങ്കലേക്ക് യിസ്രായേലിനെ നയിക്കുവാനുള്ള കേവലം ശിശുപാലകൻ മാത്രമായിരുന്നു മോശെയ്ക്ക് ദൈവം കൊടുത്ത ന്യായപ്രമാണം എന്നുമാകുന്നു

സ്നാപകയോഹന്നാന്റെ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ട് യോർദ്ദാൻ നദിയിൽ സ്നാനം സ്വീകരിച്ച ഒരുകൂട്ടം ജനം അന്ന് യിസ്രായേലിലുണ്ടായിരുന്നു. അവരിലുൾപ്പെട്ടവരായിരുന്നു യേശുക്രിസ്തു

വിനെ അനുഗമിച്ചവരിൽ ഏറെയും എന്നതിനാണ് തിരുവചനം സാക്ഷ്യം പറയുന്നത്.

> പിറ്റെന്നാൾ യോഹന്നാൻ പിന്നെയും തന്റെ ശിഷ്യന്മാരിൽ രണ്ടുപേരുമായി അവിടെ നില്ക്കുമ്പോൾ കടന്നുപോകുന്ന യേശുവിനെ നോക്കിയിട്ട്: ഇതാ ദൈവത്തിന്റെ കുഞ്ഞാട് എന്നു പറഞ്ഞു. അവൻ പറഞ്ഞത് ആ രണ്ടു ശിഷ്യന്മാർ കേട്ട് യേശുവിനെ അനുഗമിച്ചു. യേശു തിരിഞ്ഞ് അവർ പിന്നാലെ വരുന്നത് കണ്ട് അവരോട്: നിങ്ങൾ എന്ത് അന്വേഷിക്കുന്നു എന്നു ചോദിച്ചു: അവർ റബ്ബീ, എന്നുവച്ചാൽ ഗുരോ, നീഎവിടെ പാർക്കുന്നു എന്നു ചോദിച്ചു. അവൻ അവരോട്: വന്നു കാൺമിൻ എന്നു പറഞ്ഞു. അങ്ങനെ അവൻ വസിക്കുന്ന ഇടം അവർ കണ്ട് അന്ന് അവനോടുകൂടെ പാർത്തു; അപ്പോൾ ഏകദേശം പത്താം മണി നേരം ആയിരുന്നു. യോഹന്നാൻ പറഞ്ഞതുകേട്ട് അവനെ അനുഗമിച്ച രണ്ടുപേരിൽ ഒരുത്തൻ ശിമോൻ പത്രൊസിന്റെ സഹോദരനായ അന്ത്രെയാസ് ആയിരുന്നു. അവൻ തന്റെ സഹോദരനായ ശിമോനെ ആദ്യം കണ്ട് അവനോട്: ഞങ്ങൾ മശീഹായെ എന്നുവച്ചാൽ ക്രിസ്തുവെ കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞു. അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു; യേശു അവനെ നോക്കി; നീ യോഹന്നാന്റെ പുത്രനായ ശിമോൻ ആകുന്നു; നിനക്കു കേഫാ എന്നു പേരാകും എന്നു പറഞ്ഞു; അതു പത്രൊസ് എന്നാകുന്നു (യോഹ. 2: 35 - 42).

സ്നാപകയോഹന്നാന്റെ ശിഷ്യനായിരുന്നു മീൻപിടുത്തക്കാരനായ അന്ത്രെയാസ്. അവന്റെ സഹോദരനായിരുന്നു ശിമോൻ. അവരുടെ അപ്പൻ യോഹന്നാൻ എന്നു പേരുള്ളവനായിരുന്നു. അവർ ബേത്സയിദായിൽ നിന്നുള്ളവരായിരുന്നു. ദൈവത്തിന്റെ കുഞ്ഞാട് നസറെത്തുകാരനായ യേശുവാകുന്നു എന്ന് യേശുവിനെ സ്നാനം കഴിപ്പിച്ച യോഹന്നാനാണ് ജനത്തോട് സാക്ഷീകരിച്ചത്. അവന്റെ സാക്ഷ്യം കേട്ടിട്ട് യേശുവിനെ അനുഗമിച്ച് അവനോട് കൂടെ ഒരു നാൾ പാർത്ത യോഹന്നാന്റെ രണ്ടു ശിഷ്യന്മാരിൽ ഒരുവനായിരുന്നു അന്ത്രെയാസ്. അന്ത്രെയാസാണ് ശിമോൻ എന്ന അവന്റെ സഹോദരനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നത്. അവർ മശീഹായെ കാത്തിരുന്നവരും ദൈവരാജ്യത്തെ അന്വേഷിക്കുന്നവരുമായിരുന്നു. അവർ മീൻപിടുത്തക്കാരും സാധാരണ ജീവിതം നയിക്കുന്നവരുമായിരുന്നു.

യേശുവിന്റെ അടുക്കൽ വന്ന ശിമോന്റെ പേർ യേശു മാറ്റി അവനെ കേഫാ എന്നർത്ഥമുള്ള പത്രൊസ് എന്നാക്കി. യേശുവിന്റെ

അടുക്കൽ വന്ന അന്നുമുതൽ പത്രൊസിന്റെ ജീവിതത്തിനു മാറ്റം സംഭവിച്ചു തുടങ്ങി. യേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒന്നാമനായിത്തീർന്നത് ശൂന്യതയുടെ സാക്ഷ്യം പറഞ്ഞ പത്രൊസ് ആയിരുന്നു. അവനാണ് പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്ന യേശുവിന്റെ അടുക്കൽ പാപിയാണെന്നു തുറന്നു സമ്മതിച്ച പ്രഥമവ്യക്തി. അതുകൊണ്ടാണ് കർത്താവ് അവനെ ശിഷ്യഗണങ്ങളിൽ ഒന്നാമനാക്കിയത്. കർതൃശിഷ്യന്മാരിൽ ഒന്നാമനായതുകൊണ്ടാണ് സഭായുഗത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശത്തിന്റെ പഠനത്തിൽ നാം പത്രൊസിന്റെ കുടുംബജീവിതത്തിന് പ്രാധാന്യത നല്കിയിരിക്കുന്നത്.

പുതിയനിയമത്തിൽ യേശുക്രിസ്തുവിന്റെ വംശാവലി അല്ലാതെ മറ്റൊരു വംശാവലി രേഖപ്പെടുത്തിയിട്ടില്ല. ജഡപ്രകാരമുള്ള വംശാവലികൾക്കോ, കുടുംബബന്ധങ്ങൾക്കോ പുതിയനിയമ ചരിത്രത്തിൽ സ്ഥാനമില്ലാത്തതിന്റെ കാരണം അത് ജഡീകമല്ല; ആത്മീകമായതുകൊണ്ടാണ്. അതുകൊണ്ട് യേശുക്രിസ്തുവിന്റെ ശിഷ്യഗണങ്ങളുടെ വ്യക്തിപരമായ ജീവിതം, കുടുംബം, തലമുറകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഒന്നും തന്നെ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പുതിയനിയമം സ്വർഗീയവും പൊരുളുമായതുകൊണ്ട് അതിൽ വിശ്വസിക്കുന്നവരുടെ പേരുകൾ സ്വർഗീയ വംശാവലിയായി സ്വർഗത്തിലെ ജീവപുസ്തകത്തിലാണ് എഴുതപ്പെടുന്നത്. അതിനാൽ പുതിയ നിയമത്തിൽ ജഡപ്രകാരമുള്ള വംശാവലികൾ, കുടുംബബന്ധങ്ങൾ, എന്നിവയ്ക്കല്ല ആത്മപ്രകാരമുള്ള വംശാവലിക്കും സ്വർഗീയകുടുംബത്തിനുമാണ് പരമമായ സ്ഥാനമുള്ളത്.

പുതിയനിയമം സ്ഥാപിപ്പാൻ ലോകത്തിൽ മനുഷ്യനായി അവതരിച്ച യേശുക്രിസ്തു എന്ന മഹാദൈവം ഒന്നാമനായി തിരഞ്ഞെടുത്ത പത്രൊസിന്റെ കുടുംബജീവിതത്തെക്കുറിച്ച് തിരുവചനത്തിൽ സംക്ഷിപ്തമായി രേഖപ്പെടുത്തിയിരിക്കുന്ന ഭാഗമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

> അനന്തരം അവർ പള്ളിയിൽ നിന്ന് ഇറങ്ങി യാക്കോബും യോഹന്നാനുമായി ശിമോന്റെയും അന്ത്രെയാസിന്റെയും വീട്ടിൽ വന്നു. അവിടെ ശിമോന്റെ അമ്മാവിയമ്മ പനിപിടിച്ച് കിടന്നിരുന്നു; അവർ അവളെക്കുറിച്ച് അവനോടുപറഞ്ഞു. അവൻ അടുത്തു ചെന്ന് അവളെ കൈക്കു പിടിച്ച് എഴുന്നേൽപിച്ചു; പനി അവളെ വിട്ടുമാറി, അവൾ അവരെ ശുശ്രൂഷിച്ചു (മർക്കൊ. 1:29 - 31).

യേശു മുപ്പതാമത്തെ വയസ്സിൽ യോർദ്ദാനിൽവച്ച് യോഹന്നാനാൽ സ്നാനമേറ്റശേഷം പരിശുദ്ധാത്മാവ് നിറഞ്ഞവനായി മരുഭൂമിയിലേക്കാണ് പുറപ്പെട്ടത്. അവിടെ അവൻ നാല്പതു രാവും നാല്പതു പകലും ഉപവാസത്തിലായിരുന്നു, ഒടുവിൽ പിശാചിന്റെ സകല പരീക്ഷകളെയും യേശു തികെച്ച് സാത്താനെ തോല്പിച്ച് അവനെ ഓടിച്ചുകളഞ്ഞു. അതിനുശേഷം യേശു ഗലീലയിലേക്ക് ആത്മാവിന്റെ ശക്തിയോടെ മടങ്ങിവന്ന് അവിടുത്തെ പള്ളികളിലാണ് ഉപദേശിച്ചു തുടങ്ങിയത്. അവൻ വളർന്ന നസറെത്തിലെ പള്ളിയിൽ ശബ്ബത്തിൽ പതിവുപോലെ വായിക്കാൻ എഴുന്നേറ്റപ്പോൾ അവർ അവനു വായിക്കുവാൻ കൊടുത്തത് യെശയ്യാപ്രവാചകന്റെ പുസ്തകമായിരുന്നു. തിരുവെഴുത്തിൽ അവനെക്കുറിച്ച് എഴുതിയിരുന്ന പ്രവചനത്തിന്റെ ഭാഗം വായിച്ച് അത് അവനിൽ അന്ന് നിവർത്തിയായായി എന്നാണ് യേശു അവരോട് അരുളിച്ചെയ്തത്.

> ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്; ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഢിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു (ലൂക്കൊ. 4:18,19), (യെശ. 61:1-2).

ക്രിസ്തുവിനെക്കുറിച്ച് തിരുവെഴുത്തിൽ അരുളിച്ചെയ്തിരിക്കുന്ന പ്രവചനങ്ങളിൽ ഓരോന്നും അതാതിന്റെ സമയത്ത് അവനിൽ പൂർത്തീ കരിക്കപ്പെടുന്നു എന്നാണ് യേശു അന്ന് വ്യക്തമാക്കിയത്. അതിനു ശേഷം യേശു അവിടെനിന്ന് യാത്രയായത് കഫർന്നഹൂമിലേക്കാണ്.

> യോഹന്നാൻ തടവിൽ ആയി എന്നു കേട്ടാറെ അവൻ ഗലീലയ്ക്കു വാങ്ങിപ്പോയി, നസറെത്തുവിട്ടു സെബലൂന്റെയും നഫ്താലിയുടെയും അതിരുകളിൽ കടല്ക്കരെയുള്ള കഫർന്നഹൂമിൽ ചെന്നു പാർത്തു.
>
> "സെബൂലൂൻ ദേശവും നഫ്താലി ദേശവും കടല്ക്കരയിലും യോർദ്ദാനക്കരെയുമുള്ള നാടും ജാതികളുടെ ഗലീലയും ഇങ്ങനെ ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയൊരു വെളിച്ചം കണ്ടു; മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്കു പ്രാകശം ഉദിച്ചു" എന്നു യെശയ്യാ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തു നിവൃത്തിയാകുവാൻ ഇടവന്നു (മത്താ. 4:12-16).

യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ ഗലീലക്കടപ്പുറത്തുനിന്ന് നാലുപേരെയാണ് തന്നെ അനുഗമിക്കുവാൻ

തിരഞ്ഞെടുത്തത്. അവൻ അവരോട് പറഞ്ഞത് ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്നായിരുന്നു. അവന്റെ ശബ്ദം കേട്ട് അവനെ അനുഗമിച്ചത് പത്രൊസ് എന്നർത്ഥമുള്ള കേഫാ എന്നു യേശു പേരിട്ട ശിമോൻ, അവന്റെ സഹോദരനായ അന്ത്രെയാസ് സെബെദിയുടെ മകൻ യാക്കോബ് അവന്റെ സഹോദരൻ യോഹന്നാൻ എന്നീ നാലുപേരായിരുന്നു. യേശുവും അവനോടു കൂടെയുള്ള നാലുപേരുമാണ് കഫർന്നഹൂമിലെ പള്ളിയിൽ നിന്ന് ബേത്ത്സയിദ എന്ന പട്ടണത്തിലേക്ക് പോയത്. ആ പട്ടണത്തിലായിരുന്നു അന്ത്രെയാസിന്റെയും പത്രൊസിന്റെയും വീട്. അവർ അവിടെ എത്തിയപ്പോൾ നടന്ന സംഭവമാണ് കഠിനജ്വരം ബാധിച്ച് കിടപ്പിലായ പത്രൊസിന്റെ അമ്മാവിയമ്മയെ യേശു സൗഖ്യമാക്കിയത്.

സഹോദരന്മാരായ ശിമോന്റെയും അന്ത്രെയാസിന്റെയും കുടുംബം എന്ന് ഇവിടെ പ്രസ്താവിച്ചിരിക്കുന്നതിൽ നിന്ന് ഈ ഭവനം അവരുടെ പിതാവായ യോഹന്നാന്റെ ഭവനമായിരുന്നു എന്നതിൽ സംശയമില്ല. ഒരു ഭവനത്തിൽ വസിക്കുന്നവരും ഒന്നിച്ച് തൊഴിൽ ചെയ്യുന്നവരുമായ ഇവർ സഹോദരസ്നേഹവും ഐക്യതയും ഉള്ളവരായിരുന്നു. യോഹന്നാൻ സ്നാപകന്റെ ശിഷ്യഗണങ്ങളിൽ ഉണ്ടായിരുന്ന അന്ത്രെയാസ് ആണ് ശിമോനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നത് എന്നതിനെക്കുറിച്ച് നാം ചിന്തിച്ചിരുന്നുവല്ലോ. അവർ മീൻ പിടിക്കുന്നവരായിരുന്നുവെങ്കിലും മശീഹായെ കാത്തിരുന്നവരായിരുന്നു. തിരുവെഴുത്തിൽ അരുളിച്ചെയ്തിരിക്കുന്ന കാര്യങ്ങൾ അപ്രകാരം തന്നെ നിറവേറപ്പെടുമെന്ന് വിശ്വസിച്ചിരുന്ന ശുദ്ധഗതിക്കാരായ യൗവ്വനക്കാരായിരുന്നു അവർ. അതുകൊണ്ടാണ് ജ്ഞാനികൾക്കും വിവേകികൾക്കും യേശുവിനെ തിരിച്ചറിയാതിരുന്നപ്പോൾ ശിശുക്കളെപ്പോലെ ആ കാലഘട്ടത്തിൽ ജീവിതം നയിച്ചവർ ദൈവരാജ്യത്തിലേക്ക് ആകർഷിക്കപ്പെട്ടത്.

പത്രൊസിന്റെ കുടുംബത്തിൽ ഉള്ളവർ പരസ്പരസ്നേഹം ഉള്ളവരായിരുന്നു. അതിന്റെ വ്യക്തതയാണ് അവരുടെ കുടുംബത്തിന്റെ പശ്ചാത്തലം വിശകലനം ചെയ്യുന്നതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്. ന്യായപ്രമാണയുഗത്തിന്റെ അന്ത്യത്തിൽ യിസ്രായേലിൽ നിലനിന്നിരുന്നത് കുടുംബബന്ധങ്ങൾ അസ്ഥിരപ്പെട്ട് ഭാര്യമാരെ ഉപേക്ഷിച്ചുകൊണ്ടിരുന്ന കാലഘട്ടമായിരുന്നു. എന്നാൽ അതിൽ നിന്ന് വ്യത്യസ്ഥമായ ഒരു കുടുംബത്തെയാണ് പത്രൊസിന്റെ വീട് വെളിപ്പെടുത്തുന്നത്. പത്രൊസിന്റെ അമ്മാവിയമ്മ വളരെ സ്വാത

ന്ത്ര്യത്തോടെ പത്രൊസിന്റെ വീട്ടിൽ താമസിച്ചിരുന്നു. ഇതിൽ നിന്നും പത്രൊസും അവന്റെ പിതൃകുടുംബവും അവന്റെ ഭാര്യ യെയും അവളുടെ കുടുംബത്തെയും ആത്മാർത്ഥമായി സ്നേഹിച്ചി രുന്നു എന്നതാണ് സ്പഷ്ടമാക്കപ്പെടുന്നത്.

ന്യായപ്രമാണത്തിന്റെ ആദ്യ പ്രവാചകനായ മോശെ നല്ലൊരു മരുമകനായിരുന്നു എന്നതിനെക്കുറിച്ച് ന്യായപ്രമാണത്തിലെ കുടും ബങ്ങളെക്കുറിച്ചുള്ള ദൈവീകഉദ്ദേശം എന്ന ഭാഗത്ത് നാം ചിന്തിച്ചത് ഓർമ്മിക്കുമല്ലോ. ഭൂലോകത്തിൽ അന്ന് ജീവിച്ചിരുന്നവരിൽ അതി സൗമ്യനായ മോശെ നല്ല ബന്ധമായിരുന്നു അവന്റെ ഭാര്യ സിപ്പോറ യോടും അവളുടെ കുടുംബത്തോടും പുലർത്തിയിരുന്നത് എന്നാ യിരുന്നു നാം അത്തരുണത്തിൽ ചിന്തിച്ചത്. സഭായുഗത്തിലെ കുടും ബങ്ങളെക്കുറിച്ചുള്ള പഠനത്തിൽ ദൈവസഭയുടെ പ്രാരംഭവ്യക്തി യായി ദൈവം കണ്ട പത്രൊസ് ഉത്തമമായ കുടുംബജീവിതം നയിച്ച വനും നല്ലൊരു മരുമകനുമായിരുന്നു. ഉത്തമമായ അമ്മാവിയ പ്പൻ-മരുമകൻ ബന്ധത്തെ മോശെയുടെ കുടുംബജീവിതം വ്യക്ത മാക്കുമ്പോൾ, ഉത്തമമായ അമ്മാവിയമ്മ-മരുമകൻ ബന്ധമാണ് പത്രൊസിന്റെ കുടുംബജീവിതത്തിൽ നിന്ന് വ്യക്തമാക്കപ്പെടുന്നത്.

ഇപ്പോഴത്തെ ലോകം അനുദിനം യാത്രചെയ്യുന്നത് സ്വാർത്ഥത യുടേതായ ലോകത്തിലേക്കാണ്. ഭർത്താക്കന്മാർ സ്വന്തം ഭാര്യമാ രെയോ ഭാര്യമാർ സ്വന്തം ഭർത്താക്കന്മാരെയോ സ്നേഹിക്കാതെ പലതിന്റെയും പിന്നാലെ വ്യർത്ഥമായി ഓടിക്കൊണ്ടിരിക്കുന്നു. അത്തരം നിരവധി സംഭവങ്ങളാണ് അനുദിനം ലോകത്തിൽ നടമാ ടിക്കൊണ്ടിരിക്കുന്നത്. എന്നാൽ ദൈവം നമുക്ക് തന്നിരിക്കുന്ന ആയുസ്സ് സ്വാർത്ഥതയോടെ ജീവിക്കുവാനല്ല, മറ്റുള്ളവരെ സ്നേഹി ക്കുവാനും കരുതുവാനും ഉള്ളതാകുന്നു. അത് ആദ്യം കുടുംബ ജീവിതത്തിലാണ് പ്രകടമാകേണ്ടത്. അതിന് ഉത്തമ ഉദാഹരണമാണ് പത്രൊസിന്റെ മാതൃകാപരമായ കുടുംബജീവിതം.

പത്രൊസ് അമ്മാവിയമ്മയെ സ്വന്തം മാതാവിനെപ്പോലെ കരുതി യിരുന്നതിന്റെ കാരണം അവൻ അവന്റെ ഭാര്യയെ തന്റെ സ്വന്തശരീ രത്തെപ്പോലെ സ്നേഹിച്ചിരുന്നതുകൊണ്ടാണ്. യഥാർത്ഥത്തിൽ വിവാഹശേഷം ഭർത്താവും ഭാര്യയും ഒന്നായി തീരുമ്പോൾ വാസ്ത വത്തിൽ അവർ ഇരുവരുടെയും കുടുംബങ്ങൾകൂടി ഒന്നായിച്ചേരു കയാണ് ചെയ്യുന്നത്. ആ ഒരു അർത്ഥതലത്തിലേക്ക് ബന്ധങ്ങളെ ഉയർത്തുവാൻ കഴിഞ്ഞാൽ അത് എത്രയോ ധന്യമാണ്. പത്രൊ

സിന്റെ കുടുംബം എല്ലാ അർത്ഥത്തിലും മാതൃകാപരമായി ജീവിതം നയിച്ചവരായിരുന്നു. അത് അവനും അവന്റെ ഭാര്യയും തമ്മിലു ണ്ടായിരുന്ന സ്നേഹത്തെയും ഐകൃതയെയുമാണ് വെളിപ്പെ ടുത്തുന്നത്.

യിസ്രായേൽ ഗോത്രങ്ങളിൽനിന്ന് പുതിയനിയമത്തിൽ ദൈവത്തി നായി വേർതിരിക്കപ്പെട്ടവരിലെ പ്രധാന വ്യക്തി ശിമോൻ പത്രൊ സാകുന്നു. സ്ത്രീകളിൽവച്ച് യേശുവിന്റെ അമ്മ മറിയയാണ് അനു ഗ്രഹിക്കപ്പെട്ടവളെങ്കിൽ പുരുഷന്മാരിൽവച്ച് യേശുവിന്റെ പ്രഥമ ശിഷ്യനാകുന്ന പത്രൊസാകുന്നു അനുഗ്രഹിക്കപ്പെട്ടവരിൽ ഒന്നാ മൻ. ശിമോൻ പത്രൊസിന്റെ ജീവിതത്തെ വിശകലനം ചെയ്യുന്നതിൽ നിന്ന് നമുക്കു ലഭിക്കുന്നത് കർത്താവ് അവനെ ശിഷ്യന്മാരിൽ ഒന്നാ മനാക്കിയതിന്റെ വ്യക്തതയാണ്. യേശുവിന്റെ പ്രഥമശിഷ്യനായ പത്രൊസിനെയും അവന്റെ കൂട്ടാളികളെയും കുറിച്ച് തിരുവചന ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ രത്നച്ചുരുക്കമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

* ബേത്സയിദക്കാരനായ യോഹന്നാന്റെ മക്കളായിരുന്നു ശിമോനും അന്ത്രെയാസും.
* അവർ ഗലീലാക്കടലിലെ മീൻപിടുത്തക്കാരായിരുന്നു.
* അവർ യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരിൽ ഉൾപ്പെട്ട വരായിരുന്നു.
* യേശുവിന്റെ അടുക്കൽ ശിമോനെ കൊണ്ടു വന്നത് അവന്റെ അനുജനായ അന്ത്രെയാസ് ആയിരുന്നു.
* യേശുവാണ് അവന്റെ പേർ കേഫാ എന്നർത്ഥമുള്ള പത്രൊസ് എന്നാക്കി മാറ്റിയത്
* പത്രൊസ് വിവാഹിതനും കുടുംബസ്ഥനുമായിരുന്നു
* ബേത്സയിദയിലെ പത്രൊസിന്റെയും അന്ത്രെയാസിന്റെയും ഭവനത്തിൽ പത്രൊസിന്റെ അമ്മാവിയമ്മയും താമസിച്ചിരുന്നു.
* ഗലീലക്കടലിൽ വലവീശി മീൻ പിടിക്കുന്ന സന്ദർഭത്തിലാണ് യേശു അവരോട് അവന്റെ പിന്നാലെ വരുവാൻ ആഹ്വാനം ചെയ്തത്. അവൻ അവരെ മനുഷ്യരെ പിടിക്കുന്നവരാക്കാം എന്നായിരുന്നു അവരോട് അരുളിച്ചെയ്തത്. അതനുസരിച്ച് അവർ വലവിട്ടേച്ച് അവനെ അനുഗമിച്ചു. അതുപോലെ സെബ

ദിമക്കളായ യാക്കോബും യോഹന്നാനും പടകിനെയും അപ്പനെയും വിട്ട് അവരോടൊപ്പം യേശുവിന്റെ പിന്നാലെ അനുഗമിക്കുകയും ചെയ്തു

* പരിശുദ്ധാത്മാവിന്റെ നിറവിൽ ഗലീലയിലെ പള്ളികളിൽ ഉപദേശിച്ചുകൊണ്ടിരുന്ന യേശുവിനോടൊപ്പം പത്രൊസ്, അന്ത്രെയാസ്, യാക്കോബ്, യോഹന്നാൻ എന്നിവരുണ്ടായിരുന്നു.
* അന്നൊരിക്കൽ കഫർന്നഹൂവിൽ ഉപദേശിച്ചശേഷമാണ് യേശുവും ശിഷ്യന്മാരും ബേത്സയിദയിൽ ശിമോന്റെ വീട്ടിൽ ചെന്നത്.
* പത്രൊസിന്റെ അമ്മാവിയമ്മയെ സൗഖ്യമാക്കുവാൻ യേശുവിനോടപേക്ഷിച്ചത് അവനോടുകൂടെ വന്ന ശിഷ്യന്മാരാണ്.
* യേശു അവളുടെ കൈക്കുതൊട്ടു, പനി അവളെ വിട്ടുമാറി. അവൾ എഴുന്നേറ്റ് അവരെ ശുശ്രൂഷിച്ചു.
* ശിമോൻ പത്രൊസും അന്ത്രെയാസും വല വിട്ടിരുന്നുവെങ്കിലും പടകു വിട്ടിരുന്നില്ല. യാക്കോബും യോഹന്നാനും അപ്പനെയും പടകിനെയും വിട്ടിരുന്നുവെങ്കിലും അവർ വല വിട്ടിരുന്നില്ല (മത്താ. (4:18-22).
* പത്രൊസും കൂട്ടാളികളും യേശുവിനെ അനുഗമിച്ചിരുന്നുവെങ്കിലും പ്രാരംഭസമയത്ത് സകലവും വിട്ട് അവനെ അനുഗമിച്ചിരുന്നില്ല. അവർ സകലവും വിട്ട് യേശുവിനെ അനുഗമിച്ചത് ഗന്നേസരെത്ത് തടാകത്തിലെ മീൻ പിടുത്തത്തിനു ശേഷമായിരുന്നു. അതെക്കുറിച്ച് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

  അവൻ ഗന്നേസരെത്ത് തടാകത്തിന്റെ കരയിൽ നില്ക്കുമ്പോൾ പുരുഷാരം ദൈവവചനം കേൾക്കേണ്ടതിന് അവനെ തിക്കിക്കൊണ്ടിരിക്കയിൽ രണ്ടു പടക് കരയ്ക്ക് അടുത്തു നില്ക്കുന്നത് അവൻ കണ്ടു; അവയിൽ നിന്നു മീൻ പിടിക്കാർ ഇറങ്ങി വല കഴുകുകയായിരുന്നു. ആ പടകുകളിൽ ശിമോനുള്ളതായ ഒന്നിൽ അവൻ കയറി കരയിൽ നിന്ന് അല്പം നീക്കേണം എന്ന് അവനോട് അപേക്ഷിച്ചു; അങ്ങനെ അവൻ പടകിൽ ഇരുന്നു പുരുഷാരത്തെ ഉപദേശിച്ചു. സംസാരിച്ചു തീർന്നപ്പോൾ അവൻ ശിമോനോട്: ആഴത്തിലേക്ക് നീക്കി മീൻ പിടിത്തത്തിനു വല ഇറക്കുവിൻ എന്നു പറഞ്ഞു. അതിനു ശിമോൻ: നാഥാ, ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല; എങ്കിലും നിന്റെ വാക്കിനു ഞാൻ വല ഇറക്കാം എന്ന് ഉത്തരം പറഞ്ഞു. അവർ അങ്ങനെ

ചെയ്തപ്പോൾ പെരുത്ത മീൻകൂട്ടം അകപ്പെട്ടു വലകീറാറായി. അവർ മറ്റേ പടകിലുള്ള കൂട്ടാളികൾ വന്നു സഹായിപ്പാൻ അവരെ മാടി വിളിച്ചു. അവർ വന്നു പടകു രണ്ടും മുങ്ങുമാറാകുവോളം നിറച്ചു. ശിമോൻ പത്രൊസ് അതു കണ്ടിട്ടു യേശുവിന്റെ കാല്ക്കൽ വീണു; കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആകക്കൊണ്ട് എന്നെ വിട്ടു പോകണമേ എന്നു പറഞ്ഞു. അവർക്ക് ഉണ്ടായ മീൻ പിടിത്തത്തിൽ അവനും അവനോടു കൂടെയുള്ളവർക്ക് എല്ലാവർക്കും സംഭ്രമം പിടിച്ചിരുന്നു. ശിമോന്റെ കൂട്ടാളികളായ യാക്കോബ്, യോഹന്നാൻ എന്ന സെബെദി മക്കൾക്കും അവ്വണ്ണം തന്നെ. യേശു ശിമോനോട്: ഭയപ്പെടേണ്ടാ, ഇന്നു മുതൽ നീ മനുഷ്യരെ പിടിക്കുന്നവൻ ആകും എന്നു പറഞ്ഞു. പിന്നെ അവർ പടകുകളെ കരയ്ക്ക് അടുപ്പിച്ചിട്ടു സകലവും വിട്ട് അവനെ അനുഗമിച്ചു (ലൂക്കൊ. 5:1-11).

* പത്രൊസിന്റെയും കൂട്ടാളികളുടെയും ജീവിതത്തെ ആകമാനം മാറ്റി മറിച്ച സംഭവമായിരുന്നു അന്നു നടന്ന മീൻ പിടുത്തം.
* ഒരിക്കലും സാധ്യമല്ലാത്ത കാര്യം യേശുക്രിസ്തു ചെയ്തതു കണ്ടിട്ട് പത്രൊസ് അവന്റെ കാല്ക്കൽ വീഴുകയാണ് ചെയ്തത്.
* അതു അവനിൽ ആഴമേറിയ പാപബോധമാണ് ഉളവാക്കിയത്
* അതിനാൽ പത്രൊസ് യേശുവിനോട് അപേക്ഷിച്ചത് അവൻ പാപിയായ മനുഷ്യനായതുകൊണ്ട് അവനെ വിട്ടു പോകണമേ എന്നായിരുന്നു.
* പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്ന രക്ഷിതാവാം യേശുവിന്റെ അടുക്കൽ പാപബോധമുളവായിട്ട് പാപിയാണ് എന്ന് ഉലകത്തിൽ ആദ്യം ഏറ്റു പറഞ്ഞത് ശിമോൻ പത്രൊസ് ആയിരുന്നു. അതുകൊണ്ടാണ് യേശുക്രിസ്തു അവനെ ശിഷ്യഗണങ്ങളിൽ ഒന്നാമനാക്കിയത്.
* ശിമോനും കൂട്ടരും യഥാർത്ഥത്തിൽ അന്നാണ് സകലവും വിട്ട് യേശുവിനെ അനുഗമിച്ചത്.

യേശുവിന്റെ അടുക്കൽ ഉള്ളം തുറന്നു സംസാരിച്ച വ്യക്തിയായിരുന്നു പത്രൊസ്. അവൻ വിശ്വസ്തൻ എന്നു കണ്ടതുകൊണ്ടാണ് സുവിശേഷത്താൽ മനുഷ്യരെ പിടിക്കുന്ന ശിഷ്യഗണത്തിന്റെ നേതൃത്വസ്ഥാനത്ത് കർത്താവ് അവനെ നിയോഗിച്ചത്. ഗലീലാക്കടലിലെ അതിശയകരമായ മീൻപിടുത്തത്തിനു ശേഷമാണ് പത്രൊസും കുടെയുള്ളവരും സകലവും വിട്ട് യേശുവിനെ

പൂർണ്ണമായും അനുഗമിച്ചത്. ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് പത്രൊസിന്റെ ജീവിതം ദൈവസന്നിധിയിൽ സമർപ്പിക്കപ്പെട്ടതായിരുന്നു എന്നതാണ്. സകലവും വിട്ട് യേശുവിനെ അനുഗമിച്ച പത്രൊസ് അവന്റെ കുടുംബജീവിതം ഉപേക്ഷിച്ചിരുന്നില്ല. എന്നാൽ ഭൗമീകകുടുംബജീവിതത്തേക്കാൾ രക്ഷകനായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷത്തിന്റെ സാക്ഷ്യത്തിനായിരുന്നു ശിമോൻ പത്രൊസ് പരമപ്രാധാന്യത കൊടുത്തിരുന്നത്. അതേ മാതൃകതന്നെയാണ് ആരംഭകാല അപ്പൊസ്തലന്മാരും പിന്തുടർന്നത്. സാക്ഷാൽ ദൈവരാജ്യത്തിലുള്ളവർ കർത്താവിനെ സേവിക്കുന്നവരും മനുഷ്യർക്കും ദൈവത്തിനും കൊള്ളാകുന്നവരുമാകുന്നു. അതാണ് കർത്താവിന്റെ ശിഷ്യഗണങ്ങളുടെ വ്യക്തിപരവും കുടുംബപരവും സഭാപരവുമായ സാക്ഷ്യജീവിതത്തിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്.

പ്രഥമശിഷ്യനായ പത്രൊസിന്റെ കുടുംബത്തെക്കുറിച്ചുള്ള ദൈവീക ഉദ്ദേശത്തിന്റെ പഠനത്തിൽനിന്ന് നാം ഗ്രഹിച്ചത് അപ്പൊസ്തൊലിക ശുശ്രൂഷ നിറവേറ്റുന്നതിൽ പത്രൊസിന് കുടുംബജീവിതം യാതൊരുവിധ തടസ്സവുമായിരുന്നില്ല എന്നാകുന്നു. പുതിയനിയമസഭയുടെ പ്രഥമ അപ്പൊസ്തലനായ പത്രൊസ് ന്യായപ്രമാണത്തിലെ ആദ്യപ്രവാചകനായ മോശെയെപ്പോലെ എല്ലാ അർത്ഥത്തിലും ഉത്തമനായിരുന്നു. ദൈവീക ശുശ്രൂഷയും ഉത്തമമായ കുടുംബജീവിതവും നയിച്ച പത്രൊസിനെക്കുറിച്ചുള്ള പഠനത്തിൽനിന്ന് സഭായുഗത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശമാണ് വ്യക്തമാക്കപ്പെട്ടത്. തുടർന്ന് ജാതികളിൽനിന്ന് വേർതിരിക്കപ്പെട്ട് ക്രിസ്തീയ വിശ്വാസജീവിതത്തിലേക്ക് കടന്നുവന്നവരിലെ പ്രഥമ കുടുംബമായ കൊർന്നേല്യൊസിന്റെ കുടുംബത്തെക്കുറിച്ച് ദൈവത്തിനുണ്ടായിരുന്ന ഉദ്ദേശത്തെക്കുറിച്ചാകുന്നു നാം ചിന്തിക്കുന്നത്.

### 4. ജാതികളിൽനിന്നും ക്രിസ്തു ശിഷ്യനായിത്തീർന്ന കൊർന്നേല്യൊസിന്റെ കുടുംബത്തെക്കുറിച്ചുണ്ടായിരുന്ന ദൈവീക ഉദ്ദേശം.

മധ്യധരണി കടൽതീരത്തിനടുത്തുള്ള പട്ടണമായ കൈസര്യയിൽ പാർത്തിരുന്ന ഇത്താലിക എന്ന പട്ടാളത്തിലെ ഒരു ശതാധിപൻ ആയിരുന്നു കൊർന്നേല്യോസ്. സമുദ്രതീരത്തുള്ള ഈ കൈസര്യ ശമര്യദേശത്തിലാണ് ഉൾപ്പെടുന്നത്. കൊർന്നേല്യൊസ്

റോമാ സൈന്യത്തിലെ ഒരു ഉന്നതവ്യക്തി ആയിരുന്നുവെങ്കിലും ഭക്തനും എപ്പോഴും പ്രാർത്ഥിക്കുന്നവനുമായിരുന്നു. അവൻ മാത്ര മല്ല അവന്റെ കുടുംബവും അവനെപ്പോലെ ദൈവത്തെ ഭയപ്പെടുന്ന വരും ധാരാളം ദാനങ്ങളെ കൊടുക്കുന്നവരുമായിരുന്നു.

ഒരു ദിവസം പകൽ ഏകദേശം ഒൻപതാംമണി നേരത്ത് അതായത് ഉച്ച കഴിഞ്ഞ് മൂന്നുമണിക്ക് അവൻ പ്രാർത്ഥിച്ചുകൊണ്ടി രിക്കുമ്പോൾ ദർശനത്തിൽ ഒരു ദൈവദൂതൻ അവന്റെ അടുക്കൽ നില്ക്കുന്നത് അവൻ സ്പഷ്ടമായി കണ്ടു. അവൻ ഭയപരവശനായ പ്പോൾ കർത്താവിന്റെ ദൂതൻ അവനോട് പറഞ്ഞത് നിന്റെ പ്രാർ ത്ഥനയും ധർമ്മവും ദൈവത്തിന്റെ മുമ്പിൽ എത്തിയിരിക്കുന്നു. അതുകൊണ്ട് യോപ്പയിൽനിന്ന് പത്രൊസ് എന്നു മറുപേരുള്ള ശിമോനെ ആളയച്ചു വരുത്തുക എന്നായിരുന്നു. പത്രൊസ് അപ്പൊ സ്തലൻ യോപ്പയിൽ മരിച്ചുപോയ തബീഥയെ ഉയിർപ്പിച്ചതിനു ശേഷം അവിടെ തോല്ക്കൊല്ലനായ ശിമോനോടുകൂടെ പാർത്തി രുന്ന കാലമായിരുന്നു അത്. ദൈവദൂതൻ നിർദ്ദേശിച്ചതിനനുസരിച്ച് ശതാധിപൻ ഉടൻതന്നെ തന്റെ വേലക്കാരിൽ രണ്ടു പേരെയും തന്റെ അകമ്പടി പട്ടാളത്തിലെ ദൈവഭക്തനായ ഒരു പടയാളിയെ യും യോപ്പയിലേക്ക് പത്രൊസിനെ കൂട്ടിക്കൊണ്ടുവരുവാൻ അയച്ചു.

സമുദ്രതീരത്തുള്ള കൈസര്യയിൽനിന്ന് അതേ തീരത്ത് തെക്ക് മാറി സ്ഥിതി ചെയ്യുന്ന യോപ്പ എന്ന പട്ടണത്തിൽ കൊർന്നെ ല്യൊസ് അയച്ചവർ എത്തിയത് അടുത്ത ദിവസമായിരുന്നു. അവർ അവിടെ എത്തിച്ചേരുന്നതിനു മുമ്പ് പകൽ ഏകദേശം ആറാംമണി നേരം അതായത് ഉച്ചയ്ക്ക് പന്ത്രണ്ടു മണിയോട് അടുത്ത സമയത്ത് പത്രൊസ് പ്രാർത്ഥിപ്പാൻ വെൺമാടത്തിൽ കയറിയിരുന്നു. അവൻ ഭക്ഷിപ്പാൻ ആഗ്രഹിച്ചിരുന്ന സമയത്ത് അവന് പെട്ടെന്ന് ഒരു വിവ ശത വന്നു. അവൻ കണ്ടത് ആകാശം തുറന്നിരിക്കുന്നതും നാലു കോണും കെട്ടിയിട്ടു ഭൂമിയിലേക്ക് ഇറങ്ങിവരുന്ന ഒരു പാത്രമായി രുന്നു. അതിൽ ഭൂമിയിലെ സകലവിധ നാല്ക്കാലിയും ഇഴജാതിയും ആകാശത്തിലെ പറവയും ഉണ്ടായിരുന്നു. പത്രൊസിനോട് എഴു ന്നേറ്റ് അറുത്തു തിന്നുക എന്ന് ദൈവശബ്ദത്തിന് അവൻ മറുപടി പറഞ്ഞത് ഒരിക്കലും പാടില്ല കർത്താവേ, മലിനമോ അശുദ്ധമോ ആയതൊന്നും ഞാൻ ഒരുനാളും തിന്നിട്ടില്ലല്ലോ എന്നായിരുന്നു. ആ ശബ്ദം രണ്ടാമത് അവനോട് കല്പിച്ചത് ദൈവം ശുദ്ധീകരിച്ചത് നീ മലിനമെന്നു വിചാരിക്കരുത് എന്നായിരുന്നു. ഇങ്ങനെ മൂന്നു

പ്രാവശ്യം ഉണ്ടായി; ഉടനെ പാത്രം തിരികെ ആകാശത്തിലേക്ക് വലിച്ചെടുക്കപ്പെടുകയും ചെയ്തു (അപ്പൊ. 10:1–16).

പത്രൊസ് കണ്ട ദർശനത്തെക്കുറിച്ച് അവൻ ഉള്ളിൽ ചഞ്ചലപ്പെട്ടുകൊണ്ടിരിക്കുന്ന സമയത്താണ് കൊർന്നേല്യൊസ് അയച്ച പുരുഷന്മാർ തോല്ക്കൊല്ലനായ ശിമോന്റെ വീട് അന്വേഷിച്ചു പടിവാതിക്കൽ എത്തിച്ചേർന്നത്. അവർ വിളിച്ച് ചോദിച്ചത് പത്രൊസ് എന്ന് മറുപേരുള്ള ശിമോൻ അവിടെ പാർക്കുന്നുണ്ടോ എന്നായിരുന്നു. പത്രൊസിനോട് ആത്മാവ് ആജ്ഞാപിച്ചത് മൂന്നു പുരുഷന്മാർ നിന്നെ അന്വേഷിക്കുന്നു. ഞാൻ അവരെ അയച്ചതാകകൊണ്ട് ഒന്നും സംശയിക്കാതെ അവരോടുകൂടെ പോക എന്നായിരുന്നു. പത്രൊസ് ഇറങ്ങിവന്ന് അവർ വന്ന കാര്യം തിരക്കിയപ്പോൾ: നീതിമാനും ദൈവഭക്തനും യെഹൂദന്മാരുടെ സകല ജാതിയാലും സാക്ഷ്യം ഉള്ളവനുമായ കൊർന്നേല്യൊസ് എന്ന ശതാധിപനു നിന്നെ വീട്ടിൽ വരുത്തി നിന്റെ പ്രസംഗം കേൾക്കണം എന്ന് ഒരു വിശുദ്ധദൂതനാൽ അരുളപ്പാട് ഉണ്ടായി. അതനുസരിച്ച് നിന്നെ വിളിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു. പത്രൊസ് അന്ന് അവരെ അവനോട് കൂടെ പാർപ്പിച്ചു. അടുത്ത ദിവസം യോപ്പയിലെ ചില സഹോദരന്മാർക്കൊപ്പം പത്രൊസ് കൈസര്യയിലേക്ക് യാത്ര തിരിച്ചു.

ദൈവം ജാതികൾക്ക് വിശ്വാസത്തിന്റെ വാതിൽ തുറന്നുകൊടുത്ത പ്രഥമസംഭവത്തിൽ അതിനുള്ള ഭാഗ്യം സിദ്ധിച്ചത് യിസ്രായേലിൽ വന്നു പാർത്തിരുന്ന അന്യദേശക്കാരനായ കൊർന്നേല്യൊസിനും അവന്റെ കുടുംബത്തിനുമായിരുന്നു. ദൈവഹിതത്തിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട കൊർന്നേല്യൊസിന്റെ കുടുംബം ഉത്തമമാതൃകയും സ്നേഹവും ദൈവഭക്തിയും ഉള്ള കുടുംബം ആയിരുന്നു. കൊർന്നേല്യൊസിന്റെ കുടുംബത്തിന് അവന്റെ ചാർച്ചക്കാരോടും സ്നേഹിതന്മാരോടും ഉറ്റസ്നേഹബന്ധമാണ് ഉണ്ടായിരുന്നത്. അതുകൊണ്ടാണ് പത്രൊസിന്റെ പ്രസംഗം കേൾക്കാൻ അവൻ ആളയച്ച് വിളിപ്പിച്ചപ്പോൾ അവർ എല്ലാവരും അവന്റെ അടുക്കൽ വന്നുകൂടിയത്. ഇത് വ്യക്തമാക്കുന്നത് കൊർന്നേല്യൊസ് സ്വസ്നേഹിയോ അഹങ്കാരിയോ ആയിരുന്നില്ല എന്നതാകുന്നു.

ഭൂമിയിൽ അന്ന് ജീവനോടിരുന്നവരിലെ അതിസൗമ്യന്മാരായ പത്രൊസും കൊർന്നേല്യൊസും ദൈവഹിതപ്രകാരം തമ്മിൽ നേരിൽകണ്ട ദിവസമായിരുന്നു കൊർന്നേല്യൊസിന്റെ ഭവനത്തിൽ

വച്ച് നടന്ന അവരുടെ കൂടിക്കാഴ്ച. ഇപ്രകാരം എഴുതിയിരിക്കുന്നതിന്റെ കാരണം അവരുടെ രണ്ടുപേരുടെയും ജീവിതത്തെ തിരുവചനവെളിച്ചത്തിൽ വിശകലനം ചെയ്യുന്നതിൽനിന്നുമാകുന്നു. അവരിൽ യേശുക്രിസ്തുവിനെക്കുറിച്ചുള്ള ആന്തരികമായ തിരിച്ചറിവ് ലഭിച്ച പത്രൊസ് അതി സൗമ്യനായിരുന്നു. ദൈവസന്നിധിയിൽ തന്നെത്താൻ താഴ്ത്തിയ ശിമോനെ ദൈവം സ്നേഹിച്ച് ഈ ഭൂമിയിലെ സകല മനുഷ്യരിലും ഉന്നതനായി ഉയർത്തി ദൈവരാജ്യത്തിലെ പ്രഥമ പൗരനാക്കിയതിന്റെ കാരണം പത്രൊസിൽ ദൈവം ദർശിച്ച സൗമ്യസ്വഭാവമായിരുന്നു.

പത്രൊസിന് സമൂഹത്തിൽ ലോകപ്രകാരം സ്ഥാനമാനങ്ങൾ ഒന്നുമില്ലാത്തവനായിരുന്നുവെങ്കിൽ കൊർന്നേല്യൊസ് ലോകപ്രകാരം റോമൻ സൈന്യത്തിലെ ഉന്നത അധികാരിയായിരുന്നു. എന്നാൽ കൊർന്നേല്യൊസിന്റെ ജീവിതവീക്ഷണം ദൈവീകമായിരുന്നതുകൊണ്ടാണ് സ്വർഗം അവനെ സ്നേഹിച്ച് യേശുവിനെ അവനു വെളിപ്പെടുത്തിക്കൊടുക്കുവാനുള്ള സാഹചര്യം ഒരുക്കിയിത്. അതിനായി ദൈവം ദൂതൻ മുഖാന്തരം അരുളിച്ചെയ്തത് എല്ലാം അക്ഷരം പ്രതി അനുസരിച്ച കൊർന്നേല്യൊസ് അതിസൗമ്യനായിരുന്നു. അതിന്റെ വ്യക്തത നമുക്കു ലഭിക്കുന്നത് പത്രൊസ് അവന്റെ ഭവനത്തിൽ എത്തിയപ്പോൾ അവനെ സ്വീകരിച്ച രീതിയിൽനിന്നു മാകുന്നു.

> പത്രൊസ് അകത്തു കയറിയപ്പോൾ കൊർന്നേല്യൊസ് എതിരേറ്റ് അവന്റെ കാല്ക്കൽ വീണു നമസ്കരിച്ചു. പത്രൊസോ: എഴുന്നേല്ക്ക, ഞാനും ഒരു മനുഷ്യനത്രേ എന്നു പറഞ്ഞു അവനെ എഴുന്നേല്പിച്ചു. അവനോട് സംഭാഷിച്ചുംകൊണ്ട് അകത്തു ചെന്നു (അപ്പൊ. 10:25-27).

ദൈവം ദർശനത്തിൽ അരുളപ്പാട് കൊടുത്ത് അവനോട് വിളിപ്പാൻ പറഞ്ഞ പത്രൊസ് എന്ന വ്യക്തി സാധാരണക്കാരനല്ലായെന്ന് ശതാധിപന് വ്യക്തമായിരുന്നു. പത്രൊസ് വരുന്നത് കാത്തുനിൽക്കുകയായിരുന്ന അവൻ പത്രൊസ് വരുന്നതു കണ്ടപ്പോൾ അവനെ എതിരേറ്റത് അവന്റെ കാല്ക്കൽ വീണ് നമസ്കരിച്ചായിരുന്നു. അന്നു വാസ്തവത്തിൽ സംഭവിച്ചത് ലോകം ഭരിച്ചിരുന്ന റോമാസാമ്രാജ്യത്തിലെ ഉന്നതനായ പടയാളി ദൈവരാജ്യത്തിലെ സുപ്രധാന പടയാളിയായ പത്രൊസിനു മുമ്പിൽ വീണു കിടന്നു എന്നതാകുന്നു. പത്രൊസിനു മുമ്പിൽ ആദരവോടെ വീണു കിടന്ന ശതാധിപനെ പിടിച്ച് എഴുന്നേല്പിച്ച പത്രൊസ് അവനോട് പറഞ്ഞത് ഞാനും നിന്നെപ്പോലെ ഒരു മനുഷ്യനത്രേ എന്നായിരുന്നു.

അന്ന് കൊർന്നേല്യൊാസിന്റെ വീട്ടിൽ വന്നുകൂടിയവരുടെ മുമ്പിൽ പത്രൊാസ് വെളിപ്പെടുത്തിയത് നസറായനായ യേശുവിനെ ആയിരുന്നു. സ്വന്തജനമായ യിസ്രായേൽ തള്ളിക്കളഞ്ഞിട്ട് വീടിന്റെ മൂലക്കല്ലായിത്തീർന്ന നസ്രായനായ യേശുവിനെ റോമൻ സാമ്രാജ്യത്വം ക്രൂശിൽ തറച്ച് കൊന്നുവെന്നും അവൻ മൂന്നാം നാൾ റോമൻ മുദ്രയെ തകർത്ത് ഉയിർത്തെഴുന്നേറ്റവനാകുന്നു എന്നുമാണ് പത്രൊാസ് അവിടെ കൂടിയിരുന്നവർക്ക് വെളിപ്പെടുത്തിയത്. അതുപോലെ സകലപ്രവാചകന്മാരും സാക്ഷ്യം പറഞ്ഞിരുന്ന ഏകനാമം യേശുവിന്റെ നാമം ആകുന്നുവെന്നും അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കുമെന്നുള്ള സുവാർത്തയാണ് സ്പഷ്ടമായി പരിശുദ്ധാത്മാവിന്റെ നിറവിൽ പത്രൊാസ് പ്രസംഗിച്ച് അവരുടെ ഹൃദയങ്ങളിൽ നിറച്ചത്. പത്രൊാസ് അപ്പൊസ്തലന്റെ വിശ്വാസത്തിന്റെ പ്രസംഗം കേട്ടവരിൽ ആത്മനിറവ് വ്യാപരിച്ചു. ദൈവത്തിന്റെ തിരുമഹത്വം അവിടെ വെളിപ്പെടുകയും അവിടെ കൂടിയിരുന്ന എല്ലാവരും ആദിയിൽ എന്നപോലെ അന്യഭാഷയിൽ സംസാരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.ജാതികൾ ദൈവവചനം കേട്ട് വിശ്വസിച്ച് സഭയുടെ ഭാഗമാകണമെന്ന സർവ്വശക്തനായ ദൈവത്തിനുണ്ടായിരുന്ന സഭായുഗത്തിലെ ഉദ്ദേശമാണ് അന്ന് കൊർന്നേല്യൊാസിന്റെ ഭവനത്തിൽവച്ച് സഫലീകരിക്കപ്പെട്ടത്.

ദൈവരാജ്യത്തിലെ പ്രഥമ ആത്മീയപടയാളി യിസ്രായേലിൽ നിന്നുള്ള പത്രൊാസ് ആയിരുന്നുവെങ്കിൽ ജാതികളിൽനിന്നുള്ളവരിലെ പ്രഥമവ്യക്തിയും പടയാളിയുമായത് റോമാക്കാരനായ കൊർന്നേല്യൊാസ് എന്ന റോമൻ ശതാധിപനായിരുന്നു. ആത്മീയ പോർക്കളത്തിൽ യുദ്ധം ചെയ്തു നീതിയുള്ള ദൈവരാജ്യത്തിന്റെ വ്യാപ്തിക്കുവേണ്ടി പ്രവർത്തിക്കുവാൻ ദൈവം കരുതിയിരുന്ന കുടുംബങ്ങളിലെ രണ്ടാമത്തെ കുടുംബത്തെക്കുറിച്ചാണ് കൊർന്നേല്യൊാസിന്റെ കുടുംബത്തോടുള്ള ബന്ധത്തിൽ നാം ഇവിടെ ചിന്തിച്ചത്. തുടർന്നു നാം ചിന്തിക്കുന്നത് ജാതികളുടെ അപ്പൊസ്തലൻ എന്ന പേരിലറിയപ്പെടുന്ന സുപ്രശസ്ത സുവിശേഷകനായിരുന്ന പൌലൊസിന്റെ സഹപ്രവർത്തകരായിരുന്ന അക്വിലാസ്-പ്രിസ്കില്ല ദമ്പതിമാരുടെ കുടുംബത്തെക്കുറിച്ചുണ്ടായിരുന്ന ദൈവീക ഉദ്ദേശത്തെക്കുറിച്ചാകുന്നു.

## 5. സുവിശേഷഘോഷണത്തിൽ ശക്തമായി പോരാടിയ അക്വിലാവിന്റെയും പ്രിസ്കില്ലയുടെയും കുടുംബത്തെക്കുറിച്ചുണ്ടായി രുന്ന ദൈവീക ഉദ്ദേശം.

പുതിയനിയമസഭയുടെ ചരിത്രത്തിൽ അറിയപ്പെടുന്ന ഒരു കുടുംബമാണ് അക്വിലാസ്-പ്രിസ്കില്ല ദമ്പതിമാർ. ഭാര്യയുടെയും ഭർത്താവിന്റെയും പേരുകൾ പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ള ഭവനങ്ങൾ സഭായുഗത്തിൽ വിരളമാണ്. സഭാസ്ഥാപനത്തിനു ശേഷം ഭർത്താവിന്റെയും ഭാര്യയുടെയും പേരുകൾ പ്രത്യേകം പരാമർശിച്ചിട്ടുള്ള സഭായുഗത്തിലെ പ്രഥമ കുടുംബം അനന്യാസ്-സഫീറ ദമ്പതിമാരുടെ ഭവനത്തെക്കുറിച്ചാകുന്നു. പരിശുദ്ധാത്മാവിനോട് വ്യാജം കാണിച്ചതു നിമിത്തം നാശത്തിന് ഇരയായിത്തീർന്ന തിനോടുള്ള ബന്ധത്തിലാണ് ഈ കുടുംബത്തെക്കുറിച്ചുള്ള പരാമർശം തിരുവചനത്തിലുള്ളത്. അവർക്ക് മക്കൾ ഉണ്ടായിരുന്നില്ല എന്നുവേണം ചിന്തിക്കുവാൻ; എന്നിട്ടുപോലും അവർക്കുണ്ടായിരുന്ന ദ്രവ്യാഗ്രഹമാണ് അവരുടെ നാശത്തിനു കാരണമായിത്തീർന്നത്. അതു നിമിത്തം ഒന്നാം നൂറ്റാണ്ടിലെ ദൈവസഭയിൽ ദൈവഭയം ഉളവാകപ്പെട്ടു. ദൈവത്തോട് വ്യാജം കാണിച്ച അവർ ഇരുവരും മണിക്കൂറുകളുടെ വ്യത്യാസത്തിലാണ് അപ്പൊസ്തലനായ പത്രൊസിന്റെ കാല്ക്കൽ വീണ് പ്രാണനെ വിട്ടത്. അവർ അപ്രകാരം നശിച്ചുപോകണമെന്നായിരുന്നില്ല അവരെക്കുറിച്ചുള്ള ദൈവഹിതം. എന്നാൽ അവർ അവരുടെ ബുദ്ധിമോശത്താൽ നശിച്ചുപോകുകയാണ് ചെയ്തത്. ദൈവത്തോട് അടുത്തു വരുന്ന എല്ലാവരും പരമാർത്ഥ ഹൃദയത്തോടെ അവനെ വിളിച്ചപേക്ഷിക്കുന്നവരാകേണം എന്നതാണ് ദൈവീക ഉദ്ദേശം. അതായത് വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ ഓരോ വിശ്വാസിയും അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആയിരിക്കേണമെന്നുള്ളതാണ് ദൈവത്തിന്റെ തിരുഹിതം എന്നു സാരം.

ദൈവീക ഉദ്ദേശപ്രകാരം ജീവിതം നയിച്ച അക്വിലാസ്-പ്രിസ്കില്ല ദമ്പതിമാരുടെ കുടുംബജീവിതം എല്ലാവർക്കും വിശേഷാൽ സുവിശേഷഘോഷണത്തിലും സഭാസ്ഥാപനത്തിലും പങ്കാളികളാകുന്ന കുടുംബങ്ങൾക്ക് മാതൃകാപരമാകുന്നു. ഓരോ ക്രിസ്തീയ കുടുംബവും എപ്രകാരം ദൈവവേലയിൽ പോരാടണ മെന്നതിന്റെ ഉത്തമ ഉദാഹരണമാണ് അക്വിലാസിന്റെയും പ്രിസ്കില്ലയുടെയും കുടുംബജീവിതം. അവരുടെ കുടുംബത്തെക്കുറിച്ചും പൌലോസിനോടൊപ്പം അവർ ചെയ്ത ദൈവവേലയെക്കുറിച്ചും തിരുവചന

ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ വെളിച്ചത്തിലാണ് തുടർന്നു നാം ഈ കുടുംബത്തിനോടുള്ള ബന്ധത്തിൽ ദൈവത്തി നുണ്ടായിരുന്ന ദൈവഹിതത്തെക്കുറിച്ച് ചിന്തിക്കുന്നത്.

ക്ലൌദ്യൊസിന്റെ കാലത്ത് അവന്റെ ആജ്ഞപ്രകാരം യെഹൂദന്മാർ എല്ലാവരും റോമാനഗരം വിട്ടുപോകണമെന്നതിൻപ്രകാരം ഇത്താല്യയിൽനിന്ന് കൊരിന്തിൽ കുടിയേറിപ്പാർക്കേണ്ടിവന്ന കുടുംബമായിരുന്നു അകിലാസിന്റേത്. അവന്റെ ഉത്തമ ഭാര്യയായിരുന്നു പ്രിസ്കില്ല. അകിലാസ് ജനനം കൊണ്ട് ഗലാത്യദേശത്തിന്റെ വടക്കുപടിഞ്ഞാറ് സ്ഥിതിചെയ്യുന്ന പൊന്തൊസ്കാരനായിരുന്നു. ക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷവാഹകനായ പൌലൊസ് അഥേന വിട്ട് കൊരിന്തിൽ വന്നപ്പോൾ അവരെ കണ്ടുമുട്ടിയതാണ് അവരുടെ ജീവിതത്തിന്റെ ഗതി മാറ്റി മറിച്ചത്. കൂടാരപ്പണിക്കാരായ അകിലാസിനോടും പ്രിസ്കില്ലയോടും ഒപ്പം പൌലൊസ് പാർക്കുകയും അവരുടെ അതേ തൊഴിൽ ചെയ്തുപോരുകയും ചെയ്തു. അധികം താമസിയാതെ അവർ ഭൗതിക തൊഴിലായ കൂടാരപ്പണിയോട് വിടപറഞ്ഞ് പൌലൊസിനോടുകൂടെ ആത്മീകകൂടാരത്തിന്റെ വേലക്കാരായിത്തീർന്നു.

യേശു തന്നെ ക്രിസ്തു എന്നു വ്യക്തമായി വെളിപ്പെടുത്തിയ പൌലൊസിന്റെ മുമ്പിൽ കൊരിന്തിൽ പാർക്കുന്ന യെഹൂദർന്മാർക്ക് പിടിച്ചു നില്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവർ അവനെതിരെ തിരിഞ്ഞപ്പോൾ പൌലൊസ് അവരോടു പറഞ്ഞത് നിങ്ങളുടെ നാശത്തിനു നിങ്ങൾതന്നെ ഉത്തരവാദികൾ; ഞാൻ നിർമലൻ: ഇനിമേൽ ജാതികളുടെ അടുക്കലേക്ക് പോകും എന്നായിരുന്നു. അതു നിമിത്തം കൊരിന്തിൽ പൌലൊസ് വചനം പ്രസംഗിക്കുകയും അനേകർ വചനം കേട്ട് വിശ്വസിച്ചു സ്നാനം ഏല്ക്കുകയും ചെയ്തു. അന്നുയർന്ന എതിർപ്പുകളുടെ മദ്ധ്യത്തിൽ കർത്താവ് അവനോട് രാത്രി ദർശനത്തിൽ അരുളിച്ചെയ്തത് ഭയപ്പെടാതെ പ്രസംഗിക്കണം എന്നായിരുന്നു.

> നീ ഭയപ്പെടാതെ പ്രസംഗിക്ക; മിണ്ടാതിരിക്കരുത്; ഞാൻ നിന്നോടുകൂടെ ഉണ്ട്; ആരും നിന്നെ കൈയേറ്റം ചെയ്തു ദോഷപ്പെടുത്തുകയില്ല; ഈ പട്ടണത്തിൽ എനിക്കു വളരെ ജനം ഉണ്ട് എന്ന് അരുളിച്ചെയ്തു (അപ്പൊ. 18:9 - 10).

കർത്താവ് അവനോട് നേരിട്ട് അരുളിച്ചെയ്തതിൻപ്രകാരം പൌലൊസും കൂടെയുള്ളവരും കൊരിന്തിൽ ദൈവവേലയിൽ

ശക്തമായി പോരാടി. ഒരു വർഷവും ആറുമാസവും അവൻ കൊരിന്തിൽ അകിലാസിനോടും പ്രിസ്കില്ലയോടും കൂടെയായിരുന്നു. പൌലൊസിന്റെ കൂടെയുള്ള വേലയും താമസവും നിമിത്തം ദൈവം അവരെ ഒരു അനുഗ്രഹിക്കപ്പെട്ട മിഷനറി കുടുംബമായി മാറ്റിയിരുന്നു. പൌലൊസ് കൊരിന്ത് വിടുമ്പോൾ അകിലാസും പ്രിസ്കില്ലയും അവനെ അനുഗമിച്ചത് അവർക്ക് പൌലൊസുമായി ഉണ്ടായിരുന്ന ആത്മാർത്ഥ സ്നേഹത്തിന്റെ പ്രതിഫലനമാകുന്നു.

പരിശുദ്ധാത്മാവിന്റെ നിയോഗത്താൽ ആസ്യയിലെ എഫെസൊസിൽ കാലുകുത്തിയ അവർ മൂവരും അധികം താമസിയാതെ അകിലാസിന്റെയും പ്രിസ്കില്ലയുടെയും ഭവനത്തിൽ പൌലൊസിന്റെ നേതൃത്വത്തിൽ ആത്മീക ആരാധനയ്ക്ക് തുടക്കം കുറിച്ചു. കുറേനാൾ അവിടെ പാർക്കുവാൻ പൌലൊസിനോട് എഫെസൊസിലുള്ളവർ നിർബന്ധിച്ചുവെങ്കിലും അതിനു മുതിരാതെ ദൈവഹിതമായാൽ മടങ്ങിവരും എന്നു പറഞ്ഞ് അവൻ അവിടെനിന്ന് യാത്ര പുറപ്പെട്ടു. അവൻ കപ്പൽമാർഗ്ഗം കൈസര്യ വഴിയാണ് യെരുശലേമിൽ എത്തിച്ചേർന്നത്. എന്നാൽ അവൻ യെരുശലേമിൽ അധികം താമസിക്കാതെ സുറിയയിലെ അന്ത്യോക്യയിൽ എത്തിച്ചേർന്ന് അവിടെ കുറേനാൾ പാർത്തു. അവിടെനിന്നുമാണ് പൌലൊസിന്റെ മൂന്നാം മിഷനറി യാത്ര ആരംഭിച്ചത്. അവൻ കരമാർഗ്ഗം ഗലാത്യദേശങ്ങളിലെ ഉൾപ്രദേശങ്ങളിലൂടെ സഞ്ചരിച്ചാണ് വീണ്ടും എഫെസൊസിൽ എത്തിച്ചേർന്നത്.

അപ്പൊസ്തലനായ പൌലൊസ് എഫെസൊസിൽ എത്തിച്ചേരുന്നതിനു മുമ്പ് അകിലാവ്-പ്രിസ്കില്ല ദമ്പതിമാർ അലെക്സന്ത്രിയക്കാരനായി വാഗ്വൈഭവവും തിരുവെഴുത്തുകളിൽ സാമർത്ഥ്യവുമുള്ള അപ്പൊല്ലോസ് എന്ന ഒരുവനെ പരിചയപ്പെടുവാൻ ഇടയായി. എഫെസൊസിൽ എത്തിയ അപ്പൊല്ലോസ് യോഹന്നാന്റെ സ്നാനത്തെക്കുറിച്ച് മാത്രം അറിവുള്ളവനായിരുന്നുവെങ്കിലും ക്രിസ്തുയേശുവിനെക്കുറിച്ച് സൂക്ഷ്മമായി സംസാരിക്കുന്നവനായിരുന്നു. അവന്റെ പ്രസംഗം കേട്ട അകിലാവും പ്രിസ്കില്ലയും അവനെ ചേർത്തുകൊണ്ട് അവർ പൌലൊസിൽനിന്നു ഗ്രഹിച്ച ദൈവത്തിന്റെ മാർഗം അധികം സ്പഷ്ടമായി അവനു തെളിയിച്ചു കൊടുത്തു. യേശുക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷത്തിന്റെ സത്യമാർഗ്ഗം നന്നായി ഗ്രഹിച്ച അപ്പൊല്ലോസ് അവിടെനിന്ന് അഖായയിലെ കൊരിന്തിലേക്ക് യാത്രയായി. അപ്പൊല്ലോസ് കൊരിന്തിൽ

ഇരിക്കുമ്പോളാണ് പൌലൊസിന്റെ മൂന്നാമത്തെ മിഷനറി യാത്ര യിൽ അവൻ എഫെസൊസിലെ ഉൾപ്രദേശങ്ങളിലൂടെ സഞ്ചരി ച്ചത്. എഫെസൊസിൽ അവൻ കണ്ട ശിഷ്യന്മാരിൽ ചിലർ അപ്പൊ ല്ലോസിന്റെ ഉപദേശപ്രകാരം വിശ്വാസമാർഗത്തിൽ വന്നവരായതു കൊണ്ട് യോഹന്നാന്റെ സ്നാനത്തെക്കുറിച്ച് മാത്രം അറിവുള്ളവ രായിരുന്നു. അതുകൊണ്ട് അവർക്ക് പരിശുദ്ധാത്മാവ് ഉണ്ടെന്നു പോലും അറിവില്ലാത്തവരായിരുന്നു. പൌലൊസ് യേശുക്രിസ്തു ഉപദേശിച്ച പ്രകാരം അവരെ സ്നാനപ്പെടുത്തുകയും അവൻ അവ രുടെ മേൽ കൈവച്ചപ്പോൾ അവരിൽ പരിശുദ്ധാത്മാവ് വന്ന് അവർ അന്യഭാഷകളിൽ സംസാരിക്കയും പ്രവചിക്കയും ചെയ്തു. എഫെ സൊസിൽ പൌലൊസ് മൂന്നു മാസം താമസിച്ചു. അതിനു ശേഷം അവിടെ സുവിശേഷത്തിന് എതിർപ്പുയർന്നപ്പോൾ അവൻ ശിഷ്യ ന്മാരെ വേർതിരിച്ച് തുറന്നൊസിന്റെ പാഠശാലയിൽ രണ്ടു സംവ ത്സരം ദിനംപ്രതി സംവദിച്ചു പോന്നു. അതു നിമിത്തമാണ് ആസ്യ യിൽ പാർക്കുന്ന യെഹൂദന്മാരും, യവനന്മാരും എല്ലാം കർത്താവിന്റെ വചനം കേൾപ്പാൻ ഇടയായത്.

അപ്പൊസ്തലനായ പൌലൊസിനോടൊപ്പം ആസ്യയിലെ എല്ലാ വിധ സുവിശേഷ പ്രവർത്തനങ്ങൾക്കും നേതൃത്വനിരയിൽനിന്ന് പ്രവർത്തിച്ചത് അക്വിലാസും പ്രിസ്കില്ലയുമായിരുന്നു. ആസ്യയിൽ വചനം പ്രസംഗിക്കാതെ പൌലൊസിനെ അന്ന് അവിടെനിന്ന് മക്കെ ദോന്യക്ക് ദൈവത്തിന്റെ ആത്മാവ് അയച്ചുവെങ്കിൽ ആസ്യയിലെ പ്രവർത്തനത്തിന് യോഗ്യമായ ഒരു കുടുംബത്തോടൊപ്പമാണ് അവനെ പിന്നീട് കർത്താവ് അവിടേക്ക് അയച്ചത്. അക്വിലാസി ന്റെയും പ്രിസ്കില്ലയുടെയും കുടുംബത്തെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം ആസ്യയിലെ സുവിശേഷവേലയിൽ അവരെ പൌലൊസി നോടൊപ്പം ശക്തമായി പ്രയോജനപ്പെടുത്തുക എന്നതായിരുന്നു. അതേക്കുറിച്ച് അപ്പൊ. പൌലൊസ് കൊരിന്ത്യർക്ക് എഴുതിയ ലേഖ നത്തിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

> ആസ്യയിലെ സഭകൾ നിങ്ങളെ വന്ദനം ചെയ്യുന്നു; അക്വിലാവും പ്രിസ്കയും അവരുടെ ഭവനത്തിലെ സഭയോടുകൂടെ കർത്താവിൽ നിങ്ങളെ വളരെ വന്ദനം ചെയ്യുന്നു (1കൊരി. 16:19).

ആസ്യയിൽ അക്വിലാവും പ്രിസ്കയും ദൈവവേലയിൽ വ്യാപൃ തരും അവരുടെ ഭവനത്തിൽ സഭയുണ്ടായിരുന്നുവെന്നുമാണ് പൌലൊസ് കൊരിന്ത്യർക്ക് ലേഖനമെഴുതിയപ്പോൾ സാക്ഷ്യപ്പെടു

ത്തിയിരിക്കുന്നത്. അതുപോലെ റോമർക്ക് എഴുതിയ ലേഖനത്തിൽ ഇവരെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത് ജാതികളുടെ സകല സഭ കളും ഈ ഭവനത്തിന് നന്ദി പറയുവാൻ കടപ്പെട്ടിരിക്കുന്നു എന്നാകുന്നു.

> ക്രിസ്തുയേശുവിൽ എന്റെ കൂട്ടുവേലക്കാരായ പ്രിസ്കയെയും അക്വിലാവെയും വന്ദനം ചെയ്വിൻ. അവർ എന്റെ പ്രാണനുവേണ്ടി തങ്ങളുടെ കഴുത്തു വച്ചുകൊടുത്തവരാകുന്നു; അവർക്കു ഞാൻ മാത്രമല്ല, ജാതികളുടെ സകല സഭകളും കൂടെ നന്ദി പറയുന്നു. അവരുടെ വീട്ടിലെ സഭയെയും വന്ദനം ചെയ്വിൻ... (റോമ. 16:3-5).

ആസ്യയിലെ സുവിശേഷപ്രവർത്തനങ്ങൾക്ക് നേരിട്ട കഷ്ടത യിൽ പൌലൊസിനോടൊപ്പം കഷ്ടം സഹിച്ചവരും അവന്റെ പ്രാണനു ഹാനിവരാതെ അവനെ അവിടെ സൂക്ഷിച്ചവരുമായിരുന്നു അകിലാവിന്റെ കുടുംബം എന്നാണ് പൌലൊസ് സൂചിപ്പി ച്ചിരിക്കുന്നത്. പൌലൊസിന്റെ അവരോടുള്ള സ്നേഹാധിക്യ ത്താൽ അവൻ അവരെ അക്വിലാസ്, പ്രിസ്കില്ല എന്നു വിളിക്കു ന്നതിനു പകരം അക്വിലാവ്, പ്രിസ്ക എന്നാണ് വിളിച്ചിരുന്നത്. ഇത് പൌലൊസിന് സുവിശേഷസംബന്ധമായി ഈ കുടുംബവുമായിട്ടു ണ്ടായിരുന്ന ആത്മബന്ധത്തെയാണ് വ്യക്തമാക്കുന്നത്.

ആസ്യയിൽ കർത്താവ് സുവിശേഷത്തിന്റെ വാതിൽ തുറന്നു വെങ്കിലും അവിടുത്തെ എതിർപ്പ് അതിശക്തമായിരുന്നു. അതെ ക്കുറിച്ച് പൌലൊസ് പ്രസ്താവിച്ചിരിക്കുന്നതാണ് ചുവടെ കൊടു ത്തിരിക്കുന്നത്.

> എഫെസൊസിൽ ഞാൻ പെന്തക്കൊസ്തുവരെ പാർക്കും. എനിക്കു വലിയതും സഫലമായോരു വാതിൽ തുറന്നിരിക്കുന്നു; എതിരാളികളും പലർ ഉണ്ട് (1 കൊരി. 16:6-9).

എഫെസൊസിൽ പൌലൊസ് പാർത്തിരുന്നത് അക്വിലാവി ന്റെയും പ്രിസ്കയുടെയും ഭവനത്തിലായിരുന്നു. സുവിശേഷ സംബ ന്ധമായി പൌലൊസിനെതിരെ അവിടെ ഉയർന്ന എല്ലാ എതിർപ്പു കളും അവരുടെ ഭവനത്തെയും ബാധിച്ചിരുന്നുവെങ്കിലും അവർ അതിൽ തളർന്നുപോകാതെ അവനോടൊപ്പം സധൈര്യം പോരാടി യവരായിരുന്നു.

പുതിയനിയമസഭയുടെ പ്രാരംഭനൂറ്റാണ്ടിലെ കുടുംബങ്ങളിൽ നിന്ന് ജാതികളോടുള്ള സുവിശേഷീകരണത്തിന് പൌലൊസിനോ

ടൊപ്പം ആസ്യയിൽ പ്രവർത്തിപ്പാൻ ദൈവം കരങ്ങളിൽ എടുത്ത കുടുംബമായിരുന്ന അകവിലാവിന്റെയും പ്രിസ്കയുടെയും കുടുംബം. സുവിശേഷീകരണത്തിൽ ഭർത്താവും ഭാര്യയും എപ്ര കാരം പ്രയോജനപ്പെടണമെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ഇവ രുടെ കുടുംബത്തെക്കുറിച്ചുള്ള ദൈവീക ഉദ്ദേശത്തിന്റെ പഠനത്തിൽ നിന്ന് വ്യക്തമാക്കപ്പെടുന്നത്.

ആസ്യയിൽ വിശേഷാൽ എഫൊസൊസിൽ പരിശുദ്ധാത്മാവ് കരങ്ങളിലെടുത്ത് ദൈവീക ഉദ്ദേശത്തിനായി പ്രയോജനപ്പെടുത്തിയ കുടുംബമായിരുന്നു അകവിലാവ്-പ്രിസ്ക ദമ്പതിമാരുടെ കുടുംബം. അതുപോലെ കഴിഞ്ഞ രണ്ടായിരത്തിൽപരം വർഷങ്ങളായി സുവി ശേഷീകരണത്തിനും ദൈവസഭയുടെ രൂപീകരണത്തിനുമായി പരി ശുദ്ധാത്മാവ് ഇവരെപ്പോലെയുള്ള എത്രയോ കുടുംബങ്ങളെ കര ങ്ങളിൽ എടുത്ത് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഈ കാലങ്ങളിലും അവരെപ്പോലെ ദൈവം കരങ്ങളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കുടുംബങ്ങളെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. അകവി ലാവ്-പ്രിസ്ക ദമ്പതിമാരെപ്പോലെ ജയകരമായ ക്രിസ്തീയ ജീവിതം നയിക്കണമെന്നതാണ് ഭൂമിയിലെ ഓരോ കുടുംബങ്ങളെക്കുറിച്ചു മുള്ള ദൈവീക ഉദ്ദേശം. സഭായുഗത്തിന്റെ അതിരും കാലവും പൂർത്തീകരിക്കപ്പെടുവാനുള്ള കാലത്തിലാണ് നാം ആയിരിക്കു ന്നത്. അതുകൊണ്ട് ഈ കാലഘട്ടത്തിൽ കർത്താവിന്റെ ഉദ്ദേശത്തി നായി നമ്മുടെ ഓരോ കുടുംബങ്ങളെയും പ്രയോജനപ്പെടുത്തുവാൻ പരിശുദ്ധാത്മാവിന്റെ കരങ്ങളിൽ നമ്മെ ഭരമേല്പിക്കാം.

കാൽവറിമലയിൽ കുഞ്ഞാടിന്റെ പുണ്യാഹരക്തം ചീന്തി സ്ഥാ പിതമാക്കപ്പെട്ട സഭായുഗത്തിന്റെ അതിരും കാലവും പൂർത്തീകരി ക്കപ്പെടുന്നത് ഒലിവുമലയിൽ കർത്താവ് തന്റെ സകല വിശുദ്ധന്മാരു മായി പ്രത്യക്ഷപ്പെടുന്ന കർത്താവിന്റെ രണ്ടാമത്തെ വരവിലാകുന്നു. ലോകാവസാനത്തിന്റെ അന്ത്യത്തിൽ മനുഷ്യപുത്രൻ വെളിപ്പെടുന്ന നാൾവരെ സുവിശേഷം ഘോഷിക്കപ്പെടുകയും സഭാപ്രവർത്തന ങ്ങൾ ഭൂമിയിൽ ഉണ്ടായിരിക്കുകയും ചെയ്യും. ഞാനോ ലോകാവസാ നത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ട് എന്ന് അരുളിച്ചെ യ്ത അരുമനാഥൻ ഭൂതലത്തിലേക്ക് വീണ്ടും പ്രവേശിക്കുന്നതുവരെ സഭായുഗത്തിലെ പ്രവർത്തനങ്ങൾ ഇവിടെ നിർബാധം തുടർന്നുകൊ ണ്ടിരിക്കും എന്നതിനാണ് തിരുവചനം വ്യക്തത നല്കുന്നത്.

സഭായുഗത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം എന്ന വിഷയത്തിന്റെ പഠനത്തിൽ സഭാസ്ഥാപനത്തിനു മുമ്പ് സുപ്രധാനദൗത്യം ഭരമേല്പിക്കപ്പെട്ട രണ്ടു കുടുംബങ്ങളെക്കുറിച്ചും സഭ സ്ഥാപിതമായതിനു ശേഷം കർത്താവ് കരങ്ങളിൽ പ്രയോജനപ്പെടുത്തിയ മൂന്നു പ്രധാന കുടുംബങ്ങളെക്കുറിച്ചുമുള്ള പഠനത്തിലായിരുന്നു നാം ഇതുവരെ ആയിരുന്നത്. കർത്താവിന്റെ ഒന്നാമത്തെ വരവിൽ സ്ഥാപിതമായ സഭായുഗത്തിന്റെ അതിരും കാലവും തികയപ്പെടുന്നത് കർത്താവിന്റെ രണ്ടാമത്തെ വരവിൽ നടക്കുന്ന ലോകാവസാനമാകുന്ന കൊയ്ത്തു പൂർത്തീകരിക്കപ്പെടുന്നതോടെയാകുന്നു. ലോകസ്ഥാപനം മുതൽ ലോകാവസാനം വരെയുള്ള അഞ്ച് യുഗങ്ങളിലെ മാനവരാശിയുടെ കുടുംബങ്ങളെക്കുറിച്ചുള്ള പഠനമാണ് ഇതോടെ നാം ചിന്തിച്ച് പൂർത്തീകരിച്ചത്. തുടർന്ന് നാം ചുരുക്കമായി ചിന്തിക്കുന്നത് സഹസ്രാബ്ദയുഗത്തിലെയും നിത്യയുഗത്തിലെയും കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശത്തെക്കുറിച്ചാകുന്നു

## vi **സഹസ്രാബ്ദയുഗത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം**

* ലോകാവസാനമാകുന്ന കൊയ്ത്തിന്റെ അവസാനത്തിൽ വീശുമുറം കയ്യിലുള്ളവൻ വീശുമുറം കൊണ്ട് കളത്തെ മുറ്റം വെടിപ്പാക്കി കോതമ്പു കളപ്പുരിയിൽ കൂട്ടിവയ്ക്കുകയും പതിര് കെടാത്ത തീയിൽ ഇട്ട് ചുട്ടുകളയുകയുമാണ് ചെയ്യുന്നത്.
* വാഗ്ദത്തദേശമായ യിസ്രായേലിൽ യേശുക്രിസ്തു ദാവിദിന്റെ സിംഹാസനത്തിലിരുന്ന് ആയിരം ആണ്ട് വാഴുന്നതാണ് സഹസ്രാബ്ദ വാഴ്ച.
* അതിനെയാണ് സഹസ്രാബ്ദയുഗം എന്ന പേരിൽ യുഗങ്ങളോടുള്ള ബന്ധത്തിൽ അറിയപ്പെടുന്നത്.
* ദൈവത്തിന്റെ ശത്രുവാകുന്ന സാത്താൻ ആയിരം ആണ്ടത്തേക്ക് ചങ്ങലയിൽ ബന്ധിക്കപ്പെട്ട് അഗാധത്തിലായിരിക്കും. അവന്റെ പ്രതിനിധികളായി ഭൂമിയെ വഞ്ചിച്ചു നശിപ്പിക്കുന്ന മൃഗമാകുന്ന എതിർക്രിസ്തുവും കള്ളപ്രവാചകനും ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ പിടിക്കപ്പെടുകയും ബന്ധിക്കപ്പെട്ട് നിത്യനരകാഗ്നിയിലേക്ക് തള്ളപ്പെടുകയും ചെയ്യുന്നതുകൊണ്ട് പാപത്തിന്റെയും

മരണത്തിന്റെയും ശക്തിയുടെ പ്രസരണം സഹസ്രാബ്ദയുഗത്തിൽ പരിമിതപ്പെട്ടിരിക്കും.

* ഈ യുഗത്തിലേക്ക് പ്രവേശിക്കപ്പെടുന്ന നീതിമാന്മാരാണ് അന്നത്തെ പ്രജകളായി ഭൂലോകത്തിൽ പരന്നു ജീവിക്കുന്നത്. മഹത്വസിംഹാസനത്തിനു വലതുവശത്തു നില്ക്കുന്ന ചെമ്മരിയാടുകളോടുള്ള ബന്ധത്തിലാണ് ഇവരെ തിരുവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്.

ആയിരമാണ്ട് വാഴ്ചയിൽ പ്രവേശിപ്പിക്കപ്പെടുന്ന നീതിമാന്മാരായിട്ടുള്ളവർക്ക് വംശവർദ്ധനവ് ഉണ്ട്. അന്ന് ജനനവും മരണവും ഉണ്ടായിരിക്കും. ശൈശവമരണം ഉണ്ടായിരിക്കുകയില്ല. ബാലന്റെ ഇപ്പോഴത്തെപ്രായം പന്ത്രണ്ടു വയസ്സാണെങ്കിൽ അന്നത്തെ പ്രായം നൂറ് വയസ്സ് ആയിരിക്കും. മനുഷ്യർക്ക് അന്ന് വൃക്ഷത്തിന്റെ ആയുസ്സ് ആണ് ഉള്ളത്. അന്നത്തെ കുടുംബങ്ങൾ നീതിമാന്മാരായി യേശുക്രിസ്തുവിന്റെ ഭരണത്തിൽ സന്തോഷത്തോടും സമാധാനത്തോടും ജീവിക്കുക എന്ന പൊതു ഉദ്ദേശമാണ് ദൈവത്തിനുള്ളത്. യെരുശലേം നഗരമെന്ന പ്രിയനഗരവും പാളയവും ഭൂമിയിലെ ജാതികളും അന്ന് ഭൂമിയിലുണ്ടായിരിക്കും. ഇവ മൂന്നിലും ഉൾപ്പെടുന്നവർ ആരൊക്കെ എന്നതിന്റെ ലഘുവിശദീകരണമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

**സഹസ്രാബ്ദവാഴ്ചയിലെ പ്രിയനഗരത്തിലുൾപ്പെടുന്നവർ**

| | |
|---|---|
| മഹാരാജാവ് | - ക്രിസ്തു |
| രാജ്ഞി | - ക്രിസ്തുവിനോട് ഒന്നായിച്ചേരുന്ന ആദ്യജാതന്മാരുടെ സഭ |
| ഇരുപുറവും നടക്കുന്നവർ | - കന്യകന്മാരുടെ പദവിയിലുള്ള പുതിയനിയമ സഭയുടെ അംഗങ്ങൾ |
| മുമ്പിൽ നടക്കുന്നവർ | - പഴയനിയമത്തിലെ ശ്രേഷ്ഠന്മാർ |
| പിമ്പിൽ നടക്കുന്നവർ | - യിസ്രായേലിൽ നിന്നുള്ള നൂറ്റിനാല്പത്തിനാലായിരം |

പ്രിയനഗരത്തിലുൾപ്പെടുന്നവർ സ്വർഗീയ തേജസ്സ് പ്രാപിച്ചവരും സ്വർഗാധിസ്വർഗത്തിൽനിന്ന് കുഞ്ഞാടിനോടുകൂടെ ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നവരുമാണ്. അവർ കർത്താവിനോടുകൂടെ നിത്യം വസി

ക്കുന്നവരാണ്. അവർക്ക് വംശവർദ്ധനവ് ഇല്ല. അവർ ഭൂമിയിൽ പട്ടണങ്ങളെ ഭരിക്കുകയോ യെരുശലേം ദൈവാലയത്തിലെ ശുശ്രൂഷ നടത്തുകയോ ചെയ്യുകയില്ല.

**പാളയം**

ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേൽ ഗോത്രങ്ങളിൽനിന്ന് നീതിമാന്മാരായി സഹസ്രാബ്ദയുഗത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്ന നീതിമാന്മാർ പ്രിയനഗരത്തിനു ചുറ്റുമായിട്ടാണ് പാളയം ഇറങ്ങുന്നത്. അതിന്റെ വിവരണമാണ് യെഹെസ്കേൽ പ്രവചനത്തിൽ രേഖപ്പെടുത്തിയിരുക്കുന്നത് (യെഹെ. 48:31-35). നിയമപെട്ടകത്തിനു ചുറ്റും യിസ്രായേൽ പാളയമിറങ്ങിയത് നിഴലായിരുന്നുവെങ്കിൽ നിത്യതയിലെ പുതുവാനഭൂമിയിലേക്കുള്ള യാത്രയിൽ സാക്ഷാൽ നിയമപെട്ടകമായ ക്രിസ്തുയേശുവും അവനോടുകൂടെയുള്ളവരും വസിക്കുന്ന പ്രിയനഗരത്തിന് ചുറ്റിലുമായി യിസ്രായേൽ ഗോത്രങ്ങളാണ് ആയിരമാണ്ട് വാഴ്ചയിൽ അക്ഷരീകമായി പാളയമിറങ്ങുന്നത്. അന്നത്തെ നഗരഗോപുരങ്ങളുടെ വിവരണം ഇപ്രകാരമാകുന്നു.

**പ്രിയനഗരത്തിന്റെ ഗോപുരങ്ങൾ**

| | |
|---|---|
| കിഴക്ക് | - യോസേഫ്, ബെന്യാമീൻ, ദാൻ |
| പടിഞ്ഞാറ് | - ഗാദ്, ആശേർ, നഫ്താലി |
| വടക്ക് | - രൂബേൻ, യെഹൂദാ, ലേവി |
| തെക്ക് | - ശിമെയോൻ, യിസ്സാഖാർ, സെബൂലൂൻ |

യാക്കോബിന്റെ പന്ത്രണ്ടു മക്കളുടെ ഗോത്രങ്ങളിൽ ആയിരം ആണ്ട് വാഴ്ചയിൽ പ്രവേശിക്കപ്പെടുന്ന നീതിമാന്മാരാണ് പ്രിയനഗര ത്തിനു ചുറ്റും പാളയമിറങ്ങുന്നത്. യോസേഫ് ഗോത്രത്തിൽ എഫ്രയീം, മനശ്ശെ എന്നീ ഗോത്രങ്ങളിലെ നീതിമാന്മാരാണ് ഉൾപ്പെടുന്നത്. യിസ്രായേൽ ഗോത്രങ്ങളെ അന്ന് ഭരിക്കുന്നത് യിസ്രായേലിൽ നിന്നു ശേഖരിക്കപ്പെടുന്ന വൃതന്മാരാണ്. പാളയത്തിനു ചുറ്റിലും ഭൂമിയിൽ മുഴുവനിലുമാണ് ജാതികളിൽനിന്ന് നീതിമാന്മാരായി പ്രവേശിപ്പിക്കപ്പെടുന്നവർ നിർഭയം വസിക്കുന്നത്. അന്ന് അവരുടെ പട്ടണങ്ങളെ ഭരിക്കുന്നത് സുവിശേഷത്തിന്റെ അവസാനശേഷിപ്പിൽ നിന്ന് വേർതിരിക്കപ്പെടുന്ന വൃതന്മാരാകുന്നു.

സഹസ്രാബ്ദവാഴ്ചയിൽ ക്രിസ്തുയേശുവിന്റെ നീതിയുള്ള ഭരണത്തിൽ ജീവിക്കുന്നത് സന്തോഷകരമാണ്. അന്ന് മനുഷ്യർക്ക് ഇന്നത്തപ്പോലുള്ളതായ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതില്ല.

കുടുംബമായി സന്തോഷത്തോടെ സമൂഹത്തിൽ വസിക്കുവാൻ പറ്റിയ സാഹചര്യമാണ് അന്ന് നിലവിലുണ്ടായിരിക്കുക. അന്നത്തെ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം ദൈവരാജ്യം എന്ന അക്ഷരീകമായ രാജ്യത്ത് സന്താനപുഷ്ടിയുള്ളവരായി ദീർഘ കാലം വസിച്ച് പുതുവാനഭൂമിയിലേക്ക് ദൂതതുല്യരായി പ്രവേശിക്കപ്പെടണമെന്നുള്ളതാകുന്നു. കർത്താവ് ഒലിവുമലയിൽ കാൽ കുത്തുന്ന സമയത്ത് ആരംഭിക്കുന്ന സഹസ്രാബ്ദയുഗം അവസാനിക്കുന്നത് ഒടുക്കത്തെനാളിലാകുന്നു. ഒടുക്കത്തെനാളാകുന്ന കർത്താവിന്റെ ദിവസം കള്ളനെപ്പോലെയാണ് ഗോഗ്-മാഗോഗ് യുദ്ധാനന്തരം പ്രത്യക്ഷപ്പെടുന്നത്. അന്നാണ് ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞുപോകുകയും ഭൂമിയും അതിലെ പണികളും വെന്തുപോകുകയും ചെയ്യുന്നത്. അന്ന് ആകാശവാസികളായ ദൂതന്മാരും ഭൂമിയിൽ ജീവനോടിരിക്കുന്ന സകല മനുഷ്യരും ഭൂതാത്മാക്കളും ദുഷ്ടദൂതന്മാരും ഭൂമിയിൽനിന്ന് മാറ്റപ്പെട്ടിരിക്കും. അവരിൽ ഭൂമിയിലെ നീതിമാന്മാരായ മനുഷ്യരും ഒന്നാമത്തെ ആകാശത്തിലെ ദൂതന്മാരും **സമുദ്രം** എന്ന മരണാനന്തരനിരയിലേക്ക് മാറ്റപ്പെടുമ്പോൾ പാപികളും ഭൂതാത്മാക്കളും അധമപാതാളത്തിലേക്കും കഠിനപാപികളും ദുഷ്ടദൂതന്മാരും മരണമെന്ന നരകത്തിലേക്കുമാണ് മാറ്റപ്പെടുന്നത്.

ഒടുക്കത്തെ നാളിൽ നടക്കുന്ന മരിച്ചവരുടെ അന്ത്യന്യായവിധിയിൽ വെള്ളസിംഹാസനത്തിനു മുമ്പാകെ **സമുദ്രം, പാതാളം, നരകം** എന്നീ മൂന്നു മരണാനന്തരനിരകളിലുള്ളവരെ ഏല്പിച്ചുകൊടുക്കുമ്പോൾ ഒടുക്കത്തെ നാളിൽ അന്ന് അവിടങ്ങളിലേക്ക് പ്രവേശിക്കപ്പെട്ടവരും വെള്ളസിംഹാസനത്തിനു മുമ്പാകെ പ്രത്യക്ഷപ്പെടും. വെള്ളസിംഹാസനത്തിനു മുമ്പാകെ പ്രത്യക്ഷപ്പെടുന്നവരിൽ സമുദ്രം ഏല്പിച്ചുകൊടുക്കുന്നവരിൽ ആകാശവാസികളായ ദൂതന്മാരും ദൂതതുല്യരായി പുനരുത്ഥാനം ചെയ്യുന്ന നീതിമാന്മാരുമാണ് പുതുവാനഭൂമിയിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നത്. അവർക്ക് അന്നു ലഭിക്കുന്നത് ഭൗമികതേജസ്സ് ആകുന്നു. ജീവപുസ്തകത്തിൽ പേരില്ലാത്ത പാപികൾ, ഭൂതാത്മാക്കൾ, കഠിനപാപികൾ, ദുഷ്ടദൂതന്മാർ എന്നിവരെ വെള്ളസിംഹാസനത്തിനു മുമ്പാകെ ന്യായംവിധിച്ച് അഗ്നിനരകത്തിലേക്ക് തള്ളിക്കളയുകയാണ് ചെയ്യുന്നത്.

ലോകാരംഭം മുതൽ ഒടുക്കത്തെ നാൾവരെയുള്ള ആദാമിക വംശത്തിൽപ്പെട്ട സകല മനുഷ്യരും നിത്യതയിൽ അവർ കാണ

പ്പെടുന്ന വിവിധ സ്ഥലങ്ങളിലേക്കാണ് മാറ്റപ്പെടുന്നത്. അതെക്കുറിച്ചാണ് നിത്യയുഗത്തിലെ കുടുംബത്തക്കുറിച്ചുള്ള ദൈവീക ഉദ്ദേശം എന്ന വിഷയത്തിന്റെ പഠനത്തിൽ നാം ചിന്തിക്കുന്നത്.

## vii **നിത്യയുഗത്തിലെ കുടുംബത്തെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം**

ലോകസ്ഥാപനത്തിനു മുമ്പ് സ്വർഗീയ പിതാവാം ദൈവം വിഭാവനം ചെയ്ത സകല കാര്യങ്ങളുടെയും സമ്പൂർത്തീകരണമാണ് നിത്യയുഗത്തിൽ മാനവരാശിയോടുള്ള ബന്ധത്തിൽ നിറവേറപ്പെടുന്നത്. ഒടുക്കത്തെനാളിൽ ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും സമുദ്രവും മൂലപദാർത്ഥങ്ങൾ കത്തിയഴിഞ്ഞ് ഇല്ലാതായതിനു ശേഷം ഉണ്ടാക്കുവാനുള്ള ദിവസത്തിന്റെ ആരംഭത്തിലാണ് നിത്യയുഗം പുതിയ ആകാശ പുതിയ ഭൂമിയിൽ സ്ഥാപിതമാക്കപ്പെടുന്നത്. അന്ന് പുതിയ യെരുശലേം എന്ന വിശുദ്ധനഗരം സമ്പൂർണ്ണ തേജസ്സോടെ പുതുവാനഭൂമിയിൽ ദൂതതുല്യരായി ജീവിക്കുന്ന മനുഷ്യരുടെ ഇടയിലേക്കാണ് ഇറങ്ങിവരുന്നത്. പാപവും മരണവുമില്ലാത്ത ദൂതതുല്യരായ മനുഷ്യരോടുകൂടെയുള്ള നിത്യവാസത്തിനായി ദൈവത്തിന്റെ കൂടാരം ഇറങ്ങിവരുമ്പോൾ “ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം” എന്ന ദൈവത്തിന്റെ അനാദിയിലെ തിരുഹിതമാണ് **നിത്യയുഗത്തിൽ** സമ്പൂർത്തീകരിക്കപ്പെടുന്നത്.

കർത്താവിന്റെ ഒന്നാമത്തെ വരവിങ്കൽ ദൈവം നമ്മോടുകൂടെ എന്ന അർത്ഥമുള്ള **ഇമ്മാനുവേൽ** എന്ന പ്രവചനമാണ് പൂർത്തീകരിക്കപ്പെട്ടതെങ്കിൽ കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ ‘യഹോവ അവിടെ’ എന്നർത്ഥമുള്ള **യഹോവശമ്മാ** എന്ന ഭൗമനഗരവും അക്ഷരികമായ ദൈവരാജ്യവുമാണ് അന്ന് ഭൂമിയിൽ സ്ഥാപിതമാക്കപ്പെടുന്നത്. സകലത്തിന്റെയും സമാപ്തിയിൽ ‘**ഇതാ, ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ**’ എന്ന മുൻനിർണ്ണയപ്രകാരമുള്ള ദൈവഹിതമാണ് പുതുവാനഭൂമിയിൽ അക്ഷരാർത്ഥത്തിൽ നിറവേറപ്പെടുന്നത്.

ആദാം-ഹവ്വാ ദമ്പതിമാരുടെ ഏകകുടുംബത്തിൽനിന്ന് ദൈവം വിഭാവനം ചെയ്തത് മാനവരാശിയോടുള്ള ബന്ധത്തിലെ അതിരും കാലവും ഇല്ലാത്ത നിത്യയുഗത്തെക്കുറിച്ചായിരുന്നു. വിവിധ യുഗങ്ങളിലെ കുടുംബങ്ങളിലൂടെ ദൈവം ആ ദൗത്യം പൂർത്തീകരിക്കുന്നതിന്റെ വിശദമായ പഠനത്തിലായിരുന്നു നാം ആയിരുന്നത്. ‘നിന്റെ രാജ്യം വരണമേ, നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമി

യിലും ആകണമെ' എന്ന് കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ച അർത്ഥ വത്തായ പ്രാർത്ഥന അതിന്റെ പൂർത്തീകരണത്തിലേക്ക് എത്തിച്ചേരുന്നത് നിത്യയുഗത്തിലാണ്. ദൈവീകത്രിത്വവും ദൂതഗണങ്ങളുമാണ് സ്വർഗാധിസ്വർഗത്തിലുള്ളത്. പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെട്ടതിനു ശേഷം അവിടേക്ക് പ്രവേശിപ്പിക്കപ്പെടുന്നവർ പുനരുത്ഥാനത്തിൽ ഭൗമതേജസ്സു പ്രാപിച്ച് ദൂതതുല്യരായി നിത്യജീവന് യോഗ്യരാകുന്നവരാകുന്നു. അവരുടെ ഇടയിലേക്കാണ് പുതിയ യെരുശലേം എന്ന വിശുദ്ധനഗരം ഇറങ്ങി വരുന്നത്. പുതിയ യെരുശലേമിൽ ദൈവീകത്രിത്വവും കുഞ്ഞാടാം ദൈവത്തോട് ഒന്നായിച്ചേരുന്ന കുഞ്ഞാടിന്റെ മണവാട്ടിയും സ്വർഗീയതേജസ്സ് പ്രാപിക്കുന്ന സകല വിശുദ്ധന്മാരും ദൂതഗണങ്ങളുമാണ് ഉള്ളത്. സ്വർഗത്തിലെപ്പോലെ പുതുവാനഭൂമിയിലും ആകുമ്പോൾ നിത്യയുഗത്തിലെ ദൈവീകകുടുംബം എന്ന ദൈവീക പദ്ധതിയാണ് സമ്പൂർത്തീകരിക്കപ്പെടുന്നത്. ഇതിൽ നിന്നും വ്യക്തമാക്കപ്പെടുന്നത് സമ്പൂർണ്ണനായദൈവം ഉദ്ദേശിച്ചിരിക്കുന്ന സകല ആലോചനകളും അതാതിന്റെ സമയത്ത് ഭംഗിയായി പൂർത്തീകരിക്കപ്പെടുന്നു എന്നുള്ളതാകുന്നു.

അതാത് സമയത്ത് നിറവേറപ്പെടേണ്ട സ്വർഗീയ ആലോചനകളിൽ നിന്നുമാണ് ദൈവീക ഉദ്ദേശങ്ങൾ ഓരോന്നായി പൂർത്തീകരിക്കപ്പെടുന്നത് എന്നതാണ് നാം ഇതിനോടകം ഗ്രഹിച്ചത്. മനുഷ്യരോടുള്ള ബന്ധത്തിലെ കാര്യങ്ങൾ നിറവേറപ്പെടുന്നതും ആലോചനകളിലൂടെയാകുന്നു. അതിൽ വിവാഹവും കുടുംബജീവിതവും എന്ന വിഷയത്തിലെ ദൈവീക ഉദ്ദേശത്തെക്കുറിച്ചുള്ള കാര്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നതിന്റെ പിമ്പിൽ മറഞ്ഞിരിക്കുന്ന ദൈവീക ആലോചനയെക്കുറിച്ചാണ് വിവാഹ ആലോചന എന്ന അടുത്ത അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത്.

അദ്ധ്യായം 2

# വിവാഹ ആലോചന

ഈ കാര്യം യഹോവയാൽ വരുന്നു; നിന്നോടു ഗുണമെങ്കിലും ദോഷമെങ്കിലും പറവാൻ ഞങ്ങൾക്ക് കഴികയില്ല. ഇതാ റിബെക്കാ നിന്റെ മുമ്പാകെ ഉണ്ടല്ലോ; അവളെ കൂട്ടിക്കൊണ്ടുപോക; യഹോവ കല്പിച്ചതു പോലെ അവൾ നിന്റെ യജമാനന്റെ മകനു ഭാര്യയാകട്ടെ എന്നുത്തരം പറഞ്ഞു (ഉല്പ. 24:50 - 51).

ഏഴു യുഗങ്ങളിലെ മാനവാശിയോടുള്ള ബന്ധത്തിലെ ദൈവീക ഉദ്ദേശത്തെക്കുറിച്ചായിരുന്നു കഴിഞ്ഞ് അദ്ധ്യായത്തിൽ നാം ചിന്തിച്ചത്. ഈ അദ്ധ്യായത്തിൽ തുടർന്നു നാം ചിന്തിക്കുന്നത് ദൈവീക ഉദ്ദേശങ്ങൾ ഭംഗിയായി നിവർത്തീകരിക്കപ്പെടുന്നതിന്റെ പിമ്പിൽ പ്രവർത്തിക്കുന്ന ദൈവീക ആലോചനകളെക്കുറിച്ചാകുന്നു. ഉദ്ദേശങ്ങൾ സാധ്യമാകുന്നത് ആലോചനകളാലാകുന്നു; ആലോചനകൾ ഇല്ലാതിരുന്നാൽ ഉദ്ദേശങ്ങൾ സാധിക്കാതെ പോകുന്നു എന്നാണ് തിരുവചനത്തിൽ വ്യക്തമാക്കിയിരിക്കുന്നത്.

ഉദ്ദേശങ്ങൾ ആലോചനകൊണ്ടു സാധിക്കുന്നു; ആകയാൽ ഭരണസാമർത്ഥ്യത്തോടെ യുദ്ധം ചെയ്ക (സദൃ. 20:18).

ആലോചനകൾ ഇല്ലാഞ്ഞാൽ ഉദ്ദേശ്യങ്ങൾ സാധിക്കാതെ പോകുന്നു; ആലോചനക്കാരുടെ ബഹുത്വത്താലോ അവ സാധിക്കുന്നു (സദൃ. 15:22)

ഇതിൽനിന്ന് ഏത് ഉദ്ദേശസഫലീകരണത്തിനും അതിന്റേതായ ആലോചനകൾ അനിവാര്യമാണെന്നാണ് വ്യക്തമാക്കപ്പെടുന്നത്. വിവാഹം കുടുംബം എന്നീ വിഷയങ്ങളോടുള്ള ബന്ധത്തിൽ വിവാഹം നടത്തപ്പെടുന്നതിനു മാത്രമല്ല ആലോചന ആവശ്യമുള്ളത്. ഇത് സംബന്ധമായ എല്ലാ ഘട്ടങ്ങളിലും അവ ഓരോന്നിന്റെയും ഉദ്ദേശ സഫലീകരണത്തിൽ ആലോചനകളുടെ പങ്ക് സുപ്രധാനമാണ്. അതിൽ സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബം എന്ന വ്യവസ്ഥിതിയുടെ രൂപീകരണത്തിൽ വിവാഹാലോചനയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കു

ന്നത്. പുരുഷനും സ്ത്രീയും ഒന്നായിച്ചേരുന്ന വിവാഹത്തിന് ഇരു വ്യക്തികളെയും അവരുടെ കുടുംബങ്ങളെയും തമ്മിൽ ബന്ധിപ്പി ക്കുന്നതിന്റെ പിമ്പിൽ പ്രവർത്തിക്കുന്ന ചിന്തയെയാണ് **വിവാഹാ ലോചന** എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഭൂമിയിലെ ഏദ്ദെനിൽ വച്ചു നടത്തപ്പെട്ട പ്രഥമവിവാഹത്തിലെ ആലോചനക്കാരൻ മറ്റാരു മായിരുന്നില്ല അവരെ സൃഷ്ടിച്ച സർവ്വശക്തനായ ദൈവം തന്നെ യായിരുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ പ്രഥമപുരുഷനായ ആദാ മിന് ദൈവം ഒരു ഇണയെ തിരഞ്ഞ് കണ്ടുപിടിച്ചു കൊടുക്കുക ആയിരുന്നില്ല; പ്രത്യുത; അവനുവേണ്ടി തക്കതായ ഒരു തുണയെ അവനിൽനിന്നുതന്നെ സൃഷ്ടിച്ചെടുത്ത് അവനു ഭാര്യയായി കൊടു ക്കുകയാണ് ചെയ്തത്.

അന്ന് ഏദ്ദെനിൽവെച്ച് നടത്തപ്പെട്ട ആദ്യവിവാഹം സ്വർഗത്തിൽ വച്ച് നിറവേറപ്പെടുവാനുള്ള സ്വർഗീയ വിവാഹത്തിന്റെ നിഴലാ കുന്നു. അത് വചനമാകുന്ന ദൈവത്തോട് ചേരുവാനുള്ള മണ വാട്ടിയെ സൃഷ്ടിതാവാം ദൈവം സൃഷ്ടികളിൽനിന്നും നേരിട്ട് തിര ഞ്ഞെടുക്കകയല്ല പിന്നെയോ; ആത്മമണവാളനാകുന്ന ക്രിസ്തു യേശു ക്രൂശിൽ ചൊരിഞ്ഞ പുണ്യാഹരക്തത്താൽ ഉടലെടുത്ത ആഗോളദൈവസഭയിൽനിന്ന് അവനോട് ഒന്നായി ചേരുവാൻ തികവു പ്രാപിക്കുന്ന ആദ്യജാതന്മാരുടെ സഭയെ വേർതിരിച്ചെടു ക്കുകയാണ് ചെയ്യുന്നത്. ലോകസ്ഥാപനത്തിങ്കൽ ഏദ്ദെനിൽവച്ച് നടന്നതും ലോകാവസാനത്തിങ്കൽ സ്വർഗാധിസ്വർഗത്തിൽവച്ച് നട ക്കുവാനുള്ളതുമായ രണ്ടു വിവാഹങ്ങൾ ഒഴികെ ഭൂമിയിലെ സകല വിവാഹങ്ങളിലും തക്കതായ തുണയെ അന്വേഷിച്ചു കണ്ടെത്തുക യാണ് ചെയ്യുന്നത്.

വിശ്വാസികളുടെ പിതാവായ അബ്രാഹാമിന് വാർദ്ധക്യത്തിൽ ജനിച്ച വാഗ്ദത്തസന്തതിയായിരുന്നു യിസ്ഹാക്ക്. അവൻ വിവാഹി തനാകേണ്ട സമയത്ത് ദൈവമാണ് അവനുവേണ്ടി തക്ക തുണയെ കണ്ടെത്തിയത്. യിസ്ഹാക്കിന്റെ വിവാഹാലോചനയെക്കുറിച്ച് തിരു വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗമാണ് ഈ അദ്ധ്യായ ത്തിന്റെ പ്രാരംഭത്തിൽ കുറിച്ചിരിക്കുന്നത്. ഏദ്ദെൻ തോട്ടത്തിൽ ഏക നായിരുന്ന ആദാമിന് അവന്റെ ഏകാന്തതയ്ക്ക് പരിഹാരമായി അവ നിൽനിന്ന് തക്കതായ തുണയെ ദൈവം ഉണ്ടാക്കി കൊടുക്കുകയാണ് ചെയ്തതെങ്കിൽ കനാൻ ദേശത്ത് അമ്മയുടെ മരണത്തിൽ ദുഃഖവും ഏകാന്തതയും അനുഭവിച്ച യിസ്ഹാക്കിന് ദൈവം തക്കതായ ഒരു

തുണയെ കണ്ടെത്തി കൊടുക്കുകയാണ് ചെയ്തത്. ദൈവം അതിനാവശ്യമായ ആലോചനയാണ് അന്ന് അബ്രാഹാമിന്റെ ഉള്ളിൽ കൊടുത്തത്. ഉല്പത്തി പുസ്തകം ഇരുപത്തിനാലാം അദ്ധ്യായത്തിന്റെ പ്രതിപാദ്യവിഷയം യിസ്ഹാക്കിന്റെ വിവാഹാലോചനയും അവന്റെ കുടുംബജീവിതത്തിന്റെ ആരംഭത്തെക്കുറിച്ചുമാകുന്നു. അതിൽ ഏറെ പ്രാധാന്യത കൊടുത്തിരിക്കുന്നത് യിസ്ഹാക്കിന്റെ വിവാഹാലോചനയോടുള്ള ബന്ധത്തിലെ കാര്യങ്ങൾക്കാകുന്നു.

ഏകദേശം നാലായിരത്തിൽപ്പരം വർഷങ്ങൾക്കു മുമ്പ് നടന്ന യിസ്ഹാക്കിന്റെ വിവാഹത്തെക്കുറിച്ച് ഇന്നു നാം ചിന്തിക്കുന്ന ഈ വേളയിലും അതിൽ രേഖപ്പെടുത്തിയിരിക്കുന്ന ഓരോ കാര്യങ്ങളും ഏതു കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർക്കും അനുകരിക്കത്തക്കതാകുന്നു എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നതാകുന്നു. ഉല്പത്തിപുസ്തകം ഇരുപത്തിനാലാം അദ്ധ്യായത്തിൽ യിസ്ഹാക്കിന്റെ വിവാഹാലോചനയോടുള്ള ബന്ധത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളുടെ അപഗ്രഥനത്തിൽനിന്നും നമുക്ക് ലഭ്യമാകുന്നത് സുപ്രധാനങ്ങളായ അഞ്ച് കാര്യങ്ങളാകുന്നു. അവ ഓരോന്നിന്റെയും സുഗമമായ പഠനത്തിനായി ഈ അദ്ധ്യായത്തെ അഞ്ച് ഭാഗങ്ങളായിട്ട് വിഭജിച്ചാണ് നാം ചിന്തിക്കുന്നത്. അവ ഏതൊക്കെയെന്നതാണ് ചുവടെ കൊടുത്തിരിക്കുന്നത്.

i. വിവാഹാലോചനയോടുള്ള ബന്ധത്തിൽ വരന്റെ ഗൃഹത്തിലുള്ളവർക്ക് ഉണ്ടായിരിക്കേണ്ട കാഴ്ചപ്പാടുകൾ
ii. വിവാഹ ആലോചനയിൽ മധ്യസ്ഥത വഹിക്കുന്ന വ്യക്തിക്ക് ഉണ്ടായിരിക്കേണ്ട സവിശേഷമായ ഉത്തരവാദിത്വങ്ങൾ
iii. വിവാഹാലോചനയിലെ നിയുക്ത വരനുണ്ടായിരിക്കേണ്ട സുപ്രധാന സ്വഭാവസവിശേഷതകൾ
iv. വിവാഹാലോചനയിലെ നിയുക്ത വധുവിനുണ്ടായിരിക്കേണ്ട സ്വഭാവസവിശേഷതകൾ
v. വിവാഹാലോചനയിൽ വധുവിന്റെ ഗൃഹത്തിലുള്ളവർക്ക് ഉണ്ടായിരിക്കേണ്ട കാഴ്ചപ്പാടുകൾ

വിവാഹാലോചനയോടുള്ള ബന്ധത്തിൽ ഇവിടെ രേഖപ്പെടുത്തിയിരുക്കുന്ന അഞ്ചു കാര്യങ്ങളുടെ വിശദമായ പഠനത്തിലേക്കാണ് തുടർന്നു നാം പ്രവേശിക്കുന്നത്.

## i. വിവാഹാലോചനയോടുള്ള ബന്ധത്തിൽ വരന്റെ ഗൃഹത്തിലുള്ള വർക്ക് ഉണ്ടായിരിക്കേണ്ട കാഴ്ചപ്പാടുകൾ (ഉല്പ. 24:1–9)

വിവാഹാലോചനയോടുള്ള ബന്ധത്തിൽ വരന്റെ ഗൃഹത്തിലുള്ളവർക്ക് സുപ്രധാനമായും നാല് കാഴ്ചപ്പാടുകളാണ് ഉണ്ടായിരിക്കേണ്ടത്. അഞ്ചാമത്തേത് വിവാഹാനന്തരം നവദമ്പതിമാരോടുള്ള ബന്ധത്തിൽ ഉണ്ടായിരിക്കേണ്ട കാഴ്ചപ്പാടാകുന്നു.

1. വിവാഹാലോചനയിൽ ഉത്തരവാദിത്വപ്പെട്ടവർക്ക് ഉണ്ടായിരിക്കേണ്ട കാഴ്ചപ്പാടുകൾ (ഉല്പ. 24:1–2)
2. വിവാഹാലോചനയിൽ മധ്യസ്ഥനെ ചുമതലപ്പെടുത്തുന്നതിനോടുള്ള ബന്ധത്തിലെ കാഴ്ചപ്പാടുകൾ (ഉല്പ. 24:25)
3. വിവാഹാലോചനയിൽ ദൈവീക വാഗ്ദത്തങ്ങളോടുള്ള ബന്ധത്തിലെ കാഴ്ചപ്പാടുകൾ (ഉല്പ. 24:7)
4. വിവാഹാലോചനയിൽ വിശ്വാസമൂല്യങ്ങളോടുള്ള ബന്ധത്തിലെ കാഴ്ചപ്പാടുകൾ (ഉല്പ. 24:8–9)
5. വിവാഹാനന്തരം ദാമ്പത്യജീവിതത്തിലേക്ക് പ്രവേശിക്കുന്ന നവദമ്പതിമാരോടുള്ള ബന്ധത്തിലെ കാഴ്ചപ്പാടുകൾ (ഉല്പ. 25:1)

### 1. വിവാഹാലോചനയിൽ ഉത്തരവാദിത്വപ്പെട്ടവർക്ക് ഉണ്ടായിരിക്കേണ്ട കാഴ്ചപ്പാടുകൾ

> അബ്രാഹാം വയസ്സുചെന്നു വൃദ്ധനായി; യഹോവ അബ്രാഹാമിനെ സകലത്തിലും അനുഗ്രഹിച്ചിരുന്നു. തന്റെ വീട്ടിൽ മൂപ്പനും തനിക്കുള്ളതിനൊക്കെയും വിചാരകനുമായ ദാസനോട് അബ്രാഹാം പറഞ്ഞത്: നിന്റെ കൈ എന്റെ തുടയിൻകീഴിൽ വയ്ക്കുക; ചുറ്റും പാർക്കുന്ന കനാന്യരുടെ കന്യകമാരിൽ നിന്ന് നീ എന്റെ മകനു ഭാര്യയെ എടുക്കാതെ...
> (ഉല്പ. 24:1- 2)

അബ്രാഹാമിന്റെ ഏകജാതനായ മകൻ യിസ്ഹാക്കിന് ഏകദേശം നാല്പതു വയസ്സുള്ളപ്പോളാണ് അവന്റെ പിതാവ് അവനു ദൈവഹിതപ്രകാരമുള്ള ഒരു വിവാഹം ആലോചിച്ചത്. യിസ്ഹാക്ക് അവന്റെ അമ്മ സാറാ മരിച്ചതിന്റെ ദുഃഖത്തിലും ഏകാന്തതയിലുമായിരുന്നു. അതുകൊണ്ട് അതിനു പരിഹാരമാകട്ടെ എന്ന് കരുതിയാണ് അബ്രാഹാം വേഗത്തിൽ തന്റെ മകനുവേണ്ടി വിവാഹം ആലോചിച്ചത്. യിസ്ഹാക്ക് മാതാപിതാക്കൾക്ക് വിധേയപ്പെട്ട് അനുസരണയോടെ കുടുംബത്തിൽ വസിച്ചവനായിരുന്നു.

അതുകൊണ്ട് അവന്റെ വിവാഹകാര്യത്തിന്റെമുഴുവൻ ഉത്തരവാദിത്വവും അവന്റെ മാതാപിതാക്കളിലാണ് നിക്ഷിപ്തമായിരുന്നത്.

ദൈവീകദർശനവും വാഗ്ദത്തവും പ്രാപിച്ച അബ്രാഹാം തന്റെ കുടുംബത്തോട് വളരെയധികം ഉത്തരവാദിത്വമുള്ളവനായിരുന്നു. അവനു ലഭിച്ച ദൈവീകദർശനത്തിൽ അവന്റെ തലമുറ നില്ക്കണമെന്നും ദൈവീക വാഗ്ദത്തം നഷ്ടപ്പെടുത്തിക്കളയരുതെന്നും നിഷ്കർഷതയുള്ളവനായിരുന്നു. അതുകൊണ്ടാണ് അവൻ ചെന്നു പാർത്തിരുന്ന കനാൻ ദേശത്തിലെ കന്യകന്മാരിൽനിന്ന് ഒരുവളെ അവന്റെ മകന് ഭാര്യയായി എടുക്കാതിരുന്നത്. ബുദ്ധിമതിയായ സാറാ ജീവിച്ചിരുന്നപ്പോൾ അവളും അബ്രാഹാമിനോട് ഈ കാര്യം ധരിപ്പിച്ചിരുന്നു എന്നുവേണം ചിന്തിക്കുവാൻ. അതിന്റെ കാരണം ദൈവീക ആലോചനപ്രകാരം കാൽചുവടുകളെ വച്ച അബ്രാഹാമിന്റെ അതേ ചിന്താഗതിയിൽ ജീവിച്ചവളായിരുന്നു സാറാ. അവളുടെ മരണത്തിനു മുൻപ് യിസ്ഹാക്കിന്റെ വിവാഹം നടന്നുകാണണമെന്ന ആഗ്രഹമുണ്ടായിരുന്നുവെങ്കിലും സാറായ്ക്ക് പക്ഷേ, അതിനുള്ള ഭാഗ്യം ലഭിച്ചില്ല. അതായിരുന്നിരിക്കണം യിസ്ഹാക്കിന്റെ ദുഃഖത്തിന്റെ സുപ്രധാന കാരണം. അത് തിരിച്ചറിഞ്ഞ അബ്രാഹാം വേഗത്തിൽ അത് പരിഹരിക്കുക എന്ന ഉത്തരവാദിത്വമാണ് നിറവേറ്റിയത്.

മക്കൾ ഉദരത്തിൽ ജനിക്കുമ്പോൾത്തന്നെ മാതാപിതാക്കൾ ഉത്തരവാദിത്തമുള്ളവരായിത്തീരുന്നു. അവരുടെ ജനനം മുതൽ ശൈശവം, ബാല്യം, കൗമാരം, യൗവ്വനം എന്നീ വളർച്ചയുടെ എല്ലാഘട്ടങ്ങളിലും അവർക്ക് ആവശ്യമായതെല്ലാം മാതാപിതാക്കൾ നിവർത്തിച്ചുകൊടുക്കേണ്ട ഉത്തരവാദിത്തമാണ് മാതാപിതാക്കളിൽ നിക്ഷിപ്തമായിട്ടുള്ളത്. അതിൽ മക്കൾ യൗവ്വനയുക്തരായി വിവാഹപ്രായമെത്തുമ്പോൾ മാതാപിതാക്കളുടെ കർത്തവ്യനിർവ്വഹണത്തിലെ സുപ്രധാനമായ കാര്യമാണ് തലമുറകളുടെ വിവാഹം ദൈവഹിതപ്രകാരം തക്കസമയത്ത് നടത്തിക്കൊടുക്കുക എന്നത്.

ദൈവത്തിന്റെ സ്നേഹിതനായ അബ്രാഹാമിന് ഭൂമിയിലെ ജീവിതത്തിന് വേണ്ടിയതെല്ലാം നൽകി ദൈവം അവനെ അനുഗ്രഹിച്ചിരുന്നു. അബ്രാഹാമിന് ലഭിച്ചിരുന്ന ദൈവീക അനുഗ്രഹം വാഗ്ദത്തസന്തതിയായ യിസ്ഹാക്കിനു കൈമാറുമ്പോൾ അവന്റെ കുടുംബവും ദൈവഹിതത്താൽ പണിയപ്പെടണമെന്ന അതിയായ ആഗ്രഹം അബ്രാഹാമിനുണ്ടായിരുന്നു. അതിൽനിന്നുമാണ് മറ്റെന്തി

നേക്കാളുപരി ബുദ്ധിമതിയായ ഒരുവളായിരിക്കണം തന്റെ മകന് ഭാര്യയായി ലഭിക്കേണ്ടത് എന്ന ചിന്ത യിസ്ഹാക്കിന്റെ വിവാഹാലോചനയോടുള്ള ബന്ധത്തിൽ ദൈവഭക്തനായ അബ്രാഹാമിലുളവായത്.

ഭവനവും സമ്പത്തും പിതാക്കന്മാർ വച്ചേക്കുന്ന അവകാശം ബുദ്ധിയുള്ള ഭാര്യയോ യഹോവയുടെ ദാനം (സദൃ. 19:24)

ഭൗതികസമ്പത്ത് പിതാക്കന്മാർക്ക് സമ്പാദിച്ച് നൽകുവാൻ കഴിയുന്ന അവകാശമാണെങ്കിൽ ബുദ്ധിയുള്ള ഭാര്യ ദൈവത്തിന്റെ ദാനമാകുന്നു എന്നതിനാണ് തിരുവചനം വ്യക്തത നല്കുന്നത്. ഭർത്താവിനെ നിയന്ത്രിക്കുന്നതിൽ ഭാര്യയുടെ പങ്ക് വളരെ വലുതാണ്. ഭാര്യയുടെ ആലോചന ഭർത്താവിന്റെ മേൽ സ്വാധീനം ചെലുത്തുവാൻ കഴിവുള്ളതാണ്. അബ്രാഹാമിന്റെ ജീവിതത്തിന്റെ സങ്കീർണ്ണമായ സമയങ്ങളിൽ ബുദ്ധിമതിയായ സാറായുടെ അവസരോചിതമായ ഇടപെടൽ അബ്രാഹാമിന്റെ അനുഗ്രഹമായ വിശ്വാസജീവിതത്തിന് ഏറെ പ്രയോജനപ്രദമായിരുന്നു. അത് ജീവിതാനുഭവമായിരുന്ന അബ്രാഹാം സാറായെപ്പോലെ ബുദ്ധിമതിയായ ഒരു ഭാര്യയെ തന്റെ മകനുവേണ്ടി കണ്ടെത്തുവാൻ ദൈവീക ആലോചനപ്രകാരം ചെയ്തത് തന്റെ വിശ്വസ്ത ദാസനായ എല്യേസറിനെ ആ ദൗത്യം ഭരമേൽപിച്ചു എന്നതായിരുന്നു.

അബ്രാഹാം ചെന്നു പാർത്തിരുന്ന കനാൻ ദേശം നല്ലതും അനുഗ്രഹിക്കപ്പെട്ടതുമായിരുന്നുവെങ്കിലും അവിടുത്തെ നിവാസികൾ ദൈവഭയമില്ലാത്തവരായിരുന്നു. അബ്രാഹാമിന്റെ പിതൃഭവനത്തിലുള്ളവർക്ക് അവനു ലഭിച്ചതുപോലെയുള്ള ദൈവീക ദർശനം ലഭിച്ചിട്ടില്ലായിരുന്നുവെങ്കിലും അവർ ദൈവഭയമുള്ളവരായിരുന്നു. അതുകൊണ്ടാണ് തന്റെ പിതൃഭവനത്തിൽ നിന്ന് ഒരുവളെ യിസ്ഹാക്കിനു ഭാര്യയായി എടുക്കുവാൻ അബ്രാഹാം തീരുമാനിച്ചത്. സാമൂഹിക പശ്ചാത്തലത്തെ നന്നായി അപഗ്രഥിച്ചിരുന്ന അബ്രാഹാം ചിന്തിച്ചത് കനാൻ ദേശനിവാസികളിൽ നിന്ന് ഒരുവളെ യിസ്ഹാക്ക് വിവാഹം കഴിച്ചാൽ അതു രണ്ടുതരം മൃഗങ്ങളെ ഒരു നുകത്തിനു കീഴിൽ കെട്ടുന്നതിനോട് സമമായിരിക്കും എന്നായിരുന്നു. ഇതിൽ നിന്ന് വ്യക്തമാക്കപ്പെടുന്ന വസ്തുത വിവാഹജീവിതം രണ്ടു വ്യക്തികളെ ഒരു നുകത്തിൻകീഴിൽ കെട്ടുന്നതിനോട് സമാനമാകുന്നു എന്നാണ്. ഭർത്താവും ഭാര്യയും ജീവിതത്തിൽ ഒരേ ദർശനത്തിൽ മുന്നേറുന്നുവെങ്കിൽ മാത്രമേ അതു വിജയകരമായ കുടുംബജീവിത

മാകുകയുള്ളൂ. അങ്ങനെയല്ലെങ്കിൽ പ്രശ്നങ്ങൾ ഒഴിഞ്ഞ് സ്വൈരതയോടെ ജീവിതം നയിക്കുവാൻ സാധിക്കുകയില്ല. വിവാഹാനന്തരം ഭാര്യാഭർത്താക്കന്മാർ പൊതുവെ ഒട്ടുമിക്ക കാര്യങ്ങളിലും വിട്ടുവീഴ്ച മാനോഭാവത്തിലേക്ക് വരുന്നതുകൊണ്ടാണ് സമൂഹത്തിൽ കുടുംബജീവിതം ഒരുപരിധിവരെ വലിയ പ്രശ്നങ്ങൾ കൂടാതെ നിലനിന്നു പോകുന്നത്.

സ്വൈരതയും സമാധാനപൂർണ്ണവുമായ കുടുംബജീവിതത്തിനു വേണ്ടിയാണ് വിവാഹ ആലോചനയിൽ ഇരു കുടുംബങ്ങളുടെയും സമാനചിന്താഗതികൾക്ക് മുഖ്യസ്ഥാനം കൊടുക്കുന്നത്. അതിൽ ദൈവമക്കളായ മാതാപിതാക്കൾ അവരുടെ മക്കളുടെ വിവാഹാലോചനയിൽ പ്രഥമ സ്ഥാനം കൊടുക്കുന്നത് ആത്മീയകാര്യത്തിനാകുന്നു. അതെക്കുറിച്ച് പുതിയനിയമ അപ്പൊസ്തലനായ പൌലൊസ് വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

> നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്; നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച? വെളിച്ചത്തിന് ഇരുളോട് എന്തൊരു കൂട്ടായ്മ? ക്രിസ്തുവിനും ബെലിയാലിനും തമ്മിൽ എന്ത് പൊരുത്തം? അല്ല, വിശ്വാസിക്ക് അവിശ്വാസിയുമായി എന്ത് ഓഹരി? ദൈവാലയത്തിനു വിഗ്രഹങ്ങളോട് എന്ത് യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ (2 കൊരി. 6:14-16)

സർവ്വജ്ഞാനിയായ ദൈവം വിശ്വാസികളുടെ പിതാവായ അബ്രാഹാമിന് ഇതേക്കുറിച്ചുള്ള കാഴ്ചപ്പാട് കൊടുത്തിരുന്നതുകൊണ്ടാണ് അവൻ യിസ്ഹാക്കിനുവേണ്ടി ഒരു ഭാര്യയെ കനാൻ ദേശത്തുനിന്ന് എടുക്കാതിരുന്നത്. അവനു ലഭിച്ച ദൈവീക കാഴ്ചപ്പാടിനനുസൃതമായിട്ടുള്ള ആലോചനയിൽനിന്നുമാണ് തന്റെ പിതൃഭവനത്തിൽ നിന്ന് ഒരുവളെ യിസ്ഹാക്കിന് ഭാര്യയായി എടുക്കുവാനുള്ള തീരുമാനത്തിൽ അവൻ എത്തിച്ചേർന്നത്. അത് ദൈവഹിതപ്രകാരമായിരുന്നു എന്നതിന്റെ വ്യക്തതയാണ് യിസ്ഹാക്കിന്റെയും റിബെക്കായുടെയും വിവാഹത്തെയും കുടുംബജീവിതത്തെയും കുറിച്ച് ചിന്തിക്കുന്നതിൽനിന്നും നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുന്നത്.

കനാൻ ദേശത്തിൽ യിസ്ഹാക്കിന്റെ വിവാഹത്തെക്കുറിച്ച് ആലോചിക്കുവാൻ അബ്രാഹാം അല്ലാതെ അന്ന് അവന് മറ്റാരുമില്ലായിരുന്നു. എന്നാൽ വിശ്വാസകുടുംബങ്ങളിൽ മക്കൾക്ക് വിവാഹ

പ്രായമെത്തുമ്പോൾ കുടുംബാംഗങ്ങൾ എല്ലാവരും ഒരു മനസ്സോടെ ആലോചിച്ച് പ്രാർത്ഥനയോടെ തീരുമാനമെടുക്കുന്നതാണ് ഉചിതമായിട്ടുള്ളത്. വിശ്വാസജീവിതത്തിന് വിരുദ്ധമായി അവിശ്വാസിയുമായി ഒരുകാരണവശാലും വിവാഹബന്ധത്തിൽ ഏർപ്പെടുകയില്ല എന്നുള്ള ചിന്താഗതിക്ക് മാറ്റമില്ലാത്തതാകുന്നു. അതിന് പ്രാധാന്യത കൊടുത്തിട്ടുവേണം മറ്റുള്ള കാര്യങ്ങളിൽ എല്ലാവരും ചിന്തിച്ചു തീരുമാനം എടുക്കേണ്ടത്. വിവാഹാലോചന എന്നത് പുരുഷനും സ്ത്രീയും എന്ന രണ്ടു വ്യക്തിത്വങ്ങൾ ഒന്നായിത്തീരുന്നതിനെക്കുറിച്ചുള്ള സുപ്രധാന ആലോചനയായതുകൊണ്ട് അത് വളരെയധികം ഉത്തരവാദിത്വത്തോടുകൂടി വേണം നിർവ്വഹിക്കേണ്ടത്.

ദൈവം അബ്രാഹാമിനെ കനാൻദേശത്ത് ഉയർത്തി മഹാധനികനും പ്രശസ്തനും ആക്കിയിരുന്നു. അബ്രാഹാമിന്റെ അന്നത്തെ സാമൂഹിക നിലവാരം അനുസരിച്ച് ചിന്തിച്ചാൽ കനാൻ ദേശത്തുള്ള ഏറ്റവും ഉന്നതമായ കുടുംബത്തിൽനിന്ന് തന്റെ മകനുവേണ്ടി ഒരു ഭാര്യയെ അനായാസമായി അവന് എടുക്കാമായിരുന്നു. എന്നാൽ അവൻ അതിന് തുനിയാതിരുന്നത് അവനു ലഭിച്ചിരുന്ന ദൈവീകബോധത്തിൽനിന്നുമായിരുന്നു. അതുകൊണ്ടാണ് അവൻ മെസോപ്പൊത്താമ്യയിൽ നിന്ന് ഒരുവളെ കണ്ടെത്തിയത്.

അബ്രാഹാം കനാൻ ദേശത്ത് മാന്യനായിരുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാണ് സാറായുടെ ശവസംസ്കാരത്തിനോടുള്ള ബന്ധത്തിൽ അബ്രാഹാം അവിടുത്തുകാരോട് സ്ഥലം ചോദിച്ചപ്പോൾ അവർ അവനോട് വളരെ ഭൗവ്യതയോടെ പ്രതികരിച്ചതിൽ നിന്ന് വ്യക്തമാക്കപ്പെടുന്നത്.

> ഹിത്യർ അബ്രാഹാമിനോട്: യജമാനനേ, കേട്ടാലും: നീ ഞങ്ങളുടെ ഇടയിൽ ദൈവത്തിന്റെ ഒരു പ്രഭുവാകുന്നു (ഉല്പ. 26:6).

യജമാനനേ, നീ ഞങ്ങളുടെ ഇടയിൽ ദൈവത്തിന്റെ ഒരു പ്രഭുവാകുന്നു എന്ന് ഹിത്യർ അബ്രാഹാമിനോട് പറഞ്ഞതിൽനിന്ന് അവന് അവരുടെയിടയിൽ ഉണ്ടായിരുന്ന മാന്യപദവിയാണ് വ്യക്തമാക്കപ്പെടുന്നത്. അബ്രാഹാം ആരായിരുന്നുവെന്നും അവന്റെ പദവി എന്തായിരുന്നു എന്നതിനും ഇതിൽപരമായ ഒരു സാക്ഷ്യവും ആവശ്യമില്ല. അങ്ങിനെയെങ്കിൽ അവന്റെ പുത്രനായ യിസ്ഹാക്കിന് അവിടെ നിന്ന് ഉന്നതകുലജാതയായ ഒരു ഭാര്യയെ നിശ്ചയമായും ലഭിക്കുമായിരുന്നു. എന്നാൽ തലമുറയെക്കുറിച്ച് ഉത്തരവാദിത്വവും

ദൈവീകദർശനവും ഉണ്ടായിരുന്ന അബ്രാഹാം ഇണയല്ലാപ്പിണ കൂടിയില്ല. ദൈവീകദർശനം ലഭിച്ച അബ്രാഹാം താത്കാലികമായ ഭൗതീ കനന്മയെക്കാൾ നിത്യമായിട്ടുള്ള ആത്മീയനന്മയ്ക്കായിരുന്നു ജീവിതത്തിലെ എല്ലാ സന്ദർഭങ്ങളിലും മുൻതൂക്കം കൊടുത്തിരുന്നത്. അതിന് ഇതിൽപരം തെളിവ് നിരത്തേണ്ട ആവശ്യവുമില്ല. അതെക്കുറിച്ച് പുതിയനിയമത്തിൽ എബ്രായ ലേഖനകർത്താവ് സാക്ഷ്യ പ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാകുന്നു.

> വിസ്വാസത്താൽ അവൻ വാഗ്ദത്ത ദേശത്ത് ഒരു അന്യദേശത്ത് എന്ന പോലെ ചെന്ന് വാഗ്ദത്തത്തിനു കൂട്ടവകാശികളായ യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു (എബ്രാ. 11:9)

ഭൂമിയിൽ പരദേശവാസം ചെയ്യുന്ന ദൈവമക്കൾ ദൈവം ഒരുക്കിയിരിക്കുന്ന പിതൃദേശം അന്വേഷിച്ച് ആത്മീയജീവിതം നയിക്കുന്നവരാണ്. ദർശനം ലഭിച്ച ദൈവമക്കളുടെ യാത്ര ഉന്നതങ്ങളിലേക്കാകുന്നു. അതേക്കുറിച്ച് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് നീതിമാന്റെ ജീവയാത്ര മേലോട്ടാകുന്നു കീഴെയുള്ള പാതാളത്തെ അവൻ ഒഴിഞ്ഞുപോകുന്നു എന്നാണ്. വാഗ്ദത്തദേശത്ത് അന്യനെപ്പോലെയാണ് അബ്രാഹാം ജീവിച്ചത്. അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നീ മൂന്ന് തലമുറകൾ കൂടാരങ്ങളിലായിരുന്നു കനാൻ ദേശത്ത് പാർത്തിരുന്നത്. അബ്രാഹാം മരിക്കുന്നതിനു മുൻപ് അവൻ മക്കളുടെ മക്കളെയും കണ്ടിരുന്നു. യിസ്ഹാക്കിന്റെ വിവാഹശേഷം അബ്രാഹാം ഏകദേശം മുപ്പത്തിയഞ്ച് സംവത്സരമാണ് ഭൂമിയിൽ ജീവിച്ചിരുന്നത്. ദൈവത്തോടും കുടുംബത്തോടും സമൂഹത്തോടും ഉത്തരവാദിത്വപൂർണ്ണമായ ജീവിതം നയിച്ചവരായിരുന്നു പഴയനിയമ പിതാമഹന്മാർ. അതുകൊണ്ട് അബ്രാഹാം, യ്സ്ഹാക്ക്, യാക്കോബ് എന്നിവരുടെ ജീവിതം ഏതു കാലഘട്ടത്തിൽ ജീവിക്കുന്നവർക്കും അനുകരിക്കത്തക്കതാകുന്നു.

ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ സ്വർഗീയ യെരുശലേം എന്ന വിശുദ്ധനഗരത്തിന്റെ ഭാഗമായിത്തീരുമെന്നുള്ള ദർശനത്തിൽ ജീവിച്ചവരായിരുന്നു പഴയനിയമത്തിലെ ശ്രേഷ്ഠന്മാരായ വിശുദ്ധന്മാർ. അതുകൊണ്ട് അവർക്ക് ലഭിക്കേണ്ട വാഗ്ദത്തത്തിനായി അവർ ഉത്തരവാദിത്വപൂർണ്ണമായ ജീവിതമാണ് നയിച്ചിരുന്നത്. അവരുടെ പിൻതലമുറക്കാരും അവരെപ്പോലെ ജാതി

കളോട് ഇടകലരാതിരിക്കുവാനുള്ള ആലോചന അനുസരിച്ചവരായിരുന്നു. അബ്രാഹാം അതിന് മാതൃകകാണിച്ച് ദൈവഹിതപ്രകാരം യിസ്ഹാക്കിന്റെ വിവാഹം ദീർഘവീക്ഷണത്തോടെയാണ് നടത്തിയത്. അബ്രാഹാമിനുണ്ടായിരുന്ന ഉത്തരവാദിത്വമനോഭാവവും ദൈവാശ്രയവും ദീർഘവീക്ഷണവും മക്കളുടെ വിവാഹ ആലോചനയോടുള്ള ബന്ധത്തിൽ നമുക്കും ഉണ്ടായിരിക്കേണ്ടതാണ്. അബ്രാഹാം നടത്തിയ യിസ്ഹാക്കിന്റെ വിവാഹം പൊരുളായി നടത്തപ്പെടുവാനുള്ള സ്വർഗീയ വിവാഹത്തിന്റെ നിഴലായിരുന്നു. അപ്രകാരമെങ്കിൽ പിതാവാം ദൈവം തന്റെ പുത്രനാകുന്ന ക്രിസ്തുയേശുവിനുവേണ്ടി പരിശുദ്ധാത്മാവിനാൽ ഒരുക്കിയെടുക്കുന്ന മണവാട്ടിയെക്കുറിച്ച് സ്വർഗത്തിന് എത്രമാത്രം കരുതലുണ്ടായിരിക്കും എന്നത് ഈ അവസരത്തിൽ ചിന്തനീയമാകുന്നു.

ലോകസ്ഥാപനത്തിനു മുമ്പേ പിതാവാം ദൈവത്തിന്റെ തിരുഹിതത്തിലെ നിർണയമാണ് അവന്റെ പുത്രനായ കുഞ്ഞാടിന്റെ വിവാഹം. ആ സ്വർഗീയ ഉദ്ദേശത്തിന്റെ സഫലീകരണത്തിനായിട്ടാണ് ഭൂമിയും മനുഷ്യനും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. പുത്രനാം ദൈവത്തിന്റെ ജീവനിൽനിന്ന് ഒരുവളെ ഉരുവാക്കിയെടുത്ത് അവനോട് ഒന്നാക്കിചേർക്കുക എന്ന സ്വർഗീയ ദൗത്യത്തിന്റെ പടിപടിയായിട്ടുള്ള പൂർത്തീകരണപ്രക്രിയയാണ് മനുഷ്യോൽപത്തി മുതൽ ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്നത്. അത് സ്വർഗാധിസ്വർഗത്തിൽവച്ച് സമ്പൂർത്തീകരിക്കപ്പെടുന്നതുവരെ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം പിതാവാം ദൈവംതന്നെയാണ് ഏറ്റെടുത്ത് നിർവ്വഹിക്കുന്നത്. പുതിയനിയമത്തിന്റെ ആരംഭത്തിൽ കുഞ്ഞാടിന്റെ രക്തം കാൽവറിയിൽ ചീന്തിയത് മാനവരാശിയുടെ പാപപരിഹാരത്തിനു വേണ്ടിയായിരുന്നു. അപ്രകാരം ശുദ്ധീകരിക്കപ്പെടുന്ന ആഗോളസഭയിൽനിന്ന് തികവുപ്രാപിക്കുന്ന സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കുതന്നെ തേജസ്സോടെ ഒരുക്കിയെടുക്കുക എന്ന ദൗത്യമാണ് പരിശുദ്ധാത്മാവ് ഭൂമിയിൽ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിൽനിന്നും മണവാട്ടി ജനിച്ചത് മണവാളന്റെ പുണ്യാഹരക്തത്തിൽനിന്നുമാകുന്നു എന്നാണ് സ്പഷ്ടമാക്കപ്പെടുന്നത്. യിസ്ഹാക്കിനെ അബ്രാഹാം വിശ്വാസയാഗം അർപ്പിച്ചതിനു ശേഷം റിബെക്കാ ജനിച്ച വിവരം തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് നിഴലും കുഞ്ഞാടിന്റെ യാഗത്തിനു ശേഷം മണവാട്ടിസഭ അവനിൽനിന്ന് ഉരുവാക്കപ്പെട്ടു എന്നത് പൊരുളുമാകുന്നു.

കനാനിലെ ജാതികളിൽനിന്ന് ഒരുവളെ എടുക്കാതെ സ്വന്തത്തിൽനിന്ന് ഒരുവളെ തന്റെ പുത്രന്റെ ഭാര്യയായി അബ്രാഹാം എടുക്കുവാൻ ആലോചിച്ചപ്പോൾ ആ വിവാഹാലോചനയുടെ ഉത്തരവാദിത്വം അവൻ ഭരമേല്പിച്ചത് തന്റെ ദാസനായ ദമ്മേശെക്കുകാരൻ എല്യേസരിനെയായിരുന്നു.

**2. വിവാഹാലോചനയിൽ മധ്യസ്ഥനെ ചുമതലപ്പെടുത്തുന്നതിനോടുള്ള ബന്ധത്തിലെ കാഴ്ചപ്പാടുകൾ (ഉല്പ. 24:3–6)**

> ...എന്റെ ദേശത്തും എന്റെ ചാർച്ചക്കാരുടെ അടുക്കലും ചെന്ന് എന്റെ മകനായ യിസ്ഹാക്കിനു ഭാര്യയെ എടുക്കുമെന്ന് സ്വർഗത്തിനും ഭൂമിക്കും ദൈവമായ യഹോവയുടെ നാമത്തിൽ ഞാൻ നിന്നെക്കൊണ്ടു സത്യം ചെയ്യിക്കും. ദാസൻ അവനോട്: പക്ഷെ സ്ത്രീക്ക് എന്നോടുകൂടെ ഈ ദേശത്തേക്കു വരുവാൻ മനസ്സില്ലെങ്കിലോ? നീ വിട്ടുപോന്ന ദേശത്തേക്ക് ഞാൻ നിന്റെ മകനെ മടക്കിക്കൊണ്ടു പോകണമോ എന്നു ചോദിച്ചു. അബ്രാഹാം അവനോട് പറഞ്ഞത്: എന്റെ മകനെ അവിടേക്ക് മടക്കിക്കൊണ്ടു പോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾക,... (ഉല്പ. 24:3-6).

സ്വന്തകുടുംബത്തെക്കുറിച്ച് ഉത്തരവാദിത്വബോധമുണ്ടായിരുന്ന അബ്രാഹാം ദൈവഭയമുള്ള ഒരുവളെ തന്റെ പുത്രന് ഭാര്യയായി എടുക്കുവാൻ തീരുമാനിച്ചപ്പോൾ അവന്റെ മനസ്സ് യാത്രചെയ്തത് അവന്റെ പിതൃകുടുംബത്തിലേക്കായിരുന്നു. റിബെക്കാ ജനിച്ച വിവരം വ്യക്തമായി അറിഞ്ഞിരുന്ന അബ്രാഹാമിന് അവളാണ് തന്റെ മകന്റെ ഭാര്യഎന്ന് വ്യക്തമായ ബോധ്യം ദൈവാത്മാവ് കൊടുത്തിരുന്നു. തക്കസമയത്ത് അവന്റെ മനസ്സിലുദിച്ച ആഗ്രഹം നിറവേറപ്പെടുവാനുള്ള ആലോചനയാണ് അവൻ തന്റെ വിശ്വസ്ത കാര്യസ്ഥനായ എല്യേസറിനെ ഭരമേൽപിച്ചത്.

പരസ്പരം തമ്മിൽ അറിയാവുന്ന രണ്ടു കുടുംബങ്ങളാണെങ്കിൽ കഴിവതും വിവാഹാലോചന നേരിട്ട് നടത്താതിരിക്കുന്നതാണ് അഭികാമ്യം. അതുകൊണ്ട് വിവാഹാലോചനയിൽ മധ്യസ്ഥനായി ഒരുവൻ ഉണ്ടെങ്കിൽ അവന് ഇരുകുടുംബങ്ങൾക്കും മധ്യത്തിൽ കാര്യങ്ങൾ വളരെ വ്യക്തമായി അവതരിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും എന്നതാണ് അതിന്റെ മികവ്. അതുമാത്രമല്ല ഏതെങ്കിലും കാരണവശാൽ മധ്യസ്ഥൻ മുഖാന്തരം ആലോചിച്ചിട്ട് വിവാഹം നടക്കാതെവന്നാൽ അതുനിമിത്തം അവർതമ്മിലുള്ള സ്നേഹബന്ധത്തിന് ഉലച്ചിൽ തട്ടുകയുമില്ല. എന്നാൽ നേരിട്ട് അലോചിച്ചിട്ട്

വിവാഹം നടക്കാതെ വന്നൽ അത് അവർ തമ്മിലുള്ള സ്നേഹബന്ധത്തിന് വലിയ ആഘാതമായിരിക്കും സൃഷ്ടിക്കുക. അപ്രകാരം സംഭവിക്കാതിരിക്കുവാനാണ് മധ്യസ്ഥനായ ഒരുവനെ ഇത്തരം സന്ദർഭത്തിൽ വിവാഹാലോചന ചുമതലപ്പെടുത്തുന്നത് അഭികാമ്യം എന്ന് ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്.

ദൈവകൃപയും പരിജ്ഞാനവുമുണ്ടായിരുന്ന അബ്രാഹം അതുകൊണ്ടാണ് നേരിട്ട് യിസ്ഹാക്കിന്റെ വിവാഹാലോചനയിൽ ഇടപെടാതെ എല്യേസറെ അതിന് നിയോഗിച്ചയച്ചത്. അന്ന് അബ്രാഹാം അവലംബിച്ച രീതിയാണ് പിൽക്കാലത്ത് അനേകർ പിൻതുടരുന്നത്. അതിൽനിന്ന് വ്യത്യസ്ഥമായി ഇന്നത്തെ ആധുനികലോകത്തിൽ വിവാഹാലോചനയുടെ മധ്യസ്ഥന്റെ സ്ഥാനം ഏറ്റെടുത്ത് ആ ദൗത്യം നിർവ്വഹിക്കുന്നതിൽ നവമാധ്യമങ്ങൾക്കുള്ള പങ്ക് നിർണ്ണായകമാകുന്നു. അതുമാത്രമല്ല വരന്റെയും വധുവിന്റെയും കുടുംബപശ്ചാത്തലങ്ങൾ അന്വേഷിച്ച് കണ്ടുപിടിച്ചു തരുന്ന രഹസ്യാന്വേഷണ സ്ഥാപനങ്ങളും വിവാഹാലോചനയിൽ ഇപ്പോൾ സജീവമാണ്. അത് ഏതു വിധത്തിലായാലും നന്നായി വിവരങ്ങൾ അന്വേഷിച്ച് അറിഞ്ഞിട്ടു മാത്രമേ വിവാഹബന്ധത്തിൽ ഏർപ്പെടാവൂ എന്നാണ് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുവാനുള്ളത്.

അബ്രാഹാം പറഞ്ഞയച്ച മധ്യസ്ഥൻ വിശ്വസ്തനായിരുന്നു. അതുകൊണ്ടാണ് അവൻ വിവാഹാലോചനയിൽ സംഭവിക്കാവുന്ന വരുംവരായ്കകൾ അവൻ വിവാഹാലോചനയ്ക്കായി പുറപ്പെടുന്നതിനു മുൻപ് തന്റെ യജമാനനെ അറിയിച്ചത്. അവന് അബ്രാഹാമിന്റെ കുടുംബപശ്ചാത്തലവും യിസ്ഹാക്കിനെയും നന്നായി അറിയാമായിരുന്നു. ഇനി കാര്യങ്ങൾ വേണ്ടതുപോലെ അറിയാത്ത ഒരു വ്യക്തിയാണ് വിവാഹാലോചനയുടെ മധ്യസ്ഥനെങ്കിൽ കാര്യങ്ങൾ സത്യസന്ധമായി മധ്യസ്ഥനെ അറിയിക്കേണ്ട ചുമതല വിവാഹാലോചന ഭരമേൽപിക്കുന്ന ആളിന്റെ ഉത്തരവാദിത്വമാണ്. അതുപോലെ വിവാഹാലോചനയുടെ ദൗത്യം ഏറ്റെടുക്കുന്ന മധ്യസ്ഥനും എല്യേസറിനെപ്പോലെ ഉത്തരവാദിത്വമുള്ളവനായി കാര്യങ്ങൾ ചോദിച്ചറിയേണ്ടതും പരമപ്രധാനമാകുന്നു.

വിവാഹാലോചനയിൽ ഇരു കുടുംബങ്ങളെയും സംബന്ധിച്ചുള്ള വ്യക്തമായ വിവരശേഖരണം അനിവാര്യമായതാണ്. ഉന്നതമായ ജോലിയിൽ ഒരാളെ പ്രവേശിപ്പിക്കണമെങ്കിൽ സ്വഭാവവും പശ്ചാത്തലങ്ങളും അധികാരികൾ അന്വേഷിച്ച് ബോധ്യപ്പെട്ടതിനു ശേഷമേ

അതിൽ നിയോഗിക്കുകയുള്ളു; അങ്ങിനെയെങ്കിൽ വിവാഹം എന്ന സുപ്രധാന വിഷയത്തിന്റെ ആലോചനയിൽ കാര്യങ്ങൾ അന്വേഷിച്ച് നിജസ്ഥിതി കണ്ടെത്തുന്നതിന്റെ ആവശ്യകത എത്രമാത്രമെന്നത് ഊഹിക്കാവുന്നതേയുള്ളൂ. മധ്യസ്ഥനെ ഒരു വീട്ടിലേക്ക് വിവാഹാലോചനയോടുള്ള ബന്ധത്തിൽ പറഞ്ഞയക്കുന്നതിനു മുമ്പ് ആ കുടുംബവുമായി വിവാഹബന്ധത്തിലേർപ്പെടാമെന്നുള്ള ഏകദേശ കാഴ്ചപ്പാട് ഉണ്ടെങ്കിൽ മാത്രമേ അപ്രകാരം ചെയ്യാവൂ. യിസ്ഹാക്കിന്റെ വിവാഹാലോചനയിൽ അബ്രാഹാം സകല ചുമതലകളും തന്റെ ദാസനെ ഭരമേൽപിച്ചാണ് അയച്ചത്. അവിടെ ചെല്ലുമ്പോൾ അവരുടെ ആചാരപ്രകാരം ചെയ്യേണ്ടതും കൊടുക്കേണ്ടതുമായ സകല കാര്യങ്ങളും അബ്രാഹാം തന്റെ ദാസനെ വ്യക്തമായി പറഞ്ഞ് ധരിപ്പിച്ചിരുന്നു. സർവ്വശക്തനായ ദൈവത്തിൽ ഉത്തമമായ വിശ്വാസം യിസ്ഹാക്കിന്റെ പിതാവായ അബ്രാഹാമിന് ഉണ്ടായിരുന്നതുകൊണ്ട് വിവാഹംനടക്കുമെന്നുള്ള ശുഭാപ്തിവിശ്വാസത്തെടെയാണ് അബ്രാഹാം തന്റെ ദാസനെ പദ്ദൻ-അരാമിലേക്ക് പറഞ്ഞയച്ചത്. ദൈവം സകലവും നന്നായി ചെയ്യുമെന്നുള്ള കാഴ്ചപ്പാട് അബ്രാഹാമിനും യിസ്ഹാക്കിനും ഉണ്ടായിരുന്നു. അതുകൊണ്ടാണ് യിസ്ഹാക്കും റിബെക്കയും തമ്മിൽ നേരിൽ കാണാതെതന്നെ അവളെ യിസ്ഹാക്കിന്റെ ഭാര്യയായി എടുക്കുവാനും അവളെ കനാൻ ദേശത്തേക്ക് കൊണ്ടുവരാനുമുള്ള പൂർണ്ണ അധികാരം അബ്രാഹാം എല്യേസറിന് നല്കിയത്. അന്ന് അബ്രാഹാം ചെയ്തതുപോലെ ഇന്നും വിവാഹാലോചനയിൽ ഉത്തമനും വിശ്വസ്തനുമായ ഒരാളെ വിവാഹാലോചന ഭരമേല്പിക്കുന്നത് നമുക്ക് മാതൃകയാക്കാവുന്നതാണ്. അബ്രാഹാം മധ്യസ്ഥനെ സകലകാര്യങ്ങളും ഭരമേൽപിച്ചയച്ചത് ദൈവീകവാഗ്ദത്തങ്ങളിൽ അവനുണ്ടായിരുന്ന കാഴ്ചപ്പാട് നിമിത്തമായിരുന്നു.

### 3. വിവാഹാലോചനയിൽ ദൈവീക വാഗ്ദത്തങ്ങളോടുള്ള ബന്ധത്തിലെ കാഴ്ചപ്പാടുകൾ (ഉല്പ. 24:7)

എന്റെ പിതൃഭവനത്തിൽനിന്നും ജന്മദേശത്തുനിന്നും എന്നെ കൊണ്ടുവന്നവനും എന്നോട് അരുളിച്ചെയ്തവനും നിന്റെ സന്തതിക്ക് ഞാൻ ഈ ദേശം കൊടുക്കുമെന്ന് എന്നോടു സത്യം ചെയ്തവനുമായി സ്വർഗത്തിന്റെ ദൈവമായ യഹോവ എന്റെ മകനു നീ ഒരു ഭാര്യയെ അവിടെനിന്ന് കൊണ്ടുവരുവാൻ തക്കവണ്ണം നിനക്കു മുമ്പായി തന്റെ ദൂതനെ അയയ്ക്കും (ഉല്പ. 24:7).

ദൈവത്തിൽനിന്ന് ലഭിച്ച വാഗ്ദത്തങ്ങളിന്മേലുള്ള അബ്രാഹാമിന്റെ ഉത്തമ വിശ്വാസമാണ് അവന്റെ വാക്കുകളിൽ പ്രതിഫലിച്ചിരിക്കുന്നത്. അതിൽ അവന്റെ ഭൂത, വർത്തമാന, ഭാവികാലമെല്ലാമാണ് ഉള്ളടങ്ങിയിരിക്കുന്നത്. അബ്രാഹാം എല്യേസറിനെ ദൈവത്തിന്റെ വാഗ്ദത്തം ഓർമ്മിപ്പിച്ച് ധൈര്യം പകർന്നാണ് ഹാരാനിലേക്ക് അയച്ചത്. അബ്രാഹാം തന്റെ ദാസനോട് പറഞ്ഞത് ദൈവം തന്റെ ദൂതനെ അവനു മുമ്പായി അയയ്ക്കുമെന്നായിരുന്നു. ദൈവമക്കളായ എല്ലാവർക്കും അബ്രാഹാമിനുണ്ടായിരുന്ന അതേ വിശ്വാസമാണ് തലമുറകളോടുള്ള ബന്ധത്തിൽ ഉണ്ടായിരിക്കേണ്ടത്. അത് ദൈവം നമ്മുടെ തലമുറകൾക്കുവേണ്ടി ശ്രേഷ്ഠമായ കുടുംബജീവിതത്തിന് ആവശ്യമായതൊക്കെയും കരുതുമെന്നും അതെല്ലാം അതിന്റേതായ സമയത്ത് ദൈവത്താൽ ഭംഗിയായി നടത്തപ്പെടുമെന്നുള്ള വിശ്വാസമാണ്.

ദൈവത്തിങ്കലുള്ള ഉത്തമവിശ്വാസത്തോടെയാണ് അബ്രാഹാം യിസ്ഹാക്കിന്റെ വിവാഹാലോചനയുടെ കാര്യം തന്റെ ദാസനെ ഭരമേല്പിച്ചത്. അന്ന് എല്യേസർ ആയിരുന്നുവെങ്കിൽ ഇന്ന് വ്യക്തികൾ, മാധ്യമങ്ങൾ അങ്ങനെ ഏതെങ്കിലും മാർഗ്ഗത്തിലൂടെ ദൈവഹിതപ്രകാരമുള്ള കുടുംബത്തിലേക്കുള്ള വഴി കാണിക്കണമേ എന്ന് ദൈവത്തോട് പ്രാർത്ഥിക്കുകയാണ് നാം ചെയ്യേണ്ടത്. അന്ന് അബ്രാഹാമിനുവേണ്ടി ദൈവം തന്റെ ദൂതനെ അയച്ചതുപോലെ നമുക്കുവേണ്ടിയും ദൈവം തന്റെ സ്വന്തദൂതനെ അയയ്ക്കുകതന്നെ ചെയ്യും. ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് ഒരു പുരുഷനോ സ്ത്രീക്കോ വേണ്ടി ദൈവം അവർക്കായി ഒരുക്കിയിരിക്കുന്ന തക്ക തുണയെ കണ്ടെത്തുവാനുള്ള ശരിയായ വഴി കാണിച്ചുകൊടുക്കുന്നത് ഇരുവരെയും സൃഷ്ടിച്ച ദൈവമാകുന്നു എന്നതാണ്. അത് വ്യക്തമാക്കപ്പെടേണ്ടതിനുള്ള പ്രാർത്ഥനയും വിശ്വാസവുമാണ് വിവാഹാലോചനയോടുള്ള ബന്ധത്തിൽ നമുക്ക് ഓരോരുത്തർക്കും ഉണ്ടായിരിക്കേണ്ടത്. അബ്രാഹാമിന് യിസ്ഹാക്കിന്റെ വിവാഹാലോചനയോടുള്ള ബന്ധത്തിൽ സർവ്വശക്തനായ ദൈവം ഉത്തമമായത് കരുതുമെന്നുള്ള വിശ്വാസത്തിന്റേതായ ദീർഘവീക്ഷണമുണ്ടായിരുന്നു. അബ്രാഹാമിനുണ്ടായിരുന്ന അതേ വിശ്വാസമാണ് തലമുറകളുടെ വിവാഹാലോചനയോടുള്ള ബന്ധത്തിൽ ദൈവമക്കൾക്ക് ഉണ്ടായിരിക്കേണ്ടത്. ഇനി ഏതെങ്കിലും കാരണവശാൽ അതിന് തടസ്സങ്ങൾ ഉണ്ടാകുകയും വിവാഹം നടക്കാതിരുന്നാൽപോലും വിശ്വാസമൂല്യ

ത്തിൽനിന്ന് ഒരുനാളും വ്യതിചലിക്കുകയില്ല എന്ന ദൃഢനിശ്ചയം അബ്രാഹാമിന്റെ വാക്കുകളിൽ ഉണ്ടായിരുന്നു.

**4. വിവാഹാലോചനയിൽ വിശ്വാസമൂല്യങ്ങളോടുള്ള ബന്ധത്തിലെ കാഴ്ചപ്പാടുകൾ (ഉല്പ. 24:8–9)**

> എന്നാൽ സ്ത്രീക്കു നിന്നോടുകൂടെ വരുവാൻ മനസ്സില്ലെങ്കിൽ നീ ഈ സത്യത്തിൽ നിന്നു ഒഴിഞ്ഞിരിക്കും; എന്റെ മകനെ അവിടേക്കു മടക്കി ക്കൊണ്ടുപോകുകമാത്രം അരുത്. അപ്പോൾ ദാസൻ തന്റെ യജമാനനായ അബ്രാഹാമിന്റെ തുടയിൽകീഴിൽ കൈവച്ച് അങ്ങനെ അവനോടു സത്യം ചെയ്തു (ഉല്പ. 24:8-9).

യിസ്ഹാക്കിന്റെ വിവാഹാലോചനയിൽ ദൈവത്തിൽ ഉത്തമ വിശ്വാസമുണ്ടായിരുന്ന അബ്രാഹാം മകന്റെ വിവാഹത്തേക്കാൾ വിശ്വാസമൂല്യത്തിനാണ് പ്രാധാന്യത കൊടുത്തിരുന്നത് എന്നാണ് ഈ വാക്യങ്ങളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നത്. യിസ്ഹാക്കിന്റെ വിവാഹത്തിന്റെ മധ്യസ്ഥനായി നിയോഗിക്കപ്പെട്ട ദമ്മേശെക്കുകാര നായ എല്യേസർ അബ്രാഹാമിനോട് സംശയം ഉന്നയിച്ചത് രണ്ടു കാര്യങ്ങളെക്കുറിച്ചായിരുന്നു.

* എല്യേസർ അവിടെ ചെന്ന് യിസ്ഹാക്കിന്റെ വിവാഹാലോചന അറിയിക്കുമ്പോൾ വധുവാകേണ്ടവൾ അതിനു താത്പര്യപ്പെ ടാതെ അവനോടുകൂടെ വരുന്നില്ലായെങ്കിൽ എന്തു ചെയ്യേണം?
* അബ്രാഹാമിന്റെ ഏകജാതനായ പുത്രൻ യിസ്ഹാക്കിനെ അബ്രാ ഹാം വിട്ടുപോന്ന ദേശത്തേക്ക് മടക്കി കൊണ്ടുപോകണമോ?

അതിന് ദീർഘദർശിയായിരുന്ന അബ്രാഹാം ആവർത്തിച്ച് തന്റെ ദാസനോട് പറഞ്ഞത് തന്റെ മകനെ ഒരുനാളും ഒരു കാരണവശാലും അവിടേക്ക് മടക്കിക്കൊണ്ടു പോകരുത് എന്നായിരുന്നു. ദൈവീക ദർശനത്തിൽ നിന്ന് അബ്രാഹാം അണുവിട വ്യതിചലിക്കുവാൻ ഒരു കാരണവശാലും തയ്യാറല്ലായിരുന്നു എന്നാണ് ഇത് വ്യക്തമാക്കു ന്നത്. അതുപോലെ റിബെക്കാ അവളുടെ ദേശത്തുനിന്നും വാഗ്ദ ത്തഭൂമിയായ കനാൻ ദേശത്തേക്ക് വരുകയല്ലാതെ യിസ്ഹാക്ക് ഒരു നാളും മെസോപ്പൊത്താമ്യയിലേക്ക് പോകുകയില്ലാ എന്ന ധ്വനിയും അബ്രാഹാമിന്റെ വാക്കുകളിൽ അന്തർലീനമായിരുന്നു. അബ്രാഹാം ഇപ്രകാരമുള്ള ഉറച്ച തീരുമാനം എടുത്തതിൽനിന്ന് വ്യക്തമാക്കപ്പെ ടുന്നത് അവന്റെ വിശ്വാസസ്ഥിരതയാണ്. ഇതിൽനിന്നും സാഹ ചര്യങ്ങൾ അനുകൂലമായാലും പ്രതികൂലമായാലും തിരുവചനപ്രകാ

രമുള്ള വിശ്വാസമൂല്യത്തിൽനിന്ന് ഒരു കാരണവശാലും ദൈവജനം വ്യതിചലിക്കരുതെന്നുള്ള സന്ദേശമാണ് അബ്രാഹാമിന്റെ ജീവിതത്തിൽനിന്ന് നമുക്ക് ലഭ്യമാകുന്നത്.

അബ്രാഹാമിന്റെ ദാസനായ എല്യേസർ കാര്യങ്ങൾ വ്യക്തമായി ഗ്രഹിച്ചതിനു ശേഷമാണ് അബ്രാഹാം വിട്ടുപോന്ന ദേശത്തേക്ക് യാത്രപുറപ്പെട്ടത്. ദൈവീക മൂല്യങ്ങൾ കാത്തു സൂക്ഷിച്ചിരുന്ന ദൈവത്തിന്റെ സ്നേഹിതനായ അബ്രാഹാമിന്റെ പുത്രൻ യിസ്ഹാക്കിന്റെ വിവാഹാലോചനയും തുടർകാര്യങ്ങളും എല്ലാം വളരെ ഭംഗിയായി പൂർത്തീകരിച്ചുവെന്നും റിബെക്കായെ എല്യേസർ കനാൻ ദേശത്തിലേക്ക് കൂട്ടിക്കൊണ്ടുവന്നു എന്നുമാണ് തുടർ വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതിന്റെ വിശദീകരണം തുടർഭാഗങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് നാം ചിന്തിക്കുന്നത് ദൈവഹിതപ്രകാരം നടന്ന യിസ്ഹാക്കിന്റെ വിവാഹത്തിനു ശേഷം അവരുടെ ദാമ്പത്യജീവിതത്തിൽ അബ്രാഹാം അകാരണമായി ഇടപെട്ടില്ലായെന്നുള്ളതിനെക്കുറിച്ചാകുന്നു.

### 5. വിവാഹാനന്തരം ദാമ്പത്യജീവിതത്തിലേക്കു പ്രവേശിക്കുന്ന നവദമ്പതിമാരോടുള്ള ബന്ധത്തിലെ കാഴ്ചപ്പാടുകൾ (ഉല്പ. 25:1–5)

> അബ്രാഹാം വേറൊരു ഭാര്യയെ പരിഗ്രഹിച്ചു; അവൾക്കു കെതൂറാ എന്നു പേർ അവൾ... എന്നാൽ അബ്രാഹാം തനിക്കുള്ളതൊക്കെയും യിസ്ഹാക്കിനു കൊടുത്തു (ഉല്പ. 25:1-5).

യിസ്ഹാക്കിന്റെ വിവാഹശേഷം അവരുടെ കുടുംബജീവിതത്തിൽ അബ്രാഹാം അകാരണമായി ഇടപെട്ടില്ല എന്നതിന്റെ തെളിവാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിരുവചനഭാഗം വ്യക്തമാക്കുന്നത്. പക്വത പ്രാപിച്ച് വിവാഹജീവിതത്തിലേക്ക് പ്രവേശിച്ച യിസ്ഹാക്കിന്റെയും റിബെക്കായുടെയും ദാമ്പത്യജീവിതത്തിൽ അബ്രാഹാം ഇടപെട്ടിരുന്നില്ല. അവൻ അവർക്ക് പൂർണ്ണസ്വാതന്ത്ര്യമാണ് നൽകിയിരുന്നത്. എന്നാൽ അതിനു വിപരീതമായി അനാവശ്യമായ ഇടപെടലുകൾ അബ്രാഹാമിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരുന്നുവെങ്കിൽ യിസ്ഹാക്കിന്റെ കുടുംബജീവിതം വേഗത്തിൽ താളം തെറ്റുമായിരുന്നു. അത് അങ്ങനെ സംഭവിക്കാതിരുന്നത് അബ്രാഹാമിന് ദൈവീകപരിജ്ഞാനം ഉണ്ടായിരുന്നതുകൊണ്ടാണ്. സ്വന്തദേശവും നാടും വീടും എല്ലാം വിട്ട് കനാൻ ദേശത്തേക്ക് വന്ന റിബെക്കായെ അബ്രാഹാം കരുതിയത് **സ്വന്തം മകളെപ്പോലെ** ആയിരുന്നു. അതുകൊണ്ട് അവളുടെ മനസ്സിനെ തളർത്തുന്ന യാ

തൊരു സാഹചര്യവും അബ്രാഹാമിന്റെ കുടുംബത്തിൽ ഉണ്ടായില്ല. അബ്രാഹാം അവനുള്ളതെല്ലാം യിസ്ഹാക്കിന് കൊടുത്തു. ഇതിൽ നിന്ന് വ്യക്തമാക്കപ്പെടുന്നത് യിസ്ഹാക്കിനു ലഭിച്ച കുടുംബജീവിതത്തിന്റെ സ്വാതന്ത്ര്യത്തെയാകുന്നു. ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും അവർ ഇരുവരും ഒരുദേഹമായിത്തീരും എന്ന ദൈവത്തിന്റെ ആലോചനയുടെ ആഴം അറിഞ്ഞ വ്യക്തിയായിരുന്നു അബ്രാഹാം. അതുകൊണ്ടാണ് അവൻ അവർക്ക് അവരുടെ കുടുംബജീവിതത്തിന് പൂർണ്ണസ്വാതന്ത്ര്യം കൊടുത്തത്.

അബ്രാഹാമിന് ലഭിച്ചിരുന്ന ദൈവീകദർശനവും അവനുള്ളതൊക്കെയും അവൻ കൈമാറിയത് അവന്റെ ഭാര്യ സാറാ പ്രസവിച്ച വാഗ്ദത്തസന്തതിയും ഏകജാതനുമായ യിസ്ഹാക്കിനായിരുന്നു. യിസ്ഹാക്ക് ദൈവാനുസരണമുള്ളവനായി കുടുംബജീവിതം ആരംഭിച്ചതോടെ അബ്രാഹാമിൽ നിക്ഷിപ്തമായിരുന്ന സകല ഉത്തരവാദിത്തങ്ങളും അവൻ തന്റെ മകനെ ഭരമേല്പിച്ചു. അവൻ അത് പൂർത്തീകരിക്കുമെന്നുള്ള ഉത്തമവിശ്വാസം അബ്രാഹാമിനുണ്ടായിരുന്നു. അതിൽ സംതൃപ്തനായിത്തീർന്ന അബ്രാഹാമിനെ ദൈവം പിന്നീട് നടത്തിയത് വ്യക്തിപരമായി അവന്റെ ജീവിതത്തിൽ പൂർത്തീകരിക്കപ്പെടുവാനുണ്ടായിരുന്ന ദൈവീക ആലോചനയുടെ അടുത്ത ഘട്ടത്തിലേക്കായിരുന്നു. അത് അവൻ ബഹുജാതികൾക്ക് പിതാവാകും എന്ന വഗ്ദത്തമായിരുന്നു. അതിന്റെ നിവർത്തീകരണത്തിനായിട്ടാണ് ദൈവഹിതത്താൽ അബ്രാഹാം കെതൂറാ എന്ന മറ്റൊരു സ്ത്രീയെ ഭാര്യയായി എടുത്തത്.

സാറാ മരിക്കുന്നതുവരെ അബ്രാഹാം മറ്റൊരു വിവാഹം കഴിച്ചിരുന്നില്ല. എന്നാൽ സാറായുടെ മരണശേഷം കെതൂറായെ അബ്രാഹാം വിവാഹം കഴിച്ചതുകൊണ്ടാണ് അവളെ അവന്റെ ഭാര്യയായി തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സാറായുടെ ദാസി എന്നാണ് ഹാഗാർ എന്ന മിസ്രയീമ്യ ദാസിയെക്കുറിച്ച് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അബ്രാഹാമിന്റെ മകനായ യിശ്മായേലിനെ പ്രസവിച്ച ഹാഗാറിനെ അബ്രാഹാമിന്റെ ഭാര്യ എന്ന് തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അബ്രാഹാമിന് എട്ടു മക്കൾ ഉണ്ടായിരുന്നുവെങ്കിലും അവരിൽ രണ്ടു പുത്രന്മാരെക്കുറിച്ച് മാത്രമാണ് പുതിയനിയമത്തിൽ പരാമർശിച്ചിരിക്കുന്നത്. അവർ ദാസിയായ ഹാഗാറിന്റെ മകൻ യിശ്മായേലും സ്വതന്ത്രയായ സാറായുടെ മകൻ യിസ്ഹാക്കും ആകുന്നു.

> അബ്രാഹാമിനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു; ഒരുവൻ ദാസി പ്രസവിച്ചവൻ, ഒരുവൻ സ്വതന്ത്ര പ്രസവിച്ചവൻ എന്ന് എഴുതിയിരിക്കുന്നു വല്ലോ. ദാസിയുടെ മകൻ ജഡപ്രകാരവും സ്വതന്ത്ര്യയുടെ മകനോ വാഗ്ദത്തത്താലും ജനിച്ചിരുന്നു (ഗലാ. 4:22-23)

പഴയനിയമത്തിലെ രേഖപ്രകാരം ഇവർ രണ്ടുപേർ മാത്രമല്ല; സാറാ മരിച്ചശേഷം അബ്രാഹം ഭാര്യയായി എടുത്ത കെതൂറാ പ്രസവിച്ച ആറു മക്കളും അവന്റെ മക്കളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. കെതൂറായുടെ മക്കളായ സിമ്രാൻ, യൊക്ശാൻ, മെദാൻ, മിദ്യാൻ, യിശ്ബാക്, ശൂവഹ് എന്നിവരുടെ പേരുകൾ പുതിയനിയമ രേഖകളിൽ പ്രസ്താവിച്ചിട്ടില്ല. അതിന്റെ കാരണം പുതിയനിയമകാലത്ത് നീതിമാന്മാരുടെ തലമുറകളിൽ രണ്ടു ഗണങ്ങളിൾ ഉൾപ്പെടുന്നവർ മാത്രമാണുള്ളത്. അതിൽ ഒന്നാമത്തെ തലമുറ സുവിശേഷത്തിൽ വിശ്വസിച്ച് ഏതു ജാതിയിൽനിന്നും വേർതിരിയപ്പെട്ട് പുതിയനിയമ സഭയോടു ചേരുന്നവരാകുന്നു. അവരിൽ ഭൂമിയിലെ സകല ജാതികളിൽനിന്നും ഉള്ളവർ ഉൾപ്പെടുന്നു. രണ്ടാമത്തെ തലമുറ പഴയ നിയമത്തിലെ വാഗ്ദത്തസന്തതിയായ യിസ്രായേലാകുന്നു. ഇവരൊഴികെ ഭൂമിയിലെ സകല മനുഷ്യരും സൃഷ്ടിതാവായ ദൈവവുമായി ശരിയായിട്ടുള്ള ബന്ധമില്ലാത്തവരാകുന്നു. പഴയനിയമത്തിലെ വാഗ്ദത്ത സന്തതി യിസ്രായേലും ദാസിയുടെ മകൻ യിശ്മായേലും ആകുന്നുവെങ്കിൽ പുതിയനിയമത്തിലെ വാഗ്ദത്തസന്തതി പുതിയനിയമ സഭയും ദാസിയുടെ മകൻ ഇപ്പോഴത്തെ യിസ്രായേലുമാകുന്നു.

അബ്രാഹാമിന്റെ കുടുംബജീവിതത്തെ അടിമുടി വിശകലനം ചെയ്യുന്നതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത് താഴെപ്പറയുന്ന കാര്യങ്ങളാകുന്നു.

* കുടുംബജീവിതം സന്തോഷത്തോടെ നയിച്ചവനായിരുന്നു
* ഉത്തരവാദിത്വങ്ങൾ എല്ലാം ഭംഗിയായി പൂർത്തീകരിച്ചവനായിരുന്നു
* ദൈവവചനത്തിനനുസരിച്ച് ജീവിതം നയിച്ചവനായിരുന്നു
* ദൈവീകവാഗ്ദത്തങ്ങളിൽ അടിയുറച്ച വിശ്വാസമുള്ളവനായിരുന്നു
* മക്കളുടെ കുടുംബജീവിതത്തിൽ അകാരണമായി ഇടപെട്ടിരുന്നില്ല
* ദീർഘവീക്ഷണത്തോടെ ജീവിച്ച് വിശ്വാസത്തിൽ മരിച്ചവനായിരുന്നു

ദൈവഹിതപ്രകാരം ജീവിച്ച അബ്രാഹാം യിസ്ഹാക്കിന്റെ വിവാഹശേഷം അവരുടെ കുടുംബജീവിതത്തിൽ അകാരണമായി ഇടപെടാതിരുന്നതുകൊണ്ട് യിസ്ഹാക്കിന് സ്വതന്ത്രവും സംതൃപ്തവുമായ കുടുംബജീവിതം നയിക്കുവാൻ തടസ്സങ്ങളൊന്നും ഉണ്ടായിരുന്നില്ല. അതുപോലെ ഈ കാലഘട്ടത്തിലും മാതാപിതാക്കൾ മക്കളുടെ കുടുംബജീവിതത്തിൽ അകാരണമായി ഇടപെടാതെ അബ്രാഹാമിന്റെ മാതൃക അനുകരിക്കേണ്ടതാകുന്നു. ഇതിനു വിരുദ്ധമായി ആരെങ്കിലും പ്രവർത്തിച്ചാൽ വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്ന നവദമ്പതിമാരുടെ കുടുംബജീവിതത്തെ ദോഷകരമായി ബാധിക്കും. അത് സംഭവിക്കാതിരിക്കാൻ മാതാപിതാക്കളും മറ്റുള്ളവരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു. വിവാഹാലോചനയിലും വിവാഹാനന്തരവും വരന്റെ ഗൃഹത്തിലുള്ളവർക്ക് ഉണ്ടായിരിക്കേണ്ട കാഴ്ചപ്പാടുകളെക്കുറിച്ചാണ് ഇതുവരെ നാം ചിന്തിച്ചത്. തുടർന്ന് നാം ചിന്തിക്കുന്നത് വിവാഹാലോചനയിൽ മധ്യസ്ഥത വഹിക്കുന്ന വ്യക്തിയുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചാകുന്നു.

## ii. വിവാഹ ആലോചനയിൽ മധ്യസ്ഥത വഹിക്കുന്ന വ്യക്തിക്ക് ഉണ്ടായിരിക്കേണ്ട സവിശേഷമായ ഉത്തരവാദിത്വങ്ങൾ

വിവാഹാലോചനയിൽ മധ്യസ്ഥന് പ്രധാനമായും ഉണ്ടായിരിക്കേണ്ടത് സവിശേഷമായ അഞ്ച് ഉത്തരവാദിത്വങ്ങളാണ്. അവ ഓരോന്നും അവയുടെ വിശദീകരണവുമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

1. വിവരങ്ങൾ കൃത്യമായി ശേഖരിക്കേണം (ഉല്പ. 24:25)
2. സത്യസന്ധതയോടും ബുദ്ധിയോടും പ്രവർത്തിക്കേണം (ഉല്പ. 24:10-11)
3. സ്വന്തവിവേകത്തിൽ ആശ്രയിക്കരുത് (ഉല്പ. 24:12-15)
4. വിവരങ്ങൾ വ്യക്തമായി അവതരിപ്പിക്കേണം (ഉല്പ. 24:33-49)
5. വിവാഹം കഴിയുന്നതുവരെ ആത്മാർത്ഥമായി സഹകരിക്കേണം (ഉല്പ. 24:66-67)

### 1. വിവരങ്ങൾ കൃത്യമായി ശേഖരിക്കേണം

> ദാസൻ അവനോട്: പക്ഷേ സ്ത്രീക്ക് എന്നോടുകൂടെ ഈ ദേശത്തേക്ക് വരുവാൻ മനസ്സില്ലെങ്കിലോ? നീ വിട്ടുപോന്ന ദേശത്തേക്ക് ഞാൻ നിന്റെ മകനെ മടക്കിക്കൊണ്ടുപോകേണമോ എന്നു ചോദിച്ചു (ഉല്പ. 24:25).

യിസ്ഹാക്കിന്റെ വിവാഹാലോചനയുടെ മധ്യസ്ഥനായി വർത്തിച്ചത് അബ്രാഹാമിന്റെ വീട്ടിൽ ജനിച്ചുവളർന്ന ദാസനായ എല്യേസർ ആയിരുന്നതുകൊണ്ട് അവന് വരന്റെ കുടുംബ പശ്ചാത്തലത്തെക്കുറിച്ച് നന്നായി അറിയാമായിരുന്നു. എന്നാൽ എല്ലാ വിവാഹാലോചനയിലെയും സ്ഥിതി അങ്ങനെയാകണമെന്നില്ല. അതുകൊണ്ട് വിവാഹാലോചനയോടുള്ള ബന്ധത്തിലെ കാര്യങ്ങൾ വ്യക്തമായി ചോദിച്ചറിയുക എന്നത് അനിവാര്യമാണ്. ഇന്ന് വ്യക്തികളെക്കാൾ നവമാധ്യമങ്ങളും മറ്റുമാണ് മധ്യസ്ഥന്റെ ചുമതല നിർവ്വഹിക്കുന്നത്. അതിനാൽ പരസ്യത്തിലൂടെയോ മറ്റുള്ളവർ പറഞ്ഞോ ലഭിക്കുന്ന അറിവുകളിൽ മാത്രം അന്വേഷണം പരിമിതപ്പെടുത്താതെ വിവാഹാലോചന സംബന്ധമായ വിവരങ്ങൾ അന്വേഷിച്ച് അറിയേണ്ടത് അത്യന്താപേക്ഷിതമാകുന്നു. അതിനാൽ വിവാഹം ആലോചിക്കുന്ന സ്ഥലത്ത് വിശ്വാസ്യയോഗ്യരായ ആരെങ്കിലുമുണ്ടെങ്കിൽ അവരുടെ സഹായം തേടുന്നത് ഇത്തരം സന്ദർഭങ്ങളിൽ പ്രയോജനപ്രദമായിരിക്കും.

മധ്യസ്ഥന്റെ ചുമതല ഒരു വ്യക്തിയാണ് നിർവ്വഹിക്കുന്നതെങ്കിൽ നിശ്ചയമായും വിവാഹാലോചനയിൽ ഏർപ്പെടുന്നതിനു മുമ്പ് മധ്യസ്ഥന് വരനെയും വധുവിനെയും കുറിച്ചുള്ള വ്യക്തമായ അറിവ് ഉണ്ടായിരിക്കണം. അവരുടെ കുടുംബം, സഭാജീവിതം, തൊഴിൽ, സാമ്പത്തികം എന്നിവയെക്കുറിച്ചെല്ലാം ഉത്തമമായ ബോദ്ധ്യമുണ്ടായിരിക്കണം എന്നു സാരം. എല്യേസറിന് അബ്രാഹാമിന്റെ കുടുംബം അവന്റെ കുടുംബമായിരുന്നുവെങ്കിൽപ്പോലും അവൻ അറിയേണ്ടിയിരുന്ന കാര്യങ്ങളുടെ വ്യക്തത വരുത്തിയാണ് അവിടെനിന്നും പുറപ്പെട്ടത്.

ഇതിൽനിന്ന് വിവാഹാലോചനയിൽ ഇരുകുടുംബങ്ങൾക്കും മധ്യേ പ്രവർത്തിക്കുന്ന ആൾ എന്ന നിലയിൽ മധ്യസ്ഥൻ കാര്യപ്രാപ്തിയുള്ളവനും കാര്യങ്ങളെ വ്യക്തമായി അപഗ്രഥിച്ച് ഉചിതമായ തീരുമാനത്തിൽ ഇരുകുടുംബങ്ങളും എത്തിച്ചേരുന്നതിൽ മുഖ്യപങ്ക് വഹിക്കേണ്ട വ്യക്തിയുമാകുന്നു എന്നാണ് വ്യക്തമാക്കപ്പെടുന്നത്.

**2. സത്യസന്ധതയോടും ബുദ്ധിയോടും പ്രവർത്തിക്കേണം (ഉല്പ. 24:10–11)**

അനന്തരം ആ ദാസൻ തന്റെ യജമാനന്റെ ഒട്ടകങ്ങളിൽ പത്ത് ഒട്ടകങ്ങളെയും യജമാനനുള്ള വിവിധമായ വിശേഷ വസ്തുക്കളെയും കൊണ്ട് മെസോപ്പൊത്താമ്യയിൽ നാഹോരിന്റെ പട്ടണത്തിൽ ചെന്നു. വൈകുന്നേരം

സ്ത്രീകൾ വെള്ളം കോരുവാൻ വരുന്ന സമയത്ത് അവൻ ഒട്ടകങ്ങളെ പട്ടണത്തിനു പുറത്ത് ഒരു കിണറ്റിനരികെ നിറുത്തി പറഞ്ഞതെന്തെന്നാൽ: (ഉല്പ. 24:10-11).

അബ്രാഹാമിന്റെ ദാസൻ എല്യേസർ സത്യസന്ധനായിരുന്നു. അതുകൊണ്ടാണ് അവന്റെ കുടുംബത്തിനൊക്കെയും കാര്യസ്ഥനായവനെ തന്നെ അബ്രാഹാം വളരെ പ്രധാനപ്പെട്ട ദൗത്യം ഭരമേല്പിച്ചത്. അവൻ അതിൽ തെല്ലും കാലതാമസം വരുത്താതെ ആ ദേശത്തേക്ക് പുറപ്പെടുകയാണ് ചെയ്തത്. അവൻ അവിടെ ചെല്ലുമ്പോൾ വിവാഹസംബന്ധമായി അവിടെ ചെയ്യേണ്ട സകല കാര്യങ്ങളും അബ്രാഹാം അവനെ ധരിപ്പിച്ചിരുന്നു. അതിനനുസരിച്ചുള്ള സകല വിധ സന്നാഹങ്ങളോടുമായിരുന്നു അവന്റെ യാത്ര. ദൈവകൃപയുണ്ടായിരുന്ന അബ്രാഹാമിന്റെ കുടുംബത്തിലെ വിവാഹാലോചന ഏറ്റെടുത്ത എല്യേസറിന് അതൊരു ബുദ്ധിമുട്ടുള്ള വിഷയം ആയിരുന്നില്ല. അതിന്റെ കാരണം ദൈവത്തിന്റെ ദൂതനാണ് സകല കാര്യങ്ങളും നിയന്ത്രിച്ച് അവനെ കൃത്യമായ പട്ടണത്തിലേക്ക് വഴിനടത്തിയത്. അതുപോലെ അവിടെ എത്തിയതിനു ശേഷവും സകലകാര്യങ്ങളും നിർവ്വഹിച്ച് കനാൻ ദേശത്ത് റിബെക്കായോടൊപ്പം അവർ സുഖത്തോടെ മടങ്ങി എത്തുന്നതുവരെ ദൈവം അയച്ച ദുതൻ അവരെ വിട്ടുപിരിഞ്ഞില്ല. ഇതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത് യിസ്ഹാക്കിന്റെ വിവാഹം ഭംഗിയായി നടന്നതിന്റെ പിമ്പിൽ പ്രവർത്തിച്ചത് സ്വർഗമായിരുന്നു എന്നുള്ളതാകുന്നു.

അബ്രാഹാമിന്റെ ദാസന് പരിശീലനം ലഭിച്ചത് ദൈവഭക്തനായ അബ്രാഹാമിൽനിന്നും ആയിരുന്നതുകൊണ്ട് സങ്കീർണ്ണമായ കാര്യങ്ങളിൽ എങ്ങനെ സമചിത്തതയോടെ പ്രവർത്തിക്കണമെന്ന് അവന് നന്നായി അറിയാമായിരുന്നു. അതുകൊണ്ടാണ് നാഹോരിന്റെ പട്ടണത്തിൽ എത്തിച്ചേർന്ന എല്യേസർ നാഹോരിന്റെ വീട് കണ്ടുപിടിക്കുന്ന കാര്യത്തിൽ ബുദ്ധിയോടെ പ്രവർത്തിച്ചത്. അന്നത്തെ കാലങ്ങളിൽ വെള്ളം കോരുവാൻ ആ ദേശത്തെ പൊതുകിണറിനരികെ സ്ത്രീകൾ വൈകുന്നേരങ്ങളിൽ ഒത്തുകൂടുക പതിവായിരുന്നു. അത് അവന് അറിയാമായിരുന്നതുകൊണ്ടാണ് അവൻ ഒട്ടകങ്ങളുമായി കിണറിനരികെ നിലയുറപ്പിച്ചത്.

എല്യേസർ എന്ന മധ്യസ്ഥൻ അത്യുത്സാഹിയും ദൈവീകാലോചനയെ അനുസരിക്കുന്നവനും കാര്യങ്ങളെ സത്യസന്ധതയോടും ബുദ്ധിയോടും കൂടെ നടത്തുന്നവനുമായിരുന്നു. അവൻ അവിടെ

എത്തിച്ചേർന്നുവെങ്കിലും തിടുക്കംകൂട്ടുകയോ സ്വന്തവിവേകത്തിൽ ഊന്നുകയോ ചെയ്യാതെ കിണറിനരികെ നിന്നുകൊണ്ട് അബ്രാഹാം ചെയ്തിരുന്നതുപോലെ ദൈവത്തോട് പ്രാർത്ഥിക്കുകയാണ് ചെയ്തത്.

### 3. സ്വന്തവിവേകത്തിൽ ആശ്രയിക്കരുത് (ഉല്പ. 24:12–15)

> എന്റെ യജമാനനായ അബ്രാഹാമിന്റെ ദൈവമായ യഹോവേ, എന്റെ യജമാനനായ അബ്രാഹാമിനോട് കൃപചെയ്ത് ഇന്നുതന്നെ കാര്യം സാധിപ്പിച്ചു തരേണമേ. ഇതാ, ഞാൻ കിണറ്റിനരികെ നില്ക്കുന്നു; ഈ പട്ടണക്കാരുടെ കന്യകന്മാർ വെള്ളം കോരുവാൻ വരുന്നു. നിന്റെ പാത്രം ഇറക്കി എനിക്ക് വെള്ളം കുടിപ്പാൻ തരേണം എന്നു ഞാൻ പറയുമ്പോൾ: കുടിക്ക; നിന്റെ ഒട്ടകങ്ങൾക്കും കുടിപ്പാൻ കൊടുക്കാമെന്നു പറയുന്ന സ്ത്രീ തന്നെ നീ നിന്റെ ദാസനായ യിസ്ഹാക്കിന് നിയമിച്ചവളായിരിക്കട്ടെ; നീ എന്റെ യജമാനനോട് കൃപ ചെയ്തു എന്നു ഞാൻ അതിനാൽ ഗ്രഹിക്കും. അവൻ പറഞ്ഞുതീരും മുമ്പേ അബ്രാഹാമിന്റെ സഹോദരനായ നാഹോരിന്റെ ഭാര്യ മിൽക്കയുടെ മകൻ ബെഥൂവേലിന്റെ മകൾ റിബെക്കാ തോളിൽ പാത്രവുമായി വന്നു (ഉല്പ. 24:12-15).

അബ്രാഹാമിൽ നിന്ന് കണ്ടുപഠിച്ചതുകൊണ്ടാണ് എല്യേസർ സകലവും നന്നായി ചെയ്യുന്ന ദൈവത്തിൽ ആശ്രയിച്ച് ഇപ്രകാരം പ്രാർത്ഥിച്ചത്. അവിടെ എത്തിച്ചേർന്നതിനുശേഷം അവനു വേണമെങ്കിൽ സ്വന്തവിവേകത്തിൽ ആശ്രയിച്ച് നാഹോരിന്റെ ഭവനം കണ്ടുപിടിക്കാമായിരുന്നു. എന്നാൽ അവൻ അതിനു തുനിയാതെ ദൈവത്തിൽ ആശ്രയിച്ച് പ്രാർത്ഥിച്ച് കിണറിനരികെ ദൈവത്തിന്റെ തിരുഹിതത്തിനായി കാത്തുനില്ക്കുകയാണ് ചെയ്തത്. അതിന്റെ കാരണം ദൂരയാത്രയിൽ ദൈവസാന്നിധ്യം വ്യക്തമായി അനുഭവിച്ചറിഞ്ഞ അവനിലെ ദൈവാശ്രയബോധം വർദ്ധിച്ചിരുന്നു. അതുകൊണ്ട് അവന് നന്നായി അറിയാമായിരുന്നു അവൻ അവിടെ അലഞ്ഞു തിരിയുവാൻ ദൈവം സമ്മതിക്കാതെ അവൻ അവിടെ ചെന്നകാര്യം അന്നുതന്നെ സാധിപ്പിച്ചു കൊടുക്കുമെന്നുള്ളത്.

ദൈവപ്രേരണയാലാണ് റിബെക്കാ അപ്പോൾത്തന്നെ എല്യേസർ നില്ക്കുന്ന കിണറിനരികിൽ എത്തിയത്. അബ്രാഹാമിന്റെ ദാസൻ ദൈവത്തോട് അടയാളം ചോദിച്ച നിമിഷത്തിൽത്തന്നെ വീട്ടിലായിരുന്ന റിബെക്കായുടെ ഉള്ളിൽ ദൈവം പ്രേരണകൊടുത്ത് അവളെ അവന്റെ അടുക്കൽ എത്തിക്കുകയാണ് ചെയ്തത്. അപരിചിതനായ

ഒരുവനെ കണ്ട റിബെക്കാ ഭയപ്പെട്ടുപോകാതെ അവനോട് ആതിത്ഥ്യമര്യാദയോടെയാണ് പെരുമാറിയത്. ബുദ്ധിമതിയായ റിബെക്കാ എല്യേസ്യറിനെയും കൂടെയുള്ളവരെയും പത്ത് ഒട്ടകങ്ങളെയും മറ്റു സന്നാഹവുമെല്ലാം കണ്ടപ്പോൾത്തന്നെ ഗ്രഹിച്ച കാര്യം അവളുടെ മുമ്പിൽ നില്കുന്ന വ്യക്തി സാധാരണക്കാരൻ അല്ല എന്നുള്ളതായിരുന്നു. ആ ചിന്ത അവളുടെ വിവേകത്തിൽനിന്ന് ഉദിച്ചതായിരുന്നു. അതുപോലെ അവളോടുള്ള എല്യേസറിന്റെ സമീപനവും തികച്ചും ആദരപൂർവ്വമായിരുന്നു.

അബ്രാഹാമിന്റെ സഹോദരനായ നാഹോരിന് മിൽക്കയിൽ ജനിച്ച ബെഥൂവേലിന്റെ മകളായിരുന്നു റിബെക്കാ. അവൾ കാഴ്ചയിൽത്തന്നെ ആകർഷണതയുള്ളവളായിരുന്നു. അവളെ കണ്ടപ്പോൾത്തന്നെ എല്യേസറിന്റെ മനസ്സിൽ അവളാണ് തന്റെ യജമാനന്റെ മകനുവേണ്ടി ദൈവത്താൽ ഒരുക്കപ്പെട്ട പെൺകുട്ടി എന്നുള്ള ചിന്ത ഉടലെടുത്തിരുന്നു. റിബെക്കാ അവരെ കണ്ടിട്ട് യാതൊരു ഭാവവ്യത്യാസവും കാണിക്കാതെ കിണറ്റിൽ ഇറങ്ങി വെള്ളം നിറച്ച് അവൾ വന്ന കാര്യം ചെയ്ത് വീട്ടിലേക്ക് മടങ്ങി പോകുവാൻ ഒരുങ്ങിയ സന്ദർഭത്തിലാണ് എല്യേസർ അവളോട് സംസാരിച്ചത്.

കിണറ്റിൽ ഇറങ്ങി വെള്ളം കുടത്തിൽ കോരി കയറിവന്ന റിബെക്കായോട് അബ്രാഹാമിന്റെ ദാസൻ മുന്നമേ പ്രാർത്ഥിച്ച് മനസ്സിൽ കരുതിയിരുന്ന ചോദ്യമാണ് ചോദിച്ചത്. അത് നിന്റെ പാത്രത്തിലെ കുറേ വെള്ളം കുടിപ്പാൻ തരണമേ എന്നായിരുന്നു. അവൾ ഉടനെ പാത്രം തോളിൽ നിന്നിറക്കി യജമാനനേ, കുടിക്ക എന്നു പറഞ്ഞ് അവനു വെള്ളം കുടിപ്പാൻ കൊടുത്തു. അതുമാത്രമല്ല അപ്പോൾ അവൾ ദൈവാത്മപ്രേരണയാൽ അവനോടു പറഞ്ഞത് ദാസൻ യഹോവയോടു ചോദിച്ച അടയാളപ്രകാരമുള്ള കാര്യമായിരുന്നു.

> അവനു കുടിപ്പാൻ കൊടുത്തശേഷം: നിന്റെ ഒട്ടകങ്ങൾക്കും വേണ്ടുവോളം ഞാൻ കോരി കൊടുക്കാം എന്നു പറഞ്ഞു, പാത്രത്തിലെ വെള്ളം വേഗം തൊട്ടിയിൽ ഒഴിച്ചു; പിന്നെയും കോരിക്കൊണ്ടുവരുവാൻ കിണറ്റിലേക്ക് ഓടി ഇറങ്ങി അവന്റെ ഒട്ടകങ്ങൾക്കും എല്ലാം കോരിക്കൊടുത്തു (ഉല്പ.24:19).

യിസ്ഹാക്കിന്റെ വിവാഹത്തിലെ ദൈവഹിതം തിരിച്ചറിഞ്ഞ അബ്രാഹാമിന്റെ ദാസൻ അവളെ ഉറ്റുനോക്കി. അവൾക്ക് പൊൻമൂക്കുത്തിയും രണ്ട് പൊൻവളകളും കൊടുത്തു എന്നിട്ട് കാര്യങ്ങൾ

ചോദിച്ചറിഞ്ഞു. വിവരങ്ങൾ ശേഖരിക്കുന്നതിലുള്ള എല്യേസറിന്റെ കഴിവാണ് ഇവിടെയും വെളിപ്പെട്ടത്. അവൻ അവളോടു ചോദിച്ചത് നീ ആരുടെ മകൾ എന്നും നിന്റെ അപ്പന്റെ വീട്ടിൽ ഞങ്ങൾക്ക് രാപാർപ്പാൻ സ്ഥലം ഉണ്ടോ എന്നുമായിരുന്നു. അവന്റെ ചോദ്യ ങ്ങൾക്ക് സന്ദേഹം കൂടാതെയുള്ള മറുപടിയാണ് അവൾ പറഞ്ഞത്. ബുദ്ധിമാനായ എല്യേസറിന്റെ ചോദ്യത്തിൽ എല്ലാം അടങ്ങിയി രുന്നു. അത് നീ ആരുടെ മകളെന്നും നിന്റെ അപ്പന്റെ വീട്ടിൽ ഞങ്ങൾക്ക് രാപ്പാർപ്പാൻ സ്ഥലം ഉണ്ടോ എന്ന് അവൻ ചോദിച്ചതിൽ നിന്ന് അവൾ വിവാഹം കഴിഞ്ഞിട്ടില്ലാത്ത കന്യകയാണ് എന്ന് അവൻ ഉറപ്പിക്കുകയായിരുന്നു. രണ്ടാമത്തെ ചോദ്യത്തിൽ അവൻ ലക്ഷ്യം വെച്ചത് അവളുടെ വീടിന്റെ സാമ്പത്തിക പശ്ചാത്തലം അറിയുക എന്നതായിരുന്നു. അവനെയും അവനോടുകൂടെയുള്ള വരെയും പത്ത് ഒട്ടകങ്ങളെയും അങ്ങനെ വലിയ ഒരു അതിഥി സം ഘത്തെ യാതൊരു മുന്നറിയിപ്പും കൂടാതെ പെട്ടെന്ന് ഒരു വീട്ടിലേക്ക് അതിഥികളായി സ്വീകരിക്കണമെങ്കിൽ അവളുടെ കുടുംബം ആതി ഥ്യമര്യാദയുള്ള സമ്പന്നകുടുംബമായിരിക്കും എന്ന് അവന് നിശ്ച യമുണ്ടായിരുന്നു. ബുദ്ധിസഹജമായ അവന്റെ രണ്ടു ചോദ്യങ്ങൾ ക്കുമുള്ള വ്യക്തവും സത്യസന്ധവുമായ അവളുടെ മറുപടിയിൽ അടങ്ങിയിരുന്നത് പ്രധാനമായും മൂന്ന് വസ്തുതകളായിരുന്നു.

* അവൾ ആരുടെ മകൾ എന്ന ചോദ്യത്തിന് അവൾ പറഞ്ഞ മറുപടി നാഹോരിന് മിൽക്ക പ്രസവിച്ച മകനായ ബെഥൂവേലിന്റെ മകളാകുന്നു എന്നായിരുന്നു. അവളുടെ മറുപടിയിൽ ബെഥൂവേ ലിന്റെ മകൾ എന്നു മാത്രം പറയാതെ അവളുടെ പിതൃഭവനത്തെ വ്യക്തമായി അവനു വെളിപ്പെടുത്തിക്കൊടുക്കുകയാണ് അവൾ ചെയ്തത്.

* പത്ത് ഒട്ടകങ്ങൾക്ക് വെള്ളം കോരി കൊടുത്ത സമർത്ഥയായ റിബെക്കാ അവളുടെ വീട്ടിൽ വൈക്കോലും തീനും വേണ്ടുവോള മുണ്ട് എന്നു പറഞ്ഞതിൽനിന്ന് സമൃദ്ധിയുള്ളതും മൃഗസമ്പത്ത് ധാരാളം ഉള്ളതുമായ വീടാകുന്നു എന്ന ധ്വനിയാണ് അവളുടെ മറുപടിയിൽ ഉണ്ടായിരുന്നത്.
* ഒട്ടകങ്ങൾക്കു മാത്രമല്ല എല്യേസറിനെയും അവനോടുകൂടെയു ള്ളവരെയും ഉൾക്കൊള്ളുവാൻ തക്കവണ്ണം വിശാലമായ വീടും സൗകര്യവും ഉണ്ടെന്ന് അവൾ അവനെ ധരിപ്പിച്ചു.

അവളുടെ വിവേകപൂർണ്ണമായ മറുപടി കേട്ട അബ്രാഹാമിന്റെ ദാസൻ അത്ഭുതപ്പെട്ടുപോയി. അതിശയകരമായി പ്രവർത്തിക്കുന്ന ദൈവം തന്റെ യജമാനനായ യിസ്ഹാക്കിന് വേണ്ടി ഒരുക്കിയ പെൺകുട്ടിയെയും അവളുടെ കുടുംബപശ്ചാത്തലത്തെയും കുറിച്ച് കേട്ടപ്പോൾ കുനിഞ്ഞ് യഹോവയെ നമസ്കരിച്ചു. അബ്രാഹാമും കുടുംബവും ചെയ്തതുപോലെ അവൻ സകല മഹത്വവും യഹോവയ്ക്ക് അർപ്പിച്ചു. ഇതിൽനിന്നും അവൻ സ്വന്തവിവേകത്തിൽ ഊന്നാതെ കാര്യം ദൈവത്തിലാണ് ഭരമേല്പിച്ചതെന്നും അതുകൊണ്ട് ദൈവത്തിന്റെ ദൂതൻ അവനെ നേർവഴിക്ക് നയിച്ചു എന്നതുമാണ് ഇവിടെ വ്യക്തമാക്കപ്പെടുന്നത്.

വിവാഹാലോചനയിൽ എല്യേസർ സ്വന്തവിവേകത്തിൽ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിച്ചതുപോലെയുള്ള സമീപനമാണ് വിവാഹാലോചനയിൽ മധ്യസ്ഥത വഹിക്കുന്ന ഏതൊരാൾക്കും ഉണ്ടായിരിക്കേണ്ടത്. ദൈവത്തിൽ ആശ്രയിക്കാതെ സ്വന്ത വിവേകത്തിലാണ് കാര്യങ്ങൾ ആലോചിക്കുന്നതെങ്കിൽ അത് ദൈവമക്കളെ സംബന്ധിച്ചിടത്തോളം അമ്പേ പരാജയമായിരിക്കും എന്നാണ് ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുവാനുള്ളത്.

### 4. വിവരങ്ങൾ വ്യക്തമായി അവതരിപ്പിക്കേണം (ഉല്പ. 24:33–49)

ഇരു കുടുംബങ്ങളെക്കുറിച്ചും വ്യക്തമായ ധാരണയുണ്ടായിരുന്ന എല്യേസർ യിസ്ഹാക്കിന്റെ വിവാഹാലോചന റിബെക്കായുടെ ഭവനത്തിൽ വളരെ വ്യക്തമായിട്ടാണ് അവതരിപ്പിച്ചത്. അതിന്റെ വിശകലനത്തിൽ നിന്ന് നമുക്ക് ലഭിക്കുന്നത് വിവാഹാലോചന എങ്ങനെ ദൈവഹിതപ്രകാരം അവതരിപ്പിക്കണം എന്നതാകുന്നു. എല്യേസർ വിവാഹാലോചന വധൂഗൃഹത്തിൽ അവതരിപ്പിച്ചതിന്റെ വിശദാംശങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

* എല്യേസർ വന്ന കാര്യത്തിനാണ് അവൻ മുഖ്യ സ്ഥാനം കൊടുത്തത്. അതുകൊണ്ടാണ് അവൻ വന്ന കാര്യം അറിയിക്കും മുമ്പേ ഭക്ഷണം കഴിക്കയില്ല എന്ന് റിബെക്കായുടെ ഭവനത്തിൽ അറിയിച്ചത്.

* എല്യേസർ ആദ്യം അവനെത്തന്നെ പരിചയപ്പെടുത്തി പറഞ്ഞത് അവൻ മഹാനായിത്തീർന്ന അബ്രാഹാമിന്റെ ദാസനാകുന്നു എന്നായിരുന്നു. മധ്യസ്ഥനെ പരിചയമില്ലാത്തവർ ഉണ്ടെങ്കിൽ കാര്യം പറയുന്നതിനു മുന്നമെ അവൻ തന്നെത്താൻ അവർക്ക്

പരിചയപ്പെടുത്തിക്കൊടുക്കേണ്ടതാണ്.

* അബ്രാഹാമിനെ പരിചയപ്പെടുത്തുന്നതിനു മുമ്പ് അവനെ അനുഗ്രഹിച്ച് മഹാനാക്കിത്തീർത്ത ദൈവത്തെയാണ് എല്യേസർ അവിടെ ഉയർത്തിയത്. ഏതുകാര്യത്തിലും ദൈവത്തിനായിരിക്കേണം പ്രഥമസ്ഥാനം നല്കേണ്ടത്.
* മധ്യസ്ഥനായ എല്യേസർ വധുവിന്റെ വീട്ടിൽ വരന്റെ കുടുംബം ദൈവാനുഗ്രഹമുള്ളതാണെന്ന് വെളിപ്പെടുത്തിയതിനുശേഷം അവരുടെ സാമ്പത്തിക സ്ഥിതിയെയാണ് അവതരിപ്പിച്ചത്. അതറിയുവാനുള്ള ആഗ്രഹം വധുവിന്റെ ഗൃഹത്തിലുള്ളവർക്ക് ഉണ്ടായിരിക്കുമെന്നതിനാൽ വളച്ചു കെട്ടില്ലാതെ സാമ്പത്തിക സ്ഥിതി വ്യക്തമായി അവതരിപ്പിക്കണം.
* അബ്രാഹാമിന് മറ്റു മക്കൾ ഉണ്ടെങ്കിലും അവനുള്ളതെല്ലാം യിസ്ഹാക്കിനാകുന്നു എന്ന് തുറന്നു പറഞ്ഞത് അബ്രാഹാമിന്റെ യഥാർത്ഥ അവകാശി യിസ്ഹാക്ക് മാത്രമാകുന്നു എന്ന് വ്യക്തമാക്കുന്നതിനു വേണ്ടിയായിരുന്നു.
* അബ്രാഹാം വിട്ടുപോന്ന ദേശത്തുനിന്ന് അവന്റെ മകന് വിവാഹം ആലോചിക്കുന്നത് കനാൻ ദേശത്ത് അവന് കന്യകയെ കിട്ടാത്തതുകൊണ്ടല്ലായെന്നും; അവിടുത്തെ കന്യകന്മാരിൽനിന്ന് ഒരുവളെ എടുക്കരുത് എന്ന ദൈവീക ആലോചന ഉള്ളതുകൊണ്ടുമാകുന്നു എന്നാണ് അവൻ അവരെ അറിയിച്ചത്. ഏതു ഭവനത്തിലാണോ വിവാഹാലോചനയുമായി ചെല്ലുന്നത് അവിടെ നിന്നും വിവാഹം ആലോചിക്കുന്നതിന്റെ ആവശ്യകത എന്തെന്ന് അവരെ ബോധ്യപ്പെടുത്തണം.
* വിവാഹം നടക്കാതിരിക്കുവാനുള്ള എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ അത് മറച്ചുവയ്ക്കാതെ അറിയിക്കേണം എന്നും, എന്നാൽ ഇത് ദൈവഹിതത്താലുള്ള വിവാഹാലോചനയാകുന്നു എന്നും അവർക്ക് താത്പര്യമെങ്കിൽ സ്വീകരിക്കേണം എന്നുമാണ് അവൻ അവരെ അറിയിച്ചത്.
* എല്യേസർ റിബെക്കായെ കണ്ട സന്ദർഭം അവിടെ വ്യക്തമായി വിശദീകരിച്ചു. അതിൽനിന്നും അവൾ യിസ്ഹാക്കിനുവേണ്ടി ദൈവം തിരഞ്ഞെടുത്തവളാകുന്നു എന്ന വ്യക്തമായ അവന്റെ അഭിപ്രായമാണ് അവരെ അറിയിച്ചത്. അതിനുശേഷം വീണ്ടും അവൻ ഇനി വിവാഹം നടത്തണമോ വേണ്ടയോ എന്ന തീരു

മാനം എടുക്കുവാനുള്ള സ്വാതന്ത്ര്യം റിബെക്കയുടെ ഭവനത്തിലുള്ളവർക്കാണ് എന്ന് അവരെ വ്യക്തമായി ബോദ്ധ്യപ്പെടുത്തുകയും ചെയ്തു.

* എല്യേസർ കാര്യങ്ങൾ സത്യസന്ധമായി അറിയിച്ചത് റിബെക്കായുടെ സഹോദരനായ ലാബാനും അവളുടെ പിതാവായ ബെഥൂവേലിനും നന്നായി ബോധ്യപ്പെട്ടു. അവർ ഇരുവരും ഐക്യതയോടെ തീരുമാനത്തിലെത്തിയത് ഇത് യഹോവയാൽ വരുന്നതായതുകൊണ്ട് ഗുണമോ ദോഷമോ പറയുവാൻ അവർക്ക് കഴിവില്ല എന്നായിരുന്നു. റിബെക്കായുടെ വിവാഹാലോചന ദൈവീകമായതുകൊണ്ട് അവർക്ക് പൂർണ്ണസമ്മതമാകുന്നു എന്നാണ് അവർ അവനെ അറിയിച്ചത്.

* റിബെക്കായുടെ അപ്പനും സഹോദരനും അവളെ യിസ്ഹാക്കിനു വിവാഹം ചെയ്തു കൊടുക്കുന്നതിൽ യാതൊരു അഭിപ്രായവ്യത്യാസവും ഇല്ലായെന്ന് വളരെ വ്യക്തമായി അറിയിച്ചതോടെ വിവാഹാലോചനയുടെ ഒന്നാമത്തെ ഘട്ടമാണ് പൂർത്തീകരിക്കപ്പെട്ടത്. ഇതിനെയാണ് വിവാഹനിശ്ചയം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. യിസ്ഹാക്കിന്റെ വിവാഹനിശ്ചയത്തിൽ വരനോ അവന്റെ കുടുംബത്തിലുള്ളവരോ ആരും വധൂഗൃഹത്തിൽ വന്നില്ലെങ്കിലും അവർ പ്രതിനിധിയായി അയച്ച എല്യേസറിന് അതിനുള്ള പൂർണ്ണ ഉത്തരവാദിത്വം അവർ ഭരമേൽപിച്ചിരുന്നു. അതിനനുസരിച്ചാണ് യിസ്ഹാക്കിന്റെയും റിബെക്കായുടെയും വിവാഹം അന്ന് ദൈവകൃപയാൽ നിശ്ചയിച്ചുറപ്പിച്ചത്. എല്യേസർ അപ്പോൾത്തന്നെ സാഷ്ടാംഗം വീണ് നമസ്കരിച്ച് ദൈവത്തിന് നന്ദി അറിയിക്കുകയും ചെയ്തു.

* വിവാഹനിശ്ചയത്തിനുശേഷം വധുവിന്റെ വീട്ടിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് അബ്രാഹാം അവന്റെ ദാസനെ ബാധ്യപ്പെടുത്തിയിരുന്നു. അതിൻപ്രകാരം അവൻ മണവാട്ടിക്ക് പൊൻ വെള്ളി ആഭരണങ്ങളും വസ്ത്രങ്ങളും കൊടുത്തു. അവളുടെ സഹോദരനും അമ്മയ്ക്കും വിശേഷവസ്തുക്കളും കൊടുത്തു. അത് അവിടെ നിലനിന്നിരുന്ന സമ്പ്രദായമനുസരിച്ചാണ് അവൻ ചെയ്തത്.

* യിസ്ഹാക്കിന്റെ വിവാഹ ആലോചന, വിവാഹനിശ്ചയം എന്നിവ എല്ലാം മണിക്കൂറുകൾക്കുള്ളിൽ ദൈവകൃപയാൽ ഭംഗിയായി

പൂർത്തീകരിച്ചതിനു ശേഷമാണ് എല്യേസറും അവനോടു കൂടെ വന്നവരും ഭക്ഷിച്ച് പാനംചെയ്തത്. വിവാഹ നിശ്ചയം കഴി യാതെ അവിടെനിന്ന് ആഹാരം കഴിക്കുവാൻ കൈകഴുകുകയില്ല എന്ന രീതി ക്രിസ്ത്യൻ സമൂഹം പിന്തുടരുന്നത് യിസ്ഹാക്കിന്റെ വിവാഹാലോചനയോടുള്ള ബന്ധത്തിൽ എല്യേസർ എടുത്ത തീരുമാനത്തിൽ നിന്നുമാകുന്നു.

* എല്യേസർ എന്ന മധ്യസ്ഥന്റെ അടുത്ത ദൗത്യം വിവാഹനി ശ്ചയം ചെയ്ത റിബെക്കായെയുംകൊണ്ട് അവന്റെ യജമാനന്റെ വീട്ടിലേക്ക് പുറപ്പെടുക എന്നതായിരുന്നു. ആ വിവരമാണ് അടുത്ത ദിവസം രാവിലെ അവൻ റിബെക്കായുടെ ഭവനത്തിൽ അറിയിച്ചത്.
* റിബെക്കായുടെ വീട്ടുകാർ പെട്ടെന്ന് അവളുടെ വിവാഹം നടത്തി ക്കൊടുക്കുവാനുള്ള ഒരുക്കത്തിലായിരുന്നില്ല. അതുകൊണ്ടാണ് അവർ പത്തു ദിവസത്തെ സാവകാശം ചോദിച്ചത്.
* റിബെക്കായുടെ കുടുംബക്കാർ അവളുടെ വിവാഹം നിശ്ചയിച്ച് അവളെ വിവാഹത്തിനായി ഒരുക്കി അയയ്ക്കുവാനുള്ള സമയ മാണ് ചോദിച്ചത്. അതിന് എല്യേസർ അവരോട് അതിന്റെ യൊന്നും ആവശ്യമില്ലായെന്നും അവന്റെ യജമാനന് അവന്റെ പുത്രന് തക്കതായ ഒരു കന്യകയെ ലഭിക്കുക എന്നതിലപ്പുറമായി മറ്റൊന്നും ഇല്ലായെന്നാണ് അവരെ ധരിപ്പിച്ചത്. അതു ഗ്രഹിച്ച റിബെക്കായുടെ വീട്ടുകാർ ചെയ്തത് അവളുടെ തീരുമാനം ചോദിച്ചറിയുക എന്നതായിരുന്നു.

യഹോവയാൽ വന്ന വിവാഹമായതിനാൽ റിബെക്കാ എല്യേസറി നോടോപ്പം കനാൻ ദേശത്തേക്ക് പോകുവാൻ സമ്മതമാകുന്നു എന്നാണ് അവൾ വീട്ടുകാരെ അറിയിച്ചത്. അവളുടെ താത്പര്യ പ്രകാരം റിബെക്കായെ അവളുടെ വീട്ടുകാർ അനുഗ്രഹിച്ചയച്ചു. അങ്ങനെ അവളും അവളുടെ ദാസിമാരും ധാത്രിയായ ദെബോറയും കൂടി അബ്രാഹാമിന്റെ ദാസനോടുകൂടെ ഒട്ടകപ്പുറങ്ങളിൽ കയറി കനാൻദേശത്തേക്ക് പുറപ്പെട്ടു. യിസ്ഹാക്കിന്റെ വിവാഹാലോചന യുടെ ചുമതല ഏറ്റെടുത്ത എല്യേസർ എത്ര ഭംഗിയായിട്ടാണ് കാര്യ ങ്ങൾ അവതരിപ്പിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തത്. അവൻ വിശ്വസ്തനായതുകൊണ്ട് അവനെ ഏല്പിച്ച കാര്യം ഭംഗിയായി അവൻ അവിടെ നിർവ്വഹിച്ചു.

### 5. വിവാഹം കഴിയുന്നതുവരെ ആത്മാർത്ഥമായി സഹകരിക്കേണം (ഉല്പ. 24:66–67)

താൻ ചെയ്ത കാര്യമൊക്കെയും ദാസൻ യിസ്ഹാക്കിനോട് വിവരിച്ചു പറഞ്ഞു. യിസ്ഹാക്ക് അവളെ തന്റെ അമ്മയായ സാറായുടെ കൂടാരത്തിൽ കൊണ്ടുപോയി. അവൻ റിബെക്കായെ പരിഗ്രഹിച്ചു. അവൾ അവനു ഭാര്യയായിത്തീർന്നു; അവന് അവളിൽ സ്നേഹമായി (ഉല്പ. 24:66-67).

ദൈവപുരുഷനായ അബ്രാഹാമിന്റെ വാഗ്ദത്തസന്തതിയായ യിസ്ഹാക്കിന്റെ അനുഗ്രഹപൂർണ്ണമായ വിവാഹാലോചന, വിവാഹനിശ്ചയം, വിവാഹം എന്നിവ ഭംഗിയായി നടന്നതിനെക്കുറിച്ചാണ് നാം ഈ അദ്ധ്യായത്തിൽ ചിന്തിച്ചത്. റിബെക്കായെ യിസ്ഹാക്കിന്റെ അടുക്കൽ സുരക്ഷിതമായി എത്തിച്ചതോടെ അബ്രാഹാം അയച്ച എല്യേസർ ദൈവഹിതപ്രകാരം അത് ഭംഗിയായി പൂർത്തീകരിച്ചു. എല്യേസർ യിസ്ഹാക്കിന്റെ വിവാഹം സമംഗളം നടക്കുന്നതുവരെ കാണിച്ച ഉത്തരവാദിത്വമനോഭാവം വിവാഹാലോചനയുടെ മധ്യസ്ഥത വഹിക്കുന്ന ഏതൊരാളും അനുവർത്തിക്കേണ്ടതാകുന്നു.

കുഞ്ഞാടിന്റെ വിവാഹത്തിന്റെ നിഴലായിട്ടാണ് യിസ്ഹാക്കിന്റെ വിവാഹത്തിന് തിരുവചനത്തിൽ സ്ഥാനമുള്ളത്. യിസ്ഹാക്കിന്റെ യാഗം കുഞ്ഞാടിന്റെ പരമയാഗത്തിന്റെ നിഴലായിരുന്നതുപോലെ യിസ്ഹാക്ക്, റിബെക്കാ എന്നിവരുടെ വിവാഹം കുഞ്ഞാടാം ദൈവവും മണവാട്ടിയാകുന്ന നിർമ്മലകന്യകയുമായി സ്വർഗാധിസ്വർഗത്തിൽ വച്ചു നടക്കുന്ന കുഞ്ഞാടിന്റെ കല്യാണത്തിന്റെ നിഴലാകുന്നു. നിഴലായി നടന്ന വിവാഹത്തിലെ എല്ലാകാര്യങ്ങളും പൊരുളായി നടക്കപ്പെടുവാനുള്ള വിവാഹത്തോട് ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുവാൻ കഴിയുകയില്ല. എന്നാൽ നിഴലായതിൽ മർമ്മമായി സംഭവിച്ച കാര്യങ്ങളാണ് പൊരുളായി നടക്കുന്നതിനോടുള്ള ബന്ധത്തിൽ വ്യാഖ്യാനിക്കപ്പെടുന്നത്.

| നിഴൽ | പൊരുൾ |
|---|---|
| അബ്രാഹാം | പിതാവാം ദൈവം |
| യിസ്ഹാക്ക് | കുഞ്ഞാടാം ദൈവം (മണവാളൻ) |
| ദൈവദൂതൻ | പരിശുദ്ധാത്മാവ് |
| റിബെക്കാ | കാന്തയാം സഭ (മണവാട്ടി) |

| | |
|---|---|
| എല്യേസർ | മീഖായേൽ (ദൈവത്തിന്റെ പ്രധാന ദൂതൻ) |
| എല്യേസറിന്റെ ദാസന്മാർ | മീഖായേലിനോടു കൂടെയുള്ള ദൂതന്മാർ |

ഭൂമിയിൽനിന്ന് മണവാട്ടിയെ ഒരുക്കി സ്വർഗാധിസ്വർഗത്തിലേക്ക് കൊണ്ടുപോകുന്ന ദൗത്യനിർവ്വഹണചുമതല പരിശുദ്ധാത്മാവാം ദൈവത്തിലാണ് പിതാവാംദൈവം ഭരമേൽപിച്ചിരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ നിർദ്ദേശപ്രകാരം ദൈവസഭയെ പരിപാലിക്കുന്ന ചുമതലയാണ് സേവകാത്മാക്കളായ ദൂതഗണങ്ങൾക്കുള്ളത്. അതിൽ മുഖ്യസ്ഥാനമാണ് മീഖായേലിനുള്ളത്. കർത്താവ് തന്റെ കാന്തയെ ചേർക്കുവാൻ മധ്യാകാശത്തിലേക്ക് ഇറങ്ങിവരുമ്പോൾ അവന്റെ അടുക്കലേക്ക് പരിശുദ്ധാത്മാവ് സഭയെ ഒരുക്കിക്കൊണ്ടു പോകുന്നതുപോലെയാണ് ദൈവം നിയോഗിച്ചയച്ച ദൈവദൂതൻ റിബെക്കായെ യിസ്ഹാക്കിന്റെ അടുക്കൽ സുരക്ഷിതമായി എത്തിക്കുവോളം എല്യേസറിനോടൊപ്പം കൂടെയിരുന്നത്. വിവാഹ ആലോചനയിൽ മധ്യസ്ഥനുണ്ടായിരിക്കേണ്ട അഞ്ചുവിധ സവിശേഷ ഉത്തരവാദിത്വങ്ങളെക്കുറിച്ചാണ് ഇതുവരെ നാം ചിന്തിച്ചത്. തുടർന്നു നാം ചിന്തിക്കുന്നത് നിയുക്തവരനുണ്ടായിരിക്കേണ്ട സ്വഭാവസവിശേഷതകളെക്കുറിച്ചാകുന്നു.

## iii. നിയുക്തവരനുണ്ടായിരിക്കേണ്ട സുപ്രധാന സ്വഭാവ സവിശേഷതകൾ (ഉല്പ. 24:62–67)

വിവാഹാലോചനയിലെ സുപ്രധാനകാര്യം വരന്റെയും വധുവിന്റെയും വ്യക്തിത്വമാണ്. അവർ ഇരുവരുമാണ് വിവാഹാനന്തരം ജീവിതത്തിൽ ഒന്നായി ഒരു ദേഹമായി തീരുന്നത്. അവരിൽ വരനുണ്ടായിരിക്കേണ്ട സ്വഭാവസവിശേഷതകളെക്കുറിച്ചാണ് യിസ്ഹാക്കിന്റെ ജീവിതത്തോടുള്ള ബന്ധത്തിൽ ഈ ഭാഗത്ത് നാം ചിന്തിക്കുന്നത്. ഉല്പത്തിപുസ്തകത്തിൽ നാം ചിന്തിച്ചുകൊണ്ടിരിക്കുന്ന ഇരുപത്തിനാലാം അദ്ധ്യായത്തിൽ യിസ്ഹാക്കിനെക്കുറിച്ചുള്ള അധികം പരാമർശങ്ങളില്ലായെങ്കിലും മറ്റ് അദ്ധ്യായങ്ങളിൽ അവ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവന്റെ വധുവായിത്തീർന്ന റിബെക്കായുടെ സ്വഭാവസവിശേഷതകളെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ വളരെ വ്യക്തമായി വിവരിച്ചിട്ടുള്ളത്. അതെക്കുറിച്ച്

വധുവിന്റെ സ്വഭാവസവിശേഷതകൾ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗത്ത് വിശദീകരിച്ചിട്ടുണ്ട്.

നിയുക്ത വരന് ഉണ്ടായിരിക്കേണ്ട സ്വഭാവസവിശേഷതകളെക്കുറിച്ച് നാം മാതൃകയാക്കുന്നത് യിസ്ഹാക്കിനെയാകുന്നു. അവൻ തികഞ്ഞ അച്ചടക്കത്തോടെ പിതാവിനും മാതാവിനും കീഴടങ്ങി ജീവിച്ചവനായിരുന്നു. പുതിയനിയമത്തിലെ ക്രിസ്തുയേശു എന്ന ആത്മമണവാളനെയാണ് യിസ്ഹാക്ക് പഴയനിയമത്തിൽ നിഴലായി പ്രതിനിധീകരിക്കുന്നത്. അതുപോലെ സ്വർഗീയപിതാവാം ദൈവത്തിന്റെ അനുസരണയുള്ള പുത്രനാണ് വചനമാം ദൈവമാകുന്ന ക്രിസ്തുയേശു. കുഞ്ഞാടിന്റെ വിവാഹം ലോകസ്ഥാപനത്തിനു മുമ്പേ മുൻനിർണ്ണയിക്കപ്പെട്ടതും യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനു മുമ്പ് സ്വർഗാധിസ്വർഗത്തിൽവച്ച് കുഞ്ഞാടിന്റെ കല്ല്യാണ നാളിൽ നിറവേറപ്പെടുവാനുള്ളതുമാകുന്നു.

ക്രിസ്തുയേശു എന്ന ആത്മമണവാളൻ പതിനായിരങ്ങളിൽ ശ്രേഷ്ഠനും സർവ്വാംഗസുന്ദരനുമാകുന്നു. അവന്റെ നിർവ്യാജസ്നേഹത്തെയാണ് വിശുദ്ധ തിരുവെഴുത്തിൽ ഉടനീളം വെളിപ്പെടുത്തിയിരിക്കുന്നത്. അവന് നിഴലായി പഴയനിയമത്തിൽ ജീവിച്ചിരുന്ന അബ്രാഹാമിന്റെ ഏകജാതനായ മകൻ യിസ്ഹാക്കിന്റെ ജീവിതത്തിലുണ്ടായിരുന്ന ഏഴ് സ്വഭാവസവിശേഷതകളാണ് ഒരു നിയുക്തവരനുണ്ടായിരിക്കേണ്ടത്.

1. തികഞ്ഞ അനുസരണമുള്ളവനായിരിക്കേണം
2. സന്തോഷവും സമാധാനവും ഉള്ളവനായിരിക്കേണം
3. ആത്മീയനായിരിക്കേണം
4. ശുഭാപ്തിവിശ്വാസമുള്ളവനായിരിക്കേണം
5. മറ്റുള്ളവരെ ബഹുമാനിക്കുന്നവനായിരിക്കേണം
6. ഭാവിയെക്കുറിച്ച് കരുതലുള്ളവനായിരിക്കേണം
7. നിർവ്യാജസ്നേഹമുള്ളവനായിരിക്കേണം

### 1. തികഞ്ഞ അനുസരണമുള്ളവനായിരിക്കേണം

അബ്രാഹാം ഹോമയാഗത്തിനുള്ള വിറക് എടുത്ത് തന്റെ മകനായ യിസ്ഹാക്കിന്റെ ചുമലിൽവച്ചു; തീയും കത്തിയും താൻ എടുത്തു; ഇരുവരും ഒന്നിച്ചു നടന്നു. അപ്പോൾ യിസ്ഹാക്ക് തന്റെ അപ്പനായ അബ്രാഹാമിനോട്: അപ്പാ, എന്നു പറഞ്ഞതിന് അവൻ: എന്താകുന്നു മകനെ എന്നു

പറഞ്ഞു. തീയും വിറകും ഉണ്ട്; എന്നാൽ ഹോമയാഗത്തിന് ആട്ടിൻകുട്ടി എവിടെ എന്ന് അവൻ ചോദിച്ചു. ദൈവം തനിക്കു ഹോമയാഗത്തിന് ഒരു ആട്ടിൻകുട്ടിയെ നോക്കിക്കൊള്ളും, മകനെ, എന്ന് അബ്രാഹാം പറഞ്ഞു. അങ്ങനെ അവർ ഇരുവരും ഒന്നിച്ചു നടന്നു (ഉല്പ. 22:6-8).

അബ്രാഹാമിന്റെ മകൻ യിസ്ഹാക്ക് തികഞ്ഞ അനുസരണവും അച്ചടക്കവും ഉള്ളവനായിരുന്നു. അവന്റെ പിതാവിനോടൊപ്പം അവൻ ഒന്നിച്ച് നടന്നു എന്ന് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് അവർ ഇരുവരുടെയും ജീവിതത്തിൽ ഉണ്ടായിരുന്ന ഐക്യതയെയാണ്. ദൈവഭയത്തിൽ ജീവിച്ചിരുന്ന അബ്രാഹാമിന്റെ കുടുംബത്തിലുണ്ടായിരുന്ന എല്ലാവരും അനുസരണമുള്ളവരായിരുന്നു. അവരിൽ വാഗ്ദത്തസന്തതിയായ യിസ്ഹാക്ക് അബ്രാഹാമിന്റെ അതേ കാൽച്ചുവടുകളെ അനുഗമിച്ചവനായിരുന്നു. അബ്രാഹാം ബാല്യപ്രായം കഴിഞ്ഞ യിസ്ഹാക്കിനെയാണ് മോറിയാ മലയിൽ ദൈവീക അരുളപ്പാട് അനുസരിച്ച് യാഗം അർപ്പിക്കുവാൻ കൊണ്ടുപോയത്. മോറിയാ മലയിൽ നടന്ന സംഭവത്തിനു ശേഷം അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും സ്നേഹം വർദ്ധിച്ചതല്ലാതെ കുറഞ്ഞുപോയില്ല. അതിന്റെ കാരണം ദൈവദൂതൻ അന്ന് സംസാരിച്ചത് മുഴുവൻ ശ്രവിച്ച യിസ്ഹാക്കിനു വിശ്വാസം വർദ്ധിക്കുകയും സ്നേഹവാനായ അവന്റെ പിതാവ് ചെയ്തത് മുഴുവൻ ദൈവത്തിന്റെ അരുളപ്പാടിന് അനുസൃതമായിരുന്നു എന്ന ബോധ്യം ലഭിക്കുകയും ചെയ്തതുകൊണ്ടായിരുന്നു. അതിൽ എല്ലാമുപരി യിസ്ഹാക്ക് വിശ്വാസയാഗമായി അർപ്പിക്കപ്പെട്ടതോടെ സർവ്വശക്തനായ ദൈവത്തെക്കുറിച്ചുള്ള ആഴമേറിയ കാഴ്ചപ്പാട് യിസ്ഹാക്കിന് ലഭിക്കുകയും ചെയ്തു.

യിസ്ഹാക്കിന്റെ നാല്പതാമത്തെ വയസ്സിൽ അവൻ വിവാഹം കഴിക്കുന്നതുവരെ അനുസരണമുള്ള മകനായി അവൻ അപ്പന്റെ വീട്ടിലാണ് ജീവിച്ചത്. അവന്റെ വിവാഹാനന്തരം നാം ചിന്തിച്ചതുപോലെ അബ്രാഹാം തന്റെ മകനായ യിസ്ഹാക്കിന് അവന്റെ വ്യക്തിപരമായ കുടുംബജീവിതത്തിന് പൂർണ്ണസ്വാതന്ത്ര്യമാണ് കൊടുത്തത്. അബ്രാഹാമിന്റെ കുടുംബജീവിതത്തിൽനിന്ന് നമുക്ക് ലഭിക്കുന്നത് അനുഗ്രഹിക്കപ്പെട്ട ഒരു കുടുംബത്തിന്റെ നേർചിത്രമാണ്. മക്കൾ അമ്മയപ്പന്മാരെ കർത്താവിന് ഹിതമാംവണ്ണം അനുസരിക്കുന്നവരായിരിക്കണം. അതുപോലെ പിതാക്കന്മാർ മക്കൾ അധൈര്യപ്പെടാതിരിക്കേണ്ടതിന് അവരെ കോപിപ്പിക്കരുത്

എന്നാണ് കൊലൊസ്യർക്ക് എഴുതിയ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (കൊലൊ. 3:20-21).

പഴയനിയമത്തിൽ ക്രിസ്തുയേശുവിന് നിഴലായി ജീവിച്ചിരുന്ന യിസ്ഹാക്കിന്റെ ജീവിതം അനുസരണമുള്ളതായിരുന്നതുപോലെ പുതിയനിയമത്തിൽ പൊരുളായി ജനിച്ച നസറായനായ യേശുവും നസറെത്തിലെ അവന്റെ വീട്ടിൽ മുപ്പതാമത്തെ വയസ്സുവരെ അപ്പനും അമ്മയ്ക്കും കീഴടങ്ങിയിരുന്നു. ഇതിൽ നിന്നും മക്കൾ അപ്പനെയും അമ്മയെയും അനുസരിച്ച് അവരെ ബഹുമാനത്തോടെ കരുതേണ്ടതാകുന്നു എന്നാണ് ഇവിടെ വ്യക്തമാക്കപ്പെടുന്നത്. അബ്രാഹാമിന് അനുസരണമുള്ള തന്റെ മകനുവേണ്ടി വിവാഹം ആലോചിക്കുന്നതിൽ അഭിമാനവും സന്തോഷവുമാണ് ഉണ്ടായിരുന്നത്. അതുപോലെ വിവാഹജീവിതത്തെക്കുറിച്ച് ആലോചിക്കുന്ന ഓരോ വ്യക്തിയും സ്വന്തവീട്ടിൽ അനുസരണയോടെ ജീവിക്കുന്നവനായിരിക്കേണം. അതാണ് കുടുംബജീവിതത്തിലേക്ക് പ്രവേശിക്കപ്പെടുന്നവരനുണ്ടായിരിക്കേണ്ട പ്രാഥമിക സ്വഭാവസവിശേഷത.

### 2. സന്തോഷവും സമാധാനവും ഉള്ളവനായിരിക്കേണം

> പിന്നെ അബ്രാഹാം ബാല്യക്കാരുടെ അടുക്കൽ മടങ്ങിവന്നു; അവർ ഒന്നിച്ചു പുറപ്പെട്ടു ബേർ-ശേബയിലേക്കു പോന്നു; അബ്രാഹാം ബേർ-ശേബയിൽ പാർത്തു (ഉല്പ. 22:19).

യിസ്ഹാക്ക് എന്ന പേരിന്റെ അർത്ഥം ചിരി എന്നാകുന്നു. അത് അവന്റെ ജീവിതത്തിൽ എപ്പോഴും നിലനിന്നിരുന്നു. അപ്പൻ അവനെ പിടിച്ചുകെട്ടി യാഗമൃഗത്തെപ്പോലെ വിറകിൻമീതെ കിടത്തിയപ്പോഴും അവൻ സന്തോഷവും സമാധാനവും ഉള്ളവനായിരുന്നു. യിസ്ഹാക്കിന്റെ വായ് അബ്രാഹാം മൂടിക്കെട്ടിയിരുന്നില്ല. അവനെ കെട്ടി യാഗപീഠത്തിന്മേൽ കിടത്തുകയാണ് ചെയ്തത്. സ്നേഹവാനായ അവന്റെ പിതാവ് ചെയ്തത് ഒന്നും അവൻ എതിർക്കാതിരുന്നത് ആവശ്യമെങ്കിൽ യാഗമായി തീരുവാൻ പോലും അവൻ സമർപ്പിതനായിരുന്നതുകൊണ്ടായിരുന്നു. ഇഹലോക ജീവിതത്തേക്കാൾ അവർ ഇരുവർക്കും ഉണ്ടായിരുന്ന ദർശനം ദൈവത്തെ പൂർണ്ണമായി അനുസരിക്കുക എന്നതായിരുന്നു. അതുകൊണ്ടാണ് ദൈവം അവരെ ഐശ്വര്യമായി അനുഗ്രഹിച്ചത്.

യിസ്ഹാക്കിന്റെ ജീവിതത്തിൽ ഏതു സാഹചര്യത്തിലും നാം ദർശിക്കുന്ന സന്തോഷവും സമാധാനവും വിവാഹജീവിതത്തിലേക്ക്

പ്രവേശിക്കുന്ന ഏതൊരു വ്യക്തിക്കും ഉണ്ടായിരിക്കേണ്ടതാകുന്നു. എങ്കിൽ മാത്രമേ കുടുംബജീവിതത്തിലും സന്തോഷവും സമാധാനവും ഉണ്ടായിരിക്കുകയുള്ളൂ. സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനമായിരുന്നു യിസ്ഹാക്കിന്റെ ഹൃദയത്തെയും ചിന്തകളെയും നിയന്ത്രിച്ചിരുന്നത്. അതുപോലെ വിവാഹജീവിതത്തെക്കുറിച്ച് ചിന്തിക്കുന്ന ഏതൊരു വ്യക്തിയും യിസ്ഹാക്കിനെ പോലെ ഹൃദയത്തിൽ ദൈവസമാധാനവും സന്തോഷവും നിറഞ്ഞവനായിരിക്കേണം. ഇതാണ് നിയുക്തവരനുണ്ടായിരിക്കേണ്ടരണ്ടാമത്തെ സ്വഭാവസവിശേഷത.

### 3. ആത്മീയനായിരിക്കേണം

> വൈകുന്നേരത്തു യിസ്ഹാക്ക് ധ്യാനിപ്പാൻ വെളിമ്പ്രദേശത്തു പോയിരുന്നു;... (ഉല്പ. 24:63)

യിസ്ഹാക്കിന്റെ ജീവിതചര്യയായിരുന്നു ഒറ്റയ്ക്കുള്ള ദൈവീകധ്യാനം. ദൈവം ചെയ്തതിനെ ധ്യാനിക്കുന്നവനായിരുന്നു യിസ്ഹാക്ക്. അതുപോലെ ദിനംതോറും ദൈവവചനം ധ്യാനിക്കുന്നവരായിരിക്കേണം ദൈവമക്കൾ. ദൈവവചനചിന്തയും പ്രാർത്ഥനയും ഒരു കാരണവശാലും മുടക്കിക്കളയരുത് എന്നാണ് യിസ്ഹാക്കിന്റെ ജീവിതം നമുക്ക് നല്കുന്ന മാതൃക. അത് വിവാഹാനന്തരം തുടരുകയും കുടുംബമായി ആത്മീയകാര്യങ്ങളിൽ ശുഷ്കാന്തി പുലർത്തുകയുമാണ് ചെയ്യേണ്ടത്. കുടുംബജീവിതത്തിൽ ആത്മീയതയ്ക്കുള്ള ഉത്തമമാതൃകയാണ് യിസ്ഹാക്കിന്റെ വിവാഹജീവിതത്തിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്. അതിനാൽ യിസ്ഹാക്കിന്റെ ദൈവീകധ്യാനജീവിതം പോലെ നിയുക്തവരനും ദൈവചിന്തയിൽ അധിഷ്ഠിതമായി ജീവിക്കുന്നവനായിരിക്കണം എന്നതാണ് നിയുക്ത വരനുണ്ടായിരിക്കേണ്ട മൂന്നാമത്തെ സ്വഭാവ സവിശേഷത.

### 4. ശുഭാപ്തിവിശ്വാസമുള്ളവനായിരിക്കേണം

> ... അവൻ തല പൊക്കി നോക്കി ഒട്ടകങ്ങൾ വരുന്നതു കണ്ടു (ഉല്പ. 24:63)

ദൈവീകധ്യാനം കഴിഞ്ഞ് എല്ലാദിവസവും തല ഉയർത്തി നോക്കുന്നവനായിരുന്നു യിസ്ഹാക്ക്. ദൈവസന്നിധിയിൽ വചനം ധ്യാനിച്ച് പ്രാർത്ഥിക്കുന്നവന്റെ തല ഉയർന്നുതന്നെ ഇരിക്കും. അവന്റെ തല താഴ്ത്തുവാൻ ദൈവം സമ്മതിക്കുകയില്ല. അബ്രാഹാം എല്യേസറിനെ യാത്ര അയച്ചത് മുതൽ യിസ്ഹാക്ക് ശുഭാപ്തി

വിശ്വസത്തോടെ റിബെക്കായുടെ വരവിനായി കാത്തിരിക്കുക യായിരുന്നു. അത് നിഴലായിരുന്നുവെങ്കിൽ സഭയാം മണവാട്ടിയെ ചേർക്കുവാനാണ് ആത്മമണവാളനാകുന്ന ക്രിസ്തു സ്വർഗീയപിതാ വിന്റെ വലത്തുഭാഗത്ത് കാത്തിരിക്കുന്നത്. അത് വേഗത്തിൽ സംഭ വിക്കും; അന്ന് സഭയാം മണവാട്ടിയേയും കൊണ്ട് പരിശുദ്ധാത്മാവ് മധ്യാകാശത്തിലേക്ക് കരേറിപ്പോകുന്ന സന്ദർഭത്തിൽ അവിടേക്ക് പുത്രനാം ദൈവം അവളെ സ്വീകരിപ്പാനായി ഇറങ്ങിവരും. ഈ ശുഭാപ്തി വിശ്വാസത്തോടെയാണ് ദൈവസഭ തലകളെ ഉയർത്തി അനുദിനം കർത്താവിന്റെ വരവിനായി നോക്കി പാർക്കുന്നത്.

സകലവും നന്നായി ചെയ്യുന്ന ദൈവം യിസ്ഹാക്കിന്റെ മണ വാട്ടിയെ ദൂരദേശമായ മെസോപ്പൊത്താമ്യയിൽ നിന്ന് കനാൻദേശ ത്തേക്ക് കൊണ്ടുവരുമെന്നുള്ള ശുഭാപ്തിവിശ്വാസം അവനുണ്ടായി രുന്നു. അതുപോലെ യിസ്ഹാക്ക് തന്റെ ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും തലയുയർത്തി ശുഭാപ്തി വിശ്വാസത്തോടെ യാണ് ജീവിച്ചത്. അതേ ആത്മവിശ്വാസമാണ് വിവാഹജീവിതത്തെ ക്കുറിച്ച് ആലോചിക്കുന്ന ഓരോ പുരുഷനും ഉണ്ടായിരിക്കേണ്ട നാലാമത്തെ സ്വാഭാവസവിശേഷത.

**5. മറ്റുള്ളവരെ ബഹുമാനിക്കുന്നവനായിരിക്കേണം (ഉല്പ. 24:65)**

> അവൾ ദാസനോട്: വെളിമ്പ്രദേശത്തു നമ്മെ എതിരേറ്റു വരുന്ന പുരുഷൻ ആരെന്നു ചോദിച്ചതിന് എന്റെ യജമാനൻ തന്നെ എന്നു ദാസൻ പറഞ്ഞു. ... (ഉല്പ. 24:65)

യിസ്ഹാക്ക് ഒട്ടകക്കൂട്ടങ്ങൾ വരുന്നതു കണ്ട് അവൻ അവരെ എതിരേല്ക്കുവാൻ ചെന്നു. അത് അവൻ മറ്റുള്ളവരെ ബഹുമാനി ക്കുന്നവനാകുന്നു എന്നതിനെയാണ് വെളിപ്പെടുത്തുന്നത്. സ്വന്ത ദേശവും ഭവനവും വിട്ട് അവന്റെ ഭാര്യയാകുവാൻ വരുന്ന റിബെ ക്കായെ യിസ്ഹാക്ക് ആദരവോടെയാണ് സ്വീകരിച്ച് തന്റെ കൂടാര ത്തിലേക്ക് ആനയിച്ചത്. യിസ്ഹാക്ക് തന്റെ മണവാട്ടിയായ റിബെ ക്കായെ ചെന്ന് ആദരവോടെ സ്വീകരിച്ച് ആനയിച്ചതുപോലെയണ് കുഞ്ഞാടിന്റെ കാന്തയാകുന്ന സഭ സാത്താനെ ജയിച്ച് ഭൂമിയിൽ നിന്ന് എടുക്കപ്പെടുമ്പോൾ ആത്മമണവാളനാകുന്ന ക്രിസ്തുയേശു മധ്യാകാശത്തു വന്ന് സഭയെ സ്വീകരിച്ച് സ്വർഗാധിസ്വർഗത്തിലേക്ക് ആനയിച്ചു കൊണ്ടുപോകുന്നത്. യിസ്ഹാക്കിനോടും റിബെക്കാ യോടുമുള്ള ബന്ധത്തിൽ നടന്നത് നിഴലായിരുന്നുവെങ്കിൽ അതിവി ദൂരമല്ലാത്ത ഭാവിയിൽ സഭയെ സ്വർഗാധിസ്വർഗത്തിലേക്ക് സ്വീക

രിച്ച് ആനയിക്കുവാൻ കുഞ്ഞാടാം ദൈവം മധ്യാകാശത്തിൽ പൊരു ളായി പ്രത്യക്ഷപ്പെടും.

വിവാഹാലോചനയിൽ ഏർപ്പെടുന്ന ഏതു പുരുഷനും തന്റെ ജീവിതത്തിലേക്ക് കടന്നുവരുന്ന ജീവിതപങ്കാളിയെ ബഹുമാന ത്തോടെ കാണുകയും സന്തോഷത്തോടെ അവളെ ജീവിതത്തി ലേക്ക് സ്വീകരിക്കുകയുമാണ് ചെയ്യേണ്ടത്. അബ്രാഹാമിന്റെ മകൻ യിസ്ഹാക്ക് മാന്യതയോടെ വളർന്നവനായതുകൊണ്ടാണ് തന്റെ പ്രാണപ്രിയയെ ബഹുമാനപുരസ്സരം സ്വീകരിച്ച് ആനയിക്കുവാ നുള്ള പ്രേരണ അവനിൽ ഉണ്ടായത്. സ്ത്രീജനം ബലഹീലപാത്ര മെന്നും അവർ ജീവന്റെ കൃപയ്ക്ക് കൂട്ടവകാശികളും എന്ന് ഓർത്ത് അവർക്ക് ബഹുമാനം കൊടുപ്പിൻ എന്നാകുന്നു പുതിയനിയമത്തിൽ അപ്പൊ. പത്രൊസ് എഴുതിയ ഒന്നാം ലേഖനത്തിൽ രേഖപ്പെടുത്തിയി രിക്കുന്നത് (1 പത്രൊ. 3:7). അന്നുവരെ അവൾക്കുണ്ടായിരുന്ന സക ലവും വിട്ട് മണവാളന്റെ ജീവിതത്തിലേക്ക് കടന്നുവരുന്ന മണവാ ട്ടിയെ ഒരുനാളും ഭർത്താവ് അവഗണിക്കരുത്. അത് അവളുടെ കുടും ബജീവിതത്തെ നിരാശാപൂർണ്ണമാക്കും. അത് സംഭവിക്കാതിരിക്കു വാൻ യിസ്ഹാക്കിനെപ്പോലെ സ്വന്തഭാര്യയെ ബഹുമാനത്തോടെ ജീവിതത്തിലേക്ക് സ്വീകരിച്ച് അവളെ ബഹുമാനിക്കണം എന്നു ള്ളതാണ് വിവാഹിതരാകുന്ന ഏതൊരു പുരുഷനും ഉണ്ടായിരി ക്കേണ്ട അഞ്ചാമത്തെ സ്വഭാവസവിശേഷത.

### 6. ഭാവിയെക്കുറിച്ച് കരുതലുള്ളവനായിരിക്കേണം

യിസ്ഹാക്ക് അവളെ തന്റെ അമ്മയായ സാറായുടെ കൂടാരത്തിൽ കൊണ്ടുപോയി (ഉല്പ. 24:67).

വിവാഹ ആലോചനയ്ക്കു മുമ്പുതന്നെ യിസ്ഹാക്ക് വിവാഹ ജീവിതത്തെക്കുറിച്ച് വേണ്ടത്ര കരുതലുള്ളവനായിരുന്നു. അവന്റെ കുടുംബജീവിതം എവിടെ ആരംഭിക്കണം എന്നതിനെക്കുറിച്ചൊക്കെ യുള്ള വ്യക്തമായ കാഴ്ചപ്പാട് അവനുണ്ടായിരുന്നു. ഭാര്യയെ സംര ക്ഷിച്ച് പോറ്റിപ്പുലർത്തേണ്ട ഉത്തരവാദിത്വം ഓരോ പുരുഷനുമുള്ള താണ്. ഭാവിയെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാട് യിസ്ഹാക്കിന്റെ ജീവിതത്തിലുണ്ടായിരുന്നു. അതിന്റെ വ്യക്തതയാണ് അവൻ മുൻനി ശ്ചയിച്ചപ്രകാരം അവളെ സാറായുടെ കൂടാരത്തിലേക്ക് കൊണ്ടു പോയി എന്ന് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്.

സ്വന്തവീട്ടിൽ റിബെക്കാ അപ്പന്റെയും അമ്മയുടെയും സഹോദര ങ്ങളുടെയും ഒക്കെ സംരക്ഷണയിൽ വളരെ സന്തോഷത്തോടെ ജീവിതം നയിച്ചവളായിരുന്നു. അവൾ അതെല്ലാം ഉപേക്ഷിച്ച് അന്യ ദേശത്തേക്ക് പുറപ്പെട്ടത് തന്നെ കരുതുന്ന ഒരു ഭർത്താവിനെ ദൈവം ഒരുക്കിയിട്ടുണ്ട് എന്ന ആത്മവിശ്വാസത്തിലായിരുന്നു. അതി നൊരിക്കലും ഭംഗം വന്നില്ലായെന്നാണ് യിസ്ഹാക്കിന്റെ സംരക്ഷ ണയിൽ എത്തിച്ചേർന്ന റിബെക്കായുടെ കുടുംബജീവിതത്തെ ക്കുറിച്ച് ചിന്തിക്കുന്ന നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുന്നത്. അതു പോലെ ഭർത്താവിന്റെ സംരക്ഷണയിലാശ്രയിച്ച് ജീവിതത്തിലേക്ക് കടന്നുവരുന്ന ഭാര്യയെ സംരക്ഷിക്കുന്നവനും ഭാവിയെക്കുറിച്ച് കരുതൽ ഉള്ളവനും ആയിരിക്കേണം ഓരോ ഭർത്താവും എന്നാണ് യിസ്ഹാക്കിന്റെ വിവാഹജീവിതം നമുക്ക് നല്കുന്ന ഉത്തമ മാതൃക. യിസ്ഹാക്കിനെപ്പോലെ തനിക്കുവേണ്ടിയും തന്റെ സ്വന്തകുടുംബ ത്തിനുവേണ്ടിയും കരുതലുള്ളവനായിരിക്കേണം വിവാഹജീവിത ത്തിലേക്ക് പ്രവേശിക്കുന്ന ഓരോ പുരുഷനും എന്നതാണ് ആറാ മത്തെ സ്വഭാവസവിശേഷത.

### 7. നിർവ്യാജസ്നേഹമുള്ളവനായിരിക്കേണം

> ... അവൻ റിബെക്കായെ പരിഗ്രഹിച്ചു; അവൾ അവന് ഭാര്യയായിത്തീർന്നു; അവന് അവളിൽ സ്നേഹമായി. ഇങ്ങനെ യിസ്ഹാക്കിനു തന്റെ അമ്മ യുടെ മരണദുഃഖം തീർന്നു (ഉല്പ. 24:67).

ജയകരമായ വിവാഹജീവിതത്തിലെ അഭിവാജ്യഘടകം സ്നേഹ മാണ്. യിസ്ഹാക്കിന്റെ വിവാഹം നടന്നത് ദൈവഹിതത്താലായി രുന്നു എന്നതിനെക്കുറിച്ച് നാം ചിന്തിച്ചിരുന്നുവല്ലോ. യിസ്ഹാ ക്കിന്റെ വിവാഹാലോചനയും വിവാഹവും അബ്രാഹാമിന്റെ ദാസ നായ എല്യേസറിന്റെ യാത്രയോടുള്ള ബന്ധത്തിലാണ് സഫലമാക്ക പ്പെട്ടത്. അബ്രാഹാം നിയോഗിച്ചയച്ച് ദാസനെ സ്വർഗീയദൂതനാണ് നേർവഴിക്കു നടത്തി റിബെക്കായുടെ അടുക്കലും അവളുടെ ഭവന ത്തിലും എത്തിച്ചത്. അവളുടെ വീട്ടുകാരുമായി വിവാഹക്കാര്യം ആലോചിച്ചുറപ്പിച്ച് എല്യേസർ റിബെക്കായുമായി മടങ്ങിവന്നു യിസ്ഹാക്കിന്റെ അടുക്കൽ എത്തിച്ചതോടെയാണ് അവന്റെ യാത്ര പൂർണ്ണമായി സഫലമാക്കപ്പെട്ടത്. അതിന്റെയെല്ലാം പിമ്പിൽ പ്രവർ ത്തിച്ചത് അബ്രാഹാമിനോടുള്ള ദൈവത്തിന്റെ സ്നേഹമായിരുന്നു.

സർവ്വശക്തനായ ദൈവത്തിൽ മാത്രം ആശ്രയിച്ച് ജീവിച്ച

അബ്രാഹാമിനെപ്പോലെ അവന്റെ കുടുംബത്തിലുള്ളവരും ദൈവ സ്നേഹമുള്ളവരായിരുന്നു. മറ്റുള്ളവരെ ബഹുമാനിക്കുന്നതിലും സ്നേഹിക്കുന്നതിലും അവർ ബഹുസമർത്ഥരായിരുന്നു. അബ്രാഹാമിന്റെയും കുടുംബത്തിന്റെയും സ്നേഹം നിർവ്യാജം ആയിരുന്നു. യിസ്ഹാക്ക് റിബെക്കായെ കണ്ട നിമിഷം മുതൽ ജീവിതാവസാനംവരെ അവളെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു. കനാൻ ദേശത്ത് ക്ഷാമം വന്നപ്പോൾ അവർ അവിടെനിന്ന് ഫെലിസ്ത്യ ദേശത്തു ചെന്നു പാർത്തപ്പോഴും യിസ്ഹാക്കിന്റെ കുടുംബജീവിതത്തിൽ നിന്ന് സ്നേഹം മാഞ്ഞുപോയിരുന്നില്ല. അതിന്റെ തിരുവചന തെളിവാണ് താഴെ കുറിച്ചിരിക്കുന്നത്.

> അബ്രാഹാമിന്റെ കാലത്തുണ്ടായ മുമ്പിലത്തെ ക്ഷാമം കൂടാതെ പിന്നെയും ആ ദേശത്ത് ഒരു ക്ഷാമം ഉണ്ടായി. അപ്പോൾ യിസ്ഹാക്ക് ഗെരാരിൽ ഫെലിസ്ത്യരുടെ രാജാവായ അബീമേലെക്കിന്റെ അടുക്കൽ പോയി. യഹോവ അവനു പ്രത്യക്ഷനായി അരുളിച്ചെയ്തതെന്തെന്നാൽ: നീ മിസ്രയീമിലേക്കു പോകരുത്; ... ഫെലിസ്ത്യരുടെ രാജാവായ അബീമേലെക് കിളിവാതിലിൽക്കൂടി നോക്കി യിസ്ഹാക്ക് തന്റെ ഭാര്യയായ റിബെക്കായോടുകൂടെ വിനോദിക്കുന്നതുകണ്ടു... (ഉല്പ. 26:1-11)

കനാൻ ദേശത്തിലെ മഹാധനികനായ അബ്രാഹാമിന്റെ മകൻ യിസ്ഹാക്ക് തന്റെ സമൃദ്ധിയിൽ മാത്രമായിരുന്നില്ല റിബെക്കായെ സ്നേഹിച്ചത്. അവരുടെ ദുരിതപൂർണ്ണമായ ക്ഷാമകാലത്തും യിസ്ഹാക്കിന്റെ കുടുംബജീവിതം ഉല്ലാസപൂർണ്ണമായിരുന്നു എന്നത് നാം ഏവരും അനുകരിക്കേണ്ട മാതൃകയാണ്. ഇന്നത്തെ മിക്കകുടുംബങ്ങളിലെയും മുഖ്യപ്രശ്നം സാമ്പത്തികമാണ്. എന്നാൽ ഉള്ളതിൽ സംതൃപ്തരായി ജീവിക്കുന്ന കുടുംബത്തിൽ മാത്രമേ സ്നേഹം നിലനിൽക്കുകയുള്ളൂ. യിസ്ഹാക്ക് തന്റെ ഭാര്യയായ റിബെക്കായോടുകൂടെ വിനോദിക്കുന്നത് ഗെരാർ രാജാവ് കണ്ടത് അവരുടെ ദാമ്പത്യജീവിതം എല്ലാ സാഹചര്യങ്ങളിലും അവർ ആസ്വാദ്യതയോടെ ജീവിച്ചു എന്നതിന്റെ ഉത്തമ ഉദാഹരണമാണ്. എന്നാൽ ഇതിൽനിന്നും വ്യത്യസ്ഥമായി കുടുംബജീവിതത്തിൽ പ്രശ്നങ്ങൾ തലയുയർത്തുമ്പോൾ അനേകരുടെ സ്നേഹം വളരെ വേഗത്തിൽ തണുത്തുപോകുന്നതായിട്ടാണ് പൊതുവേ നാം കാണുന്നത്.

അതിനാൽ ദൈവമക്കളുടെ കുടംബജീവിതത്തിലെ പരസ്പരസ്നേഹം ഏതു സാഹചര്യത്തിലും യിസ്ഹാക്കിന്റേതുപോലെ

നാൾതേറും വർദ്ധിച്ചു വരുകയാണ് ചെയ്യേണ്ടത്. സ്വന്തശരീരത്തെപ്പോലെ ഭാര്യയെ എല്ലാ സാഹചര്യങ്ങളിലും സ്നേഹിച്ച യിസ്ഹാക്ക് മാതൃകാ ഭർത്താവായിരുന്നു. പുതിയനിയമത്തിലെ കുടുംബങ്ങളിൽ ക്രിസ്തു സഭയെ തന്റെ ജീവൻതന്ന് സ്നേഹിച്ചതുപോലെ ഭർത്താക്കന്മാർ സ്വന്തം ഭാര്യമാരെ സ്നേഹിക്കേണ്ടതാകുന്നു. നിയുക്തവരനുണ്ടായിരിക്കേണ്ട ഏഴാമത്തെ സ്വഭാവസവിശേഷതയാണ് അവൻ ക്രിസ്തുവിനെപ്പോലെ നിർവ്യാജ സ്നേഹമുള്ളവനായിരിക്കേണം എന്നുള്ളത്.

വിവാഹജീവിതത്തെക്കുറിച്ച് ആലോചിക്കുന്ന ഒരുവനുണ്ടായിരിക്കേണ്ട ഏഴ് സ്വഭാവസവിശേഷതകളെക്കുറിച്ചാണ് യിസ്ഹാക്കിന്റെ ജീവിതത്തോടുള്ള ബന്ധത്തിൽ ഇതുവരെ നാം ചിന്തിച്ചത്. തുടർന്ന് നിയുക്തവധുവിനുണ്ടായിരിക്കേണ്ട സുപ്രധാന സ്വഭാവസവിശേഷതകളെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്.

## iv. നിയുക്ത വധുവിനുണ്ടായിരിക്കേണ്ട സുപ്രധാനസ്വഭാവസവിശേഷതകൾ (ഉല്പ. 24:18 – 28, 58, 64 – 65)

വിവാഹ ആലോചനയിലെ സുപ്രധാനകാര്യമായ വരന്റെയും വധുവിന്റെയും വ്യക്തിത്വത്തെക്കുറിച്ചാണ് നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്. അതിൽ യിസ്ഹാക്കിന്റെ വ്യക്തിത്വത്തോടുള്ള ബന്ധത്തിൽ വരനുണ്ടായിരിക്കേണ്ട ഏഴ് സുപ്രധാന സ്വഭാവവിശേഷതകളെക്കുറിച്ചാണ് കഴിഞ്ഞ് ഭാഗത്ത് നാം ചിന്തിച്ചത്. തുടർന്ന് ഈ ഭാഗത്ത് നാം ചിന്തിക്കുന്നത് ഉല്പത്തിപുസ്തകം ഇരുപത്തിനാലാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന റിബെക്കായുടെ ജീവിതത്തെ അധികരിച്ച് നിയുക്തവധുവിനുണ്ടായിരിക്കേണ്ട ഏഴ് സുപ്രധാന സ്വഭാവസവിശേഷതകളെക്കുറിച്ചാകുന്നു.

യിസ്ഹാക്കിനെ വിവാഹം കഴിച്ച റിബെക്കാ അച്ചടക്കവും പക്വമതിയുമായ ഒരു കന്യകയായിരുന്നു. പഴയനിയമത്തിലെ റിബെക്കാ പുതിയനിയമത്തിലെ കുഞ്ഞാടിന്റെ കാന്തയ്ക്ക് നിദാനമാണ്. യിസ്ഹാക്ക് ഉത്തമപുരുഷനായിരുന്നതുപോലെ റിബെക്കാ ഉത്തമസ്ത്രീയായിരുന്നു. യിസ്ഹാക്ക്-റിബെക്കാ വിവാഹം നിഴലായിരുന്നുവെങ്കിൽ പൊരുളാകുന്ന സ്വർഗീയവിവാഹത്തിലെ ക്രിസ്തുയേശു എന്ന ആത്മമണവാളൻ ഊനമില്ലാത്തവനും സർവ്വാംഗസുന്ദരനും ആകുന്നതുപോലെ അവനു വേണ്ടി വിവാഹനിശ്ചയം

ചെയ്തിരിക്കുന്ന നിർമ്മലകന്യക ഊനമില്ലാത്തവളും സർവ്വാംഗ സുന്ദരിയും ആകുന്നു. ഉത്തമഗീതത്തിൽ നിയുക്തവധൂവരന്മാരുടെ ആന്തരീക സൗന്ദര്യത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാകുന്നു.

> എന്റെ പ്രിയേ, നീ സർവാംഗസുന്ദരി; നിന്നിൽ യാതൊരു ഊനവും ഇല്ല (ഉത്ത. 4:7)

> അവന്റെ വായ് ഏറ്റവും മധുരമുള്ളത്; അവൻ സർവ്വാംഗസുന്ദരൻ തന്നെ... (ഉത്ത. 5:16)

ആദാമികതലമുറയിൽ അകൃത്യത്തിൽ ഉരുവായ മാനവരാശി യിൽനിന്നുമാണ് കുഞ്ഞാടിന്റെ മണവാട്ടിയെ പരിശുദ്ധാത്മാവാം ദൈവം ഒരുക്കിയെടുക്കുന്നത്. കുഞ്ഞാടിന്റെ രക്തത്താൽ പാപം നീക്കി ശുദ്ധമാക്കപ്പെടുന്ന സഭയാം മണവാട്ടിയെ വചനമെന്ന ജലസ്നാനത്താൽ പരിശുദ്ധാത്മാവ് അനുദിനം കഴുകി വെടിപ്പാക്കി നിർമ്മലകന്യകയാക്കിത്തീർക്കുന്ന പ്രവൃത്തിയാണ് കഴിഞ്ഞ രണ്ടാ യിരത്തിൽപരം വർഷങ്ങളായി ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്നത്. അവരാണ് ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ച് കുഞ്ഞാ ടിന്റെ മണവാട്ടിയായി കല്യാണനാളിൽ സ്വർഗാധിസ്വർഗത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഉല്പത്തിപുസ്തകത്തിൽ നിഴലായ സംഭവം യിസ്ഹാക്കിന്റെയും റിബെക്കായുടെയും വിവാഹത്തോടെ നിറ വേറപ്പെട്ടുവെങ്കിൽ വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരി ക്കുന്ന പൊരുളാകുന്ന ഭാവികാല സംഭവമായ കുഞ്ഞാടിന്റെ വിവാ ഹം സ്വർഗാധിസ്വർഗത്തിൽ വച്ച് സമീപഭാവിയിൽ നിറവേറപ്പെടു വാനുള്ളതാണ്. കുഞ്ഞാടിന്റെ കാന്തയാകുന്നതിനു വേണ്ടിയാണ് ദൈവമക്കൾ ഓരോദിവസവും തന്നെത്താൻ ഒരുക്കി കാത്തിരിക്ക ന്നത്. നിത്യതയോടുള്ള ബന്ധത്തിൽ ആഗോളസഭയിൽനിന്ന് ആത്മമണവാട്ടിയായി തികവുപ്രാപിക്കുന്ന ഓരോരുത്തരും ആത്മീ കമായി ഒരുക്കപ്പെടുന്നതോടൊപ്പം ഭൗമികജീവിതത്തിൽ വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന ഓരോ നിയുക്തവധുവിനും ഉണ്ടാ യിരിക്കേണ്ട ഏഴ് സുപ്രധാന സ്വഭാവസവിശേഷതകളും അവയുടെ വിവരണങ്ങളുമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

1. അനുസരണമുള്ളവളായിരിക്കേണം
2. ബുദ്ധിയും സാമർത്ഥ്യവും ഉള്ളവളായിരിക്കേണം.
3. മറ്റുള്ളവരെ ബഹുമാനിക്കുന്നവളായിരിക്കേണം

4. അധ്വാനശീലയായിരിക്കേണം
5. ആതിത്ഥ്യമര്യാദയുള്ളവളായിരിക്കേണം
6. സൗന്ദര്യമുള്ളവളും വിശുദ്ധയുമായിരിക്കേണം.
7. ദൈവഹിതത്തിന് വിധേയപ്പെടുന്നവളായിരിക്കേണം

**1. അനുസരണമുള്ളവളായിരിക്കേണം**

അവൻ പറഞ്ഞുതീരും മുമ്പേ അബ്രാഹാമിന്റെ സഹോദരനായ നാഹോരിന്റെ ഭാര്യ മിൽക്കയുടെ മകൻ ബെഥൂവേലിന്റെ മകൾ റിബെക്കാ തോളിൽ പാത്രവുമായി വന്നു (ഉല്പ. 24:15).

റിബെക്കാ അവളുടെ വീട്ടിൽ അനുസരണയോടെ വളർന്നവളായിരുന്നു. അതുപോലെ അവൾ ഉത്സാഹവതിയും വീട്ടിലെ കാര്യങ്ങൾ ഭംഗിയോടെ ചെയ്യുന്നവളുമായിരുന്നു. അവൾ പതിവുപോലെ വെള്ളം കോരുവാനാണ് തോളിൽ പാത്രവുമായി കിണറ്റിനരികെ എത്തിച്ചേർന്നത്. അവളെ സസൂക്ഷ്മം വീക്ഷിച്ചുനിന്ന എല്യേസർ കണ്ടത് അവൾ പരിസരങ്ങളിൽ നില്ക്കുന്നവരെ കാര്യമായി ശ്രദ്ധിക്കാതെ അവൾ വന്ന കാര്യം ചെയ്തു മടങ്ങിപ്പോകുന്നതിനായി കിണറ്റിൽ ഇറങ്ങി വെള്ളം കോരുന്നതായിട്ടാണ്. ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് റിബെക്കാ പരകാര്യങ്ങളിൽ ഇടപെടാതെ അച്ചടക്കത്തോടെ ജീവിച്ചവളായിരുന്നു എന്നാണ്.

യിസ്ഹാക്കിനെപ്പോലെ റിബെക്കായും അനുസരണയോടെ പിതാവിന്റെ വീട്ടിൽ വളർന്നവളായിരുന്നു. റിബെക്കായുടെ ഭവനക്കാർക്ക് അബ്രാഹാമിന് ലഭിച്ച അതേ സ്വർഗീയ വീക്ഷണം ലഭിച്ചിട്ടില്ലായിരുന്നുവെങ്കിലും അവന്റെ പിതൃകുടുംബത്തിലുള്ളവർ ദൈവഭയമുള്ളവരായിരുന്നു. അതുകൊണ്ടാണ് അബ്രാഹാം ദൈവശബ്ദം കേട്ട് പുറപ്പെട്ടപ്പോൾ അവരും അവനോട് കൂടെ ഊരിൽ നിന്ന് പുറപ്പെട്ട് ഹാരാനിൽ വന്നു പാർത്തത്. അബ്രാഹാമിന് തന്റെ പിതൃകുടുംബത്തിന്റെ ആത്മീയ പശ്ചാത്തലം നന്നായി അറിയാമായിരുന്നു. അതുകൊണ്ടാണ് ദൈവഭയമില്ലാത്ത കനാൻ ദേശവാസികളിൽ നിന്ന് ഒരുവളെ തന്റെ മകനു ഭാര്യയായി എടുക്കാതെ അവന്റെ പിതൃകുടുംബത്തിൽനിന്നുള്ള ഒരുവളെ എടുക്കുവാൻ തീരുമാനിച്ചത് എന്നതിനെക്കുറിച്ച് നാം ചിന്തിച്ചിരുന്നുവല്ലോ.

മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും കീഴ്പ്പെട്ട് അനുസരണയോടെ ജീവിച്ച ഒരു കന്യകായിരുന്നു റിബെക്കാ. അവളുടെ ജീവി

തത്തെ സസൂഷ്മം വീക്ഷിക്കുന്നതിൽനിന്ന് അതാണ് വ്യക്തമാക്കപ്പെടുന്നത്. അവളെപ്പോലെ ആയിരിക്കേണം വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്ന ഏതൊരു നിയുക്തവധുവും. മക്കൾ അമ്മയപ്പന്മാരെ അനുസരിച്ച് കർത്താവിനു ഹിതമാംവണ്ണം ജീവിക്കുന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യകല്പനയാകുന്നു.

> മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ, അതു ന്യായമല്ലോ. "നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യകല്പന ആകുന്നു (എഫെ. 6:1-3).

വാഗ്ദത്തയുഗത്തിൽ ലിഖിതനിയമങ്ങൾ ഒന്നും നിലവിൽ ഇല്ലായിരുന്നുവെങ്കിലും അബ്രാഹാമിന്റെ പിതൃഭവനം ദൈവത്തെ അനുസരിച്ച് ജീവിച്ച നോഹയുടെ പിൻതലമുറയിലെ ശേമിന്റെ തലമുറയിൽപ്പെട്ടവരായിരുന്നു. അതുകൊണ്ട് അവർ ദൈവത്തോടുള്ള സ്നേഹാധിഷ്ഠിതമായ അനുസരണത്തിൽ ജീവിതം നയിച്ചവരായിരുന്നു. ആ സ്വഭാവസവിശേഷതയാണ് നമുക്ക് റിബെക്കായുടെ ജീവിതത്തിലും ദർശിക്കുവാൻ കഴിയുന്നത്.

ഇന്നത്തെ തലമുറകൾ ദൈവീകനിയമങ്ങളെ അവഗണിച്ചുകളയുന്നവരുടെ കെണിയിൽ പെട്ടുപോകാതിരിക്കുവാൻ സഭ അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. അന്ത്യകാലത്ത് മനുഷ്യർ സ്വസ്നേഹികളും അമ്മയപ്പന്മാരെ അനുസരിക്കാത്തവരുമായിരിക്കും എന്നാണ് തിരുവചനം വ്യക്തമാക്കുന്നത് (2 തിമൊ. 3:2). ദൈവഭയത്തോടെ ജീവിക്കുന്ന തലമുറകളാണ് മാതാപിതാക്കൾക്ക് കീഴടങ്ങി കുടുംബങ്ങളിൽ അനുസരണയോടെ വളരുന്നത്. അവരുടെ കുടുംബജീവിതമാണ് ഭാവിയിൽ ധന്യമായിത്തീരുന്നത്. ജീവിതത്തിൽ നന്മ ലഭിക്കുവാനും ദീർഘായുസ്സോടിരിപ്പാനും മക്കൾ മാതാപിതാക്കളെ അനുസരിക്കുന്നവരായിരിക്കേണം എന്നാണ് തിരുവചനത്തിൽ വ്യക്തമാക്കിയിരിക്കുന്നത്.

പൊരുളായ സ്വർഗീയ വിവാഹത്തിലെ മണവാട്ടിയാകുന്ന സഭ കർത്താവിന് സകലത്തിലും കീഴടങ്ങിയിരിക്കുന്നു. അങ്ങനെ അനുസരണത്തിൽ തികയുന്നവരെയാണ് പരിശുദ്ധാത്മാവ് നിർമ്മലകന്യകയുടെ ഗണത്തിലുൾപ്പെടുത്തുന്നത്. ക്രിസ്തുവിന് സഭ കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാർ സ്വന്തഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കേണം. അത് സന്തുഷ്ടമായ വിവാഹജീവിതത്തിന് അത്യന്താ

പേക്ഷിതമായകാര്യമാകുന്നു. അതുകൊണ്ട് വിവാഹജീവിതത്തെക്കുറിച്ച് ആലോചിക്കുന്ന ഏതൊരു പെൺകുട്ടിയും ഭർത്താവിനോട് അനുസരണമുള്ളവളായിരിക്കേണമെന്നത് അവളുടെ സ്വഭാവസവിശേഷതയിലെ സുപ്രധാന ഘടകമാകുന്നു.

### 2. ബുദ്ധിയും സാമർത്ഥ്യവുമുള്ളവളായിരിക്കേണം

...ബാല ഓടിച്ചെന്ന് അമ്മയുടെ വീട്ടുകാരെ ഈ വസ്തുത അറിയിച്ചു (ഉല്പ. 24:28).

അപരിചിതനായ എല്യേസറിനോടുള്ള റിബെക്കായുടെ സംഭാഷണശൈലിയും ഇടപെടലും നാം ശ്രദ്ധിച്ചാൽ അവൾ സാമർത്ഥ്യവും ബുദ്ധിയും ഉള്ളവളായിരുന്നു എന്നാണ് വ്യക്തമാക്കപ്പെടുന്നത്. അവൾ ഓടിച്ചെന്ന് ഈ കാര്യങ്ങളെല്ലാം അമ്മയുടെ വീട്ടുകാരെയാണ് അറിയിച്ചത്. അത് കാര്യങ്ങൾ ഗ്രഹിക്കുന്നതിലും അതിനനുസരിച്ച് പ്രവർത്തിക്കുന്നതിലും അവൾക്കുണ്ടായിരുന്ന സാമർത്ഥ്യത്തെയാണ് വെളിപ്പെടുത്തുന്നത്. ദൈവം യിസ്ഹാക്ക് എന്ന സമർത്ഥനായ പുരുഷനുവേണ്ടി കരുതിവച്ചിരുന്നത് സാമർത്ഥ്യമുള്ള റിബെക്കായെ ആയിരുന്നു. ആത്മീയകാര്യങ്ങളിൽ അതിസമർത്ഥനായിരുന്നു യിസ്ഹാക്ക്. അത് വ്യക്തമാക്കുന്നതാണ് അബ്രാഹാം തോളിൽ വച്ചുകൊടുത്ത യാഗത്തിനുള്ള വിറകുമായി അവൻ ചുറുചുറുക്കോടെ മോറിയാ മല നടന്നുകയറിയത്. അത് അവന്റെ ആത്മീയകാര്യങ്ങളിലെ ശുഷ്കാന്തിയെ വെളിപ്പെടുത്തുമ്പോൾ കുടുംബത്തിനുള്ളിലെ കാര്യങ്ങൾ ഭംഗിയോടെ ചെയ്യുവാനുള്ള റിബെക്കായുടെ കഴിവിനെയാണ് അവളുടെ തോളിൽ ഇരുന്ന വെള്ളം കോരുന്ന പാത്രം വെളിപ്പെടുത്തുന്നത്. ഇതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത് യിസ്ഹാക്ക് വാഗ്ദത്തവിഷയങ്ങൾക്ക് മുൻതൂക്കം കൊടുത്തപ്പോൾ റിബെക്കായാണ് അവരുടെ കുടുംബകാര്യങ്ങൾ ശ്രദ്ധിച്ച് നടത്തിയിരുന്നത് എന്നാകുന്നു.

റിബെക്കായുടെ വല്യപ്പനായ നാഹോർ, വല്യമ്മച്ചി മിൽക്ക, പിതാവ് ബെഥൂവേൽ, ധാത്രി ദബോറാ എന്നിവരുടെ പേരുകൾ തിരുവചനത്തിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ബെഥൂവേലിന്റെ ഭാര്യയും റിബെക്കായുടെ അമ്മയുമായിരുന്നവളുടെ പേർ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ബെഥൂവേലിന്റെ ഭാര്യാഗൃഹം അവന്റെ വീടിന്റെ സമീപത്തായിരുന്നു എന്നുവേണം ചിന്തിക്കുവാൻ; അതുകൊണ്ടാണല്ലോ റിബെക്കാ ഓടിച്ചെന്ന് അവളുടെ

അമ്മയുടെ വീട്ടുകാരെ വിവരം ധരിപ്പിച്ചത്. അവൾക്ക് പിതൃകുടുംബത്തേക്കാൾ അവളുടെ അമ്മയുടെ വീട്ടുകാരോടായിരുന്നു മനസ്സുതുറന്നു സംസാരിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടായിരുന്നത്. അതുകൊണ്ടാണ് അവളെ വ്യക്തമായി ഗ്രഹിക്കുവാൻ കഴിയുന്ന അവളുടെ അമ്മയുടെ വീട്ടുകാരെ ഈ കാര്യം ആദ്യം അറിയിച്ചത്. അന്നു മാത്രമല്ല ഇന്നത്തെ സാഹചര്യത്തിലും മകളുടെ മക്കൾക്ക് അമ്മയുടെ വീട്ടിൽ പ്രത്യേക കരുതലും സ്വാതന്ത്ര്യവും മിക്ക കുടുംബങ്ങളിലും ഉണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. അതിന്റെ വിശകലനത്തിലേക്ക് തുനിയുന്നില്ല. റിബെക്കാ ചെയ്തതുപോലെ ബുദ്ധിയോടെവേണം പെൺകുട്ടികൾ കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടത്. നിങ്ങളെ നന്നായി ഗ്രഹിക്കുവാൻ കഴിയാത്തവരോടാണ് ഇത്തരം കാര്യങ്ങൾ അറിയിക്കുന്നത് എങ്കിൽ അത് അനാവശ്യ സംശയങ്ങൾക്കും അന്വേഷണങ്ങൾക്കും കാരണമായിത്തീരും. കാര്യങ്ങൾ തുറന്നു പറയുവാൻ കഴിയുന്നത് ആരോടാകുന്നു എന്നതിൽ അപ്പന്റെയോ അമ്മയുടെയോ വീട്ടുകാർ എന്ന് വ്യത്യാസമില്ല. എന്നാൽ റിബെക്കായെ സംബന്ധിച്ചിടത്തോളം അവൾക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നത് അമ്മയുടെ വീട്ടുകാരോടായിരുന്നു. അതുകൊണ്ടാണ് അവൾ ബുദ്ധിയോടെ അമ്മയുടെ വീട്ടുകാരെ ആദ്യം വസ്തുത അറിയിച്ചത്. റിബെക്കാ കാണിച്ചതുപോലെയുള്ള സാമർത്ഥ്യവും ബുദ്ധിയും വിവാഹജീവിതത്തിലേക്കു പ്രവേശിക്കുന്ന നിയുക്ത വധുവിനുണ്ടായിരിക്കേണ്ട രണ്ടാമത്തെ സ്വഭാവസവിഷേഷത യാകുന്നു.

### 3. മറ്റുള്ളവരെ ബഹുമാനിക്കുന്നവളായിരിക്കേണം

> ദാസൻ വേഗത്തിൽ അവളെ എതിരേറ്റു ചെന്ന്: നിന്റെ പാത്രത്തിലെ വെള്ളം കുറെ എനിക്കു കുടിപ്പാൻ തരേണം എന്നു പറഞ്ഞു. യജമാനനേ, കുടിക്ക എന്ന് അവൾ പറഞ്ഞു വേഗം പാത്രം കൈയിൽ ഇറക്കി അവന് കുടിപ്പാൻ കൊടുത്തു (ഉല്പ. 24:17 - 18).

കിണറിനരികെ റിബെക്കായെ കണ്ട അബ്രാഹാമിന്റെ ബുദ്ധിമാനായ ദാസൻ കാര്യം ഗ്രഹിച്ചത് വേഗത്തിൽ ചെന്ന് അവളോട് സംസാരിക്കുന്നില്ലായെങ്കിൽ അവൾ വെള്ളം കോരി അവളുടെ വീട്ടിലേക്ക് തിടുക്കത്തിൽ മടങ്ങിപ്പോകുമെന്നായിരുന്നു. അതുകൊണ്ടാണ് അവൻ വേഗത്തിൽ ചെന്ന് അവളോട് കുടിപ്പാൻ കുറെ വെള്ളം ചോദിച്ചത്. അവന്റെ ആവശ്യത്തിങ്കൽ റിബെക്കായുടെ പ്രതികരണം തികച്ചും ബഹുമാനപൂർവ്വമായിരുന്നു. അപരിചിതനായ

എല്യേസറിനെ അവൾ യജമാനനെ എന്നാണ് അഭിസംബോധന ചെയ്തത്. അതുമാത്രമല്ല തോളിൽ വച്ചിരുന്ന പാത്രം അവൾ മടി കൂടാതെ താഴെ ഇറക്കി അവനു കുടിപ്പാൻ വെള്ളം ഒഴിച്ചുകൊടുത്തു. അവൾ അവനെ ബഹുമാനപൂർവ്വം യജമാനനേ എന്ന് സംബോധനചെയ്തതിൽ നിന്ന് വ്യക്തമാക്കപ്പെടുന്നത് അവൾ മറ്റുള്ളവരെ ബഹുമാനിക്കുന്ന സ്വഭാവസവിശേഷതയുള്ളവളായിരുന്നു എന്നതാണ്. കിണറ്റിൽ നിന്ന് വെള്ളം കോരി തോളിൽ വച്ച പാത്രം വീണ്ടും മടികൂടാതെ അവൾ താഴെ ഇറക്കിയതിൽ നിന്നും വ്യക്തമാകുന്നത് അവളുടെ ക്ഷമാശീലത്തെയാണ്.

അപരിചിതനായ എല്യേസറിനോട് ആദരപൂർവ്വമായിരുന്നു അവളുടെ ഇടപെടൽ എന്നതിന് വേറെ തെളിവുകൾ നിരത്തേണ്ട ആവശ്യമില്ല. റിബെക്കായെപ്പോലെ എല്ലാവരോടും ബഹുമാനത്തോടെ ഇടപെടുകയും സഹായം ചോദിക്കുന്നവരെ ഒഴിഞ്ഞുകളയാതെ അവരെ സഹായിക്കുന്നതും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്ന ഏതൊരു പെൺകുട്ടിക്കും ഉണ്ടായിരിക്കേണ്ട മൂന്നാമത്തെ സ്വഭാവസവിശേഷതയാകുന്നു.

### 4. അദ്ധ്വാനശീലയായിരിക്കേണം

> അവനു കുടിപ്പാൻ കൊടുത്തശേഷം: നിന്റെ ഒട്ടകങ്ങൾക്കും വേണ്ടുവോളം ഞാൻ കോരിക്കൊടുക്കാം എന്നു പറഞ്ഞു. പാത്രത്തിലെ വെള്ളം വേഗം തൊട്ടിയിൽ ഒഴിച്ചു. പിന്നെയും കോരിക്കൊണ്ടുവരുവാൻ കിണറ്റിലേക്ക് ഓടി ഇറങ്ങി അവന്റെ ഒട്ടകങ്ങൾക്കും എല്ലാം കോരിക്കൊടുത്തു (ഉല്പ. 24:19-20).

ദൂരയാത്ര ചെയ്തു വന്ന ഒട്ടകക്കൂട്ടങ്ങൾ ആണെന്ന് ഗ്രഹിച്ചിട്ടും റിബെക്കാ അവയ്ക്ക് വെള്ളം കോരിക്കൊടുക്കാം എന്നു എല്യേസറിനോട് പറഞ്ഞത് ദൈവാത്മപ്രേരണയിലായിരുന്നു. അവൾ അത് പറയുക മാത്രമല്ല യാതൊരു മടിയും കാണിക്കാതെ തികച്ചും കഠിനമായ ജോലി അവൾ തനിയെ ചെയ്യുകയും ചെയ്തു. സാധാരണ മൃഗങ്ങളെക്കാൾ മരുഭൂമിയിലെ വാഹനമൃഗമാകുന്ന ഒട്ടകം ധാരാളം വെള്ളം കുടിക്കുന്നവയാണ്. അതും ക്ഷീണിച്ചു വന്ന പത്ത് ഒട്ടകങ്ങൾക്ക് റിബെക്കാ വെള്ളം കോരിക്കൊടുത്തതിൽനിന്നും എല്യേസർ ഗ്രഹിച്ചത് അവൾ ആരോഗ്യദൃഢഗാത്രയാകുന്നു എന്നാണ്. അവന്റെ യജമാനനായ യിസ്ഹാക്കിന്റെ ഭാര്യ ആകേണ്ടവൾ ആരോഗ്യമുള്ളവളും അദ്ധ്വാനശീലയുമായിരിക്കേണം എന്ന

ചിന്തയിൽനിന്നുമാണ് അവൻ അടയാളമായി അക്കാര്യം ദൈവ ത്തോട് ചോദിച്ചത്. സൗന്ദര്യവും സ്വഭാവവുമൊക്കെ ഒരു പരിധിവരെ പുറമെനിന്ന് ഗ്രഹിക്കുവാൻ സാധിക്കുമെന്ന് അറിയാമായിരുന്ന എല്യേസറിന് അറിയേണ്ടിയിരുന്നത് അവൾ ആരോഗ്യമുള്ളവളും അധ്വാനശീലയും ആകുന്നുവോ എന്നായിരുന്നു. അത് അറിയണമെങ്കിൽ അവന്റെ ദൃഷ്ടിയിൽ അവൾ ജോലിചെയ്യുന്നത് കാണണമായിരുന്നു. അന്നത്തെക്കാലത്ത് കുടുംബം പുലർത്തണ മെങ്കിൽ സ്ത്രീകൾക്ക് ആരോഗ്യവും അധ്വാനശീലവും ഉണ്ടായി രിക്കേണ്ടത് അത്യന്താപേക്ഷിതമായിരുന്നു. ഇന്നത്തെക്കാലത്ത് പത്ത് ഒട്ടകങ്ങൾക്ക് വെള്ളം കോരിക്കൊടുക്കുവാനുള്ള ആരോഗ്യം ആവശ്യമില്ലായെങ്കിലും കുടുംബകാര്യങ്ങൾ മുടക്കം കൂടാതെ ചെയ്യുവാനുള്ള ആരോഗ്യക്ഷമതയും അധ്വാനശീലവും വിവാഹിതയാകുന്ന ഓരോ പെൺകുട്ടിക്കും ഉണ്ടായിരിക്കേണ്ട താണ്. എന്നാൽ ഇതിനു വിപരീതമായി മറ്റാർക്കും വേഗത്തിൽ കണ്ടുപിടിക്കുവാൻ കഴിയാത്ത എന്തെങ്കിലും ശാരീരിക വിഷമത കൾ വരനോ വധുവിനോ ഉണ്ടെങ്കിൽ അത് രഹസ്യമായി വയ്ക്കാതെ വിവാഹാലോചനയിൽ തുറന്നുപറയുന്നത് ഉചിതമായിരിക്കും. അങ്ങ നെയെങ്കിൽ അത് ഭാവി ജീവിതത്തെ ദോഷകരമായി ബാധിക്കുക യില്ല. നിയുക്ത വധുവിനുണ്ടായിരിക്കേണ്ട നാലാമത്തെ സ്വഭാവസ വിഷേഷത അവൾ റിബെക്കായെപ്പോലെ അധ്വാനശീലയായിരി ക്കേണം എന്നാകുന്നു.

### 5. ആതിഥ്യമര്യാദയുള്ളവളായിരിക്കേണം

അവളോട്: നീ ആരുടെ മകൾ? പറക; നിന്റെ അപ്പന്റെ വീട്ടിൽ ഞങ്ങൾക്ക് രാപാർപ്പാൻ സ്ഥലം ഉണ്ടോ എന്നു ചോദിച്ചു. അവൾ അവനോട്: നാഹോരിനു മിൽക്കാ പ്രസവിച്ച മകനായ ബെഥൂവേലിന്റെ മകളാകുന്നു ഞാൻ എന്നു പറഞ്ഞു. ഞങ്ങളുടെയവിടെ വൈക്കോലും തീനും വേണ്ടുവോളം ഉണ്ട്; രാപാർപ്പാൻ സ്ഥലവും ഉണ്ട് എന്നും അവൾ പറഞ്ഞു (ഉല്പ. 24:23-25).

പത്ത് ഒട്ടകങ്ങൾക്ക് വേണ്ടുവോളം വെള്ളം കോരിക്കൊടുത്ത റിബെക്കാ സമർത്ഥയാണ് എന്നു കണ്ട എല്യേസർ അവളുടെ ആതി ഥ്യമര്യാദയെയാണ് അടുത്തതായി പരീക്ഷിച്ചത്. അവൻ ചോദിച്ച സകല കാര്യങ്ങൾക്കും വളരെ വ്യക്തമായ ഉത്തരമാണ് അവൾ പറ ഞ്ഞത്. അതുപോലെ പത്ത് ഒട്ടകങ്ങളും സന്നാഹങ്ങളുമായി അവ ളുടെ മുമ്പിൽ നില്ക്കുന്ന വ്യക്തി സാധാരണക്കാരനല്ലായെന്നും

സ്വന്തകുടുംബത്തിൽ പാർപ്പിക്കുവാൻ യോഗ്യനാണെന്നും അവൾക്ക് ബോധ്യമായി. അതുകൊണ്ടാണ് അവൾ യാതൊരു മടിയും കൂടാതെ അവളുടെ കുടുംബസ്ഥിതി അവന് വെളിപ്പെടുത്തിക്കൊടുത്തത്. ഇതിൽനിന്ന് റിബെക്കാ ആതിത്ഥ്യമര്യാദ ഉള്ളവളാകുന്നു എന്ന് അവന് നന്നായി ബോധ്യപ്പെടുകയും ചെയ്തു.

റിബെക്കായെപ്പോലെ വിവേകത്തോടെ വളരെ ചിന്തിച്ചുവേണം മറ്റുള്ളവരോട് ഇടപെടേണ്ടതും പ്രത്യേകിച്ച് കുടുംബകാര്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്യേണ്ടത്. റിബെക്കാ നുണപറഞ്ഞ് അവനിൽനിന്ന് ഒഴിഞ്ഞുമാറുകയോ ഇല്ലാത്ത കാര്യങ്ങൾ ഉണ്ടെന്നു വമ്പു പറയുകയോ ചെയ്തില്ല. റിബെക്കാ എല്യേസറിനോട് തക്കസമയത്ത് പറഞ്ഞ വാക്കുകൾ വെള്ളിത്താലത്തിൽ പൊൻനാരങ്ങ പോലെ ആയിരുന്നു (സദൃശ. 25:11). അവന്റെ യജമാനനായ അബ്രാഹാമിന്റെ വീട്ടിൽ ദൈവദൂതന്മാർ അതിഥികളായി വരുന്ന വീടാണ് എന്ന് എല്യേസറിന് നന്നായി അറിയാമായിരുന്നു. പഴയനിയമ വിശുദ്ധന്മാർ ആരെന്നറിയാതെ ദൈവദൂതന്മാരെ സല്ക്കരിച്ചിരുന്നു എന്നാണ് എബ്രായലേഖനത്തിൽ അതെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് (എബ്രാ. 13:2). ദൈവദൂതന്മാരെ സല്കരിക്കുന്ന അബ്രാഹാമിന്റെ വീട്ടിലെ ഒരു അംഗമായിത്തീരുവാൻ റിബെക്കാ തികച്ചും യോഗ്യയാകുന്നു എന്ന് എല്യേസർ നിർണ്ണയിച്ചു. ഇതിൽനിന്നും കുടുംബജീവിതത്തിൽ പ്രവേശിക്കുന്ന നിയുക്തവധു റിബെക്കായെപ്പോലെ അതിഥി സല്ക്കാരം ചെയ്യുവാൻ മടി കാണിക്കാത്തവളായിരിക്കേണം. അതാണ് നിയുക്ത വധുവിനുണ്ടായിരിക്കേണ്ട അഞ്ചാമത്തെ സ്വഭാവസവിശേഷത.

### 6. സൗന്ദര്യമുള്ളവളും വിശുദ്ധയുമായിരിക്കേണം

ബാല അതിസുന്ദരിയും പുരുഷൻ തൊടാത്ത കന്യകയും ആയിരുന്നു; അവൾ കിണറ്റിൽ ഇറങ്ങി പാത്രം നിറച്ച് കയറിവന്നു (ഉല്പ. 24:16).

റിബെക്കായെ എല്യേസർ കണ്ടത് അവൾ വെള്ളം കോരുവാൻ കിണറ്റിനരികെ വരുന്ന സമയത്തായിരുന്നു. ആ സമയത്ത് അവൾക്ക് പ്രത്യേകമായ ഒരുക്കങ്ങൾ ഒന്നുമില്ലായിരുന്നുവെങ്കിലും അവൾ രൂപവതിയും വൃത്തിയുള്ളവളുമായിരുന്നു. ദൈവം ഓരോരുത്തർക്കും നല്കിയിരിക്കുന്ന വ്യക്തിപരമായ സൗന്ദര്യമുണ്ട്. റിബെക്കായുടെ ആന്തരികസൗന്ദര്യം പോലെ അവൾ ബാഹ്യമായിട്ടും സൗന്ദര്യമുള്ളവളായിരുന്നു. അതുപോലെ അവളുടെ യൗവ്വനം തുച്ഛീകരിക്കാതെ

വിശുദ്ധിയെ തന്നെത്താൻ കാത്തുസൂക്ഷിച്ചിരുന്നവളുമായിരുന്നു. റിബെക്കാ വീട്ടിൽ വളർന്നത് സന്തോഷവതിയായിട്ടായിരുന്നു. അതുകൊണ്ട് അതിന്റെ പ്രസരിപ്പ് അവളുടെ മുഖത്തുപ്രകടമായിരുന്നു. ദൈവത്തിൽ എപ്പോഴും സന്തോഷിക്കുന്നവരിലാണ് പ്രസരിപ്പിന്റെ പ്രത്യേക സൗന്ദര്യം നമുക്ക് ദർശിപ്പാൻ കഴിയുന്നത്.

കുഞ്ഞാടിന്റെ കാന്ത സ്ത്രീകളിൽ അതിസുന്ദരിയാണ്. അതുപോലെ അവൾ ലോകത്തിലുള്ള കളങ്കം പറ്റാതെ തന്നെത്താൻ കാത്തു സൂക്ഷിക്കുന്നവളുമാകുന്നു എന്നാണ് തിരുവചനത്തിൽ അവളെ പ്രകീർത്തിച്ചിരിക്കുന്നത്. റിബെക്കാ കുഞ്ഞാടിന്റെ കാന്തയുടെ നിഴലാകുന്നു. അവൾ എപ്പോഴും സന്തോഷവതിയും ഒരുക്കവും വിശുദ്ധിയും ഉള്ളവളുമായിരുന്നു. അതുപോലെ ആയിരിക്കേണം വളർന്നുവരുന്ന ഓരോ പെൺകുട്ടിയും. റിബെക്കായുടെ അരികിൽ നിനയാത്ത നാഴികയിലാണ് ദൈവദൂതൻ എല്യേസറിനെ കൊണ്ടുവന്നതെങ്കിൽ കുഞ്ഞാടിന്റെ മണവാട്ടിയും അതുപോലെ കർത്താവിന്റെ വരവിനായി ഏതുനേരത്തും ഒരുങ്ങിയിരിക്കേണ്ടതാകുന്നു.

ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് വിവാഹത്തോട് അടുക്കുന്ന നാളിൽ ഒരുങ്ങി ജീവിക്കാമെന്നുകരുതി അലസരാകരുത് എന്നുള്ളതാകുന്നു. വിവാഹജീവിതത്തോടുള്ള ബന്ധത്തിൽ ശരീരത്തിലും ആത്മാവിലും റിബെക്കാ ഒരുക്കമുള്ളവളായിരുന്നു. അതുപോലെ നിയുക്തവധുവനുണ്ടായിരിക്കേണ്ട ആറാമത്തെ സ്വഭാവസവിശേഷതയാണ് അവൾ സൗന്ദര്യമുള്ളവളും വിശുദ്ധി കാത്തുസൂക്ഷിക്കുന്നവളും ആയിരിക്കേണം എന്നുള്ളത്.

### 7. ദൈവഹിതത്തിനു വിധേയപ്പെടുന്നവളായിരിക്കേണം

അവർ റിബെക്കായെ വിളിച്ച് അവളോട്: നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ എന്നു ചോദിച്ചു. ഞാൻ പോകുന്നു എന്ന് അവൾ പറഞ്ഞു (ഉല്പ. 24:58).

അപ്രതീക്ഷിതമായി വന്ന വിവാഹാലോചന ആയിരുന്നുവെങ്കിലും റിബെക്കായുടെ മനസ്സിൽ അത് ദൈവത്താൽ വന്നതായിരുന്നു എന്ന് പൂർണ്ണനിശ്ചയമുണ്ടായിരുന്നു. അന്നു നടന്ന സംഭവങ്ങളെ അവൾ ഒന്നൊന്നായി വിശകലനം ചെയ്തതിൽനിന്ന് ദൈവഹിതം അതിന്റെ പിമ്പിലുണ്ടെന്ന് അവൾക്ക് വ്യക്തമായി. അതുകൊണ്ടാണ് അവളുടെ വീട്ടുകാർ അവളുടെ അഭിപ്രായം ചോദിച്ചപ്പോൾ

യാതൊരു ഭയവും കൂടാതെ ഞാൻ പോകുന്നു എന്ന് അവൾ പറഞ്ഞത്. തികഞ്ഞ സ്നേഹം സകലഭയത്തെയും പുറത്താക്കുന്നു എന്ന തിരുവചനമാണ് റിബെക്കായുടെ ജീവിതത്തിൽ നിറവേറപ്പെട്ടത്. യിസ്ഹാക്ക് ശുഭാപ്തി വിശ്വാസമുള്ളവനായി വെളിമ്പ്രദേശത്ത് വന്ന് ധ്യാനനിരതനായിരുന്നതുപോലെ റിബെക്കായുടെ ഉള്ളിലും തന്റെ പ്രതിശ്രുതവരനെ കാണുവാനുള്ള വെമ്പലുണ്ടായിരുന്നു. അത് നിഴലായിരുന്നുവെങ്കിൽ പൊരുളായത് ഇന്ന് ഭൂമിയിൽ കുഞ്ഞാടിന്റെ കാന്ത അവളുടെ ആത്മമണവാളനെ കാണുവാൻ അതിവാഞ്ഛയോടെ കാത്തിരിക്കുന്നു എന്നുള്ളതാകുന്നു.

ദൈവഹിതത്തിനായി സമർപ്പിതരായ രണ്ടു പേരായിരുന്നു യിസ്ഹാക്കും റിബെക്കായും അതിനാൽ അവരുടെ കൂടിക്കാഴ്ചയും അതിമനോഹരമായിരുന്നു. അതെക്കുറിച്ച് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

> ... അവൻ തല പൊക്കി നോക്കി ഒട്ടകങ്ങൾ വരുന്നതു കണ്ടു. റിബെക്കായും തലപൊക്കി യിസ്ഹാക്കിനെ കണ്ടിട്ട് ഒട്ടകപ്പുറത്തുനിന്ന് ഇറങ്ങി. അവൾ ദാസനോട്: നമ്മെ എതിരേറ്റു വരുന്ന പുരുഷൻ ആരെന്ന് ചോദിച്ചതിന് എന്റെ യജമാനൻ തന്നെ എന്ന് ദാസൻ പറഞ്ഞു. അപ്പോൾ അവൾ ഒരു മൂടുപടം എടുത്തു തന്നെ മൂടി (ഉല്പ. 24:64-65).

റിബെക്കാ വിശ്വാസത്താൽ മെസോപ്പൊത്താമ്യയിൽനിന്ന് ഇറങ്ങിത്തിരിച്ചത് അവളുടെ കാന്തനാകുന്ന യിസ്ഹാക്കിനോടൊപ്പം ചേരുന്നതിനു വേണ്ടിയായിരുന്നു. അവർ ഇരുവരും അവരുടെ സമാഗമനത്തിന്റെ സമയത്തിനായിട്ടാണ് അതിവാഞ്ഛയോടെ കാത്തിരുന്നത്. അതിന്റെ തക്ക സമയത്ത് അവർ ഇരുവരും തലപൊക്കി നോക്കിയ സന്ദർഭത്തിലാണ് അവർ പരസ്പരം കണ്ടത്. അവളുടെ യജമാനനെ കണ്ട നിമിഷത്തിലാണ് അവരുടെ വിവാഹാചാര പ്രകാരം അവൾ കയ്യിൽ കരുതിയിരുന്ന മൂടുപടം എടുത്ത് അവളെത്തന്നെ മൂടിയത്. അവൾ അപ്രകാരം ചെയ്തത് യിസ്ഹാക്കും റിബെക്കായും തമ്മിലുള്ള വിവാഹം നടന്നതിന്റെ അടയാളമായിട്ടായിരുന്നു. അതോടെയാണ് ദൈവഹിതത്തിനായി ജീവിതം സമർപ്പിച്ച യിസ്ഹാക്ക് എന്ന നിയുക്തവരനും റിബെക്കാ എന്ന നിയുക്തവധുവും അന്നു നിലനിന്നിരുന്ന വിവാഹാചാരപ്രകാരം ജീവിതപങ്കാളികളായിത്തീർന്നത്. റിബെക്കാ ദൈവഹിതത്തിന് പൂർണ്ണമായി വിധേയപ്പെട്ട് യിസ്ഹാക്കിന് ഭാര്യയാതുപോലെ നിയുക്തവധുവും

ദൈവഹിതത്തിന് പൂർണ്ണമായി വിധേയപ്പെടണം എന്നതാണ് ഏഴാമത്തെ സ്വഭാവസവിശേഷത.

കുഞ്ഞാടിന്റെ കല്ല്യാണത്തിന്റെ നിഴലായിരിക്കുന്ന യിസ്ഹാക്കിന്റെ വിവാഹത്തെക്കുറിച്ചാണ് ഉല്പത്തിപുസ്തകം ഇരുപത്തിനാലാം അദ്ധ്യായത്തോടുള്ള ബന്ധത്തിൽ നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്. അതിൽ വിവാഹ ആലോചന എന്ന അദ്ധ്യായത്തിൽ ഇതുവരെ നാം ചിന്തിച്ചത് വിവാഹാലോചനയിൽ വരന്റെ ഗൃഹത്തിലുള്ളവർക്കുണ്ടായിരിക്കേണ്ട കാഴ്ചപ്പാടുകൾ, മധ്യസ്ഥന്റെ ചുമതലകൾ, വരന്റെയും വധുവിന്റെയും സ്വഭാവസവിശേഷതകൾ എന്നിവയെക്കുറിച്ചായിരുന്നു. തുടർന്ന് ഈ അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത് വിവാഹാലോചനയിൽ വധുവിന്റെ ഗൃഹത്തിലുള്ളവർക്കുണ്ടായിരിക്കേണ്ട കാഴ്ചപ്പാടുകളെക്കുറിച്ചാകുന്നു.

## V. വിവാഹാലോചനയിൽ വധുവിന്റെ ഗൃഹത്തിലുള്ളവർക്ക് ഉണ്ടായിരിക്കേണ്ട കാഴ്ചപ്പാടുകൾ (ഉല്പ. 24:29 – 32, 50 – 61)

റിബെക്കായുടെ കുടുംബത്തിലുള്ളവർക്ക് അവളുടെ ഭാവിയെക്കുറിച്ച് ഏഴുവിധ സുപ്രധാന കാഴ്ചപ്പാടുകളാണ് ഉണ്ടായിരുന്നത്. അവ ഓരോന്നും രേഖപ്പെടുത്തിയിരിക്കുന്നത് ഉല്പത്തിപുസ്തകം ഇരുപത്തിനാലാം അദ്ധ്യായത്തിലാകുന്നു. ഈ അദ്ധ്യായത്തിൽ ഇതിനോടുള്ള ബന്ധത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളെ അധികരിച്ചാണ് വിവാഹാലോചനയിൽ വധൂഗൃഹത്തിലുള്ളവർക്ക് ഉണ്ടായിരിക്കേണ്ട ആറ് സുപ്രധാന കാഴ്ചപ്പാടുകളാകുന്നു. ഏഴാമത്തേത് വിവാഹാനന്തരം നവദമ്പതിമാരോടുള്ള കാഴ്ചപ്പാടാകുന്നു.

1. ഉത്തരവാദിത്വത്തോടുള്ള ബന്ധത്തിലെ കാഴ്ചപ്പാട്
2. ആതിത്ഥ്യമര്യാദയിലുള്ള കാഴ്ചപ്പാട്
3. ദൈവഹിതം തിരിച്ചറിയുന്നതിലുള്ള കാഴ്ചപ്പാട്
4. പെൺകുട്ടിക്ക് സ്വതന്ത്രമായി ചിന്തിക്കുന്നതിനും തീരുമാനം എടുക്കുന്നതിലുമുള്ള കാഴ്ചപ്പാട്
5. ദാമ്പത്യജീവിതത്തിലേക്ക് പ്രവേശിക്കുന്ന മകളെക്കുറിച്ചുള്ള കാഴ്ചപ്പാട്
6. ദാമ്പത്യജീവിതത്തിനായി സ്വന്ത ഭവനത്തിൽ നിന്ന് മകളെ അനുഗ്രഹിച്ച് ഭർതൃഗൃഹത്തിലേക്ക് അയ്ക്കുന്നതിനോടുള്ള ബന്ധത്തിലെ കാഴ്ചപ്പാട്

7. വിവാഹാനന്തരം ദാമ്പത്യജീവിതത്തിലേക്ക് പ്രവേശിക്കുന്ന മകളുടെ കുടുംബജീവിതത്തിൽ അകാരണമായി ഇടപെടാതിരിക്കുന്നതിലുള്ള കാഴ്ചപ്പാട്.

### 1. ഉത്തരവാദിത്വത്തോടുള്ള ബന്ധത്തിലെ കാഴ്ചപ്പാട്

റിബെക്കായ്ക്ക് ഒരു സഹോദരൻ ഉണ്ടായിരുന്നു; അവനു ലാബാനെന്നു പേർ. ലാബാൻ പുറത്ത് കിണറ്റിങ്കൽ ആ പുരുഷന്റെ അടുക്കൽ ഓടിച്ചെന്നു. അവൻ മൂക്കുത്തിയും സഹോദരിയുടെ കൈമേൽ വളയും കാണുകയും ആ പുരുഷൻ ഇന്നപ്രകാരം എന്നോടു പറഞ്ഞു എന്നു തന്റെ സഹോദരിയായ റിബെക്കായുടെ വാക്കു കേൾക്കയും ചെയ്തപ്പോൾ ആ പുരുഷന്റെ അടുക്കൽ ചെന്നു; അവൻ കിണറ്റിങ്കൽ ഒട്ടകങ്ങളുടെ അരികെ നില്ക്കയായിരുന്നു (ഉല്പ. 24:29-30).

വിവാഹലോചനയിൽ വരന്റെ ഗൃഹത്തിലുള്ളവർക്ക് ഉണ്ടായിരിക്കേണ്ട ഉത്തരവാദിത്വപരമായ കാഴ്ചപ്പാടിനെക്കുറിച്ച് നാം ചിന്തിച്ചത് അബ്രാഹാമിന് യിസ്ഹാക്കിന്റെ വിവാഹത്തോടുള്ള ബന്ധത്തിൽ ഉണ്ടായിരുന്ന ഉത്തരവാദിത്വത്തെ അധികരിച്ചായിരുന്നു. അതുപോലെ വധു ഗൃഹത്തിലുള്ളവർക്ക് ഉണ്ടായിരിക്കേണ്ട ഉത്തരവാദിത്വ മനോഭവത്തെക്കുറിച്ച് തുടർന്ന് നാം ചിന്തിക്കുന്നത് റിബെക്കായുടെ വിവാഹാലോചനയിൽ അവളുടെ കുടുംബത്തിൽ ഉള്ളവർക്കുണ്ടായിരുന്ന ഉത്തരവാദിത്വ മനോഭാവത്തെ അധികരിച്ചാകുന്നു.

റിബെക്കായുടെ വിവാഹാലോചനയിൽ അവളുടെ പിതാവായ ബെഥൂവേലിനേക്കാൾ അവന്റെ മകനായ ലാബാനായിരുന്നു മുന്നിട്ടിറങ്ങിയത്. അന്ന് ലാബാന് അവന്റെ സഹോദരിയോടുണ്ടായിരുന്ന ഉത്തരവാദിത്വമനോഭാവം സഹോദരിമാരുള്ള ഏതൊരു സഹോദരനും അനുകരിക്കേണ്ടതാകുന്നു. മാതാപിതാക്കളേക്കാൾ സഹോദരന്മാർക്ക് അവരുടെ സഹോദരിമാരുടെ ഭാവിയെക്കുറിച്ചുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കണമെന്നാണ് റിബെക്കായുടെ സഹോദരൻ ലാബാൻ കാണിച്ച മാതൃകയിൽനിന്ന് വ്യക്തമാകുന്നത്. ആയിരക്കണക്കിന് വർഷങ്ങൾ പിന്നിട്ടുവെങ്കിലുംഅന്നു ലാബാനുണ്ടായിരുന്ന അതേ കാഴ്ചപ്പാടാണ് ഇന്നും പൊതുവേ മിക്ക കുടുംബങ്ങളിലും നമുക്ക് കാണുവാൻ സാധിക്കുന്നത്. ഇത് ബെഥൂവേലിന്റെ കുടുംബത്തിലെ അംഗങ്ങൾ തമ്മിലുണ്ടായിരുന്ന പരസ്പര സ്നേഹം, അച്ചടക്കം, ഐക്യത എന്നിവയാണ് വെളിപ്പെടുത്തുന്നത്. റിബെക്കായുടെ കുടുംബം അബ്രാഹാമിന്റെ കുടുംബത്തെപോലെ

ആ കാലഘട്ടത്തിൽ അനുഗ്രഹിക്കപ്പെട്ടതായിരുന്നു. ഉത്തരവാദിത്വ ബോധമുള്ള ലാബാന് അവന്റെ സഹോദരിയായ റിബെക്കായെ ക്കുറിച്ച് വളരെ കരുതലുണ്ടായിരുന്നു. അതുകൊണ്ടാണ് റിബെക്കാ എല്യേസറിനെ കണ്ടതും അവൻ അവളോടു സംസാരിച്ച് അവൾക്ക് കൊടുത്തതുമെല്ലാം കണ്ടപ്പോൾ ലാബാൻ വിവരങ്ങൾ അറിയുവാൻ കിണറിനരികെ നില്ക്കുന്ന എല്യേസറിന്റെ അടുക്കൽ തിടുക്കത്തിൽ ഓടി എത്തിയത്.

ലാബാൻ കാണിച്ച ഉത്തരവാദിത്വമനോഭാവത്തിൽ നിന്നും വ്യക്ത മാക്കപ്പെടുന്ന വസ്തുത പിതാവായ ബെഥൂവേൽ ഒറ്റയ്ക്കായിരു ന്നില്ല അവന്റെ കുടുംബത്തിലെ കാര്യങ്ങൾ തീരുമാനിച്ചിരുന്നത് എന്നാകുന്നു. അത് അവന്റെ കുടുംബത്തിൽ എല്ലാവരും കൂടി ആലോചിച്ചാണ് തീരുമാനമെടുത്തിരുന്നത്. അതാണ് തുടർന്നുള്ള കാര്യങ്ങൾ വിശകലനം ചെയ്യുന്നതിൽനിന്ന് നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുന്നത്. ലാബാനെപ്പോലെ ഉത്തരവാദിത്വമുള്ള ആൺമക്കൾ ഇല്ലാത്ത കുടുംബത്തിൽ പിതാവായിരിക്കും സ്വമേധയാ ആ ചുമതല നിറവേറ്റുന്നത്. റിബെക്കായുടെ കുടുംബത്തിൽ ഉള്ളവർ സ്വസ്നേ ഹികൾ ആയിരുന്നില്ല. അവർ പരസ്പരം കരുതുന്നവരും സ്നേഹി ക്കുന്നവരും ഉത്തരവാദിത്വബോധം ഉള്ളവരും ആയിരുന്നു എന്ന താണ് റിബെക്കായുടെ കുടുംബപശ്ചാത്തലത്തെക്കുറിച്ച് ചിന്തിക്കു ന്നതിൽനിന്നും വ്യക്തമാക്കപ്പെടുന്നത്.

**2. ആതിത്ഥ്യമര്യാദയിലുള്ള കാഴ്ചപ്പാട്**

> അപ്പോൾ അവൻ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനേ, അകത്തു വരിക; എന്തിനു പുറത്തു നില്ക്കുന്നു? വീടും ഒട്ടകങ്ങൾക്കു സ്ഥലവും ഞാൻ ഒരുക്കിയിരിക്കുന്നു എന്നു പറഞ്ഞു... (ഉല്പ. 24:31-32)

റിബെക്കായെപ്പോലെ അവളുടെ സഹോദരൻ ലാബാനും ആതി ത്ഥ്യമര്യാദയുള്ളവനായിരുന്നു. കിണറിനരികെ വച്ച് നടന്ന സംഭവ ങ്ങൾ എല്ലാം വ്യക്തമായി ലാബാൻ തിരിച്ചറിഞ്ഞിരുന്നു. ലാബാൻ അവരെ സ്വീകരിക്കുന്നതിനു മുമ്പ് തന്നെ എല്യേസറിനും അവന്റെ ആളുകൾക്കും പാർക്കുന്നതിനുള്ള വീടും ഒട്ടകങ്ങൾക്കുള്ള സ്ഥ ലവും വേഗത്തിൽ ഒരുക്കുവാൻ തന്റെ ദാസന്മാരോട് ആജ്ഞാപി ച്ചിരുന്നു. എല്യേസർ യഹോവയെ നമസ്കരിച്ചു എന്ന് റിബെക്കാ പറഞ്ഞതിൽനിന്ന് ലാബാൻ ഗ്രഹിച്ചത് ദർശനം കണ്ട് ഇറങ്ങിത്തി രിച്ച അവന്റെ വല്യപ്പനായ നാഹോരിന്റെ സഹോദരനായ അബ്രാഹാ

മിന്റെ ദാസനാണ് എല്യേസർ എന്നായിരുന്നു. അതിനാലാണ് ലാബാൻ യഹോവയുടെ നാമത്തിൽ അബ്രാഹാമിന്റെ ദാസനെയും എല്യേസറിനെയും കൂടെയുള്ളവരെയും അവന്റെ വീട്ടിലേക്ക് ആതിത്ഥ്യമര്യാദയോടെ ക്ഷണിച്ചത്.

മെസോപ്പൊത്താമ്യയിൽനിന്ന് ദൈവവിളികേട്ട് ഏകദേശം അറുപത്തിയഞ്ച് വർഷങ്ങൾക്കു മുൻപ് സ്വന്തദേശം വിട്ടുപോയ അബ്രാഹാം അപ്പോൾ സകലവിധത്തിലും അനുഗ്രഹിക്കപ്പെട്ടവനാകുന്നു എന്നാണ് ലാബാന് ബോധ്യപ്പെട്ടത്. അബ്രാഹാമിന്റെ ദാസൻ യഹോവയാൽ ഇത്രമാത്രം അനുഗ്രഹിക്കപ്പെട്ടവനെങ്കിൽ അവന്റെ യജമാനന്റെ പദവി എന്തായിരിക്കുമെന്ന് അവൻ മനനം ചെയ്തു. അതിനാൽ സ്നേഹാദരവുകളോടെയാണ് ലാബാൻ എല്യേസറിനെയും കൂടെയുള്ളവരെയും അവന്റെ കുടുംബത്തിലേക്ക് സ്വീകരിച്ച് ആനയിച്ചത്. വിവാഹാലോചനയോടുള്ള ബന്ധത്തിലോ മറ്റ് ഏതൊരു ആവശ്യത്തിനാണെങ്കിലും നമ്മുടെ ഭവനത്തിൽ വരുന്നവരെ ആദരവോടെ വേണം സ്വീകരിക്കുവാൻ എന്ന ഉത്തമമാതൃകയാണ് ലാബാനിൽനിന്ന് നമുക്ക് അനുകരിക്കുവാനുള്ളത്. ലാബാൻ അതിഥികളെ അവരുടെ ആചാരപ്രകാരമാണ് സ്വീകരിച്ചത്. അതെക്കുറിച്ചാണ് അടുത്ത വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

> അങ്ങനെ ആ പുരുഷൻ വീട്ടിൽ ചെന്നു. അവൻ ഒട്ടകങ്ങളെ കോപ്പഴിച്ച് ഒട്ടകങ്ങൾക്ക് വൈക്കോലും തീനും അവനും കൂടെയുള്ളവർക്കും കാലുകളെ കഴുകുവാൻ വെള്ളവും കൊടുത്തു. അവന്റെ മുമ്പിൽ ഭക്ഷണം വച്ചു (ഉല്പ. 24:32)

അബ്രാഹാമിന്റെ ദാസൻ എന്ന പരിഗണയിൽ റിബെക്കായുടെ കുടുംബത്തിലുള്ളവർ എല്യേസറിനോട് തികഞ്ഞ ആദരവോടെയാണ് ഇടപെട്ടത്. അവനും അവന്റെ കൂടെ വന്ന എല്ലാവർക്കും വേണ്ട ക്രമീകരണങ്ങൾ അവർ വേഗത്തിൽ ചെയ്തുകൊടുത്തു. അവരുടെ കാലുകളെ കഴുകുവാൻ വെള്ളവും ഭക്ഷണവും അവരുടെ മുമ്പിൽ വച്ചു. യാതൊരു മുന്നറിയിപ്പും കൂടാതെ പത്തിലധികം പേർ എത്തിയപ്പോൾ അവരെ സ്വീകരിക്കുവാനുള്ള സകല ചുറ്റുപാടുകളും ഉള്ളതായിരുന്നു റിബെക്കാ ജനിച്ചുവളർന്ന കുടുംബം. കുടുംബമഹിമയും സമ്പത്തുമുള്ള കുടുംബത്തിൽനിന്നുമാണ് യിസ്ഹാക്ക് വിവാഹം കഴിച്ചത്. ബെഥൂവേലിന്റെ കുടുംബത്തെപ്പോലെ വീട്ടിൽ വരുന്നവരെ ആതിത്ഥ്യമര്യാദയോടെ സ്വീകരിക്കുന്ന

കാഴ്ചപ്പാട് ഉള്ളവരായിരിക്കേണം വധൂഗൃഹത്തിലുള്ളവർ. വിവാഹാലോചനയോടുള്ള ബന്ധത്തിൽ വധൂഗൃഹത്തിലുള്ള ആരെങ്കിലും നിസ്സംഗതാമനോഭാവം പുലർത്തിയാൽ അത് വിവാഹാലോചനയെ ദോഷമായി ബാധിക്കും എന്ന് എടുത്തു പറയേണ്ടതില്ലല്ലോ.

അതുകൊണ്ട് വിവാഹാലോചനയിൽ വരന്റെയും വധുവിന്റെയും ഗൃഹത്തിലുള്ളവർ ആതിഥ്യമര്യാദയുള്ളവരും എല്ലാ കാര്യങ്ങളിലും സജീവ പങ്കാളിത്വമുള്ളവരും ആയിരിക്കേണം എന്നതാണ് യിസ്ഹാക്കിന്റെയും റിബെക്കായുടെയും ഭവനങ്ങളോടുള്ള ബന്ധത്തിൽ നാം ചിന്തിച്ചതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്.

### 3. ദൈവഹിതം തിരിച്ചറിയുന്നതിലുള്ള കാഴ്ചപ്പാട്

> അപ്പോൾ ലാബാനും ബെഥൂവേലും: ഈ കാര്യം യഹോവയാൽ വരുന്നു; നിന്നോടു ഗുണമെങ്കിലും ദോഷമെങ്കിലും പറവാൻ ഞങ്ങൾക്കു കഴികയില്ല. ഇതാ റിബെക്കാ നിന്റെ മുമ്പാകെ ഉണ്ടല്ലോ; അവളെ കൂട്ടിക്കൊണ്ടു പോക; യഹോവ കല്പിച്ചതുപോലെ അവൾ നിന്റെ യജമാനന്റെ ഭാര്യയാകട്ടെ എന്നു പറഞ്ഞു (ഉല്പ. 24:50-51).

റിബെക്കായുടെ വിവാഹത്തെക്കുറിച്ച് അവർ കണക്കുകൂട്ടിയതുപോലെയല്ല കാര്യങ്ങൾ നടക്കുന്നതെന്ന് അവളുടെ കുടുംബത്തിലുള്ളവർക്ക് വ്യക്തമായി. ദൈവഹിതം തിരിച്ചറിഞ്ഞ അവളുടെ ആങ്ങളയും പിതാവും ഒരേ സ്വരത്തിൽ പറഞ്ഞത് ഇതു യഹോവയാൽ വരുന്നു എന്നാകുന്നു. ദൈവീക തീരുമാനത്തിന്മേൽ മനുഷ്യർക്ക് യാതൊരു അഭിപ്രായവുമില്ല അത് അപ്രകാരംതന്നെ നടക്കട്ടെയെന്നാണ് അവർ അഭിപ്രായപ്പെട്ടത്. ഇതിൽനിന്നും റിബെക്കായുടെ കുടുംബത്തിലുള്ളവർക്ക് ദൈവഹിതം തിരിച്ചറിയുവാൻ ഉള്ള കാഴ്ചപ്പാട് ഉണ്ടായിരുന്നു എന്നതിന്റെ വ്യക്തതയാണ് നമുക്ക് ലഭിക്കുന്നത്. അതുകൊണ്ടാണ് അവർ മറ്റൊന്നും ആലോചിക്കാതെ എല്യേസറിന്റെ മുമ്പിൽ നില്ക്കുന്നവളും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവളുമായ റിബെക്കായെ യിസ്ഹാക്കിന്റെ ഭാര്യയായി കനാൻ ദേശത്തേക്ക് കൂട്ടിക്കൊണ്ടു പോകുവാൻ എല്യേസറിനെ അനുവദിച്ചത്.

ഇതിൽനിന്നും നാം സംഗ്രഹിക്കേണ്ട സുപ്രധാന വസ്തുത വിവാഹാലോചനയിൽ ഏതെങ്കിലും വിധത്തിൽ ദൈവഹിതം തിരിച്ചറിയുവാൻ സാധിച്ചാൽ പിന്നീട് അതിന് തടസ്സം നില്ക്കരുതെന്നാണ്. എന്നാൽ അത് വിശ്വസനീയമാംവണ്ണം ബോധ്യപ്പെ

ടുന്നുവെങ്കിൽ മാത്രമേ വിവാഹബന്ധത്തിൽ ഏർപ്പെടാവൂ എന്നതും ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇതുകൊണ്ട് അർത്ഥമാക്കുന്നത് ആരെങ്കിലും എന്തെങ്കിലും പറയുന്നത് കേട്ട് ദൈവഹിതമാണെന്ന് പറഞ്ഞ് എടുത്തു ചാടരുത് എന്നാകുന്നു. ഇരുകുടുംബങ്ങളെയും നന്നായി അറിയാവുന്നരായിരുന്നു യിസ്ഹാക്കിന്റെയും റിബെക്കായുടെയും കുടുംബങ്ങൾ. കനാൻ ദേശത്തേക്ക് ദൈവവിളികേട്ട് യാത്ര തിരിച്ച അബ്രാഹാം തന്റെ മകനു വേണ്ടി ഒരു ഭാര്യയെ താൻ വിട്ടുപോന്ന ദേശത്തിൽ നിന്ന് എടുക്കുമോ എന്നും അതുപോലെ ഇത്രയും ദൂരെ റിബെക്കായെ വിവാഹം ചെയ്ത് അയയ്ക്കണമോ എന്ന സന്ദേഹവുമായിരുന്നു റിബെക്കായുടെ ഭവനത്തിലുള്ളവർക്ക് ഉണ്ടായിരുന്നുത്. അവരുടെ സംശയങ്ങൾ ദുരീകരിക്കുന്നതിനുള്ള വ്യക്തമായ ദൈവീക ഇടപെടലുകളാണ് എല്യേസറിലൂടെ അവർക്ക് ലഭിച്ചത്. അവർ കണ്ണടച്ച് ദൈവഹിതമെന്ന് വിശ്വസിക്കാതെ കാര്യങ്ങളെ ശരിയായി അവലോകനം ചെയ്താണ് തീരുമാനമെടുത്തത്. വിവാഹം എന്നത് ജീവിതത്തിലെ സുപ്രധാന കാര്യമായതുകൊണ്ട് കാര്യങ്ങൾ വ്യക്തമായി ഗ്രഹിച്ച് പരസ്പരം ഇടപെടുവാൻ കഴിയുന്നതാണെങ്കിൽ മാത്രമേ തീരുമാനം എടുക്കാവൂ എന്നാണ് ആവർത്തിച്ച് ഓർമ്മപ്പെടുത്തുന്നത്. ഇരു കുടുംബങ്ങളും നന്നായി കാര്യങ്ങളെ വിശകലനം ചെയ്യുകയും പൊരുത്തപ്പെട്ടുപോകുമെന്ന് നിശ്ചയം ലഭിക്കുകയും ചെയ്താൽ ദൈവഹിതപ്രകാരം പ്രാർത്ഥനയോടെ വിവാഹം തീരുമാനിക്കുകയുമാണ് ചെയ്യേണ്ടത്.

### 4. പെൺകുട്ടിക്ക് സ്വതന്ത്രമായി ചിന്തിക്കുന്നതിനും തീരുമാനം എടുക്കുന്നതിലുമുള്ള കാഴ്ചപ്പാട്

> ഞങ്ങൾ ബാലയെ വിളിച്ച് അവളോടു ചോദിക്കട്ടെ എന്ന് അവർ പറഞ്ഞു. അവർ റിബെക്കായെ വിളിച്ച് അവളോട്: നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ എന്നു ചോദിച്ചു. ഞാൻ പോകുന്നു എന്ന് അവൾ പറഞ്ഞു (ഉല്പ. 24:57 - 58).

ഏകദേശം നാലായിരം വർഷങ്ങൾക്കു മുമ്പ് നിലനിന്നിരുന്ന ബെഥൂവേലിന്റെ ഭവനത്തിലെ സാമൂഹിക പശ്ചാത്തലം നമ്മെ തികച്ചും ചിന്തിപ്പിക്കുന്നതാണ്. വിവാഹത്തിന് അവസാന തീരുമാനം എടുക്കുവാനുള്ള സ്വാതന്ത്ര്യം അന്ന് റിബെക്കായ്ക്ക് ഉണ്ടായിരുന്നു എന്നത് അവൾ വളർന്നത് നല്ല കുടുംബാന്തരീക്ഷത്തി

ലായിരുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാകുന്നു. വിവാഹാലോചനയിൽ റിബെക്കായ്ക്ക് ചിന്തിച്ച് തീരുമാനം എടുക്കുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യം അവളുടെ കുടുംബക്കാർ അവൾക്ക് കൊടുത്തിരുന്നു. ഇത് ദൈവഹിതമാണ് അതുകൊണ്ട് നിന്റെ അഭിപ്രായമൊന്നും വേണ്ടായെന്നല്ല; അവൾക്ക് എല്യേസറിനോടു കൂടെ ഉടനെ പോകുവാൻ സമ്മതമാണോ അല്ലയോ എന്നായിരുന്നു അവർ അവളോട് ചോദിച്ചത്. അഭിപ്രായസ്വാതന്ത്ര്യം ഉണ്ടായിരുന്നതുകൊണ്ടാണ് ഉചിതമായ തീരുമാനമെടുക്കുവാനുള്ള അവസരം അവളുടെ ഭവനക്കാർ അവൾക്കു കൊടുത്തത്. ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് സ്വതന്ത്രമായി ചിന്തിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ആൺപെൺ വ്യത്യാസമില്ലാതെ മക്കൾക്ക് ഉണ്ടെങ്കിൽ അവർ കാര്യങ്ങൾ തീരുമാനമിക്കുന്നതിൽ അതിസമർത്ഥരായിരിക്കുമെന്നതാകുന്നു.

ബെഥൂവേലിന്റെ മകൾ നന്നായി ചിന്തിച്ച് എടുത്ത തീരുമാനമായിരുന്നു എല്യേസറിനോടുകൂടെ ഉടനെ കനാനിലേക്ക് പോകുക എന്നത്. ഭാവിയോടുള്ള ബന്ധത്തിലെ നിർണ്ണായക തീരുമാനം അവൾ എടുത്തത് അവളുടെ പ്രതിശ്രുതവരനായ യിസ്ഹാക്കിനെ വിവാഹം ചെയ്ത് അവനോട് കൂടെ അവിടെ ജീവിക്കുന്നതിനു വേണ്ടിയായിരുന്നു. അവളുടെ ആത്മവിശ്വാസത്തോടെയുള്ള മറുപടിയിൽ സംതൃപ്തരായതുകൊണ്ടാണ് ലാബാനും ബെഥൂവേലും പത്ത് ദിവസം ഒരുക്കത്തിനായി ചോദിച്ച സമയംപോലും വേണ്ടായെന്ന് തീരുമാനിച്ച് അവളെ എല്യേസറിനോടൊപ്പം കനാനിലേക്ക് യാത്രയയച്ചത്. അടിച്ചമർത്തലുകളുടെ ഇടമാകരുത് കുടുംബങ്ങൾ. ഒരോരുത്തർക്കും വ്യക്തിപരമായി ചിന്തിക്കുവാനും ഉചിതമായ തീരുമാനമെടുക്കുവാനുമുള്ള സ്വാതന്ത്ര്യം ഭവനത്തിൽ ഉണ്ടായിരിക്കണം. അതല്ലാതെ ഒരാളുടെ ഇഷ്ടം മറ്റൊരാളെ അടിച്ചേൽപിക്കുകയല്ല വേണ്ടത്. വ്യക്തിപരമായി ചിന്തിക്കുവാൻ സ്വാതന്ത്ര്യമുള്ളപ്പോൾത്തന്നെ വിരുദ്ധ അഭിപ്രായങ്ങളുടെ ചേരിതിരിവുകൾ കുടുംബത്തിൽ ഉണ്ടാകുകയുമരുത്. അത്തരം സന്ദർഭങ്ങളിൽ പരസ്പരം ചർച്ചചെയ്ത് അഭിപ്രായസമന്വയത്തിൽ എത്തുകയും സന്തോഷകരമായ കുടുംബാന്തരീക്ഷം സൃഷ്ടിക്കുകയുമാണ് ചെയ്യേണ്ടത്. പഴയനിയമത്തിൽ സ്ത്രീകൾക്ക് സമൂഹത്തിലും കുടുംബത്തിലും സ്ഥാനമുണ്ടായിരുന്നു എന്നതിന് ഇതിൽപരം തെളിവ് നിരത്തേണ്ടയാവശ്യമില്ല.

അന്ന് അവർക്കുണ്ടായിരുന്ന സ്വാതന്ത്ര്യം ദുഷ്ടതയ്ക്ക് മറയാക്കാതെ ഉത്തമകുടുംബങ്ങളെ പണിതുയർത്തുന്നതിനുവേണ്ടിയായിരുന്നു അവർ അത് വിനിയോഗിച്ചത്. റിബെക്കായുടെ കുടുംബത്തിലുണ്ടായിരുന്ന അഭിപ്രായ സ്വാതന്ത്ര്യവും തീരുമാനം എടുക്കുന്നതിനുള്ള അവകാശവും ഓരോ കുടുംബങ്ങളിലും നിലനിന്നാൽ അത് എത്രയോ അനുഗ്രഹകരമാകുന്നു. ബെഥൂവേലിന്റെ മക്കൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നു എങ്കിലും അവർ തന്നിഷ്ടത്തിനു ജീവിച്ചവരായിരുന്നില്ല. അവർ ഉത്തരവാദിത്വബോധത്തോടും തികഞ്ഞ അച്ചടക്കത്തോടും കൂടെ വളർന്നവരായിരുന്നതുകൊണ്ടായിരുന്നു അവരുടെ മാതാപിതാക്കൾ അവർക്ക് തീരുമാനം എടുക്കുന്നതിനുള്ള സ്വാതന്ത്ര്യം കൊടുത്തിരുന്നത്. മാതാപിതാക്കൾക്ക് വിധേയപ്പെട്ട് ദൈവഭയത്തിൽ ജീവിക്കുന്ന മക്കൾ ജീവിതത്തിൽ എടുക്കുന്ന എല്ലാ തീരുമാനങ്ങളും ഉത്തമമായിരിക്കുമെന്നതിന് സംശയമേതുമില്ല. അതാണ് റിബെക്കായുടെ ജീവിതത്തിൽ ലഭിച്ചിരുന്ന സ്വതന്ത്രചിന്താഗതിയുടെ കാഴ്ചപ്പാടിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്.

### 5. ദാമ്പത്യജീവിതത്തിലേക്ക് പ്രവേശിക്കുന്ന മകളെക്കുറിച്ചുള്ള കാഴ്ചപ്പാട്

> അങ്ങനെ അവർ തങ്ങളുടെ സഹോദരിയായ റിബെക്കായെയും അവളുടെ ധാത്രിയെയും അബ്രാഹാമിന്റെ ദാസനെയും അവന്റെ ആളുകളെയും പറഞ്ഞയച്ചു (ഉല്പ. 24:59).

റിബെക്കായെക്കുറിച്ച് അവളുടെ ഭവനത്തിലുള്ളവർക്ക് വളരെയധികം കരുതലുള്ളവരായിരുന്നു. അതുകൊണ്ടാണ് അപരിചിതമായ സ്ഥലത്തേക്ക് അവളെ ഏകയായി അയയ്ക്കാതിരുന്നത്. അവൾക്ക് ഏതെങ്കിലും കാരണവശാൽ ഏകാന്തതയുണ്ടായാൽ കാര്യങ്ങൾ തുറന്നുപറയുവാനും അവശ്യസന്ദർഭങ്ങളിൽ ആശ്രയിക്കുവാനും ഉതകത്തക്കവണ്ണം അവളുടെ ധാത്രിയോടൊപ്പമാണ് അവളെ അവർ പറഞ്ഞയച്ചത്. മാതാപിതാക്കളും സഹോദരങ്ങളും മകളെ വിവാഹം ചെയ്ത് അയയ്ക്കുന്നതോടെ ഉത്തരവാദിത്വമൊഴിഞ്ഞ് അവളെ അവരുടെ വീട്ടിൽനിന്ന് പുറത്താക്കുകയല്ല ചെയ്യുന്നത്; പിന്നെയോ ഏത് അടിയന്തിരസാഹചര്യത്തിലും അവളെ കരുതുവാനും അവരോടൊപ്പം ചേർത്തുനിർത്തുവാനുമുള്ള ഉത്തരവാദിത്വവും അവളുടെ കുടുംബത്തിലുള്ളവർക്ക് ഉണ്ട്. ആധുനിക ലോകത്തിൽ വിവാഹിതയാകുന്ന വധുവിനോടൊപ്പം ആളുകളെ കൂടെ പറഞ്ഞയയ്ക്കേണ്ടതിന്റെ ആവശ്യകതയില്ല. അതിന്റെ കാരണം

ഇന്നത്തെ വിവരസാങ്കേതികവിദ്യയിൽ എളുപ്പത്തിൽ വിവരങ്ങൾ കൈമാറുവാൻ സാധിക്കുന്നതുകൊണ്ട് ഒറ്റപ്പെടലുകൾ ഉണ്ടാകുന്നില്ല. വിവാഹിതയായ മകൾ ഭർത്താവിനോട് കൂടെ സന്തോഷകരമായി ജീവിക്കുന്നതിലാണ് അവളുടെ കുടുംബക്കാർ സന്തോഷിക്കുന്നത്. ആഡംബരജീവിതത്തിന്റെ പ്രൗഢിയേക്കാൾ ഉണങ്ങിയ അപ്പമാണെങ്കിലും അതു കഴിച്ച് സ്വസ്ഥതയോടെ ജീവിക്കുന്നതാണ് ഏറെ നല്ലത് എന്നാണ് സദൃശ്യവാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

"കലഹത്തോടുകൂടി ഒരു വീടു നിറയെ യാഗഭോജനത്തിലും സ്വസ്ഥതയോടുകൂടി ഒരു കഷണം ഉണങ്ങിയ അപ്പം ഏറ്റവും നല്ലത്" (സദൃശ. 17:1)

"ദ്വേഷമുള്ളേടത്തെ തടിപ്പിച്ച കാളയെക്കാൾ സ്നേഹമുള്ളേടത്തെ ശാകഭോജനം നല്ലത്" (സദൃശ. 15:17)

തിരുവചനത്തിൽ സ്വസ്ഥതയുള്ള ജീവിതത്തിന് വളരെ പ്രാധാന്യതയാണുള്ളത്. ദൈവാത്മാവിന്റെ സ്വാതന്ത്ര്യം ഉള്ളയിടത്താണ് ദൈവീകസ്വസ്ഥത ഉള്ളത്. അതുകൊണ്ട് സാമ്പത്തിക അഭിവൃദ്ധിയേക്കാൾ സ്വസ്ഥമായ ജീവിതമാണ് നല്ലത്. അതിനാണ് തിരുവചനം ഊന്നൽ നല്കുന്നത്.

ദൈവപുരുഷനായ അബ്രാഹാമിന്റെ മരുമകളായിതീർന്ന റിബെക്കാ അവന്റെ പുത്രനായ യിസ്ഹാക്കിനോടൊപ്പം സ്വസ്ഥമായ കുടുംബജീവിതമാണ് നയിച്ചത്. ജീവിതത്തിൽ ഉയർച്ച താഴ്ചകളിലൂടെ അവർ കടന്നുപോയപ്പോഴും അവർ സന്തോഷമുള്ളവരായിരുന്നു. അതെക്കുറിച്ച് ഫെലിസ്ത്യദേശമായ ഗെരാറിലെ അവരുടെ ജീവിതത്തോടുള്ള ബന്ധത്തിൽ നാം ചിന്തിച്ചത് ഓർമ്മിക്കുമല്ലോ. റിബെക്കായുടെ ദാമ്പത്യജീവിതം ദുരിതപൂർണ്ണമായിരുന്നുവെങ്കിൽ യിസ്ഹാക്കിനോടൊപ്പം നില്ക്കുവാൻ അവൾ ഇഷ്ടപ്പെടുമായിരുന്നില്ല. എന്നാൽ അവളെ ജീവനുതുല്യം സ്നേഹിച്ചിരുന്ന യിസ്ഹാക്കിനോടൊപ്പം ഏത് പ്രതികൂല ജീവിതസാഹചര്യത്തിലും അവൾ സംതൃപ്തയായിരുന്നു. അതാണ് അവരുടെ കുടുംബജീവിതം വിശകലനം ചെയ്യുന്നതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്.

ക്രിസ്തീയജീവിതം കഷ്ടതകൾ നിറഞ്ഞതാണെങ്കിലും ഒരുനാൾ ജീവൻ നൽകി നമ്മെ സ്നേഹിച്ച നമ്മുടെ ആത്മമണവാളനോടുകൂടെ ചേരുകയും നിത്യം അവനോടുകൂടെ വസിക്കുകയും ചെയ്യുമെന്നുള്ള ആത്മീയപ്രത്യാശയോടെയാണ് ദൈവ

ജനം ഭൂമിയിലായിരിക്കുന്നത്. അതുപോലെ ഭൗമികകുടുംബജീവിതത്തിലും സമാധാനവും സ്വസ്ഥവുമായ ജീവിതം നയിക്കുന്നതിൽ ഭർത്താവിനും ഭാര്യയ്ക്കും ഒരുപോലെയുള്ള ഉത്തരവാദിത്വമാണുള്ളത്. റിബെക്കായുടെ മാനസിക സന്തോഷത്തിന് കുറവു വരാതിരിക്കുവാൻ അവളുടെ കുടുംബക്കാർ ശ്രദ്ധിച്ചിരുന്നു. അതുപോലെ വിവാഹിതരാകുന്ന മകളുടെ ജീവിതത്തെക്കുറിച്ച് അവളുടെ കുടുംബക്കാർക്ക് കരുതലുണ്ടായിരിക്കണം. എന്നാൽ അതൊരിക്കലും മകളുടെ കുടുംബജീവിതത്തിൽ അകാരണമായ ഇടപെടലുകൾ ആയിത്തീരരുത്.

**6. ദാമ്പത്യജീവിതത്തിനായി സ്വന്ത ഭവനത്തിൽ നിന്ന് മകളെ അനുഗ്രഹിച്ച് ഭർതൃഗൃഹത്തിലേക്ക് അയ്ക്കുന്നതിനോടുള്ള ബന്ധത്തിലെ കാഴ്ചപ്പാട്**

> അവർ റിബെക്കായെ അനുഗ്രഹിച്ച് അവളോട്: സഹോദരീ, നീ അനേകായിരമായിതീരുക; നിന്റെ സന്തതി, തന്നെ ദ്വേഷിക്കുന്നവരുടെ പടിവാതിൽ കൈവശമാക്കട്ടെ എന്നു പറഞ്ഞു (ഉല്പ. 24:60).

റിബെക്കായെ സ്വന്തഭവനത്തിലുള്ളവർ അനുഗ്രഹിച്ചാണ് ഭർതൃഗൃഹത്തിലേക്ക് യാത്ര അയയ്ച്ചത്. അവർ അനുഗ്രഹിച്ചയച്ചതുപോലെതന്നെ അവളുടെ ജീവിതത്തിൽ അത് നിറവേറപ്പെടുകയും ചെയ്തുവെന്നാണ് പിന്നീടുള്ള ചരിത്രം നാം പഠിക്കുമ്പോൾ വ്യക്തമാക്കപ്പെടുന്നത്. അബ്രാഹാമിനു ലഭിച്ച വാഗ്ദത്തസന്തതിയുടെ ഭാര്യയായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട റിബെക്കായും അനുഗ്രഹിക്കപ്പെട്ടവളായിരുന്നു. അതുകൊണ്ടാണ് വിവാഹശുശ്രൂഷ വേളകളിൽ ദൈവസഭ വധൂവരന്മാരെ അനുഗ്രഹിച്ച് പ്രാർത്ഥിക്കുമ്പോൾ റിബെക്കായുടെ പേരും യിസ്ഹാക്കിനോടൊപ്പം പറയുന്നത്. റിബെക്കായെ അനുഗ്രഹിച്ച് പ്രാർത്ഥിച്ച് അയച്ചതുപോലെയാണ് ദൈവമക്കൾ വധൂവരന്മാരെ പ്രാർത്ഥിച്ച് ഭവനത്തിൽ നിന്ന് വിവാഹത്തിനായി യാത്ര അയയ്ക്കുന്നത്. ദൈവകരങ്ങളിൽ സമർപ്പിതമായ കുടുംബജീവിതമാണ് എന്നും അനുഗ്രഹകരമായിരിക്കുന്നത്. അതുകൊണ്ടാണ് സകലകാര്യങ്ങൾക്കും ദൈവമക്കൾ ദൈവവചനത്തിനും പ്രാർത്ഥനയ്ക്കും മറ്റെന്തിനെക്കാളും പ്രാധാന്യം നൽകുന്നത്. അതാകുന്നു വിശ്വാസസമൂഹത്തിന്റെ അനുഗ്രഹകരമായ കുടുംബജീവിതത്തിന്റെ രഹസ്യം. അത് അറിയാവുന്ന സാത്താൻ ദൈവസഭയെ അതിൽനിന്ന് അകറ്റുവാനാണ് ഈ നാളുകളിൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് നാം ഒരുനാളും

അവന്റെ കുതന്ത്രങ്ങളിൽ കുടുങ്ങിപ്പോകരുത്. ദൈവവചനത്തിനും പ്രാർത്ഥനയ്ക്കും പ്രഥമസ്ഥാനം കൊടുത്തുവേണം നാം കുഞ്ഞുങ്ങളെ വളർത്തുകയും അവരുടെ വിവാഹ ശുശ്രൂഷകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടത്. അവർക്ക് വിവാഹപ്രായമാകുമ്പോൾ തക്കതായ വിവാഹത്തിനുവേണ്ടി വിവാഹദിവസം അവരെ അനുഗ്രഹിച്ച് പ്രാർത്ഥിച്ച് അയയ്ക്കുന്നത് എത്ര ആനന്ദകരമാകുന്നു. അതിന് സകല മാതാപിതാക്കൾക്കും സാധിക്കട്ടെയെന്ന് സർവ്വശക്തനായ ദൈവത്തോട് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

**7. വിവാഹാനന്തരം ദാമ്പത്യജീവിതത്തിലേക്ക് പ്രവേശിക്കുന്ന മകളുടെ കുടുംബജീവിതത്തിൽ അകാരണമായി ഇടപെടാതിരിക്കുന്നതിലുള്ള കാഴ്ചപ്പാട്**

> പിന്നെ റിബെക്കായും അവളുടെ ദാസിമാരും എഴുന്നേറ്റ് ഒട്ടകപ്പുറത്തു കയറി ആ പുരുഷനോടുകൂടെ പോയി; അങ്ങനെ ദാസൻ റിബെക്കായെ കൂട്ടിക്കൊണ്ടു പോയി (ഉല്പ. 24:61).

റിബെക്കായുടെ വിവാഹാലോചനയും വിവാഹനിശ്ചയവും ദൈവ ഹിതത്താൽ ഒരു ദിവസം കൊണ്ടാണ് പൂർത്തീകരിക്കപ്പെട്ടത്. തലേദിവസം വന്ന എല്യേസർ അന്നു രാത്രി അവിടെ പാർത്തതിനുശേഷം അടുത്ത ദിവസം രാവിലെ അവൻ വന്ന ഉദ്ദേശ്യം പൂർത്തീകരിച്ച് റിബെക്കായെയും കൊണ്ട് യിസ്ഹാക്കിന്റെ അടുക്കലേക്ക് മടങ്ങിപ്പോകുകയാണ് ചെയ്തത്. അബ്രാഹാം എല്യേസറിനോട് പറഞ്ഞിരുന്നതുപോലെ ദൈവത്തിന്റെ ദൂതനായിരുന്നു യിസ്ഹാക്കിന്റെ വിവാഹത്തിലെ സകല കാര്യങ്ങളെയും നിയന്ത്രിച്ചത്. അതുകൊണ്ടാണ് അവന് കാര്യങ്ങളെല്ലാം തടസ്സം കൂടാതെ അത്രവേഗത്തിൽ പൂർത്തീകരിക്കുവാൻ സാധിച്ചത്. മടക്കയാത്രയിലും ദൈവദൂതന്റെ സംരക്ഷണം റിബെക്കായ്ക്കും സംഘത്തിനും ഉണ്ടായിരുന്നു.

അവൾ സന്തോഷത്തോടെ അവിടെനിന്ന് യാത്രപുറപ്പെട്ടുവെന്നും കനാനിലെത്തി യിസ്ഹാക്കിന്റെ ഭാര്യയായി ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട് കുടുംബജീവിതം ആരംഭിച്ചു എന്നുമാണ് തിരുവചനം വ്യക്തത നല്കുന്നത്. അതിനുശേഷം അവൾ ഒരിക്കലും ദുഃഖിതയോ നിരാശയോ ആയി ഭർതൃവീട്ടിൽ നിന്ന് മടങ്ങി അവളുടെ പിതാവായ ബെഥൂവേലിന്റെ ഭവനത്തിലേക്ക് പോയിട്ടില്ല. അതുമാത്രമല്ല റിബെക്കായുടെ കുടുംബമോ, അവളോടൊപ്പം അയച്ച ധാത്രിയോ ദാസിമാരോ റിബെക്കായുടെ കുടുംബജീവി

തത്തോടുള്ള ബന്ധത്തിൽ അകാരണമായി യാതൊരു ഇടപെടലും നടത്തിയതുമില്ല.

സന്തോഷവും സ്വസ്ഥതയുമുള്ള വിവാഹജീവിതത്തിന് അകാരണമായ ബാഹ്യമായ ഇടപെടലുകൾ ദോഷം ചെയ്യും. അതുകൊണ്ട് വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നവധൂ വരന്മാർ പരിജ്ഞാനമുള്ളവരായിക്കേണം. കുടുംബജീവിതം അവരുടെ ഭാവിജീവിതമാണെന്ന് കരുതി ദൈവഭയത്തിൽ പക്വതയോടെ ജീവിതം നയിച്ചാൽ മറ്റുള്ളവരുടെ അനാവശ്യമായ ഇടപെടലുകൾ ഒഴിവാക്കുവാൻ സാധിക്കും. അതുപോലെ അകാരണമായ ഇടപെടലുകൾ എവിടെനിന്നു വന്നാലും അതിനെ അതിജീവിക്കണം; അതല്ലായെങ്കിൽ കുടുംബജീവിതത്തിലെ സ്വസ്ഥത വേഗത്തിൽ നഷ്ടപ്പെട്ടുപോകുമെന്നാണ് ഇത്തരുണത്തിൽ ഓർമ്മിപ്പിക്കുവാനുള്ളത്.

ഭർത്താവും ഭാര്യയും മേലാൽ രണ്ടല്ല ഒന്നാകുന്നു എന്ന ദൈവീക പ്രമാണത്തിൽ ജീവിതം ആരംഭിച്ചാൽ അവരുടെ ജീവിതത്തെ തകർക്കുവാൻ സാത്താനിക കുതന്ത്രങ്ങൾക്ക് ഒരുനാളും കഴിയുകയില്ല. ഇന്ന് അനേക കുടുംബങ്ങളിലെ സമാധാന അന്തരീക്ഷം തകരപ്പെടുന്നതിലെ മുഖ്യപങ്ക് മറ്റുള്ളവരുടെ അനാവശ്യമായ ഇടപെടലുകളാകുന്നു. പുതുതായി കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നവർക്ക് ആവശ്യമായിരിക്കുന്നത് പ്രോത്സാഹനവും പ്രാർത്ഥനയുമാണ്. വരന്റെയും വധുവിന്റെയും ഭവനക്കാർ അവരുടെ മക്കൾക്ക് വിവാഹത്തെക്കുറിച്ച് ആലോചിക്കുന്നതിനു മുമ്പ് കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നതിന് ആവശ്യമായ പക്വതയിലേക്ക് അവരെ വളർത്തിക്കൊണ്ടുവരേണ്ടതാകുന്നു. അതല്ലാതെ വിവാഹത്തിനുശേഷം അവരെ നിയന്ത്രിച്ചു ശരിയാക്കുവാൻ ഏതു ഭാഗത്തു നിന്ന് ആര് പരിശ്രമിച്ചാലും അത് ഗുണത്തിനു പകരം ദോഷമേ ചെയ്യുകയുള്ളൂ.

നാം ഇതുവരെ ഉത്പത്തിപുസ്തകം ഇരുപത്തിനാലാം അദ്ധ്യായത്തെ അധികരിച്ച് സവിസ്തരം ചിന്തിച്ചത് വിവാഹാലോചനയുടെ വിവിധ വശങ്ങളെക്കുറിച്ചായിരുന്നു. എന്നാൽ ഇതിന്റെ അവസാനത്തിൽ നാം ചിന്തിച്ച് പൂർത്തീകരിക്കുന്നത് വിവാഹാനന്തരം അബ്രാഹാം യിസ്ഹാക്കിന്റെ കുടുംബജീവിതത്തിൽ അകാരണമായി ഇടപെടാതിരുന്നതുപോലെ റിബെക്കായുടെ ഭവനക്കാരും അവളുടെ കുടുംബജീവിതത്തിൽ അകാരണമായി ഇടപെട്ടില്ല എന്നുള്ളതാകുന്നു. അതുകൊണ്ടാണ് അവരുടെ കുടുംബജീവിതം

ദൈവകൃപയാൽ ധന്യമായിത്തീർന്നത്. ഈ കാലഘട്ടത്തിൽ മക്കളുടെ ശുഭകരമായ കുടുംബജീവിതത്തിനു വേണ്ടി അകാരണമായി ആരുടെയും ഇടപെടലുകൾ ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

ഭൂമിയിലെ വിവാഹാലോചനയും വിവാഹവും കുടുംബജീവിതവുമൊക്കെ ഇവിടംകൊണ്ട് പൂർത്തീകരിക്കപ്പെടുവാനുള്ളതാണ്. അത് സന്തോഷകരവും സ്വസ്ഥതയോടും കൂടെ ആയിരിക്കുവാൻ സമാധാനത്തിന്റെ ദൈവം ആഗ്രഹിക്കുന്നു. എന്നാൽ ഇതിനേക്കാൾ എല്ലാം ഏറ്റവും ശ്രേഷ്ഠമായ ഒരു വിവാഹാലോചന ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്നു. അത് പരിശുദ്ധാത്മാവാംദൈവം പിതാവാംദൈവത്തിന്റെ അരുമപുത്രനായ യേശുക്രിസ്തുവിനു വേണ്ടി ആലോചിക്കുന്ന വിവാഹമാണ്. പരിശുദ്ധാത്മാവിനാൽ സ്ഥാപിക്കപ്പെട്ട പുതിയനിയമസഭയുടെ കാതലായ ലക്ഷ്യംതന്നെ കുഞ്ഞാടിന്റെ മണവാട്ടിയെ ഒരുക്കിയെടുക്കുക എന്നതാകുന്നു. കഴിഞ്ഞ രണ്ടായിരത്തിൽപരം വർഷങ്ങളായി പരിശുദ്ധാത്മാവിനു ബോദ്ധ്യപ്പെടുന്നവരെ ചേർത്ത് സഭയെ പണിതുകൊണ്ടിരിക്കുന്നു. അവരിൽനിന്നുമാണ് പരിശുദ്ധാത്മാവിന്റെ ഹിതത്തിന് അനുദിനം മുന്നേറുന്നവരെ യേശുക്രിസ്തു എന്ന ഏകപുരുഷന് നിർമ്മല കന്യകയായി വിവാഹനിശ്ചയം ചെയ്യുന്നത്. കുഞ്ഞാടും കാന്തയും തമ്മിലുള്ള വിവാഹമാണ് നിത്യതയിൽ നിലനിൽക്കുന്നത്. ഇതുവരെയും കുഞ്ഞാടുമായിട്ടുള്ള വിവാഹബന്ധത്തിൽ ആരെങ്കിലും ഏർപ്പെട്ടിട്ടില്ലായെങ്കിൽ അതിനുള്ള അവസരമാണ് ഇപ്പോൾ ഭൂമിയിൽ ശേഷിക്കുന്നത്. അതിശ്രേഷ്ഠമായ മണവാട്ടിയുടെ പദവി അലങ്കരിക്കുവാൻ ജീവിതത്തെ പരിശുദ്ധാത്മാവിന്റെ കരങ്ങളിൽ ഏല്പിച്ചുകൊടുക്കുക.

നശ്വരമായ ഇഹലോകജീവിതത്തിലെ നിഴലായ കുടുംബജീവിതത്തെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം, വിവാഹാലോചന എന്നിവയെക്കുറിച്ചും അവയുടെ പൊരുളുകളെക്കുറിച്ചുമായിരുന്നു കഴിഞ്ഞ രണ്ട് അദ്ധ്യായങ്ങളിൽ നാം ചിന്തിച്ചത്. തുടർന്ന് മൂന്നാം അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത് വിവാഹത്തിന്റെ മൂന്നാമത്തെ ഘട്ടമാകുന്ന വിവാഹനിശ്ചയത്തെക്കുറിച്ചാകുന്നു.

### അദ്ധ്യായം 3

# വിവാഹനിശ്ചയം

പഴയനിയമത്തിലെ പിതാമഹന്മാരിൽ അബ്രാഹാം, യിസ്ഹാക്ക് എന്നിവരുടെ കുടുംബജീവിതത്തെ ആസ്പദമാക്കിയാണ് കഴിഞ്ഞ രണ്ട് അദ്ധ്യായങ്ങൾ രചിക്കപ്പെട്ടത്. അതിൽ ഒന്നമത്തെ അദ്ധ്യായത്തിന്റെ പഠനം കേന്ദ്രീകരിച്ചത് ഏഴു യുഗങ്ങളിലെ വിവാഹത്തെക്കുറിച്ചുള്ള ദൈവീക ഉദ്ദേശത്തെക്കുറിച്ചായിരുന്നു. പഴയനിയമത്തിലെ സുപ്രധാന വ്യക്തിയായിരുന്ന അബ്രാഹാമിന്റെ കുടുംബജീവിതത്തെക്കുറിച്ച് ദൈവത്തിനുണ്ടായിരുന്ന ദൈവീക ഉദ്ദേശ്യത്തെക്കുറിച്ചായിരുന്നു അതിൽ നാം ഗഹനമായി ചിന്തിച്ചത്. വിവാഹാലോചന എന്ന രണ്ടാം അദ്ധ്യായത്തിൽ യിസ്ഹാക്കിന്റെ വിവാഹാലോചനയുടെ ആരംഭം മുതൽ അതിന്റെ പൂർത്തീകരണം വരെയുള്ള കാര്യങ്ങൾക്ക് പ്രാധാന്യത കൊടുത്താണ് നാം ചിന്തിച്ചത്. വിവാഹനിശ്ചയം എന്ന മൂന്നാം അദ്ധ്യായത്തിൽ തുടർന്ന് നാം ചിന്തിക്കുന്നത് പഴയനിയമ പിതാമഹന്മാരിൽ മൂന്നാമനായ യാക്കോബിന്റെ വിവാഹനിശ്ചയത്തെക്കുറിച്ചും അതിനോട് അനുബന്ധമായ കാര്യങ്ങളെക്കുറിച്ചുമാകുന്നു. പഴയനിയമത്തിലെ അൻപത് അദ്ധ്യായങ്ങളിൽ ഇരുപത്തിയഞ്ച് അദ്ധ്യായങ്ങളിലെ പ്രതിപാദ്യവിഷയം യാക്കോബ് എന്ന യിസ്രായേലിനോടുള്ള ബന്ധത്തിലെ കാര്യങ്ങൾക്കാകുന്നു. യാക്കോബിന്റെ ജനനം മുതൽ മരണം വരെയുള്ള കാര്യങ്ങളെ അപഗ്രഥിച്ചാൽ അതിൽ അഞ്ച് ഘട്ടങ്ങളാണ് ഉള്ളത്. അവ ഓരോന്നുമാണ് താഴെ കൊടുത്തിരിക്കുന്നത്. വിവാഹനിശ്ചയം എന്ന ഈ അദ്ധ്യായത്തിൽ യാക്കോബിന്റെ ജീവിതത്തിലെ ആദ്യത്തെ രണ്ട് ഘട്ടങ്ങളെക്കുറിച്ചുള്ള പഠനത്തിനാണ് നാം പ്രാധാന്യത കൊടുത്തിരിക്കുന്നത്.

i യാക്കോബ് കനാനിൽ (ഉല്പ. 25:21 മുതൽ 28:10 വരെ)

ii യാക്കോബ് പദ്ദൻ-അരാമിൽ (ഉല്പ. 28:11 മുതൽ 31:16 വരെ)

iii യാക്കോബിന്റെ കനാനിലേക്കുള്ള മടങ്ങിവരവ് (ഉല്പ. 31:17 മുതൽ 35:27 വരെ)

iv യാക്കോബിന്റെ കനാനിലെ കുടുംബജീവിതം (ഉല്പ. 35:28 മുതൽ 45:28 വരെ)

v യാക്കോബ് മിസ്രയീമിൽ (ഉല്പ. 46:1 മുതൽ 50:13 വരെ)

### i യാക്കോബ് കനാനിൽ (ഉല്പ. 25:21 മുതൽ 28:10 വരെ)

യാക്കോബ് കനാനിൽ എന്ന ഭാഗത്തിൽ നാം ചിന്തിക്കുന്നത് അവന്റെ ജനനം മുതൽ അവൻ നാല്പതാമത്തെ വയസ്സിൽ പദ്ദൻ-അരാമിലേക്ക് ഓടിപ്പോകുന്നതുവരെയുള്ള അവന്റെ ജീവിതത്തിലെ ഒന്നാമത്തെ കാലഘട്ടത്തെക്കുറിച്ചാകുന്നു.

യിസ്ഹാക്ക് അരാമിലുള്ള അരാമ്യനായ ബെഥൂവേലിന്റെ പുത്രിയും അരാമ്യനായ ലാബാന്റെ സഹോദരിയുമായ റിബെക്കാ യെയായിരുന്നു വിവാഹം കഴിച്ചിരുന്നത്. അതെക്കുറിച്ചാണ് വിവാഹ ആലോചന എന്ന കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചത്. അവരുടെ വിവാഹം നടന്നത് യിസ്ഹാക്കിന് ഏകദേശം നാല്പതു വയസ്സുള്ളപ്പോളായിരുന്നു. വിവാഹാനന്തരം കനാനിൽ പാർത്തിരുന്ന യിസ്ഹാക്ക്-റിബെക്കാ ദമ്പതിമാർക്ക് ഉടനെ മക്കൾ ജനിച്ചിരുന്നില്ല. അതിന്റെ കാരണം റിബെക്കാ മച്ചിയായതിനാലായിരുന്നു. അവൾക്ക് വേണ്ടി യിസ്ഹാക്ക് പ്രാർത്ഥിച്ചു. ദൈവം അവന്റെ പ്രാർത്ഥന കേട്ട് അവർക്ക് മക്കളെ കൊടുത്തത് അവന്റെ അറുപതാമത്തെ വയസ്സിലായിരുന്നു.

റിബെക്കായുടെ ഉദരത്തിൽ രണ്ടു ശിശുക്കളായിരുന്നു ഉരുവായിരുന്നത്. അവളുടെ ഗർഭപാത്രത്തിൽവെച്ച് ശിശുക്കൾ തമ്മിൽ തിക്കിയതു നിമിത്തം അവളുടെ ഗർഭകാലം വളരെ ദുരിതപൂർണ്ണമായിരുന്നു. അവളുടെ ഉദരത്തിനുള്ളിലെ പ്രയാസകരമായ അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ സകലത്തിനും കാരണഭൂതനും സകലത്തിനും പരിഹാരകനുമായ സർവ്വശക്തനായ ദൈവത്തിനു മാത്രമേ കഴിയുകയുള്ളൂ എന്ന തിരിച്ചറിവ് അവൾക്കുണ്ടായിരുന്നു. അതുകൊണ്ടാണ് ഭർത്താവായ യിസ്ഹാക്കിനോടോ മറ്റാരോടുമോ പ്രശ്നപരിഹാരത്തിനു സമീപിക്കാതെ ഇങ്ങിനെയായാൽ ഞാൻ എന്തിന് ജീവിക്കുന്നു എന്ന് ദൈവത്തോട് ചോദിച്ചത്. അതിന്റെ വ്യക്തമായ മറുപടി ദൈവം അവളോട് അരുളിച്ചെയ്തതു നിമിത്തം അവൾ ഭാവികാല കാര്യങ്ങൾ ഗ്രഹിക്കുകയുംസ്വസ്ഥതയും സമാധാനവുമുള്ളവളായിത്തീരുകയും ചെയ്തു. യഹോവ റിബെക്കായോട് അരുളിച്ചെയ്തത് അവൾക്ക് ജനിക്കുവാൻ പോകുന്ന രണ്ടു ശിശുക്കളെക്കുറിച്ചായിരുന്നു.

> രണ്ട് ജാതികൾ നിന്റെ ഗർഭത്തിൽ ഉണ്ട് രണ്ടു വംശങ്ങൾ നിന്റെ ഉദരത്തിൽനിന്നുതന്നെ പിരിയും; ഒരു വംശം മറ്റേ വംശത്തിലും ശക്തിപ്പെടും മൂത്തവൻ ഇളയവനെ സേവിക്കും എന്ന് അരുളിച്ചെയ്തു (ഉല്പ. 25:13)

അമ്മയുടെ ഉദരത്തിൽവച്ചുതന്നെ തമ്മിൽ പിരിഞ്ഞ രണ്ടു വംശങ്ങൾ; അതായിരുന്നു അവളുടെ ഉദരത്തിൽ ശിശുക്കൾ തമ്മിൽ തിക്കിക്കൊണ്ടിരുന്നതിന്റെ കാരണം. അവളുടെ പ്രസവകാലം തികഞ്ഞപ്പോൾ ആദ്യജാതനായിട്ട് ഉദരത്തിൽനിന്ന് വെളിയിൽ വന്നത് ചുവന്നവനും ദേഹം മുഴുവൻ രോമംകൊണ്ടുള്ള വസ്ത്രം പോലെ ഇരുന്നവനുമായ ഏശാവായിരുന്നു. പിന്നെ അവന്റെ സഹോദരൻ മൂത്തവന്റെ കുതികാൽ പിടിച്ചുകൊണ്ട് പുറത്തുവന്നു അവർ അവന് യാക്കോബ് എന്നു പേരിട്ടു.

മൂത്തവൻ ഇളയവനെ സേവിക്കും എന്ന് യഹോവ അരുളിച്ചെയ്തത് അവൻ യാക്കോബിനെ സ്നേഹിച്ച് ഏശാവിനെ ദ്വേഷിച്ചതുകൊണ്ടായിരുന്നു. അത് ദൈവീകനിർണ്ണയപ്രകാരമുള്ള തിരഞ്ഞെടുപ്പായിരുന്നു എന്നാണ് റോമർക്ക് എഴുതിയ ലേഖനത്തിൽ അപ്പൊസ്തലനായ പൌലൊസ് സമർത്ഥിച്ചിരിക്കുന്നത്.

> അത്രയുമല്ല റിബെക്കായും നമ്മുടെ പിതാവായ യിസ്ഹാക്ക് എന്ന ഏകനാൽ ഗർഭം ധരിച്ചു, കുട്ടികൾ ജനിക്കയോ ഗുണമാകട്ടെ ദോഷമാകട്ടെ ഒന്നും പ്രവർത്തിക്കയോ ചെയ്യും മുമ്പേ തിരഞ്ഞെടുപ്പിൻ പ്രകാരമുള്ള ദൈവനിർണ്ണയം പ്രവർത്തികൾ നിമിത്തമല്ല വിളിച്ചവന്റെ ഇഷ്ടം നിമിത്തം തന്നെ വരേണ്ടതിന്:
>
> "മൂത്തവൻ ഇളയവനെ സേവിക്കും" എന്നു അവളോട് അരുളിച്ചെയ്തു. "ഞാൻ യാക്കോബിനെ സ്നേഹിച്ച് ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു" എന്ന് എഴുതിയിരിക്കുന്നവല്ലോ.
>
> ആകയാൽ നാം എന്തു പറയേണ്ടു? ദൈവത്തിന്റെ പക്കൽ അനീതി ഉണ്ടോ? ഒരുനാളും ഇല്ല (റോമ. 9:10-14)

റിബെക്കായുടെ ഉദരത്തിൽ വച്ചുതന്നെ വംശങ്ങൾ രണ്ടായി വേർപിരിഞ്ഞപ്പോൾ ദൈവം യാക്കോബിനെ സ്നേഹിച്ചതിനു പിമ്പിൽ പ്രവർത്തിച്ചത് തിരഞ്ഞെടുപ്പിൻപ്രകാരമുള്ള ദൈവീക നിർണ്ണയമായിരുന്നു. സകല ഹൃദയങ്ങളെയും അറിയുന്ന ദൈവം ഗർഭപാത്രത്തിൽ ഉരുവായ ഏശാവിന്റെയും യാക്കോബിന്റെയും ഹൃദയത്തെ ശോധന ചെയ്തിരുന്നു. കൂടാരവാസിയും സാധുശീലനുമായിത്തീ

ർന്ന യാക്കോബ് ജന്മനാൽ അങ്ങനെതന്നെ ആയിരുന്നു. എന്നാൽ വനസഞ്ചാരിയും വേട്ടക്കാരനുമായിത്തീർന്ന ഏശാവാകട്ടെ നിമ്രോദിനെപ്പോലെ വീരനായിരുന്നു. വാസ്തവത്തിൽ റിബെക്കായുടെ ഗർഭപാത്രത്തിൽ വച്ചുതന്നെ രണ്ടു വംശങ്ങൾ തമ്മിലുള്ള പോരാട്ടം ഉടലെടുത്തിരുന്നു. അമ്മയുടെ ഉദരത്തിനുള്ളിൽ ഏശാവ് പരാക്രമം കാണിച്ചപ്പോൾ യാക്കോബ് ശാന്തതയോടെ കഴിയുകയും ഏശാവിന്റെ കുതികാൽ പിടിക്കുകയുമാണ് ചെയ്തത്. അത് യാക്കോബിന്റെ എളിമ സ്വഭാവത്തെയാണ് കാണിക്കുന്നത്.

യാക്കോബിന്റെ സ്വഭാവത്തെക്കുറിച്ച് വളരെ വ്യത്യസ്ഥങ്ങളായ ചിന്താഗതികൾ ഉണ്ടെങ്കിലും ഹോശേയുടെ പ്രവചനത്തിലാണ് യാക്കോബിന്റെ യഥാർത്ഥ സ്വഭാവത്തെ ദൈവാത്മാവ് വെളിപ്പെടുത്തിയിരിക്കുന്നത്.

> അവൻ ഗർഭത്തിൽ വച്ച് തന്റെ സഹോദരന്റെ കുതികാൽ പിടിച്ചു; തന്റെ പുരുഷപ്രായത്തിൽ ദൈവത്തോട് പൊരുതി. അവൻ ദൂതനോടു പൊരുതി ജയിച്ചു; അവൻ കരഞ്ഞ് അവനോട് അപേക്ഷിച്ചു; അവൻ ബേഥേലിൽ വച്ച് അവനെ കണ്ടെത്തി, അവിടെവച്ച് അവൻ നമ്മോടു സംസാരിച്ചു (ഹോശ. 12:3 - 4).

ഗർഭപാത്രത്തിൽ വച്ചുതന്നെയാക്കോബിന് കാലുപിടിച്ച് അപേക്ഷിക്കുന്ന സ്വഭാവമാണുണ്ടായിരുന്നത്. ഉദരത്തിൽവെച്ച് മനുഷ്യന്റെ കാൽ പിടിച്ചുവെങ്കിൽ വളർന്നപ്പോൾ അവൻ പിടിച്ചത് ദൈവത്തിന്റെ കാലിലായിരുന്നു. അതായിരുന്നു അവന്റെ ജീവിതവിജയത്തിന്റെ രഹസ്യം. വാസ്തവത്തിൽ യാക്കോബ് ആയിരുന്നു ആദ്യജാതനായി പിറക്കേണ്ടിയിരുന്നത്. എന്നാൽ ദൈവത്തിനറിയാമായിരുന്നു വീരപരാക്രമശാലിയായ ഏശാവായിരിക്കും ഗർഭപാത്രത്തിൽ നിന്ന് ആദ്യം പുറത്തുവരിക എന്നുള്ളത്. അതുകൊണ്ടാണ് മൂത്തവൻ ഇളയവനെ സേവിക്കും എന്ന് ദൈവം റിബെക്കായോട് അരുളിച്ചെയ്തത്. ദൈവം അരുളിച്ചെയ്തതുപോലെ തന്നെ സംഭവിച്ചു. ഏശാവിന്റെ കുതികാൽ പിടിച്ചാണ് യാക്കോബ് ഭൂമിയിൽ ജനിച്ചത്. താഴ്മയുള്ളവനായി ജനിച്ച യാക്കോബിനെ ദൈവം സ്നേഹിച്ച് അനുഗ്രഹിക്കുകയും പിതാക്കന്മാരുടെ വാഗ്ദത്തത്തിന് അവനെ കൂട്ടവകാശിയാക്കുകയും ചെയ്തു.

ദൈവദൂതനോട് യാക്കോബ് പൊരുതി ജയിച്ചത് ജഡികമായിട്ടുള്ളൊരു മൽപിടുത്തത്തിലൂടെ ആയിരുന്നില്ല പിന്നെയോ; കണ്ണു

നീരിനെ മറികടന്നുപോകാത്ത ദൈവദൂതന്റെ കാൽ പിടിച്ച് അവനെ അനുഗ്രഹിച്ചിട്ടല്ലാതെ നിന്നെ വിടുകയില്ല എന്ന കരച്ചിലിന്റെ അപേക്ഷയിലൂടെയാണ് യാക്കോബ് ദൂതനെ ജയിച്ചത്. അത് പദ്ദൻ-അരാമിൽ നിന്ന് വാഗ്ദത്തദേശമായ കനാനിലേക്കുള്ള മടക്കയാത്രയിൽ യാബ്ബോക് കടവിൽ വച്ച് സംഭവിച്ച കാര്യമായിരുന്നു. അതിന് ഇരുപതു വർഷം മുമ്പ് യാക്കോബ് ഏശാവിനെ ഭയപ്പെട്ടായിരുന്നു കനാനിൽനിന്ന് പ്രാണരക്ഷാർത്ഥം പദ്ദൻ-അരാമിലേക്ക് ഓടിപ്പോയത്. യാക്കോബിന്റെയും കുടുംബത്തിന്റെയും കനാൻദേശത്തേക്കുള്ള യാത്രയിൽ തന്നെ ദ്വേഷിച്ചിരുന്ന ഏശാവിന്റെ മനോനിലവാരം അറിയുവാൻ വേണ്ടിയാണ് യാക്കോബ് മുന്നമേ ആളുകളെ അയച്ച് അവന്റെ മടങ്ങിവരവ് ഏശാവിനെ അറിയിച്ചത്. അപ്പോൾ ഏശാവ് നാനൂറ് ആളുകളുമായി അവനെ എതിരേൽപാൻ വരുന്നു എന്ന വർത്തമാനമാണ് യാക്കോബിനു ലഭിച്ചത്. അത് എന്തിനാകുന്നു എന്ന് ചിന്തിച്ച് യാക്കോബിന്റെ മനം ഉരുകി അവൻ പ്രതിസന്ധിയുടെ തീച്ചൂളയിലായി. അതിന്റെ മദ്ധ്യത്തിലാണ് ഒരു രാത്രി ദൈവസന്നിധിയിൽ വേറിട്ടിരിപ്പാൻ യാക്കോബ് തീരുമാനിച്ചത്. അന്ന് രാത്രി മുഴുവൻ കരഞ്ഞുകൊണ്ടിരുന്ന യാക്കോബിനു മുമ്പിൽ ദൈവദൂതൻ പ്രത്യക്ഷപ്പെട്ടപ്പോൾ അവൻ ദൈവദൂതന്റെ കാൽ പിടിച്ച് വിടാതിരുന്നു. അതു നിമിത്തം ദൂതൻ അവനെ അനുഗ്രഹിച്ച് അവന്റെ പേർ അവിടെവച്ച് യിസ്രായേൽ എന്നാക്കി മാറ്റി. അതാണ് അവന്റെയും തലമുറകളുടെയും പിൽക്കാലത്തെ അനുഗ്രഹമായിത്തീർന്നത്.

അഭക്തനായ ഏശാവ് കഠിനഹൃദയമുള്ളവനായി ജീവിച്ചപ്പോൾ ദൈവഭക്തനായ യാക്കോബ് തന്റെ ഹൃദയത്തെ വെള്ളം പോലെ ദൈവസന്നിധിയിൽ പകരുന്നവനായിരുന്നു. അതുകൊണ്ടാണ് നിത്യതയുടെ വാഗ്ദത്തത്തിന്റെ കൂട്ടവകാശിയായി അബ്രാഹാമിനോടും യിസ്ഹാക്കിനോടും കൂടെ ദൈവം യാക്കോബിനെ തിരഞ്ഞെടുത്തത്. ഇവർ മൂവർക്കും പരദേശവാസത്തിന്റെ ഇഹലോക കാഴ്ചപ്പാടിനെക്കാൾ നിത്യതയെക്കുറിച്ചുള്ള ദർശനമായിരുന്നു ഉണ്ടായിരുന്നത്. അതേക്കുറിച്ച് എബ്രായർക്ക് എഴുതിയ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

> വിശ്വാസത്താൽ അവൻ വാഗ്ദത്ത ദേശത്ത് ഒരു അന്യദേശത്ത് എന്നപോലെ ചെന്ന് വാഗ്ദത്തത്തിനു കൂട്ടവകാശികളായ യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ

പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാന മുള്ളതുമായ നഗരത്തിനായി കാത്തിരുന്നു (എബ്രാ. 11:9 - 10).

അബ്രാഹാം നൂറ്റെഴുപത്തിയഞ്ച് വയസ്സ് പ്രായമുള്ളവനായി മരിച്ചപ്പോൾ യിസ്ഹാക്കിന്റെ പ്രായം എഴുപത്തിയഞ്ച് വയസ്സായിരുന്നു. അപ്പോൾ യിസ്ഹാക്കിന്റെ മകനായ യാക്കോബിന്റെ പ്രായം പതിനഞ്ചുവയസ്സായിരുന്നു. ഇതിൽനിന്നും വാഗ്ദത്തത്തിന്റെ കൂട്ടവകാശികളായ അബ്രാഹം, യിസ്ഹാക്ക്, യാക്കോബ് എന്നിവർ കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു എന്നാണ് തിരുവചനത്തിന്റെ ആധികാരികതയിൽ വ്യക്തമാക്കപ്പെടുന്നത്. ഇതിൽനിന്നും യാക്കോബിന്റെ പതിനഞ്ച് വയസ്സു പ്രായംവരെ അവൻ അബ്രാഹാമുമായി ഒരുമിച്ച് കൂടാരത്തിൽ വസിച്ചിരുന്നു എന്നാണ് സ്പഷ്ടമാക്കപ്പെടുന്നത്.

അബ്രാഹാമിനും യിസ്ഹാക്കിനും ലഭിച്ചിരുന്ന വാഗ്ദത്തത്തിന്റെ ദർശനപ്രകാരം യാക്കോബ് കൂടാരങ്ങളിൽ വസിച്ചപ്പോൾ ഏശാവ് എന്ന അവന്റെ ജ്യേഷ്ഠസഹോദരൻ അതിൽനിന്നു തികച്ചും വ്യത്യസ്ഥനായിരുന്നു. അവൻ വനസഞ്ചാരിയും വേട്ടക്കാരനുമായി ഇഹലോകജീവിതത്തോടുള്ള ബന്ധത്തിലാണ് നാളുകൾ കഴിച്ചത്. ഏശാവ് വേട്ട തേടി കൊണ്ടുവന്നിരുന്ന വേട്ടയിറച്ചിയുടെ രുചി പിടിച്ച് യിസ്ഹാക്ക് അവന്റെ ആദ്യജാതനായ ഏശാവിനെയാണ് അധികമായി സ്നേഹിച്ചിരുന്നത്. എന്നാൽ അമ്മയായ റിബെക്കായാകട്ടെ വാഗ്ദത്തത്തിനു കൂട്ടവകാശിയായ സാധുശീലനും കുടാരവാസിയും ആയ യാക്കോബിനെയാണ് ഏശാവിനേക്കാളും അധികം സ്നേഹിച്ചിരുന്നത്. ഇപ്രകാരം ഇവർ രണ്ടുപേരും വ്യത്യസ്ഥമായ രീതിയിൽ രണ്ടുപേരെ സ്നേഹിച്ചതിന്റെ പിമ്പിൽ ദൈവഹിതമാണ് ഉണ്ടായിരുന്നത്. അതിന്റെ കാരണം ദൈവം റിബെക്കായോട് അരുളിച്ചെയ്തത് അവൾ ഹൃദയത്തിൽ സംഗ്രഹിച്ചിരുന്നു. അത് മൂത്തവൻ ഇളയവനെ സേവിക്കുമെന്നുള്ളതായിരുന്നു. അതുകൊണ്ട് റിബെക്കാ ദൈവഹിതത്തിനനുസരിച്ചുള്ള വാഗ്ദത്തപ്രകാരമാണ് യാക്കോബിനെ സ്നേഹിച്ചിരുന്നത്.

അതുപോലെ യിസ്ഹാക് ദൈവീകദർശനമില്ലാത്ത ഏശാവിനെ സ്നേഹിച്ചതും ദൈവഹിതമായിരുന്നു. അതിന്റെ കാരണം മാതാപിതാക്കൾ ഇരുവരും അനുസരണമുണ്ടായിരുന്ന യാക്കോബിനെ മാത്രമാണ് സ്നേഹിച്ചിരുന്നതെങ്കിൽ കോപം മൂത്ത കയീൻ ഹാബേ

ലിനെ കൊന്നതുപോലെ ഏശാവ് യാക്കോബിനെ കൊന്നുകളയുമായിരുന്നു. അത് സംഭവിക്കാതിരിക്കുവാനാണ് ദൈവം യിസ്ഹാക്കിന് ഏശാവിനെ സ്നേഹിക്കുവാനുള്ള ഉൾപ്രേരണ കൊടുത്തത്. മാതാപിതാക്കൾ ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാകുന്നു മക്കളിൽ ആരെയെങ്കിലും സ്നേഹിക്കാതെ ഒറ്റപ്പെടുത്തിയാൽ അവർ അരുതാത്തത് ചെയ്യുവാൻ ഇടയാവുകയും അത് പിന്നീട് തീരാനഷ്ടത്തിന് കാരണമാകുകയം ചെയ്യും.

ദൈവീകദർശനം ഇല്ലാത്തവനും അഭക്തനുമായ ഏശാവ് ഒരു ഊണിനാണ് അവന്റെ ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞത്. അതുപോലെ പിന്നീട് അവന് പിതാവിൽനിന്നുള്ള അനുഗ്രഹവും നഷ്ടപ്പെട്ടു. ഇവ രണ്ടും നഷ്ടപ്പെട്ട ഏശാവ് പിന്നെത്തേതിൽ അനുഗ്രഹം പ്രാപിപ്പാൻ ആഗ്രഹിച്ച് കണ്ണുനീരോടെ യിസ്ഹാക്കിനോട് അപേക്ഷിച്ചിട്ടും മാനസാന്തരത്തിന് ഇട കാണാതെ തള്ളപ്പെട്ടു എന്നാണ് എബ്രായലേഖനത്തിൽ പുതിയനിയമ വിശ്വാസികൾക്കുള്ള മുന്നറിയിപ്പായിട്ട് രേഖപ്പെടുത്തിയിരിക്കുന്നത് (എബ്രാ. 12:16-17). ഒരുനാൾ മരിക്കേണ്ടിവരുമല്ലോ എന്ന ചിന്താഗതിക്കാരനായിരുന്നു ഏശാവ്. അവന് ഭൗമീകജീവിതത്തെക്കുറിച്ചല്ലാതെ മരണാനന്തര ഭാവി പ്രത്യാശയെക്കുറിച്ച് തെല്ലും താത്പര്യമില്ലാത്തവനായിരുന്നു. അതുകൊണ്ടാണ് അവൻ അവന്റെ ഇഷ്ടം പോലെ ഒരു ജഡികമനുഷ്യനായി ജീവിച്ചത്. അതു നിമിത്തമാണ് അവന് ലഭിക്കാമായിരുന്ന ജ്യേഷ്ഠാവകാശവും അനുഗ്രഹവും നഷ്ടമായിപ്പോയത്.

യിസ്ഹാക്ക് കുടുംബമായി ജീവിച്ചിരുന്ന കനാൻ ദേശത്ത് ക്ഷാമം ഉണ്ടായപ്പോൾ അവർ പോയത് ഫെലിസ്ത്യദേശമായിരുന്ന ഗെരാറിലേക്കായിരുന്നു. ഗെരാറിൽനിന്ന് മിസ്രയീമിലേക്ക് പോകരുത് എന്നായിരുന്നു ദൈവീക അരുളപ്പാട്. അതിന്റെ കാരണം അബ്രാഹാമിന്റെ സന്തതി അപ്പോൾ മിസ്രയീമിലേക്ക് ഇറങ്ങിപ്പോകുവാനുള്ള സമയമായിരുന്നില്ല എന്നതുകൊണ്ടാകുന്നു. അത് പിന്നീട് യാക്കോബിന്റെ കാലത്താണ് സംഭവിച്ചത്. ഇതിൽനിന്ന് അബ്രാഹാമിനോട് അരുളിച്ചെയ്ത വാഗ്ദത്തം യാക്കോബിലാണ് നിവർത്തീകരിക്കപ്പെട്ടത് എന്നാണ് തുടർസംഭങ്ങൾ വ്യക്തമാക്കുന്നത്.

അവർ ചെന്നു പാർക്കുന്ന ദേശമൊക്കെയും യിസ്ഹാക്കിന്റെ സന്തതിക്ക് അവകാശമായി കൊടുക്കുമെന്നും അവന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ വർദ്ധിപ്പിക്കുമെന്നും

അവന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകലജാതികളും അനുഗ്ര ഹിക്കപ്പെടുമെന്നായിരുന്നു ഗെരാറിൽവച്ച് ദൈവം യിസ്ഹാക്കിനോട് അരുളിച്ചെയ്തത് (ഉല്പ.26:42). അവനു ലഭിച്ച അതേ അനുഗ്രഹം സ്വർഗീയദർശനം പ്രാപിച്ച് യാക്കോബിനു ലഭിച്ചു എന്നാണ് തിരു വചനം സാക്ഷ്യപ്പെടുത്തുന്നത് (ഉല്പ.28:14). അബ്രാഹാം, യിസ് ഹാക്ക്, യാക്കോബ് എന്നിവരോടുള്ള അനുഗ്രഹത്തിന്റെ കാതലായ മർമ്മം അവരുടെ തലമുറയിൽനിന്ന് സകലജാതികളുടെയും അനു ഗ്രഹമായ യേശുക്രിസ്തു ഭൂമിയിൽ അവതരിക്കുമെന്നുള്ള തായിരുന്നു (ഉല്പ. 12:3, 22:18, 26:5, 28:14). ഗെരാറിലെ താമസം പൂർത്തിയാക്കി യിസ്ഹാക്കും കുടുംബവും ബേർ-ശേബയിലേ ക്കാണ് മടങ്ങിയെത്തിയത്. അന്നുരാത്രി വീണ്ടും യിസ്ഹാക്കിന് ദൈവം പ്രത്യക്ഷനായി അവനോട് അരുളിച്ചെയ്തത് ഭയപ്പെടരു തെന്നും അവന്റെ സന്തതിയെ വർദ്ധിപ്പിക്കുമെന്നും ആയിരുന്നു. യഹോവ അവന് പ്രത്യക്ഷനായതിനുശേഷം യിസ്ഹാക്ക് ബേർ-ശേബയിൽ ഒരു യാഗപീഠം പണിതു; യഹോവയുടെ നാമത്തിൽ ആരാധിച്ചു.

യിസ്ഹാക്കും കുടുംബവും ബേർ-ശേബയിൽ വസിക്കുന്ന കാലത്ത് മാതാപിതാക്കളോട് ആലോചിക്കാതെ ഏശാവ് സ്വന്തം ഇഷ്ടപ്രകാരം നാല്പതാം വയസ്സിൽ ഹിത്യ സ്ത്രീകളിൽ നിന്ന് രണ്ട് ഭാര്യമാരെയാണ് എടുത്തത്. അവർ ഹിത്യനായ ബേരിയുടെ മകൾ യെഹൂദീത്തും ഹിത്യനായ ഏലോന്റെ മകൾ ബാസ്മിത്തും ആയിരുന്നു. ജീവിതത്തെക്കുറിച്ച് ദൈവീകമായ കാഴ്ചപ്പാടില്ലാത്ത വരാണ് ഏശാവിനെപ്പോലെ തനിക്ക് ബോധിച്ചവരെ ഭാര്യമാരായി എടുക്കുന്നത്. ദീർഘവീക്ഷണമുള്ളവർ വിവാഹം, കുടുംബജീവിതം എന്നിവയൊന്നും നിസ്സാരമായി കാണുന്നവരല്ല. അവർ വിവാഹം മാന്യമായി നടത്തപ്പെടണമെന്നും കുടുംബജീവിതം അനുഗ്രഹപ്രദ മായിരിക്കണം എന്ന കാഴ്ചപ്പാട് ഉള്ളവരായിരിക്കും. ഏശാവിന്റെ വിവാഹം, കുടുംബജീവിതം എന്നിവ ഒന്നിലും അവന്റെ മാതാ പിതാക്കൾക്ക് അവൻ യാതൊരു സ്ഥാനവും കൊടുത്തിരുന്നില്ല. ലക്ഷ്യബോധമില്ലാത്ത ഏശാവിന്റെ വിവാഹാലോചന, വിവാഹ നിശ്ചയം, വിവാഹം എന്നിവയെക്കുറിച്ചുള്ള യാതൊരു പരാമർശവും തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഏശാവ് അന്യസ്ത്രീകളെ ഭാര്യമാരായി എടുത്ത് ഇണയില്ലാപ്പിണ കൂടിയതിൽ യിസ്ഹാക്കിനും റിബെക്കായ്ക്കും മനോവേദനയുണ്ടായിരുന്നു. അന്നത്തെപ്പോലെ

ഇന്നും എത്രയോ കുടുംബങ്ങളിലാണ് മക്കൾ മാതാപിതാക്കളെ അവരുടെ ഭാവി കാര്യങ്ങളിൽനിന്ന് ഒഴിവാക്കുന്നതു നിമിത്തം മനോവ്യസനത്തിലാക്കുന്നത്.

ഏശാവ് തന്നിഷ്ടക്കാരനായിട്ടാണ് ജീവിച്ചിരുന്നതെങ്കിലും യിസ്ഹാക്കിന് അവനോട് സ്നേഹമുണ്ടായിരുന്നു. അതിന്റെ കാരണം അവൻ വേട്ട തേടിക്കൊണ്ടുവരുന്ന വേട്ടയിറച്ചിയുടെ രുചി മാത്രമായിരുന്നില്ല. അത് ദൈവഹിതമായിരുന്നു എന്ന് നാം ചിന്തിച്ചിരുന്നുവല്ലോ. അതിനാൽ യിസ്ഹാക്ക് മൂത്തപുത്രനായ ഏശാവിനെ അനുഗ്രഹിക്കുമെന്നതിന് സംശയമില്ലായിരുന്നു. എന്നാൽ അങ്ങനെ സംഭവിക്കാതിരിക്കുവാനാണ് യിസ്ഹാക്കിന്റെ കണ്ണ് ദൈവഹിതത്താൽ നേരത്തേ മങ്ങിപ്പോയത്. ദൈവം സ്നേഹിച്ചിരുന്ന യാക്കോബിന്മേൽതന്നെ യിസ്ഹാക്കിന്റെ അനുഗ്രഹം വരേണമെന്നുള്ളത് ദൈവഹിതമായിരുന്നു. അതിനനുസൃതമായ സംഭവങ്ങളാണ് തുടർന്ന് യിസ്ഹാക്കിന്റെ ഭവനത്തിൽ സംഭവിച്ചിത്.

യിസ്ഹാക്ക് സ്നേഹിച്ചിരുന്ന മൂത്തമകനായ ഏശാവിനെ അനുഗ്രഹിപ്പാൻ തീരുമാനിച്ചപ്പോൾ അവൻ ഏശാവിനോടു അരുളിച്ചെയ്തത് അപ്പൻ വൃദ്ധനായിരിക്കുന്നുവെന്നും മരണദിവസം എന്നാകുന്നു എന്ന് അറിയുന്നുമില്ല. അതുകൊണ്ട് നീ നിന്റെ ആയുധങ്ങളായ വില്ലും പൂണിയും എടുത്ത് കാട്ടിൽച്ചെന്ന് മൃഗത്തെ വേട്ടയാടി കൊണ്ടുവന്ന് അപ്പന് ഇഷ്ടവും രുചികരവുമായ ഭോജനം ഉണ്ടാക്കിത്തരിക. അത് തിന്നിട്ട് യിസ്ഹാക്ക് ഏശാവിനെ അനുഗ്രഹിക്കാമെന്നായിരുന്നു. അപ്പന്റെ വാക്കു കേട്ട് ഏശാവ് കാട്ടിലേക്ക് വില്ലും പൂണിയും എടുത്ത് പുറപ്പെട്ടു. എന്നാൽ അവൻ വരുന്നതിനുമുമ്പ് ദൈവം റിബെക്കായുടെ ബുദ്ധിയെ തുറന്നു. അവൾ വിവേകത്തോടെ പ്രവർത്തിച്ച് യിസ്ഹാക്കിൽനിന്ന് അനുഗ്രഹം യാക്കോബിന് വാങ്ങിക്കൊടുത്തു.

വിവേകമതിയായ റിബെക്കാ വളരെ സമർത്ഥമായിട്ടാണ് ആ സന്ദർഭത്തിൽ പ്രവർത്തിച്ചത്. ഏശാവ് വരുന്നതിനുമുമ്പ് യാക്കോബിനെക്കൊണ്ട് രണ്ട് കോലാട്ടിൻ കുട്ടികളെ വരുത്തി അവയെ കൊന്ന് യിസ്ഹാക്കിന് രുചികരമായ ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കി യാക്കോബിന്റെ കൈവശം കൊടുത്തു. ഏശാവിന്റെ വിശേഷവസ്ത്രം ധരിപ്പിച്ച് അവന്റെ കൈകളും കഴുത്തും കോലാട്ടിൻ കുട്ടികളുടെ രോമംകൊണ്ട് പൊതിഞ്ഞു. യാക്കോബിനെ ഏശാവാക്കി ആൾമാറാട്ടം നടത്തി. യാക്കോബ് പിടിക്കപ്പെടും എന്ന് ഭയ

പ്പെട്ട് ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചുവെങ്കിലും അവളുടെ അമ്മ അവനെ അതിനു സമ്മതിച്ചില്ല. അങ്ങനെ യാക്കോബ് അമ്മയുടെ നിർബന്ധ പ്രകാരം അവൾ ഉണ്ടാക്കിക്കൊടുത്ത ഭക്ഷണംകൊണ്ട് യിസ്ഹാക്കിന്റെ മുമ്പിൽ ചെന്നു. യാക്കോബ് യിസ്ഹാക്കിനോട് പറഞ്ഞത് ഞാൻ നിന്റെ ആദ്യജാതൻ ഏശാവാകുന്നു, അപ്പൻ വേട്ടയിറച്ചി തിന്ന് എന്നെ അനുഗ്രഹിക്കണമേ എന്നായിരുന്നു. ശബ്ദത്തിൽ സംശയം തോന്നിയ യിസ്ഹാക്ക് ചോദിച്ചത് എന്റെ മകനെ ഇത്ര വേഗം നിനക്ക് വേട്ടയിറച്ചി കിട്ടിയത് എങ്ങനെ എന്നായിരുന്നു. അതിന് യാക്കോബ് മറുപടി പറഞ്ഞത് അപ്പന്റെ ദൈവമായ യഹോവ അവന്റെ നേർക്ക് മൃഗത്തെ വരുത്തിത്തന്നു എന്നായിരുന്നു.

യിസ്ഹാക്ക് അനുഗ്രഹിക്കുന്നതിനു മുമ്പ് അവൻ ആദ്യജാതനായ ഏശാവാകുന്നു എന്ന് ഉറപ്പുവരുത്തുവാൻ യാക്കോബിനെ അടുക്കൽ വിളിച്ചു. അവൻ യാക്കോബിനെ തപ്പിനോക്കിയിട്ട് പറഞ്ഞത് ശബ്ദം യാക്കോബിന്റേതുപോലെ എങ്കിലും കൈകൾ ഏശാവിന്റേതു പോലെ ആകുന്നു എന്നായിരുന്നു. ബുദ്ധിമാനായ യിസ്ഹാക്കിന് യാക്കോബിനെ തിരിച്ചറിയാൻ കഴിയാത്തവിധം ദൈവം കാര്യങ്ങളെ നിയന്ത്രിച്ചിരുന്നു. അതിനാൽ യിസ്ഹാക്ക് ഭക്ഷിച്ച് പാനം ചെയ്ത് ഏശാവിനുപകരം യാക്കോബിനെ അനുഗ്രഹിച്ചു. അതിനുശേഷമാണ് ഏശാവും രുചികരമായ ഭക്ഷണം ഉണ്ടാക്കി യിസ്ഹാക്കിന്റെ മുമ്പിൽ ചെന്നത്. അവൻ യിസ്ഹാക്കിനെ വിളിച്ച് അവനോട് പറഞ്ഞത് അപ്പാ, വേട്ടയിറച്ചി തിന്ന് എന്നെ അനുഗ്രഹിക്കണമെന്നായിരുന്നു. നീ ആരാകുന്നു എന്നു യിസ്ഹാക്ക് ചോദിച്ചതിന് ഞാൻ നിന്റെ ആദ്യജാതനായ മകൻ ഏശാവാകുന്നു എന്നായിരുന്നു അവന്റെ മറുപടി. അതുകേട്ട യിസ്ഹാക്ക് അത്യന്തം ഭ്രമിച്ച് നടുങ്ങിപ്പോയി.

യിസ്ഹാക്ക് സമചിത്തത വീണ്ടെടുത്ത് ഏശാവിനോടു പറഞ്ഞത് നീ വരും മുമ്പേ ഞാൻ സകലവും തിന്ന് യാക്കോബിനെ അനുഗ്രഹിച്ചിരിക്കുന്നു; അവൻ അനുഗ്രഹിക്കപ്പെട്ടവനുമാകും. അപ്പന്റെ വാക്കു കേട്ട് ഏശാവ് അതിദുഃഖിതനായി ഉറക്കെ നിലവിളിച്ചു. അവൻ കരഞ്ഞ് അപേക്ഷിച്ചത് അപ്പാ, എന്നെയും കൂടെ അനുഗ്രഹിക്കണമേ എന്നായിരുന്നു. അതിന് യിസ്ഹാക്ക് പറഞ്ഞത് നിന്റെ സഹോദരൻ ഉപായത്തോടെ വന്ന് നിന്റെ അനുഗ്രഹം അപഹരിച്ചുകളഞ്ഞു എന്നായിരുന്നു. അതിന് ഏശാവ് മറുപടി പറഞ്ഞത് ശരി, യാക്കോബ് എന്നല്ലോ അവന്റെ പേർ, രണ്ട് പ്രാവശ്യം അവൻ

എന്നെ ചതിച്ചു, അപ്പന്റെ മരണശേഷം യാക്കോബിനെ കൊന്നുകള യുമെന്നായിരുന്നു. അഭക്തനായ ഏശാവിന്റെ ജ്യേഷ്ഠാവകാശവും പിതാവിന്റെ അനുഗ്രഹവുമാണ് ഉപായത്താൽ യാക്കോബ് ഏശാവിൽനിന്ന് അപഹരിച്ചുകളഞ്ഞത്.

യിസ്ഹാക്ക് ഭ്രമിച്ച് നടുങ്ങിപ്പോയെങ്കിലും അപ്പോൾ യാക്കോ ബിനെ ശപിക്കാതിരുന്നത് യിസ്ഹാക്ക് യാക്കോബിനെ അനുഗ്രഹിച്ച വാക്കുകൾ നിമിത്തമായിരുന്നു. അത് നിന്നെ ശപിക്കുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ; നിന്നെ അനുഗ്രഹിക്കുന്നവൻ എല്ലാം അനുഗ്രഹി ക്കപ്പെട്ടവൻ എന്നായിരുന്നു. അതിനു വിരുദ്ധമായി ശാപവാക്ക് യിസ്ഹാക്കിൽനിന്ന് പുറപ്പെട്ടാൽ അവൻ തന്നെത്താൻ ശപിക്ക പ്പെട്ടവനായിത്തീരുമെന്ന് അവന് അറിയാമായിരുന്നു. അതുകൊണ്ട് യാക്കോബ് ഉപായത്താൽ അനുഗ്രഹം യിസ്ഹാക്കിന്റെ കയ്യിൽ നിന്ന് വാങ്ങിയെടുത്തു എങ്കിലും യാക്കോബിനെ ശപിക്കുവാൻ ദൈവം  യിസ്ഹാക്കിനെ അനുവദിച്ചില്ല.

യിസ്ഹാക്ക് യാക്കോബിനെ അനുഗ്രഹിച്ച അനുഗ്രഹം നിമിത്തം ഏശാവ് അവനെ ദ്വേഷിച്ചു. അപ്പൻ മരിച്ചു കഴിയുമ്പോൾ യാക്കോബിനെ കൊല്ലും എന്ന് ഏശാവ് ഹൃദയത്തിൽ പറഞ്ഞു. ഏശാവിന്റെ ഹൃദയനിരൂപണം ചിന്തിച്ചെടുത്ത അവന്റെ അമ്മ റിബെക്കാ യാക്കോബിനെ കനാൻ ദേശത്തുനിന്നും അവളുടെ ദേശ മായ പദ്ദൻ-അരാമിലെ അവളുടെ വീട്ടിലേക്ക് ഉടനെ പറഞ്ഞയ യ്ക്കുവാൻ പദ്ധതിയിട്ടു. അതിൻപ്രകാരം യാക്കോബിനോട് അവൾ പറഞ്ഞത് അവളുടെ സഹോദരനായ ലാബാന്റെ അടുക്കലേക്ക് ഓടിപ്പോക, ഏശാവിന്റെ കോപം മാറി നീ അവനോട് ചെയ്തത് മറക്കുംവരെ അവിടെ താമസിക്ക, പിന്നെ ഞാൻ ആളയച്ചു നിന്നെ അവിടെനിന്ന് മടക്കിവരുത്തിക്കൊള്ളാം എന്നായിരുന്നു.

യാക്കോബ് പദ്ദൻ-അരാമിലേക്ക് യാത്രയാകുന്നത് യിസ്ഹാ ക്കിന്റെ പൂർണ്ണ സമ്മതത്തോടും അനുഗ്രഹത്തോടും കൂടെ ആകണ മെന്ന് റിബെക്കാ ആഗ്രഹിച്ചിരുന്നു. അതുകൊണ്ടാണ് ഏശാവിന്റെ കുടുംബജീവിതം നിമിത്തം അവർക്ക് ഇരുവർക്കും ഉണ്ടായ മനോവ്യ സനം അവൾ യിസ്ഹാക്കിനെ ആ സന്ദർഭത്തിൽ ഓർമ്മിപ്പിച്ചത്. അവൾ അവനോട് പറഞ്ഞത് ഏശാവിന്റെ ഭാര്യമാരായ ഹിത്യ സ്ത്രീകൾ നിമിത്തം അവളുടെ ജീവിതം അവൾക്ക് സഹിക്കുവാൻ കഴിയുന്നതിലും അപ്പുറമായിരിക്കുന്നുവെന്നും ഏശാവിനെപ്പോലെ യാക്കോബും അവരെപ്പോലെ ഒരുത്തിയെ ഭാര്യയായി എടുത്താൽ

പിന്നെ അവൾ ജീവിച്ചിരിക്കുന്നതിലും ഭേദം മരിക്കുന്നതാണ് നല്ല തെന്നായിരുന്നു.

റിബെക്കായുടെ ജീവിതത്തിൽ രണ്ട് സന്ദർഭങ്ങളിലാണ് അവൾ എന്തിനു ജീവിക്കുന്നു എന്ന ചോദ്യം ഉയർത്തിയിട്ടുള്ളത്. അതിൽ ഒന്നാമത്തേത് ഇരട്ട പിള്ളകൾ അവളുടെ ഉദരത്തിൽ തമ്മിൽ തിക്കിയ സന്ദർഭത്തിലായിരുന്നു. അതിന്റെ പരിഹാരം അവൾ ചോദിച്ചത് സർവ്വശക്തനായ ദൈവത്തോടായിരുന്നു. രണ്ടാമത്തെ സന്ദർഭം ഹിത്യസ്ത്രീകളെ അവളുടെ ആദ്യജാതനായ ഏശാവ് സ്വന്ത ഇഷ്ട പ്രകാരം വിവാഹം കഴിച്ചതുപോലെ യാക്കോബും വിവാഹം കഴിച്ചാലുള്ള ഭവിഷ്യത്ത് ഓർത്തിട്ടായിരുന്നു. അതിന്റെ പരിഹാരം നിർദ്ദേശിക്കേണ്ടത് അവളുടെ ഭർത്താവായ യിസ്ഹാക്ക് ആകുന്നു വെന്ന് അവൾക്ക് വ്യക്തമായി അറിയാവുന്നതുകൊണ്ടാണ് അവ നോട് ആ കാര്യം അപ്പോൾ അവൾ അറിയിച്ചത്. ബുദ്ധിമതിയായ റിബെക്കായുടെ ലക്ഷ്യം യാക്കോബിന്റെ അനുഗ്രഹം നിമിത്തം പ്രശ്നകലുഷിതമായ യിസ്ഹാക്കിന്റെ ഭവനത്തിൽനിന്ന് വേഗത്തിൽ യാക്കോബിനെ പറഞ്ഞയക്കുക എന്നതായിരുന്നു. അതല്ലായെങ്കിൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകൂടി ചിന്തിച്ചിട്ടാണ് അവൾ യാക്കോബ് വിവാഹം കഴിക്കുന്നത് പദ്ദൻ-അരാമിൽ നിന്നാകണമെന്നുള്ള കാര്യം യിസ്ഹാക്കിന്റെ മുമ്പിൽ വിവേകത്തോടെ അവതരിപ്പിച്ചത്.

അനന്തരം ദൈവപുരുഷനായ യിസ്ഹാക്കിന് യാക്കോബിനെ ക്കുറിച്ചുള്ള ദൈവഹിതം വ്യക്തമായി തിരിച്ചറിയുവാൻ സാധിച്ചു. അതുകൊണ്ടാണ് റിബെക്കാ യാക്കോബിനെ പദ്ദൻ-അരാമിൽ അവളുടെ സഹോദരനായ ലാബാന്റെ വീട്ടിലേക്ക് വിവാഹവിഷ യത്തോടുള്ള ബന്ധത്തിൽ പറഞ്ഞുവിടുന്നതിനെക്കുറിച്ചുള്ള അഭിപ്രായം അറിയിച്ചപ്പോൾ അവൻ അതിനോട് എതിർപ്പു പ്രക ടിപ്പിക്കാതിരുന്നത്. ദൈവഹിതം തിരിച്ചറിഞ്ഞ യിസ്ഹാക്ക് യാക്കോബിനെ വിളിച്ച് അനുഗ്രഹിച്ച് അവനോട് ആജ്ഞാപിച്ച് പറഞ്ഞത് ഇപ്രകാരമായിരുന്നു.

> നീ കനാന്യ സ്ത്രീകളിൽനിന്ന് ഭാര്യയെ എടുക്കരുത്. പുറപ്പെട്ട് പദ്ദൻ-അരാമിൽ നിന്റെ അമ്മയുടെ അപ്പനായ ബെഥൂവേലിന്റെ വീട്ടിൽ ചെന്ന് നിന്റെ അമ്മയുടെ സഹോദരനായ ലാബാന്റെ പുത്രിമാരിൽനിന്നു നിനക്ക് ഒരു ഭാര്യയെ എടുക്ക. സർവ്വശക്തനായ ദൈവം നിന്നെ അനുഗ്ര ഹിക്കയും നീ ജനസമൂഹമായിത്തീരത്തക്കവണ്ണം നിന്നെ സന്താന പുഷ്ടിയുള്ളവനായി പെരുക്കുകുയും ദൈവം അബ്രാഹാമിന്

കൊടുത്തതും നീ പരദേശിയായി പാർക്കുന്നതുമായ ദേശം നീ കൈവശമാക്കേണ്ടതിന് അബ്രാഹാമിന്റെ അനുഗ്രഹം നിനക്കും നിന്റെ സന്തതിക്കും തരുകയും ചെയ്യുമാറാകട്ടെ. അങ്ങനെ യിസ്ഹാക്ക് യാക്കോബിനെ പറഞ്ഞയച്ചു; ... (ഉല്പ. 28:1-5).

അബ്രാഹാമിൽനിന്ന് യിസ്ഹാക്കിനു ലഭിച്ച ദൈവീക അനുഗ്രഹം അവനിൽനിന്ന് കൈമാറേണ്ടത് യാക്കോബിനാകുന്നു എന്ന വ്യക്തമായ കാഴ്ചപ്പാട് ലഭിച്ചതിനുശേഷമാണ് യിസ്ഹാക്ക് അവനെ പദ്ദൻ-അരാമിലേക്ക് അനുഗ്രഹിച്ച് പറഞ്ഞയച്ചത്. ദൈവാനുഗ്രഹം പ്രാപിച്ച യാക്കോബിന്റെ കുടുംബജീവിതം ആരംഭിക്കുന്നതിന്റെ പ്രാരംഭനടപടിയായിരുന്നു പദ്ദൻ-അരാമിലേക്കുള്ള അവന്റെ യാത്ര. യിസ്ഹാക്കിനെ പൂർണ്ണമായും അനുസരിച്ചിരുന്ന യാക്കോബിനെ പദ്ദൻ-അരാമിലേക്ക് യാത്രയയയ്ക്കുമ്പോൾ അവനോട് യിസ്ഹാക്ക് ആജ്ഞാപിച്ചത് പ്രധാനമായും മൂന്ന് കാര്യങ്ങളായിരുന്നു.

* കനാന്യ സ്ത്രീകളിൽനിന്ന് ഭാര്യയെ എടുക്കരുത്.
* അമ്മയുടെ വീട്ടിൽ ചെന്ന് ലാബാന്റെ പുത്രിമാരിൽനിന്ന് ഒരുവളെ ഭാര്യയായി എടുക്കേണം
* നീ സന്താനപുഷ്ടിയുള്ളവനായി പെരുകി ദൈവം അബ്രാഹാമിനു കൊടുത്ത കനാൻ ദേശം നീ കൈവശമാക്കേണം. അബ്രാഹാമിന്റെ അനുഗ്രഹത്തിന് നീയും നിന്റെ മക്കളും അവകാശികളാകേണം.

യാക്കോബ് അമ്മയുടെ വീട്ടിലേക്ക് ഓടിപ്പോയത് ഏശാവ് അറിഞ്ഞത് അവൻ പോയതിനു ശേഷമായിരുന്നു. അപ്പനെയും അമ്മയെയും അനുസരിച്ച് അവരുടെ കല്പനപ്രകാരം കനാന്യ സ്ത്രീകളിൽനിന്ന് ഭാര്യയെ എടുക്കാതെ പദ്ദൻ-അരാമിലുള്ള ലാബാന്റെ പുത്രിമാരിൽ ഒരുവളെ ഭാര്യയായി എടുക്കുവാനാണ് യാക്കോബ് പുറപ്പെട്ടത് എന്ന് ഏശാവ് അറിഞ്ഞു. ഹിത്യസ്ത്രീകളെ അവന്റെ അപ്പനും അമ്മയ്ക്കും ഇഷ്ടമില്ലാ എന്നു കണ്ടിട്ട് ഏശാവ് മാതാപിതാക്കളുടെ പ്രീതി ലഭിക്കുമെന്നു വിചാരിച്ച് സ്വന്ത ഇഷ്ടപ്രകാരം മറ്റൊരു സ്ത്രീയെ ഭാര്യയായി എടുത്തു. അവൾ അബ്രാഹാമിന്റെ മകനായ യിശ്മായേലിന്റെ മകളും നെബായോത്തിന്റെ സഹോദരിയുമായ മഹലത്തായിരുന്നു. ഏശാവിന്റെ ജീവിതത്തിൽ കുറവുകൾ പരിഹരിക്കപ്പെടുന്നതിനു പകരം അനുദിനം അത് വർദ്ധിക്കുകയാണ് ചെയ്തത്. അഭക്തനായ ഏശാവിന്റെ

ജീവിതം മുന്നിൽ കണ്ട ദൈവം ഏശാവിനെ ദ്വേഷിച്ച് യാക്കോബിനെ സ്നേഹിച്ചതിൽ അനീതിയില്ല എന്നതാണ് ഏശാവിന്റെയും യാക്കോബിന്റെയും ജീവിതം വിശകലനം ചെയ്തതിൽനിന്ന് വ്യക്തമാകുന്നത്.

യാക്കോബ് കനാനിൽ എന്ന ഭാഗത്ത് നാം ചിന്തിച്ചത് അവന്റെ ജനനം, വളർച്ച, ഏശാവിൽനിന്ന് ജ്യേഷ്ഠാവകാശവും പിതാവിൽനിന്ന് അനുഗ്രഹവും പ്രാപിച്ചെടുത്തത്, പദ്ദൻ-അരാമിലുള്ള അമ്മയുടെ വീട്ടിൽനിന്ന് ഒരു ഭാര്യയെ എടുക്കുന്നതിനായി അവന്റെ മാതാപിതാക്കൾ അവനെ അനുഗ്രഹിച്ചയച്ചത് എന്നീ വിഷയങ്ങളെക്കുറിച്ചായിരുന്നു. അതുമാത്രമല്ല, യിസ്ഹാക്ക്-റിബെക്കാ ദമ്പതിമാരുടെ കുടുംബജീവിതത്തെക്കുറിച്ചുമുള്ള വ്യക്തമായ ചിത്രവും നമുക്ക് ലഭിക്കുകയുണ്ടായി. ഇതിൽ വ്യക്തമാക്കപ്പെടുന്ന സുപ്രധാന വസ്തുത ഗൃഹം പണിയുന്നതിൽ അമ്മമാർക്കുള്ള സുപ്രധാന പങ്കിനെക്കുറിച്ചാകുന്നു. യിസ്ഹാക്കിന്റെ ഭവനത്തിൽ മക്കൾ വളർന്നുവന്നപ്പോൾ തലയുയർത്തിയ പ്രശ്നങ്ങളെ റിബെക്കായാണ് വിവേകത്തോടെ കൈകാര്യം ചെയ്ത് ദൈവകൃപയാൽ പരിഹരിച്ചത്. ഉത്തരവാദിത്വബോധമുള്ളവനും ദൈവീക കാഴ്ചപ്പാട് ലഭിച്ചവനുമായ ഇളയമകൻ യാക്കോബിനെ യിസ്ഹാക്കിന്റെ പിൻതലമുറക്കാരനായി വളർത്തിക്കൊണ്ടുവരുന്നതിൽ സുപ്രധാന പങ്കാണ് റിബെക്കാ വഹിച്ചത്. അവളുടെ കുടുംബത്തിലെ ആഭ്യന്തര വിഷയങ്ങൾ മറ്റാരും അറിയാതെ അവൾ ഭംഗിയായി കൈകാര്യം ചെയ്തതുപോലെ അമ്മമാരാണ് മക്കളുടെ വിഷയങ്ങൾ പരിഹരിക്കുന്നതിൽ അധികമായി ശ്രദ്ധിക്കേണ്ടത്. തുടർന്ന് വിവാഹനിശ്ചയം എന്ന ഈ അദ്ധ്യായത്തിന്റെ പ്രധാന ഭാഗത്തിന്റെ പഠനത്തിലേക്കാണ് നാം പ്രവേശിക്കുന്നത്.

യാക്കോബിന്റെ വിവാഹത്തിന്റെ ഉദ്ദേശ്യം ദൈവീകമായിരുന്നു. അത് ദൈവീക വാഗ്ദത്തത്തോടുള്ള ബന്ധത്തിലായിരുന്നു നിറവേറപ്പെട്ടത്. യിസ്രായേൽ എന്ന ജാതിയും രാഷ്ട്രവും അവനിലാണ് ദൈവം ദർശിച്ചിരുന്നത്. അതിന്റെ ഉദ്ദേശസഫലീകരണത്തിനായുള്ള പ്രാരംഭനടപടിയായിരുന്നു യാക്കോബിന്റെ വിവാഹാലോചനയോടുള്ള ബന്ധത്തിൽ ദൈവഹിതപ്രകാരം യിസ്ഹാക്കും റിബെക്കായും കൂടി അവനെ അനുഗ്രഹിച്ച് പദ്ദൻ-അരാമിലേക്ക് അയച്ചത്. ഇതിൽനിന്ന് വ്യക്തമാക്കപ്പെടുന്ന വസ്തുത യാക്കോബിന്റെ മാതാപിതാക്കളായിരുന്നു അവന്റെ വിവാഹാലോചന

നടത്തിയത് എന്നാകുന്നു. അവർ ആലോചിച്ചതിൻപ്രകാരം അവരുടെ തീരുമാനം നിവർത്തീകരിക്കപ്പെടേണ്ടതിന് യാക്കോബിനെ അവന്റെ പിതാവ് പദ്ദൻ-അരാമിലേക്ക് ആജ്ഞാപിച്ചയയ്ക്കുകയാണ് ചെയ്തത്. ദൈവീക ഉദ്ദേശപ്രകാരം മാതാപിതാക്കളുടെ അലോചനയോടും അനുഗ്രഹത്തോടുമാണ് യാക്കോബ് തന്റെ ഭാവിജീവിതം പടുത്തുയർത്തുക എന്ന ഏകലക്ഷ്യത്തിനായി പദ്ദൻ-അരാമിലേക്ക് യാത്ര പുറപ്പെട്ടത്.

യിസ്ഹാക്കിന്റെ ജീവിതത്തിൽ അവന്റെ ഭാര്യയായ റിബെക്കായെ ദൈവം പദ്ദൻ-അരാമിൽനിന്ന് കനാനിലേക്ക് കൊണ്ടുവരുകയാണ് ചെയ്തതെങ്കിൽ യാക്കോബിന്റെ ജീവിതത്തിൽ യിസ്രായേൽ ഗൃഹം പണിയപ്പെടുന്നതിനുവേണ്ടി യാക്കോബിനെ കനാൻ ദേശത്തുനിന്നും പദ്ദൻ-അരാമിലേക്ക് അയയ്ക്കുകയാണ് ദൈവം ചെയ്തത്. ലാബാന്റെ പുത്രിമാരിൽ ഒരുവളെ യാക്കോബ് ഭാര്യയായിട്ട് എടുക്കണമെന്നുള്ളതായിരുന്നു അവന്റെ മാതാപിതാക്കളുടെ ആലോചന. എന്നാൽ ദൈവത്തിന്റെ ആലോചന അതിൽനിന്നെല്ലാം വ്യത്യസ്ഥമായിരുന്നു. ലാബാന്റെ പുത്രിമാരായ റാഹേലും ലേയായും കൂടി യിസ്രായേൽ ഗൃഹം പണിയണമെന്നായിരുന്നു ദൈവഹിതം. അതായിരുന്നു യാക്കോബിന്റെ ജീവിതത്തിൽ നിറവേറപ്പെട്ടത്.

> ...നിന്റെ വീട്ടിൽ വന്നിരിക്കുന്ന സ്ത്രീയെ യഹോവ റാഹേലിനെപ്പോലെയും ലേയായെപ്പോലെയും ആക്കട്ടെ; അവർ ഇരുവരുമല്ലോ യിസ്രായേൽ ഗൃഹം പണിതത്; ... (രൂത്ത് 4:11)

യാക്കോബ് സ്വന്തദേശമായ കനാനിൽ നിന്ന് പുറപ്പെട്ടപ്പോൾ അവന്റെ പിതാവും മാതാവും പറഞ്ഞ ആലോചനയായിരുന്നു അവന്റെ ഹൃദയനിരൂപണം. എന്നാൽ അതിനപ്പുറമായി അവനെക്കുറിച്ചുള്ള ദൈവീക ആലോചനയാണ് അവന്റെ ജീവിതത്തിൽ പദ്ദൻ-അരാമിൽവച്ച് നിവൃത്തിയാക്കപ്പെട്ടത്.

> മനുഷ്യന്റെ ഹൃദയത്തിൻ പല വിചാരങ്ങളും ഉണ്ട്; യഹോവയുടെ ആലോചനയോ നിവൃത്തിയാകും (സദൃശ. 19:21)

യാക്കോബിന്റെ മാതാപിതാക്കൾക്ക് ഉണ്ടായിരുന്ന വിചാരങ്ങൾ പോലെ മക്കളുടെ കുടുംബജീവിതത്തെക്കുറിച്ച് ആലോചനയോടും പ്രാർത്ഥനയോടുംകൂടെ കാത്തിരിക്കുന്നവർ അറിഞ്ഞിരിക്കേണ്ടത്, നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി

ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനോടാണ് നാം കാര്യങ്ങളെ അറിയിക്കുന്നത് എന്നുള്ളതാകുന്നു. അതുകൊണ്ട് യാക്കോബിന്റെ മാതാപിതാക്കൾക്ക് ഉണ്ടായിരുന്ന നിനവുകൾക്കതീതമായിട്ട് ദൈവം യാക്കോബിനുവേണ്ടി പ്രവർത്തിച്ചതുപോലെ ദൈവമക്കളുടെ തലമുറകൾക്കുവേണ്ടിയും ദൈവം പ്രവർത്തിക്കുമെന്ന വിശ്വാസമാണ് ഉണ്ടായിരിക്കേണ്ടത്. ഇതിൽനിന്ന് തലമുറകളുടെ ഭാവിജീവിതത്തെക്കുറിച്ച് ദൈവത്തിന് സുവ്യക്തവും നിവർത്തീകരിക്കപ്പെടുവാനുള്ളതുമായ ആലോചനകളാണുള്ളത് എന്നാണ് വ്യക്തമാക്കപ്പെടുന്നത്. ദൈവത്തിന്റെ വിചാരങ്ങളെക്കുറിച്ച് പ്രവാചകനായ യെശയ്യാവ് പ്രവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

> എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു. ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു (യെശ. 55:8 - 9)

യാക്കോബിന്റെ വിവാഹനിശ്ചയത്തെക്കുറിച്ച് തുടർന്ന് നാം ചിന്തിക്കുമ്പോൾ ദൈവത്തിന്റെ ആത്മാവ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ വ്യക്തതയാണ് നമുക്ക് ലഭിക്കുന്നത്. ബേർ-ശേബയിൽനിന്ന് ഹാരാനിലേക്കുള്ള അവന്റെ യാത്രയുടെ ആരംഭം മുതൽ പദ്ദൻ-അരാമിൽ അവന്റെ ഇഷ്ടഭാര്യയായ റാഹേലിനോടൊപ്പം അവന്റെ കുടുംബജീവിതം ആരംഭിക്കുന്നതുവരെയുള്ള അവന്റെ ജീവിതത്തിന്റെ രണ്ടാമത്തെ ഘട്ടമാകുന്ന ഏകദേശം ഏഴു വർഷത്തെ കാര്യങ്ങളുടെ ചരിത്രത്തെക്കുറിച്ചാണ് തുടർന്ന് നാം ചിന്തിക്കുന്നത്.

## ii യാക്കോബ് പദ്ദൻ – അരാമിൽ (ഉല്പ. 28:11 മുതൽ 31:16 വരെ)

യാക്കോബിന്റെ ജീവിതത്തിന്റെ രണ്ടാമത്തെ ഘട്ടത്തെക്കുറിച്ചുള്ള സുഗമമായ പഠനത്തിനു വേണ്ടി താഴെ പ്രസ്താവിച്ചിരിക്കുന്ന പ്രകാരം എട്ടു ഭാഗങ്ങളായി വിഭജിച്ചാണ് നാം ചിന്തിക്കുന്നത്.

1. യാക്കോബിന് ലൂസിൽ വച്ചുണ്ടാകുന്ന സ്വപ്നം
2. യാക്കോബ് കിഴക്കരുടെ ദേശത്ത്
3. യാക്കോബും റാഹേലും തമ്മിലുള്ള കൂടിക്കാഴ്ച
4. യാക്കോബ് ലാബാന്റെ ഭവനത്തിൽ

5. യാക്കോബും റാഹേലും തമ്മിലുള്ള ഒന്നാമത്തെ വിവാഹ നിശ്ചയം
6. ലാബാൻ വിവാഹനിശ്ചയ ഉടമ്പടി മനഃപൂർവ്വം ലംഘിച്ച് ഉപായത്താൽ മൂത്തമകൾ ലേയായെ യാക്കോബിന് ഭാര്യയായി കൊടുത്തത്
7. യാക്കോബും റാഹേലും തമ്മിലുള്ള രണ്ടാമത്തെ വിവാഹ നിശ്ചയം
8. യാക്കോബിന് ഇഷ്ടയായ റാഹേൽ അവന്റെ ഭാര്യയായി ത്തീർന്നത്

### 1. യാക്കോബിന് ലൂസിൽ വച്ചുണ്ടാകുന്ന സ്വപ്നം (ഉല്പ. 28:11–22)

ദൈവീക ഉദ്ദേശം നിവർത്തീകരിക്കപ്പെടുവാൻ മാതാപിതാക്കളുടെ ആലോചനയോടും അനുഗ്രഹത്തോടും കൂടെ ജന്മദേശമായ കനാൻ ദേശം വിട്ട് യാക്കോബ് പ്രയാണം ചെയ്തത് ഹാരാനിലെ പദ്ദൻ-അരാമിലേക്കായിരുന്നു. അവന്റെ ജനനം മുതൽ നാല്പതു വയസ്സ് പ്രായം വരെ മാതാപിതാക്കളോടൊപ്പം കൂടാരങ്ങളിൽ വസിച്ച യാക്കോബ് അവരെ അതുവരെ വിട്ടുപിരിയാത്തവനായിരുന്നു. എന്നാൽ അവൻ അവിടെനിന്ന് യാത്രതിരിക്കണമെന്നത് ദൈവീക നിർണ്ണയമായിരുന്നു. അതിന്റെ സന്ദർഭസാഹചര്യത്തെക്കുറിച്ചാണ് കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചത്.

യാക്കോബ് ഒറ്റപ്പെട്ടവനായി യാത്ര ആരംഭിച്ചപ്പോൾ അവന്റെ മനസ്സിൽ അനവധി ചിന്തകൾ ഉയർന്നിരുന്നു. അത് അവനെ ആകമാനം ആടിയുലച്ചിരുന്നു. ജീവിതത്തിലെ പ്രതിസന്ധിഘട്ടത്തിലൂടെ കടന്നുപോയപ്പോൾ ഒരു പക്ഷേ അവൻ ഇപ്രകാരം ചിന്തിച്ചിരുന്നിരിക്കണം. ഏശാവിന്റെ ജ്യേഷ്ഠാവകാശവും പിതാവിന്റെ അനുഗ്രഹവും ഒന്നും അപ്രകാരം അവനിൽ നിന്ന് അപഹരിക്കേണ്ടിയിരുന്നില്ലായെന്ന്. യാക്കോബിൽ ഉയർന്ന സമ്മിശ്രചിന്തകളും സ്വന്തം മാതാപിതാക്കളെയും പ്രിയപ്പെട്ടവരെയും വിട്ടുപിരിഞ്ഞ അതിദുഃഖവും എല്ലാംകൂടി ആയപ്പോൾ അവൻ കടുത്ത മാനസിക സമ്മർദ്ദത്തിലായി അവന് ഒട്ടും മുമ്പോട്ട് യാത്രചെയ്യുവാൻ കഴിയാതെയായി. അവന്റെ ഭാവി ഇരുളടഞ്ഞതായി അവൻ ചിന്തിച്ചു. സൂര്യൻ അസ്തമിക്കകൂടി ചെയ്തതോടെ ക്ഷീണിതനായ യാക്കോബ് ആ സ്ഥലത്തെ കല്ലുകളിൽ ഒന്നെടുത്ത് തലയണയായി വച്ച് അവിടെ കിടന്നുറങ്ങി.

മനസ്സു തകർന്നു കിടന്നുറങ്ങിയ യാക്കോബിനെ ദൈവം സ്വപ്ന ത്തിൽ പ്രത്യക്ഷപ്പെട്ടു. അവൻ സ്വപ്നത്തിൽ കണ്ടത് ഭൂമിയിൽ വച്ചി രിക്കുന്ന ഒരു ഗോവണി അതിന്റെ തല സ്വർഗത്തോളം എത്തിയി രിക്കുന്നതും അതിലൂടെ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതുമായിരുന്നു. അന്ന് ദർശനത്തിൽ യഹോവ യാക്കോബി നോട് അരുളിച്ചെയ്തത് ഏഴ് സുപ്രധാന കാര്യങ്ങളായിരുന്നു.

* ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെയും യിസ്ഹാക്കി ന്റെയും ദൈവമായ യഹോവ ആകുന്നു.
* നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും
* നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെയാകും; നീ പടിഞ്ഞാ റോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും
* നീ മുഖാന്തിരവും നിന്റെ സന്തതി മുഖാന്തിരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.
* ഞാൻ നിന്നോടുകൂടെയുണ്ട്
* നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്ത് ഈ രാജ്യത്തേക്ക് നിന്നെ മടക്കിവരുത്തും.
* ഞാൻ നിന്നെ കൈവിടാതെ നിന്നോട് അരുളിച്ചെയ്തത് നിവർത്തിക്കും

യാക്കോബ് സൂര്യൻ അസ്തമിച്ചപ്പോൾ കിടന്നുറങ്ങിയത് മനോ ഭാരത്തോടെയായിരുന്നുവെങ്കിൽ അവൻ ഉറക്കം ഉണർന്ന എഴുന്നേ റ്റത് ഉന്മേഷവാനായിട്ടായിരുന്നു. ദൈവീകദർശനം അവന്റെ മന സ്സിനു കുളിർമയേകി. അവനെ കരുതുന്ന പിതാക്കന്മാരുടെ ദൈവം അവനോട് കൂടെയുണ്ട് എന്ന ഉറപ്പ് അവനെ ബലപ്പെടുത്തി. അവൻ കിടക്കുന്ന സ്ഥലത്തിന്റെ നാലു ദിക്കുകളിലുമുള്ള സ്ഥലം അവന്റെ സന്തതിക്കുള്ള അവകാശമാണെന്നും അവനും അവന്റെ സന്തതി മുഖാന്തിരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും എന്ന ഭാവികാല പ്രവചനം യാക്കോബിന്റെ ഉള്ളിൽ വെളിച്ചം പകർ ന്നു. അവനെ ദൈവം കൈവിടാതെ വിട്ടുപോന്ന രാജ്യത്തേക്ക് മടക്കി കൊണ്ടുവരുമെന്നുള്ള ദൈവത്തിന്റെ പ്രത്യാശയുടെ വാക്കുകൾ അവനിൽ ചൈതന്യം പകർന്നു.

യാക്കോബിന് അവൻ ഏകനല്ലായെന്നും സർവ്വശക്തനായ ദൈവം അവനോട് കൂടെ ഉണ്ട് എന്നുമുള്ള ഉറപ്പ് അവനിൽ ധൈര്യം

പകർന്നതുനിമിത്തം അവൻ ചില തീരുമാനങ്ങൾ അവിടെ വച്ച് എടുത്തു. അവൻ ആദ്യം തിരിച്ചറിഞ്ഞത് അവൻ കിടന്നുറങ്ങിയ സ്ഥലം ഭയങ്കരമാണെന്നും അത് ദൈവത്തിന്റെ ആലയവും സ്വർഗ ത്തിന്റെ വാതിലുമാകുന്നു എന്നായിരുന്നു. അന്ന് അവന് ലഭിച്ച ദർ ശനം യിസ്രായേൽ എന്ന രാഷ്ട്രത്തെയും ജനത്തെയും കുറിച്ചാ യിരുന്നു എങ്കിലും അതിൽ അടങ്ങിയിരുന്ന സുപ്രധാന പൊരുൾ അബ്രാഹാമിന്റെ സന്തതിയിൽ സകല വംശങ്ങളും അനുഗ്ര ഹിക്കപ്പെടുമെന്നുള്ളതായിരുന്നു. അത് ജീവനുള്ള കല്ലായ യേശു ക്രിസ്തു മുഖാന്തരം മാനവവംശത്തിനു ലഭിച്ച നിത്യാനുഗ്ര ഹത്തെക്കുറിച്ചായിരുന്നു. യാക്കോബ് കണ്ട ദർശനം ക്രിസ്തുവിൽ നിറവേറപ്പെട്ടു എന്നതിന്റെ തെളിവിനായി പുതിയനിയമത്തിൽ നിന്നുള്ള മൂന്ന് തിരുവചനഭാഗങ്ങളാണ് ചുവടെ രേഖപ്പെടുത്തി യിരിക്കുന്നത്.

> ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; സ്വർഗം തുറന്നിരി ക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും (യോഹ. 1:51)

> യേശു അവരോട്: ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനം അതിനെ പണിയും എന്ന് ഉത്തരം പറഞ്ഞു. ... അവനോ തന്റെ ശരീരം എന്ന മന്ദിരത്തെക്കുറിച്ചത്രേ പറഞ്ഞത്. ...(യോഹ. 2:19 - 22)

> ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും; അവൻ അകത്തു വരികയും പുറത്തു പോകയും മേച്ചൽ കണ്ടെത്തു കയും ചെയ്യും (യോഹ. 10:9)

യിസ്രായേൽ ഗൃഹം പണിയപ്പെടുവാനായി യാത്രപുറപ്പെട്ട യാക്കോബിന് ബേഥേലിൽ വച്ച ലഭിച്ച ദർശനത്തിന്റെ പൊരുൾ സ്വർഗീയ പിതാവിന്റെ ഭവനമാകുന്ന മന്ദിരം പണിയുന്നതിനായി ഭൂമിയിലേക്ക് വരുവാനുള്ള ജീവനുള്ള കല്ലായ യേശുക്രിസ്തുവിനെ ക്കുറിച്ചുള്ളതായിരുന്നു. യശുക്രിസ്തു ഭൂമിയിൽ പ്രത്യക്ഷപ്പെട്ട പ്പോൾ അവനെക്കുറിച്ച് യാക്കോബ് കണ്ടിരുന്ന ദർശനമാണ് പൂർത്തീകരിക്കപ്പെട്ടത്. അതായിരുന്നു യിസ്രായേൽ ഗൃഹത്തോട് അന്ന് യേശു അരുളിച്ചെയ്തത്. എന്നാൽ അവർക്ക് അതിന്റെ പൊരുൾ ഇന്നുവരെയും ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നതാ കുന്നു യാഥാർത്ഥ്യം. അതിന്റെ പൊരുൾ പുതിയനിയമ വിശ്വാസി കൾ ആകുന്ന പുതിയനിയമ യിസ്രായേലിനാണ് തിരിച്ചറിയുവാൻ

സാധിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ആത്മീയഗൃഹമായി പണിയപ്പെടുന്ന പുതിയനിയമ ദൈവസഭയ്ക്ക് ഭൗമികമായ മന്ദിരങ്ങളോ അവകാശങ്ങളോ ഒന്നും ഇവിടെ ഇല്ലാതിരിക്കുന്നത്. യേശുക്രിസ്തുവാണ് സ്വർഗത്തിലേക്കുള്ള വാതിലും പിതാവിന്റെ ഭവനമാകുന്ന മന്ദിരവും. അവൻ ഭൂമിയിൽ പ്രത്യക്ഷനായപ്പോൾ അവന്റെ അടുക്കലാണ് ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്തത്. അതുപോലെ ക്രിസ്തുവാകുന്ന രക്ഷയുടെ വാതിലിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നവരുടെ അടുക്കലാണ് ഇപ്പോൾ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നത്.

കനാന്യപട്ടണമായ ലൂസ് എന്ന ദേശം യാക്കോബാണ് ബേഥേൽ എന്നാക്കി നാമകരണം ചെയ്തത്. ബേഥേൽ എന്ന സ്ഥലം കേന്ദ്രമാക്കിയാണ് യിസ്രായേൽ ദേശം വടക്ക്, തെക്ക്, കിഴക്ക്, പടിഞ്ഞാറ് എന്നിങ്ങനെയുള്ള നാലു ദിക്കുകളിലായി വ്യാപിച്ചുകിടക്കുന്നത്. അവൻ തലയിണയായി വച്ചിരുന്ന കല്ല് അവൻ തൂണായി നിർത്തി; അതിന്മേൽ എണ്ണ ഒഴിച്ചു. അവൻ നേർച്ച നേർന്നതിൽ ആറ് കാര്യങ്ങളാണ് ഉണ്ടായിരുന്നത്. അതിൽ ഭൗതീകജീവിതത്തോടുള്ള ബന്ധത്തിൽ മൂന്ന് കാര്യങ്ങളും ദൈവഭക്തിയോടുള്ള ബന്ധത്തിലെ മൂന്ന് തീരുമാനങ്ങളുമാണുള്ളത്.

* അവന്റെ യാത്രയിൽ അവനെ കാത്തു സൂക്ഷിക്കണം
* അവനു ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും ലഭിക്കേണം
* അപ്പന്റെ വീട്ടിൽ അവനെ സൗഖ്യത്തോടെ മടക്കി വരുത്തേണം
* ഇവ ചെയ്താൽ യഹോവ അവന് ദൈവമായിരിക്കും.
* അവൻ തൂണായി നിർത്തിയ ഈ കല്ല് ദൈവത്തിന്റെ ആലയം ആകും
* അവനു ലഭിക്കുന്ന സകലത്തിലും അവൻ ദൈവത്തിന് ദശാംശം കൊടുക്കും

മേൽപ്പറഞ്ഞിരിക്കുന്നവയിൽ ആദ്യത്തെ മൂന്നെണ്ണം ഭൗതീകജീവിതത്തിന്റെ ആവശ്യങ്ങളാണെങ്കിൽ അവസാനത്തെ മൂന്നു കാര്യങ്ങൾ ദൈവഭക്തിയോടുള്ള ബന്ധത്തിലെ കാര്യങ്ങളാകുന്നു. ഇവയിൽയാക്കോബിന്റെ വാക്കുകളിൽ വെളിപ്പെട്ടത് അവൻ ഭയപ്പെട്ടിരുന്ന വസ്തുതകളിൽനിന്നും ദൈവം അവനെ വിടുവിച്ച് അനുഗ്രഹിച്ചാൽ അവൻ ദൈവത്തോടുള്ള വിധേയത്വം എന്നേക്കും

കാത്തുസൂക്ഷിക്കുമെന്നുള്ള ഉടമ്പടിയായിരുന്നു. ദൈവത്തിനു മാത്രമെ നമ്മുടെ ജീവനും ഭക്തിക്കും ആവശ്യമായതൊക്കെ നല്കുവാൻ കഴിയുകയുള്ളൂ എന്ന ചിന്ത യാക്കോബിന്റെ ഹൃദയത്തിൽ ബലപ്പെട്ടിരുന്നു. ദൈവീകദർശനത്തിലൂടെ ലഭിച്ച ആത്മബലത്തോടെയായിരുന്നു തുടർന്നുള്ള അവന്റെ യാത്ര; അങ്ങനെ അവൻ കിഴക്കരുടെ ദേശത്ത് എത്തി.

### 2. യാക്കോബ് കിഴക്കരുടെ ദേശത്ത് (ഉല്പ. 29:1–8)

ദൈവത്തിന്റെ അരുളപ്പാട് ലഭിച്ച യാക്കോബ് ഉന്മേഷവാനായിട്ടാണ് കിഴക്കരുടെ ദേശത്ത് എത്തിയത്. യൂഫ്രത്തേസ് എന്ന മഹാനദിക്ക് അക്കരെയുള്ള സ്ഥലങ്ങളാണ് കിഴക്കരുടെ ദേശം എന്ന പേരിൽ അറിയപ്പെടുന്നത്. അതിൽ ഹാരാൻ എന്ന ദേശത്തെ ഒരു പ്രമുഖ പട്ടണമാണ് പദ്ദൻ-അരാം. അത് സ്ഥിതിചെയ്യുന്നത് മഹാനദിയുടെ തീരത്താണ്. കല്ദയദേശത്തെയും അരാംദേശത്തെയും തമ്മിൽ വേർപിരിക്കുന്നത് ഫ്രാത്ത് എന്ന മഹാനദിയാകുന്നു. യാക്കോബ് വെളിമ്പ്രദേശത്തുള്ള ഒരു കിണറിനരികെയാണ് എത്തിയത്. അത് ഇടയന്മാർ ആടുകൾക്ക് വെള്ളം കോരിക്കൊടുക്കുന്ന പൊതുകിണറായിരുന്നു. അവിടെ മൂന്ന് ആട്ടിൻ കൂട്ടങ്ങൾ കിടക്കുന്നതായിട്ടാണ് യാക്കോബ് കണ്ടത്. അവിടെ നിന്നിരുന്ന പുരുഷന്മാരോട് യാക്കോബ് കുശലം ചോദിച്ചു. അവർ ഹാരാന്യർ ആണെന്നും അവിടുത്തുകാരായ നാഹോരിനെയും ലാബാനെയും അറിയാമെന്നും ലാബാന്റെ മകൾ റാഹേൽ ആടുകളുമായി അതാ വരുന്നു എന്നുമാണ് അവർ അവനോടു പറഞ്ഞത്. ബുദ്ധിശാലിയായ യാക്കോബ് റാഹേലിനോട് ഒറ്റയ്ക്ക് സംസാരിക്കേണ്ടതിനായി ഹാരാന്യരോട് പറഞ്ഞത്: കൂട്ടം ഒന്നിച്ചുകൂടുന്ന നേരമായിട്ടില്ല; ആടു കൾക്ക് വെള്ളം കൊടുത്ത് കൊണ്ടുപോയി തീറ്റുവിൻ എന്നായിരുന്നു. അവർ അതിന് വിസമ്മതിച്ച് അവനോട് സംസാരിച്ചുകൊണ്ടു നില്ക്കുന്ന സമയത്താണ് റാഹേൽ അവിടെ എത്തിയത്.

### 3. യാക്കോബും റാഹേലും തമ്മിലുള്ള കൂടിക്കാഴ്ച (ഉല്പ. 29:9–12)

> അവൻ അവരോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ റാഹേൽ തന്റെ അപ്പന്റെ ആടുകളോടെ കൂടെ വന്നു. അവളായിരുന്നു അവയെ മേയിച്ചു വന്നത്. തന്റെ അമ്മയുടെ സഹോദരനായ ലാബാന്റെ മകൾ റാഹേലിനെയും അമ്മയുടെ സഹോദരനായ ലാബാന്റെ ആടുകളെയും കണ്ടപ്പോൾ യാക്കോബ് അടുത്തു ചെന്നു കിണറ്റിന്റെ വായ്ക്കൽ നിന്നു

> കല്ലുരുട്ടി, അമ്മയുടെ സഹോദരനായ ലാബാന്റെ ആടുകൾക്ക് വെള്ളം കൊടുത്തു. യാക്കോബ് റാഹേലിനെ ചുംബിച്ച് പൊട്ടിക്കരഞ്ഞു. താൻ അവളുടെ അപ്പന്റെ സഹോദരൻ എന്നും റിബെക്കായുടെ മകനെന്നും യാക്കോബ് റാഹേലിനോട് പറഞ്ഞു. അവൾ ഓടിച്ചെന്നു തന്റെ അപ്പനെ അറിയിച്ചു (ഉല്പ. 29:9-12).

യിസ്ഹാക്കിന്റെ വിവാഹാലോചനയോടുള്ള ബന്ധത്തിൽ എല്യേസറിനെ ദൈവം പദ്ദൻ-അരാമിൽ അയച്ചത് അന്നേക്ക് ഏകദേശം അറുപത് വർഷങ്ങൾക്കു മുമ്പായിരുന്നു. അതിനു ശേഷം അബ്രാഹാമിന്റെ കുടുംബവും നാഹോരിന്റെ കുടുംബവും തമ്മിൽ ആശയവിനിമയം ഉണ്ടായിരുന്നു. ലാബാന്റെ പുത്രിമാരെക്കുറിച്ചും അതുപോലെ റിബെക്കായുടെ പുത്രന്മാരെക്കുറിച്ചുമുള്ള വിവരങ്ങൾ ഇരു കുടുംബങ്ങൾക്കും ലഭിച്ചിരുന്നു. അതുകൊണ്ടാണ് യാക്കോബിന്റെ വിവാഹത്തോടുള്ള ബന്ധത്തിൽ അവർക്ക് മധ്യസ്ഥന്റെ അവശ്യമില്ലാതിരുന്നത്. അതു മാത്രമല്ല ദൈവീക ഉദ്ദേശം യാക്കോബ് പദ്ദൻ-അരാമിൽ എത്തി അവിടെവെച്ച് യിസ്രായേൽ ഗൃഹം പണിതെടുക്കുക എന്നതായിരുന്നു. യാക്കോബ് റാഹേലിനെ കണ്ടപ്പോൾ അവൻ വന്ന കാര്യം സാധ്യമായി എന്നാണ് മനസ്സിൽ വിചാരിച്ചത്. എന്നാൽ ദൈവത്തിന്റെ വിചാരങ്ങൾ യാക്കോബിന്റെ വിചാരങ്ങളിൽ നിന്നും വ്യത്യസ്ഥമായിരുന്നു.

റാഹേൽ സമർത്ഥയും രൂപവതിയുമായിരുന്നു. അതുകൊണ്ട് യാക്കോബ് അവളെ കണ്ടപ്പോൾത്തന്നെ മനസ്സിൽ തീരുമാനമെടുത്തത് ലാബാന്റെ പുത്രി റാഹേലിനെ വിവാഹം കഴിക്കണമെന്നായിരുന്നു. യാക്കോബ് റാഹേലിനു സ്വയം പരിചയപ്പെടുത്തി. അവൻ അവളെ ചുംബിച്ച് പൊട്ടിക്കരഞ്ഞു. വിവാഹിതരാകുവാൻ പോകുന്ന രണ്ട് വ്യക്തികൾ തമ്മിലുള്ള കൂടിക്കാഴ്ചയും ആലോചനയുമായിരുന്നു കിണറിനരികെ വച്ച് അന്ന് സംഭവിച്ചത്. എന്നാൽ അവരുടെ ആഗ്രഹം നിറവേറപ്പെടുവാൻ വേണ്ടിവന്നത് നീണ്ട ഏഴ് വർഷങ്ങളായിരുന്നു.

യാക്കോബ് റാഹേലിനെ ഓർമ്മിപ്പിച്ചത് അവന് അവളുമായിട്ടുള്ള രണ്ട് ബന്ധങ്ങളെക്കുറിച്ചായിരുന്നു. യാക്കോബിന്റെ അപ്പനായ യിസ്ഹാക്കും നാഹോരും തമ്മിലുള്ള ബന്ധത്തിൽ യാക്കോബ് ലാബാന്റെ സഹോദരനായിരുന്നു എന്നതാണ് അതിൽ ഒന്നാമത്തേത്. രണ്ടാമത്തേത് യാക്കോബിന്റെ അമ്മ റിബെക്കാ ലാബാന്റെ

സഹോദരിയാകുന്നു എന്നതാണ്. കനാൻ ദേശത്തുള്ള റിബെക്കായുടെ മകൻ യാക്കോബ് പദ്ദൻ-അരാമിൽ വന്ന കാര്യമാണ് റാഹേൽ ഓടിപ്പോയി തന്റെ അപ്പനെ അറിയിച്ചത്. അറുപത് വർഷം മുമ്പ് ആ കിണറിനരികിലേക്ക് ലാബാൻ ഓടിയത് അവന്റെ സഹോദരിയുടെ വിവാഹസംബന്ധമായ വിഷയത്തിനുവേണ്ടി ആയിരുന്നുവെങ്കിൽ രണ്ടാമത് അവൻ അവിടേക്ക് ഓടിയതിൽ മറഞ്ഞിരുന്ന ദൈവഹിതം അവന്റെ രണ്ട് പെൺമക്കളുടെ ഭാവി ആയിരുന്നു.

### 4. യാക്കോബ് ലാബാന്റെ ഭവനത്തിൽ (ഉല്പ. 29:13–15)

ആതിഥ്യമര്യാദ ഉണ്ടായിരുന്ന ലാബാൻ അന്ന് എല്യേസർ കനാനിൽനിന്ന് വന്നപ്പോൾ ചെയ്തതുപോലെ യാക്കോബ് വന്നത് അറിഞ്ഞ് അവന്റെ അടുക്കൽ ഓടിച്ചെന്നു. അവന്റെ സഹോദരിയുടെ മകനെ ആലിംഗനം ചെയ്ത് ചുംബിച്ചു വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. യാക്കോബ് കനാനിലെ വിവരങ്ങളെല്ലാം ലാബാനെ അറിയിച്ചു. ലാബാൻ യാക്കോബിനോട് പറഞ്ഞത്: നീ അന്യനല്ല എന്റെ അസ്ഥിയും മാംസവും ആകുന്നു. യാക്കോബ് ഉറ്റ ബന്ധുവായ ലാബാന്റെ കുടുംബത്തിൽ ഒരു മാസം താമസിച്ചു. ഒരു മാസത്തെ താമസത്തിനിടയിൽ യാക്കോബിന്റെ സ്വഭാവസവിശേഷതകൾ ബുദ്ധിമാനായ ലാബാന് ഗ്രഹിക്കുവാൻ സാധിച്ചു. അതുപോലെ ദൈവകൃപയുണ്ടായിരുന്ന യാക്കോബിനും ലാബാന്റെ കുടുംബത്തെക്കുറിച്ചും അവന്റെ പുത്രിമാരെക്കുറിച്ചും ഉള്ള എല്ലാ കാര്യങ്ങളും ചുരുങ്ങിയ സമയത്തിനുള്ളിൽ ഗ്രഹിക്കുവാനും കഴിഞ്ഞിരുന്നു. യാക്കോബ് ഉടനെ കനാനിലേക്ക് മടങ്ങി പോകുകയില്ല എന്ന് ലാബാന് ബോദ്ധ്യപ്പെട്ടു. അതുകൊണ്ടാണ് സമയബന്ധിതമായ ഉടമ്പടിയിലേക്ക് അവർ പ്രവേശിച്ചത്. അത് യാക്കോബും റിബെക്കായും തമ്മിലുള്ള വിവാഹനിശ്ചയമായിരുന്നു.

### 5. യാക്കോബും റാഹേലും തമ്മിലുള്ള ഒന്നാമത്തെ വിവാഹനിശ്ചയം (ഉല്പ. 29:16–20)

> എന്നാൽ ലാബാന് രണ്ടു പുത്രിമാർ ഉണ്ടായിരുന്നു: മൂത്തവൾക്കു ലേയാ എന്നും ഇളയവൾക്കു റാഹേൽ എന്നും പേർ. ലേയായുടെ കണ്ണ് ശോഭ കുറഞ്ഞതായിരുന്നു; റാഹേലോ സുന്ദരിയും മനോഹരരൂപിണിയും ആയിരുന്നു. യാക്കോബ് റാഹേലിനെ സ്നേഹിച്ചു: നിന്റെ ഇളയമകൾ റാഹേലിനുവേണ്ടി ഞാൻ ഏഴു സംവത്സരം നിന്നെ സേവിക്കാം എന്നു പറഞ്ഞു. അതിനു ലാബാൻ: ഞാൻ അവളെ അന്യപുരുഷനു കൊടുക്കുന്നതിലും നിനക്കു തരുന്നതു നല്ലത്; എന്നോടുകൂടെ പാർക്ക എന്നു

> പറഞ്ഞു. അങ്ങനെ യാക്കോബ് റാഹേലിനുവേണ്ടി ഏഴു സംവത്സരം സേവ ചെയ്തു; അവൻ അവളെ സ്നേഹിക്കകൊണ്ട് അത് അവന് അല്പകാലം പോലെ തോന്നി (ഉല്പ. 29:16-20).

വിവാഹത്തിന്റെ ഉദ്ദേശം, ആലോചന എന്നതിനു ശേഷമാകുന്നു വിവാഹനിശ്ചയം. കനാനിൽ നിന്ന് യാക്കോബ് പദ്ദൻ-അരാമിൽ വന്നത് ആദ്യ രണ്ടു ഘട്ടങ്ങൾ പൂർത്തീകരിച്ചതിനുശേഷമായിരുന്നു. പദ്ദൻ-അരാമിൽ എത്തിച്ചേരുവോളം ലാബാന്റെ പുത്രിമാരിൽ ആരെ വിവാഹം കഴിക്കേണം എന്നതിൽ മാത്രമായിരുന്നു അവനു നിശ്ചയ മില്ലാതിരുന്നത്. റാഹേൽ സുന്ദരിയും മനോഹരരൂപിണിയും ആയി രുന്നു. റാഹേലിനെ നേരിൽ കണ്ടതോടെ യാക്കോബിന് അവളെ പ്രിയമായി. അങ്ങനെ ലാബാന്റെ ഭവനത്തിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ യാക്കോബിന്റെ വിവാഹാലോചന വരന്റെ ഭാഗത്തോ ടുള്ള ബന്ധത്തിൽ പൂർത്തീകരിക്കപ്പെട്ടിരുന്നു.

യാക്കോബ് റാഹോലിനെ വിവാഹം കഴിക്കുമെന്ന് മനസ്സിൽ ആലോചിച്ച് തീരുമാനിച്ചിരുന്നുവെങ്കിലും ലാബാന്റെ ഭവനത്തിലെ ഒരു മാസത്തെ താമസത്തിനുശേഷമാണ് യാക്കോബിന്റെയും റാഹേ ലിന്റെയും വിവാഹം ലാബാനുമായി സംസാരിച്ച് യാക്കോബ് ഉറ പ്പിച്ചത്. കിഴക്കരുടെ എന്നല്ല പൊതുവിൽ ഒരിടത്തും നടപ്പിലല്ലാത്ത കാര്യമാണ് മൂത്തവൾക്കു മുമ്പേ ഇളയവളുടെ വിവാഹം നടത്തുക എന്നത്. യാക്കോബ് ഏഴു സംവത്സരം ലാബാനെ സേവിക്കാം എന്ന് വാക്കു കൊടുത്തത് ഇളയ മകളായ റാഹേലിനുവേണ്ടിയായിരുന്നു. നാട്ടുനടപ്പ് അറിഞ്ഞിട്ടും ലാബാൻ അക്കാര്യം അപ്പോൾ പറയാതി രുന്നത് ദൈവഹിതമായിരുന്നു. അതിന് സുപ്രധാനമായും രണ്ട് കാര ണങ്ങളാണ് ഉണ്ടായിരുന്നത്.

1. ലേയായുടെ വിവാഹം കഴിഞ്ഞിട്ടു മാത്രമേ റാഹേലിന്റെ വിവാഹം നടത്തുകയുള്ളൂ എന്ന് ലാബാൻ യാക്കോബിനോട് റാഹേ ലിന്റെ വിവാഹനിശ്ചയവേളയിൽ പറഞ്ഞിരുന്നുവെങ്കിൽ യാക്കോബ് ലേയായുടെ വിവാഹം നടക്കുന്നതുവരെ കാത്തിരിക്കുകയും അവ ളുടെ വിവാഹം നടത്തുന്നതിൽ അവൻ ശുഷ്കാന്തി കാട്ടുകയും ചെയ്യുമായിരുന്നു. അങ്ങിനെയെങ്കിൽ ലേയാ അന്യപുരുഷന്റെ ഭാര്യ യാകുമായിരുന്നു; യാക്കോബിന്റെ ഭാര്യ ആകുകയില്ലായിരുന്നു. എന്നാൽ ലേയാ യാക്കോബിന്റെ ഭാര്യയാകണമെന്നത് ദൈവീകനിർ ണ്ണയമായിരുന്നു.

2. ഏഴ് സംവത്സരം കഴിഞ്ഞ് വിവാഹനിശ്ചയ ഉടമ്പടി പ്രകാരം ലാബാൻ തന്റെ ഇളയ മകളായ റാഹേലിനെ മൂത്തവളായ ലേയായ്ക്ക് മുമ്പ് വിവാഹം നടത്തിക്കൊടുത്തിരുന്നുവെങ്കിൽ യാക്കോബ് അപ്പോൾ തന്നെ കനാൻ ദേശത്തേക്ക് മടങ്ങിപോകുന്നതിന് തിടുക്കം കൂട്ടുമായിരുന്നു. ലേയായെ അവൻ ഒരു കാരണവശാലും വിവാഹം കഴിക്കുകയില്ലായിരുന്നു. അതിന്റെ കാരണം ലേയായുടെ കണ്ണ് ശോഭകുറഞ്ഞതായിരുന്നു എന്നതാണ്. കണ്ണിന്റെ ശോഭയും ഹൃദയസന്തോഷവുമായി ബന്ധമുള്ളതാണ്. കണ്ണിന്റെ ശോഭ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു എന്നാണ് സദൃശവാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (സദൃ. 15:30). ഇതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത് ലേയാ ഹൃദയസന്തോഷം കുറഞ്ഞവളായിരുന്നുതുകൊണ്ടാണ് യാക്കോബിന് അവളെ പ്രിയമാകാതിരുന്നത് എന്നതാകുന്നു. എന്നാൽ അത് ദൈവഹിതം അതായിരുന്നില്ല. യാക്കോബിനോടുള്ള ഏശാവിന്റെ കോപം ശമിക്കുന്നതുവരെ യാക്കോബ് പദ്ദൻ-അരാമിൽ താമസിക്കണം എന്നതും ദൈവീകനിർണ്ണയമായിരുന്നു. അത് ദൈവനിർണ്ണയപ്രകാരം ഇരുപത് വർഷമായിരുന്നു.

വിശുദ്ധ തിരുവെഴുത്തിലെ പഴയനിയമത്തിൽ വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്ന വിവാഹനിശ്ചയം യാക്കോബിന്റേതും റാഹേലിന്റേതുമാണ്. അതിനു മുമ്പ് ഉല്പത്തിപുസ്തകത്തിൽ വിവാഹനിശ്ചയത്തെക്കുറിച്ചുള്ള പരാമർശമുള്ളത് ലോത്തിന്റെ പെൺമക്കളുടെ വിവാഹനിശ്ചയത്തെക്കുറിച്ചാണ്.

> അങ്ങനെ ലോത്ത് ചെന്നു തന്റെ പുത്രിമാരെ വിവാഹം ചെയ്‌വാനുള്ള മരുമക്കളോടു സംസാരിച്ചു: നിങ്ങൾ എഴുന്നേറ്റ് ഈ സ്ഥലം വിട്ടു പുറപ്പെടുവിൻ; യഹോവ ഈ പട്ടണം നശിപ്പിക്കും എന്നു പറഞ്ഞു. എന്നാൽ അവൻ കളി പറയുന്നു എന്ന് അവന്റെ മരുമക്കൾക്കു തോന്നി (ഉല്പ. 19:14)

ലോത്തിന്റെ രണ്ടു മക്കളുടെയും വിവാഹം സൊദോം പട്ടണത്തിലുള്ള രണ്ട് പുരുഷന്മാരോട് നിശ്ചയിച്ച് ഉറപ്പിച്ചിരുന്നതാണ്. എന്നാൽ ലോത്ത് പറഞ്ഞത് വിശ്വസിച്ച് അവന്റെ ഭാവിമരുമക്കൾ അവനോടുകൂടെ പുറപ്പെടാതിരുന്നതുകൊണ്ട് അവർ സൊദോമിൽ പെയ്തിറങ്ങിയ ദൈവകോപത്തിന്റെ തീയിൽ ആ ദേശക്കാരോടൊപ്പം അഗ്നിക്കിരയായിത്തീർന്നു.

യാക്കോബിന്റെയും റാഹേലിന്റെയും തമ്മിലുള്ള വിവാഹനിശ്ചയത്തിന്റെ വ്യവസ്ഥ ഏഴ് വർഷം യാക്കോബ് ലാബാനെ സേവിക്കുക

എന്നതായിരുന്നു. വിവാഹം വരന്റെയും വധുവിന്റെയും വേണ്ടപ്പെട്ട വർ തമ്മിൽ പറഞ്ഞു നിശ്ചയിക്കുന്നതിനു മുമ്പ് വ്യവസ്ഥകൾ കൃത്യമായി പറഞ്ഞ് രേഖകൾ എഴുതി കൈമാറുക എന്നത് അനിവാര്യമായ കാര്യമാണ്. അങ്ങിനെയെങ്കിൽ വിവാഹനിശ്ചയം കഴിഞ്ഞിട്ട് വിവാഹത്തിൽനിന്ന് ഇരുകൂട്ടർക്കും വേഗത്തിൽ ഒഴിഞ്ഞു മാറുവാൻ കഴിയുകയില്ല. അതാണ് ഇപ്പോൾ പൊതുവിൽ നടന്നു കൊണ്ടിരിക്കുന്നത്. യാക്കോബിന്റെ വിവാഹനിശ്ചയം വധുവിന്റെ ഗൃഹമായ റാഹേലിന്റെ ഭവനത്തിൽ വച്ച് നടത്തപ്പെട്ടു എങ്കിലും വിവാഹനിശ്ചയ ഉടമ്പടിയുടെ രേഖകളോ സാക്ഷികളോ ഒന്നു മില്ലായിരുന്നു. യാക്കോബിന് ലാബാൻ അവന്റെ അമ്മയുടെ സഹോ ദരൻ ആയതുകൊണ്ട് വിശ്വാസവഞ്ചന ഉണ്ടാകുമെന്ന് അവൻ ഒരി ക്കലും കരുതിയിരുന്നില്ല. അതുകൊണ്ടാണ് അന്ന് അവർ തമ്മി ലുള്ള വിവാഹനിശ്ചയ ഉടമ്പടിക്ക് സാക്ഷികളോ രേഖകളോ ഒന്നും ഇല്ലാതിരുന്നത്.

യാക്കോബിന്റെയും റാഹേലിന്റെയും വിവാഹനിശ്ചയം കഴി ഞ്ഞതിനു ശേഷം വിവാഹ ഉടമ്പടിയിലെ വ്യവസ്ഥ തെറ്റിക്കാതെ യാക്കോബ് ലാബാനെ ഏഴ് വർഷം വിശ്വസ്തതയോടെ സേവ ചെയ്തു. അത് അവന് അല്പകാലം പോലെയാണ് തോന്നിയത്. അതിന്റെ കാരണം അവൻ സ്നേഹിക്കുന്ന റാഹേലിനെ ഭാര്യയായി ലഭിക്കുവാനുള്ള വാഞ്ചയിൽ അവൻ നാളുകൾ എണ്ണി കഴിയുക യായിരുന്നു. റാഹേലിനും അതുപോലെതന്നെയായിരുന്നു. കുഞ്ഞാടാം ദൈവവുമായി വിവാഹനിശ്ചയം ചെയ്ത് അവനായി കാത്തിരിക്കുന്നവർ നാളുകൾ എണ്ണി കാത്തിരിക്കുന്നത് ആത്മമണ വാളനോട് ഒന്നിച്ചുള്ള വാസത്തിനു വേണ്ടിയാണ്. അപ്രകാരം കാത്തിരിക്കുന്നവരുടെ ഭൂമിയിലെ പ്രവാസകാലം അല്പകാലം പോലെയാണ് പൂർത്തീകരിക്കപ്പെടുന്നത്. സ്വർഗീയ വിവാഹ നിശ്ചയ ഉടമ്പടി മാറ്റമില്ലാത്തതാകുന്നു.എന്നാൽ ലാബാൻ യാക്കോ ബിനോട് ചെയ്ത വിവാഹഉടമ്പടി അവൻ മനഃപൂർവ്വം പിന്നീട് മാറ്റു കയാണ് ചെയ്തത്.

### 6. ലാബാൻ വിവാഹനിശ്ചയ ഉടമ്പടി മനഃപൂർവ്വം ലംഘിച്ച് ഉപായത്താൽ മൂത്തമകൾ ലേയായെ യാക്കോബിന് ഭാര്യയായി കൊടുത്തത് (ഉല്പ. 29:21–26)

വിവാഹനിശ്ചയത്തിന്റെ ഉടമ്പടിയിലെ വ്യവസ്ഥ പൂർത്തീകരിക്ക പ്പെട്ടപ്പോൾ അതിന്റെ തുടർ നടപടിയായി യാക്കോബിന്റെയും

റാഹേലിന്റെയും വിവാഹമാണ് നടക്കേണ്ടിയിരുന്നത്. യാക്കോബ് ലാബാനോട് അക്കാര്യം അറിയിച്ചപ്പോൾ അവൻ വിസമ്മതം ഒന്നും പറയാതെ ദേശനിവാസികളെ കൂട്ടി വരുത്തി വിരുന്നു കഴിച്ചു. വിവാഹവും കല്യാണസദ്യയും കഴിഞ്ഞു. ലാബാൻ തന്റെ ഉള്ളിൽ സൂക്ഷിച്ചിരുന്ന രഹസ്യം അതുവരെ പുറമേയുള്ള ആരോടും തുറന്നു പറഞ്ഞിരുന്നില്ല. അവിടുത്തെ നാട്ടു നടപ്പിനനുസരിച്ചുള്ള വിവാഹം നടക്കുന്നു എന്നു മാത്രമേ കല്യാണസദ്യയ്ക്ക് വന്നു കൂടിയവർ അറിഞ്ഞിരുന്നുള്ളൂ. എന്നാൽ വിവാഹത്തിനു മുൻപ് ലാബാൻ തന്റെ കുടുംബത്തിലുള്ളവരെ ഇക്കാര്യം രഹസ്യമായി അറിയിച്ചിരുന്നു എന്നുവേണം ചിന്തിക്കുവാൻ. അത് മൂത്തവൾക്കു ശേഷം ഇളയവളെയും യാക്കോബിനു ഭാര്യയായി കൊടുക്കുക എന്നതായിരുന്നു. ലാബാൻ പറഞ്ഞത് ഉൾക്കൊള്ളുന്നതിനും അതി നനുസരിച്ച് പ്രവർത്തിക്കുന്നതിനും അവന്റെ വീട്ടുകാർക്ക് എതിർ പ്പില്ലായിരുന്നു. എന്നാൽ വധു മൂടുപടം കൊണ്ട് തന്നെത്താൻ മൂടുന്ന പാരമ്പര്യപ്രകാരം മൂടപ്പെട്ടിരുന്നതിനാലാകാം ബുദ്ധിമാനായ യാക്കോബിന് കാര്യം തിരിച്ചറിയുവാൻ കഴിയാതിരുന്നത്. അതു കൊണ്ടാണ് അന്ന് യാക്കോബിന്റെ വിവാഹം സമംഗളം നടന്നത്.

യാക്കോബിന്റെ വിവാഹം നടന്ന അന്ന് രാത്രി ലാബാൻ ചെയ്തത് റാഹേലിനു പകരം ലേയായെ യാക്കോബിന്റെ അടുക്ക ലാക്കുക എന്നതായിരുന്നു. ലേയായുടെ ദാസിയായി ലാബാൻ അവൾക്ക് സില്പയെ കൊടുക്കുകയും ചെയ്തു. നേരം പുലർന്ന പ്പോളാണ് യാക്കോബ് വഞ്ചിക്കപ്പെട്ടു എന്ന് തിരിച്ചറിഞ്ഞത്. അവൻ ലാബാനോട് എന്തിന് അവനെ ചതിച്ചു എന്ന ചോദ്യത്തിന്റ മറുപടി മൂത്തവൾക്കു മുമ്പേ ഇളയവളെ കൊടുക്കുക ഞങ്ങളുടെ ദിക്കിൽ നടപ്പില്ല എന്നായിരുന്നു. യിസ്ഹാക്കിൽനിന്ന് അമ്മയുടെ ഉപദേശ പ്രകാരം ഉപായത്താൽ ഏശാവിനുള്ള അനുഗ്രഹം കരസ്ഥമാക്കി യപ്പോൾ യിസ്ഹാക്കിനും ഏശാവിനും അന്നുണ്ടായ മനോവേദന എത്രമാത്രമെന്ന് യാക്കോബ് അനുഭവിച്ചറിഞ്ഞു. എന്നാൽ യാക്കോ ബിനോടുള്ള ബന്ധത്തിൽ എല്ലാം ദൈവഹിതപ്രകാരം നടന്നതു കൊണ്ട് അവയെല്ലാം പിന്നീട് അവന് നന്മയായി കൂടി വ്യാപരിക്കുക യാണ് ചെയ്തത്. അങ്ങനെ വിവാഹം നിശ്ചയിക്കപ്പെട്ടിരുന്ന റാഹേലിനു പകരം ലേയാ യാക്കോബിന്റെ ഭാര്യയായി തീർന്നു.

അതുനിമിത്തം ലാബാന്റെ കുടുംബത്തിൽ കലഹങ്ങളോ പ്രശ്ന ങ്ങളോ ഒന്നും ഉടലെടുത്തില്ല. അന്ന് അപ്രകാരം ഉണ്ടാകാതിരു

ന്നതിന്റെ കാരണം കാര്യങ്ങളെ തിരിച്ചറിയുന്നതിൽ റാഹേലിനുണ്ടായിരുന്ന സ്വതസിദ്ധമായ പക്വതയായിരുന്നു. ലാബാൻ റാഹേലിനെ യാക്കോബിന് കൊടുക്കുകയില്ല എന്നല്ല പറഞ്ഞത്. ലേയായുടെ ആഴ്ചവട്ടം നിവർത്തിച്ചശേഷം യാക്കോബിന് റാഹേലിനെ ഭാര്യയായി കൊടുക്കാമെന്നും അതിനു പകരമായി അവൻ ഏഴു വർഷം കൂടി ലാബാനെ സേവിക്കണമെന്നുമായിരുന്നു. അതായിരുന്നു യാക്കോബും റാഹേലും തമ്മിലുള്ള വിവാഹനിശ്ചയത്തിന്റെ രണ്ടാമത്തെ ഉടമ്പടി.

### 7. യാക്കോബും റാഹേലും തമ്മിലുള്ള രണ്ടാമത്തെ വിവാഹനിശ്ചയം (ഉല്പ. 29:27)

> ഇവളുടെ ആഴ്ചവട്ടം നിവർത്തിക്ക; എന്നാൽ നീ ഇനിയും ഏഴു സംവത്സരം എന്റെ അടുക്കൽ ചെയ്യുന്ന സേവയ്ക്കുവേണ്ടി ഞങ്ങൾ അവളെയും നിനക്കു തരാം എന്നു പറഞ്ഞു (ഉല്പ. 29:27) .

ആദ്യത്തെ വിവാഹനിശ്ചയത്തിന്റെ കാലാവധി ഏഴ് സംവത്സരമായിരുന്നുവെങ്കിൽ യാക്കോബും റാഹേലും തമ്മിലുള്ള രണ്ടാമത്തെ വിവാഹനിശ്ചയത്തിന്റെ സമയപരിധി കേവലം ഏഴു ദിവസം മാത്രമായിരുന്നു. എന്നാൽ രണ്ടാമത്തെ വിവാഹനിശ്ചയത്തിലെ വ്യവസ്ഥ പ്രകാരം യാക്കോബ് റാഹേലിനുവേണ്ടി പിന്നെയും ഏഴു സംവത്സരംകൂടി ലാബാനെ സേവിക്കണമായിരുന്നു. ലാബാൻ വാസ്തവത്തിൽ യാക്കോബിനെ ചതിച്ചില്ല. അവന്റെ രണ്ട് പുത്രിമാരെയും ഉത്തമപുരുഷനായ യാക്കോബിന് നല്കുകയാണ് ചെയ്തത്. യാക്കോബിനോട് വീണ്ടും ഏഴ് സംവത്സരം സേവ ചെയ്തതിനു ശേഷം റാഹേലിനെ നല്കാമെന്നല്ല; ലേയായുടെ ഒരാഴ്ചത്തെ വിവാഹമുറ നിവർത്തിച്ച ശേഷം യാക്കോബിനു റാഹേലിനെ കൊടുക്കാമെന്നായിരുന്നു. അത് യാക്കോബിന് സ്വീകാര്യമായിത്തീർന്നു. അതിനനുസരിച്ച് ലേയായുടെ ആഴ്ചവട്ടം നിവർത്തിച്ചുകഴിഞ്ഞപ്പോൾ ലാബാൻ യാക്കോബിന് റാഹേലിനെക്കൂടി ഭാര്യയായി കൊടുത്തു.

### 8. യാക്കോബിന് ഇഷ്ടയായ റാഹേൽ അവന്റെ ഭാര്യയായിത്തീർന്നത് (ഉല്പ. 29:28–30)

> യാക്കോബ് അങ്ങനതന്നെ ചെയ്തു, അവളുടെ ആഴ്ചവട്ടം നിവർത്തിച്ചു; അവൻ തന്റെ മകൾ റാഹേലിനെയും അവനു ഭാര്യയായി കൊടുത്തു. തന്റെ മകൾ റാഹേലിന് ലാബാൻ തന്റെ ദാസി ബിൽഹായെ ദാസിയായി കൊടുത്തു (ഉല്പ. 29:28-30).

ഏഴു ദിവസത്തിനുശേഷം ലാബാൻ യാക്കോബിനോട് ചെയ്ത രണ്ടാമത്തെ വിവാഹനിശ്ചയ ഉടമ്പടിപ്രകാരം അവൻ അവന്റെ ഇള യമകളായ റാഹേലിനെയും യാക്കോബിന് ഭാര്യയായി കൊടുത്തു. അവൾക്ക് ദാസിയായി ബിൽഹായേയും കൊടുത്തു. അങ്ങനെ യാക്കോബിന് രണ്ടു ഭാര്യമാരെയും അവരുടെ രണ്ടു ദാസിമാരെയും ലഭിച്ചു. അതോടെയാണ് ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരം പദ്ദൻ-അരാമിൽ വച്ച് യാക്കോബിന്റെ കുടുംബജീവിതത്തിന് ആരംഭം കുറിച്ചത്. യാക്കോബിന് ലേയായേക്കാൾ റാഹേലിനെയായിരുന്നു പ്രിയമായിരുന്നത്; അവൾക്കുവേണ്ടിയാണ് അവൻ ലാബാനെ പതിനാലു വർഷം സേവിച്ചത്. അതെക്കുറിച്ച് ഹോശേയ പ്രവാചകൻ പ്രവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

> യാക്കോബ് അരാം ദേശത്തിലേക്ക് ഓടിപ്പോയി; യിസ്രായേൽ ഒരു ഭാര്യക്കുവേണ്ടി സേവ ചെയ്തു, ഒരു ഭാര്യക്കുവേണ്ടി ആടുകളെ പാലിച്ചു (ഹോശ. 12:12)

റാഹേൽ എന്ന ഒരു ഭാര്യയ്ക്കുവേണ്ടിയായിരുന്നു യാക്കോബ് പദ്ദൻ-അരാമിൽ അവന്റെ അമ്മയുടെ സഹോദരനായ ലാബാനെ പതിനാലു സംവത്സരം സേവിച്ചത്. എന്നാൽ ദൈവം ലാബാന്റെ രണ്ടു പുത്രിമാരെയും അവരുടെ രണ്ട് ദാസിമാരെയുമാണ് യാക്കോബിന് നൽകിയത്.

വിവാഹനിശ്ചയം എന്ന ഈ അദ്ധ്യായത്തിന്റെ പഠനത്തിൽ നാം വിശദമായി ചിന്തിച്ചത് യാക്കോബിന്റെ വിവാഹനിശ്ചയത്തെക്കുറിച്ചായിരുന്നു. കെട്ടുറപ്പുള്ള കുടുംബങ്ങൾക്കും സമൂഹത്തിനും ദൈവഹിതപ്രകാരമുള്ള വിവാഹനിശ്ചയം അത്യന്താപേക്ഷിതമാണ്. യാക്കോബ് അവന്റെ ഇഷ്ടപ്രകാരം ഒരു ഭാര്യയെ എടുക്കുകയല്ലായിരുന്നു; യാക്കോബ് അവന്റെ മാതാപിതാക്കളുടെയും അതു പോലെ അവൻ വിവാഹം ചെയ്യുവാൻ ആലോചിച്ചിരുന്ന റാഹേലിന്റെ കുടുംബക്കാരുടെയും ഇഷ്ടത്തിന് വിധേയമായിട്ടാണ് അവൻ റാഹേലിനെ വിവാഹം ചെയ്തത്. ഇതിൽനിന്നും വിവാഹാലോചന യിൽ വരനും വധുവിനും ഇഷ്ടമാകുകയും ഇരു കുടുംബങ്ങൾക്കും സ്വീകാര്യമാകുകയും ചെയ്താൽ ശേഷം കാര്യങ്ങൾ വേണ്ടപ്പെട്ടവരുമായി കൂടിച്ചേർന്ന് ആലോചിച്ച് വിവാഹനിശ്ചയം നടത്തേണ്ടതാകുന്നു. യാക്കോബിനെപ്പോലെ കുടുംബത്തിൽ മാതാപിതാക്കളെ അനുസരിച്ച് ജീവിക്കുന്നവരുടെ വിവാഹത്തിനു മാത്രമെ നാം ചിന്തിച്ചുകൊണ്ടിരിക്കുന്ന വിവാഹത്തിന്റെ വിവിധ ഘട്ടങ്ങൾ ഉണ്ടായിരിക്കു

കയുള്ളൂ. ഏശാവിനെപ്പോലെ തന്നിഷ്ടത്തിൽ വിവാഹം കഴിക്കുന്ന വരോടുള്ള ബന്ധത്തിൽ മാതാപിതാക്കൾക്ക് അങ്ങനെയുള്ളവരുടെ വിവാഹത്തിൽ യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുക യില്ല. ലോകജനത അതിവേഗം സ്വസ്നേഹത്തിലേക്കും മാതാപിതാ ക്കളെ അനുസരിക്കാത്തവരുമായി മാറിക്കൊണ്ടിരിക്കുന്ന ഈ കാല ഘട്ടത്തിൽ വിശ്വാസകുടുംബങ്ങളിലെ തലമുറകൾ പൂർവ്വപിതാക്ക ന്മാർ കാണിച്ചുതന്നിരിക്കുന്ന മാതൃകയാണ് അനുകരി ക്കേണ്ടത്.

പരിശുദ്ധാത്മാവിനാൽ വിവാഹനിശ്ചയം ചെയ്യപ്പെട്ടിരിക്കുന്ന കുഞ്ഞാടിന്റെ മണവാട്ടിയാണ് സ്വർഗത്തിൽ പേരെഴുതുയിരിക്കുന്ന ആദ്യജാതന്മാരുടെ സഭ. പഴയനിയമത്തിലെ യാക്കോബിന്റെ വിവാഹനിശ്ചയം നിഴലായിരുന്നുവെങ്കിൽ പുതിയനിയമത്തിൽ ക്രിസ്തുഎന്ന ഏക പുരുഷനും നിർമ്മലകന്യകയെന്ന ആത്മമണ വാട്ടിയുമായുള്ള വിവാഹനിശ്ചയമാണ് പൊരുളായിട്ടുള്ളത്. അതെക്കുറിച്ച് പൌലൊസ് അപ്പൊസ്തലൻ രേഖപ്പെടുത്തിയിരി ക്കുന്നത് ഇപ്രകാരമാണ്.

> ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏക പുരുഷനു നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു (2 കൊരി. 11:2)

യാക്കോബിന്റെയും റാഹേലിന്റെയും വിവാഹനിശ്ചയം കഴിഞ്ഞ തിനു ശേഷം ഏഴ് വർഷവും ഏഴ് ദിവസവും എന്ന ദീർഘമായ കാത്തിരിപ്പിനു ശേഷമായിരുന്നു അവരുടെ വിവാഹം നടന്നത്. ക്രിസ്തു എന്ന ഏക പുരുഷന് വിവാഹനിശ്ചയം ചെയ്യപ്പെട്ടിരി ക്കുന്ന പുതിയനിയമസഭയിലെ അംഗങ്ങളാണ് കുഞ്ഞാടിന്റെ നിർ മ്മലകന്യക. പരിശുദ്ധാത്മാവാം ദൈവമാണ് ഭൂമിയിൽ കുഞ്ഞാ ടിന്റെ മണവാട്ടിയാകുന്ന നിർമ്മലകന്യകയെ ഒരുക്കിയെടുക്കുന്നത്. ക്രിസ്തു എന്ന ഏകപുരുഷനുമായി വിവാഹനിശ്ചയം ചെയ്യപ്പെട്ടിരി ക്കുന്നവരാണ് ക്രിസ്തുവിൽ തികവുപ്രാപിക്കുന്നത്. അവരാണ് കർത്താവിന്റെ മധ്യാകാശ വരവിങ്കൽ സ്വർഗാധിസ്വർഗത്തിലേക്ക് പെട്ടെന്ന് എടുക്കപ്പെടുന്നത്. അവിടെവച്ച് ഏകദേശം ഏഴ് വർഷം കഴിഞ്ഞിട്ടാണ് കുഞ്ഞാടിന്റെ കല്ല്യാണം നിറവേറപ്പെടുന്നത്.

ഭൂമിയിൽ ജീവനോടിരിക്കുന്ന കാലത്ത് കുഞ്ഞാടുമായി വിവാ ഹനിശ്ചയത്തിൽ ഏർപ്പെടുവാനുള്ള അവസരമാണ് സകല മനു ഷ്യർക്കും ഉള്ളത്. മാനവരാശിയോടുള്ള ബന്ധത്തിലെ ദൈവീക

നിത്യതയെക്കുറിച്ചുള്ള പിതാവാംദൈവത്തിന്റെ ഉദ്ദേശമാണ് സ്വർഗീയ ആലോചനപ്രകാരം നിറവേറപ്പെട്ടുകൊണ്ടിരിക്കുന്നത്. യാക്കോബ് പതിനാലുവർഷം സേവ ചെയ്താണ് അവന്റെ ഇഷ്ടയായ റാഹേലിനെ സ്വന്തമാക്കിയതെങ്കിൽ കുഞ്ഞാടാം ദൈവം സ്വന്തം ജീവൻ തന്നാണ സഭയെ സമ്പാദിച്ചിരിക്കുന്നത്. അവൻ തന്റെ രക്തത്താൽ സമ്പാദിക്കുന്ന ആഗോളസഭയിൽനിന്ന് നിർമ്മലകന്യകയുടെ പദവിയിൽ എത്തിച്ചേരുന്നവരുമായിട്ടാണ് പരിശുദ്ധാത്മാവാം ദൈവം കുഞ്ഞാടുമായിട്ടുള്ള വിവാഹനിശ്ചയം ചെയ്യുന്നത്. സ്വർഗീയ പദ്ധതി പ്രകാരം കുഞ്ഞാടിനോട് വിവാഹനിശ്ചയം ചെയ്യുവാനുള്ളവരുടെ എണ്ണം തികയപ്പെടുന്ന നിനയാത്ത നേരത്താണ് ആത്മമണവാളൻ മധ്യാകാശത്തിൽ വന്ന് സഭയാം മണവാട്ടിയെ തന്നോടു ചേർക്കുന്നത്. അതാണ് തിരുവചനപ്രകാരം ഭാവിയിൽ സംഭവിപ്പാനുള്ള കാര്യങ്ങളിലെ പ്രഥമ സംഭവം.

വിവാഹനിശ്ചയം എന്ന ഈ അദ്ധ്യായത്തിന്റെ പഠനസമാപ്തിയിലേക്ക് പ്രവേശിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ ആരെങ്കിലും ഇതുവരെയും കുഞ്ഞാടുമായിട്ടുള്ള വിവാഹനിശ്ചയത്തിൽ ഏർപ്പെട്ടിട്ടില്ലായെങ്കിൽ അതിനുള്ള സുവർണ്ണാവസരമാണ് ശേഷിച്ചിരിക്കുന്നത്. അതിന് ഈ പുസ്തകപഠനം പ്രയോജനകരമായിത്തീരട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

സഭായുഗത്തിൽ നിഴലായി നടക്കുന്ന വിവാഹനിശ്ചയത്തിൽ വരൻ, വധു, ഇരുകുടുംബങ്ങൾ എന്നിവർ അറിഞ്ഞിരിക്കേണ്ട സുപ്രധാനമായ കാര്യങ്ങളുടെ രൂപരേഖനമുക്ക് ലഭിക്കുന്നത് ഇതുവരെ നാം ചിന്തിച്ച യാക്കോബിന്റെയും റാഹേലിന്റെയും വിവാഹനിശ്ചയത്തിൽ നിന്നുമാകുന്നു. അതിന്റെ സംക്ഷിപ്തരൂപമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

* **വിവാഹനിശ്ചയത്തിന് തിടുക്കം കൂട്ടരുത്:** യാക്കോബ് പദ്ദൻ-അരാമിൽ ചെന്ന് ലാബാന്റെ വീട്ടിൽ ഒരു മാസം താമസിച്ചതിനു ശേഷമാണ് റാഹേലുമായുള്ള വിവാഹനിശ്ചയത്തിന് ലാബാനുമായി ഉടമ്പടി ചെയ്തത്. ഇതിനർത്ഥം വിവാഹനിശ്ചയത്തിനു മുമ്പ് ഇരുകൂട്ടർക്കും അറിയേണ്ട കാര്യങ്ങളെല്ലാം അന്വേഷിച്ച് തൃപ്തിപ്പെടണമെന്നതാകുന്നു.
* **തുറന്ന മനസ്സോടെ കാര്യങ്ങൾ സംസാരിക്കുന്നത്:** യാക്കോബിന് നന്നായി റാഹേലിനെ ഇഷ്ടമായതിനു ശേഷമാണ് അവൻ

ലാബാനോട് അവന്റെ വിവാഹതാത്പര്യവും വ്യവസ്ഥയും അറിയിച്ചത്. എന്നാൽ ലാബാൻ തന്റെ മനസ്സിലുണ്ടായിരുന്ന എല്ലാ കാര്യങ്ങളും അപ്പോൾ വെളിപ്പെടുത്തിയില്ല. അവന്റെ രണ്ട് പുത്രിമാരെയും യാക്കോബിന് നല്കുവാനുള്ള നല്ല ചിന്തയായിരുന്നു അവന്റെ മനസ്സിൽ ഉണ്ടായിരുന്നത്.

* **വിവാഹം നടത്തുന്നതിനെക്കുറിച്ചുള്ള കാര്യങ്ങൾ ആലോചിച്ച് തീരുമാനമെടുക്കുന്നത്:** യാക്കോബിന്റെ വിവാഹനിശ്ചയത്തിന്റെ കാലാവധി ഏഴ് സംവത്സരം ആയിരുന്നു. അതുപോലെ വിവാഹം എന്ന് നടത്തണം എന്നു ഇരുകൂട്ടരും ചിന്തിച്ച് തീരുമാനമെടുക്കുന്നത് വിവാഹനിശ്ചയദിനത്തിലാകുന്നു.
* **വിവാഹനിശ്ചയം ഉടമ്പടി ചെയ്യുന്നത്:** യാക്കോബും ലാബാനും തമ്മിലായിരുന്നു വിവാഹനിശ്ചയം ഉടമ്പടി ചെയ്തത്. അന്ന് അതിനുള്ള സാഹചര്യം മാത്രമാണ് അവിടെ ഉണ്ടായിരുന്നത്. എന്നാൽ പൊതുവിലുള്ള സമ്പ്രദായമനുസരിച്ച് വിവാഹനിശ്ചയ ഉടമ്പടി സാക്ഷികളെവച്ച് തയ്യാർ ചെയ്ത്; രേഖകൾ ഇരു കുടുംബങ്ങളും പരസ്പരം കൈമാറേണ്ടതാകുന്നു.
* **സ്വത്ത് അവകാശ ഇടപാടുകൾ:** പുരാതനകാലത്ത് റാഹേലിന്റെ പ്രതിഫലമായി യാക്കോബ് ലാബാനെ ഏഴുവർഷം സേവിക്കണമെന്നായിരുന്നു. അതിൽനിന്ന് വ്യത്യസ്ഥമായിട്ടാണ് ഇപ്പോഴത്തെ സമ്പ്രദായം. ഇന്നത്തെ രീതി അനുസരിച്ച് വധുവിന് അവളുടെ പിതാവിന്റെ അവകാശത്തിൽനിന്ന് ലഭിക്കുവാനുള്ള ഓഹരി സന്തോഷത്തോടെ കൊടുക്കുകയാണ് ചെയ്യുന്നത്. അത് നിർബന്ധമായിട്ടല്ല ചെയ്യേണ്ടത്; എന്നാൽ മകൾക്ക് അവകാശമായിട്ടുള്ളത് അവൾക്ക് നിശ്ചയമായും എപ്പോഴെങ്കിലും അവളുടെ വീട്ടുകാർ കൊടുത്തിരിക്കേണ്ടതാകുന്നു.
* **വിവാഹ ഉടമ്പടിയിൽനിന്ന് തക്കതായ കാരണങ്ങളില്ലാതെ പിന്മാറരുത്:** വിവാഹഉടമ്പടിയിൽനിന്ന് പിന്മാറുവാനുള്ള അനാവശ്യ ഇടപെടലുകൾ ഉണ്ടാകാതിരിക്കുവാൻ ഇരു ഭവനക്കാരും പ്രത്യേകം ശ്രദ്ധിക്കേണം.
* **വിവാഹമോചനം അനുവദനീയമല്ല:** വിവാഹമോചനം ദൈവഹിതത്തിന് എതിരായതുകൊണ്ട് അത് പാടില്ലാത്തതാകുന്നു. അതിനാൽ വിവാഹദിവസത്തിന്റെ അന്നുവരെ തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ വിവാഹത്തിൽ നിന്ന് ഒഴിവാകുവാനുള്ള അവ

സരം ദൈവസഭ പൊതുവെ അനുവദിക്കാറുണ്ട്. അതുകൊണ്ട് എന്തെങ്കിലും കാര്യങ്ങൾ അന്വേഷിച്ച് അറിയുവാനുണ്ടെങ്കിൽ വിവാഹത്തിനു മുമ്പ് അത് നിശ്ചയമായും ചെയ്തിരിക്കണം. വിവാഹശേഷം യാതൊരു കാരണവശാലും അനാവശ്യവിവരങ്ങൾ ചികഞ്ഞ് കുടുംബജീവിതം താറുമാറാക്കിക്കളയരുത്.

* **വിവിഹദിവസത്തിലെ കാര്യങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണ**: വിവാഹദിവസം, സമയം, സ്ഥലം, വിരുന്നുകാരായി പങ്കെടുക്കുന്നവരുടെ ഏകദേശ എണ്ണം, ഗൃഹപ്രവേശം ഇത്യാദികാര്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഇരുകുടുംബങ്ങൾക്കും ഉണ്ടായിരിക്കുകയും അവ പരസ്പരം അറിയിക്കേണ്ടതുമാകുന്നു.
* **വിവാഹരേഖയിൽ ചേർക്കേണ്ട വിവരങ്ങൾ**: അവ കൃത്യവും വ്യക്തവും ആയിരിക്കേണം.
* **വിവാഹനിയമ മാനദണ്ഡങ്ങൾ**: അതാത് രാജ്യങ്ങളിൽ നിലവിലുള്ള വിവാഹ നിയമങ്ങളുടെ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചിരിക്കണം.
* **വിവാഹശുശ്രൂഷയോടുള്ള ബന്ധത്തിലെ മാനദണ്ഡങ്ങൾ**: ദൈവമക്കൾ തമ്മിലുള്ള വിവാഹം വിശുദ്ധവിവാഹമായതുകൊണ്ട് അതിനനുസരിച്ച് മാത്രമേ വിവാഹം നടത്തപ്പെടാവൂ. അതുകൊണ്ട് അതിനെക്കുറിച്ച് ഇരുകൂട്ടർക്കും വ്യക്തമായ ധാരണ ഉണ്ടായിരിക്കണം. അതല്ലാതെ വിവാഹദിവസം പൊതുസദസ്സിൽ വച്ച് എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അവയൊന്നും പരസ്യമായി പ്രസ്താവിക്കപ്പെടുവാൻ ഇടയാകരുത്. അങ്ങനെ സംഭവിച്ചാൽ അത് വിവാഹിതരാകുന്നവരുടെയും അവരുടെ കുടുംബങ്ങളുടെയും സന്തോഷത്തെ കെടുത്തിക്കളയുന്നതായിരിക്കും. അതുകൊണ്ട് വിവാഹശുശ്രൂഷയോടുള്ള ബന്ധത്തിലെ കാര്യങ്ങളെക്കുറിച്ച് സഭയിലെ ഉത്തരവാദിത്തപ്പെട്ടവരോട് ചോദിച്ച് ഇരുകൂട്ടരും കാര്യങ്ങൾ വിവാഹത്തിനു മുമ്പ് ക്രമീകരിക്കേണ്ടതാകുന്നു.
* **ശരിയായ ആസൂത്രണം**: ദൈവകൃപയിലാശ്രയിച്ച് പ്രാർത്ഥനയോടെ ശരിയായ രീതിയിലുള്ള ആസൂത്രണം വിവാഹസംബന്ധമായ എല്ലാ വിഷയങ്ങളിലും ഉണ്ടായിരിക്കേണം; എങ്കിൽ മാത്രമേ എല്ലാവിധത്തിലും വിവാഹം സമംഗളം നടത്തപ്പെടുവാൻ സാധിക്കുകയുള്ളൂ.

വിവാഹനിശ്ചയത്തിൽ ഇരുകുടുംബങ്ങളും വേണ്ടപ്പെട്ടവരും ആലോചിച്ച് എടുക്കേണ്ട സുപ്രധാനമായ കാര്യങ്ങളെക്കുറിച്ചാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. അതു കൂടാതെ വിവാഹ ത്തോടുള്ള ബന്ധത്തിലെ സമസ്തമേഖലകളിലും സൂക്ഷ്മതയോടെ യുള്ള വീക്ഷണം ഉണ്ടായിരിക്കണം. സർവ്വോപരി ദൈവത്തിലാശ്രയി ക്കുന്നവരെ ദൈവം ഒരുനാളും ലജ്ജിപ്പിക്കുകയില്ല. അതുകൊണ്ട് കർത്താവിലാശ്രയിച്ച് ശരിയായ ആസൂത്രണത്തോടെ വേണം വിവാഹനിശ്ചയത്തിൽ കാര്യങ്ങൾ തീരുമാനിക്കേണ്ടത്. അങ്ങിനെ യെങ്കിൽ വിവാഹനിശ്ചയത്തിനു ശേഷം നിശ്ചയിക്കപ്പെട്ട ദിവസം നടക്കുന്ന വിവാഹശുശ്രൂഷ അനുഗ്രഹിക്കപ്പെട്ടതായിരിക്കും; അതെ ക്കുറിച്ചാണ് വിവാഹം എന്ന അടുത്ത അദ്ധ്യായത്തിൽ തുടർന്നു നാം ചിന്തിക്കുന്നത്.

അദ്ധ്യായം 4

# വിവാഹം

വിവാഹ ഉദ്ദേശം, വിവാഹ ആലോചന, വിവാഹനിശ്ചയം എന്നീ മൂന്ന് അദ്ധ്യായങ്ങളിൽ നാം ചിന്തിച്ചത് വിവാഹത്തിനു മുമ്പുള്ള മൂന്ന് ഘട്ടങ്ങളെക്കുറിച്ചായിരുന്നു. വിവാഹനിശ്ചയത്തിൽ ഇരുകുടുംബങ്ങളും വേണ്ടപ്പെട്ടവരും കൂടി ആലോചിച്ച് എടുത്ത തീരുമാന പ്രകാരമുള്ള വിവാഹം സമംഗളം നിവർത്തീകരിക്കപ്പെടുന്നതിനെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത്. എന്നാൽ അതിനു മുമ്പ് പന്ത്രണ്ട് യിസ്രായേൽ ഗോത്രപിതാക്കന്മാരിൽ പ്രമുഖരായ രണ്ട് ഗോത്രപിതാക്കന്മാരുടെ വിവാഹത്തെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചും ഉല്പത്തിപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ വിശദാംശങ്ങളിലേക്കാണ് തുടർന്ന് നാം പ്രവേശിക്കുന്നത്.

യിസ്രായേൽ ഗോത്രപിതാക്കന്മാരിൽ യെഹൂദയാണ് പ്രമുഖൻ. അതിന്റെ കാരണം യെഹൂദാ ഗോത്രത്തിൽനിന്ന് നമ്മുടെ കർത്താവ് ഉദിച്ചു എന്നതാണ്. അതുകൊണ്ടാണ് യേശുവിനെ യെഹൂദാ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ (വെളി. 4:5), ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവും (വെളി. 22:16) എന്നിങ്ങനെ വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പുതിയനിയമത്തിന്റെ ആരംഭത്തിൽ എഴുതിയിരിക്കുന്ന യേശുക്രിസ്തുവിന്റെ വംശാവലിയിൽ നാല്പത്തിരണ്ട് തലമുറകളെക്കുറിച്ചുള്ള വിവരണമാണ് കൊടുത്തിരിക്കുന്നത്. അതിൽ അബ്രാഹാം മുതൽ ദാവീദ് വരെയുള്ള പതിനാല് തലമുറകളിൽ അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ്, യെഹൂദാ, ദാവീദ് എന്നിവരാണ് അതിശക്തരായിരുന്നവർ. പൂർവ്വപിതാക്കന്മാരോടുള്ള ബന്ധത്തിൽ യെഹൂദായുടെ കുടുംബത്തെക്കുറിച്ചുള്ള പഠനത്തിന് നാം പ്രാധാന്യത കൊടുത്തിരിക്കുന്നത് യേശുക്രിസ്തുവിന്റെ വംശാവലി രേഖപ്പെടുത്തിയിരിക്കുന്നതിൽ ഭർത്താവിന്റെയും ഭാര്യയുടെയും പേരുകൾ പ്രസ്താവിച്ചിരിക്കുന്നതിൽ ആദ്യത്തേതാണ് യെഹൂദാ- താമാർ കുടുംബം എന്നതിനാലാണ്.

യെഹൂദാ ഗൃഹം യേശുക്രിസ്തുവിന്റെ ജനനത്തോടുള്ള ബന്ധത്തിലെ സുപ്രധാന ഗൃഹമാണെങ്കിൽ യോസേഫിന്റെ ഗൃഹമാകുന്നു യിസ്രായേലിനോടുള്ള ബന്ധത്തിലെ സുപ്രധാന ഗൃഹം. ഗോത്രപിതാവായ യാക്കോബ് യിസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളെ അനുഗ്രഹിച്ച് പ്രസ്താവിച്ചിരിക്കുന്നതിലും മോശെയുടെ അനുഗ്രഹപ്രാർത്ഥനയിലും ഈ രണ്ട് ഗോത്രങ്ങൾക്കാണ് മറ്റ് ഗോത്രങ്ങളെക്കാൾ പ്രാധാന്യത കൊടുത്തിരിക്കുന്നത്. അതിൽ യാക്കോബ് ഈ രണ്ട് ഗോത്രങ്ങളുടെ പേരുകൾ പ്രത്യേകം എടുത്തു പറഞ്ഞ് അനുഗ്രഹിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

> നിന്റെ പിതാവിന്റെ അനുഗ്രഹങ്ങൾ എൻജനകന്മാരുടെ അനുഗ്രഹങ്ങൾക്കു മീതെ ശാശ്വതഗിരികളുടെ അറ്റത്തോളം പ്രബലപ്പെട്ട് അവ യോസേഫിന്റെ തലയിലും തന്റെ സഹോദരന്മാരിൽ പ്രഭുവായവന്റെ നെറുകയിലും വരും (ഉല്പ. 49:26)

യാക്കോബിന്റെ ഇഷ്ടപുത്രൻ യോസേഫായിരുന്നുവെങ്കിൽ സഹോദരന്മാരിൽ പ്രഭുവായവൻ യെഹൂദായാകുന്നു. മോശെയുടെ അനുഗ്രഹപ്രാർത്ഥനയിലും ഈ രണ്ട് ഗോത്രങ്ങളെക്കുറിച്ചുള്ള പ്രത്യേക പരാമർശം ശ്രദ്ധേയമാണ്.

> മുൾപ്പടർപ്പിൽ വസിച്ചവന്റെ പ്രസാദം യോസേഫിന്റെ ശിരസ്സിന്മേലും തന്റെ സഹോദരന്മാരിൽ പ്രഭുവായവന്റെ നെറുകമേലും വരുമാറാകട്ടെ. അവന്റെ കടിഞ്ഞൂൽ കൂറ്റൻ അവന്റെ പ്രതാപം; അവന്റെ കൊമ്പുകൾ കാട്ടുപോത്തിന്റെ കൊമ്പുകൾ; അവയാൽ അവൻ സകല ജാതികളെയും ഭൂസീമാവാസികളെയും വെട്ടി ഓടിക്കും; അവ എഫ്രയീമിന്റെ പതിനായിരങ്ങളും മനശ്ശെയുടെ ആയിരങ്ങളും തന്നെ (ആവ. 33:16 - 17)

ഭാവികാല പ്രവചനങ്ങളോടുള്ള ബന്ധത്തിൽ യെഹൂദായെയും യോസേഫിനെയും സംബന്ധിച്ചുള്ള പ്രത്യേക പരാമർശങ്ങൾ യാക്കോബും മോശെയും നടത്തിയിരിക്കുന്നതിനെ ക്കുറിച്ചാണ് നാം ചിന്തിച്ചത്. കർത്താവിന്റെ ഒന്നാമത്തെ വരവിങ്കൽ യെഹൂദാ ഗോത്രത്തിൽ യേശു ഉദിച്ചു എന്നതാണ് ആദ്യപരാമർശത്തിന്റെ പ്രത്യേകത. എന്നാൽ രണ്ടാമത്തെ വരവിങ്കൽ യേശു മഹാരാജാവായി വന്ന് ലോകജാതികളോട് യുദ്ധം ചെയ്യുന്ന ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ അവൻ യഹൂദാഗോത്രത്തിന്റെ പ്രതാപമുള്ള കടിഞ്ഞൂൽ കൂറ്റൻ ആയിരിക്കും. അന്ന് കാട്ടുപോത്തിന്റെ കൊമ്പുകൾ പോലുള്ള അവന്റെ രണ്ട് കൊമ്പുകൾ യോസേഫിന്റെ ഗൃഹമാകുന്ന

എഫ്രയീമും മനശ്ശെയും ആകുന്നു എന്നതാണ് രണ്ടാമത്തെ പരാമർശത്തിൽ അടങ്ങിയിരിക്കുന്നത്. ഒന്നാമത്തെ പരാമർശം നിറവേറപ്പെട്ടുവെങ്കിൽ രണ്ടാമത്തേത് കർത്താവിന്റെ രണ്ടാമത്തെ വരവാകുന്ന മഹത്വപ്രത്യക്ഷതയിലാണ് നിറവേറപ്പെടുന്നത്. അതെക്കുറിച്ച് വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഭൂമിയിൽ നിന്ന് കയറുന്ന മൃഗത്തിന് കുഞ്ഞാടിനുള്ളതുപോലെ രണ്ട് കൊമ്പുകൾ ഉള്ളതായിട്ടാകുന്നു.

> മറ്റൊരു മൃഗം ഭൂമിയിൽനിന്നു കയറുന്നത് ഞാൻ കണ്ടു; അതിനു കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പുണ്ടായിരുന്നു. (വെളി. 13:11)

കർത്താവിന്റെ ഒന്നാമത്തെ വരവിലും രണ്ടാമത്തെ വരവിലും യെഹൂദാ ഗോത്രത്തിന്റെ പ്രാധാന്യത വ്യക്തമാക്കപ്പെടുന്നതുപോലെ കർത്താവിന്റെ രണ്ടാമത്തെ വരവിൽ യെഹൂദായുടെ സിംഹമായയവനോടൊപ്പം എതിർക്രിസ്തുവിനോട് പൊരുതുന്നവരിൽ യോസേഫ് ഗൃഹമാകുന്ന എഫ്രയീമിന്റെയും മനശ്ശെയുടെയും പങ്കാളിത്തമാണ് വ്യക്തമാക്കപ്പെടുന്നത്. യിസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളിൽ യെഹൂദാ, യോസേഫ് എന്നീ രണ്ട് ഗോത്രങ്ങൾക്ക് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയോടുള്ള ബന്ധത്തിൽ സുപ്രാധാനമായ പ്രാധാന്യത ഉള്ളതുകൊണ്ടാണ് ഇവരുടെ രണ്ടുപേരുടെയും കുടുംബജീവിതങ്ങളെക്കുറിച്ച് വിവാഹം എന്ന അദ്ധ്യായത്തിന്റെ പ്രാരംഭഭാഗത്ത് നാം ചിന്തിക്കുന്നത്.

### 1. യെഹൂദായുടെ കുടുംബം

> യെഹൂദാ താമാറിൽ പാരെസിനെയും സാരഹിനെയും ജനിപ്പിച്ചു; പാരെസ് ഹെബ്രോനെ ജനിപ്പിച്ചു (മത്താ. 1:3)

യാക്കോബിന് ലേയാ പ്രസവിച്ച നാല് ആൺമക്കളിൽ നാലാമത്തെ പുത്രനാണ് യെഹൂദാ. യോസേഫിനെ സഹോദരന്മാർ ദ്വേഷിച്ച് പൊട്ടക്കിണറ്റിൽ ഇട്ടപ്പോൾ അവൻ അവിടെ കിടന്ന് മരിച്ചുപോകാതിരിക്കുവാൻ വേണ്ടി അവനെ ഇരുപതു വെള്ളിക്കാശിന് മിദ്യാന്യ കച്ചവടക്കാർക്ക് വില്ക്കുന്നതിന്റെ ആലോചന സഹോദരന്മാർക്ക് പറഞ്ഞുകൊടുത്തത് യെഹൂദാ ആയിരുന്നു. യോസേഫിനെ ദുഷ്ടമൃഗം കടിച്ചുകീറിക്കളഞ്ഞു എന്നാണ് യാക്കോബിനെ അവർ അറിയിച്ചത്. യാക്കോബിന് അവന്റെ ഇഷ്ടപുത്രനായ യോസേഫിനെ പതിനേഴാമത്തെ വയസ്സിൽ നഷ്ടപ്പെട്ടത് അവന് തീരാസങ്കടമായിരുന്നു. അതിനുശേഷം യാക്കോബ് ആകെ തളർന്നുപോയി

രുന്നു. യാക്കോബിന്റെ കുടുംബാന്തരീക്ഷം ശോകമൂകമായി തീർന്നു. യാക്കോബിന്റെ മറ്റ് മക്കളുടെ ഭാവിയിലോ വിവാഹത്തിലോ ഒന്നും അവന് ഒട്ടും താത്പര്യമില്ലാതിരുന്ന സാഹചര്യത്തിലാണ് യെഹൂദാ തന്റെ സഹോദരന്മാരെ വിട്ടുപിരിഞ്ഞ് ഹീരാ എന്ന് പേരുള്ള ഒരു അദുല്ലാമ്യന്റെ അടുക്കൽ ചെന്നു പാർത്തത്.

അവിടെ അവൻ ശൂവാ എന്ന് പേരുള്ള ഒരു കനാന്യന്റെ മകളെ കണ്ടു. അവളെ ഭാര്യയായി എടുത്തു. അവൾ അവന് ഏർ, ഓനാൻ, ശേലാ എന്നീ മൂന്ന് പുത്രന്മാരെ പ്രസവിച്ചു. യെഹൂദാ തന്റെ മൂത്ത പുത്രൻ ഏരിന് പ്രായപൂർത്തിയായപ്പോൾ തമാറിനെ അവന്റെ മകന് ഭാര്യയായി എടുത്തു. എന്നാൽ ഏർ ദൈവത്തിന് അനിഷ്ടനായിരുന്നതുകൊണ്ട് യഹോവ അവനെ മരിപ്പിച്ചു. ഏർ മരിച്ചതിനുശേഷം യെഹൂദാ താമാറിനെ അവന്റെ അനുജനായ ഓനാനെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. ദേവരധർമ്മപ്രകാരം മരിച്ചവന്റെ പേർ നിലനിർത്തേണ്ടതിന് അവന്റെ പേർക്ക് സന്തതിയെ ജനിപ്പിക്കേണം എന്ന് യെഹൂദാ തന്റെ രണ്ടാമത്തെ പുത്രനായ ഓനാനിനോട് പറഞ്ഞു. ഓനാൻ താമാറിനെ പരിഗ്രഹിച്ചുവെങ്കിലും അവൾ ഗർഭം ധരിക്കാതിരിക്കുവാൻ അവൻ ഉപായം പ്രയോഗിച്ചു. അത് ദൈവത്തിന് അനിഷ്ടമായതുകൊണ്ട് ദൈവം അവനെയും മരിപ്പിച്ചു.

അന്ന് യെഹൂദാ നടപ്പിലാക്കിയ ദേവരധർമ്മമാണ് പിന്നീട് നിയമമായി ന്യായപ്രമാണത്തിൽ ഇടം പിടിച്ചിരിക്കുന്നത്. അതെക്കുറിച്ച് മോശെ യിസ്രായേൽ മക്കളോട് അറിയിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

> സഹോദരന്മാർ ഒന്നിച്ചു പാർക്കുമ്പോൾ അവരിൽ ഒരുത്തൻ മകനില്ലാതെ മരിച്ചുപോയാൽ മരിച്ചവന്റെ ഭാര്യ പുറത്തുള്ള ഒരുത്തന് ആകരുത്; ഭർത്താവിന്റെ സഹോദരൻ അവളുടെ അടുക്കൽ ചെന്ന് അവളെ ഭാര്യയായി പരിഗ്രഹിച്ച് അവളോടു ദേവരധർമ്മം നിവർത്തിക്കേണം. മരിച്ചുപോയ സഹോദരന്റെ പേർ യിസ്രായേലിൽ മാഞ്ഞു പോകാതിരിക്കേണ്ടതിന് അവൾ പ്രസവിക്കുന്ന ആദ്യജാതനെ അവന്റെ പേർക്കു കണക്കു കൂട്ടേണം. സഹോദരന്റെ ഭാര്യയെ പരിഗ്രഹിപ്പാൻ അവനു മനസ്സില്ലെങ്കിൽ ... (ആവ. 25:5-10)

യെഹൂദായ്ക്ക് ജനിച്ച മൂന്നു മക്കളിൽ രണ്ടു മക്കൾ ദൈവത്തിന് ഹിതമല്ലാത്തവരായതുകൊണ്ട് അവർ ആയുസ്സ് തികയുന്നതിന് മുമ്പേ മരിക്കേണ്ടിവന്നു. യെഹൂദാ തന്റെ മരുമകളായ താമാറിനെ അവളുടെ അപ്പന്റെ വീട്ടിലേക്ക് പറഞ്ഞയച്ചു; അവളോട് പറഞ്ഞത് ശേലാ പ്രാപ്തിയാകുവോളം അവിടെ വിധവയായി പാർക്കേണം

എന്നായിരുന്നു. ശേലാ പ്രായപൂർത്തിയായിട്ടും യെഹൂദാ താമാറിനെ മടക്കിവരുത്തി തന്റെ ഏറ്റവും ഇളയ മകന് ഭാര്യയായി കൊടുത്തില്ല. അതിന്റെ കാരണം ശേലായും അവന്റെ സഹോദരന്മാരെപ്പോലെ മരിച്ചുപോകുമോ എന്ന ഭയം അന്ന് യെഹൂദായെ പിടിച്ചിരുന്നതു കൊണ്ടായിരുന്നു.

യെഹൂദായുടെ ഭാര്യയായിരുന്ന ശൂവയുടെ മകൾ മരിച്ചു. അവളെക്കുറിച്ചുള്ള ദുഃഖം മാറുന്നതുവരെ യെഹൂദാ ദുഃഖിതനായി വീട്ടിൽത്തന്നെയായിരുന്നു. അതിനുശേഷം അവൻ തന്റെ സ്നേഹിതനായ അദുല്ലാമ്യനായ ഹീരയോടൊപ്പം ആടുകളുടെ രോമം കത്രിക്കുന്ന അടിയന്തിരത്തിനായി തിമ്നായ്ക്കു പോകുവാൻ ഒരുങ്ങി. താമാറിന് അവളുടെ അമ്മായപ്പൻ തിമ്നായ്ക്കു പോകുന്നു എന്ന വർത്തമാനം കിട്ടി. അതിനനുസരിച്ച് അവൾ വൈധവ്യ വസ്ത്രം മാറ്റി മൂടുപടം പുതച്ച് എനയീം പട്ടണത്തിന്റെ ഗോപുരത്തിങ്കൽ ഇരുന്നു. അവൾ അങ്ങനെ ചെയ്തത് ശേലായ്ക്ക് പ്രായ പൂർത്തിയായിട്ടും യെഹൂദാ പറഞ്ഞതിൻപ്രകാരം അവൻ ചെയ്യാതിരുന്നതുകൊണ്ടായിരുന്നു.

യെഹൂദാ യാത്രാ മധ്യേ എനയീം പട്ടണത്തിൽ കണ്ട സ്ത്രീ ഒരു വേശ്യ ആയിരിക്കുമെന്ന് ചിന്തിച്ച് ആളറിയാതെ അവളുടെ അടുക്കൽ ചെല്ലുവാൻ അനുവാദം ചോദിച്ചു. അതിന് അവൾ എന്തു പ്രതിഫലം തരുമെന്ന് ചോദിച്ചതിന് ആട്ടിൻകൂട്ടത്തിൽനിന്ന് ഒരു കോലാട്ടിൻകുട്ടിയെ അവൾക്ക് കൊടുത്തയയ്ക്കാം എന്നായിരുന്നു യെഹൂദാ പറഞ്ഞത്. ബുദ്ധിമതിയായ താമാർ അത് ലഭിക്കുംവരെ യെഹൂദായിൽ നിന്ന് പണയം ചോദിച്ചു. മനുഷ്യരുടെ ഇടയിൽ നാം ഇന്നു കാണുന്ന പണയവ്യവസ്ഥിതി ആദ്യമായി ആരംഭിച്ചത് യെഹൂദായും താമാറും തമ്മിലായിരുന്നു. അവൾ ചോദിച്ചത് അവന്റെ മുദ്രമോതിരവും മോതിരച്ചരടും വടിയുമായിരുന്നു. അവൻ അത് അവൾക്കു കൊടുത്തു; അവളുടെ അടുക്കൽ ചെന്ന് അവൾ ഗർഭം ധരിക്കുകയും ചെയ്തു. അവൾ അവളുടെ അപ്പന്റെ വീട്ടിൽ പോയി വൈധവ്യവസ്ത്രം ധരിച്ച് അവിടെ പാർത്തു. യെഹൂദാ പണയം മടക്കി വാങ്ങിക്കേണ്ടതിന് തന്റെ സ്നേഹിതനായ ഹീരയുടെ കൈവശം കോലാട്ടിൻ കുട്ടിയെ കൊടുത്തയച്ചെങ്കിലും അവൾ അവിടെ ഇല്ലായിരുന്നു. അവളെ കാണാത്തതു നിമിത്തം ഹീര എനയീം പട്ടണവാസികളോട് അവിടെ ഇരുന്നിരുന്ന വേശ്യാസ്ത്രീയെക്കുറിച്ച് അന്വേഷിച്ചുവെങ്കിലും ആ ദേശവാസികൾ പറഞ്ഞത് അവിടെ ഒരു

വേശ്യയും ഇല്ലാ എന്നായിരുന്നു. പണയം മടക്കി വാങ്ങുവാൻ സാധിക്കാതെ മടങ്ങിവന്ന സ്നേഹിതനോട് യെഹൂദാ പറഞ്ഞത് നമുക്ക് അപകീർത്തി ഉണ്ടാകാതിരിപ്പാൻ അവൾ അത് എടുത്തുകൊള്ളട്ടെ എന്നായിരുന്നു.

ഏകദേശം മൂന്നു മാസം കഴിഞ്ഞപ്പോൾ യെഹൂദായ്ക്ക് അറിവുകിട്ടി അവന്റെ മരുമകൾ താമാർ പരസംഗം ചെയ്ത് ഗർഭിണി ആയിരിക്കുന്നുവെന്ന്. അതിൽ ക്ഷുഭിതനായ യെഹൂദാ അവളെ പുറത്തുകൊണ്ടുവന്ന് ചുട്ടുകളയേണം എന്ന് പറഞ്ഞപ്പോൾ താമാർ അമ്മായപ്പന്റെ അടുക്കൽ ആളയച്ച് പറയിപ്പിച്ചത് അവൾ ഗർഭിണി ആയിരിക്കുന്നത് മുദ്രമോതിരത്തിന്റെയും മോതിരച്ചരടിന്റെയും വടിയുടെയും ഉടമസ്ഥനായവനിൽ നിന്നുമാകുന്നു എന്നായിരുന്നു. കാര്യങ്ങൾ തിരിച്ചറിഞ്ഞ യെഹൂദാ, താമാർ അവനിലും നീതിയുള്ളവൾ എന്നും; ശേലായ്ക്ക് പ്രായപൂർത്തിയായിട്ടും അവനെ അവൾക്ക് കൊടുത്തില്ലല്ലോ എന്ന കുറ്റസമ്മതമായിരുന്നു നടത്തിയത്. നീതിമാനായ യെഹൂദാ നീതിയുള്ള താമാറിനെ അതിൽപ്പിന്നെ പരിഗ്രഹിച്ചതുമില്ല. അവളുടെ ഗർഭകാലം തികഞ്ഞപ്പോൾ അവൾ ഇരട്ടക്കുട്ടികൾക്ക് ജന്മം കൊടുത്തു. അവരാണ് യെഹൂദായുടെ വംശത്തിൽപ്പെടുന്ന പേരെസ്സ്, സേരഹ് എന്നിവർ.

യെഹൂദായുടെ വിവാഹം, കുടുംബം, അവന്റെ വംശാവലി എന്നിവയെക്കുറിച്ചാണ് നാം ഉല്പത്തിപ്പുസ്തകം മുപ്പത്തിയെട്ടാം അദ്ധ്യായത്തെ അധികരിച്ച് ചിന്തിച്ചത്. അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരുടെ കുടുംബജീവിതങ്ങൾക്ക് മെസോപ്പൊത്താമ്യ ബന്ധമാണ് ഉണ്ടായിരുന്നതെങ്കിൽ അതിൽനിന്നും വ്യത്യസ്ഥമായി ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ വംശാവലിയിൽ ഉൾപ്പെടുന്ന യെഹൂദാ വിവാഹം കഴിച്ചത് കനാൻ നിവാസിനിയെ ആയിരുന്നു. അതിന്റെ കാരണങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

* ദൈവഹിതം യാക്കോബിൽ നിറവേറപ്പെട്ടു; അത് യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടും അവനിലൂടെ ഉടലെടുക്കുക എന്നതായിരുന്നു. പതിനൊന്നു മക്കൾ ജനിച്ചശേഷം ദൈവം അരുളിച്ചെയ്തിട്ടാണ് യാക്കോബ് പദ്ദൻ-അരാമിൽ നിന്ന് കനാൻ ദേശത്തിലേക്ക് മടങ്ങിപ്പോയത്.
* യാക്കോബ് ലാബാനെ തോൽപ്പിച്ച പദ്ദൻ-അരാമിൽനിന്ന് ഓടിപ്പോയതുകൊണ്ട് അവിടെ നിന്ന് തന്റെ മക്കൾക്കുവേണ്ടി വിവാഹാലോചന നടത്തുക എന്നത് പിന്നീട് സാധ്യമായിരുന്നില്ല.

അതുപോലെ യിസ്രായേലിന്റെ പന്ത്രണ്ട് മക്കൾക്ക് യോഗ്യമായതും പ്രായത്തിനുതക്കതുമായ പെൺമക്കൾ അവിടെ അവന്റെ ബന്ധുക്കൾക്ക് ഉണ്ടായിരുന്നതുമില്ല.

* അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവർ വന്നുപാർത്ത കനാൻദേശത്തിൽ അതിന്റേതായ ചില നല്ല മാറ്റങ്ങൾ പിന്നീട് സംഭവിച്ചിരുന്നു. അതിന്റെ തെളിവാണ് യെഹൂദാ ആദ്യവിവാഹം ചെയ്തിരുന്ന ഭാര്യയുടെ ദേശത്തോട് ചേർന്നു കിടന്നിരുന്ന എനയീം പട്ടണം. താമാർ എന്ന അവന്റെ മരുമകളുടെ ദേശമായ എനയീമിൽ ഒരു വേശ്യാസ്ത്രീ പോലും ഇല്ലായെന്ന് അവിടുത്തെ ദേശനിവാസികൾ സാക്ഷ്യം പറഞ്ഞത് ആ ദേശത്തിന്റെ നല്ല സാക്ഷ്യത്തിന്റെ തെളിവാകുന്നു.
* ഇതിൽനിന്നും യെഹൂദായുടെ തലമുറ ഉടലെടുത്തത് ഉത്തമ സ്ത്രീയായ താമാറിൽ നിന്നുമാകുന്നു എന്നാണ് വ്യക്തമാക്കപ്പെടുന്നത്.

മേൽ പ്രസ്താവിച്ചിരിക്കുന്ന കാരണങ്ങളാലാണ് പ്രാധാനമായും യാക്കോബിന്റെ മകനായ യെഹൂദാ കനാന്യസ്ത്രീകളിൽനിന്ന് ഒരുവളെ ഭാര്യയായി എടുത്തത്. അവൻ അപ്പന്റെ അനുവാദം കൂടാതെ വിവാഹം കഴിച്ചതിന്റെ കാരണത്തെക്കുറിച്ച് നാം ചിന്തിച്ചിരുന്നുവല്ലോ. യാക്കോബിന് അവന്റെ ഇഷ്ടപുത്രൻ യോസേഫ് നഷ്ടപ്പെട്ടുപോയി എന്ന ചിന്ത മാനസികമായി അവനെ ആകെ തകർത്തുകളഞ്ഞിരുന്നു. അതുകൊണ്ട് അവന്റെ മറ്റു മക്കളുടെ ഭാവികാര്യങ്ങളിൽ അവൻ വേണ്ടത്ര ശ്രദ്ധിച്ചിരുന്നില്ല. എന്നാൽ യെഹൂദായുടെ വിവാഹത്തെയും കുടുംബജീവിതത്തെയും നാം വിശകലനം ചെയ്തതിൽനിന്ന് അതെല്ലാം ദൈവഹിതപ്രകാരമാണ് നിറവേറപ്പെട്ടത് എന്നതിനാണ് തിരുവചനം വ്യക്തത നല്കുന്നത്. സഹോദരന്മാരിൽ പ്രഭുവായ യെഹൂദായും അവന് മക്കളെ പ്രസവിച്ച് നീതിമാന്മാരുടെ തലമുറ നിലനിർത്തിയ താമാറും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്ഥമായ സ്വഭാവസവിശേഷതകൾ ഉള്ളവരായിരുന്നു.

**യെഹൂദായുടെ സ്വഭാവവിശേഷതകൾ**

* സഹോദരന്മാരിൽ പ്രഭുവായ യെഹൂദാ കീർത്തിയുള്ളവനും നീതിമാനുമായിരുന്നു (ഉല്പ. 38:23,26)
* ഉത്തരവാദിത്വബോധമുള്ളവനും കാര്യങ്ങളെ പരിഹരിക്കുവാൻ സമർത്ഥനുമായിരുന്നു (ഉല്പ. 43:8-10, 44:18-34)

* ഭാര്യയെ സ്നേഹിക്കുന്നവനും മക്കൾക്ക് വേണ്ടി കരുതലുള്ളവനുമായിരുന്നു (ഉല്പ. 38: 12, 6-11)
* ജീവിതവിശുദ്ധിയുള്ളവനായിരുന്നു (ഉല്പ. 38:24,26)
* നേതൃത്വസ്ഥാനം ഏറ്റെടുത്ത് മുമ്പിൽ പുറപ്പെടുന്നവനായിരുന്നു (ഉല്പ. 46:28)
* യാക്കോബിന്റെ പ്രത്യേക അനുഗ്രഹം പ്രാപിച്ചവനായിരുന്നു (ഉല്പ. 49:8-12,26)
* രാജകീയ സ്വഭാവമുള്ളവനായിരുന്നു; അതുകൊണ്ടാണ് അവന്റെ ഗോത്രത്തിൽനിന്ന് യെഹൂദായുടെ സിംഹമായ യേശു ജനിച്ചത് (മത്താ. 1:3-16)

സഹോദരന്മാരിൽ പ്രഭുവായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട യെഹൂദാ സൽസ്വഭാവിയും കീർത്തിയുള്ളവനും രാജകീയനേതൃത്വപാടവവും ഒക്കെ ഉള്ള ഉത്തമപുരുഷനായിരുന്നു. യെഹൂദാ അപഥസഞ്ചാരിയായിരുന്നില്ല; അവന് താമാറിൽ സന്തതികൾ ജനിക്കണമെന്നത് ദൈവഹിതമായിരുന്നു. അതുകൊണ്ടാണ് യെഹൂദാ ആദ്യം വിവാഹം ചെയ്തിരുന്ന ഭാര്യയുടെ പേരുവിവരം തിരുവചനത്തിൽ രേഖപ്പെടുത്താതിരിക്കുന്നത്. അവളുടെ പിതാവായ ശൂവയുടെ പേരിലാണ് അവൾ അറിയപ്പെട്ടിരുന്നത്. കുടുംബത്തെ സ്നേഹിച്ചിരുന്ന യെഹൂദാ അവന്റെ ആദ്യഭാര്യയെയും മക്കളെയും നന്നായി സ്നേഹിച്ചിരുന്നു. അവന്റെ ഭാര്യയുടെ മരണത്തിൽ അവൻ ദുഃഖിതനായിരുന്നു. അതുകൊണ്ടാണ് അവളെക്കുറിച്ചുള്ള അവന്റെ ദുഃഖകാലം തീരുന്നതുവരെ അവൻ ഭവനത്തിലിരുന്നത്. അതുപോലെ അവന്റെ ആൺമക്കൾക്ക് വിവാഹപ്രായമായപ്പോൾ അവൻ അവരുടെ ഭാവിയോടുള്ള ബന്ധത്തിൽ കരുതലുള്ളവനായിരുന്നു.

അവന്റെ ആദ്യഭാര്യ മരിച്ചതിനു ശേഷമാണ് അവൻ മറ്റൊരു സ്ത്രീയെ അന്വേഷിച്ചത്. അങ്ങിനെ ഒരു സാഹചര്യം ദൈവത്താലാണ് ഒരുക്കപ്പെട്ടത്. നീതിമാനായ യെഹൂദായ്ക്ക് നീതിയുള്ളവളായ താമാറിൽ സന്തതികൾ ജനിക്കണമെന്നുള്ളത് ദൈവഹിതമായിരുന്നു. താമാർ മരുമകൾ എന്ന് അറിഞ്ഞതിനു ശേഷം അവൻ അവളെ പരിഗ്രഹിച്ചില്ല എന്നത് അവന്റെ ജീവിതവിശുദ്ധിയുടെ തെളിവാകുന്നു.

**താമാറിന്റെ സ്വഭാവസവിശേഷതകൾ**

* അവൾ അനുസരണമുള്ളവളായിരുന്നു (ഉല്പ. 38:11)

* യെഹൂദായുടെ കുടുംബത്തിൽ പ്രതിസന്ധികൾ വന്നിട്ടും രൂത്തിനെപ്പോലെ അവളും ദൈവജനത്തെ സ്നേഹിച്ചവളായിരുന്നു (ഉല്പ. 38:7-10).
* അപഥസഞ്ചാരിണി ആയിരുന്നില്ല; വീട്ടിൽ അടങ്ങിപ്പാർക്കുന്നവളായിരുന്നു (ഉല്പ. 38:14)
* ബുദ്ധിമതിയും സാമർത്ഥ്യമുള്ളവളുമായിരുന്നു (ഉല്പ. 38:15-19)
* സത്യമുള്ളവളായിരുന്നു (ഉല്പ. 38:25)
* നീതിയുള്ളവളെന്ന് നല്ല സാക്ഷ്യം പ്രാപിച്ചവളായിരുന്നു (ഉല്പ. 38:26)
* കുലീനകുടുംബത്തിൽപ്പെട്ടവളായിരുന്നു (38:22)

യെഹൂദാഗൃഹം പണിയപ്പെടുന്നതിൽ താമാർ യോഗ്യയായിരുന്നു എന്നതാണ് അവളുടെ സ്വഭാവസവിശേഷതകളിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്. അതുകൊണ്ടാണ് പുതിയനിയമത്തിന്റെ ആരംഭത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുക്രിസ്തുവിന്റെ വംശാവലിയിലെ സ്ത്രീകളിൽ അവളുടെ പേർ പ്രഥമമായി എഴുതപ്പെട്ടിരിക്കുന്നത്. യേശുക്രിസ്തുവിന്റെ വംശാവലിയിൽ ഭാര്യാഭർത്താക്കന്മാരായ അഞ്ച് കുടുംബങ്ങളക്കുറിച്ചുള്ള പരാമർശങ്ങളാണുള്ളത്. അതിൽ ഒന്നാമത്തെതാണ് യെഹൂദാ-താമാർ കുടുംബത്തെക്കുറിച്ചുള്ളത്. സാധാരണമായ വിവാഹബന്ധത്തിനപ്പുറമായി അപൂർവ്വവും അത്യപൂർവ്വവുമായ പ്രത്യേകതകൾ ഉള്ളതുകൊണ്ടാണ് അഞ്ച് കുടുംബങ്ങളെക്കുറിച്ചുള്ള പ്രത്യേക പരാമർശങ്ങൾ പുതിയനിയമത്തിന്റെ പ്രാരംഭത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അപ്രകാരം യേശുക്രിസ്തുവിന്റെ വംശാവലിയോടുള്ള ബന്ധത്തിൽ പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അഞ്ച് കുടുംബങ്ങൾ താഴെപ്പറയുന്നവയാണ്.

* യെഹൂദാ-താമാർ (മത്താ. 1:3)
* ശല്മോൻ-രാഹാബ് (മത്താ. 1:5)
* ബോവസ്-രൂത്ത് (മത്താ. 1:5)
* ദാവീദ്-ഊരിയാവിന്റെ ഭാര്യ (മത്താ. 1:6)
* യോസേഫ്-മറിയ (മത്താ. 1:16)

ഇവിടെ പ്രസ്താവിച്ചിരിക്കുന്ന അഞ്ച് കുടുംബങ്ങളിൽ അപൂർവ്വമായ നാലു കുടുംബങ്ങളും അത്യപൂർവ്വമായ ഒരു കുടും

ബവുമാണുള്ളത്. അതിൽ ആദ്യകുടുംബത്തെക്കുറിച്ചുള്ള പഠനമാണ് യെഹൂദാ-താമാർ കുടുംബത്തോടുള്ള ബന്ധത്തിൽ നാം പൂർത്തീകരിച്ചത്. ശല്മോൻ-രാഹാബ്, ബോവസ്-രൂത്ത്, ദാവീദ്-ഊരിയാവിന്റെ ഭാര്യ എന്നിവരുടെ കുടുംബചരിത്രങ്ങളും തിരുവചനത്തിൽ സാക്ഷീകരിച്ചിട്ടുണ്ട്. എന്നാൽ ദാവീദിന്റെ ഭാര്യ ബത്ത്ശേബയുടെ പേർ യേശുക്രിസ്തുവിന്റെ വംശാവലിയിൽ ഉൾപ്പെടുത്താതെ ഊരിയാവിന്റെ ഭാര്യ എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതിന്റെ കാരണം ദാവീദ് ആളയച്ച് അവളെ കൊട്ടാരത്തിലേക്ക് വിളിപ്പിച്ചപ്പോൾ അവൻ രാജാവ് ആയിരുന്നുവെങ്കിലും ബത്ത്ശേബ സ്വന്തഭർത്താവിനോട് വിശ്വസ്തത പുലർത്തിയിരുന്നുവെങ്കിൽ അവൾക്ക് രാജാവിന്റെ ഇഷ്ടത്തിന് എതിർ പറയാമായിരുന്നു. അവൾ അത് ചെയ്യാതിരുന്നതുകൊണ്ടാണ് നീതിമാനായ ദൈവം യേശുവിന്റെ വംശാവലിയിൽ ബത്ത്ശേബയുടെ പേരിനുപകരം ഹിത്യനായ ഊരിയാവിന്റെ ഭാര്യ എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്.

യോസേഫിന്റെയും മറിയയുടെയും കുടുംബം ഭൂമിയിലെ അത്യപൂർവ്വമായ കുടുംബമായിരുന്നു. സർവ്വശക്തനായ ദൈവം ജഡത്തിൽ ജനിപ്പാൻ തിരഞ്ഞെടുത്ത കുടുംബമായിരുന്നു യോസേഫിന്റെയും മറിയയുയെടും കുടുംബം. സഭായുഗത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള ഉദ്ദേശം എന്ന ഭാഗത്ത് നാം ചിന്തിച്ചിരുന്നതുകൊണ്ട് ആവർത്തിക്കുന്നില്ല.

ഗോത്രപിതാവായ യാക്കോബിന്റെ കുടുംബം അനുഗ്രഹിക്കപ്പെട്ടതായിരുന്നു. അവന്റെ പന്ത്രണ്ട് മക്കളാണ് യിസ്രായേൽ ഗോത്രപിതാക്കന്മാർ. അവർ അനുഗ്രഹിക്കപ്പെട്ടവരും അവരുടെ കുടുംബജീവിതം ധന്യവുമായിരുന്നു. പുതിയനിയമ വംശാവലിയിൽ അവരുടെ പേരുകൾ പ്രത്യക്ഷമായി പരാമർശിച്ചിട്ടില്ലെങ്കിലും യാക്കോബ് യെഹൂദായേയും അവന്റെ സഹോദരന്മാരെയും ജനിപ്പിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിൽ പരോക്ഷമായി അവന്റെ മറ്റു മക്കളും ഉൾപ്പെടുന്നു.

> അബ്രാഹാം യിസ്ഹാക്കിനെ ജനിപ്പിച്ചു; യാക്കോബ് യെഹൂദായെയും അവന്റെ സഹോദരന്മാരെയും ജനിപ്പിച്ചു (മത്താ. (1:2)

യാക്കോബിന്റെ പുത്രന്മാരിൽ യെഹൂദായെയും അവനോടുള്ള ബന്ധത്തിൽ പതിനൊന്നു സഹേദരന്മാരെയും കുറിച്ച് പരാമർ

ശിച്ചിരിക്കുന്ന തിരുവചനവാക്യമാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. അതിൽ യെഹൂദായുടെ കുടുംബപശ്ചാത്തലത്തെക്കുറിച്ച് നാം ചിന്തിച്ചതുകൊണ്ട് തുടർന്ന് ചിന്തിക്കുന്നത് യാക്കോബിന്റെ ഇഷ്ട പുത്രനും യെഹൂദായുടെ സഹോദരനുമായ യോസേഫിന്റെ വിവാഹം, കുടുംബം എന്നിവയെക്കുറിച്ചാകുന്നു.

### 2. യാക്കോബിന്റെ മകനായ യോസേഫിന്റെ കുടുംബം

> ഫറവോൻ യോസേഫിനു സാപ്നത്ത പനേഹ് എന്നു പേരിട്ടു; ഓനിലെ പുരോഹിതനായ പോത്തിഫേറയുടെ മകൾ ആസ്നത്തിനെ അവനു ഭാര്യയായി കൊടുത്തു; പിന്നെ .യോസേഫ് മിസ്രയീം ദേശത്തു സഞ്ചരിച്ചു (ഉല്പ. 41:45)

യാക്കോബിനു പ്രിയയായിരുന്ന റാഹേൽ അവന് പ്രസവിച്ച ആദ്യജാതനാണ് യോസേഫ്. അവന്റെ അമ്മ റാഹേൽ കനാൻ പ്രയാണത്തിൽ എഫ്രാത്തയിൽവച്ച് രണ്ടാമത്തെ മകനായ ബെന്യാമിന്റെ ജനനത്തോടെ ഇഹലോകവാസം വെടിഞ്ഞ് വിശുദ്ധന്മാരായ പൂർവ്വ പിതാക്കന്മാരോടു ചേർന്നു. അവളുടെ നിര്യാണശേഷവും യാക്കോബ് യോസേഫിനെയും മറ്റു മക്കളെയും വളരെ കരുതലോടെയാണ് വളർത്തിയത്. പദ്ദൻ-അരാമിലെ ഇരുപതു വർഷത്തെ താമസത്തിനു ശേഷം യാക്കോബ് മടങ്ങി വന്ന് പിതാവായ യിസ്ഹാക്കിന്റെ അടുത്താണ് താമസിച്ചിരുന്നത്. കനാൻ എന്ന വാഗ്ദത്തദേശത്ത് പിതാവിനോടൊപ്പം സന്തോഷത്തോടെ ജീവിച്ചിരുന്ന യാക്കോബിന്റെ ജീവിതത്തിലെ ചൈതന്യം നഷ്ടപ്പെട്ടുപോയത്; പതിനേഴാമത്തെ വയസ്സിൽ യോസേഫ് തനിക്ക് നഷ്ടപ്പെട്ടുപോയി എന്ന ദുഃഖചിന്ത അവന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞതു നിമിത്തമായിരുന്നു.

അന്ന് യാക്കോബ് യോസേഫിനെ കനാൻ ദേശത്തെ ഹെബ്രോൻ താഴ്വരയിൽ നിന്ന് പറഞ്ഞയച്ചത് സഹോദരന്മാരുടെ ക്ഷേമം അന്വേഷിക്കുന്നതിനുവേണ്ടിയായിരുന്നു. എന്നാൽ അവന്റെ സഹോദരന്മാർ അവനെ ഉള്ളുകൊണ്ട് പകെച്ചിരുന്നു, അത് പ്രധാനമായും രണ്ട് കാരണങ്ങളാലായിരുന്നു. അതിൽ ഒന്നാമത്തേത് യാക്കോബ് മറ്റു മക്കളെക്കാൾ യോസേഫിനെ അധികം സ്നേഹിച്ചിരുന്നതായിരുന്നുവെങ്കിൽ രണ്ടാമത്തേത് യോസേഫ് കണ്ട സ്വപ്നമായിരുന്നു. യോസേഫ് കണ്ട സ്വപ്നത്തിന്റെ ഉള്ളടക്കം അവനെ അവന്റെ പിതൃകുടുംബത്തിലുള്ളവരെല്ലാം കുമ്പിട്ടു നമസ്കരിക്കുന്നു എന്നതായിരുന്നു. അതു നിമിത്തമാണ് അവർ തരം കിട്ടിയപ്പോൾ അവനെ

കൊന്നുകളയുവാൻ ശ്രമിച്ചത്. മൂത്ത സഹോദരൻ രൂബേൻ അവനെ മറ്റുള്ളവരുടെ കയ്യിൽ നിന്ന് രക്ഷിക്കുന്നതിനാണ് അവനെ പൊട്ട ക്കിണറ്റിൽ ഇട്ടുകളയുവാനുള്ള ആലോചന പറഞ്ഞുകൊടുത്തത്. എന്നാൽ ദൈവഹിതം അവൻ മിസ്രയീമിൽ എത്തിച്ചേരണമെന്നാ യിരുന്നു. അതിനാൽ രൂബേന്റെ അഭാവത്തിൽ യെഹൂദായുടെ നിർ ദ്ദേശപ്രകാരമാണ് അവർ യോസേഫിനെ മിദ്യാന്യ കച്ചവടക്കാർക്ക് ഇരുപത് വെള്ളിക്കാശിന് വിറ്റത്. അന്ന് അവർക്ക് ലഭിച്ച ഇരുപത് വെള്ളിക്കാശ് ആളോഹരി വീതിച്ചാൽ അവർക്ക് കിട്ടുമായിരുന്നത് കേവലം രണ്ട് വെള്ളിക്കാശുമാത്രമായിരുന്നു. ഇതിൽനിന്നും പണ ത്തിനുവേണ്ടിയായിരുന്നില്ല പക നിമിത്തമാണ് അവർ അവനെ വിറ്റത് എന്ന് സുവ്യക്തം

മിദ്യാന്യ കച്ചവടക്കാർ സാധാരണ കച്ചവടക്കാരായിരുന്നില്ല; അവർ യോസേഫ് ഗൃഹത്തിന് ഭാവികാലത്ത് അവകാശമായി ലഭി ക്കേണ്ടിയിരുന്ന ഗിലെയാദിൽ നിന്ന് സാമ്പ്രാണിയും സുഗന്ധപ്പ ശയും സന്നിനായകവും ഒട്ടകപ്പുറത്തുകയറ്റി മിസ്രയീമിൽ കൊണ്ടു പോയി കച്ചവടം നടത്തുന്നവരായിരുന്നു. സ്വഭാവവൈശിഷ്ട തയുള്ള യോസേഫിനെ അടിമയായി കൊണ്ടുപോയത് സുഗ ന്ധവർഗ്ഗം വിൽക്കുന്നവരായിരുന്നു. അവർ അവനെ ഫറവോന്റെ അകമ്പടി നായകനായ പോത്തീഫറിനു വിറ്റു. യഹോവ യോസേഫി നോട് കൂടെ ഉണ്ടായിരുന്നതുകൊണ്ട് അവൻ കൃതാർത്ഥനാവുകയും പോത്തീഫറിന്റെ ഭവനം അവനാൽ അനുഗ്രഹിക്കപ്പെടുകയും ചെയ്തു. അതുകൊണ്ടാണ് പോത്തീഫർ യോസേഫിനെ അവന്റെ ഗൃഹവിചാരനാക്കിയത്. ദൈവം യോസേഫിന് ചെറു പ്രായത്തിൽ കൊടുത്ത സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ടിയാണ് അവനോടുകൂടെ ഇരുന്നത്.

യോസേഫ് കോമളനും മനോഹര രൂപിയുമായിരുന്നു. അതു കൊണ്ട് അവന്റെ യജമാനനായ പോത്തീഫറയുടെ ഭാര്യയുടെ കണ്ണ് യോസേഫിന്റെ മേൽ പതിഞ്ഞു. എന്നാൽ യോസേഫ് ദൈവത്തോട് പാപം ചെയ്യുകയില്ല എന്ന് അവളോട് കർക്കശമായി പറഞ്ഞതു നിമിത്തം അവൾ അവന്റെ ശത്രുവായിത്തീർന്നു. ഒരു ദിവസം വീട്ടിൽ ആരും ഇല്ലാത്ത സമയത്ത് പാപം ചെയ്യുവാൻ അവൾ അവനെ നിർബന്ധിച്ചുവെങ്കിലും അവൻ സമ്മതിക്കാതെ അവളുടെ മുമ്പിൽ നിന്ന് ഓടി മാറിയപ്പോൾ അവൾ യോസേഫിന്റെ വസ്ത്രം പിടിച്ചെ ടുത്തു. ദൈവത്തിനു പ്രസാദമുണ്ടായിരുന്ന യോസേഫ് വസ്ത്രം

ഉപേക്ഷിച്ച് അവളുടെ കയ്യിൽനിന്ന് രക്ഷപ്പെട്ടു. സഭാപ്രസംഗിയുടെ പുസ്തകത്തിൽ ഇത്തരത്തിലുള്ള സ്ത്രീകളെക്കുറിച്ചും അവളിൽ നിന്ന് രക്ഷപ്പെടുന്നവരെക്കുറിച്ചും അവളാൽ പിടിപ്പെടുന്നവരെക്കുറിച്ചും പ്രസ്താവിച്ചിരിക്കുന്നത് ഇപ്രകാരമാകുന്നു.

> മരണത്തേക്കാൾ കയ്പായിരിക്കുന്ന ഒരുകാര്യം ഞാൻ കണ്ടു; ഹൃദയത്തിൽ കെണികളും വലകളും കയ്യിൽ പാശങ്ങളും ഉള്ള സ്ത്രീയെ തന്നെ; ദൈവത്തിനു പ്രസാദമുള്ളവൻ അവളെ ഒഴിഞ്ഞു രക്ഷപെടും; പാപിയോ അവളാൽ പിടിപ്പെടും... (സഭാ. 7:26)

അവളുടെ കെണിയിൽ കുടുങ്ങാതെ യാതൊരു തെറ്റും ചെയ്യാത്തവനായ യോസേഫിനെ അവൾ മറ്റുള്ളവരുടെ മുമ്പിൽ അവന്റെ വസ്ത്രം കാണിച്ച് തെറ്റുകാരനായി ചിത്രീകരിച്ചു. പോത്തീഫർ വീട്ടിൽ വരുവോളം അവൾ യോസേഫിന്റെ വസ്ത്രം വച്ചുകൊണ്ടിരുന്നു. അവൻ വന്നപ്പോൾ അവൾ അവനോടു പറഞ്ഞത് അവൻ നല്ലവനെന്നുകണ്ട് ഗൃഹവിചാരകനാക്കിയ എബ്രായദാസൻ അവളെ ഹാസ്യമാക്കുവാൻ അവളുടെ അടുക്കൽ ചെന്നു എന്നായിരുന്നു. അതുകേട്ട പോത്തീഫറിന്റെ കോപം ജ്വലിച്ചു അവനെ പിടിച്ച് രാജാവിന്റെ ബദ്ധന്മാർ കിടക്കുന്ന കാരാഗൃഹത്തിൽ ആക്കി; അങ്ങനെ യോസേഫ് കാരാഗൃഹത്തിൽ കിടന്നു. എന്നാൽ യഹോവ യോസേഫിനോടുകൂടെ ഇരുന്നു.

ദൈവം യോസേഫിനോടുകൂടെ ഇരുന്നതുകൊണ്ട് കാരാഗൃഹപ്രമാണിക്ക് യോസേഫിനോട് ദയ തോന്നി കാരാഗൃഹത്തിലെ സകല ബദ്ധന്മാരെയും കാരാഗൃഹപ്രമാണി യോസേഫിന്റെ കയ്യിൽ ഏല്പിച്ചു. ദൈവം അവനോടു കൂടെ ഇരുന്നതുകൊണ്ട് അവൻ ചെയ്തതൊക്കെയും സഫലമായി. അനന്തരം മിസ്രയീം രാജാവിന്റെ പാനപാത്രവാഹകനും അപ്പക്കാരനും ഫറവോനോട് കുറ്റം ചെയ്തു. ഫറവോൻ കോപിച്ച് അവരെ അകമ്പടി നായകന്റെ വീട്ടിൽ യോസേഫ് ബദ്ധനായിക്കിടന്ന രാജാവിന്റെ ബദ്ധന്മാരുടെ കാരാഗൃഹത്തിലാണ് ആക്കിയത്. അവർ രണ്ടുപേരും ഒരു രാത്രിയിൽ വെവ്വേറെ അർത്ഥമുള്ള ഓരോ സ്വപ്നം കണ്ടു. അവർ കണ്ട സ്വപ്നം വ്യാഖ്യാനിച്ചു കൊടുക്കുവാൻ ആരും ഇല്ലാത്തതിൽ അവർ വിഷാദിച്ചിരിക്കുന്നതു കണ്ട് യോസേഫ് അവർ കണ്ട സ്വപ്നങ്ങളെ അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു. യോസേഫ് പൊരുൾ അറിയിച്ചതുപോലെ മൂന്നു ദിവസത്തിനുള്ളിൽ സംഭവിക്കുകയും

ചെയ്തു. ഫറവോന് ഇഷ്ടപ്പെട്ട പാനപാത്രവാഹകനെ അവൻ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചപ്പോൾ അവൻ ദ്വേഷിച്ച അപ്പക്കാരന്റെ തല വെട്ടി ഒരു മരത്തിൽ തൂക്കുവാനാണ് കല്പിച്ചത്.

അവരിൽ ആദ്യം സ്വപ്നം യോസേഫിനോട് പറഞ്ഞത് പാനപാത്രവാഹകനായിരുന്നു. അതിന്റെ വ്യഖ്യാനം നല്ലതെന്നു കണ്ടതുകൊണ്ടാണ് അപ്പക്കാരനും അവന്റെ സ്വപ്നം വ്യാഖ്യാനിക്കുവാൻ യോസേഫിനോട് ആവശ്യപ്പെട്ടത്. യോസേഫ് തന്നെക്കുറിച്ച് ഫറവോനോട് പറയണമെന്ന് ആവശ്യപ്പെട്ടത് പാനപാത്രവാഹകനോട് ആയിരുന്നു; എന്നാൽ അവന്റെ ശുഭകാലത്തിൽ യോസേഫിനെ അവൻ ഓർത്തില്ല. യോസേഫിന്റെ ജീവിതത്തിൽ നേരിട്ട സകല കഷ്ടതകളും ദൈവഹിതപ്രകാരം ആയിരുന്നു സംഭവിച്ചത്. അവയിൽ സുപ്രധാനമായ മൂന്ന് കഷ്ടതകൾ പൊട്ടക്കിണറ്റിൽ തള്ളപ്പെട്ടത്, അടിമയായി വില്ക്കപ്പെട്ടത്, കാരാഗൃഹവാസം എന്നിവയായിരുന്നു. ദൈവഹിതത്താൽ സംഭവിച്ച ഈ മൂന്ന് കഷ്ടതകളും അവന്റെ ഉന്നതജീവിതത്തിലേക്കുള്ള മൂന്ന് ചവിട്ടുപടികളായിരുന്നു എന്നതിനാണ് ചരിത്രം സാക്ഷ്യം പറയുന്നത്.

### യോസേഫ് ദോഥാനിലെ പൊട്ടക്കിണറ്റിൽ തള്ളപ്പെട്ടത്

യോസേഫ് ദോഥാനിലെ പൊട്ടക്കിണറ്റിൽ തള്ളപ്പെടണം എന്നത് ദൈവഹിതമായിരുന്നു. അതുകൊണ്ടാണ് യോസേഫ് സഹോദരന്മാരുടെ അടുക്കൽ എത്തുന്നതിനു മമ്പേ ദൈവം അവരെ വെള്ളമുണ്ടായിരുന്ന ശെഖേമിൽനിന്ന് വെള്ളമില്ലാത്ത പൊട്ടക്കിണറുള്ള ദോഥാനിലേക്ക് പറഞ്ഞയച്ചത്. ദോഥാനിലെ മരുഭൂമിയിൽ പണ്ട് കിണർ കുത്തിയവർ വെള്ളം കാണാതെ ദുഃഖിതരായിട്ടായിരിക്കും മടങ്ങിയത്; അതല്ലായെങ്കിൽ കാലക്രമേണ അത് പൊട്ടക്കിണർ ആയതാകാം. ഏതായാലും പ്രയോജനശൂന്യമായിരുന്ന ദോഥാനിലെ ആ കിണറിനെക്കുറിച്ച് ദൈവത്തിന് ഒരു പ്രത്യേക ഉദ്ദേശ്യമുണ്ടായിരുന്നു. അത് ദൈവഭക്തനായ യോസേഫിന്റെ പ്രാണരക്ഷയ്ക്കും ഉയർച്ചയ്ക്കുമുള്ള ആദ്യപടിയായി ദൈവം അതിനെ മുന്നമേ കരുതിയിരുന്നു എന്നതാണ്.

#### യോസേഫ് അകമ്പടിനായകന്റെ ഗൃഹത്തിൽ

യെഹൂദായുടെ ആലോചന പ്രകാരം രൂബേൻ ഇല്ലാതിരുന്ന സമയത്താണ് അവർ അവനെ കരയ്ക്കു കയറ്റി മിദ്യാനിലെ കച്ചവടക്കാർക്ക് ഇരുപത് വെള്ളിക്കാശിന് വിറ്റത്. രൂബേൻ അപ്പോൾ അവിടെ

ഉണ്ടായിരുന്നുവെങ്കിൽ ഒരുപക്ഷേ അവനെ വിൽക്കാതെ യാക്കോബിന്റെ അടുക്കൽ മടക്കികൊണ്ടുപോകുമായിരുന്നു; എന്നാൽ അത് ദൈവഹിതമായിരുന്നില്ല. യോസേഫിന്റെ മിസ്രയീമിലേക്കുള്ള യാത്രയിൽ ദൈവം മുൻകരുതിയിരുന്നുത് മൂന്ന് കാര്യങ്ങളായിരുന്നു.

* ലോകത്തിൽ വരുവാൻ പോകുന്ന ക്ഷാമത്തിനുള്ള പരിഹാരം
* യോസേഫിന്റെ സ്വപ്നം സഫലീകരിച്ച് അവനെ ഉയർത്തിമാനിക്കുക
* അബ്രാഹാമിന്റെ തലമുറ നാനൂറ് സംവത്സരത്തെ അടിമത്തത്തിനായി മിസ്രയീമിലേക്ക് ഇറങ്ങിച്ചെല്ലുമെന്നുള്ള ദൈവീക പ്രവചന നിവൃത്തിയുടെ ആരംഭം

യോസേഫ് മിസ്രയീമിൽ എത്തിച്ചേരണമെന്നും അത് മിസ്രയീമിലെ ഉന്നതന്റെ വീട്ടിൽത്തന്നെ ആയിരിക്കണമെന്നും ദൈവത്തിന് ഉദ്ദേശമുള്ളതുകൊണ്ടായിരുന്നു വിലപിടിപ്പുള്ള സുഗന്ധവ്യഞ്ജനങ്ങൾ വ്യാപാരം ചെയ്യുന്നവരുടെ കയ്യിൽ അവനെ ഏല്പിച്ചത്. അവർ യോസേഫിനെ ഫറവോന്റെ അകമ്പടി നായകനായ പോത്തീഫറിനാണ് വിറ്റത്. അവൻ അവിടെ എത്തിയത് അടിമയായിട്ടായിരുന്നുവെങ്കിലും ദൈവം അവനോടു കൂടെയിരുന്നതുകൊണ്ട് അധികം താമസിയാതെ അവന്റെ ഗൃഹവിചാരകനായി മാറി. അതായിരുന്നു അവന്റെ ഉയർച്ചയുടെ രണ്ടമത്തെ ചവിട്ടുപടി.

**യോസേഫ് രാജാവിന്റെ ബദ്ധന്മാർ കിടക്കുന്ന കാരാഗൃഹത്തിൽ**

യാതൊരു തെറ്റും ചെയ്യാത്ത യോസേഫ് തടവുകാരനായി അടയ്ക്കപ്പെട്ടത് രാജാവിന്റെ ബദ്ധന്മാർ കിടക്കുന്ന അകമ്പടി നായകന്റെ വീട്ടിലെ കാരാഗൃഹത്തിലായിരുന്നു. ഫറവോന്റെ അകമ്പടി നായകനായ പോത്തീഫറിന്റെ ഭവനത്തിലെ ഗൃഹവിചാരകൻ എന്ന പദവിയിൽനിന്ന് അവന്റെ വീട്ടിലുള്ള കാരാഗൃഹത്തിലെ ഒരു തടവുകാരനായി യോസേഫ് മാറ്റപ്പെട്ടു. ലോകപ്രകാരം നോക്കിയാൽ അത് അവന്റെ താഴ്ചയായിരുന്നു. എന്നാൽ അത് ദൈവഹിതപ്രകാരം അവന്റെ ഉയർച്ചയുടെ മൂന്നാമത്തെ ചവിട്ടുപടിയായിരുന്നു.

യോസേഫിന്റെ മുപ്പതാമത്തെ വയസ്സിലാണ് ദൈവം അവന്റെ താഴ്ചയിൽനിന്ന് അവനെ ഉയർത്തിയത്. ഫറവോന്റെ സ്വപ്നം വ്യാഖ്യാനിച്ച് കൊടുക്കുവാൻ അവൻ ഫറവോന്റെ മുമ്പിൽ നിന്നത് അവന്റെ മുപ്പതാമത്തെ വയസ്സിലായിരുന്നു. ദൈവം ഫറവോന്റെ കൊട്ടാരത്തിലേക്ക് യോസേഫിന് വഴിയൊരുക്കിയത് യോസേഫ്

സ്വപ്നം വ്യാഖ്യാനിച്ചു കൊടുത്ത പാനപാത്രവാഹകനിലൂടെയായിരുന്നു. ഒരിക്കലും യോസേഫിന് കാരാഗൃഹത്തിൽനിന്നും മോചനമില്ല എന്നു കരുതിയ പോത്തീഫറിന്റെ ഭാര്യയുടെ മുമ്പിൽ ദൈവം അവനെ വിജയശ്രീലാളിതനാക്കി. ഫറവോന്റെ സ്വപ്നം വ്യഖ്യാനിച്ച യോസേഫ് മിസ്രയീം ദേശത്തിന്റെ മേലധികാരിയായി. ഫറവോന്റെ കയ്യിൽ കിടന്നിരുന്ന മുദ്രമോതിരത്തിന്റെ അവകാശി അതുവരെ ഫറവോൻ ആയിരുന്നുവെങ്കിൽ അതിന്റെ അവകാശിയായി യാക്കോബിന്റെ മകനെ ദൈവം ഉയർത്തി. യോസേഫിന്റെ സ്വന്തവസ്ത്രം അവനു നഷ്ടപ്പെട്ടത് രണ്ട് സന്ദർഭങ്ങളിലായിരുന്നു. അതിൽ ഒന്നാമത്തേത് അവനെ പൊട്ടക്കിണറ്റിൽ ഇടുന്നതിനു മുമ്പ് അവന്റെ നിലയങ്കി സഹോദരന്മാർ ഊരിയെടുത്തതായിരുന്നു. അത് അവനെ ദുഷ്ടമൃഗം കൊന്നുകളഞ്ഞു എന്ന വ്യാജതെളിവിനായി പിതാവിന്റെ മുമ്പിൽ കാണിക്കുന്നതിനുവേണ്ടി ആയിരുന്നു. രണ്ടാമത്തേത് പോത്തീഫറയുടെ ഭാര്യ അവനെ ദുർന്നടപ്പുകാരനായി ചിത്രീകരിക്കുന്നതിനു വേണ്ടി അവന്റെ വസ്ത്രം ഉരിഞ്ഞെടുത്താതായിരുന്നു.

അടിമവസ്ത്രം ധരിച്ച് മിസ്രയീമിൽ എത്തിയ യോസേഫിന് കാരാഗൃഹത്തിൽ ആയപ്പോൾ കാരാഗൃഹ വസ്ത്രം ധരിക്കേണ്ടിവന്നു. എന്നാൽ ദൈവം അവന്റെ സ്ഥിതി മാറ്റിയപ്പോൾ അവന് രാജാവിന്റെ സന്നിധിയിൽ നില്ക്കുവാൻ തക്ക യോഗ്യമായ വസ്ത്രമാണ് ആദ്യം ലഭിച്ചതെങ്കിൽ ഫറവോന്റെ സ്വപ്നം വ്യാഖ്യാനിച്ചു കഴിഞ്ഞപ്പോൾ അവൻ ധരിച്ചത് രാജകീയ വസ്ത്രമായ നേർമ്മയുള്ള വസ്ത്രമായിരുന്നു. മുദ്രമോതിരവും സ്വർണ്ണ സരപ്പളിയും ധരിച്ച് യോസേഫ് മിസ്രയീമിലെ മേലധികാരിയായി അവരോധിക്കപ്പെട്ടു. ദോഥാനിൽ നിന്ന് അടിമയായി ഒട്ടകപ്പുറത്ത് സഞ്ചരിച്ച് മിസ്രയീമിൽ എത്തിച്ചേർന്ന യോസേഫിന്റെ യാത്രയ്ക്കുവേണ്ടി ദൈവം അവിടെ കരുതിവച്ചിരുന്നത് ഫറവോന്റെ രണ്ടാമത്തെ രഥമായിരുന്നു. അവനെ രഥത്തിൽ കയറ്റി അവന്റെ മുമ്പിൽ മുട്ടുകുത്തുവിൻ എന്ന് വിളിച്ചു പറഞ്ഞപ്പോൾ മുട്ടുകുത്തിയവരിൽ ലജ്ജിതയായിത്തീർന്ന പോത്തീഫറയുടെ ഭാര്യയും ഉണ്ടായിരുന്നു. ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് ദൈവീകപ്രമാണങ്ങളെ അനുസരിച്ചു നടക്കുന്ന നീതിമാൻ ഒരുനാളും കുലുങ്ങിപ്പോകുവാൻ ദൈവം സമ്മതിക്കുകയില്ല; അവർക്ക് സകലവും നന്മയ്ക്കായി കൂടിവ്യാപരിക്കുന്നു എന്നതാണ്.

യാക്കോബ് എന്ന യിസ്രായേലിന്റെ ഇഷ്ടപുത്രനായ യോസേഫിന്റെ വിവാഹം ദൈവഹിതത്താൽ ആലോചിച്ച് ഉറപ്പിച്ച് നടത്തിക്കൊടുത്തത് മിസ്രയീം രാജാവായ ഫറവോനായിരുന്നു. അത് പ്രൗഢഗംഭീരമായ രാജകീയവിവാഹമായിരുന്നു. വിശുദ്ധിക്കുവേണ്ടി നിലനിന്ന യോസേഫിന്റെ വിവാഹവും കുടുംബജീവിതവും രാജകീയമായിരുന്നു. യോസേഫിന്റെ ദൈവീകമൂല്യങ്ങൾക്കുവേണ്ടിയുള്ള ജീവിതം ഏതു തലമുറയ്ക്കും അനുകരിക്കത്തക്ക മാതൃകയാണ്. യോസേഫിന്റെ ജീവിതാനുഭവങ്ങളെക്കുറിച്ച് ഫറവോൻ ഗ്രഹിച്ചതുകൊണ്ടാണ് യോസേഫിന് തക്ക യോഗ്യമായ വിവാഹം ആലോചിച്ചത്. അവൻ യോസേഫിന്റെ പേരുമാറ്റി അവന് സാപ്നത്ത് പനേഹ് എന്ന് പേരിട്ടു. ദൈവം യോസേഫിനായി കരുതിവച്ചിരുന്ന ഓനിലെ പുരോഹിതനായ പോത്തിഫേറയുടെ മകൾ ആസ്നത്തിനെയാണ് ഫറവോൻ യോസേഫിന് ഭാര്യയായികൊടുത്തത്. അവൾ അവന് തക്ക തുണയായിരുന്നു. അതുകൊണ്ടാണ് അവന്റെ പിതൃകുടുംബത്തെ പിന്നീട് മിസ്രയീമിലേക്ക് കൊണ്ടുവരുന്നതിലൊന്നും അവൾ യാതൊരു എതിർപ്പും പ്രകടിപ്പിക്കാതിരുന്നത്. യോസേഫിന് പൂർണ്ണമായി അനുസരിക്കുന്ന ഉത്തമയായ ഭാര്യയായിരുന്നു ആസ്നത്ത്. അവൾ അവന് രണ്ടു മക്കളെ പ്രസവിച്ചു. അവരാണ് മനശ്ശെയും എഫ്രയീമും.

ഏകാകികളെ കുടുംബത്തിൽ വസിക്കുമാറാക്കുന്ന യഹോവയാം ദൈവം യോസേഫിന്റെ പതിനേഴു വർഷത്തെ ഏകാന്തത മാറ്റി അവനെ കുടുംബത്തിൽ വസിക്കുമാറാക്കി. യോസേഫിന്റെ പ്രതീക്ഷകൾക്കപ്പുറമായിരുന്നു ദൈവം അവനെ ഉയർത്തിയത്. യോസേഫ് സകലമനുഷ്യർക്കും നല്ലവനായിരുന്നു. യിസ്രായേലിന്റെ മക്കൾ മിസ്രയീമിൽ ആഹാരം വാങ്ങുവാൻ ചെന്നതു നിമിത്തമാണ് യോസേഫും അവന്റെ സഹോദരന്മാരും തമ്മിൽ പിന്നെയും കാണുവാൻ ദൈവം അവസരം ഒരുക്കിയത്. സ്നേഹവാനായ യോസേഫ് ഒടുവിൽ തന്നെത്താൻ അവർക്ക് വെളിപ്പെടുത്തിക്കൊടുത്തു. യാക്കോബിന് യോസേഫ് ജീവിച്ചിരിക്കുന്നു എന്ന വർത്തമാനം ആദ്യം വിശ്വസനീയമായിരുന്നില്ല. എന്നാൽ അതിന്റെ നിജസ്ഥിതി ഗ്രഹിച്ച യാക്കോബിന് അതുനിമിത്തം അൻപത്തിയൊമ്പത് വർഷം മുമ്പ് നഷ്ടപ്പെട്ടുപോയ ചൈതന്യമാണ് തിരികെ ലഭിച്ചത്. യോസേഫ് മിസ്രയീമിൽ മേലധികാരിയായി ഉയർത്തപ്പെട്ടുവെന്നും ഉത്തമമായ കുടുംബജീവിതം നയിക്കുന്നു എന്നും കേട്ട യാക്കോബ്

അവനെ കാണുവാൻ തീരുമാനിക്കുകയും അതിനായി ദൈവീക ആലോചന തേടുകയും ചെയ്തു.

വിവാഹം എന്ന ഈ അദ്ധ്യായത്തിൽ യെഹൂദാ, യോസേഫ് എന്നിവരുടെ വിവാഹം കുടുംബം എന്നതിനെക്കുറിച്ചാണ് നാം ചിന്തിച്ചത്. യിസ്രയേലിന്റെ പന്ത്രണ്ട് മക്കളും വിവാഹിതരാകുകയും അവർക്ക് മക്കൾ ജനിക്കുകയും ചെയ്തിരുന്നു(ഉല്പ. 46:8-27). അവരിൽ രണ്ട് ഗോത്രപിതാക്കന്മാരുടെ കുടുംബചരിത്രമാണ് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അവരുടെ വിവാഹം, കുടുംബജീവിതം എന്നതിന്റെ പിമ്പിൽ ദൈവകരം പ്രവർത്തിച്ചതു പോലെ മറ്റു പത്ത് ഗോത്രപിതാക്കന്മാരുടെയും വിവാഹം കുടുംബ ജീവിതം എന്നിവ നിയന്ത്രിച്ചിരുന്നതും ദൈവമായിരുന്നു.

യോസേഫ് അയച്ച മിസ്രയീമ്യ രഥങ്ങളിലായിരുന്നു യിസ്രായേൽ മിസ്രയീമിലേക്ക് ഇറങ്ങിപ്പോയത്. യാക്കോബിന്റെ കുടുംബത്തിലെ എഴുപത് ദേഹികളായിരുന്നു അവിടെ എത്തിച്ചേർന്നത്. ദൈവം അബ്രാഹാമിനോട് അരുളിച്ചെയ്ത വാഗ്ദത്തകാലം അടുത്തപ്പോൾ ജനം മിസ്രയീമിൽ വർദ്ധിച്ചു പെരുകി. യോസേഫിനെ അറിയാത്ത ഫറവോൻ ഭരണം ആരംഭിച്ചതു മുതൽ നാനൂറ് സംവത്സരം യിസ്രാ യേൽ മിസ്രയീമിൽ പീഢിപ്പിക്കപ്പെട്ടു. ദൈവം അവരുടെ പ്രവാസ ത്തിന്റെ നാനൂറ്റിമുപ്പതാമാണ്ടിൽ മോശെയുടെ കൈക്കീഴിൽ അവരെ വിടുവിച്ചു. മരുഭൂമിയിൽ നാല്പത് സംവത്സരം അവരെ നടത്തി. ക നാൻ ദേശത്തിലെ ഏഴ് ജാതികളെ ഒടുക്കി അവരുടെ ദേശം യിസ്രാ യേൽ ജനത്തിന് അവകാശമായി വിഭാഗിച്ചുകൊടുത്തു. സീനായി മലയിൽവച്ച് യിസ്രായേൽ ജനത്തിന് ദൈവം ന്യായപ്രമാണം കൊടു ത്തു. മിസ്രയീമിലെ പ്രവാസകാലമായ നാനൂറ്റി മുപ്പത് സംവത്സരം കഴിഞ്ഞിട്ടാണ് അവർക്ക് ന്യായപ്രമാണം ലഭിച്ചത് (ഗലാ. 3:17). മോശെ യുടെ കാലശേഷം യോശുവയാണ് ജനത്തെ നയിച്ചത്. അങ്ങനെ ഏകദേശം നാനൂറ്റമ്പത് സംവത്സരം കഴിഞ്ഞു. അതിനുശേഷം ദൈ വം അവർക്ക് ശമൂവേൽ പ്രവാചകൻ വരെ ന്യായാ ധിപന്മാരെ കൊടുത്തു. അവർ ഒരു രാജാവിനെ ചോദിച്ചപ്പോൾ ബെന്യാമീൻ ഗോത്രക്കാരനായ കീശിന്റെ മകൻ ശൗലിനെ നാല്പത് വർഷത്തേ ക്ക് കൊടുത്തു, അവനെ നീക്കിയിട്ട് ദൈവത്തിന്റെ ഹൃദയപ്രകാര മുള്ള യിശ്ശായിയുടെ മകനായ ദാവീദിനെ അവർക്ക് രാജാവായി വാഴിച്ചു. അവന്റെ സന്തതിയിൽ നിന്ന് ദൈവം വാഗ്ദത്തം ചെയ്ത തുപോലെ യിസ്രായേലിന് യേശു എന്ന രക്ഷിതാവിനെ കൊടുത്തു.

അബ്രാഹാം മുതൽ യേശുക്രിസ്തു വരെയുള്ള സുദീർഘമായ വംശാവലിയും അതിലെ സുപ്രധാന കണ്ണികളായ പിതാക്കന്മാരുടെ വിവാഹം, കുടുംബജീവിതം എന്നിവയെക്കുറിച്ചുമുള്ള പഠനത്തിലായിരുന്നു നാം ഇതുവരെ ആയിരുന്നത്. പഴയനിയമത്തിലും പുതിയ നിയമത്തിലും വിവാഹത്തെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചും പ്രസ്താവിച്ചിട്ടുണ്ടെങ്കിലും വിവാഹ ശുശ്രൂഷ എങ്ങിനെ നടത്തപ്പെടുന്നു എന്നതിനെക്കുറിച്ചുള്ള വ്യക്തമായ ഒരു വിവരണവും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേലിന് വിവാഹം, ശവസംസ്കാരം എന്നിയ്ക്കെല്ലാം അവരുടെ ഇടയിൽ നിലനിന്നിരുന്ന അതിന്റേതായ ആചാരക്രമങ്ങൾ ഉണ്ടായിരുന്നു. യേശുവിന്റെ തിരുജനനത്തിൽ ഏഴാം നാളിൽ അവനെ പരിച്ഛേദനം ചെയ്തതു മുതൽ അവന്റെ തിരുശരീരം മരണാനന്തരം സംസ്കരിച്ചതുവരെയുള്ള എല്ലാകാര്യങ്ങളും യെഹൂദന്മാരുടെ മര്യാദപ്രകാരമായിരുന്നു നിർവ്വഹിക്കപ്പെട്ടത്. അതിൽ യേശുവിന്റെ ശരീരം കല്ലറയിൽ വച്ച യെഹൂദാ ആചാരത്തെക്കുറിച്ച് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

> ... പീലാത്തോസ് അനുവദിക്കയാൽ അവൻ വന്ന് അവന്റെ ശരീരം എടുത്തു. ആദ്യം രാത്രിയിൽ അവന്റെ അടുക്കൽ വന്ന നിക്കോദേമൊസും ഏകദേശം നൂറു റാത്തൽ മൂറും അകിലും കൊണ്ടുള്ള ഒരു കൂട്ടു കൊണ്ടുവന്നു. അവർ യേശുവിന്റെ ശരീരം എടുത്ത് യെഹൂദന്മാർ ശവം അടക്കുന്ന മര്യാദപ്രകാരം അതിനെ സുഗന്ധവർഗത്തോടുകൂടെ ശീല പൊതിഞ്ഞുകെട്ടി. അവനെ ക്രൂശിച്ച സ്ഥലത്തുതന്നെ ഒരു തോട്ടവും ആ തോട്ടത്തിൽ മുമ്പേ ആരെയും വച്ചിട്ടില്ലാത്ത പുതിയൊരു കല്ലറയും ഉണ്ടായിരുന്നു. ആ കല്ലറ സമീപം ആകകൊണ്ട് അവർ യെഹൂദന്മാരുടെ ഒരുക്കനാൾ നിമിത്തം യേശുവിനെ അവിടെ വച്ചു (യോഹ. 19:38 - 42)

യേശുവിന് പ്രിയനായ ലാസർ മരിച്ചപ്പോൾ അവനെ അടക്കം ചെയ്തതും യേശുവിനെ അടക്കം ചെയ്തതുപോലെ ശീലകൾ പൊതിഞ്ഞുകെട്ടിയായിരുന്നു. യെഹൂദാജനം ശവസംസ്കാരം നടത്തുന്നതിന്റെ രീതിയാണ് ഇതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്. എന്നാൽ യിസ്രായേൽ ഗോത്രപിതാവായ യാക്കോബിന്റെ ശവസംസ്കാരം യോസേഫ് നടത്തിയത് മിസ്രയീമ്യരുടെ മര്യാദ പ്രകാരമായിരുന്നു.

> ...പിന്നെ തന്റെ അപ്പനു സുഗന്ധവർഗം ഇടുവാൻ യോസേഫ് തന്റെ ദാസന്മാരായ വൈദ്യന്മാരോട് കല്പിച്ചു; വൈദ്യന്മാർ യിസ്രായേലിനു

സുഗന്ധവർഗം ഇട്ടു. അങ്ങനെ നാല്പതു ദിവസം കഴിഞ്ഞു; സുഗന്ധ വർഗം ഇടുവാൻ അത്ര ദിവസം വേണ്ടിവരും. മിസ്രയീമ്യർ അവനെക്കുറിച്ച് എഴുപതു ദിവസം വിലാപം കഴിച്ചു... അവർ യോർദ്ദാനക്കരെയുള്ള ഗോരെൻ-ആരാദിൽ എത്തിയപ്പോൾ അവിടെവച്ച് എത്രയും ഗൗരവമായ വിലാപം കഴിച്ചു. ദേശനിവാസികളായ കനാന്യർ ഗോരെൻ-ആരാദിലെ വിലാപം കണ്ടിട്ട്; ഇതു മിസ്രയീമ്യരുടെ വിലാപം എന്നു പറഞ്ഞു; അതുകൊണ്ട് ആ സ്ഥലത്തിന് ആബേൽ-മിസ്രയീം എന്നു പേരായി. അത് യോർദ്ദാനക്കരെ ആകുന്നു... (ഉല്പ. 50:1-13)

യിസ്രായേലിലും മിസ്രയീമിലും വ്യത്യസ്ഥങ്ങളായ ശവ സംസ്കാരരീതികളാണ് നിലനിൽക്കുന്നത് എന്നതിന്റെ വ്യക്തത യാണ് ഇതിൽനിന്ന് നമുക്ക് ലഭിക്കുന്നത്. അതുപോലെ ലോക ത്തിലെ വിവിധ ദേശങ്ങളിൽ വ്യത്യസ്ഥങ്ങളായ രീതികളാണ് വിവാഹം, ശവസംസ്കാരം ഇത്യാദി വിഷയങ്ങളോടുള്ള ബന്ധ ത്തിൽ നിലനിൽക്കുന്നത്. യോസേഫിന്റെ വിവാഹം മിസ്രയീമ്യ ആചാരപ്രകാരമായിരുന്നു നടന്നത്. അതുപോലെ ഗോത്രപിതാ വായ യാക്കോബിന്റെയും ഗോത്രപിതാക്കന്മാരുടെയും ശവസം സ്കാരം നടത്തപ്പെട്ടത് മിസ്രയീമ്യ ആചാരപ്രകാരമായിരുന്നു.

ആദാം മുതൽ മറിയയുടെ ഭർത്താവായ യോസേഫ് വരെയുള്ള യേശുക്രിസ്തുവിന്റെ വംശാവലിയിൽ രേഖപ്പെടുത്തിയിരിക്കുന്ന സുപ്രധാന കുടുംബങ്ങളുടെ ജീവിതപശ്ചാത്തലവും അവയുടെ രൂപീകരണവും സംബന്ധിച്ച് നാം ചിന്തിച്ച ഒരു ഭാഗത്തുംതന്നെ വിവാഹം നടത്തപ്പെടുന്ന രീതിയക്കുറിച്ചുള്ള യാതൊരുവിധ വെളി പ്പെടുത്തലുകളും ഇല്ല. എന്നാൽ വ്യത്യസ്ഥങ്ങളായ വിവാഹാ ചാരങ്ങൾ പുരാതനകാലം മുതലേ ഭൂലോകത്തിൽ നിലനിന്നിരുന്നു എന്നതിൽ തർക്കമേതുമില്ല. വിവാഹം എന്ന ഈ അദ്ധ്യായത്തിൽ തുടർന്ന് നാം ചിന്തിക്കുന്നത് വിവാഹം നടത്തപ്പെടുത്തുന്ന രീതിയെ ക്കുറിച്ചല്ല; വിവാഹം എന്ന പദത്തിന്റെ തിരുവചനപ്രകാരമുള്ള അർ ത്ഥത്തെക്കുറിച്ചാകുന്നു.

## വിവാഹം തിരുവചനവീക്ഷണത്തിൽ

യഹോവയായ ദൈവം മനുഷ്യനിൽ നിന്ന് എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി; അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു (ഉല്പ. 2:22)

ആദിമമനുഷ്യന്റെ ഏകാന്തത മാറ്റി അവനെ കുടുംബത്തിൽ വസിക്കുമാറാക്കുക എന്ന ദൈവീക പദ്ധതിപ്രകാരമാണ് ദൈവം

ആദാമിന്റെ വാരിയെല്ലിൽനിന്ന് ഒന്ന് എടുത്ത് അതിനെ ഒരു സ്ത്രീയാക്കി സൃഷ്ടിച്ചത്. ആദാമിനുണ്ടായ ഗാഢനിദ്ര എത്ര ദിവസംവരെ ഉണ്ടായിരുന്നു എന്നോ സ്ത്രീയെ സൃഷ്ടിച്ചതിനു ശേഷം എപ്പോൾ അവന്റെ അടുക്കൽ കൊണ്ടുവന്നു എന്നതിനെക്കുറിച്ചോ ഉള്ള വ്യക്തമായ സൂചനയില്ല. ദൈവം അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു എന്നതിൽനിന്ന് അത് അത്രവേഗത്തിൽ സംഭവിച്ച കാര്യമല്ല എന്നതാണ് വ്യക്തമാക്കപ്പെടുന്നത്. ആദാമിന്റെ ഗാഢനിദ്ര മാറിയതിനുശേഷമാണ് അവനിൽനിന്ന് സൃഷ്ടിച്ചെടുത്ത സ്ത്രീയെ അവന്റെ അടുക്കൽ ദൈവം കൊണ്ടുവന്നത് എന്ന് വ്യക്തം. ഇതിൽനിന്ന് വ്യക്തമാക്കപ്പെടുന്ന വസ്തുതകൾ താഴെപ്പറയുന്നവയാണ്.

* ദൈവം ഏദ്ദെനിൽ സ്ത്രീയെ സൃഷ്ടിക്കുമ്പോൾ പുരുഷനായ ആദാം ഗാഢനിദ്രയിലായിരുന്നു.
* അവൻ നിദ്രവിട്ട് എഴുന്നേറ്റ ശേഷമാണ് ദൈവം സ്ത്രീയെ അവന്റെ അടുക്കൽ കൊണ്ടുവന്നത്
* ആദാമിന്റ നിദ്രയുടെ സമയദൈർഘ്യം അറിയാത്തതുകൊണ്ട് ദൈവം സ്ത്രീയെ സൃഷ്ടിച്ച് പുരുഷന്റെ അടുക്കൽ കൊണ്ടുവന്നത് എപ്പോളാകുന്നു എന്നതിന്റെ വ്യക്തത ഇല്ല.
* പുരുഷനായ ആദാം സ്ത്രീയെ കണ്ടപ്പോൾത്തന്നെ അവളെ നന്നായി ബോധിച്ചു.
* ദൈവം സൃഷ്ടിച്ച സ്ത്രീ ആദാമിന് തക്ക തുണയായിരുന്നു
* പുരുഷനും സ്ത്രീയും പരസ്പരം കണ്ടത് ദൈവസാന്നിധ്യത്തിലായിരുന്നു.
* ദൈവതേജസ്സുണ്ടായിരുന്ന ആദാമിന്റെ അടുക്കൽ ആദാമിക തേജസ്സുള്ള സ്ത്രീയെയാണ് ദൈവം സൃഷ്ടിച്ചു കൊണ്ടുവന്നത്.
* ആദാമിന്റെ അടുക്കൽ സ്ത്രീയെ കൊണ്ടുവന്നു എന്നുള്ളതാണ് അവർ തമ്മിലുള്ള വിവാഹത്തെ തിരുവചനത്തിൽ മർമ്മമായി പ്രസ്താവിച്ചിരിക്കുന്നത്.
* പുരുഷനായ ആദാം സ്ത്രീ അവന്റെ സ്വന്തമാകുന്നു എന്നാണ് ദൈവസന്നിധിയിൽ ഉടമ്പടി ചെയ്തത്. അവർ ഒന്നാകുന്നു എന്നുള്ള ചിന്തയാണ് അവരുടെ പരസ്പര കൂടിക്കാഴ്ചയിൽ ഉളവായത്.
* മാനസികമായി പൊരുത്തപ്പെട്ട പുരുഷനെയും സ്ത്രീയെയുമാണ്

സൃഷ്ടിതാവാം ദൈവം ഏദ്ദെനിൽവച്ച് നടന്ന വിവാഹത്തിൽ ഭർത്താവും ഭാര്യയുമാക്കിത്തീർത്തത്.

* അവർ പരസ്പരം കണ്ടപ്പോൾ പുരുഷനും സ്ത്രീയും ആയിരുന്നു എങ്കിൽ അവർ വിവാഹബന്ധത്തിലൂടെ ഭർത്താവും ഭാര്യയുമായിത്തീർന്നത് ദൈവവചനത്താലായിരുന്നു.
* ദൈവം ആശീർവദിച്ച് സംയോജിപ്പിച്ച ആദ്യവിവാഹത്തിലൂടെയാണ് ഭൂമിയിലെ ഒന്നാമത്തെ കുടുംബം ജന്മമെടുത്തത്.
* വിവാഹാനന്തരം ഭർത്താവിനും ഭാര്യയ്ക്കും ഒന്നായി ജീവിക്കുവാൻ ദൈവം അനുവദിച്ചിരിക്കുന്ന സ്വാതന്ത്ര്യമാണ് കുടുംബജീവിതം
* ദൈവഹിതപ്രകാരമുള്ള വിവാഹം മുഖാന്തരമാണ് പുരുഷനും സ്ത്രീയും മാനസികവും ആത്മീകവും ശാരീരികവുമായി ഒന്നായിച്ചേരുന്നത്.

സൃഷ്ടിതാവാം ദൈവത്തിന്റെ സാന്നിധ്യത്തിൽ ഉഭയസമ്മത പ്രകാരം ഉടമ്പടിചെയ്ത് ഭർത്താവും ഭാര്യയുമായിത്തീർന്ന ആദാമും ഹവ്വായും അവർ ജഡമരണത്താൽ തമ്മിൽ വേർപിരിയുന്നതുവരെ ഒന്നായിരുന്നു. അവർ അഭിമുഖീകരിച്ച ജീവിതപ്രതിസന്ധകൾക്ക് ഒന്നും തന്നെ അവരുടെ ഐക്യതയെ തകർത്തുകളയുവാൻ സാധിച്ചില്ലായെന്നതാണ് ഭൂമിയിലെ ഒന്നാമത്തെ കുടുംബം നമുക്കു നൽകുന്ന ഉത്തമമാതൃക. അവർ വിട്ടുപിരിയാതെ ഒന്നായിരിക്കേണമെന്ന ദൈവീക ഉടമ്പടിയാണ് അവർ ലംഘിക്കാതിരുന്നത്. ഇതിൽ നിന്നും വ്യക്തമാക്കപ്പെടുന്ന വസ്തുത ദൈവം ആദ്യം സൃഷ്ടിച്ച പുരുഷന്റെ അടുക്കൽ അവനിൽനിന്ന് സൃഷ്ടിച്ച സ്ത്രീയെ ദാവം കൊണ്ടുവന്നത് ദൈവവചനത്താൽ അവരെ സംയോജിപ്പിച്ച് കുടുംബജീവിതം എന്ന ദൈവീക ആലോചന ഭൂമിയിൽ സ്ഥാപിതമാക്കുന്നതിനു വേണ്ടിയായിരുന്നു. അന്നുമുതൽ ദൈവഹിതപ്രകാരം നടത്തപ്പെടുന്ന എല്ലാ വിവാഹങ്ങളിലും ദൈവത്തിന്റെ ഇടപെടൽ ആദ്യാവസാനം ഉണ്ടായിരിക്കുമെന്നതാണ് ഇതുവരെയുള്ള വിശുദ്ധന്മാരുടെ വിവാഹം, കുടുംബജീവിതം എന്നിവ വിശകലനം ചെയ്തതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്.

പുതിയനിയമത്തിലെ പ്രാരംഭപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുക്രിസ്തുവിന്റെ വംശാവലിയിലെ അവസാനത്തെ കണ്ണിയായിരുന്ന ദാവീദ് ഗോത്രക്കാരനായ യോസേഫ്. അവന്റെ

കുടുംബജീവിതത്തോടുള്ള ബന്ധത്തിൽ യോസേഫ് മറിയയെ വിവാഹം ചെയ്തു എന്ന് രേഖപ്പെടുത്താതെ വിവാഹം നിശ്ചയിക്കപ്പെട്ടശേഷം അവർ കൂടിവരും മുമ്പേ അഥാവാ വിവാഹിതരാകുന്നതിനു മുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നാണ് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

> എന്നാൽ യേശുക്രിസ്തുവിന്റെ ജനനം ഇവ്വണ്ണം ആയിരുന്നു. അവന്റെ അമ്മയായ മറിയ യോസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ട ശേഷം അവർ കൂടിവരും മുമ്പേ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു (മത്താ. 1:18)

യോസേഫിന്റെയും മറിയയുടെയും വിശുദ്ധ വിവാഹത്തെ തിരുവചനത്തിൽ മർമ്മമായി രേഖപ്പെടുത്തിയിരിക്കുന്നത് അവർ 'കൂടിവരും മുമ്പേ' എന്ന പദത്തിലൂടെയാണ്. അതിൻപ്രകാരം മാനസികവും ആത്മീകവുമായി പൊരുത്തപ്പെട്ടവർ ശാരീരികമായി ഒന്നായിത്തീരുന്നതിനാണ് വിവാഹദിനത്തിൽ കൂടിവരുന്നത്. വിവാഹാനന്തരമാണ് സ്ത്രീ പുരുഷനെ അറിയുന്നത്. അത് സന്തോഷത്തിനും സന്താനോല്പാദനത്തിലൂടെ തലമുറയെനിലനിർത്തുന്നതിനു വേണ്ടിയാകുന്നു. യോസേഫിന്റെയും മറിയയുടെയും യെഹൂദ ആചാരപ്രകാരവും സാമൂഹികവുമായ കുടുംബജീവിതം ആരംഭിച്ചിരുന്നുവെങ്കിലും യേശുവിന്റെ ജനന ശേഷമാണ് യോസേഫിന്റെയും കന്യകയായ മറിയയുടെയും സന്താനോത്പാദനത്തിനായുള്ള സ്വാഭാവിക ദാമ്പത്യജീവിതം ആരംഭിച്ചത്.

പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പ്രാരംഭ കുടുംബങ്ങളുടെ വിവാഹത്തെ തിരുവചനത്തിൽ മർമ്മമായി രേഖപ്പെടുത്തിയിരിക്കുന്നതിനെക്കുറിച്ചാണ് നാം ചിന്തിച്ചത്. തുടർന്ന് നാം ചിന്തിക്കുന്നത് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂന്നു ഗാഢനിദ്രകളെക്കുറിച്ചും അവ ഓരോന്നിലും വിവാഹത്തോടുള്ള ബന്ധത്തിൽ മറഞ്ഞിരിക്കുന്ന മർമ്മത്തെക്കുറിച്ചുമാകുന്നു.

1. ആദാമിനുണ്ടായ ഗാഢനിദ്രയും ഏദെനിലെ വിവാഹവും (ഉല്പ. 2:21)
2. മമ്രേയിൽ അബ്രാഹാമിനുണ്ടായ ഗാഢനിദ്രയും യെഹൂദാ വിവാഹവും (ഉല്പ 15:12-21)
3. കാൽവറിയിലെ ക്രൂശിൽ യേശുവിനുണ്ടായ ഗാഢനിദ്രയും പുതിയനിയമ ദൈവസഭയോടുള്ള ബന്ധത്തിൽ നടക്കുന്ന വിവാഹവും (1 കൊരി. 15:20)

**1. ആദാമിനുണ്ടായ ഗാഢനിദ്രയും ഏദ്ദെനിലെ വിവാഹവും**

> ആകയാൽ യഹോവയായ ദൈവം മനുഷ്യന് ഒരു ഗാഢനിദ്ര വരുത്തി; അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്ന് എടുത്ത് അതിനുപകരം മാംസം പിടിപ്പിച്ചു (ഉല്പ. 2:21)

ഏദ്ദെനിലെ ആദാമിന്റെ ഗാഢനിദ്രയിൽ നിന്നുമാണ് പുരുഷനിൽ നിന്ന് സ്ത്രീ ഉളവാക്കപ്പെട്ടത്. അന്ന് പുരുഷൻ, സ്ത്രീ എന്നീ രണ്ട് ആളത്വങ്ങൾ വേർതിരിക്കപ്പെടുകയും അവരെ ദൈവം വിവാഹ ബന്ധത്തിലൂടെ സംയോജിപ്പിച്ച് ഭാര്യാഭർത്താക്കന്മാരാക്കിത്തീർക്കുകയുമാണ് ചെയ്തത്. അവരിലൂടെയാണ് ഭൂമിയിലെ ആദ്യത്തെ കുടുംബം സംജാതമായത്. ഏദ്ദെനിൽ അവർക്ക് തേജസ്സ് ഉണ്ടായിരുന്നതുകൊണ്ട് അവർ ദൂതതുല്യരായിരുന്നു. അതുകൊണ്ട് അവർക്ക് സന്താനോത്പാദനം ഉണ്ടായിരുന്നില്ല. തേജസ്സ് നഷ്ടപ്പെട്ടതിനു ശേഷമാണ് അവരിലൂടെ മാനവവംശം ഭൂമിയിൽ ഉടലെടുത്തത്. ആദാമിന്റെ ഗാഢനിദ്രയിൽനിന്ന് മണവാട്ടി ഉളവാക്കപ്പെട്ടത് നിഴലായിരുന്നുവെങ്കിൽ അത് ക്രിസ്തുവിന്റെ ഗാഢനിദ്രയിലാണ് പൊരുളായി നിവർത്തീകരിക്കപ്പെടുന്നത്. ആദാമിന്റെ ഗാഢനിദ്രയിൽ മറഞ്ഞിരുന്ന മർമ്മം മണവാളനിൽനിന്ന് മണവാട്ടി ഉളവാക്കപ്പെട്ടു എന്നതാകുന്നു. അതു നിഴലായിരുന്നുവെങ്കിൽ ക്രിസ്തുവിലാണ് അത് പൊരുളായിത്തീർന്നത്

**2. മമ്രേയിൽ അബ്രാഹാമിനുണ്ടായ ഗാഢനിദ്രയും യെഹൂദാ വിവാഹവും**

> ... സൂര്യൻ അസ്തമിക്കുമ്പോൾ അബ്രാമിന് ഒരു ഗാഢനിദ്ര വന്നു; ഭീതിയും അന്ധതമസ്സും അവന്റെ മേൽ വീണു... (ഉല്പ 15:12-21)

മമ്രേയിൽ അബ്രാഹാമിനുണ്ടായ ഗാഢനിദ്രയിൽ മറഞ്ഞിരുന്ന മർമ്മം കനാൻദേശം കൈവശമാക്കുവാനിരുന്ന യിസ്രായേൽ എന്ന രാഷ്ട്രത്തിന്റെ പിറവിയെക്കുറിച്ചും ആ രാഷ്ട്രത്തിൽനിന്ന് സകല ജാതികൾക്കും അനുഗ്രഹമായ യേശുക്രിസ്തു ജനിക്കുന്നതിനെക്കുറിച്ചുമായിരുന്നു. അബ്രാഹാമിന്റെ ഗാഢനിദ്രയിൽനിന്ന് ഉരുവാക്കപ്പെട്ട യിസ്രായേൽ എന്ന രാഷ്ട്രത്തെയും ദേശത്തെയും യഹോവ വിവാഹം കഴിച്ചിരിക്കുന്നതിനോടുള്ള ബന്ധത്തിലാണ് പഴയനിയമ പ്രവചനങ്ങളിൽ ഉപമിച്ചിരിക്കുന്നത്. സ്വർഗീയവിവാഹത്തിലെ മണവാളൻ ഭൂമിയിൽ പിറവിയെടുത്തത് യിസ്രായേലിൽ നിന്നുമാകുന്നു. അതാണ് അബ്രാഹാമിന്റെ ഗാഢനിദ്രയിൽ കുഞ്ഞാടിന്റെ വിവാഹത്തോടുള്ള ബന്ധത്തിൽ മറഞ്ഞിരിക്കുന്ന മർമ്മം.

കുഞ്ഞാടാം മണവാളനും ദൈവസഭയാകുന്ന മണവാട്ടിയും തമ്മിൽ നടക്കുന്ന സ്വർഗീയവിവാഹത്തിന്റെ മർമ്മം യെഹൂദാ ജനത്തിന് ഇപ്പോഴും വെളിപ്പെടാത്ത മർമ്മമാണ്. അവരുടെ മൂടുപടം ഇതുവരെ നീങ്ങിപ്പോയിട്ടില്ല. അവരുടെ വിവാഹ മതാചാരച്ചട ങ്ങിലും അതാണ് പ്രതിഫലിക്കുന്നത്. വരൻ വധുവിനെ മൂടുപടം ഇട്ട് ആവരണം ചെയ്യുന്നത് ഇതിനോടുള്ള ബന്ധത്തിലാകുന്നു. പഴയനിയമ യിസ്രായേൽ അബ്രാഹാം സാറാ എന്നിവരുടെ വിവാഹ ത്തെയും കുടുംബജീവിതത്തെയുമാണ് അനുകരിക്കുന്നത്.

യെഹൂദ ആചാരപ്രകാരമുള്ള വിവാഹം സീനായി പർവ്വതത്തിൽ വച്ച് ദൈവം മോശെയ്ക്ക് കൈമാറിയ ന്യായപ്രമാണത്തിന്റെ ചുവടുപിടിച്ച് നിലവിൽ വന്നിട്ടുള്ളതാണ്.യഹൂദാ വിവാഹത്തിൽ വരനും വധുവും രാജാവിനും രാജ്ഞിക്കും തുല്യമായിരിക്കുന്നത് കുഞ്ഞാടിന്റെ കല്ല്യാണത്തിൽ കുഞ്ഞാടും സഭയാം കാന്തയും മഹാ രാജാവും രാജ്ഞിയും ആയിരിക്കും എന്നതിന്റെ നിഴലാകുന്നു. അത് കുഞ്ഞാടിന്റെ കല്ല്യാണനാളിലാണ് പൊരുളായി നിവർത്തീകരിക്ക പ്പെടുന്നത്.

### 3. കാൽവറിയിലെ ക്രൂശിൽ യേശുവിനുണ്ടായ ഗാഢനിദ്രയും പുതിയനിയമ ദൈവസഭയോടുള്ള ബന്ധത്തിൽ നടക്കുന്ന വിവാഹവും

എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തിരിക്കുന്നു (1 കൊരി. 15:20)

കാൽവറിയിലെ ക്രൂശിൽവച്ചുണ്ടായ യേശുക്രിസ്തുവിന്റെ ഗാഢനിദ്ര അവന്റെ ജഡമരണമായിരുന്നു. അതിൽനിന്നുമാണ് കുഞ്ഞാടിനോട് ഒന്നായിത്തീരുവാനുള്ള ആത്മമണവാട്ടി ജന്മ മെടുത്തത്. പെന്തക്കൊസ്തുനാളിലാണ് പുതിയനിയമ ദൈവസഭ സ്ഥാപിതമായത്. യേശുക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരണം പ്രാപിച്ചവരുടെ കൂട്ടമാകുന്ന ആഗോളദൈവസഭയിൽ നിന്ന് തികവു പ്രാപിക്കുന്നവരാണ് കുഞ്ഞാടിന്റെ മണവാട്ടിയാകുന്നത്. അവരുമായിട്ടാണ് പരിശുദ്ധാത്മാവ് ഭൂമിയിൽവച്ച് കുഞ്ഞാടിനോ ടുള്ള വിവാഹനിശ്ചയം ചെയ്യുന്നത്.

ഭാവിയിൽ നടക്കുവാൻ പോകുന്ന സ്വർഗീയവിവാഹത്തിന്റെ നിഴലായി ഇന്ന് ഭൂമിയിൽ നിറവേറപ്പെടുന്ന വിവാഹം പുതിയനിയമ ദൈവസഭയോടുള്ള ബന്ധത്തിൽ നടക്കുന്ന വിവാഹമാണ്. ഏദ്ദെ നിലെ വിവാഹത്തിൽ നിഴലായി മറഞ്ഞിരുന്ന മണവാളനും മണവാ

ട്ടിയുമാണ് പുതിയനിയമത്തിൽ പൊരുളായി വെളിപ്പെട്ടിരിക്കുന്നത്. അതുപോലെ യെഹൂദാവിവാഹത്തിൽ നിഴലായി മറഞ്ഞിരിക്കുന്ന രാജാവും രാജ്ഞിയും കുഞ്ഞാടാം ദൈവം എന്ന മഹാരാജാവും സഭയാകുന്ന കാന്തയെന്ന രാജ്ഞിയുമാകുന്നു. അതിനാൽ ദൈവ സഭയുടെ വിവാഹം നിഴലായി ഇന്ന് ഭൂമിയിൽ നിറവേറപ്പെട്ടു കൊണ്ടിരിക്കുമ്പോൾ അത് പൊരുളായി സ്വർഗാധിസ്വർഗത്തിൽ വച്ച് കുഞ്ഞാടിന്റെ കല്ല്യാണനാളിൽ നിറവേറപ്പെടുവാനുള്ളതാകുന്നു. അന്നാണ് കുഞ്ഞാടാം ദൈവവും സഭയാം മണവാട്ടിയും ഒന്നായി ത്തീരുന്നത്. ആദാമിനും അബ്രാഹാമിനുമുണ്ടായ ഗാഢനിദ്രയിൽ മറഞ്ഞിരുന്ന വിവാഹത്തിന്റെ മർമ്മമാണ് ക്രിസ്തുവിൽ പൊരുളാ യിത്തീരുന്നത് എന്നാണ് നാം മൂന്ന് ഗാഢനിദ്രകളോടുള്ള ബന്ധ ത്തിലെ പഠനത്തിൽനിന്ന് ഗ്രഹിച്ചത്. തുടർന്നു നാം ചിന്തിക്കുന്നത് പുതിയനിയമസഭയോടുള്ള ബന്ധത്തിൽ നടക്കുന്ന ക്രിസ്തീയ വിവാഹത്തെക്കുറിച്ചാകുന്നു.

## ക്രിസ്തീയ വിശുദ്ധവിവാഹം തിരുവചനവീക്ഷണത്തിൽ

പുതിയനിയമ ദൈവസഭ നിത്യനായ ദൈവത്തെ സത്യത്തിലും ആത്മാവിലുമാണ് ആരാധിക്കുന്നത്. അതുപോലെ മനുഷ്യജീവിത ത്തോടു ബന്ധപ്പെട്ടു പുതിയനിയമസഭയിൽ നടക്കുന്ന ഇതര ശുശ്രൂ ഷകളിലും ഭൗമിക വസ്തുക്കൾ അടയാളങ്ങളായി ഉപയോഗിക്കാതെ ആത്മീകമായിട്ടാണ് നടത്തപ്പെടുന്നത്. അതുകൊണ്ടാണ് പ്രാദേശിക മായിട്ടുള്ളതോ പാരമ്പര്യമായിട്ടുള്ളതോ ആയ യാതൊരു ചടങ്ങുകളും ദൈവസഭയുടെ വിവാഹശുശ്രൂഷയിൽ ഇല്ലാതിരി ക്കുന്നത്. എന്നാൽ ദൈവസഭയുടെ വിവാഹശുശ്രൂഷ നാല് സുപ്ര ധാന നിയമങ്ങൾക്ക് വിധേയപ്പെട്ടാണ് നടത്തപ്പെടുന്നത്. ഈ നാല് നിയമങ്ങൾ ഇവിടെ ക്രോഡീകരിച്ചെടുത്തിരിക്കുന്നത് യേശു ക്രിസ്തു വിവാഹത്തോടുള്ള ബന്ധത്തിൽ പരീശന്മാരോട് അരുളി ച്ചെയ്ത തിരുവാമൊഴികളിൽ നിന്നുമാകുന്നു.

> പരീശന്മാർ അവന്റെ അടുക്കൽ വന്ന്: ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നതു വിഹിതമോ എന്ന് അവനെ പരീക്ഷിച്ചു ചോദിച്ചു. അതിന് അവൻ: സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും, അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മെയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും എന്നു അരുളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊണ്ട് അവർ

മേലാൽ രണ്ടല്ല, ഒരു ദേഹമത്രെ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്ന് ഉത്തരം പറഞ്ഞു (മത്താ. 19:3-6)

1. **പ്രകൃതിയുടെ നിയമം**

സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു

സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ആണും പെണ്ണുമായിട്ടാണ്. അതിനർത്ഥം പുരുഷൻ എന്ന ആളത്വത്തിൽ സ്ത്രീ അന്തർലീനമായിരുന്നു എന്നാകുന്നു. പുരുഷനിൽ നിന്ന് സ്ത്രീ എന്ന ആളത്വത്തെ വേർതിരിച്ച് അവർ തമ്മിലുള്ള വിവാഹമാണ് ഏദ്ദെനിൽ ദൈവം ആശീർവ്വദിച്ച് അവരെ ഭർത്താവും ഭാര്യയുമാക്കിത്തീർത്തത്. ഇതിനു വിരുദ്ധമായിട്ടുള്ള സ്വവർഗ വിവാഹം പോലുള്ള വിവാഹങ്ങൾ പ്രകൃതിനിയമത്തിന് വിരുദ്ധവും പൈശാചികവുമാണ്. അത്തരം പ്രവൃത്തികൾ മ്ലേച്ഛപ്രവൃത്തികളാകുന്നു എന്നാണ് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

സ്ത്രീയോട് എന്നപോലെ പുരുഷനോടു കുടെ ശയിക്കരുത്; അത് മ്ലേച്ഛത (ലേവ്യ. 18:22)

പരിശുദ്ധാത്മാവിന്റെ വെളിച്ചം ഇന്ന് ഭൂമിയിൽ നിലനിൽക്കുന്നതുകൊണ്ട് ഇത്തരം സംഭവങ്ങൾ തുലോം കുറവാണ്. എന്നാൽ ഇരുളിന്റെ ഭരണമാകുന്ന എതിർക്രിസ്തുവിന്റെ മ്ലേച്ഛതയുടെ ഭരണം ഭൂമിയിൽ പ്രത്യക്ഷപ്പെടുവാൻ സമയമായി എന്ന് വെളിപ്പെടുത്തുന്ന വിധത്തിലാണ് ഇപ്പോൾ ലോകസംഭവങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. അനേകം രാജ്യങ്ങളിൽ ഇപ്പോൾത്തന്നെ സ്വവർഗ വിവാഹവും സ്വവർഗരതിയും ഒക്കെ നിയമവിധേയമാക്കിക്കഴിഞ്ഞു. സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ആരാധിക്കുന്നവരാണ് ഇത്തരം മ്ലേച്ഛതകൾ പ്രവർത്തിക്കുന്നത്. എതിർക്രിസ്തു എന്ന അധർമ്മമൂർത്തി ദൈവം എന്ന് സ്വയം പ്രഖ്യാപിക്കപ്പെടുന്ന ഇരുളിന്റെ കാലത്ത് സ്വാഭാവിക ഭോഗത്തേക്കാൾ പ്രകൃതിവിരുദ്ധ അസ്വാഭാവിക ഭോഗങ്ങളിലേക്കായിരിക്കും മനുഷ്യരാശി കൂപ്പുകുത്തുന്നത്.

അതുകൊണ്ട് ദൈവം അവരെ അവമാന രാഗങ്ങളിൽ ഏല്പിച്ചു; അവരുടെ സ്ത്രീകൾ സ്വാഭാവിക ഭോഗത്തെ സ്വഭാവവിരുദ്ധമാക്കിക്കളഞ്ഞു. അവ്വണ്ണം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണമായതു പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിനു യോഗ്യമായ പ്രതിഫലം തങ്ങളിൽത്തന്നെ പ്രാപിച്ചു (റോമ. 1:26-27)

ഇത്തരം പ്രവൃത്തികൾ പ്രകൃതിവിരുദ്ധവും മ്ലേച്ഛപ്രവൃത്തികളുമാകുന്നു എന്ന ദൈവീകപരിജ്ഞാനത്തിൽ നടത്തപ്പെടുന്ന ദൈവസഭയുടെ വിവാഹവും വിവാഹശുശ്രൂഷയും പ്രകൃതിനിയമത്തിന് അനുസൃതമായിട്ടുള്ളതാകുന്നു.

**2. സാമൂഹികവും മതപരവുമായ നിയമം**

അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മെയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും

വിവാഹത്തിന് സമൂഹത്തിൽ മാന്യമായ സ്ഥാനമാണുള്ളത്. അതുകൊണ്ടാണ് വരനും വധുവും ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിന്റെ ആചാരപ്രകാരം ക്ഷണിക്കപ്പെട്ടവരായ സദസ്സിനു മുമ്പാകെ വിവാഹം നടത്തപ്പെടുന്നത്. മാന്യമായി ജീവിച്ച് വിവാഹബന്ധത്തിൽ ഏർപ്പെടുന്ന പുരുഷന്റെയും സ്ത്രീയുടെയും ജീവിതത്തിൽ മറച്ചുവയ്ക്കേണ്ട രഹസ്യങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല. അത്തരമല്ലാത്തതെല്ലാം രഹസ്യമായിട്ടായിരുക്കും നടത്തപ്പെടുന്നത്. ദൈവസഭ നടത്തിക്കൊടുക്കുന്ന വിവാഹത്തിലെ വരനും വധുവും സഭയിലും സമൂഹത്തിലും നല്ല സാക്ഷ്യമുള്ളവരായിരിക്കും. അങ്ങനെ പൊതു സമക്ഷം നടത്തപ്പെടുന്ന വിവാഹാനന്തരം അവർ ഭാര്യയും ഭർത്താവുമായി ജീവിക്കുന്നതിനുള്ള സ്വാതന്ത്ര്യമാണ് അവർക്ക് ലഭിക്കുന്നത്. സാമൂഹിക നിയമത്തിന്റെ പരിധിയിലാണ് സഭാപരമായ നിയമം ഉൾപ്പെട്ടിരിക്കുന്നത്.

**3. ഔദ്യോഗിക നിയമം**

അതുകൊണ്ട് അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രെ;

ഓരോ രാജ്യത്തും നിലനിൽക്കുന്ന വിവാഹ നിയമത്തിന് അനുസൃതമായിട്ട് മാത്രമെ വിവാഹം നടത്തുവാൻ സാധിക്കുകയുള്ളൂ. വധൂവരന്മാരുടെ പ്രായം, പൗരത്വം എന്നീ കാര്യങ്ങളൊക്കെ ഔദ്യോഗിക നിയമത്തിന്റെ പരിധിയിലാണ് വരുന്നത്. സാമൂഹിക പശ്ചാത്തലത്തിൽ മതപരമായിട്ടോ അല്ലാതെയോ വിവാഹം നടത്തപ്പെട്ടാലും അതിന് നിയമസാധുതയുണ്ടാകണമെങ്കിൽ ഇന്ത്യയിൽ ഉൾപ്പെടെ മിക്ക രാജ്യങ്ങളിലും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് നിബന്ധനയുണ്ട്. രണ്ടായിരത്തിൽപരം വർഷങ്ങൾക്കു മുമ്പ് കർത്താവ് പരീശന്മാരോട് അരുളിച്ചെയ്തത് വിവാഹത്തിലൂടെ ഭർത്താവും ഭാര്യയുമായി തീരുന്നവരുടെ ബന്ധം ആജീവനാനന്തമാണ് അതിനെ മനുഷ്യർ വേർപെടുത്തരുത് എന്നായിരുന്നു. ഇന്ന് ഏറ്റവുമധികം

വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു സാമൂഹികവിപത്താണ് വിവാഹ മോചനം. നിയമപരമായി വിവാഹമോചനം ലഭിച്ച് വിവാഹബന്ധം വേർപെടുത്തണമെങ്കിൽ അതിന് ഔദ്യോഗിക നിയമത്തിന്റെ അംഗീകാരം ലഭിച്ചിരിക്കണം എന്ന നിയമവ്യവസ്ഥയാണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്. ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് ഇപ്പോൾ ഔദ്യോഗിക നിയമത്തിന്റെ പരിധിയിലാണ് വിവാഹവും വിവാഹമോചനവും എന്നുള്ളതാകുന്നു. അവർ മേലാൽ രണ്ടല്ല ഒരു ദേഹമത്രേ എന്ന ദൈവീക നിയമത്തിന്റെ ചുവടുപിടിച്ചാണ് വിവാഹാനന്തരം ഭർത്താവിനുള്ളതൊക്കെയും ഭാര്യ അവകാശിയാകുന്നു എന്ന ഔദ്യോഗിക നിയമം നിലവിൽ വന്നിട്ടുള്ളത്.

### 4. ദൈവീകനിയമം

ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്

ഇതുവരെ നാം ചിന്തിച്ച സകല നിയമങ്ങൾക്കും അതീതമാണ് ദൈവീക നിയമം. എന്നാൽ അനേകർ ഇതു സംബന്ധിച്ച് അജ്ഞരാകുന്നു എന്നതാണ് വസ്തുത. ദൈവസഭയെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രസ്താവിച്ചിരിക്കുന്ന സകല നിയമങ്ങൾക്കും വിധേയപ്പെട്ടാണ് വിശുദ്ധവിവാഹം നടത്തപ്പെടുന്നത്. അത് പ്രകൃതിനിയമത്തിനും സാമൂഹികനിയമത്തിനും ഔദ്യോഗിക നിയമത്തിനും എല്ലാത്തിനുമുപരി ദൈവീകനിയമത്തിനും വിധേയപ്പെട്ടാകുന്നു നടത്തപ്പെടുന്നത്. ദൈവീക നിയമപ്രകാരം നടത്തപ്പെടുന്ന വിശുദ്ധ വിവാഹത്തിൽ ദൈവമാകുന്ന വചനമാണ് പുരുഷനെയും സ്ത്രീയെയും തമ്മിൽ സംയോജിപ്പിക്കുന്നത്. ദൈവവചനത്തിന് മാറ്റം ഇല്ലാത്തതുകൊണ്ടാണ് ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുതെന്ന് യേശു അരുളിച്ചെയ്തിരിക്കുന്നത്.

അദൃശ്യനായ ദൈവത്തിന്റെ കരങ്ങളാൽ ദൈവം വരനെയും വധുവിനെയും യോജിപ്പിക്കുന്നു എന്ന വിശ്വാസത്തിന്റെ ആധികാരികതയിലാണ് ദൈവസഭയുടെ വിവാഹം നടത്തപ്പെടുന്നത്. അദൃശ്യനും തേജോമയനുമായ ദൈവത്തിന്റെ വചനത്താലാണ് മണവാളനും മണവാട്ടിയും വിവാഹഉടമ്പടിയിൽ ഏർപ്പെടുന്നത്. അതുകൊണ്ടാണ് ബാഹ്യമായ ചടങ്ങുകൾ, നശ്വരമായകുന്ന വസ്തുക്കൾ എന്നിവയൊന്നും വിശുദ്ധവിവാഹത്തിന്റെ ഭാഗമാകാതിരിക്കുന്നത്. പരിജ്ഞാനപരവും ശ്രേഷ്ഠവുമായ വിവാഹമാണ് ദൈവമക്കളുടെ വിവാഹശുശ്രൂഷ. ദൈവവചനം ജീവനും ചൈതന്യവുമുള്ളതാണ്. അതുകൊണ്ടാണ് ഉഭയസമ്മതപ്രകാരം ഉടമ്പടി ചെയ്ത് ദൈവവ

ചനപ്രകാരം ഭർത്താവും ഭാര്യയുമാകുന്നവരുടെ കുടുംബജീവിതം സ്നേഹനിർഭരമായിരിക്കുന്നത്. വിവാഹാനന്തരം ദൈവവചനത്തിനനുസൃതമായി ഇരുവരും ജീവിച്ചാൽ അവരുടെ കുടുംബജീവിതത്തെ വേർപിരിക്കുവാനോ തകർത്തുകളയുവാനോ ആർക്കും സാധ്യമാകുകയില്ല.

വിശുദ്ധവിവാഹത്തിൽ ഭർത്താവും ഭാര്യയുമായിത്തീരുന്നവരുടെ കുടുംബജീവിതം വിശുദ്ധമായിരിക്കും. ദൈവവചനത്താൽ ഉളവാക്കപ്പെടുന്ന കുടുംബം എന്നതിനാൽ അത് പരിജ്ഞാനമുള്ളതുമായിരിക്കും. അതുകൊണ്ട് ദൈവീകനിയമപ്രകാരമുള്ള വിവാഹത്തിന് തുല്യമായിട്ട് മറ്റൊന്നുമില്ലാത്തതുകൊണ്ട് ഇത്തരം കുടുംബങ്ങളാണ് ഭൂമിയിൽ ഉടലെടുക്കേണ്ടത്. എന്നാൽ മാത്രമെ ഇന്നത്തെ അധഃപതിച്ചുകൊണ്ടിരിക്കുന്ന കുടുംബാന്തരീക്ഷത്തിൽനിന്ന് തലമുറകളെ രക്ഷിപ്പാൻ കഴിയുകയുള്ളൂ. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ട അംഗങ്ങൾ ഉൾപ്പെടുന്ന ദൈവസഭയുടെ വിവാഹവും കുടുംബജീവിതവും പരിപാവനമാണ്. ദൈവരാജ്യത്തിനു കൊള്ളാകുന്നവൻ മനുഷ്യർക്കും ദൈവത്തിനും കൊള്ളാകുന്നവൻ ആകുന്നു എന്ന വാക്യപ്രകാരം ദൈവീകനിയമം പാലിക്കപ്പെടുന്ന വിവാഹത്തിൽ പ്രകൃതിനിയമവും സാമൂഹികനിയമവും ഔദ്യോഗികനിയമവും പാലിക്കപ്പെട്ടിരിക്കും എന്നതിൽ സംശയമേതുമില്ല.

വിവാഹത്തിലേക്ക് പ്രവേശിക്കുന്നവർ ഏകാന്തതയിൽനിന്ന് ഒന്നായിച്ചേരലിന്റെയും പങ്കുവെയ്ക്കലിന്റെയും സന്തോഷത്തിലേക്കാണ് പ്രവേശിക്കുന്നത്. അതിന്റെ ആരംഭദിവസമാണ് വിവാഹദിവസം. ഉത്തമഗീതത്തിൽ ഈ ദിവസത്തെ ആനന്ദദിവസമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് അതിനു ഭംഗംവരുന്നതൊന്നും വിവാഹദിവസത്തിലോ തുടർന്നുള്ള കുടുംബജീവിതത്തിലോ സംഭവിക്കരുത്. വധൂവരന്മാരുടെ ആനന്ദദിവസമാകുന്ന വിവാഹദിവസത്തിൽ വിവാഹം സമംഗളം നിറവേറപ്പെടണമെങ്കിൽ അതിന് താഴെപ്പറയുന്ന ഏഴ് സുപ്രധാന കാര്യങ്ങളിൽ അതീവശ്രദ്ധ ഉണ്ടായിരിക്കണം.

**1. ആന്തരികമായ ഒരുക്കം**

വിവാഹം, കുടുംബജീവിതം എന്നിവയിലേക്ക് പ്രവേശിക്കുന്ന വരനും വധുവിനും ആന്തരികമായ ഒരുക്കം ആവശ്യമാണ്. സകലവും നന്നായി അറിയുന്നവനും കുറവുകളെ പരിഹരിക്കുന്നവനുമായ ദൈവത്തിൽ ഭരമേൽപ്പിച്ച് നല്ല ആത്മവിശ്വാസത്തോടെ

വേണം വിവാഹജീവിതത്തിലേക്ക് പ്രവേശിക്കേണ്ടത്. ദൈവവചനത്താലും പ്രാർത്ഥനയാലുമാണ് സകലവും വിശുദ്ധീകരിക്കപ്പെടുന്നത്. കുഞ്ഞാടിന്റെ കല്ല്യാണത്തിനുവേണ്ടി കാത്തിരിക്കുന്ന പദവിയിലേക്ക് ഉയർത്തപ്പെട്ടവരാണ് വിവാഹബന്ധത്തിലേർപ്പെടുന്നതെങ്കിൽ അവർ പരിശുദ്ധാത്മാവിനാൽ ഒരുക്കപ്പെട്ടവരും ദേഹം, ദേഹി, ആത്മാവ് എന്നിവയുടെ ശുദ്ധീകരണം പ്രാപിച്ചവരുമായിരുക്കും. അതല്ലായെങ്കിൽ ഭൗമീകകുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് പ്രഥമമായി ചെയ്യേണ്ടത് കുഞ്ഞാടാം മണവാളന്റെ കാന്തയായി തന്നെത്താൻ ഒരുങ്ങുക എന്നതാകുന്നു. ഭർത്താവും ഭാര്യയും രണ്ട് വ്യത്യസ്ഥ ശരീരങ്ങളിലാണ് വസിക്കുന്നതെങ്കിലും മാനസികവും ആത്മീകവുമായി ഒന്നായിത്തീരുന്നതുപോലെ ശാരീരികമായും അവർക്ക് ഒന്നായിത്തീരുവാൻ സാധിക്കുന്നു. സന്തുഷ്ടമായ കുടുംബജീവിതത്തിന് ആന്തരികമായി ഇരുവരും ഒരുങ്ങേണ്ടത് അത്യന്താപേക്ഷിതമാകുന്നു.

### 2. ബാഹ്യമായ ഒരുക്കം

ആന്തരീകമായ ഒരുക്കം പോലെ പ്രാധാന്യതയുള്ളതാണ് ബാഹ്യമായ ഒരുക്കവും. വിവാഹദിവസം വരനും വധുവും യെഹൂദാ പാരമ്പര്യപ്രകാരം രാജാവും രാജ്ഞിയുമാണ്. പൊരുളായ കുഞ്ഞാടിന്റെ വിവാഹത്തോടുള്ള ബന്ധത്തിലും അപ്രകാരം തന്നെ ആയതുകൊണ്ട് രാജകീയപ്രൗഢി ദൈവമക്കളുടെ വിവാഹത്തിനുണ്ടായിരിക്കേണം. ഇതിനർത്ഥം ധൂർത്ത് ചെയ്തുള്ള ആഘോഷങ്ങളല്ല; അവനവന്റെ നിലവാരത്തിനനുസരിച്ചുള്ള ഒരുക്കങ്ങൾ മതി. എന്നാൽ അതിലെല്ലാം തികഞ്ഞ സംതൃപ്തിയും സന്തോഷവുമാണ് ഉണ്ടായിരിക്കേണ്ടത്. ദൈവമക്കളുടെ വിവാഹത്തിൽ സ്വർഗീയ മഹാദൈവത്തിന്റെ മഹനീയസാന്നിധ്യമുള്ളതിൽപരം മറ്റൊരു പ്രൗഢിയുമില്ല. അതാണ് വിശുദ്ധ വിവാഹത്തെ മറ്റ് ഏതൊരു വിഭാഗത്തിന്റെയും വിവാഹചടങ്ങുകളിൽ നിന്നും വ്യത്യസ്ഥമാക്കുന്നത്. അപ്രകാരം നടത്തപ്പെടുന്ന രാജകീയ വിവാഹത്തിൽ ബാഹ്യമായ ഒരുക്കത്തിന് താഴെപ്പറയുന്ന ചില കാര്യങ്ങളിൽ ദൈവവചന പ്രകാരം പ്രത്യേക ശ്രദ്ധകൊടുക്കേണ്ടത് അനിവാര്യമാകുന്നു.

### 3. വിവാഹവിശേഷവസ്ത്രം

വിവാഹത്തിന് വരനും വധുവും ധരിക്കേണ്ട് കല്ല്യാണവസ്ത്രമാകുന്നു. അന്ന് സാധാരണ വസ്ത്രമല്ല വിശേഷവസ്ത്രമാണ് ധരി

ക്കേണ്ടത്. ഓരോ കാലാവസ്ഥയ്ക്കും സമൂഹത്തിനും യോജിച്ച യോഗ്യമായ വസ്ത്രം ധരിക്കുന്നതാണ് ഉചിതമായിട്ടുള്ളത്. നിയുക്തരായ മണവാളനും മണവാട്ടിയും വിവാഹവസ്ത്രത്തെക്കുറിച്ച് വേണ്ടപ്പെട്ടവരുമായി ആലോചിച്ച് അവർക്ക് അനുയോജ്യമായ വസ്ത്രം മുന്നമേ തിരഞ്ഞെടുക്കേണ്ടതാകുന്നു. ഇതിൽ വിവാഹം നടത്തുന്ന സഭയുടെ അഭിപ്രായം നേരത്തേ ചോദിച്ചറിയുന്നത് ഉചിതമാണ്. മണവാളനും മണവാട്ടിയും വിവാഹത്തിന് ഒരുങ്ങി വന്നതിനുശേഷം ഒരു കാരണവശാലും മറ്റുള്ളവരുടെ മുമ്പിൽ പരസ്യമായി വിമർശിക്കപ്പെടുവാനോ മാറ്റങ്ങൾ വരുത്തുന്ന സാഹചര്യം ഉണ്ടാകുവാനോ പാടുള്ളതല്ല. വിവാഹദിനത്തിൽ അങ്ങിനെ എന്തെങ്കിലും സംഭവിച്ചാൽ അത് വിവാഹത്തിന്റെ സന്തോഷത്തെത്തന്നെ കെടുത്തിക്കളയും എന്ന് നാം ഇതിനോടകം ചിന്തിച്ചിരുന്നുവല്ലോ. അതിനാൽ അതിനുള്ള സാഹചര്യം ഉണ്ടാകാതിരിക്കുവാൻ ഇരുകൂട്ടരും സഭയുടെ കീഴ്‌വഴക്കമനുസരിച്ച് മുന്നമേ ധാരണയിൽ എത്തിച്ചേരുകയും അതിനനുസരിച്ച് കല്ല്യാണവസ്ത്രം ധരിക്കേണ്ടതുമാകുന്നു. ഇതു സംബന്ധമായി തർക്കങ്ങളോ വാദങ്ങളോ കടുംപിടുത്തങ്ങളോ ഉണ്ടാകുവാൻ പാടുള്ളതല്ല; ദൈവമക്കൾ പരിജ്ഞാനമുള്ളവരായി യോഗ്യവും മാന്യവുമായ വസ്ത്രം ധരിച്ച് പൊതുസമൂഹത്തിൽ ദൈവസഭയുടെ അഭിമാനം കാത്തുസൂക്ഷിക്കേണ്ടതാകുന്നു.

**4. കേശാലങ്കാരം**

മണവാട്ടി തലമുടി ഭംഗിയായി കെട്ടിവയ്ക്കുകയും തലയിൽ ദൈവവചനം അനുശാസിക്കുന്നതുപോലെ മൂടുപടം ഇടുകയും വേണം. മണവാളൻ ദൈവവചനപ്രകാരം മുടി കത്രിക്കണം. ഒരു കാരണവശാലും തലമുടി നീട്ടിവളർത്തരുത്. അതുപോലെ ആധുനികത എന്നു പറയുന്ന വിരൂപമായ പരിഷ്കാരങ്ങൾ ദൈവമക്കളുടെ കേശാലങ്കാരങ്ങളിൽ കടന്നുകൂടരുത്.

**5. സ്വർണ്ണാഭരണങ്ങൾ**

ദൈവസഭ ഉപേക്ഷിച്ച സ്വർണ്ണാഭരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ തിരികെ കൊണ്ടുവരരുത്. വരനും വധുവും വിവാഹമോതിരമെങ്കിലും ധരിക്കണമെന്നുള്ള ചിന്താഗതിക്കാർ ഇപ്പോൾ ചിലയിടങ്ങളിൽ എഴുന്നേറ്റിട്ടുണ്ട്. ഇതുവരെയും ദൈവസഭയ്ക്ക് വിവാഹത്തിന്റെ തെളിവിനും ഉറപ്പിനുമായി ഇത്തരം വസ്തുക്കളുടെ

ആവശ്യം ഉണ്ടാകാതിരുന്നതുപോലെ ഇനി മേലിലും അതിന്റെ ആവശ്യമില്ലാത്തതാകുന്നു. എന്നാൽ ഇതിനു വിരുദ്ധമായി യെഹൂദാ പാരമ്പര്യപ്രകാരമുള്ള വിവാഹമോതിരമിടീൽ ചടങ്ങാണ് മോതിരം കൈമാറുന്നതിനോടുള്ള ബന്ധത്തിൽ തെളിവായി ചിലർ ചൂണ്ടിക്കാണിക്കുന്നത്. അങ്ങിനെയെങ്കിൽ എന്തുകൊണ്ട് ശവസംസ്കാര ശുശ്രൂഷയിൽ യെഹൂദാമര്യാദപ്രകാരം ശവം സംസ്കരിക്കുന്നതു പോലെ സുഗന്ധവർഗങ്ങൾ ഇട്ട് ശീലകൾ കെട്ടി സംസ്കരിക്കുന്നില്ല എന്ന മറുചോദ്യമാണ് ഇത്തരം അഭിപ്രായമുള്ളവരോട് ചോദിക്കുവാനുള്ളത്. ദൈവസഭ അനുവർത്തിച്ചുവരുന്ന കീഴ്‌വഴക്കങ്ങൾ തനതായതും തനിമയുള്ളതുമാണ്. പുതിയനിയമ ദൈവസഭയുടെ ശുശ്രുഷകളെല്ലാം നവീനമാണ് അത് ഇനി നവീകരിക്കപ്പെടേണ്ട ആവശ്യമേയില്ല. അതെക്കുറിച്ച് പുതിയനിയമത്തിന്റെ സ്ഥാപകനായ യേശുക്രിസ്തു അരുളിച്ചെയ്തിരിക്കുന്നത് ഇപ്രകാരമാണ്.

> കോടിത്തുണികണ്ടം ആരും പഴയവസ്ത്രത്തിൽ ചേർത്തു തുന്നുമാറില്ല; തുന്നിച്ചേർത്താൽ അതുകൊണ്ട് വസ്ത്രം കീറും; ചീന്തൽ ഏറ്റവും വല്ലാതെയായിത്തീരും. പുതുവീഞ്ഞ് പഴയ തുരുത്തിയിൽ പകരുമാറില്ല; പകർന്നാൽ തുരുത്തി പൊളിഞ്ഞ് വീഞ്ഞ് ഒഴുകിപ്പോകും; തുരുത്തിയും നശിച്ചുപോകും. പുതു വീഞ്ഞ് പുതിയ തുരുത്തിയിലേ പകർന്നു വയ്ക്കയുള്ളൂ; അങ്ങനെ രണ്ടും ഭദ്രമായിരിക്കും (മത്താ. 9:16-17)

കർത്താവിന്റെ വാക്കുകളിൽ നിന്ന് വ്യക്തമാക്കപ്പെടുന്നത് പഴയനിയമത്തിന്റെ ആചാരാനുഷ്ഠാനങ്ങൾക്കൊന്നും പുതിയനിയമ ദൈവസഭയുടെ ശുശ്രൂഷകളുമായി യാതൊരു വിധ ബന്ധവുമില്ലായെന്നുള്ളതാണ്. അതിനാൽ യെഹൂദാമര്യാദപ്രകാരമുള്ള ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, സംസ്കാരം എന്നിവയൊന്നും പുതിയനിയമത്തിലെ സഭയോടുള്ള ബന്ധത്തിൽ കൂട്ടിക്കലർത്തരുതെന്നാണ് കർത്താവ് വ്യക്തമായി തിരുവചനത്തിൽ അരുളിച്ചെയ്തിട്ടുള്ളത്. ദൈവവചനത്തിന് വിരുദ്ധമായ ആചാരാനുഷ്ഠാനങ്ങളിലേക്ക് പുതിയനിയമസഭയെ ആരെങ്കിലും വഴിതെറ്റിക്കുവാൻ ശ്രമിച്ചാൽ അത് ദൈസന്നിധിയിൽ കുറ്റകരമായിരിക്കും. യെഹൂദന്മാരുടെയോ മറ്റ് ആരുടെയെങ്കിലുമൊക്കെ പാരമ്പര്യവും ആചാരങ്ങളും ദൈവസഭയ്ക്കുള്ളിലേക്ക് വിശേഷാൽ വിവാഹത്തോടുള്ള ബന്ധത്തിൽ പ്രവേശിപ്പിക്കുവാനുള്ള പൈശാചികതന്ത്രത്തെ ഒരുവിധത്തിലും അനുവദിച്ചുകൂടാ. ഇതിന് വിരുദ്ധമായി മോതിരം കൈമാറൽ പോലുള്ള ചടങ്ങൾ അനുവദിച്ചാൽ ക്രമേണ അത്

മോതിരം വാഴ്ത്തൽ, മന്ത്രകോടി, മിന്നുകെട്ട്, കിരീടം അണിയിക്കൽ എന്നീ തെറ്റായ പ്രവണതകളിലേക്ക് ദൈവസഭയെ കൊണ്ടുചെന്ന് എത്തിക്കും. അതിനാൽ ഇത്തരം തെറ്റായ നടപടികളിലേക്കുള്ള ചുവടുവയ്പുകളെ തിരിച്ചറിഞ്ഞ് ദൈവമക്കൾ ശക്തമായി എതിർത്ത് അവയെ ഇല്ലായ്മ ചെയ്യേണ്ടതാകുന്നു.

**6. സമയക്രമീകരണം**

വിവാഹദിനത്തിൽ വളരെ ശ്രദ്ധിക്കേണ്ട കാര്യമാണ് സമയത്തിന്റെ ക്രമീകരണം. നിശ്ചയിച്ചിരിക്കുന്ന സമയത്ത് വിവാഹശുശ്രൂഷ തുടങ്ങണമെങ്കിൽ അതിന് തക്ക സമയക്രമീകരണം രാവിലെ എഴുന്നേൽക്കുന്നതുമുതൽ ഉണ്ടായിരിക്കണം. നിശ്ചിത സമയത്ത് എത്തിച്ചേരുവാൻ സാധിക്കാത്തവിധം ദൂരം കൂടുതലാണെങ്കിൽ അത്യാവശ്യം വേണ്ടവർ മുന്നമെ പോയി വിവാഹസ്ഥലത്തിനടുത്ത് താമസിക്കുന്നതാണ് ഉചിതം. സമയക്ലിപ്തത പാലിക്കുന്നതിൽ തുടക്കത്തിൽത്തന്നെ വീഴ്ചവന്നാൽ അത് പിന്നീടുള്ള സകലകാര്യങ്ങളെയും ദോഷകരമായി ബാധിക്കും അതുകൊണ്ട് വീട്ടിൽനിന്ന് പുറപ്പെടേണ്ടസമയത്തുതന്നെ പുറപ്പെടത്തക്കവണ്ണം കാര്യങ്ങൾ ആസൂത്രണം ചെയ്യേണ്ടതാകുന്നു. എല്ലാ കാര്യങ്ങളും സാവകാശമായി ചെയ്ത് ഇരുകൂട്ടരും സന്തോഷത്തോടെ വിവാഹസ്ഥലത്ത് കൃത്യസമയത്ത് എത്തിച്ചേരുന്നത് അനുഗ്രഹമാണ്. അതിന് വിഘാതം വരാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകതന്നെ വേണം. ഫോട്ടോ, വീഡിയോ എന്നിവ എടുക്കുന്നതിലാണ് പലപ്പോഴും ഉദ്ദേശിക്കുന്ന സമയത്തേക്കാൾ കൂടുതൽ സമയം ചെലവഴിക്കപ്പെടുന്നത്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ അത് നേരത്തേ തുടങ്ങത്തക്കവണ്ണം ക്രമീകരിക്കുന്നത് നന്നായിരിക്കും. കൃത്യസമയത്ത് വീട്ടിൽനിന്ന് പ്രാർത്ഥിച്ച് ദൈവകരങ്ങളിൽ ഏല്പിച്ചുവേണം വിവാഹത്തിനായി പുറപ്പെടേണ്ടത്.

**7. യാത്രാ ക്രമീകരണം**

നേരത്തേ ആലോചിച്ച് എത്ര വാഹനങ്ങൾ വേണമെന്നുള്ളത് തീരുമാനിക്കേണ്ടതാകുന്നു. വാഹനങ്ങൾ കൃത്യസമയത്ത് വരുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും വേണമെങ്കിൽ അതിന്റെ ചുമതല ഉത്തരവാദപ്പെട്ട ഒരാളെ ഏല്പിക്കാവുന്നതുമാണ്. വിവാഹത്തിന് പോകേണ്ടവർ എല്ലാവരും വാഹനങ്ങളിൽ കയറി എന്ന് ഉറപ്പു വരുത്തിയതിനുശേഷം വാഹനങ്ങൾ പുറപ്പെടേണ്ടതാകുന്നു. വഴിയെക്കുറിച്ചുള്ള വിവരണം വാഹനം ഓടിക്കുന്ന എല്ലാ

വരെയും മുന്നമേ അറിയിക്കുന്നത് ബുദ്ധിമുട്ട് കൂടാതെ വിവാഹ സ്ഥലത്ത് എത്തിച്ചേരുന്നതിന് സഹായകരമായിരിക്കും.

വധൂവരന്മാരുടെ വാഹനങ്ങൾ അലങ്കരിക്കണം, എന്നാൽ അത് ആർഭാടമാകരുത്. അതുപോലെ ആഡംബരവാഹനങ്ങൾ വാടകയ്ക്ക് എടുത്ത് പണം വെറുതെ ചെലവഴിക്കുന്നതുകൊണ്ട് പ്രത്യേകിച്ച് പ്രയോജനമൊന്നുമില്ല. വിവാഹത്തിന് ആവശ്യമായതൊക്കെ വേണം എന്നാൽ അനാവശ്യമായതിനൊന്നും പണമോ സമയമോ ചെലവഴിക്കരുത്.

**8. വിവാഹശുശ്രൂഷയ്ക്ക് മുൻപുള്ള നടപടിക്രമങ്ങൾ**

വിവാഹശുശ്രൂഷാവേദിയിലേക്ക് വധൂവരന്മാരെ ആനയിക്കുന്നതിനു മുൻപ് അതിനുള്ള ഒരുക്കങ്ങൾ ആവശ്യമാണ്. ആദ്യം വരനും കൂട്ടരുമാണ് വിവാഹവേദിയിലേക്ക് പ്രവേശിക്കുന്നത്. അതിനുശേഷമാണ് വധുവും വേണ്ടപ്പെട്ടവരും വേദിയിലേക്ക് പ്രവേശിക്കുന്നത്. യെഹൂദ ആചാരപ്രകാരമുള്ള പ്രത്യേക ആനയിക്കൽ ചടങ്ങുകളുടെയൊന്നും ആവശ്യമില്ല. വിശുദ്ധ ബൈബിൾ വരന്റെയും വധുവിന്റെയും കൈവശം ഉണ്ടായിരിക്കേണ്ടതാണ്. വിവാഹത്തിന് സാക്ഷികളായി ഒപ്പിടേണ്ടവരോട് ആ കാര്യം നേരത്തേ പറഞ്ഞ് ബോദ്ധ്യപ്പെടുത്തേണ്ടതാണ്. അതുപോലെ വിവാഹശുശ്രൂഷയ്ക്ക് ശേഷം വധൂവരന്മാർ സമർപ്പിക്കേണ്ട സ്തോത്രക്കാഴ്ചയ്ക്കുള്ള ക്രമീകരണം വേണ്ടപ്പെട്ടവർ മുന്നമെ കരുതിയിരിക്കേണ്ടതാണ്.

നിയുക്ത വരനെയും വധുവിനെയും വിവാഹവേദിയിലേക്ക് ആനയിക്കുന്നതിനു മുൻപുള്ള ഒരുക്കങ്ങൾ പൂർത്തീകരിക്കപ്പെട്ടാൽ ആ വിവരം വിവാഹശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്ന അദ്ധ്യക്ഷനെ വേണ്ടപ്പെട്ടവർ അറിയിക്കേണ്ടതാകുന്നു. അതിനനുസരിച്ച് വിവാഹശുശ്രൂഷ പ്രാർത്ഥിച്ച് ആരംഭിക്കുകയും വിവാഹശുശ്രൂഷയുടെ അദ്ധ്യക്ഷന്റെ അനുവാദത്തോടെ നിയുക്ത വരനും വധുവും അവർക്കായി ഒരുക്കപ്പെട്ടിരിക്കുന്ന ഇരിപ്പിടങ്ങൾക്കരികെ കുടുംബാംഗങ്ങളോടൊപ്പം വന്ന് നിൽക്കേണ്ടതുമാകുന്നു. അവർ വിവാഹവേദിയിൽ പ്രവേശിച്ചതിനെ തുടർന്നാണ് വിവാഹശുശ്രൂഷുടെ അടുത്ത കാര്യപരിപാടികളിലേക്ക് അദ്ധ്യക്ഷൻ പ്രവേശിക്കുന്നത്.

**9. വിവാഹശുശ്രൂക്ഷ**

വിവാഹദിനത്തിലെ സുപ്രധാനമായ വിവാഹശുശ്രൂഷ വളരെ മനോഹരവും പരിശുദ്ധാത്മാവിന്റെ ചൈതന്യത്തോടും നിറവോടും

കൂടെ നടത്തപ്പെടേണ്ട ശുശ്രൂഷയാകുന്നു. അതിനാൽ വിവാഹശുശ്രൂഷയ്ക്ക് മുമ്പുള്ള ദിവസങ്ങളിൽ വരനും വധുവും അവരവരുടെ ഭവനങ്ങളിൽവച്ച് ഉപവസിച്ച് പ്രാർത്ഥിച്ച് വിവാഹത്തിനായി ഒരുങ്ങുന്നത് അഭികാമ്യമാകുന്നു. അതുപോലെ ഇരു കുടുംബക്കാർക്കും സഭകൾക്കും വേണ്ടപ്പെട്ടവർക്കും വിവാഹശുശ്രൂഷയോടുള്ള ബന്ധത്തിൽ പ്രത്യേകം കരുതലും പ്രാർത്ഥനയും ഉണ്ടായിരിക്കണം.

സമയക്ലിപ്തത പാലിക്കുന്നത് വിവാഹ ശുശ്രൂഷയുടെ മാറ്റ് വർദ്ധിപ്പിക്കുന്നതാണ്. അതുകൊണ്ട് ശുശ്രൂഷയുടെ ഓരോ ഘട്ടങ്ങളും നിശ്ചിതസമയത്തിനുള്ളിൽ പൂർത്തീകരിക്കപ്പെടുന്ന വിധത്തിലായിരിക്കണം ക്രമീകരിക്കേണ്ടത്.വിവാഹശുശ്രൂഷ ഭംഗിയായി നടത്തുന്നതിന്റെ ഉത്തരവാദിത്വം അദ്ധ്യക്ഷനിലാണ് നിക്ഷിപ്തമായിരിക്കുന്നത്. അതുകൊണ്ട് അതിനു പ്രാപ്തിയുള്ള ദൈവദാസനായിരിക്കണം അദ്ധ്യക്ഷസ്ഥാനം അലങ്കരിക്കേണ്ടത്. നിശ്ചിത സമയങ്ങളിൽ ആത്മീയഗീതങ്ങൾ മനോഹരമായി ആലപിക്കുന്നത് വിവാഹ ശുശ്രൂഷയുടെ അനുഗ്രഹമാണ്. അത് ഭംഗിയായി നടത്തപ്പെടുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. ദൈവവചന ശുശ്രൂഷയ്ക്ക് സുപ്രധാനമായ സ്ഥാനമാണ് വിവാഹ ശുശ്രൂഷയിലുള്ളത്. അതുകൊണ്ട് അതിനു പ്രാപ്തന്മാരായ ദൈവദാസന്മാരെ ആ ദൗത്യം ഏല്പിക്കേണ്ടതാകുന്നു.

വിവാഹം പൊതുശുശ്രൂഷയായതുകൊണ്ട് സമൂഹത്തിലെ നാനാവിഭാഗങ്ങളിൽപ്പെട്ടവർ സദസ്സിൽ ഉൾപ്പെടുന്നു എന്ന കാഴ്ചപ്പാട് വിവാഹശുശ്രൂഷയുടെ ഉത്തരവാദിത്വം വഹിക്കുന്ന എല്ലാവർക്കും ഉണ്ടായിരിക്കേണ്ടതാകുന്നു. ഉദാഹരണമായി വിവാഹശുശ്രൂഷയിൽ പങ്കെടുക്കുന്ന എല്ലാ സ്ത്രീകളും തലയിൽ മൂടുപടം ഇടണമെന്ന് നിർബന്ധം പിടിക്കരുത്. വിശ്വാസികളായ സ്ത്രീകൾ വിവാഹശുശ്രൂഷ ആത്മീയശുശ്രൂഷയായി കരുതി തലയിൽ മൂടുപടം ഇടുകതന്നെ ചെയ്യണം. അത് മറ്റുള്ളവർക്ക് മാതൃകയായിരിക്കും. അതിനനുസരിച്ച് മറ്റുള്ളവർ ചെയ്യുന്നില്ലായെങ്കിൽ അത് കാര്യമായി ഗൗനിക്കേണ്ട ആവശ്യമില്ല. ഓരോ മതത്തിന്റെയും ആചാരം അനുസരിച്ച് ഓരോരുത്തരും ചെയ്യട്ടെ. അതിന് പൊതുസദസ്സിലെ മറ്റുള്ളവരെ നിർബന്ധിക്കുന്നത് ഉചിതമല്ല.

വിവാഹശുശ്രൂഷ പ്രാർത്ഥിച്ച് ആരംഭിച്ച് ആശീർവാദം പറയുന്നതുവരെയുള്ള സമയം രണ്ടു മണിക്കൂറിൽ അധികം നീണ്ടുപോകാതിരിക്കുവാൻ ശുശ്രൂഷകൾ നിർവ്വഹിക്കുന്നവർ ശ്രദ്ധിക്കേണ്ട

താകുന്നു. അതുപോലെ വിവാഹശുശ്രൂഷയുടെ സുപ്രധാനഭാഗമാകുന്ന ശുശ്രൂഷ ചെയ്യുന്ന ദൈവദാസൻ വചനപരിജ്ഞാനവും പരിചയവും പക്വതയും ഉള്ള ആൾ ആയിരിക്കണം. വിവാഹസർട്ടിഫിക്കറ്റ് അപ്പോൾതന്നെ കൊടുക്കുന്നത് ഏറെ നല്ലതാണ്. എന്നാൽ പിഴവുകൾ കൂടാതെ വിവാഹരജിസ്റ്റർ, സർട്ടിഫിക്കറ്റ് എന്നിവ പൂരിപ്പിക്കേണ്ടതാകുന്നു. ചില സന്ദർഭങ്ങളിൽ ആശംസകളും കൃതജ്ഞതയും നീണ്ട പ്രസംഗങ്ങളായി മാറുന്നതുകൊണ്ട് സമയം ദീർഘമായിപ്പോകുകയും അത് സദസ്യരിൽ മടുപ്പുളവാക്കുകയും ചെയ്യുന്നു. അതിനാൽ സമയം ദുർവ്യയം ചെയ്യാതെ ഇത്തരം കാര്യങ്ങൾ ഭംഗിയോടെ നിർവ്വഹിക്കേണ്ടതാകുന്നു.

വിവാഹദിനത്തിലെ മഹനീയസന്ദർഭം വിവാഹശുശ്രൂഷയുടെ സുപ്രധാന കർമ്മികത്വം വഹിക്കുന്ന ദൈവദാസൻ മണവാളന്റെയും മണവാട്ടിയുടെയും വലതു കരങ്ങളെ തമ്മിൽ യോജിപ്പിച്ച് അവർ ഇരുവരെയും ദൈവവചനത്താൽ ഭർത്താവും ഭാര്യയും ആക്കിത്തീർക്കുന്നതാകുന്നു. ഈ സന്ദർഭത്തിൽ ആദരപൂർവ്വം സദസ്സ് ഒന്നടങ്കം എഴുന്നേറ്റ് നിന്ന് ദൈവഹിതത്താൽ സംജാതമായ പുതിയ കുടുംബത്തെ അനുഗ്രഹിച്ച് പ്രാർത്ഥിക്കേണ്ടതാകുന്നു. അവർ ഭർത്താവും ഭാര്യയും ആയിത്തീർന്നു എന്ന് ദൈവനാമത്തിൽ വിളംബരം ചെയ്യുന്ന ദൈവദാസൻ ശുശ്രൂഷ പൂർത്തീകരിക്കുന്നതിനു മുൻപ് കൂടിവന്ന സകലരെയും അറിയിക്കുന്ന സുപ്രധാനമായ കാര്യം കർത്താവായ യേശുക്രിസ്തു വിവാഹമോചനത്തോടുള്ള ബന്ധത്തിൽ അരുളിച്ചെയ്ത തിരുവാമൊഴിയാണ്. അത് "ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്" എന്നുള്ളതാകുന്നു; ഇത് മൂന്നു പ്രാവശ്യം ആവർത്തിച്ച് പറയുമ്പോൾ സദസ്സ് ഒന്നടങ്കം അങ്ങനെതന്നെ എന്നർത്ഥം വരുന്ന ആമ്മേൻ എന്നു പറയേണ്ടതും മേലാൽ കുടുംബജീവിതത്തിന്റെ നന്മയ്ക്ക് വിഘാതം വരുന്ന ഒരു കാര്യങ്ങളിലും ഇടപെടാൻ പാടില്ലാത്തതുമാകുന്നു.

### 10. വിവാഹാനന്തര നടപടിക്രമങ്ങൾ

വിവാഹശുശ്രൂഷ പ്രാർത്ഥിച്ച് ആശീർവാദം പറഞ്ഞതിനുശേഷം വിവാഹാനന്തര നടപടിക്രമങ്ങളിലേക്ക് പ്രവേശിക്കാവുന്നതാണ്. വരനും വധുവും ഒന്നിച്ച് കേക്ക് മുറിക്കുന്നതും മധുരപാനീയം ഒരുമിച്ചു കുടിക്കുന്നതുമൊക്കെ ചെയ്യുന്നതിൽ തെറ്റില്ല. അതൊന്നും വിവാഹശുശ്രൂഷയുടെ ഭാഗമാകുന്നില്ല. എന്നാൽ അതിനപ്പുറമായി

ജാതീയ ആചാരങ്ങൾ ഒന്നുംതന്നെ ദൈവമക്കൾ യാതൊരു കാരണവശാലും ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു. ഇവ കൂടാതെ വിവാഹാനന്തര നടപടിക്രമങ്ങളിൽ സുപ്രധാനമായിട്ടുള്ളത് കല്യാണസദ്യ, ഗൃഹപ്രവേശം, കുടുംബജീവിതം എന്നിവയാണ്. അവയെക്കുറിച്ചാണ് ഈ ഗ്രന്ഥത്തിലെ അടുത്ത മൂന്ന് അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്. അതിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് നിഴലായി നടത്തപ്പെടുന്ന വിവാഹശുശ്രൂഷയുടെ ആത്മീയ പൊരുൾ എന്താകുന്നു എന്നതിന്റെ വിശദദീകരണത്തിലേക്കാണ് തുടർന്ന് നാം പ്രവേശിക്കുന്നത്.

## തിരുവചനത്തിലെ പൊരുളായ വിവാഹം

> അതു നിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായി തീരും. ഈ കർമ്മം വലിയത്; ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നത് (എഫെ. 5:31-32)

തിരുവചനത്തിലെ മർമ്മം ദൈവരാജ്യവും ഏറ്റവും വലിയ മർമ്മം ക്രിസ്തുവും സഭയുമാകുന്നു. അനാദിയിലെ ദൈവീകപദ്ധതി പ്രകാരമുള്ളതാണ് കുഞ്ഞാടിന്റെ വിവാഹം. അത് നിറവേറപ്പെടുന്നത് സ്വർഗാധിസ്വർഗത്തിൽ വച്ച് കുഞ്ഞാടിന്റെ കല്യാണനാളിലാണ്. മൂന്ന് ഗാഢനിദ്രകളോടുള്ള ബന്ധത്തിൽ നാം ചിന്തിച്ച മൂന്ന് വിവാഹങ്ങൾ നിഴലുകളാകുന്നു. അതെല്ലാം സമ്പൂർത്തീകരിക്കപ്പെടുന്നത് യേശുക്രിസ്തു മുഖാന്തിരമാകുന്നു. പ്രാകൃതമത്രേ ഒന്നാമത്തേത് ആത്മീകം പിന്നത്തേതിൽ വരുന്നു എന്ന ദൈവവചനപ്രകാരം ഇതുവരെ നാം ചിന്തിച്ച മൂന്ന് വിവാഹങ്ങളും ഭൗമികജീവിതത്തോടുള്ള ബന്ധത്തിൽ നിറവേറുന്നതിനെക്കുറിച്ചായിരുന്നു. എന്നാൽ അവയുടെ പിൻപിൽ മറഞ്ഞിരിക്കുന്ന ആത്മീകമായ സ്വർഗീയമായിട്ടുള്ളതു മുഴുവൻ സമ്പൂർത്തീകരിക്കപ്പെടുന്നത് പുതിയ ആകാശ പുതിയ ഭൂമിയിലാകുന്നു. അതിനെല്ലാം കാരണഭൂതൻ കർത്താവായ യേശുക്രിസ്തുവാകുന്നു. അവൻ മുഖാന്തരമാണ് ദൈവത്തിൽനിന്ന് അകന്നുപോയ മാനവജാതിക്ക് ദൈവത്തോട് അടുത്തുവരുവാൻ കാരണമായ നിരപ്പുണ്ടായത്.

> അവനിൽ സർവ്വ സമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തിരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി (കൊലൊ. 1:19-20)

ഏകമനുഷ്യനായ ആദാമിന്റെ അനുസരണക്കേടിനാൽ പാപവും മരണവും ലോകത്തിൽ വ്യാപരിച്ചു. എന്നാൽ ഒടുക്കത്തെ ആദാമായ യേശുക്രിസ്തു എന്ന ഏകന്റെ അനുസരണത്താലാണ് മനുഷ്യരിൽ നിന്ന് പാപവും മരണവും നീങ്ങി അനേകർ ദൈവത്തോട് സമാധാനവും നിരപ്പും പ്രാപിക്കുന്നത്. പാപത്തിൽ ജനിച്ച മനുഷ്യനെ പാപമില്ലാത്ത പുതിയ മനുഷ്യനാക്കി സൃഷ്ടിക്കുന്നത് കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടാകുന്നു.

> ഒരുത്തൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടി ആകുന്നു; പഴയത് കഴിഞ്ഞുപോയി, ഇതാ, അത് പുതുതായി തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നെ കാരണഭൂതൻ; അവൻ നമ്മെ ക്രിസ്തു മൂലം തന്നോടു നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു (2കൊരി. 5:17 - 18)

ആദാമികപാപം മുഖാന്തരം ദൈവത്തിൽനിന്ന് അകന്ന് ദൂരസ്ഥരായിത്തീർന്ന നമ്മെ ദൈവത്തിനു സമീപസ്ഥരാക്കിത്തീർത്തത് യേശുക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ പുതിയനിയമത്തിന്റെ പുണ്യാഹരക്തം നിമിത്തമാകുന്നു. പുതിയനിയമം ആദാമിക മാനവരാശിയെ മൂന്നായിട്ടാണ് തരം തിരിക്കുന്നത്.

1 ക്രിസ്തുവിന്റെ രക്തം മുഖാന്തിരം ദൈവത്തോട് സമീപസ്ഥരായിരിത്തീരുന്നവർ

2 കുഞ്ഞാടിന്റെ വിലയേറിയ രക്തം ക്രൂശിൽ ചൊരിഞ്ഞിട്ടും അതിനെ ഗണ്യമാക്കാതെ ദൈവത്തിൽനിന്ന് അകന്നുപോകുന്നവർ

3 കുഞ്ഞാടിന്റെ പരമയാഗത്തെക്കുറിച്ച് അറിവു ലഭിക്കാത്തവർ

**1. ക്രിസ്തുവിന്റെ രക്തം മുഖാന്തിരം ദൈവത്തോട് സമീപസ്ഥരായിരിത്തീരുന്നവർ**

ദൈവത്തോട് നിരപ്പ് പ്രാപിച്ച് സമീപസ്ഥരാകുന്നവരിൽ മൂന്ന് ഉപവിഭാഗങ്ങളാണുള്ളത്.

**അതിവിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കുന്നവർ**

കുഞ്ഞാടിന്റെ രക്തത്തിൽ പൂർണ്ണമായി ആശ്രയിച്ച് ദൈവത്തോട് ഏറ്റവും അധികം നിരപ്പും അതുനിമിത്തം പൂർണ്ണ സമാധാനവും പ്രാപിക്കുന്നവർ. പുതിയനിയമത്തിലെ അതിശ്രേഷ്ഠമായ നിരയിലുൾപ്പെടുന്നവരുടെ ഗണമാണിത്. ഈ ഗണത്തിൽപ്പെടുന്നവരാണ് ധൈര്യപൂർവ്വം കൃപാസനത്തോട് അടുത്തു ചെല്ലുന്നവർ. അവരാണ് കുഞ്ഞാടിന്റെ മണവാട്ടിസഭ. മാനവരാശിയോടുള്ള ദൈവീകനിത്യത

യിൽ ഇവർ പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തിലെ മന്ദിര മാകുന്ന കുഞ്ഞാടിനോടു കൂടെയാണ് കാണപ്പെടുന്നത്.

**വിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കപ്പെടുന്നവർ**

ദൈവത്തോട് അധികം നിരപ്പും അതുനിമിത്തം അധികം സമാധാനവും പ്രാപിക്കുന്നവരാണ് രണ്ടാമത്തെ ഗണത്തിൽപ്പെടുന്നവർ. പുതിയ യെരുശലേം എന്ന വിശുദ്ധനഗരത്തിൽ കുഞ്ഞാടിനോട് കൂടെ നിത്യം വസിക്കുവാൻ യോഗ്യത പ്രാപിക്കുന്നത് പുതിയ നിയമത്തിലെയും പഴയനിയമത്തിലെയും ശ്രേഷ്ഠന്മാരുടെ നിരകളിലുൾപ്പെടുന്നവരാകുന്നു. ഇവരിൽ വിശുദ്ധ നഗരത്തിന്റെ ഭാഗമായി തീരുന്നത് പുതിയനിയമ സഭയുടെ ശ്രേഷ്ഠന്മാരുടെ പദവി പ്രാപിക്കുന്ന വിശുദ്ധന്മാരാകുന്നു. പഴയനിയമ ശ്രേഷ്ഠന്മാർ വിശുദ്ധനഗരത്തിന്റെ മതിലിന്റെ ഭാഗം ആകുമ്പോൾ യിസ്രായേലിൽ നിന്നുള്ള പന്ത്രണ്ട് ഗോത്രങ്ങളിൽനിന്നും എതിർക്രിസ്തുവിന്റെ ഭരണത്തിൽ രക്തസാക്ഷിത്വം വരിക്കുന്ന നൂറ്റിനാല്പത്തിനാലായിരം പേരാണ് നഗരഗോപുരങ്ങളുടെ ഭാഗമായിത്തീരുന്നത്.

**പ്രാകാരത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നവർ**

ദൈവത്തോട് നിരപ്പും സമാധാനവും പ്രാപിക്കുന്നവരാണ് വിശ്വാസജീവിതത്തിന്റെ തുടക്കക്കാരാകുന്നവർ. അവർ ശിശുക്കൾക്ക് തുല്യരും ജീവപുസ്തകത്തിൽ പേർ എഴുതപ്പെട്ടിട്ടുള്ളവരും ആകുന്നു. പുതുവാനഭൂമിയിൽ ദൂതതുല്യരായി ഭൗമികതേജസ്സോടെ നിത്യതയിൽ വാഴുന്നവരാണ് ഈ ഗണത്തിൽപ്പെടുന്നവർ.

**2. കുഞ്ഞാടിന്റെ വിലയേറിയ രക്തം ക്രൂശിൽ ചൊരിഞ്ഞിട്ടും അതിനെ ഗണ്യമാക്കാതെ ദൈവത്തിൽനിന്ന് അകന്നുപോകുന്നവർ**

ദൈവത്തിൽനിന്ന് നിരപ്പു പ്രാപിക്കാതെ അകന്നു പോകുന്നവരിൽ രണ്ട് ഉപവിഭാഗങ്ങളാണുള്ളത്

**അഗ്നിനരകത്തിൽ കഠിനശിക്ഷ അനുഭവിക്കേണ്ടവർ**

ദൈവത്തിൽനിന്ന് നിരപ്പു പ്രാപിക്കാത്തവരും ഏറ്റവും അധികം അകന്നു പോകുന്നവരുമാണ് ഏറ്റവും അധികം ശപിക്കപ്പെട്ടവരുടെ ഗണത്തിൽപ്പെടുന്നവർ. ദൈവത്തിൽനിന്ന് അകന്നുപോകുന്നവർ ശപിക്കപ്പെട്ടവരാകുമ്പോൾ ഏറ്റവും അധികം അകന്നുപോകുന്നവർ ഏറ്റവും അധികം ശപിക്കപ്പെട്ടവരാകുന്നു. ദൈവസ്നേഹം തിരിച്ചറിഞ്ഞിട്ട് അതിൽനിന്ന് അകന്നുപോകുന്നവരാണ് പാപംചെയ്ത ദൂതന്മാർക്ക് തുല്യരായി നിത്യതയിൽ പൈശാചിക ത്രിമൂർത്തി

കളോടൊപ്പം അഗ്നിനരകത്തിലെ കഠിനയാതന അനുഭവിക്കേണ്ടി വരുന്നവർ. ജീവപുസ്തകത്തിൽ പേരില്ലാത്ത കഠിന പാപികളാകുന്നവരാണ് ഈ കൂട്ടത്തിലുള്ളവർ.

**അഗ്നിനരകത്തിൽ ശിക്ഷ അനുഭവിക്കേണ്ടവർ**

ദൈവത്തിൽനിന്ന് നിരപ്പു പ്രാപിക്കാതെ ജീവനിൽനിന്ന് അകന്നുപോകുന്നവർ ശപിക്കപ്പെട്ട പാപികളാകുന്നു. അവർ നിത്യതയിൽ അഗ്നിനരകത്തിൽ നിത്യദണ്ഡനം അനുഭവിക്കേണ്ടിവരും. ജീവപുസ്തകത്തിൽ പേരില്ലാത്ത പാപികളാണ് ഈ ഗണത്തിൽപ്പെടുന്നവർ.

**3. കുഞ്ഞാടിന്റെ പരമയാഗത്തെക്കുറിച്ച് അറിവു ലഭിക്കാത്തവർ**

മാനവരാശിയിൽ ദൈവീകപദ്ധതിയെക്കുറിച്ചുള്ള അറിവ് ഇന്നുവരെയും ലഭിക്കാത്ത അനേകരുണ്ട് ദൈവം അവരുടെ മനസ്സാക്ഷിക്കനുസരിച്ചാണ് അവരോട് ഇടപെടുന്നത്. സർവ്വഹൃദയങ്ങളെയും അറിയുന്നവനും മുഖപക്ഷമില്ലാത്തവനുമായ സർവ്വശക്തൻ അവരിൽ നിഷ്കളങ്കരായവരെ ഒരുനാളും തള്ളിക്കളയുകയില്ല. ദൈവത്തോട് ഏറ്റവും കൂടുതൽ അടുക്കുന്നത് കുഞ്ഞാടിന്റെ മണവാട്ടിസഭയിൽ ഉള്ളവരാകുന്നു അതിന്റെ വിശദാംശങ്ങളിലേക്കാണ് തുടർന്നു നാം പ്രവേശിക്കുന്നത്

## കുഞ്ഞാടിന്റെ വിവാഹത്തിലെ മണവാട്ടി

ദൈവത്തോട് അടുക്കുന്നതിനുള്ള ഏറെ നല്ല പ്രത്യാശയുടെ സ്ഥാപനമാണ് കുഞ്ഞാടിന്റെ വിലയേറിയ രക്തത്താൽ പുതിയ നിയമത്തിൽ സാധ്യമാകുന്നത് (എബ്രാ. 7:19). അതിനാൽ ദൈവത്തോട് അടുക്കുവാനോ അകലുവാനോ ഉള്ള സ്വാതന്ത്ര്യമാണ് ഇന്ന് മനുഷ്യർക്ക് നല്കപ്പെട്ടിരിക്കുന്നത്. ഇതിൽ ദൈവസഭയിൽ വിശുദ്ധിയെ തികച്ച് അനുദിനം സാത്താനോട് എതിർത്തുനിന്ന് ദൈവത്തോട് അധികമധികമായി അടുത്ത് ചെല്ലുന്നവരാണ് കുഞ്ഞാടിന്റെ കാന്ത. അവരെ ചേർക്കുവാനാണ് അതിവിദൂരമല്ലാത്ത ഭാവിയിൽ യേശുക്രിസ്തു മധ്യാകാശത്തിൽ പ്രത്യക്ഷനാകുന്നത്.

ക്രിസ്തു എന്ന ഏകപുരുഷന് വിവാഹനിശ്ചയം ചെയ്തിരിക്കുന്ന നിർമ്മലകന്യകയെ ഒരുക്കിയെടുത്ത് കുഞ്ഞാടിന്റെ അടുക്കൽ എത്തിക്കുന്ന കർത്തവ്യമാണ് പരിശുദ്ധാത്മാവ് ഭൂമിയിൽ കഴിഞ്ഞ രണ്ടായിരത്തിൽപരം വർഷങ്ങളായി സഭായുഗത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. കുഞ്ഞാടിനോട് ചേരുവാനുള്ള മണ

വാട്ടിയുടെ രഹസ്യസംഖ്യ ഇതുവരെ പൂർത്തിയായിട്ടില്ല. അത് പൂർത്തീകരിക്കപ്പെടുന്ന നിമിഷത്തിലാണ് കുഞ്ഞാടാം ദൈവം കാഹളം ഊതി അവന്റെ കാന്തയെ അവനോട് ചേർത്തുകൊള്ളുന്നത്. ദൈവം മനുഷ്യനെ മണ്ണുകൊണ്ട് സൃഷ്ടിച്ച് അവന്റെ മൂക്കിൽ ജീവശ്വാസം ഊതിയപ്പോളാണ് അവൻ ജീവനുള്ള ദേഹിയായി തീർന്നതെങ്കിൽ അതേ ശ്വാസമാണ് മണ്ണിൽനിന്നുള്ള മനുഷ്യരെ തേജസ്സുള്ളവരാക്കിത്തീർക്കുന്നത്. കുഞ്ഞാടിന്റെ കാഹളനാദത്തിലൂടെ വചനമാം ദൈവത്തിന്റെ ശ്വാസമാണ് പുറപ്പെടുന്നത്. ആ ശ്വാസമാണ് പറുദീസയിലെ മൂന്നാം സ്വർഗത്തിലേക്കും ഭൂമിയിലേക്കും അപ്പോൾ വ്യാപരിക്കുന്നത്. മധ്യാകാശപ്രത്യക്ഷതയിൽ ദൈവത്തിന്റെ കാഹളം ഊതുന്നതിന്റെ ആത്മീയ മർമ്മം അവനിൽനിന്ന് പുറപ്പെടുന്ന ജീവശ്വാസം മണവാട്ടിയാകുവാൻ യോഗ്യതയുള്ളവരുടെ മേൽ വ്യാപരിക്കുമ്പോൾ മരിച്ചുപോയവരിൽ അത് പുനരുത്ഥാനവും ജീവനോടിരിക്കുന്നവരിൽ അത് രൂപാന്തരവുമായി പരിണമിച്ച് അവർ തേജസ്സിന്റെ പുത്രന്മാരായിത്തീരുന്നു എന്നുള്ളതാകുന്നു.

കുഞ്ഞാടിനോട് വിവാഹനിശ്ചയം ചെയ്തവരെ അവനോടുള്ള വിവാഹത്തിനായി സ്വർഗാധിസ്വർഗത്തിലേക്ക് പരിശുദ്ധാത്മാവിനാൽ എടുക്കപ്പെടുന്നതോടെയാണ് കുഞ്ഞാടിന്റെ വിവാഹത്തിന്റെ പ്രാരംഭനടപടി ആരംഭിക്കുന്നത്. കുഞ്ഞാടിന്റെ മണവാട്ടിസഭ സ്വർഗത്തിലേക്ക് എടുക്കപ്പെടുന്ന കർത്താവിന്റെ മധ്യാകാശപ്രത്യക്ഷത മുതൽ കല്ല്യാണനാളിൽ കുഞ്ഞാടിന്റെ കല്ല്യാണം നടക്കുന്നതുവരെയുള്ള കാര്യങ്ങളുടെ സംക്ഷിപ്തരൂപമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

* കർത്താവിന്റെ രഹസ്യവരവാകുന്ന മധ്യാകാശപ്രത്യക്ഷതയിൽ പരിശുദ്ധാത്മാവാം ദൈവം കുഞ്ഞാടിന്റെ മണവാട്ടിയെ ഒരുക്കി ആത്മമണവാളനെ എതിരേല്പാൻ അവരെയുംകൊണ്ട് കരേറിപ്പോകുന്നു. മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാനവും അതേനിലവാരത്തിൽ ജീവനോടിരിക്കുന്നവരുടെ രൂപാന്തരവുമാണ് അപ്പോൾ സംഭവിക്കുന്നത്.
* ആദ്യജാതന്മാരുടെ സഭ സൂര്യതേജസ്സോടെ സ്വർഗാധിസ്വർഗത്തിൽ
* മധ്യാകാശയുദ്ധത്തിൽ മീഖായേലിനോടും അവന്റെ ദൂതന്മാരോടുമുള്ള യുദ്ധത്തിൽ സാത്താനും അവന്റെ ദൂതന്മാരും പരാജിതരായി

ദൈവത്തിന്റെ പാദപീഠമാകുന്ന ഭൂമിയിലേക്ക് തള്ളപ്പെടുന്നു.

* മൂന്നരവർഷത്തെ സാത്താനിക മഹോപദ്രവം. ഭൂമി ആത്മീയമായി മരുഭൂമിയായി മാറ്റപ്പെടുന്നു. എതിർക്രിസ്തുവിന്റെ രംഗപ്രവേശത്തിനുള്ള ഒരുക്കങ്ങൾ ഭൂമിയിൽ നടക്കുന്നു.
* മൂന്നരവർഷത്തെ സാത്താനിക മഹോപദ്രവത്തിന്റെ അവസാനത്തിങ്കൽ എതിർക്രിസ്തു മൂന്നര വർഷത്തെ ഭരണത്തിനായി ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നു.
* അന്നു നടക്കുന്ന രണ്ട് സാക്ഷികളുടെ പുനരുത്ഥാനത്തിൽ ഒന്നാമത്തെ ഒലിവുവൃക്ഷം പ്രതിനിധാനം ചെയ്യുന്ന മണവാളന്റെ തോഴ്മക്കാരുടെ ഗണത്തിൽപ്പെടുന്ന പഴയനിയമത്തിലെ ശ്രേഷ്ഠന്മാർ നക്ഷത്രതേജസ്സോടെയും ഒന്നാമത്തെ നിലവിളക്ക് പ്രതിനിധീകരിക്കുന്ന മണവാട്ടിയുടെ തോഴിമാരുടെ ഗണത്തിലുള്ളവർ ചന്ദ്രതേജസ്സോടെയും പുനരുത്ഥാനം പ്രാപിച്ച് സ്വർഗാരോഹണം ചെയ്യുന്നു.
* എതിർക്രിസ്തുവിന്റെ മൂന്നര വർഷത്തെ മൃഗീയ ഭരണത്തിൽ യിസ്രായേൽ ഗോത്രങ്ങളിൽനിന്നുള്ള നൂറ്റിനാൽപത്തിനാലായിരം സഹഭൃത്യന്മാരും സുവിശേഷത്തിന്റെ സാക്ഷ്യത്തിനായി നിലകൊള്ളുന്ന എണ്ണിക്കൂടാത്ത സഹോദരന്മാരും രക്തസാക്ഷികളാകുകയും അവരുടെ ആത്മാക്കൾ യാഗപീഠത്തിൻ കീഴിലേക്ക് പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നു.
* യേശുവിന്റെ രണ്ടാമത്തെ വരവിന്റെ ലക്ഷണങ്ങൾ ഒന്നൊന്നായി ഭൂമിയിൽ നിറവേറപ്പെടുന്നു.
* പ്രതികാരദിവസത്തിൽ മർമ്മം:മഹതിയാം ബാബിലോനിനെ ദൈവം ന്യായം വിധിക്കുന്നു.
* സേനാദിവസത്തിന്റെ ആരംഭത്തിൽ നടക്കുന്ന ഒന്നാമത്തെ പുനരുത്ഥാനം. അന്നാണ് യാഗപീഠത്തിൻകീഴിലുള്ള രക്തസാക്ഷികളുടെ പുനരുത്ഥാനവും സ്വർഗാരോഹണവും നിറവേറപ്പെടുന്നത്.
* ഒന്നാമത്തെ പുനരുത്ഥാനത്തിലാണ് മണവാളന്റെ തോഴ്മക്കാരുടെയും മണവാട്ടിയുടെ തോഴിമാരുടെയും എണ്ണം തികയപ്പെടുന്നത്. അതിൽ രണ്ടാമത്തെ ഒലിവ് വൃക്ഷം പ്രതിനിധീകരിക്കുന്ന മണവാളന്റെ തോഴ്മക്കാരുടെ ഗണത്തിൽ ഉൾപ്പെടുവാനുള്ള സഹഭൃത്യന്മാരായ യിസ്രായേൽ ഗോത്രങ്ങളിൽനിന്നുള്ള നൂറ്റിനാല്പത്തിനാലായിരം പേർ വ്യത്യസ്ഥതയുള്ള നക്ഷത്രതേജ

സ്സിലും രണ്ടാമത്തെ നിലവിളക്ക് പ്രതിനിധീകരിക്കുന്ന മണവാട്ടിയുടെ തോഴിമാരിൽ ഉൾപ്പെടുവാനുള്ള പുതിയനിയമ സഭയുടെ രക്തസാക്ഷികളായ സഹോദരന്മാർ ചന്ദ്രതേജസ്സോടെ യുമാണ് പുനരുത്ഥാനം പ്രാപിച്ച് സ്വർഗാരോഹണം ചെയ്യുന്നത്.

* സേനാദിവസത്തിൽ സ്വർഗീയ സീയോനിൽവച്ച് കുഞ്ഞാടാം ദൈവം ലോകരാജത്വം ഏറ്റെടുക്കുന്നു.
* കർത്താവ് ലോകരാജത്വം ഏറ്റെടുത്തതിനു ശേഷമാണ് മഹാരാ ജാവാം മണവാളനും സഭയാം മണവാട്ടിയും തമ്മിലുള്ള സ്വർഗീയ വിവാഹം കല്ല്യാണനാളിൽ സ്വർഗാധിസ്വർഗത്തിൽവച്ച് നിറ വേറപ്പെടുന്നത്.
* സേനാദിവസത്തിലും കല്ല്യാണനാളിലും സ്വർഗാധിസ്വർഗത്തിൽ മാനവരാശിയിൽനിന്ന് കാണപ്പെടുന്നവർ

| | | |
|---|---|---|
| സൂര്യതേജസ്സ് പ്രാപിക്കുന്ന നിർമ്മലകന്യക | - | നിയുക്ത മണവാട്ടി |
| ചന്ദ്രതേജസ്സ് പ്രാപിക്കുന്ന കന്യകമാർ | - | മണവാട്ടിയുടെ തോഴിമാർ |
| നക്ഷത്രതേജസ്സ് പ്രാപിക്കുന്ന പഴയനിയമ ശ്രേഷ്ഠന്മാരായ വിശുദ്ധന്മാരും നക്ഷത്രതേജ സ്സിൽവ്യത്യസ്തമായ തേജസ്സ് പ്രാപിക്കുന്ന നൂറ്റിനാല്പത്തി നാലായിരവും | - | മണവാളന്റെ തോഴ്മക്കാർ |

* നീതിസൂര്യനായ കുഞ്ഞാടാം ദൈവമാണ് സ്വർഗീയ വിവാഹ ത്തിലെ നിയുക്ത മണവാളൻ.
* സ്വർഗാധിസ്വർഗത്തിൽവച്ച് പിതാവാംദൈവം പരിശുദ്ധാത്മാവാം ദൈവത്തിന്റെ സാന്നിദ്ധ്യത്തിലാണ് കുഞ്ഞാടിന്റെ വിവാഹം നടത്തുന്നത്.
* സ്വർഗാധിസ്വർഗത്തിലെ സകല ദൂതന്മാരും അന്നു നടക്കുന്ന വിവാഹത്തിന് മഹനീയസാക്ഷ്യം വഹിക്കുന്നവരാകുന്നു.

കല്ല്യാണനാളിൽ കുഞ്ഞാടിന്റെ കല്ല്യാണം സ്വർഗാധിസ്വർഗ ത്തിൽ വച്ച് നിറവേറപ്പെടുന്ന അതിമഹനീയ കാര്യമാണ് സകലത്തി ലും പരമോന്നതമായിട്ടുള്ളത്. മരിച്ചവരുടെ ഇടയിൽനിന്നുമുള്ള പുനരുത്ഥാനത്തിൽ സ്വർഗത്തിന്റെ ആദ്യഫലമായ ആത്മമണവാള

നാകുന്ന ക്രിസ്തുവിനോട് ചേരുന്ന മണവാട്ടിയാണ് സർവ്വസൃഷ്ടികളിൽനിന്നുമുള്ള ആദ്യഫലം. അവരാണ് കുഞ്ഞാടിന്റെ മണവാട്ടി എന്ന പരമോന്നത സ്ഥാനം അലങ്കരിക്കുന്ന അതിശ്രേഷ്ഠ പദവിയിലുള്ളവർ. അന്നു നടക്കുന്ന വിവാഹത്തിൽ അവിടെ സന്നിഹിതരാകുന്നവർ മാനവകുലത്തിൽനിന്നുള്ള ശ്രേഷ്ഠന്മാരായിട്ടുള്ളവരാകുന്നു. മാനവരാശിയിൽ നിന്ന് സ്വർഗീയതേജസ്സ് പ്രാപിക്കുന്നവർ മാത്രമാകുന്നു കർത്താവ് രാജത്വം ഏറ്റെടുക്കുമ്പോഴും കുഞ്ഞാടിന്റെ കല്ല്യാണത്തിലും പങ്കെടുക്കുവാൻ ഭാഗ്യം ലഭിക്കുന്നവർ എന്നാകുന്നു ഇതുവരെ നാം ചിന്തിച്ചതിൽനിന്നും വ്യക്തമാക്കപ്പെടുന്നത്.

കുഞ്ഞാടിന്റെ കല്ല്യാണം മധ്യാകാശത്തിൽവച്ചല്ല നടക്കുന്നത്. അതിൽ പങ്കെടുക്കുവാനുള്ള മണവാളന്റെ തോഴ്മക്കാരും മണവാട്ടിയുടെ തോഴിമാരും സ്വർഗാധിസ്വർഗത്തിൽ എത്തിച്ചേർന്നതിനുശേഷം സ്വർഗാധിസ്വർഗത്തിൽ വച്ചാണ് നടക്കുന്നത് കുഞ്ഞാടിന്റെ കല്ല്യാണമാണ് തിരുവചനത്തിലെ ഏറ്റവും വലിയ മർമ്മമെന്ന് ഇതിനോടകം നാം പല ആവർത്തി ചിന്തിച്ചുവല്ലോ. അത് സൃഷ്ടിതാവാം ദൈവത്തോടൊപ്പം സർവ്വസൃഷ്ടികളുടെയും ആദ്യഫലമായ ആദ്യജാതന്മാരുടെ സഭ ഒന്നായിത്തീരുന്നു എന്നതാകുന്നു. ആ മഹൽ ദിനത്തിലെ ആത്മമണവാളൻ മാനവരാശിക്കുവേണ്ടി ജീവൻ തന്നു നമ്മെ രക്ഷിച്ച ക്രിസ്തുയേശുവാണ്. അന്ന് അവനോട് ചേരുന്ന ആത്മമണവാട്ടിയാണ് കുഞ്ഞാടിന്റെ വിലയേറിയ രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ആഗോളസഭയിൽ നിന്ന് പുത്രത്വം പ്രാപിക്കുന്ന ആദ്യജാതന്മാരുടെ സഭ കുഞ്ഞാടിന്റെ മണവാട്ടിയാകുവാനുള്ള മഹാഭാഗ്യത്തെ പരിശുദ്ധാത്മാവ് പൌലൊസിലൂടെ രേഖപ്പെടുത്തിയിരിക്കുന്നത് ക്രിസ്തുവിന്റെ പരമവിളിയെന്നാകുന്നു. ഇതുവരെയും ഈ വിളി തിരിച്ചറിയുകയോ അറിഞ്ഞിട്ടും ഒരുങ്ങുകയോ ചെയ്യാത്ത ആരെങ്കിലും ഈ ഗ്രന്ഥം വായിക്കുന്നവരിൽ ഉണ്ടെങ്കിൽ നിശ്ചയമായും പരമവിളിയുടെ ലക്ഷ്യം തിരിച്ചറിഞ്ഞ് കുഞ്ഞാടിന്റെ മണവാട്ടിയാകുവാൻ ജീവിതത്തെ സമർപ്പിക്കണമേയെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ഭാവികാല സംഭവങ്ങളിലെ അമൂല്യദിനമാണ് കുഞ്ഞാടിന്റെ കല്ല്യാണനാൾ. അന്ന് മണവാളനോടു ചേരുവാനുള്ള മണവാട്ടിയെക്കുറിച്ചുള്ള ഭാഗ്യവർണ്ണന രേഖപ്പെടുത്തിയിരിക്കുന്നത് വെളിപ്പാട്പുസ്തകത്തിലും സങ്കീർത്തനത്തിലുമാകുന്നു. അതിൽ വെളി

പ്പാട്പുസ്തകത്തിൽ മണവാട്ടിയെ വർണ്ണിച്ചിരിക്കുന്നത് ഇപ്രകാര മാകുന്നു.

നാം സന്തോഷിച്ച് ഉല്ലസിച്ച് അവനു മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്ല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കി യിരിക്കുന്നു. അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതി പ്രവൃത്തികൾ തന്നെ (വെളി. 19:7)

പിതാവാം ദൈവത്തിന്റെയും പരിശുദ്ധാത്മാവാം ദൈവത്തി ന്റെയും അതിമഹനീയ സാന്നിദ്ധ്യത്തിൽ കുഞ്ഞാടാം ദൈവത്തിന്റെ വിവാഹം സ്വർഗാധിസ്വർഗത്തിൽ വച്ച് നടക്കുന്നതിനെക്കുറിച്ചും അതിനുവേണ്ടി അവനായി ഒരുക്കപ്പെട്ടിരിക്കുന്ന കാന്തയ്ക്ക് വിശേ ഷവസ്ത്രം ധരിപ്പാൻ കൃപലഭിക്കുന്നതിനെക്കുറിച്ചുമുള്ള വിവരമാ ണിവിടെ കൊടുത്തിരിക്കുന്നത്. എന്നാൽ കുഞ്ഞാടിന്റെ കാന്ത യെക്കുറിച്ചും അവളുടെ രാജകീയപദവിയെക്കുറിച്ചും വർണ്ണിച്ചെഴുതി യിരിക്കുന്നത് കോരഹ് പുത്രന്മാർ രചിച്ച നാല്പത്തിയഞ്ചാം സങ്കീർ ത്തനമാകുന്ന പ്രേമഗീതത്തിൽ ആകുന്നു.

അന്തഃപുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു; അവളുടെ വസ്ത്രം പൊൻകസവുകൊണ്ടുള്ളത്. അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ച് രാജസന്നിധിയിൽ കൊണ്ടുവരും; അവളുടെ തോഴിമാരായ കൂടെ നടക്കുന്ന കന്യകമാരെയും നിന്റെ അടുക്കൽ കൊണ്ടുവരും. സന്തോഷ ത്തോടും ഉല്ലാസത്തോടും അവരെ കൊണ്ടുവരും അവർ രാജമന്ദിരത്തിൽ പ്രവേശിക്കും (സങ്കീ. 45:13-15).

കുഞ്ഞാടിന്റെ കല്ല്യാണമഹൽദിനത്തിൽ ശോഭാപരിപൂർണ്ണമായ കുഞ്ഞാടിന്റെ കാന്ത തോഴിമാരായ കന്യകമാരോടൊപ്പം അന്തഃപ്പു രത്തിൽനിന്ന് രാജധാനിയിലേക്ക് ആനയിക്കപ്പെടുന്നത് കുഞ്ഞാടു മായിട്ടുള്ള വിവാഹത്തിനുവേണ്ടിയാകുന്നു. അതെക്കുറിച്ച് എത്ര വർണ്ണിച്ചാലും തീരുകയില്ല. അന്ന് സ്വർഗാധിസ്വർഗത്തിൽ വച്ച് പിതാവാം ദൈവം പരിശുദ്ധാത്മാവിന്റെയും ക്ഷണിക്കപ്പെട്ട സ്വർഗീ യസദസ്സിന്റെയും മുമ്പിൽ ആത്മമണവാളനാകുന്ന ക്രിസ്തുവിനെ അവന്റെ കാന്തയാകുന്ന ആദ്യജാതന്മാരുടെ സഭയുമായി സംയോ ജിപ്പിക്കുന്ന നിമിഷമാണ് മാനവരാശിയോടുള്ള ബന്ധത്തിലെ ഏറ്റവും അമൂല്യവുമായ നിമിഷം. ആ പദവിയിലേക്ക് എത്തിച്ചേ രുവാൻ പുതിയനിയമ വിശ്വാസികൾക്ക് കർത്താവിന്റെ മധ്യാകാ

ശപ്രത്യക്ഷതവരെ അവസരമുണ്ട്. ആത്മമണവാളന്റെ കരം പിടിച്ച് അവനോട് ഒന്നായിച്ചേരുന്ന മണവാട്ടിയുടെ അതിശ്രേഷ്ഠപദവി കരസ്ഥമാക്കുന്നതിനേക്കാൾ ഇഹലോകത്തിൽ ഒന്നുമില്ല. അതുകൊണ്ട് അതിനു യോഗ്യരായിത്തീരുവാൻ ദൈവമായ കർത്താവ് നമ്മോട് കൃപകാണിക്കട്ടെ. പൊരുളായ വിവാഹം സ്വർഗാധിസ്വർഗത്തിൽ വച്ച് നിറവേറപ്പെടുവാനുള്ള സമയം ആഗതമായി എന്നാണ് ലോകസംഭവങ്ങൾ വിളിച്ചറിയിക്കുന്നത്. അതുകൊണ്ട് അതിനായി ഒരുങ്ങി കാത്തിരിക്കാം. ദൈവമായ കർത്താവ് നമ്മെ സഹായിക്കട്ടെ.

വിവാഹം എന്ന ഈ അദ്ധ്യായത്തിൽ നാം ചിന്തിച്ചത് നിഴലും പൊരുളുമായ വിവാഹത്തെക്കുറിച്ചായിരുന്നു. അതിൽ മാനവരാശിയോടുള്ള ബന്ധത്തിലെ ഏറ്റവും വലിയ മർമ്മമായ കുഞ്ഞാടിന്റെ വിവാഹം എന്നത് അതിശ്രേഷ്ഠമായതുകൊണ്ട് അത് ആരും അവഗണിച്ചുകളയരുതെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊള്ളുന്നു. തുർന്ന് നാം ചിന്തിക്കുന്നത് കല്ല്യാണസദ്യ എന്ന വിഷയത്തെക്കുറിച്ചാകുന്നു. അതിന്റെ പഠനത്തിനായി താളുകളെ മറിക്കാം, സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ.

അദ്ധ്യായം 5

# കല്ല്യാണസദ്യ

> അനന്തരം യാക്കോബ് ലാബാനോട്: എന്റെ സമയം തികഞ്ഞിരിക്കയാൽ ഞാൻ എന്റെ ഭാര്യയുടെ അടുക്കൽ ചെല്ലുവാൻ അവളെ തരേണം എന്നു പറഞ്ഞു. അപ്പോൾ ലാബാൻ ആ സ്ഥലത്തെ ജനങ്ങളെ എല്ലാം ഒന്നിച്ചു കൂട്ടി ഒരു വിരുന്നു കഴിച്ചു (ഉല്പ. 29: 21-22)

കല്ല്യാണസദ്യയെക്കുറിച്ചുള്ള തിരുവചനത്തിലെ ആദ്യപരാമർശം യിസ്രായേലാകുന്ന യാക്കോബിന്റെ കല്ല്യാണത്തോട് അനുബന്ധമായി ലാബാൻ പദ്ദൻ-അരാമിൽവച്ച് നടത്തിയ വിരുന്നായിരുന്നു. യിസ്രായേൽ പദ്ദൻ-അരാമിൽ എത്തിച്ചേർന്നതിന്റെ ഉദ്ദേശ്യം അവന്റെ അമ്മയായ റിബെക്കായുടെ ഭവനത്തിൽനിന്ന് അവന് ഒരു ഭാര്യയെ എടുക്കുന്നതിനുവേണ്ടിയായിരുന്നു എന്നതിനെക്കുറിച്ച് നാം ചിന്തിച്ചിരുന്നുവല്ലോ. യാക്കോബ് അവിടെയെത്തി ലാബാന്റെ കൂടെ ഒരു മാസം പാർത്തതിനു ശേഷമായിരുന്നു റാഹേൽ എന്ന സുന്ദരിയായ ലാബാന്റെ മകൾക്കുവേണ്ടി അവൻ ഏഴുവർഷം ലാബാനെ സേവിച്ചുകൊള്ളാമെന്നുള്ള ഉടമ്പടി ചെയ്തത്. അന്ന് യാക്കോബും ലാബാനും തമ്മിൽ ചെയ്ത ഉടമ്പടി വാസ്തവത്തിൽ യാക്കോബിന്റെയും റാഹേലിന്റെയും വിവാഹനിശ്ചയമായിരുന്നു. വിവാഹനിശ്ചയത്തിന്റെ കാലം തികഞ്ഞ് വിവാഹത്തിന്റെ ദിവസമടുത്തപ്പോൾ യാക്കോബ് ലാബാനോട് പറഞ്ഞ വാക്കുകളാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

പദ്ദൻ-അരാമിൽ നിലനിന്നിരുന്ന വിവാഹത്തിന്റെ ആചാരപ്രകാരമാണ് ലാബാൻ തദ്ദേശവാസികളായ എല്ലാവരെയും വിളിച്ചുകൂട്ടി വിരുന്നു നടത്തിയത്. ഇതിൽനിന്ന് വിവാഹത്തോട് അനുബന്ധമായി വിരുന്ന് അഥവാ കല്ല്യാണസദ്യ നടത്തുന്ന പതിവ് പുരാതന കാലം മുതലേ നിലനിന്നിരുന്നു എന്നതാണ് വ്യക്തമാക്കപ്പെടുന്നത്. യിസ്രായേലാകുന്ന യാക്കോബ് റാഹേലിനെ വിവാഹം കഴിക്കുന്നതിനോടുള്ള ബന്ധത്തിലായിരുന്നു അന്നു നടന്ന ആചാരങ്ങളിലെല്ലാം പങ്കെടുത്തത്. എന്നാൽ അന്ന് രാത്രി യാക്കോബിന്റെ അടുക്കൽ

ലാബാൻ തന്ത്രപൂർവ്വം അയച്ചത് അവന്റെ മൂത്തമകളായിരുന്ന ലേയായെ ആയിരുന്നു. അടുത്ത പ്രഭാതത്തിലാണ് യാക്കോബിന് അത് അവൻ സ്നേഹിച്ചിരുന്ന റാഹേൽ അല്ല അവളുടെ മൂത്ത സഹോദരി ലേയാ ആയിരുന്നു എന്ന് തിരിച്ചറിഞ്ഞത്.

വിവാഹദിവസം തന്നെത്താൻ മൂടുപടം കൊണ്ട് മൂടുന്ന സമ്പ്രദായം പദ്ദൻ-അരാമിൽ നിലനിന്നിരുന്നു. അതിന്റെ തെളിവാണ് യിസ്ഹാക്കിനെ റിബെക്കാ ദൂരെനിന്ന് കണ്ടപ്പോൾ ഒട്ടകപ്പുറത്തു നിന്ന് ഇറങ്ങി ഒരു മൂടുപടം കൊണ്ട് തന്നെത്താൻ മൂടിയത് (ഉല്പ. 24:65). വിവാഹദിനത്തിൽ വധു മൂടുപടംകൊണ്ട് തന്നെത്താൻ മൂടുന്ന സമ്പ്രദായം അവിടെ നിലനിന്നിരുന്നു. അതിനാലാണ് വധു റിബെക്കായ്ക്കു പകരം ലേയാ ആകുന്നു എന്ന് ബുദ്ധിമാനായ യാക്കോബ് തിരിച്ചറിയാതിരുന്നത്.

ഉല്പത്തിപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന യാക്കോബിന്റെ കല്ല്യാണത്തെക്കുറിച്ചും കല്ല്യാണസദ്യയെക്കുറിച്ചുമുള്ള വിശദാംശങ്ങൾ ഒന്നുംതന്നെ തിരുവചനത്തിൽ പരാമർശിച്ചിട്ടില്ല. എന്നാൽ ലാബാന്റെ ആതിഥേയത്തിൽ തദ്ദേശവാസികൾ പങ്കെടുത്ത് അവരുടെ ആചാരപ്രകാരം സമംഗളം നടത്തപ്പെട്ടു എന്നതിന്റെ സൂചനയാണ് നമുക്ക് ലഭിക്കുന്നത്. കല്ല്യാണസദ്യയോടുള്ള ബന്ധത്തിലെ ആദ്യപരാമർശം യാക്കോബിന്റെ കല്ല്യാണത്തിൽ നടന്ന കല്ല്യാണവിരുന്നിനെക്കുറിച്ചായിരുന്നുവെങ്കിൽ പുതിയനിയമത്തിന്റെ പ്രാരംഭത്തിലും പൂർത്തീകരണത്തിലും പരാമർശിക്കപ്പെട്ടിരിക്കുന്നത് രണ്ട് കല്ല്യാണസദ്യകളെക്കുറിച്ചാകുന്നു. അതിൽ ഒന്നാമത്തേത് യേശുവും അവന്റെ അമ്മയും ശിഷ്യന്മാരും പങ്കെടുത്ത കാനാവിലെ കല്ല്യാണമാകുന്നു. രണ്ടാമത്തേത് ഇനിമേൽ ഭൂമിയിൽവച്ച് നിറവേറപ്പെടുവാനുള്ള പൊരുളാകുന്ന കുഞ്ഞാടിന്റെ കല്ല്യാണസദ്യയാകുന്നു. അന്ന് നിഴലായി സംഭവിച്ച കാനാവിലെ കല്ല്യാണസദ്യയെക്കുറിച്ചും ഭാവിയിൽ പൊരുളായി സംഭവിപ്പാനുള്ള കുഞ്ഞാടിന്റെ കല്ല്യാണസദ്യയെക്കുറിച്ചുമാണ് തുടർന്ന് നാം ഈ അദ്ധ്യായത്തിൽ ചിന്തിക്കുന്നത്.

### കാനാവിലെ കല്ല്യാണസദ്യ

ഏദ്ദെനിൽവച്ച് നടന്ന ആദ്യവിവാഹം സ്വർഗാധിസ്വർഗത്തിൽ വച്ച് നടക്കുവാനുള്ള കുഞ്ഞാടിന്റെ കല്ല്യാണത്തിന്റെ നിഴലാകുന്നു. ഏദ്ദെനിൽ അന്ന് കല്ല്യാണസദ്യ നടന്നില്ല. ഭൂമിയിൽവച്ച് നടത്തപ്പെടു

വാനുള്ള കുഞ്ഞാടിന്റെ കല്ല്യാണസദ്യയുടെ നിഴൽ നമുക്ക് കാനായിലെ കല്ല്യാണത്തിലാണ് ദർശിക്കുവാൻ സാധിക്കുന്നത്. യേശുവും അവന്റെ അമ്മ മറിയയും ശിഷ്യന്മാരും പങ്കെടുത്ത വിവാഹം കാനായിലെ കല്ല്യാണമായിരുന്നു. അത് ആരുടെ വിവാഹമായിരുന്നു എന്നതിനെക്കുറിച്ച് തിരുവചനത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലായെങ്കിലും അത് കാനായിലെ നഥനയേലിന്റെ വിവാഹമായിരുന്നു എന്ന നിഗമനത്തിൽ എത്തിച്ചേരുന്നതിനുള്ള മൂന്ന് തിരുവചനതെളിവുകളുണ്ട്. അതിന്റെ വിശദാംശങ്ങളാണ് ചുവടെ രേഖപ്പെടുത്തിയിരിക്കുന്നത്.

**1. നഥനയേൽ ഗലീലയിലെ കാനായിൽനിന്നുള്ളവനായിരുന്നു**

നസറെത്ത് എന്ന പട്ടണത്തിന് സമീപമായിട്ടാണ് കാനാ സ്ഥിതി ചെയ്യുന്നത്. യേശുവിന്റെ അമ്മ മറിയയോടുള്ള ബന്ധത്തിലാണ് യേശുവിനെയും ശിഷ്യന്മാരെയും കാനായിലെ കല്ല്യാണത്തിന് ക്ഷണിച്ചിരുന്നത്. യോഹന്നാൻ എഴുതിയ സുവിശേഷത്തിലാണ് നഥനയേൽ കാനായിൽ നിന്നുള്ളവനായിരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്.

> ശിമോൻ പത്രൊസും ദിദിമൊസ് എന്ന തോമാസും ഗലീലയിലുള്ള കാനായിലെനഥനയേലും സെബദിമക്കളും അവന്റെ ശിഷ്യന്മാരിൽ വേറേ രണ്ടു പേരും ഒരുമിച്ചുകൂടിയിരുന്നു (യോഹ. 21:2)

ഗലീലയിലെ കാനായിൽ ഒരു കല്ല്യാണം ഉണ്ടായിരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിലെ മണവാളൻ കാനായിലെ നഥനയേലായിരുന്നു എന്ന നിഗമനത്തിന്റെ പ്രാരംഭ തിരുവചനതെളിവാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

**2. നഥനയേലിനെക്കുറിച്ചുള്ള യേശുവിന്റെ സാക്ഷ്യം**

> നഥനയേൽ തന്റെ അടുക്കൽ വരുന്നതു യേശു കണ്ടു: ഇതാ, സാക്ഷാൽ യിസ്രായേല്യൻ; ഇവനിൽ കപടം ഇല്ല എന്നു അവനെക്കുറിച്ച് പറഞ്ഞു. ...ഞാൻ നിന്നെ അത്തിയുടെ കീഴിൽ കണ്ടു എന്നു നിന്നോടു പറകകൊണ്ടു നീ വിശ്വസിക്കുന്നുവോ? നീ ഇതിനേക്കാൾ വലിയതു കാണും എന്ന് ഉത്തരം പറഞ്ഞു (യോഹ. 1:47 - 50)

ഇവൻ സാക്ഷാൽ യിസ്രായേല്യൻ ഇവനിൽ കപടം ഇല്ല എന്നു യേശു സാക്ഷീകരിച്ച് പറഞ്ഞത് നഥനയേലിനെക്കുറിച്ചായിരുന്നു. അവൻ അപ്രകാരം ജീവിച്ചതിന്റെ കാരണം യിസ്രായേലിന്റെ വിടുതലിനായി പ്രത്യക്ഷപ്പെടുന്ന ദൈവപുത്രനായ യിസ്രായേലിന്റെ

രാജാവിനുവേണ്ടി കാത്തിരിക്കുന്നവനായതുകൊണ്ടായിരുന്നു. യേശു അവനെ അത്തിയുടെ കീഴിൽ ഇരിക്കുന്നതായി കണ്ടു എന്ന് പറഞ്ഞപ്പോൾ അവൻ അതിൽ ആശ്ചര്യപ്പെട്ട് യേശുവിനോടുപറഞ്ഞത് നീ ദൈവപുത്രനും യിസ്രായേലിന്റെ രാജാവുമാകുന്നു എന്നായിരുന്നു. അപ്പോൾ യേശു അവനോട് പറഞ്ഞത്: "നീ ഇതിനേക്കാൾ വലിയതു കാണും" എന്നായിരുന്നു. അത് നഥനയേലിന്റെ വിവാഹത്തിൽ യേശു വെള്ളത്തെ വീഞ്ഞാക്കിയ അടയാളമാകുന്നു എന്നതാണ് രണ്ടാമത്തെ നിഗമനം.

യിസ്രായേലിന്റെ വാഗ്ദത്തരാജാവ് പങ്കെടുത്ത വിവാഹം സാക്ഷാൽ യിസ്രായേല്യനായി ജീവിച്ച കപടമില്ലാത്തവനായ നഥനയേലിന്റെ വിവാഹത്തിലായിരുന്നു എന്ന നിഗമനം വചനവിരുദ്ധമല്ല; വിശ്വസനീയമാകുന്നു.

**3. ആശേർ ഗോത്രത്തിനോടുള്ള യാക്കോബിന്റെ ഭാവികാല പ്രവചനം.**

> ആശേരോ, അവന്റെ ആഹാരം പുഷ്ടിയുള്ളത്; അവൻ രാജകീയ ഭോജനം നല്കും (ഉല്പ. 49:20)

യേശുവിനെ ദൈവപുത്രനും രാജാവും ആയി അംഗീകരിച്ച നഥനയേൽ ആശേർ ഗോത്രക്കാരനായിരുന്നു. യോശുവ കനാൻ ദേശം ദൈവീക ആലോചനപ്രകാരം യിസ്രായേൽഗോത്രങ്ങൾക്ക് വിഭജിച്ചപ്പോൾ ആശേർഗോത്രത്തിനു കിട്ടിയ ദേശങ്ങളിലുൾപ്പെടുന്ന സ്ഥലമാണ് ഗലീലയിലെ കാനാ.

> ആശേർമക്കളുടെ ഗോത്രത്തിന് കുടുംബം കുടുംബമായി അഞ്ചാമത്തെ നറുക്കുവന്നു... ഇടത്തോട്ട് കാബൂൽ, ഹെബ്രോൻ, രെഹോബ്, ഹമ്മോൻ, കാനാ എന്നിവയിലും മഹാനഗരമായ സീദോൻ വരെയും ചെല്ലുന്നു (യോശു. 19:24-28)

ഗോത്രപിതാവായ യാക്കോബ് ഭാവികാലത്തെക്കുറിച്ച് ആശേരിനോടുള്ള ബന്ധത്തിൽ അന്ന് പ്രവചിച്ച പ്രവചനം അക്ഷരാർത്ഥത്തിൽ നിവർത്തീകരിക്കപ്പെട്ടത് യേശു എന്ന യിസ്രായേലിന്റെ രാജാവ് സാക്ഷാൽ യിസ്രായേല്യനും ആശേർ ഗോത്രക്കാരനുമായ നഥനയേലിന്റെ വിവാഹത്തിൽ പങ്കെടുത്ത ദിവസമായിരുന്നു. യേശു എന്ന സാക്ഷാൽ യിസ്രായേലിന്റെ രാജാവ് പങ്കെടുത്ത കല്ല്യാണവിരുന്നിലെ രാജകീയഭോജനത്തിൽ വന്ന കുറവ് പരിഹരിച്ചത് മഹാരാജാവായ യേശുതന്നെയായിരുന്നു. യേശു അന്ന് കല്ല്യാണവീട്ടിലെ വെള്ളത്തെ മേത്തരമായ വീഞ്ഞാക്കി സമൃദ്ധി

യായി അവർക്കു കൊടുത്തപ്പോൾ യാക്കോബ് ആശേർ ഗോത്രത്തെക്കുറിച്ച് പറഞ്ഞ പ്രവചനമാണ് നിറവേറപ്പെട്ടത് എന്നതാണ് മൂന്നാമത്തെ നിഗമനം.

ഈ മുന്ന് നിഗമനങ്ങളുടെ വെളിച്ചത്തിൽ കാനായിലെ കല്ല്യാണം നഥനയേലിന്റേതായിരുന്നു എന്നതിന്റെ സ്ഥിരീകരണമാണ് നമുക്ക് ലഭിക്കുന്നത്.

രണ്ടായിരത്തിൽപരം വർഷങ്ങൾക്കു മുമ്പ് നടന്ന കാനായിലെ നഥനയേലിന്റ വിവാഹത്തിൽ പങ്കെടുത്തത് വലിയൊരു സദസ്സായിരുന്നു. അത് വ്യക്തമാക്കുന്നതാണ് അവിടെ ശുദ്ധീകരണ നിയമപ്രകാരം വച്ചിരുന്ന ആറ് കല്പാത്രങ്ങൾ. അവ ഓരോന്നും രണ്ടോ മൂന്നോ പറ വീതം ഉൾക്കൊള്ളുന്നതായിരുന്നു. ക്ഷണിക്കപ്പെട്ട സദസ്സിന് അനുസൃതമായ വിഭവസമൃദ്ധമായ സദ്യയായിരുന്നു അവിടെ ഒരുക്കപ്പെട്ടിരുന്നത്. അതിന്റെ കാരണം നഥനയേൽ കപടതയില്ലാത്തവനായതുകൊണ്ട് യാതൊരുവിധ കൃത്രിമത്വങ്ങളും അവന്റെ കല്ല്യാണസദ്യയിൽ ഉണ്ടായിരുന്നില്ല, എല്ലാം സമൃദ്ധിയായി കരുതിയിരുന്നു. അതുമാത്രമല്ല, യിസ്രായേലിന്റെ രാജാവായ യേശുക്രിസ്തു പങ്കെടുത്ത കല്ല്യാണം രാജകീയ സാന്നിദ്ധ്യംകൊണ്ട് അതിശ്രേഷ്ഠമായിരുന്നു. അതുപോലൊരു കല്ല്യാണസദ്യ അതിനു മുമ്പോ അതിനു ശേഷമോ ഭൂമിയിൽ നടന്നിട്ടില്ല. അതിൽനിന്ന് വ്യത്യസ്ഥമായി ഒന്നുമാത്രമാണ് ഇനി നടക്കുവാനുള്ളത്, അത് കുഞ്ഞാടാം ദൈവത്തിന്റെ ഭൂമിയിൽവച്ച് നടക്കുവാനുള്ള കല്ല്യാണസദ്യയാകുന്നു. ഇതിൽനിന്ന് കാനായിലെ കല്ല്യാണസദ്യ കുഞ്ഞാടിന്റെ കല്ല്യാണസദ്യയുടെ നിഴലാകുന്നു എന്നാണ് വ്യക്തമാക്കപ്പെടുന്നത്.

മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന വീഞ്ഞിന്റെ സ്ഥാനം യെഹൂദാ വിവാഹത്തോടുള്ള ബന്ധത്തിൽ വളരെ വലുതാണ്. വീഞ്ഞ് ഇല്ലാതെവന്നാൽ അതു നിമിത്തം സന്തോഷം ഇരുണ്ടു പോകുകയും ദേശത്തിലെ ആനന്ദം പൊയ്പ്പോകുകയും ചെയ്യുമെന്നാണ് യെശയ്യാവിന്റെ പ്രവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

> വീഞ്ഞില്ലായ്കയാൽ വീഥികളിൽ നിലവിളി കേൾക്കുന്നു; സന്തോഷമൊക്കെ ഇരുണ്ടിരിക്കുന്നു; ദേശത്തിലെ ആനന്ദം പൊയ്പ്പോയിരിക്കുന്നു (യെശ. 24:11)

യിസ്രായേലിൽ വീഞ്ഞില്ലാത്ത നാളുകൾ ദുഃഖത്തിന്റെ നാളുകളാകുന്നു. യുദ്ധം, ക്ഷാമം ഇത്യാദി സംഭവങ്ങളാലാണ് വീഞ്ഞ് ഇല്ലാതെ വരുന്നത്. ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേലിന് ഇത്തരം അവസ്ഥകൾ വരുന്നത് അവർ ദൈവത്തിൽ നിന്നകന്നു പോകുമ്പോൾ ദൈവകോപം അവരെ സന്ദർശിക്കുന്ന കാലങ്ങളിലാകുന്നു. എന്നാൽ അതിൽനിന്നെല്ലാം അതൊന്നുമായിരുന്നില്ല കാനായിലെ കല്ല്യാണവീട്ടിലെ വീഞ്ഞ് തീർന്നുപോകുവാൻ കാരണമായിത്തീർന്നത്. അന്ന് അപ്രകാരം സംഭവിച്ചത് വാസ്തവത്തിൽ ദൈവീക അനുഗ്രഹം അവന്റെ ഭവനത്തെ സന്ദർശിച്ചതു നിമിത്തമായിരുന്നു. കാനായിലെ കല്ല്യാണത്തിലെ സുപ്രധാന വിഭവമായ വീഞ്ഞ് തീർന്നുപോകണമെന്നത് ദൈവനിയോഗമായിരുന്നു. അത് സ്വർഗീയപിതാവാം ദൈവം തന്റെ പുത്രന്റെ മഹത്വം വെളിപ്പെടുത്തുവാനുള്ള വേദിയായിട്ടാണ് ഒരുക്കിയിരുന്നത്.

സത്യസന്ധതയോടെ ജീവിച്ച നഥനയേലിന്റെ വിവാഹത്തിൽ വീഞ്ഞ് തീർന്നു പോകുന്നത് തിരിച്ചറിഞ്ഞ പ്രിയപ്പെട്ടവർ വളരെ ദുഃഖിച്ചു. അവർക്ക് ആർക്കും ഒന്നും ചെയ്യുവാൻ കഴിയാത്ത വിധത്തിൽ കാര്യങ്ങൾ കൈവിടപ്പെട്ടുപോയ സന്ദർഭത്തിലാണ് മറിയ ആ വിവരം അറിഞ്ഞത്. അവൾക്ക് നഥനയേലിന്റെ കുടുംബവുമായി അത്ര അടുത്ത ബന്ധമാണുണ്ടായിരുന്നത്. മറ്റാർക്കും പരിഹരിക്കുവാൻ കഴിയാത്തകാര്യങ്ങളെ പരിഹരിക്കുവാൻ അത്യുന്നതന്റെ പുത്രനായ യേശുവിനു കഴിയുമെന്ന് അവനെ പ്രസവിച്ച മറിയയ്ക്ക് നിശ്ചയമുണ്ടായിരുന്നു. അതുകൊണ്ടാണ് അവൾ യേശുവിന്റെ അടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞത്.

> വീഞ്ഞു പോരാതെ വരികയാൽ യേശുവിന്റെ അമ്മ അവനോട്: അവർക്ക് വീഞ്ഞ് ഇല്ല എന്നു പറഞ്ഞു. (യോഹ. 2:3)

നഥനയേലിന്റെ കലവറയിലും നിലവറയിലും സൂക്ഷിച്ചുവച്ചിരുന്ന വീഞ്ഞ് മുഴുവൻ തീർന്നു എന്ന യാഥാർത്ഥ്യമാണ് മറിയ ഉൾപ്പെടെ ഉള്ള കുടുംബക്കാർ തിരിച്ചറിഞ്ഞത്. സദ്യയിൽ പങ്കെടുക്കുന്നവർ ലഹരി പിടിച്ചു തുടങ്ങിയതിനു ശേഷം സാധാരണ ഗതിയിൽ പിന്നീട് വിളമ്പുന്നത് ഇളപ്പമായതാണ്. നിലവറയിൽ വളരെ നാളുകൾക്കു മുൻപ് സൂക്ഷിച്ചിരുന്ന വീര്യമുള്ള വീഞ്ഞ് കല്ല്യാണസദ്യയിൽ ആദ്യം വിളമ്പിയതിനു ശേഷം അത്രയും പഴക്കമില്ലാത്ത വീഞ്ഞ് വിളമ്പുക എന്നതാണ് പൊതുവായ രീതി; അതത്ര ഗൗരവമുള്ള കാര്യവുമല്ല. എന്നാൽ കാനായിലെ കല്ല്യാ

ണവീട്ടിലെ വീഞ്ഞ് സൂക്ഷിച്ചുവെച്ചിരുന്ന സകല തുരുത്തികളും ശൂന്യമായി. നഥനയേലിന്റെ വീട്ടിലെ കലവറയിലും നിലവറയിലും ഒന്നുമില്ലാത്ത അവസ്ഥ. വീഞ്ഞ് നിലവറയിലാണ് സൂക്ഷിക്കുന്നത്, പ്രത്യേകിച്ച് രാജാക്കന്മാർ. രാജകീയ ഭോജനം നല്കുന്ന ആശേർ ഗോത്രക്കാർ വിവാഹത്തിന് വളരെ നാളുകൾക്കു മുമ്പേ നില വറകളിൽ വീഞ്ഞ് സൂക്ഷിച്ച് വയ്ക്കുന്ന പതിവുള്ളവരാണ്. ദാവീദ് രാജാവ് വീഞ്ഞും ഒലിവെണ്ണയും നിലവറകളിലാണ് സൂക്ഷിച്ചിരു ന്നത്. അതിന്റെ വെളിച്ചത്തിലാണ് രാജകീയഭോജനം നല്കുന്ന ആശേർഗോത്രക്കാരനായ നഥനയേലിന്റെ വീട്ടിലെ നിലവറയിലെ വീഞ്ഞും ഇല്ലാതായി എന്ന് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്.

> മുന്തിരിത്തോട്ടങ്ങൾക്കു രാമാത്യനായ ശിമെയിയും മുന്തിരിത്തോട്ടങ്ങളിലെ അനുഭവമായ വീഞ്ഞു സൂക്ഷിച്ചുവയ്ക്കുന്ന നിലവറകൾക്ക് ശിഫ്മ്യനായ സബ്ദിയും മേൽ വിചാരകർ... എണ്ണ സൂക്ഷിച്ചുവയ്ക്കുന്ന നിലവറ കൾക്ക് യോഹാശും മേൽവിചാരകർ (1ദിന. 27:27 – 28)

കാനായിലെ വീട്ടിലെ വീഞ്ഞ് സൂക്ഷിച്ചിരുന്ന നിലവറകളും കല വറകളും ശൂന്യമായി എന്ന് യേശുവിന്റെ അമ്മ വന്ന് യേശുവിനെ അറിയിച്ചപ്പോൾ അവൻ അതിന് മറുപടി പറഞ്ഞത് ഇപ്രകാരമാ യിരുന്നു.

> യേശു അവളോട്: സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നു പറഞ്ഞു (യോഹ. 2:4)

യേശു മറിയയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ യേശുവും മറിയയും തമ്മിലുള്ള മകനും അമ്മയും എന്ന ബന്ധം ഭൗമീകമായിരുന്നു. അത് സ്വർഗീയ പദ്ധതി പ്രകാരം ഭൂമിയിൽ നിറവേറപ്പെട്ടു എന്നതിനപ്പുറമായി ഇനി അത് സംബന്ധമായി ഭാവികാല പ്രാധാന്യതകളൊന്നും അതിനില്ലായെന്ന ർത്ഥം. സ്ത്രീയേ, എനിക്കും നിനക്കും തമ്മിലെന്ത്? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ലാ എന്ന് യേശു പറഞ്ഞതിന്റെ അർത്ഥം മറിയ ആവശ്യപ്പെട്ട കാര്യം ഭൗമികമാണെന്നും; അതിനല്ല അവന്റെ സ്വർ ഗീയ പിതാവായ ദൈവത്തിന്റെ തിരുഹിതം ഭൂമിയിൽ നിവർത്തീ കരിക്കുന്നതിനു വേണ്ടിയാണ് അവൻ അവളിൽ ജനിച്ചത് എന്ന് അവളെ ബോദ്ധ്യപ്പെടുത്തുകയാണ് യേശു ചെയ്തത്. ഇതിൽ നിന്നും യേശുവിന്റെ സ്വർഗീയപദ്ധതിയുടെ പരമപ്രാധാന്യതയാണ് നാഴിക ഇതുവരെ വന്നിട്ടില്ലായെന്ന് യേശു പറഞ്ഞതിൽനിന്ന്

വ്യക്തമാക്കപ്പെടുന്നത്. അത് സാർവ്വദേശികമായ മാനവകുലത്തിന്റെ രക്ഷയാകുന്നു.

സർവ്വജ്ഞാനിയായ യേശുവിന് നഥനയേൽ ജനിക്കുന്നതിനു മുൻപേ അവന്റെ വിവാഹത്തിൽ പങ്കെടുക്കുമെന്നറിയാമായിരുന്നു. അതിനാൽ ആ വീടിന്റെ ഉള്ളറകളിലെ ശൂന്യത മറിയ വന്നു പറയുന്നതിനു മുൻപേ അവനത് സ്വയമേ അറിഞ്ഞിരുന്നു. എന്നാൽ യേശു കാത്തിരുന്നത് പിതാവാം ദൈവത്തിന്റെ തിരുഹിതത്തിനുവേണ്ടിയായിരുന്നു. അവന്റെ ആദ്യ അടയാളം കാനായിൽ ആരംഭിച്ചു തുടങ്ങുന്ന നിമിഷം മുതൽ അവൻ ചെയ്തുതീർക്കുവാനുള്ള സകല പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുമെന്ന് യേശുവിന് അറിയാമായിരുന്നു. അതുകൊണ്ട് പിതാവാം ദൈവം തന്നെ അയച്ച സുപ്രധാനപദ്ധതിയാകുന്ന മാനവരക്ഷയ്ക്കുവേണ്ടിയുള്ള അവന്റെ മരണപുനരുത്ഥാനം എന്ന അവസാനത്തെ അടയാളത്തിന്റെ സമയമായിട്ടില്ല എന്നതിന്റെ സൂചനയായിട്ടാണ് യേശു അവന്റെ അമ്മയോട് എന്റെ നാഴിക ഇതുവരെ വന്നിട്ടില്ലാ എന്ന് പറഞ്ഞതിൽ അടങ്ങിയിരിക്കുന്ന മർമ്മം.

യേശു ചെയ്ത ആദ്യത്തെയും അവസാനത്തെയും അടയാളങ്ങളാണ് യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതിൽ ആദ്യത്തേത് അവന്റെ അമ്മ മറിയ പറഞ്ഞ ഭൗമികവിഷയത്തോടുള്ള ബന്ധത്തിലെ അടയാളമാകുന്നു. അതാണ് കാനാവിലെ കല്ല്യാണത്തിൽ നിറവേറപ്പെട്ടത്. അതെക്കുറിച്ചാണ് നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്. ആദ്യത്തെ അടയാളം വെള്ളത്തെ വീഞ്ഞാക്കുകയായിരുന്നുവെങ്കിൽ അവൻ ചെയ്ത അവസാനത്തെ അടയാളം അവന്റെ മരണപുനരുത്ഥാനമാകുന്നു. അതേക്കുറിച്ചാണ് യെരുശലേം ദൈവാലയം എന്ന മന്ദിരത്തോടുള്ള ബന്ധത്തിൽ യേശു അരുളിച്ചെയ്തത്. യേശു തന്റെ അടയാളങ്ങളുടെ പ്രവൃത്തി അവന്റെ അമ്മയുടെ അപേക്ഷ പ്രകാരം കാനായിൽ ആരംഭിച്ചതിനു ശേഷം ആരെല്ലാം അവന്റെ അടുക്കൽ വന്ന് അപേക്ഷിച്ചുവോ അവരെയൊന്നും ഉപേക്ഷിക്കാതെ അവർ അപേക്ഷിച്ചത് അവൻ ചെയ്തുകൊടുത്തു എന്നതിനാണ് തിരുവചനം വ്യക്തത നല്കുന്നത്. അതിന്റെ ചില തെളിവുകളാണ് ചുവടെ ചേർത്തിരിക്കുന്നത്.

> അവിടെ ശിമോന്റെ അമ്മാവിയമ്മ പനിപിടിച്ചു കിടന്നിരുന്നു; അവർ അവളെക്കുറിച്ച് അവനോട് പറഞ്ഞു. അവൻ അടുത്തു ചെന്ന് അവളെ

കൈക്കു പിടിച്ചു എഴുന്നേല്പിച്ചു; പനി അവളെ വിട്ടുമാറി; അവൾ അവരെ ശുശ്രൂഷിച്ചു (മർ. 1:30-31)

അവിടെ ഒരു ശതാധിപനു പ്രിയനായ ദാസൻ ദീനം പിടിച്ചു മരിപ്പാറായിരുന്നു; അവൻ യേശുവിന്റെ വസ്തുത കേട്ടിട്ട്, അവൻ വന്നു തന്റെ ദാസനെ രക്ഷിക്കേണ്ടതിന് അവനോട് അപേക്ഷിപ്പാൻ യെഹൂദന്മാരുടെ മൂപ്പന്മാരെ അവന്റെ അടുക്കൽ അയച്ചു. അവർ യേശുവിന്റെ അടുക്കൽ വന്ന്, അവനോട് താൽപര്യമയി അപേക്ഷിച്ചു. നീ അത് ചെയ്തുകൊടുപ്പാൻ അവൻ യോഗ്യൻ; അവൻ നമ്മുടെ ജനത്തെ സ്നേഹിക്കുന്നു; ഞങ്ങൾക്ക് ഒരു പള്ളിയും തീർപ്പിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു. യേശു അവരോടുകൂടെ പോയി... (ലൂക്കൊ. 7:2-6)

ഇതിൽനിന്നും യേശുവിന്റെ അമ്മ മറിയ വന്ന് അവനോട് അപേക്ഷിച്ച കാര്യം മാത്രമല്ല യേശു ചെയ്തത്. അവന്റെ ശിഷ്യന്മാർ അപേക്ഷിച്ചപ്പോഴും അവനെ ഉപദ്രവിച്ച യെഹൂദാ മൂപ്പന്മാർ അവന്റെ അടുക്കൽ വന്ന് അപേക്ഷിച്ച സന്ദർഭത്തിലും അവൻ അവരെ ആരെയും തിരസ്കരിച്ചുകളയാതെ  അവർ അപേക്ഷിച്ചതിനെ അവർക്ക് ചെയ്തുകൊടുക്കുകയാണ് ചെയ്തത്. എന്നാൽ ഭൂമിയിൽ യേശുവിന്റെ അടയാളങ്ങൾക്ക് ആരംഭം കുറിച്ച പ്രഥമ സംഭവത്തിന്റെ പിന്നിൽ പ്രവർത്തിപ്പാനുള്ള നിയോഗവും ഭാഗ്യപദവിയും ലഭിച്ചത് അവന്റെ അമ്മ മറിയയ്ക്ക് ആയിരുന്നു. ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് യേശുവിന്റെ അമ്മ മറിയ അപേക്ഷിച്ച കാര്യമാണ് അടയാളങ്ങളുടെ ആരംഭമായി യേശു ചെയ്തതെന്നും അതിന്റെ ശ്രേഷ്ഠപദവിയും നിയോഗവും സ്വർഗം കരുതിവച്ചത് അവനെ പ്രസവിച്ച അവന്റെ അമ്മ മറിയയ്ക്കായിരുന്നു എന്നതുമാകുന്നു.

യേശുവിന്റെ അമ്മ അവളുടെ മകനെ ശുശ്രൂഷക്കാർക്ക് പരിചയപ്പെടുത്തിയത് വലിയ അധികാരമുള്ളവനായിട്ടായിരുന്നു. അതുകൊണ്ടാണ് ശുശ്രൂഷക്കാർ യേശു പറഞ്ഞതുപോലെ ചെയ്തത്. അവൾ അവരോട് പറഞ്ഞത് ഇപ്രകാരമായിരുന്നു.

അവന്റെ അമ്മ ശുശ്രൂഷകരോട്: അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്വിൻ എന്നു പറഞ്ഞു (യോഹ. 2:5)

യേശു അവളോട് പറഞ്ഞതിന്റെ അന്തസ്സത്ത ഗ്രഹിച്ച മറിയ ശുശ്രൂഷകരോട് പറഞ്ഞത് യേശു എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്വിൻ എന്നായിരുന്നു. നഥനയേലിന്റെ വീട്ടിലും സമൂഹത്തിലും

നല്ല ബഹുമാനമുള്ളവളായിരുന്നു മറിയ. അവളുടെ വാക്കുകൾക്ക് വിലയുണ്ടായിരുന്നതുകൊണ്ടാണ് അവൾ ശുശ്രൂഷക്കാർക്ക് കൊടുത്ത നിർദ്ദേശം അവർ അക്ഷരംപ്രതി അനുസരിച്ചത്.

അന്ന് യേശു ശുശ്രൂഷക്കാരോട് കല്പിച്ച കാര്യത്തിന് വേണ മെങ്കിൽ ശുശ്രൂഷക്കാർക്ക് ഒഴികഴിവ് പറയാമായിരുന്നു. അതിന്റെ കാരണം പതിവിനു വിപരീതമായ ഒരു കാര്യമാണ് യേശു അവരോട് ചെയ്യുവാൻ കല്പിച്ചത്. അത് യെഹൂദന്മാരുടെ ശുദ്ധീകരണ നിയമ പ്രകാരമുള്ള കാര്യം അവിടെ സദ്യയ്ക്ക് വന്നപ്പോൾ സംഭവിച്ചു കഴിഞ്ഞതാണ്. ഇനി ആ കല്പാത്രങ്ങളിൽ വീണ്ടും വെള്ളം കോരി നിറയ്ക്കുന്നത് മറ്റൊരു കല്ല്യാണവിരുന്നിനോ അതുപോലെയുള്ള മറ്റ് ഏതെങ്കിലും സന്ദർഭത്തിന്റെയോ ആരംഭത്തിങ്കൽ മാത്രമോ ആയിരുന്നു. എന്നാൽ യേശു അവരോട് കല്പിച്ചത് ആരംഭം എന്നവണ്ണം ശുദ്ധീകരണകല്പാത്രങ്ങളിൽ വെള്ളം നിറപ്പിൻ എന്നാ യിരുന്നു. അവന്റെ ആജ്ഞയ്ക്കു മുൻപിൽ പൂർണ്ണമായി വിധേയ പ്പെട്ട ശുശ്രൂഷക്കാർ അവിടെയുണ്ടായിരുന്നു ആറ് ശുദ്ധീകരണ കല്പാത്രങ്ങളിലും വെള്ളം കോരി വക്കോളം നിറച്ചു.

കാനായിലെ വീടിന്റെ ഉള്ളറയിൽ ശൂന്യത നിഴലിട്ടപ്പോൾ മറ്റാരും അറിയാത്ത ഒരു നിറവിന്റെ ശുശ്രൂഷയാണ് ഭവനത്തിന്റെ വെളിയിൽ വെളിപ്പെട്ടത്. അത് സകലത്തെയും നിറയ്ക്കുന്നവൻ അവിടുത്തെ ശൂന്യത മാറ്റി വീഞ്ഞിന്റെ ഇല്ലായ്മ പരിഹരിച്ച് വീഞ്ഞിന്റെ നിറവിന്റെ ശുശ്രൂഷ ചെയ്തു എന്നതായിരുന്നു. വളരെവേഗത്തിലാണ് അവിടെ ദൈവീകപ്രവൃത്തി വെളിപ്പെട്ടത്. യേശു രണ്ട് കാര്യങ്ങൾ മാത്രമാണ് അവരോട് കല്പിച്ചത്. അതിൽ ഒന്നാമത്തേത് കല്പാത്രങ്ങളിൽ വെള്ളം കോരി നിറപ്പിൻ എന്നായിരുന്നു. യേശു രണ്ടാമതായി അവ രോട് തിരുവാമൊഴിഞ്ഞത് ഇപ്പോൾ കോരി വിരുന്നു വാഴിക്കു കൊ ണ്ടുപോയി കൊടുപ്പിൻ എന്നായിരുന്നു. യേശു കല്പിച്ചതു പോലെതന്നെ അവർ ചെയ്തു. യേശു ഉണ്ടാക്കിയ വീഞ്ഞ് ആദ്യം രുചിച്ചു നോക്കിയത് കല്ല്യാണവീട്ടിലെ വിരുന്നുവാഴിയായിരുന്നു. അനേകം കല്ല്യാണസദ്യയിലെ വീഞ്ഞ് രുചിച്ചുനോക്കി നല്ല അനു ഭവസമ്പത്തുള്ള വിരുന്നുവാഴി ജീവിതത്തിൽ ആദ്യമായിട്ടാണ് അത്ര യും നല്ലൊരു വീഞ്ഞ് രുചിച്ചു നോക്കിയത്. ആ സന്തോഷം അവന് ഉള്ളിൽ അടക്കിവയ്ക്കുവാൻ കഴിയാതിരുന്നതുകൊണ്ടാണ് ഉടനെ അവൻ മണവാളനെ വിളിപ്പിച്ച് അവനോട് ഇപ്രകാരം പറഞ്ഞത്.

എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരി പിടിച്ചശേഷം ഇളപ്പമായതും കൊടുക്കുമാറുണ്ട്; നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചു വച്ചുവല്ലോ എന്ന് അവനോടു പറഞ്ഞു (യോഹ. 2:10)

വെള്ളം കോരിയ ശുശ്രൂഷക്കാർ അല്ലാതെ വിരുന്നുവാഴിയോ മറ്റാരുമോ ഇത്രയും നല്ല വീഞ്ഞ് എവിടെനിന്ന് എന്ന് അറിഞ്ഞിരുന്നില്ല. വിരുന്നുവാഴി മണവാളനോട് പറഞ്ഞത് നീ നിന്റെ വീഞ്ഞിന്റെ നിലവറയിൽ മേത്തരമായ വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചു വല്ലോ എന്നായിരുന്നു. അത് നഥനയേലിന്റെ വീഞ്ഞിന്റെ നിലവറ യായിരുന്നില്ല, ശുശ്രൂഷക്കാർ വെള്ളം കോരിയ കിണറായിരുന്നു. സൃഷ്ടിതാവിന്റെ ശബ്ദത്തിങ്കൽ വീഞ്ഞായി രൂപാന്തരപ്പെത് ആ കിണറിലെ വെള്ളമായിരുന്നു.

ശുദ്ധീകരണവും അഭിഷേകവും തമ്മിലുള്ള അഭേദ്യമായ ബന്ധം കർത്താവ് കാനായിൽ വെള്ളത്തെ വീഞ്ഞാക്കിയ അടയാളത്തിൽ വ്യക്തമാക്കപ്പെടുന്നുണ്ട്. അത് യേശുക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരണം പ്രാപിക്കുന്ന കരുണാപാത്രങ്ങളിൽ മാത്രമേ ദൈവം പരിശുദ്ധാത്മാവിനെ പകരുകയുള്ളൂ എന്നതാണ്. യേശു അമ്മയുടെ അപേക്ഷപ്രകാരം അന്നുചെയ്ത അടയാളത്തിൽ ഒരു കുടുംബ ത്തിന്റെ വിഷയമാണ് പരിഹരിക്കപ്പെട്ടത്. സന്തോഷം ഇരുണ്ടു പോകുമായിരുന്ന നഥനയേൽ എന്ന സത്യസന്ധനായവന്റെ വീട് അതോടെ സന്തോഷത്താൽ ശോഭിതമായി. നീ ഇതിൽ വലിയതു കാണും എന്ന് നഥനയേലിനോട് യേശു മുൻകൂട്ടി അറിയിച്ച കാര്യ മാണ് അന്ന് നിറവേറപ്പെട്ടത്. അന്ന് യേശു കാനായിൽ ചെയ്തത് ശിഷ്യന്മാർ കണ്ടു, അവനിൽ വിശ്വസിച്ചു. അതുപോലെ മറ്റാരും ചെയ്തിട്ടില്ല, ഇനി ചെയ്യുകയുമില്ല. ഇതിൽനിന്ന് വ്യക്തമാക്കപ്പെടു ന്നത് നസറായനായ യേശുവിനു മാത്രമേ മാനവകുടുംബത്തിൽ നിന്ന് നഷ്ടപ്പെട്ടുപോയ ദൈവീകസന്തോഷം തിരികെ നല്കുവാൻ കഴിയുകയുള്ളൂ എന്നതാകുന്നു.

കാനായിലെ കല്ല്യാണസദ്യ നിഴലായിരുന്നുവെങ്കിൽ പൊരുളാ കുന്ന കല്ല്യാണസദ്യ ഭൂമിയിൽ വച്ച് നടത്തപ്പെടുവാനുള്ള കുഞ്ഞാ ടിന്റെ കല്ല്യാണസദ്യയാകുന്നു. ഏദ്ദെനിൽ നടന്ന നിഴലായ കല്ല്യാ ണത്തിൽ സർവ്വശക്തനായ ദൈവമാണ് ആദാം-ഹവ്വാ ദമ്പതിമാരെ ഒന്നാക്കിത്തീർത്തത്. അതുപോലെ നിഴലായി നടന്ന കാനായിലെ കല്ല്യാണസദ്യയുടെ കുറവു പരിഹരിച്ചതിന്റെ പിമ്പിൽ പ്രവർ ത്തിച്ചത് യേശു എന്ന പരമോന്നത അതിഥിയായിരുന്നു. അന്ന് നട

ത്തപ്പെട്ട കാനായിലെ കല്ല്യാണസദ്യയാണ് ഏറ്റവും ശ്രേഷ്ഠമേറിയ രാജകീയഭോജനം നല്കിയ വിവാഹസദ്യ. ഭൂമിയിൽ നിഴലായി നടന്ന രണ്ട് സംഭവങ്ങളും നിറവേറപ്പെട്ടത് പൊരുളായി വേഗത്തിൽ നിറവേറപ്പെടുവാൻ പോകുന്ന കുഞ്ഞാടിന്റെ കല്ല്യാണവും കുഞ്ഞാടിന്റെ കല്ല്യാണസദ്യയും ആകുന്നു എന്നാണ്.

കല്ല്യാണസദ്യ പൊരുളായി നടക്കുന്നതിന്റെ വിശദീകരണ ത്തിലേക്ക് നാം പ്രവേശിക്കുന്നതിനു മുമ്പ് കുഞ്ഞാടിന്റെ കല്ല്യാ ണനാളിൽ സ്വർഗീയ വിവാഹം നടക്കുന്നതു മുതൽ മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ ഭൂമിയിൽവച്ച് കല്ല്യാണസദ്യ നടക്കുന്നതു വരെയുള്ള സംഭവങ്ങളുടെ രത്നച്ചുരുക്കമാണ് ചുവടെ കൊടു ത്തിരിക്കുന്നത്.

**കുഞ്ഞാടിന്റെ കല്ല്യാണം മുതൽ കല്ല്യാണസദ്യവരെ നിറവേറപ്പെടു വാനുള്ള സംഭവങ്ങൾ**

* വിവാഹാനന്തരം കർത്താവും വിശുദ്ധന്മാരും മേഘത്തിൽ തേജസ്സിൽ പ്രത്യക്ഷപ്പെടുമ്പോളാണ് കല്ല്യാണസദ്യയ്ക്ക് ക്ഷണി ക്കപ്പെട്ട വൃതന്മാരിൽ ഒരുങ്ങി നില്ക്കുന്നവരെ കർത്താവ് വേർതിരിക്കുന്നത്.
* കർത്താവ് വേർതിരിക്കുന്ന വൃതന്മാരെ യെരുശലേമിൽ ശേഖരി ച്ചുകൊണ്ടുവരുന്നത് ദൈവം മഹാകാഹളധ്വനിയോടെ അയ യ്ക്കുന്ന ദൂതന്മാരാകുന്നു. അന്ന് വൃതന്മാരാണ് മണവാളനാം മഹാരാജാവിനെയും മണവാട്ടിയാം രാജ്ഞിയേയും പരിവാര ങ്ങളെയും ഭൂമിയിൽ സ്വീകരിക്കുന്നത്.
* മഹത്വപ്രത്യക്ഷതയിൽ കർത്താവ് തന്റെ പാദം ഊന്നുന്നത് അവൻ സ്വർഗാരോഹണം ചെയ്ത ഒലിവുമലയിലാകുന്നു.
* കർത്താവും കൂടെയുള്ളവരും വൃതന്മാരോടൊപ്പം പ്രവേശിക്കു ന്നത് യെരുശലേമിലെ അറയ്ക്കുള്ളിലുള്ള വിരുന്നുശാലയി ലേക്കാണ്.
* വിരുന്നുശാല നിറയാതിരിക്കുന്നതുകൊണ്ട് കർത്താവ് ദൂതന്മാരെ അയച്ച് സ്നേഹിതപദവിയിലുള്ളവരെ വിരുന്നുശാലയിൽ പ്രവേശിപ്പിക്കുകയും വിരുന്നുശാല വിരുന്നുകാരെക്കൊണ്ട് നിറയുകയും ചെയ്യുന്നു.
* കർത്താവ് വിരുന്നുശാലയുടെ കതക് അടയ്ക്കുന്നു. കല്ല്യാണ

സദ്യയുടെ ക്രമീകരണങ്ങൾ ദൂതന്മാർ വിരുന്നുശാലയ്ക്കുള്ളിൽ തദവസരത്തിൽ ചെയ്യുന്നു.

* കർത്താവും അവനോട് കൂടെ സ്വർഗത്തിൽനിന്നു വരുന്നവരും വിരുന്നുശാലയിൽനിന്ന് അപ്രത്യക്ഷരാകുകയും സീയോൻ പർവ്വതത്തിലും അതിന്റെ ഗിരിയിലും പ്രത്യക്ഷരാകുകയും ചെയ്യുന്നു.
* ക്രോധദിവസത്തിൽ നടക്കുന്ന ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ മൃഗവും കള്ളപ്രവാചകനും ബന്ധിക്കപ്പെടുകയും അവരെ അഗ്നി നരകത്തിന്റെ ആദ്യ ഇരകളായി അഗ്നിനരകത്തിലേക്ക് കർത്താവ് തള്ളിക്കളയുകയും ചെയ്യുന്നു.
* യുദ്ധത്തിനു കൂടിവന്ന സകലരും കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽ നിന്ന് പുറപ്പെടുന്ന വാളിന് ഇരയായിത്തീരുന്നു.
* കാട്ടുമൃഗങ്ങൾക്കും സകലവിധ പക്ഷികൾക്കും മൃഷ്ടാന്ന ഭോജനമായ അത്താഴമാണ് അന്ന് ഒരുക്കപ്പെടുന്നത്.
* ഏദോമിനെ ന്യായം വിധിച്ച് അതിനെ കർത്താവ് ഏകനായി മെതിച്ചുകളയുന്നു
* സാത്താനെ ബന്ധിച്ച് ആയിരം ആണ്ടേക്ക് അഗാധത്തിൽ ചങ്ങലയ്ക്കിടുന്നു.
* കർത്താവും അവനോടു കൂടെയുള്ളവരും തിരികെ വിരുന്നു ശാലയിൽ പ്രവേശിക്കുന്നു.
* അകത്തു പ്രവേശിക്കുന്ന രാജാവ് വിരുന്നുകാരെ പരിശോധിക്കുന്നു.
* സ്നേഹിതപദവിയിൽ വിരുന്നുശാലയിൽ പ്രവേശിച്ചിട്ടും കല്ല്യാണവസ്ത്രം ധരിക്കാത്ത ദുഷ്ടന്മാരും മടിയന്മാരുമായവരെ അവിടെനിന്ന് നിത്യനരകാഗ്നിയിലേക്ക് ജീവനോടെ തള്ളിക്കളയുകയും വിരുന്നുശാല ശുദ്ധീകരിക്കുകയും ചെയ്യുന്നു.
* വൃതന്മാർക്ക് പ്രതിഫലം കൊടുക്കുന്നു. പട്ടണങ്ങളുടെ അധികാരവും കല്ല്യാണസദ്യയിലും ദൈവരാജ്യത്തിൽ പന്തിയിലിരിക്കുവാനുള്ള പദവിയുമാണ് അവർക്ക് ലഭിക്കുന്നത്.
* സ്നേഹിതപദവിൽ പ്രവേശിക്കപ്പെടുന്നവരിൽ നല്ലവരായവർക്ക് ലഭിക്കുന്ന പദവി കല്ല്യാണസദ്യയിലും തുടർന്ന് ദൈവരാജ്യത്തിലും പന്തിയിലിരിക്കുവാനുള്ള അവസരമാണ്.

* വിരുന്നുശാലയ്ക്കുള്ളിൽ ദൈവം ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കപ്രതിഫലം അന്നു ചേർക്കപ്പെടുന്നവരിലെ ചെറിയവരും വലിയവരുമായ വൃതന്മാർക്കു കൊടുക്കുകയും കല്ല്യാണവിരുന്ന് അതികേമമായി നടത്തപ്പെടുകയും ചെയ്യുന്നു.
* അടയപ്പെട്ട വിരുന്നുശാലയുടെ വെളിയിൽ കതകു തുറക്കണമേ എന്ന യാചനയുമായി തള്ളപ്പെട്ടുപോയവർ നില്ക്കുമ്പോൾ ഞാൻ നിങ്ങളെ ഒരുനാളും അറിഞ്ഞിട്ടില്ല എന്ന് അരുളിച്ചെയ്ത് അവരെ എന്നെന്നേക്കുമായി തള്ളിക്കളയുന്നു.
* വിരുന്നുശാലയിൽ കല്ല്യാണവിരുന്ന് നടക്കുമ്പോൾ കർത്താവ് തന്റെ ദൂതന്മാരെ വീണ്ടും അയയ്ക്കുന്നത് അന്ന് ഭൂമിയിൽ ജീവനോടിരിക്കുന്ന സകല മനുഷ്യരെയും മഹത്വത്തിന്റെ സിംഹാസനത്തിനു മുമ്പിൽ കൂട്ടിച്ചേർക്കേണ്ടതിനാകുന്നു. അതാണ് ലോകാവസാനമാകുന്ന കൊയ്ത്തിന്റെ അവസാനഘട്ടം.

കുഞ്ഞാടിന്റെ കല്ല്യാണം മുതൽ മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന കല്ല്യാണസദ്യ വരെയുള്ള സംഭവങ്ങളുടെ മുഴുവൻ വിശദാംശങ്ങളിലേക്ക് നാം പ്രവേശിക്കുന്നില്ല. തുടർന്നു നാം ചിന്തിക്കുന്നത് ഭൂമിയിൽവച്ച് നടക്കുവാൻ പോകുന്ന കല്ല്യാണ സദ്യയെക്കുറിച്ചാകുന്നു.

### ഭൂമിയിൽവച്ച് പൊരുളായി നിറവേറപ്പെടുന്ന കുഞ്ഞാടിന്റെ കല്ല്യാണസദ്യയിൽ പങ്കെടുക്കുന്നവരും കല്ല്യാണസദ്യയും

> പിന്നെ അവൻ എന്നോട്: കുഞ്ഞാടിന്റെ കല്യാണ സദ്യക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്ന് എഴുതുക എന്നു പറഞ്ഞു (വെളി. 19:9)

കുഞ്ഞാടിന്റെ കല്ല്യാണസദ്യയോടുള്ള ബന്ധത്തിൽ രണ്ട് കാര്യങ്ങളുടെ വിശദീകരണത്തിലേക്കാണ് നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അവയാണ് ചുവടെ കൊടുത്തിരിക്കുന്നത്.

1. കുഞ്ഞാടിന്റെ കല്ല്യാണസദ്യയിൽ പങ്കെടുക്കുന്നവർ
2. ഭൂമിയിൽവച്ച് നടക്കുന്ന കുഞ്ഞാടിന്റെ കല്ല്യാണസദ്യ

### 1. കുഞ്ഞാടിന്റെ കല്ല്യാണസദ്യയിൽ പങ്കെടുക്കുന്നവർ

സ്വർഗാധിസ്വർഗത്തിൽവച്ചു നടക്കുന്ന കുഞ്ഞാടിന്റെ വിവാഹാനന്തരം വധൂഗൃഹമാകുന്ന ഭൂമിയിലേക്ക് പ്രത്യക്ഷപ്പെടുന്ന മണവാളനോടും മണവാട്ടിയോടും പരിവാരങ്ങളോടുംകൂടെ കല്ല്യാണ

സദ്യ യിലും തുടർന്നു നടക്കുന്ന ദൈവരാജ്യത്തിൽ പന്തിയിലിരിക്കുവാനുമുള്ള ഭാഗ്യം ലഭിക്കുന്നവർ രണ്ട് കൂട്ടരാകുന്നു.

* മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ വചനമാം അരിവാളിനാൽ ഭൂമിയിൽനിന്ന് കൊയ്തെടുക്കുന്ന വൃതന്മാർ
* വിരുന്നുശാല നിറയപ്പെടാതിരിക്കുന്നതിനാൽ അവിടേക്ക് സ്നേഹിതപദവിയിൽ പ്രവേശിപ്പിക്കപ്പെടുന്നവരിലെ നല്ലവരായ വർ

**മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ വചനമാം അരിവാളിനാൽ ഭൂമിയിൽനിന്ന് കൊയ്തെടുക്കുന്ന വൃതന്മാർ**

അന്നു നടക്കുന്ന കൊയ്ത്തിൽ വൃതന്മാരിൽ രണ്ട് ഗണങ്ങളിൽപ്പെടുന്നവരാണുള്ളത്. അവർ യിസ്രായേൽ വൃതന്മാരും സുവിശേഷത്തിന്റെ വൃതന്മാരുമാകുന്നു.

**യിസ്രായേൽ വൃതന്മാർ**

> അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പ് ഇളതായി ഇലതളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ ഇതൊക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവിൻ... അന്നു രണ്ടു പേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും മറ്റവനെ ഉപേക്ഷിക്കും. രണ്ടു പേർ ഒരു തിരികല്ലിൽ പൊടിച്ചു കൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും മറ്റവളെ ഉപേക്ഷിക്കും (മത്താ. 24:32-41), (മർക്കൊ. 13: 28-37).

> ആ രാത്രിയിൽ രണ്ടുപേർ ഒരു കിടക്കമേൽ ആയിരിക്കും; ഒരുത്തനെ കൈക്കൊള്ളും മറ്റവനെ ഉപേക്ഷിക്കും. രണ്ടു പേർ ഒന്നിച്ചു പൊടിച്ചുകൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും മറ്റവളെ ഉപേക്ഷിക്കും (രണ്ടു പേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും മറ്റവനെ ഉപേക്ഷിക്കും) എന്ന് ഞാൻ നിങ്ങളോടു പറയുന്നു (ലൂക്കൊ. 17:34-37).

എതിർക്രിസ്തുവിന്റെ ഭരണാന്ത്യത്തിലേക്ക് ലോകം നീങ്ങുമ്പോൾ വളരെ വലിയ കഷ്ടമാണ് ദൈവീക മൂല്യങ്ങൾക്കു വേണ്ടി നിൽക്കുന്നവർക്ക് ഉണ്ടാകുന്നുത്. അന്ന് പഴയനിയമപ്രമാണത്തിനു വേണ്ടി കഷ്ടം സഹിച്ചു നിൽക്കുന്നവരാണ് യിസ്രായേൽ വൃതന്മാർ. യിസ്രായേലിനെ ലോകാവസാനത്തിന്റെ അന്ത്യത്തോടുള്ള ബന്ധത്തിൽ തിരുവചനത്തിൽ പ്രതിനിധീകരിച്ചിരിക്കുന്നത്

അത്തിയോടുള്ള ബന്ധത്തിലാകുന്നു. അവരാണ് പഴയനിയമപ്രമാണത്തിനുവേണ്ടി സഹിഷ്ണുതയോടെ നിൽക്കുന്നവർ. എന്നാൽ എതിർക്രിസ്തുവിന്റെ ക്രൂരമായ പ്രവൃത്തികൾ അവർക്കു നേരെ പ്രബലപ്പെടുമ്പോൾ വൃതന്മാരിൽ അനേകർ വിശ്വാസം ത്യജിച്ചുകളയുവാൻ തുടങ്ങും. അതുനിമിത്തമാണ് പിതാവാം ദൈവം ആ നാളുകളെ ചുരുക്കി തന്റെ പുത്രനാം മഹാരാജാവിനെ അവരുടെ രക്ഷയ്ക്കായി ഭൂമിയിലേക്ക് അയയ്ക്കുന്നത്. അത് എന്നാണെന്നുള്ളത് പിതാവാം ദൈവത്തിന്റെ തിരുഹിതമായതു കൊണ്ട് ആനാളും നാഴികയും ആർക്കും നിനച്ചെടുക്കുവാൻ കഴിയുകയില്ല. അന്ന് വെളിപ്പെടുന്ന മനുഷ്യപുത്രനാണ് പഴയ നിയമ പ്രമാണത്തിനുവേണ്ടി നിലകൊള്ളുന്ന യിസ്രായേൽ വൃതന്മാരെ ലോകത്തുനിന്ന് വചനമാകുന്ന അരിവാളിനാൽ വേർതിരി ക്കുന്നത്. ഇവരാകുന്നു അന്ന് മനുഷ്യപുത്രനെ ഭൂമിയിൽ സ്വീകരി ക്കുന്ന വൃതന്മാരിലെ ഒരു കൂട്ടർ.

**സുവിശേഷത്തിന്റെ വൃതന്മാർ**

> സ്വർഗ്ഗരാജ്യം തന്റെ മണവാളനെ എതിരേൽപാൻ വിളക്ക് എടുത്തുംകൊണ്ട് പുറപ്പെട്ട പത്തു കന്യകമാരോട് സദൃശം ആകും. അവരിൽ അഞ്ചു പേർ ബുദ്ധി ഇല്ലാത്തവരും അഞ്ചു പേർ ബുദ്ധിയുള്ളവരും ആയിരുന്നു. ബുദ്ധിയില്ലാത്തവർ വിളക്ക് എടുത്ത പ്പോൾ എണ്ണ എടുത്തില്ല, ബുദ്ധിയുള്ളവരോ വിളക്കോടുകൂടെ പാത്രത്തിൽ എണ്ണയും എടുത്തു. പിന്നെ മണവാളൻ താമസിക്കുമ്പോൾ എല്ലാവരും മയക്കം പിടിച്ച് ഉറങ്ങി. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു; അവനെ എതിരേല്പാൻ പുറപ്പെടുവിൻ എന്ന് ആർപ്പുവിളി ഉണ്ടായി. അപ്പോൾ കന്യകമാർ എല്ലാവരും എഴുന്നേറ്റു വിളക്കു തെളിയിച്ചു, എന്നാൽ ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ളവരോട്: ഞങ്ങളുടെ വിളക്കു കെട്ടുപോകുന്നതു കൊണ്ടു നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്കു തരുവിൻ എന്നു പറഞ്ഞു... അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു; ഒരുങ്ങിയിരുന്നവർ കല്ല്യാണസദ്യക്കു ചെന്നു. വാതിൽ അടയ്ക്കുകയും ചെയ്തു (മത്താ. 25:1-10)

കുഞ്ഞാടിന്റെ കല്ല്യാണം നടന്നതിനു ശേഷമാണ് കല്ല്യാണ സദ്യയ്ക്കുള്ള ക്ഷണം ലഭിക്കുന്നവരെക്കുറിച്ചുള്ള കാര്യം വെളിപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (വെളി. 19:9). ഇതിൽ നിന്നും കുഞ്ഞാടിന്റെ കല്ല്യാണസദ്യയ്ക്ക് ക്ഷണിക്കപ്പെടുന്ന

വൃതന്മാർ സ്വർഗാധിസ്വർഗത്തിൽവെച്ച് നടക്കുന്ന കുഞ്ഞാടിന്റെ കല്ല്യാണത്തിൽ പങ്കെടുക്കുന്നില്ല എന്നതിന്റെ വ്യക്തതയാണ് നമുക്ക് ലഭിക്കുന്നത്. കുഞ്ഞാടിന്റെ കല്ല്യാണസദ്യ ഭൂമിയിൽവച്ചാണ് പൊരുളായി നടക്കപ്പെടുന്നു എന്നതിന് ഇതിലധികം വിശദീകരണത്തിന്റെ ആവശ്യമില്ല.

കല്ല്യാണസദ്യയ്ക്കായി ക്ഷണിക്കപ്പെടുന്നത് സുവിശേഷത്തിന്റെ അവസാന ശേഷിപ്പിലുള്ളവരെയാകുന്നു. യിസ്രായേൽ വൃതന്മാർ സുവിശേഷത്തെ അംഗീകരിക്കാത്തതുകൊണ്ട് അവർ കുഞ്ഞാടിന്റെ കല്ല്യാണത്തെക്കുറിച്ച് അജ്ഞരാകുന്നു. അവർ കാത്തിരിക്കുന്നത് ദാവീദിന്റെ സിംഹാസനത്തിലിരുന്ന് വാഴുവാനുള്ള മഹാരാജാവിനെയാണ്. എന്നാൽ യിസ്രായേൽ വൃതന്മാരും കുഞ്ഞാടിന്റെ കല്ല്യാണസദ്യയിൽ പങ്കാളികളാകുവാൻ ഭാഗ്യം ലഭിക്കുന്നവരിൽ ഉൾപ്പെടുന്നു.

പത്തു കന്യകമാരുടെ ഉപമയിൽ കർത്താവ് വളരെ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നത് കല്ല്യാണത്തോടുള്ള ബന്ധത്തിലല്ല, ഭൂമിയിൽവച്ച് നടക്കുന്ന കല്ല്യാണസദ്യയോടുള്ള ബന്ധത്തിലാകുന്നു. അതുകൊണ്ട് ഈ ഉപമയ്ക്ക് സ്വർഗാധിസ്വർഗത്തിൽവച്ച് നടക്കുന്ന കുഞ്ഞാടിന്റെ വിവാഹവുമായി യാതൊരു ബന്ധവും ഇല്ല. പത്തു കന്യകമാരുടെ ഉപമ സുവിശേഷത്തിന്റെ വൃതന്മാരെക്കുറിച്ചാണ് വെളിപ്പെടുത്തിയിരിക്കുന്നത്. എതിർക്രിസ്തുവിന്റെ ഭരണാവസത്തിലേക്ക് ലോകം നീങ്ങുമ്പോൾ ഭൂമിയിൽ ദൈവവിശ്വാസം കണ്ടെത്തുവാൻ കഴിയാത്തവിധം അന്ധകാരനിബിഡമായിരിക്കും. അന്ന് സുവിശേഷത്തിന്റെ കൈത്തിരിവെട്ടം കാത്തുസൂക്ഷിക്കുന്നവരാണ് സുവിശേഷത്തിന്റെ വൃതന്മാർ. അവരുടെപോലും വിശ്വാസത്യാഗം സംഭവിക്കുന്ന വിധത്തിലേക്ക് ലോകം നീങ്ങുമ്പോളാണ് നിനെയാത്ത നാളിലും നാഴികയിലും മനുഷ്യപുത്രൻ ഭൂമിയിൽ രണ്ടാമത് പ്രത്യക്ഷപ്പെടുന്നത്. അന്ന് ലോകത്തിന്റെ നാല് അറുതികളിലുമുള്ള വൃതന്മാരെ വചനമാകുന്ന അരിവാളിനാൽ യെരുശലേമിൽ കൂട്ടിച്ചേർക്കുന്നതിൽ സുവിശേഷത്തിന്റെ വൃതന്മാരും ഉൾപ്പെടുന്നു.

ലോകാവസാനത്തിന്റെ അന്ത്യത്തിൽ നടക്കുന്ന കൊയ്ത്തിൽ വൃതന്മാരെ ശേഖരിക്കുന്നതിനെക്കുറിച്ചാണ് തുടർന്നു നാം ചിന്തിക്കുന്നത്.

**മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ വൃതന്മാരെ യെരുശലേമിൽ കൂട്ടിച്ചേർക്കുന്നത്.**

> അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചും കൊണ്ട്, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടുംകൂടെ വരുന്നതു കാണും. അവൻ തന്റെ ദൂതന്മാരെ മഹാകാഹള ധ്വനിയോടും കൂടെ അയയ്ക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലു ദിക്കിൽനിന്നും കൂട്ടിച്ചേർക്കും (മത്താ. 24:30 - 31)

കർത്താവിന്റെ രണ്ടാമത്തെ വരവാകുന്ന പരസ്യവരവിങ്കലാണ് വൃതന്മാരെ ആകാശത്തിന്റെ നാല് അറുതികളിൽനിന്നും കൂട്ടിച്ചേർക്കുന്നത്. അന്ന് സംഭവിക്കുന്ന കൊയ്ത്തിനെക്കുറിച്ച് വെളിപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാകുന്നു.

> പിന്നെ ഞാൻ വെളുത്തോരു മേഘവും മേഘത്തിന്മേൽ മനുഷ്യപുത്രനു സദൃശനായ ഒരുത്തൻ തലയിൽ പൊൻകിരീടവും കൈയിൽ മൂർച്ചയുള്ള അരിവാളുമായി ഇരിക്കുന്നതും കണ്ടു. മറ്റൊരു ദൂതൻ ദൈവാലയത്തിൽ നിന്നും പുറപ്പെട്ടു മേഘത്തിന്മേൽ ഇരിക്കുന്നവനോട്; കൊയ്ത്തിന് സമയം വന്നതു കൊണ്ടു നിന്റെ അരിവാൾ അയച്ചു കൊയ്ക; ഭൂമിയിലെ വിളവു വിളഞ്ഞുണങ്ങിയിരിക്കുന്നു എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. മേഘത്തിന്മേൽ ഇരിക്കുന്നവൻ അരിവാൾ ഭൂമിയിലേക്കു എറിഞ്ഞു ഭൂമിയിൽ കൊയ്ത്തു നടന്നു (വെളി. 14: )

ഭൂമിയിലെ വിളവ് വിളഞ്ഞുണങ്ങുന്ന സമയത്ത് അത് ശേഖരിക്കുന്നതിനെക്കുറിച്ചാണ് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിനോടുള്ള ബന്ധത്തിലെ പ്രഥമസംഭവമായി വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വെളുത്തോരു മേഘവും മേഘത്തിന്മേൽ മനുഷ്യപുത്രനു സദൃശനായ ഒരുത്തൻ പ്രത്യക്ഷപ്പെടുന്നു എന്നത് കർത്താവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയാകുന്ന രണ്ടാമത്തെ വരവിനെയാണ് സൂചിപ്പിക്കുന്നത്. എതിർക്രിസ്തുവിന്റെ ഭരണം അവസാനിപ്പിച്ച് ലോകരാജത്വത്തിന്മേൽ എന്നെന്നേക്കുമായി വാഴുവാനാണ് യേശുക്രിസ്തു തേജസ്സിൽ പ്രത്യക്ഷപ്പെടുന്നത്. അന്ന് സുവിശേഷത്തിന്റെയും ന്യായപ്രമാണത്തിന്റെയും വൃതന്മാരെ ജീവനോടിരിക്കുന്ന സകല മനുഷ്യരിൽനിന്നും വേർതിരിക്കുന്നത് മനുഷ്യപുത്രൻ ഭൂമിയിലേക്ക് എറിയുന്ന വചനമാകുന്ന

അരിവാളിനാൽ ആകുന്നു. അപ്രകാരം വേർതിരിക്കപ്പെടുന്ന വൃതന്മാരെ ശേഖരിക്കുന്നതിനു വേണ്ടിയാണ് അവൻ തന്റെ ദൂതന്മാരം മഹാകാഹളധ്വനിയോടുകൂടെ അയയ്ക്കുന്നത്. അവർ വൃതന്മാരെ മണവാളനാകുന്ന മഹാരാജാവിനെയും കൂട്ടരെയും സ്വീകരിക്കുവാനായി യെരുശലേമിൽ കൂട്ടിച്ചേർക്കുകയുമാണ് ചെയ്യുന്നത്. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ കല്ലറകൾ തുറന്നുള്ള പുനരുത്ഥാനമോ രൂപാന്തരമോ ഒന്നും സംഭവിക്കുന്നില്ല. അന്ന് ജീവനോടിരിക്കുന്നവരിൽ ദൈവീക മൂല്യങ്ങൾക്കുവേണ്ടി കഷ്ടം സഹിച്ചു നിൽക്കുന്ന വൃതന്മാരെ യെരുശലേമിൽ കൂട്ടിച്ചർക്കുക മാത്രമാണ് ചെയ്യുന്നത്.

മണവാളൻ വരുന്നു എന്ന ആർപ്പുവിളി ഉയരുമ്പോൾ അന്ന് സർവ്വ ഭൂമിയിലും വലിയനിലവിളിയും മഹാസംഭ്രമവും ആണ് ഉണ്ടാകുന്നത്. അന്ന് കഷ്ടം സഹിച്ചു നിൽക്കുന്ന വൃതന്മാരെ മാത്രമാണ് ദൂതന്മാർ യെരുശലേമിൽ കൂട്ടിച്ചേർക്കുന്നത്. മണവാളനും മഹാരാജാവുമായ കർത്താവും മണവാട്ടിയും രാജ്ഞിയുമായ ആദ്യജാതന്മരുടെ സഭയും തോഴ്മക്കാരും സഹഭൃത്യന്മാരുമായ പഴയനിയമത്തിന്റെ ശ്രേഷ്ഠന്മാരും യിസ്രായേലിൽനിന്നുള്ള നൂറ്റിനാല്പത്തിനാലായിരവും തോഴിമാരായ പുതിയനിയമത്തിലെ കന്യകമാരാകുന്നവരും ദൂതസഞ്ചയങ്ങളുമാണ് അന്ന് ഒലിവുമലയിൽ പ്രത്യക്ഷപ്പെടുന്നത്. അവരെയാണ് ആർപ്പുവിളികളോടെ രാജകീയ സ്വീകരണം നൽകി വൃതന്മാർ എതിരേൽക്കുന്നത്. അവിടെനിന്ന് കർത്താവും അവനോടു കൂടെയുള്ളവരും വൃതന്മാരോടൊപ്പം പ്രവേശിക്കുന്നത് കല്ല്യാണസദ്യ നടക്കുന്ന വിരുന്നുശാലയിലേക്കാണ്.

വിരുന്നുശാലയിൽ പ്രവേശിപ്പിക്കപ്പെടുന്നവരിൽ വൃതന്മാരുടെ എണ്ണം തികയപ്പെടുന്നില്ല. അതുകൊണ്ട് കർത്താവ് തന്റെ ദൂതന്മാരം വീണ്ടും അയച്ച് യെരുശലേമിന്റെ പ്രാന്തപ്രദേശങ്ങളിൽനിന്നും നല്ലവരും ദുഷ്ടന്മാരുമായ കണ്ടവരെയൊക്കെയും വിരുന്നുശാലയിലേക്ക് പ്രവേശിപ്പിക്കുന്നു. അവരാണ് സ്നേഹിതപദവിയിൽ കല്ല്യാണസദ്യയിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നവർ.

**വിരുന്നുശാല നിറയപ്പെടാതിരിക്കുന്നതിനാൽ അവിടേക്ക് സ്നേഹിതപദവിയിൽ പ്രവേശിപ്പിക്കപ്പെടുന്നവരിലെ നല്ലവരായവർ**

സ്നേഹിതപദവിയിൽ പ്രവേശിക്കപ്പെടുന്നവരിൽ കണ്ടവരും നല്ലവരുമായ സകല മനുഷ്യരും ഉൾപ്പെടുന്നു. വിരുന്നുശാല

നിറഞ്ഞതിനു ശേഷം കർത്താവുതന്നെയാണ് വിരുന്നു ശാലയുടെ കതക് അടയ്ക്കുന്നത്. കർത്താവിന്റെ ഒന്നാമത്തെ വരവിങ്കൽ തുറക്കപ്പെട്ട രക്ഷയുടെ വാതിലാകുന്ന സുവിശേഷത്തിന്റെ വാതിൽ അന്നുവരെയും അടയപ്പെടുന്നില്ല. സുവിശേഷത്തിന്റെ വാതിൽ തുറന്നവൻതന്നെയാണ് അത് അടയ്ക്കുന്നതും. നോഹയുടെ കാലത്ത് പെട്ടകത്തിന്റെ വാതിൽ ദൈവം അടച്ചതുപോലെ സുവിശേഷത്തിന്റെ വാതിലും കർത്താവു തന്നെ അടയ്ക്കുന്നു. അതിനു ശേഷം മറ്റാർക്കും അവിടേക്ക് പ്രവേശനം ലഭിക്കുന്നില്ല.

കല്ല്യാണവിരുന്നുശാലയിൽ ദൂതന്മാർ കല്ല്യാണസദ്യയുടെ ഒരുക്കങ്ങൾ നടത്തുമ്പോൾ വിരുന്നുശാലയിൽനിന്നും കർത്താവും അവനോടുകൂടെ സ്വർഗത്തിൽനിന്നു വരുന്നവരും അപ്രത്യക്ഷമാകുകയും സീയോൻ പർവ്വതത്തിലും അതിന്റെ ഗിരികളിളും പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. തുടർന്നു നടക്കുന്നു ഹർമ്മെഗെദ്ദോൻ യുദ്ധമാകുന്നു. അതിന്റെ വിശദാംശങ്ങളിലേക്ക് ഇപ്പോൾ പ്രവേശിക്കുന്നില്ല. ഹർമ്മെഗെദ്ദോൻ യുദ്ധവും അനന്തരസംഭവങ്ങളും പൂർത്തീകരിച്ചതിനു ശേഷം കർത്താവും അവനോടുകൂടെ വരുന്നവരും തിരികെ കല്ല്യാണവിരുന്നു ശാലയിലേക്കാണ് പ്രവേശിക്കുന്നത്. കല്ല്യാണവിരുന്ന് ആരംഭിക്കുന്നതിനു മുമ്പ് സ്നേഹിതപദവിയിൽ പ്രവേശിപ്പിക്കപ്പെട്ടവരിൽ അതുവരെയും കല്ല്യാണവസ്ത്രം ധരിച്ച് ഒരുങ്ങാത്ത മടിയന്മാരും ദുഷ്ടന്മാരുമായ സകലരെയും വിരുന്നുശാലയിൽനിന്നും കർത്താവിന്റെ ആജ്ഞയാൽ നിത്യനരകാഗ്നിയിലേക്ക് ദൂതന്മാർ തള്ളിക്കളയുന്നു. അതിനു ശേഷമാണ് രാജകീയ വിവാഹകല്ല്യാണസദ്യ പൊരുളായി ഭൂമിയിൽ നിറവേറപ്പെടുന്നുത്. അതിന്റെ വിശദീകരണത്തിലേക്കാണ് തുടർന്നു നാം പ്രവേശിക്കുന്നത്.

### 2. ഭൂമിയിൽവച്ച് നടക്കുന്ന കുഞ്ഞാടിന്റെ കല്ല്യാണസദ്യ

കർത്താവിനോടുകൂടെ സ്വർഗാധിസ്വർഗത്തിൽനിന്ന് പ്രത്യക്ഷപ്പെടുന്നവരും ഭൂമിയിൽനിന്ന് ചേർക്കപ്പെടുന്ന സ്നേഹിതപദവിയിൽ പ്രവേശിപ്പിക്കപ്പെടുന്നവരിലെ നല്ലവരുമായവരാണ് കുഞ്ഞാടിന്റെ കല്ല്യാണസദ്യയിൽ പങ്കെടുക്കുന്നത്. കല്ല്യാണസദ്യ എവിടെ വച്ച് നടക്കുന്നു എന്നതിന്റെ വ്യക്തത നമുക്കു ലഭിക്കുന്നത് പഴയനിയമ പ്രവാചകനായ യെശയ്യാവിന്റെ പ്രവചനത്തിൽനിന്നുമാകുന്നു.

എന്റെ ജനമേ, വന്നു നിന്റെ അറകളിൽ വാതിലുകളെ അടക്ക, ക്രോധം കടന്നുപോകുവോളം അല്പനേരത്തേക്ക് ഒളിച്ചിരിക്ക (യെശ. 26:20)

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ക്രോധത്തെക്കുറിച്ചാണ് പ്രവാചകൻ ഇവിടെ പ്രവചിച്ചിരിക്കുന്നത്. അന്ന് രണ്ട് അത്താഴമാണ് ഭൂമിയിൽ നടക്കുന്നത്. അതിൽ ഒന്നാമത്തേത് കർത്താവിനായി കഷ്ടം സഹിച്ച് നില്ക്കുന്നവർക്കുവേണ്ടി ഒരുക്കപ്പെടുന്ന കുഞ്ഞാടിന്റെ കല്ല്യാണസദ്യയാണെങ്കിൽ മറ്റൊന്ന് മഹാരാജാവിനോട് എതിർത്തുനിൽക്കുന്ന സൈന്യങ്ങളെ കർത്താവു സംഹരിക്കുന്നതുനിമിത്തം സകല പക്ഷിമൃഗാദികൾക്കും ഒരുക്കപ്പെടുന്ന മഹാ അത്താഴമാകുന്നു. അതെക്കുറിച്ച് യെഹെസ്കേൽ പ്രവാചകൻ പ്രവചിച്ചിരിക്കുന്നതാണ് ചുവടെ രേഖപ്പെടുത്തിയിരിക്കുന്നത്.

മനുഷ്യപുത്രാ, യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു; സകലവിധ പക്ഷികളോടും എല്ലാ കാട്ടുമൃഗങ്ങളോടും നീ പറയേണ്ടുന്നത്: നിങ്ങൾ കൂടി വരുവിൻ; നിങ്ങൾ മാംസം തിന്നുകയും രക്തം കുടിക്കയും ചെയ്യേണ്ടതിനു ഞാൻ യ്സ്രായേൽ പർവ്വതങ്ങളിൽ ഒരു മഹായാഗമായി നിങ്ങൾക്കുവേണ്ടി അറുക്കുവാൻ പോകുന്നു എന്റെ യാഗത്തിന് നാലു പുറത്തുനിന്നും വന്നുകൂടുവിൻ... ഞാൻ നിങ്ങൾക്കുവേണ്ടി അറുത്തിരിക്കുന്ന എന്റെ യാഗത്തിൽ നിന്ന് നിങ്ങൾ തൃപ്തരാകുവോളം മേദസ്സു തിന്നുകയും ലഹരിയാകുവോളം രക്തം കുടിക്കയും ചെയ്യും. ഇങ്ങനെ നിങ്ങൾ എന്റെ മേശയിങ്കൽ കുതിരകളെയും വാഹനമൃഗങ്ങളെയും വീരന്മാരെയും സകല യോദ്ധാക്കളെയും തിന്നു തൃപ്തരാകും എന്നു യോഹോവയായ കർത്താവിന്റെ അരുളപ്പാട് (യെഹ. (39:17 - 20)

ഹർമ്മഗെദ്ദോൻ എന്ന സ്ഥലത്ത് കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും പോരാടുവാൻ വേണ്ടിയാണ് മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചു വന്നുകൂടുന്നത്. അവരെ അന്ന് കൊന്നുകളയുന്നത് കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽനിന്ന് പുറപ്പെടുന്ന വാളിനാലാകുന്നു, ഹർമ്മഗെദ്ദോൻ യുദ്ധത്തെക്കുറിച്ച് ഭാവികാല പ്രവചനങ്ങളുടെ പൂർത്തീകരണമായ വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ സകലവിധ പക്ഷികളെയും മഹാദൈവത്തിന്റെ അത്താഴത്തിന് ക്ഷണിച്ചിരിക്കുന്നതായിട്ടാണ് കാണുന്നത്.

ഒരു ദൂതൻ സൂര്യനിൽ നിൽക്കുന്നത് ഞാൻ കണ്ടു; അവൻ ആകാശ മദ്ധ്യേ പറക്കുന്ന സകല പക്ഷികളോടും രാജാക്കന്മാരുടെ മാംസവും

സഹസ്രാധിപന്മാരുടെ മാംസവും വീരന്മാരുടെ മാംസവും കുതിരകളുടെയും കുതിരപ്പുറത്തിരിക്കുന്നവരുടെയും മാംസവും സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും തിന്നാൻ മഹാദൈവത്തിന്റെ അത്താഴത്തിൽ വന്നു കൂടുവിൻ എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു (വെളി. 19:17 - 18)

യെഹസ്കേൽ പ്രവാചകൻ പ്രവചിച്ച പ്രവചനം നിറവേറപ്പെടുന്നത് ഹർമ്മഗെദ്ദോൻ യുദ്ധത്തിലാകുന്നു. അത് നിറവേറപ്പെടുന്നതിനെക്കുറിച്ചാണ് വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യെഹെസ്കേൽ പ്രവചിച്ചതിൽ സകലവിധ പക്ഷികളോടും കാട്ടുമൃഗങ്ങളോടുമാണ് മഹായാഗത്തിനു വന്നുചേരുവാൻ വിളിക്കുന്നതെങ്കിൽ മഹാദൈവത്തിന്റെ അത്താഴം നടക്കുന്നതിന്റെ സന്ദർഭ വിശദീകരണത്തിൽ വെളിപ്പാട്പുസ്തകത്തിൽ കാട്ടുമൃഗങ്ങളെ ക്ഷണിക്കുന്നതായിട്ടില്ല. അതിന്റെ കാരണം പതിവിനു വിരുദ്ധമായ ഒരു സംഭവമായതുകൊണ്ടാണ് പക്ഷികളെ പ്രത്യേകം വിളിക്കുന്നത്. സന്ധ്യാസമയത്ത് സകലവിധ പക്ഷികളും കൂടണയും അവ പുറത്തേക്ക് ആഹാരം തേടി പുറപ്പെടുകയില്ല. അതുകൊണ്ടാണ് സകലവിധ പക്ഷികളെയും മഹാദൈവത്തിന്റെ അത്താഴത്തിന് പ്രത്യേകം ക്ഷണിക്കുന്നത്. എന്നാൽ കാട്ടുമൃഗങ്ങളെ ക്ഷണിക്കേണ്ടതില്ല അവ ഇരതേടി ഇറങ്ങുന്നത് രാത്രിയിലാണല്ലോ. അന്ന് പുറമേ നടക്കുന്ന മഹാഅത്താഴം മൃഗങ്ങൾക്കും സകല പക്ഷികൾക്കുമുള്ളതാണ്. യുദ്ധകലുഷിതമായ അന്തരീക്ഷത്തിൽ ലോകം ആയിരിക്കുമ്പോൾ കുഞ്ഞാടിന്റെ കല്ല്യാണസദ്യയിൽ പങ്കെടുക്കുന്നവർ ഇതൊന്നും അറിയാതെ അറയ്ക്കുള്ളിൽ സുരക്ഷിതരായിരിക്കും. അതുകൊണ്ടാണ് കല്ല്യാണസദ്യ അറയ്ക്കുള്ളിൽ നടക്കുന്നുവെന്നു യെശയ്യാവിന്റെ പ്രവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതിന്റെ സ്ഥിരീകരണത്തിന്റെ വിശദീകരണമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

മഹാരാജാവാം യേശുവും അവനോടു കൂടെ വരുന്ന സൈന്യവും അടച്ചിട്ടിരിക്കുന്ന വിരുന്നുശാലയിൽനിന്ന് അപ്രത്യക്ഷമാകുകയും അവർ യുദ്ധത്തിനായി സീയോൻ പർവ്വതത്തിലും അതിന്റെ ഗിരിയിലുമാകുന്നു പ്രത്യക്ഷപ്പെടുന്നത്. അതെക്കുറിച്ചുള്ള പ്രവചനം ഇപ്രകാരമാണ് പ്രവാചകൻ രേഖപ്പെടുത്തിയിരിക്കുന്നത്.

സിംഹമോ, നേരെ വിളിച്ചു കൂട്ടിയാലും അത് അവരുടെ കൂക്കുവിളികൊണ്ടു പേടിക്കാതെയും അവരുടെ ആരവംകൊണ്ടു ചുളുങ്ങാതെയും

ഇരിക്കുന്നതുപോലെ സൈന്യങ്ങളുടെ യഹോവ സീയോൻ പർവ്വതത്തിലും അതിന്റെ ഗിരിയിലും യുദ്ധം ചെയ്വാൻ ഇറങ്ങിവരും. പക്ഷി ചുറ്റിപ്പറന്നു കാക്കുന്നതുപോലെ സൈന്യങ്ങളുടെ യഹോവ യെരുശലേമിനെ കാത്തുകൊള്ളും. അവൻ അതിനെ പരിപാലിക്കും (യെശ. 31:4 - 5)

യെശയ്യാവ് പ്രവാചകൻ പ്രവചിച്ചിരിക്കുന്നത് സൈന്യങ്ങളുടെ യഹോവ യെരുശലേമിനെ കാത്തു പരിപാലിക്കുകയും അതിനെ തിരെ വരുന്ന സൈന്യങ്ങളെ നിർമ്മൂലനാശം ചെയ്യുന്നതിനെക്കു റിച്ചുമാകുന്നു. ആ സമയത്ത് ദൈവത്തിന്റെ ജനത്തോട് അല്പ നേരത്തേക്ക് അറയ്ക്കുള്ളിൽ ഒളിച്ചിരിക്കുവാനാണ് ദൈവം അരു ളിച്ചെയ്തിട്ടുള്ളത്. അത് കേവലം മണിക്കൂറികൾ മാത്രമാകുന്നു, ദൈവത്തിന്റെ ക്രോധം അറയ്ക്കു വെളിയിൽ നടക്കുന്ന ക്രോധ ദിവസത്തിൽ അവൻ രാജാക്കന്മാരെ തകർത്തുകളയുമെന്നുള്ള തിരുവചന പ്രവചനങ്ങളാണ് അക്ഷരാർത്ഥത്തിൽ അന്ന് നിറവേറ പ്പെടുന്നത്.

നിന്റെ വലത്തു ഭാഗത്തിരിക്കുന്ന കർത്താവ് തന്റെ ക്രോധദിവസത്തിൽ രാജാക്കന്മാരെ തകർത്തുകളയും. അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കും; അവൻ എല്ലാടവും ശവങ്ങൾ കൊണ്ടു നിറയക്കും; അവൻ വിസ്താരമായ ദേശത്തിന്റെ തലവനെ തകർത്തുകളയും (സങ്കീ. 110:56)

ഇരിമ്പുകോൽ കൊണ്ട് നീ അവരെ തകർക്കും; കുശവന്റെ പാത്രം പോലെ അവരെ ഉടയ്ക്കും (സങ്കീ. 2:9)

അന്ന് മഹാരാജാവിനോടുകൂടെ വരുന്നവരിൽ അവനോട് ഒന്നാ യിതീരുന്ന ആദ്യജാതന്മാരുടെ സഭ കർത്താവ് ചെയ്യുന്ന അതേ കാര്യങ്ങളാണ് ചെയ്യുന്നത്. അതിനാണ് വെളിപ്പാട്പുസ്തകം വ്യ ക്തത നല്കുന്നത്.

അവൾ സകല ജാതികളെയും ഇരിമ്പുകോൽ കൊണ്ടു മേയിപ്പാനുള്ളൊരു ആൺകുട്ടിയെ പ്രസവിച്ചു; കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും എടുക്കപ്പെട്ടു (വെളി. 12:5)

ജയാളികളാകുന്ന ആദ്യജാതന്മാരുടെ സഭ ക്രിസ്തുവിനോ ടൊപ്പം ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ പങ്കെടുക്കുന്നു എന്നതിന്റെ വ്യക്തതയാണ് വെളിപ്പാട്പുസ്തകത്തിലെ പ്രവചനങ്ങളിൽനിന്ന് സ്പഷ്ടമാക്കപ്പെടുന്നത്.

ജയിക്കയും ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കയും ചെയ്യുന്നവന് എന്റെ പിതാവ് എനിക്കു തന്നതുപോലെ ഞാൻ ജാതികളുടെ മേൽ അധികാരം കൊടുക്കും. അവൻ ഇരുമ്പുകോൽ കൊണ്ട് അവരെ മേയിക്കും; അവർ കുശവന്റെ പാത്രങ്ങൾ പോലെ നുറുങ്ങിപ്പോകും. ഞാൻ ഉദയനക്ഷത്രവും അവനു കൊടുക്കും (വെളി. 2:26-27)

കുഞ്ഞാടിന്റെ കല്ല്യാണസദ്യയോടുള്ള ബന്ധത്തിൽ ഇത്രയധികം തിരുവചനപ്രവചനങ്ങൾ എടുത്ത് ഉദ്ധരിച്ച് കാര്യങ്ങൾ വിശദമാക്കുന്നത് വായനക്കാർക്ക് തെല്ലും സംശയം ഉണ്ടാകാതിരിക്കുവാനാകുന്നു. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന കല്ല്യാണസദ്യ യെരുശലേമിലെ അറയ്ക്കുള്ളിൽവച്ച് നടത്തപ്പെടുന്നു എന്നതിന്റെ ഏറെ സ്ഥിരീകരണമാണ് നമുക്കു ലഭിച്ചത്. തുടർന്ന് അറയ്ക്കുള്ളിൽ നടക്കുന്നത് രാജകീയ കല്ല്യാണവിരുന്നാകുന്നു. സാക്ഷാൽ യിസ്രായേല്യനായ നഥനയേലിന്റെ കല്ല്യാണസദ്യ കാനായിൽ നിഴലായി നടത്തപ്പെട്ടുവെങ്കിൽ സാക്ഷാൽ യിസ്രായേലിന്റെ രാജാവായ യേശുക്രിസ്തുവിന്റെ കല്ല്യാണസദ്യയാണ് മനുഷ്പുത്രൻ വെളിപ്പെടുന്ന നാളിൽ ഭൂമിയിൽവച്ച് പൊരുളായി നിറവേറപ്പെടുന്നത്. കല്ല്യാണസദ്യയുടെ വിശദാംശങ്ങൾ തിരുവചനത്തിൽ വ്യക്തമാക്കിയിട്ടില്ല. എന്നാൽ, ദൈവരാജ്യത്തിൽ പന്തിയിലിരിക്കുന്നതിനോടുള്ള ബന്ധത്തിൽ അത് നിറവേറപ്പെടുന്നതിന്റെ വിശദാംശങ്ങൾ തിരുവചനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. രണ്ടും ഒന്നുപോലെയാണ് നടക്കുന്നതെങ്കിലും കല്ല്യാണസദ്യ ഒരിക്കലായിട്ടും ദൈവരാജ്യത്തിൽ പന്തിയിലിരിക്കുന്നത് ആയിരമാണ്ട് വാഴ്ചയിലെ അനുദിന സംഭവമാകുന്നു. അതുകൂടി ചിന്തിച്ച് നാം ഈ അദ്ധ്യായത്തിന്റെ പഠനം പൂർത്തീകരിക്കുന്നു.

**ദൈവരാജ്യത്തിൽ പന്തിയിലിരിക്കുന്നത്**

കല്ല്യാണസദ്യയ്ക്കു ശേഷമാണ് ദൈവരാജ്യത്തിൽ പന്തിയിലിരിക്കുന്നത് പൊരുളായി നിവർത്തീകരിക്കപ്പെടുന്നത്. അതിന്റെ നിഴലായ സംഭവം കർത്താവിന്റെ ഒന്നാമത്തെ വരവിങ്കൽ നിറവേറപ്പെട്ട അന്ത്യ അത്താഴമാകുന്നു. അതേക്കുറിച്ചു നാം തുടർന്നു ചിന്തിക്കുന്നതായിരിക്കും. എന്നാൽ അതിനു മുമ്പ് ദൈവരാജ്യത്തിൽ പന്തിയിലിരിക്കുന്നതിനോടുള്ള ബന്ധത്തിൽ കർത്താവ് അരുളിച്ചെയ്തതിന്റെ വിശദീകരണത്തിലേക്കാണ് നാം പ്രവേശിക്കുന്നത്.

കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്ന് അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗരാജ്യത്തിൽ പന്തിക്കിരിക്കും (മത്താ. 8:11)

അവിടെ അബ്രാഹാമും യിസ്ഹാക്കും യാക്കോബും സകല പ്രവാചകന്മാരും ദൈവരാജ്യത്തിൽ ഇരിക്കുന്നതും, നിങ്ങളെ പുറത്തു തള്ളിക്കളഞ്ഞതും നിങ്ങൾ കാണുമ്പോൾ കരച്ചിലും പല്ലുകടിയും ഉണ്ടാകും. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും തെക്കുനിന്നും വടക്കുനിന്നും അനേകർ വന്നു ദൈവരാജ്യത്തിൽ പന്തിയിൽ ഇരിക്കും. മുമ്പന്മാരായിത്തീർന്ന പിമ്പന്മാരുണ്ട്, പിമ്പന്മാരായിത്തീർന്ന മുമ്പന്മാരും ഉണ്ട് (ലൂക്കൊ. 13:28-30)

സ്വർഗരാജ്യത്തിൽ പന്തിയിലിരിക്കുന്നതിനായി കൂട്ടിച്ചേർക്കുന്നവരോടുള്ള ബന്ധത്തിൽ രണ്ടു സുവിശേഷകരും രേഖപ്പെടുത്തിയിരിക്കുന്നതിൽ പ്രകടമായ വ്യത്യസമുള്ളതായിട്ടാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്. വി. മത്തായി സ്വർഗരാജ്യത്തിൽ പന്തിയിലിരിക്കുന്നതിനോടുള്ള ബന്ധത്തിൽ അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരോടു കൂടെ കിഴക്ക്, പടിഞ്ഞാറ് എന്നീ രണ്ട് ദിക്കുകളിൽനിന്ന് അനേകർ വന്ന് പന്തിക്കിരിക്കും എന്നാണ് പരാമർശിച്ചിരിക്കുന്നതെങ്കിൽ വി. ലൂക്കൊസ് എഴുതിയ സുവിശേഷത്തിൽ കിഴക്ക്, പടിഞ്ഞാറ്, തെക്ക്, വടക്ക് എന്നീ നാലു ദിക്കുകളിൽനിന്ന് അനേകർ വന്ന് അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവർ സകല പ്രവാചകന്മാരോടുംകൂടെ ദൈവരാജ്യത്തിൽ പന്തിയിലിരിക്കുന്നതിനെക്കുറിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അത് എന്തുകൊണ്ടാകുന്നു എന്നതിന്റെ വിശകലനത്തിൽ നിന്ന് നമുക്ക് ലഭിക്കുന്നത് താഴെപ്പറയുന്ന വസ്തുതകളാകുന്നു.

* വി. മത്തായി മഹാരാജാവിന്റെ നഗരമാകുന്ന യെരുശലേമിന്റെ പ്രാന്തപ്രദേശങ്ങളായ കിഴക്ക്, പടിഞ്ഞാറ് എന്നീ ദേശങ്ങളിൽ നിന്നുള്ളവർ പഴയനിയമപിതാക്കന്മാരോടുകൂടെ ദൈവരാജ്യത്തിൽ പന്തിയിലിരിക്കുന്നതിനെക്കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്.
* അന്ന് കർത്താവ് ഇപ്രകാരം അരുളിച്ചെയ്ത സന്ദർഭം പരിശോധിച്ചാൽ അത് വ്യക്തമാക്കുന്നത് യേശു യിസ്രായേലിൽ എങ്ങും കാണാത്ത വലിയ വിശ്വാസം കഫർന്നഹൂമിലെ ഒരു ശതാധിപനിൽ കണ്ട സന്ദർഭത്തിലായിരുന്നു.

* അന്ന് കർത്താവ് ഇപ്രകാരം അരുളിച്ചെയ്തപ്പോൾ സൂചിപ്പിച്ചത് കർത്താവ് രണ്ടാമത് പ്രത്യക്ഷമാകുമ്പോൾ നടക്കുവാനുള്ള സംഭവങ്ങളെക്കുറിച്ചായിരുന്നു.
* കല്ല്യാണസദ്യയിലും തുടർന്ന് ദൈവരാജ്യത്തിലും പന്തിയിലിരിക്കുവാനുള്ള അവസരം വാസ്തവത്തിൽ യിസ്രായേലിൽ നിന്നുള്ള വൃതന്മാർക്കും പുതിയനിയമസഭയുടെ വൃതന്മാർക്കും മാത്രമാണുള്ളത്.
* എന്നാൽ കർത്താവ് രണ്ടാമത് പ്രത്യക്ഷമാകുമ്പോൾ ദൈവരാജ്യത്തിൽ പന്തിയിലിരിക്കുവാൻ അവസരം ലഭിച്ച അനേകർ അത് നഷ്ടപ്പെടുത്തിക്കളയുമ്പോൾ യോഗ്യത ഇല്ലാത്ത അനേകർ അതിനു യോഗ്യരായിത്തീരുന്നു.
* കല്ല്യാണസദ്യയ്ക്ക് ക്ഷണിക്കപ്പെട്ടവർ അനേകർ യോഗ്യരാകാതിരുന്നതിനാൽ സ്നേഹിതപദവിയിൽ അന്ന് വിരുന്നുശാലയിലേക്ക് പ്രവേശിക്കപ്പെടുന്നവർ യെരുശലേമിന്റെ പ്രാന്തപ്രദേശങ്ങളിൽനിന്ന് ഉള്ളവരായിരിക്കും. അത് വ്യക്തമാക്കുന്നതിനാണ് കിഴക്കുനിന്നും പടിഞ്ഞാറു നിന്നും അനേകർ വന്ന് പഴയനിയമപിതാക്കന്മാരോടുകൂടെ പന്തിക്കിരിക്കുന്നതായി ശതാധിപനോടുള്ള ബന്ധത്തിൽ കർത്താവ് വ്യക്തമാക്കിയത്.
* അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരോടു കൂടെ കിഴക്ക്, പടിഞ്ഞാറ് എന്നിവിടങ്ങളിൽ നിന്നുള്ളവർ എന്നുമാത്രം ഇവിടെ കർത്താവ് അരുളിച്ചെയ്തതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത് വൃതന്മാർ യോഗ്യരാകാതിരിക്കുന്നതിനാൽ യിസ്രായേലിന്റെ പ്രാന്തപ്രദേശങ്ങളിൽനിന്ന് ദൂതന്മാർ കൂട്ടിക്കൊണ്ടുവരുന്നവരിൽ യേശുവിൽ വിശ്വാസമുണ്ടായിരുന്ന അന്യദേശക്കാരനായ ശതാധിപനെപ്പോലെയുള്ളവർ വിരുന്നുശാലയിലേക്ക് പ്രവേശിക്കപ്പെടുമെന്നുള്ളതിന്റെ വ്യക്തതയാണ് നമുക്ക് ലഭിക്കുന്നത്.

സ്നേഹിതപദവിയിൽ വിരുന്നുശാലയിലേക്ക് പ്രവേശിക്കപ്പെടുന്നവരെക്കുറിച്ച് നാം ചിന്തിച്ചതിന്റെ സ്ഥിരീകരണമാണ് ശതാധിപനോടുള്ള ബന്ധത്തിൽ ദൈവം ഉപമയിലൂടെ അല്ലാതെ പരസ്യമായി പ്രസ്താവിച്ചിരിക്കുന്നതിൽ നിന്ന് വ്യക്തമാക്കപ്പെടുന്നത്. വി. ലൂക്കൊസ് സ്നേഹിതപദവിയിൽ പ്രവേശിക്കുന്നവരെക്കുറിച്ചുള്ള പരാമർശം ഒഴിവാക്കി വിരുന്നു ശാലയ്ക്കുള്ളിൽ

പ്രവേശിക്കപ്പെടുന്ന വൃതന്മാരെക്കുറിച്ചുള്ള പൊതുവായ കാഴ്ചപ്പാടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

* അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നീ പഴയനിയമ പിതാക്കന്മാർ ദൈവരാജ്യത്തിൽ പന്തിയിലിരിക്കുന്നവരിലുണ്ട് എന്ന് വ്യക്തമാക്കിയിരിക്കുന്നു.
* സകല പ്രവാചകന്മാർ എന്ന് സൂചിപ്പിച്ചിരിക്കുന്നത് പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ശ്രേഷ്ഠന്മാരായ വിശുദ്ധന്മാരുടെ പദവിയോടുള്ള ബന്ധത്തിലാകുന്നു.
* പഴയനിയമ പിതാക്കന്മാരും പ്രവാചകപദവിയിലുൾപ്പെടുന്നവരാകുന്നു. അവർ സ്വർഗാധിസ്വർഗത്തിൽനിന്ന് കർത്താവിനോടുകൂടെ വരുന്ന വിശുദ്ധന്മാരാകുന്നു.
* മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ മഹാകാഹളധ്വനിയോടെ പുറപ്പെടുന്ന ദൂതന്മാർ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലുദിക്കിൽ നിന്ന് കൂട്ടിച്ചേർക്കുന്നത് വൃതന്മാരെയാണ്. അവർ അന്ന് സ്വർഗത്തിൽനിന്നു വരുന്ന വിശുദ്ധന്മാരോടാപ്പം ദൈവരാജ്യത്തിൽ പന്തിയിലിരിക്കും എന്നതിനാണ് ലൂക്കൊസ് എഴുതിയ സുവിശേഷത്തിൽ പ്രാധാന്യത കൊടുത്തിരിക്കുന്നത്.

ഈ സന്ദർഭത്തിലും ഉപമയായിട്ടല്ല കർത്താവ് ഇപ്രകാരം അരുളിച്ചെയ്തത്. രക്ഷിക്കപ്പെടുന്നവർ ചുരുക്കമോ എന്ന ഒരുവന്റെ ചോദ്യത്തിന് ഉത്തരമായിട്ട് യേശു അന്ന് വ്യക്തമാക്കിയത് ലോകാവസാനത്തിന്റെ അന്ത്യത്തിൽ കർത്താവിന്റെ മഹത്വപ്രത്യക്ഷതയിൽ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ചാകുന്നു. അന്ന് രക്ഷിക്കപ്പെടുന്നർ വളരെ ചുരുക്കമായിരിക്കും എന്നാകുന്നു കർത്താവ് ഭാവികാലത്തോടുള്ള ബന്ധത്തിൽ യിസ്രായേലിനോട് അരുളിച്ചെയ്തത്. വൃതന്മാരും സ്നേഹിതപദവിയിൽ പ്രവേശിക്കപ്പെടുന്നവരും സ്വർഗത്തിൽനിന്നു വരുന്ന പഴയനിയമ പിതാക്കന്മാരോടും സകല പ്രവാചകന്മാരോടും കൂടെ ദൈവരാജ്യത്തിൽ പന്തിയിലിരിക്കുമെന്നതിന്റെ വ്യക്തതയാണ് നമുക്ക് ലഭിച്ചത്. അതുപോലെ അന്ന് ആത്മമണവാളനാകുന്ന ക്രിസ്തു അവന്റെ കാന്തയാകുന്ന ആത്മമണവാട്ടിയുമായി വിരുന്നുശാലയിൽ ഉണ്ടായിരിക്കുമെന്നതിന്റെ വ്യക്തത നമുക്ക് ഇതിനോടകം ലഭിച്ചുവെങ്കിലും അതേക്കുറിച്ച് കർത്താവ് വ്യക്തമായി ശിഷ്യന്മാരോട് അരുളിച്ചെയ്തിരിക്കുന്നതാണ് ചുവടെ കൊടുത്തിരിക്കുന്നത്.

എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി കുടിക്കും നാൾ വരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽനിന്ന് ഇനി കുടിക്കയില്ല എന്ന് ഞാൻ നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു (മത്താ. 26:29)

കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ നടക്കുന്ന കല്ല്യാണസദ്യ കാനായിലെ കല്ല്യാണസദ്യയുടെ പൊരുളാകുന്നുവെങ്കിൽ കർത്താവിന്റെ അന്ത്യഅത്താഴം ദൈവരാജ്യത്തിൽ പന്തിയിലിരിക്കുന്നതിന്റെ നിഴൽ ആകുന്നു. പെസഹായുടെ രാത്രിയിൽ പുത്രനാം ദൈവം അവരോട് അറിയിച്ചത് ഇനി മുന്തിരിവള്ളിയുടെ അനുഭവത്തിൽ നിന്ന് അവൻ കുടിക്കുന്നത് അവരോടൊപ്പം പിതാവിന്റെ രാജ്യത്തിലാകുന്നു എന്നാണ്. ഇവിടെ മർമ്മമായി കർത്താവ് വെളിപ്പെടുത്തിയിരിക്കുന്നത് സൃഷ്ടികളിൽനിന്ന് പരമോന്നത സ്ഥാനം അലങ്കരിക്കുന്ന മണവാട്ടിയാം രാജ്ഞി അവനോടു കൂടെ ദൈവരാജ്യത്തിൽ പന്തിയിലിരിക്കുന്നതിനെക്കുറിച്ചാകുന്നു. ഇതുവരെ നാം ചിന്തിച്ച കാര്യങ്ങൾ അവലോകനം ചെയ്താൽ അതിൽനിന്ന് സ്പഷ്ടമാക്കപ്പെടുന്നത് കർത്താവിനോടു കൂടെ പന്തിയിലിരിപ്പാൻ യോഗ്യത പ്രാപിക്കുന്നവരെക്കുറിച്ചാകുന്നു.

കുഞ്ഞാടിന്റെ കല്ല്യാണസദ്യയിലും തുടർന്നു ദൈവരാജ്യത്തിൽ പന്തിയിലിരിക്കുവാനുള്ള പദവി ലഭിക്കുന്നവർ താഴെപ്പറയുന്നവരാകുന്നു.

* കർത്താവായ യേശു എന്ന മഹാരാജാവും അവനോടുകൂടെ ഒന്നായിചേരുന്ന മണവാട്ടിയാകുന്ന രാജ്ഞിയും സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന് അക്ഷരീകമായ ദൈവരാജ്യത്തിൽ പന്തിയിലിരിക്കും (മത്താ. 26:29)
* കർത്താവിനോടും മണവാട്ടിയോടും കൂടെ സ്വർഗത്തിൽനിന്ന് ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന മണവാളന്റെ തോഴ്മക്കാരും മണവാട്ടിയുടെ തോഴിമാരും ഭൂമിയിൽനിന്ന് ചേർക്കപ്പെടുന്ന വൃതന്മാരും.
* യെരുശലേമിന്റെ പ്രാന്തപ്രദേശങ്ങളിൽ നിന്ന് അന്ന് വിളിക്കപ്പെടുന്ന സ്നേഹിതപദവിയിലുള്ളവരിലെ നല്ലവരായവർ

ദൈവരാജ്യത്തിൽ നിറവേറപ്പെടുന്ന കല്ല്യാണസദ്യ എന്ന വിഷയത്തെക്കുറിച്ചുള്ള ആധികാരിക പഠനത്തിലായിരുന്നു നാം ഇതുവരെ ആയിരുന്നത്. ഇതിൽനിന്നും കുഞ്ഞാടിന്റെ കല്ല്യാണസദ്യ

യിൽ പങ്കെടുക്കുന്നവരെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടാണ് നമുക്ക് ലഭിച്ചത്. അത് പൊരുളായി വധൂഗൃഹമാകുന്ന ഭൂമിയിൽ വച്ച് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നിവർത്തീകരിക്കപ്പെടുന്നു എന്നതിന്റെ വ്യക്തതയാണ് തിരുവചനതെളിവുകളാൽ സ്ഥിരീകരിക്കപ്പെട്ടത്. കല്ല്യാണസദ്യയുടെ പ്രാധാന്യത വ്യക്തമാക്കപ്പെട്ടതിനാൽ ദൈവമക്കളുടെ വിവാഹാനന്തരമുള്ള കല്ല്യാണസദ്യ അനുഗ്രഹമായി നടത്തപ്പെടുന്നതിന് ശ്രദ്ധിക്കേണ്ട പൊതുവായ കാര്യങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

* കാനാവിൽ നടന്ന കല്ല്യാണവിരുന്നിലെ കുറവുകൾ പരിഹരിച്ച ദൈവസാന്നിദ്ധ്യം ദൈവമക്കളുടെ കല്ല്യാണസദ്യയിൽ ഉണ്ടായിരിക്കുവാൻ പ്രത്യേകം പ്രാർത്ഥിക്കണം.
* അദൃശ്യമായ ദൈവസാന്നിധ്യം കല്ല്യാണവിരുന്നുശാലയിൽ ഉള്ളതുകൊണ്ട് വിവാഹവിരുന്ന് ദൈവവചനത്തിനനുസൃതമായിട്ടുവേണം നടത്തപ്പെടേണ്ടത്.
* കല്ല്യാണത്തിന് വിരുന്നുകാരെ ക്ഷണിക്കുന്നതിൽ വ്യക്തമായ ധാരണയുണ്ടായിരിക്കണം. അത്യാവശ്യം വിളിക്കപ്പെടേണ്ടവരെ നിശ്ചയമായും വിളിക്കേണ്ടതും അല്ലാത്തവരെ മുൻഗണയയനുസരിച്ച് വിളിക്കപ്പെടേണ്ടതുമാകുന്നു.
* ക്ഷണിക്കപ്പെട്ടവർ വിവാഹത്തിന് എത്തിച്ചേരുമോ എന്നത് ഉറപ്പുവരുത്തണം. അവരെ ഒന്നുകൂടി വിളിച്ച് ഓർമ്മപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും. അത് അവരുടെ വിലയേറിയ സന്നിധ്യം ക്ഷണിതാവ് ആഗ്രഹിക്കുന്നു എന്നതിന്റെ ബോദ്ധ്യം ക്ഷണിക്കപ്പെടുന്നവർക്ക് ഉണ്ടാകുന്നതിനുവേണ്ടിയാകുന്നു.
* ഏത് കല്ല്യാണസദ്യയിലും ആൾക്കാരെ ക്ഷണിക്കുന്നതിൽ പരിമിതി കാണും. സാമ്പത്തികം, യാത്ര എന്നിവയെല്ലാം പരിഗണിച്ച് വേണം വിരുന്നുകാരെ ക്ഷണിക്കേണ്ടത്.
* ക്ഷണിക്കപ്പെടുന്നവരിൽ നൂറുപേർക്ക് പത്തുപേർ എന്ന തോതിൽ കൂടുകയോ കുറയുകയോ ചെയ്യാം അതിനു മാറ്റം വന്നാൽ വിവാഹവിരുന്നിനെ അത് ദോഷകരമായി ബാധിക്കും.
* അനാവശ്യ ആർഭാടങ്ങൾ ഒഴിവാക്കി ക്ഷണിക്കപ്പെട്ടവർക്ക് ഉത്തമമായ ആഹാരമാണ് നല്കേണ്ടത്.
* അതിഥികളെ സ്വീകരിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തരുത്.

* ആഹാരസാധനങ്ങൾ സ്വന്തമേൽനോട്ടത്തിൽ ഉണ്ടാക്കുകയോ അതല്ലായെങ്കിൽ കേറ്ററിങ് സ്ഥാപനങ്ങളെ ഭരമേൽപിക്കുകയോ ചെയ്യാം. എന്നാൽ വിഭവങ്ങൾ പാചകം ചെയ്യുന്നതിന് വാങ്ങുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കേണ്ടതാണ്. അതുപോലെ ശുചിത്വത്തിന്റെ കാര്യത്തിൽ തെല്ലും വിട്ടുവീഴ്ച പാടില്ല.
* അതാതു ദേശത്തിനനുസരിച്ചുള്ള വിഭവങ്ങൾ ഉണ്ടാക്കുന്നതാണ് അഭികാമ്യം.
* ഭക്ഷണം കഴിക്കേണ്ടുന്ന സമയത്ത് തന്നെ സദ്യ നടത്തുന്നതിൽ പ്രത്യേകശ്രദ്ധ ഉണ്ടായിരിക്കണം.
* വിരുന്നുശാലയിൽ സദ്യ വിളമ്പിക്കഴിയുന്നതുവരെ എല്ലാവരും ക്ഷമയോടെ കാത്തിരിക്കണമെന്നില്ല അതുകൊണ്ട് ഭക്ഷണം വിളമ്പുന്നതിനു മുമ്പേ പ്രാർത്ഥിക്കുന്നതാണ് ഉചിതം.
* ഭക്ഷണത്തിനിരിക്കുന്ന എല്ലാവർക്കും ഭക്ഷണപദാർത്ഥങ്ങൾ ആവശ്യത്തിന് ലഭിച്ചു എന്നത് ഉറപ്പാക്കണം.
* അതിനായി വരന്റെയും വധുവിന്റെയും ഭാഗത്തുനിന്ന് രണ്ട് പ്രധാന വ്യക്തികളെ ചുമതലപ്പെടുത്തുകയും അവർ ഒരുമിച്ച് കാര്യങ്ങൾ അന്വേഷിക്കുന്നത് ആരുംതന്നെ അവഗണിക്കപ്പെടുന്നില്ലായെന്നത് ഉറപ്പുവരുത്തും.
* സ്നേഹോഷ്മളമായിരിക്കണം വിവാഹസദ്യ
* ആതിഥേയർ മാത്രമല്ല അതിഥികളും ശ്രദ്ധിക്കേണ്ട കാര്യങ്ങളുണ്ട്. അതിൽ പ്രഥമമായത് എല്ലാ അർത്ഥത്തിലും മാന്യമായ രീതിയിൽ വിവാഹസദ്യയിൽ പങ്കെടുക്കണമെന്നതാകുന്നു.
* കുറവുകൾ എന്തെങ്കിലും സംഭവിച്ചാൽ അത് പരസ്യപ്പെടുത്തരുത്.
* ഭക്ഷണസാധനങ്ങൾ പാഴാക്കിക്കളയരുത്.
* കല്ല്യാണത്തിന് ക്ഷണിക്കുമ്പോൾത്തന്നെ എന്തെങ്കിലും അസൗകര്യം ഉണ്ടെങ്കിൽ അത് അറിയിക്കണം. ഇനി പങ്കെടുക്കാമെന്ന് പറഞ്ഞിട്ട് അത്യാവശ്യകാരണങ്ങളാൽ പങ്കെടുക്കുവാൻ കഴിയുകയില്ലായെങ്കിൽ അത് മുൻകൂട്ടി വേണ്ടപ്പെട്ടവരെ അറിയിക്കുവാൻ മറക്കരുത്.
* കല്ല്യാണസദ്യ കഴിഞ്ഞ് മടങ്ങുന്നതിനു മുമ്പ് ക്ഷണിച്ച ആളെയോ അതിന്റെ പ്രധാന ആളുകളെയോ കണ്ട് ആശംസകൾ

അറിയിച്ചിട്ടേ പോകാവൂ. അതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം കുടുംബക്കാർ അന്ന് വളരെ തിരക്കിലായിരിക്കും. അതുകൊണ്ട് അധികസമയം എടുക്കാതെ വേഗത്തിൽ നന്ദി പറഞ്ഞ് അവരോട് യാത്രപറഞ്ഞ് പിരിയുന്നതാണ് ഉത്തമം.

കല്ല്യാണസദ്യയിൽ പങ്കെടുക്കുന്നവർ തൃപ്തരായി സന്തോഷത്തോടെ മടങ്ങുന്നത് ദൈവീക അനുഗ്രഹമാണ്. കാനാവിലെ കല്ല്യാണം അനുഗ്രഹമായി കുറവുകൾ ഇല്ലാതെ നടത്തപ്പെട്ടതു പോലെ എല്ലാ വിവാഹവിരുന്നുകളും അനുഗ്രഹമായി നടത്തുവാൻ ദൈവം കൃപ ചെയ്യട്ടെ. കല്ല്യാണസദ്യ എന്ന അദ്ധ്യായം എഴുതി പൂർത്തീകരിക്കുമ്പോൾ നാം ഗ്രഹിച്ചത് കല്ല്യാണസദ്യ വളരെയേറെ പ്രാധാന്യതയുള്ളതാകുന്നു എന്നതാണ്. ഏദ്ദെനിലെ ആദ്യ വിവാഹത്തിൽ ദൈവത്തിന്റെ തിരുസാന്നിധ്യം ഉണ്ടായിരുന്നുതുപോലെ ദൈവസാന്നിധ്യം നിറഞ്ഞുനിന്ന സന്ദർഭമായിരുന്നു കാനാവിലെ കല്ല്യാണവിരുന്നും. അതു രണ്ടും നിഴലായിരുന്നുവെങ്കിൽ വേഗത്തിൽ അത് പൊരുളായി നിവർത്തീകരിക്കപ്പെടുവാൻ പോകുന്നു. അത് കുഞ്ഞാടിന്റെ കല്ല്യാണം സ്വർഗാധിസ്വർഗത്തിൽവച്ച് നിറവേറപ്പെടുമ്പോൾ കല്ല്യാണസദ്യ ഭൂമിയിൽവച്ച് നിവർത്തീകരിക്കപ്പെടുവാൻ പോകുന്നു എന്നതാകുന്നു. അന്ന് മഹാരാജാവാം മണവാളനോടുകൂടെ രാജ്ഞിയായ മണവാട്ടി കല്ല്യാണസദ്യയ്ക്കിരിക്കുമ്പോൾ അവനോടൊപ്പം ഇരിപ്പാനുള്ള മഹാഭാഗ്യപദവി നമുക്ക് ഒരോരുത്തർക്കും ഉണ്ടാകട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ അനുദിനം ഒരുക്കി ആത്മീയ തികവിലേക്ക് നടത്തട്ടെ. തുടർന്ന് നാം ചിന്തിക്കുന്നത് കല്ല്യാണസദ്യയ്ക്കു ശേഷം നടക്കുന്ന ഗൃഹപ്രവേശം എന്ന വിഷയത്തെക്കുറിച്ചാകുന്നു. അതിന്റെ പഠനത്തിനായി പ്രാർത്ഥനയോടെ താളുകൾ മറിക്കാം, ദൈവം അനുഗ്രഹിക്കട്ടെ.

അദ്ധ്യായം 6

# ഗൃഹപ്രവേശം

വിവാഹാനന്തരം നടക്കുന്ന ഗൃഹപ്രവേശം വിവാഹത്തോടുള്ള ബന്ധത്തിൽ പ്രാധാന്യമായിട്ടുള്ളതാകുന്നു. വരന്റെയും വധുവിന്റെയും വീടുകളിൽ വിവാഹാനന്തരം നവദമ്പതിമാർ പ്രവേശിക്കുന്നതാണ് ഗൃഹപ്രവേശം. പൊതുവേ വരന്റെ വീട്ടിലേക്ക് വിവാഹാനന്തരം നവദമ്പതിമാർ പ്രവേശിക്കുന്നതിനാണ് പ്രാധാന്യതയുള്ളത്. വരന്റെ വീട്ടിലേക്ക് പ്രവേശിച്ചതിനു ശേഷം പിന്നീട് അവർ വധുവിന്റെ വീട്ടിലേക്കു പ്രവേശിക്കുന്ന രീതിയാണ് സർവ്വസാധാരണമായിട്ട് നടന്നുവരുന്നത്. ഓരോ ദിക്കിലെയും നടപ്പ് അനുസരിച്ച് ഇതിന് മാറ്റങ്ങളുണ്ടാകാം

ആദാം-ഹവ്വാ ദമ്പതിമാരുടെ വിവാഹത്തിലാണ് നമുക്കിതിന്റെ നിഴൽ കണ്ടെത്തുവാൻ സാധിക്കുന്നത്. പഴയനിയമ പിതാക്കന്മാരായ അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരുടെ വിവാഹാനന്തരം അവരുടെ ഗൃഹപ്രവേശം നടന്നതിന്റെ തെളിവുകളൊന്നും തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അതിന്റെ കാരണം അബ്രാഹാം മെസോപ്പൊത്താമ്യയിൽ വച്ചാണ് വിവാഹിതനായത്. അബ്രാഹാമും സാറായും അടുത്ത ബന്ധുക്കളായിരുന്നതുകൊണ്ട് പ്രത്യേകിച്ചൊരു ഗൃഹപ്രവേശത്തിന്റെ ആവശ്യകത ഉണ്ടായിരുന്നില്ല. യിസ്ഹാക്കിന്റെ വിവാഹജീവിതം റിബെക്കായെ എല്യേസർ പദ്ദൻ-അരാമിൽ നിന്ന് കൂട്ടിക്കൊണ്ടു വരുകയായിരുന്നു. യിസ്ഹാക്ക് ഒരിക്കൽപോലും പദ്ദൻ-അരാമിലുള്ള അവന്റെ ഭാര്യയായിരുന്ന റിബെക്കായുടെ ഭവനം സന്ദർശിച്ചിട്ടില്ലായെന്നാണ് തിരുവചനപഠനത്തിൽ നിന്ന് വ്യക്തമാക്കപ്പെടുന്നത്. യാക്കോബ് പദ്ദൻ-അരാമിൽ ചെന്ന് റാഹേലിനെയും ലേയായെയും വിവാഹം കഴിക്കുകയായിരുന്നു. ഇരുപത് വർഷം കഴിഞ്ഞിട്ടാണ് അവൻ സ്വന്തഭവനത്തിലേക്ക് പരിവാരസമേതം മടങ്ങിവന്നത്.

അതുപോലെ മോശെ, അഹരോൻ, ദാവീദ് അങ്ങനെ പഴയനിയമവ്യക്തികളായ ആരുടെയും ജീവിതത്തിൽ നിന്ന് ഗൃഹപ്രവേശ

സംബന്ധമായ കാര്യങ്ങൾ നമുക്ക് ലഭിക്കുന്നില്ല. പുതിയ നിയമത്തിൽ പൊരുളായി സംഭവിക്കുവാനുള്ള കുഞ്ഞാടിന്റെ ഗൃഹ പ്രവേശത്തെക്കുറിച്ചു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ നിഴലായി ആദാമിന്റെയും ഹവ്വായുടെയും വിവാഹാന ന്തരം നടന്ന ഗൃഹപ്രവേശത്തെക്കുറിച്ചും പൊരുളായി നടക്കുവാനുള്ള കുഞ്ഞാടാം മണവാളന്റെയും സഭയാം മണവാട്ടിയുടെയും ഗൃഹപ്രവേശത്തെക്കുറിച്ചുമാണ് നാം ഈ അദ്ധ്യായത്തിൽ ചിന്തിക്കുന്നത്.

## ആദാം – ഹവ്വാ ദമ്പതിമാരുടെ ഗൃഹപ്രവേശം

ദൈവം ആദാമിനെ ഭൂമിയിലെ പൊടിയിൽനിന്നുമാണ് അവന്റെ സ്വരൂപസദൃശ്യത്തിൽ സൃഷ്ടിച്ചത്. അതുകൊണ്ട് ആദാമിന്റെ ജന്മഗൃഹം ഭൂമിയാകുന്നു. ദൈവം അതിനുശേഷം കിഴക്ക് ഏദ്ദെൻതോട്ടം ഉണ്ടാക്കി അവനെ അവിടെ പാർപ്പിക്കുകയും അത് അവന്റെ വാസഗൃഹമാകുകയും ചെയ്തു. ഏദ്ദെനിൽ ഏകനായിരുന്ന ആദാമിന് ദൈവം തക്കതുണയായി സൃഷ്ടിച്ചത് ഹവ്വായെയായിരുന്നു. സ്ത്രീയെ ഏദ്ദെനിൽ വച്ച് സൃഷ്ടിച്ചതുകൊണ്ട് ഹവ്വായുടെ ജന്മഗൃഹം ഏദ്ദെൻ തോട്ടമാകുന്നു. ആദാമിൽ അടങ്ങിയിരുന്ന ഹവ്വായെ ദൈവം ഏദ്ദെനിൽവച്ചാണ് വേർപെടുത്തി അവരെ രണ്ടു വ്യക്തികളാക്കി മാറ്റിയത്. അതിനു ശേഷമാണ് വധുവാകുന്ന ഹവ്വായുടെ ജന്മഗൃഹത്തിൽവച്ച് ആദാമും ഹവ്വായും തമ്മിലുള്ള വിവാഹം ദൈവം നടത്തിയത്. നിഷ്പാപയുഗത്തിൽ പിറന്ന തേജസ്സുണ്ടായിരുന്ന ആദ്യകുടുംബത്തിന്റെ വിവാഹാനന്തരജീവിതം ആരംഭിച്ചത് ഏദ്ദെൻ തോട്ടത്തിലായിരുന്നു. എന്നാൽ അത് താത്കാലിക മായിരുന്നു.

ദൈവം വിഭാവനം ചെയ്തിരുന്ന മനുഷ്യവംശത്തിന്റെ വർദ്ധനവ് ആരംഭിച്ചത് ആദാമിന്റെ ജന്മഗൃഹമായിരുന്ന ഭൂമിയിലാണ്. ഏദ്ദെൻ തോട്ടത്തിൽ വച്ച് സൃഷ്ടിക്കപ്പെട്ട ഹവ്വാ ആദാമിക ജന്മഗൃഹത്തിലേക്ക് ആദാമിനോടൊപ്പം പ്രവേശിപ്പിക്കപ്പെട്ടതാണ് മാനവരാശിയോടുള്ള ബന്ധത്തിലെ ആദ്യത്തെ ഗൃഹപ്രവേശം. ഏദ്ദെൻ തോട്ടത്തിൽ നിന്ന് തികച്ചും വ്യത്യസ്ഥമായ ജീവിതസാഹചര്യത്തിലേക്കാണ് അവർ മാറ്റപ്പെട്ടത് എങ്കിലും അവർ വേഗത്തിൽ അതിനോട് പൊരുത്തപ്പെട്ടു. മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും എന്ന ദൈവീക അരുളപ്പാട് തേജസ്സ് നഷ്ടപ്പെട്ട മനുഷ്യരുടെ ജീവിതത്തിൽ നിറവേറപ്പെട്ടു. അതു നിമിത്തമാണ് ഭൂമിയിൽ മാനവരാശി ഉടലെടുത്തത്.

ലോകാരംഭത്തിലാണ് സന്താനോല്പാദനത്തോടെയുള്ള കുടുംബജീവിതം ഭൂമിയിൽ ആരംഭിച്ചത്. അന്ന് ആദാം-ഹവ്വാ ദമ്പതിമാരാൽ ആരംഭിച്ച കുടുംബവ്യവസ്ഥിതിയാണ് വേഗത്തിൽ വർദ്ധിച്ച് പെരുകി ഭൂമി മുഴുവൻ നിറഞ്ഞത്. അവരെ അന്ന് സ്വീകരിപ്പാൻ ഭൂമിയിൽ മറ്റാരും ഉണ്ടായിരുന്നില്ല. അവർതന്നെ ഭൗമികജീവിതത്തിന് വേണ്ടതായ കാര്യങ്ങൾ ഒരുക്കുകയാണ് ചെയ്തത്; അതിന് അവർ പ്രാപ്തിയുള്ളവരായിരുന്നു. ആദിമ മാതാപിതാക്കൾക്കു ജനിച്ച മക്കളിൽ ഹാബേൽ കയീനാൽ കൊല്ലപ്പെട്ടു. സഹോദരന്റെ ഘാതകനായ കയീൻ മാതാപിതാക്കളെ വിട്ടുപിരിഞ്ഞ് ഏദ്രെനു കിഴക്കുള്ള നോദ് ദേശത്താണ് ചെന്നു പാർത്തത്. ആദിമ മാതാപിതാക്കൾക്ക് ജനിച്ചിരുന്ന മക്കളിൽ പെൺമക്കളും ഉണ്ടായിരുന്നു. അവരിൽ നിന്ന് ഒരുവളുമായിട്ടാണ് കയീൻ നോദ്ദേശത്തേക്ക് പലായനം ചെയ്തത്. അവിടെയാണ് അവന്റെ സന്തതിപരമ്പര ആരംഭിച്ചത്.

നിഷ്പാപയുഗത്തിൽ ആയുസ്സ് രേഖപ്പെടുത്തിയിരുന്നില്ല. ആദാമും ഹവ്വായും ഭൂമിയിൽ ജീവിതം ആരംഭിച്ചു തുടങ്ങിയ അന്നു മുതലാണ് അവരുടെ ഭൗമിക ആയുസ്സിന്റെ ദിനങ്ങൾ എണ്ണപ്പെട്ടു തുടങ്ങിയത്. അതിനാൽ ഭൂമിയിൽ അവരുടെ കുടുംബജീവിതം ആരംഭിച്ചപ്പോൾ അവർക്ക് ഇരുവർക്കും ഭൗമീകജീവിതത്തോടുള്ള ബന്ധത്തിൽ ഒരേ വയസ്സ് ആയിരുന്നു ഉണ്ടായിരുന്നത്. ആദാമിന്റെയും ഹവ്വായുടെയും പ്രായം മറ്റു മനുഷ്യരുടെ പ്രായം പോലെ കാണക്കാക്കുവാൻ കഴിയുകയില്ല. അവർ പൂർണ്ണ വളർച്ചയുള്ളവരായി സൃഷ്ടിക്കപ്പെടുകയാണ് ചെയ്തത്. കയീനും ഹാബേലും ജനിച്ചപ്പോൾ ആദാമിന്റെ വയസ്സ് തിരുവചനത്തിൽ രേഖപ്പെടുത്താതിരിക്കുന്നത് അവന്റെ ഭൗമിക ആയുസ്സിന്റെ ആരംഭഘട്ടത്തിലായിരുന്നതുകൊണ്ടാണ്. ആദാമിന്റെ വംശപാരമ്പര്യത്തിൽ പിന്നീട് കയീൻ ഉൾപ്പെടുന്നില്ല. അത് ആരംഭിക്കുന്നത് ശേത്തിൽനിന്നുമാകുന്നു. ശേത്ത് ജനിക്കുമ്പോൾ ആദാമിന് നൂറ്റിമുപ്പത് വയസ്സായിരുന്നു.

മനസ്സാക്ഷിയുഗത്തിൽ മാനവകുടുംബം ഭൂമിയിലെ ജീവിതത്തിലേക്ക് പ്രവേശിച്ചപ്പോൾ പുരുഷനും സ്ത്രീയും എന്ന രണ്ട് വ്യക്തികളിൽ ആരംഭിക്കുകയും അവരിൽ നിന്ന് തലമുറകൾ ഉടലെടുത്തു ഭൂമിയിൽ നിറയപ്പെടുകയുമാണ് ചെയ്തത്. അന്ന് അവരിൽ ആരംഭിച്ച മാനവരാശിയുടെ വംശവർദ്ധനവ് ഇപ്പോഴത്തെ ആകാശവും ഭൂമിയും ഇല്ലാതാകുന്ന ഒടുക്കത്തെനാൾവരെ നിർ

ബാധം തുടർന്നുകൊണ്ടേയിരിക്കും. ആദാം-ഹവ്വാ ദമ്പതിമാരുടെ ഇഹലോകത്തിലേക്കുള്ള ഗൃഹപ്രവേശം നിഴലായിരുന്നുവെങ്കിൽ അതിന്റെ പൊരുൾ നിവർത്തീകരിക്കപ്പെടുന്നത് ഒടുക്കത്തെ ആദാമായ ക്രിസ്തുയേശുവിലാകുന്നു. പുതിയനിയമത്തോടുള്ള ബന്ധത്തിൽ ക്രിസ്തീയവിവാഹം, കല്ല്യാണസദ്യ എന്നിവ വരുവാനുള്ളതിന്റെ നിഴലായതുപോലെ നവദമ്പതിമാർ ഇരുകുടുംബങ്ങളിലും ഗൃഹപ്രവേശം നടത്തുന്നതും നിവർത്തീകരിക്കപ്പെടുവാനുള്ളതിന്റെ നിഴലാകുന്നു. അതെക്കുറിച്ചാണ് തുടർന്ന് നാം ചിന്തിക്കുന്നത്.

## കുഞ്ഞാടാം മണവാളന്റെയും സഭയാംമണവാട്ടിയുടെയും ഗൃഹപ്രവേശം

ഏദെൻ തോട്ടത്തിൽവച്ച് നടന്ന ആദ്യവിവാഹം സ്വർഗാധിസ്വർഗത്തിൽവച്ച് നടക്കുവാൻ പോകുന്ന കുഞ്ഞാടിന്റെ വിവാഹത്തിന്റെ നിഴലാകുന്നു എന്നു നാം ഇതിനോടകം ചിന്തിക്കുകയുണ്ടായി. കുഞ്ഞാടിന്റെ കല്ല്യാണനാളിൽ നടക്കുന്ന കല്ല്യാണത്തിനുശേഷം മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിലാണ് മഹാരാജാവാം ദൈവവും അവനോട് ഒന്നായിത്തീരുന്ന സഭയാംമണവാട്ടി എന്ന രാജ്ഞിയും സ്വർഗീയ ദൂതന്മാരോടും മണവാളന്റെ തോഴ്മക്കാരോടും മണവാട്ടിയുടെ തോഴിമാരോടും കൂടെ സ്വർഗാധിസ്വർഗത്തിൽ നിന്ന് ഭൂമിയാകുന്ന വധൂഗൃഹത്തിലേക്ക് ഇറങ്ങിവരുന്നത്. വധൂഗൃഹമാകുന്ന ഭൂമി മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ പ്രശ്നകലുഷിതമായിരിക്കും. അതിന് അറുതിവരുത്തിയിട്ടാണ് കുഞ്ഞാടിന്റെ കല്ല്യാണസദ്യയും ഗൃഹപ്രവേശമാകുന്ന ആയിരമാണ്ട് വാഴ്ചയും ആരംഭിക്കുന്നത്. ആത്മമണവാളനാകുന്ന കുഞ്ഞാടിന്റെ സ്വർഗീയഭവനത്തിൽനിന്ന് മണവാട്ടിയുടെ ഭവനമാകുന്ന ഭൂമിയിലെ വാസത്തിനായി അവർ ഇറങ്ങിവരുന്നത് ദൈവീക കണക്കിൻപ്രകാരം ഒരു ദിവസത്തേക്കാകുന്നു. അത് തിരുവചനപ്രകാരം ആയിരം വർഷത്തെ ഇഹലോക വാസമാകുന്നു.

ആയിരം വർഷത്തെ ഭൂമിയിലെ വാസത്തിലാണ് കർത്താവാം ദൈവം ഭൂമിയിൽ ചെയ്തു തീർക്കേണ്ട സകലകാര്യങ്ങളും പൂർത്തീകരിക്കുന്നത്. അവ പൂർത്തീകരിച്ചതിനു ശേഷമാണ് കർത്താവും അവനോടു കൂടെവരുന്ന മണവാട്ടിയും പരിവാരങ്ങളും സ്വർഗാധിസ്വർഗത്തിലേക്ക് പിതാവാം ദൈവത്തിന്റെ സന്നിധിയിലേക്ക് തിരികെ കരേറിപ്പോകുന്നത്. എതിർക്രിസ്തുവിന്റെ ഭരണ

ത്തിൽ പ്രശ്നകലുഷിതമായ വധൂഗൃഹത്തിലെ കാര്യങ്ങളെ കർത്താവ് ക്രമപ്പെടുത്തുന്നത് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിലാകുന്നു. അന്ന് വൃതന്മാരെ ചേർക്കുന്നതു മുതൽ കല്ല്യാണസദ്യ വരെയുള്ള കാര്യങ്ങളെക്കുറിച്ചാണ് നാം ചിന്തിച്ചത്. തുടർന്ന് ഇവിടെ സംക്ഷിപ്തമായി രേഖപ്പെടുത്തിയിരിക്കുന്നത് കല്ല്യാണസദ്യ മുതൽ സഹസ്രാബ്ദവാഴ്ച അവസാനിക്കുന്നതുവരെയുള്ള സംഭവങ്ങളെക്കുറിച്ചാകുന്നു.

**കല്ല്യാണസദ്യ മുതൽ ഉണ്ടാക്കുവാനുള്ളനാൾവരെ സംഭവിക്കുന്ന കാര്യങ്ങൾ**

* കല്ല്യാണസദ്യയ്ക്കു ശേഷമാണ് കർത്താവും അവന്റെ മണവാട്ടിയും മഹത്വസിംഹാസനത്തിലിരിക്കുന്നത്. അന്ന് ജീവനോടിരിക്കുന്ന സകലമനുഷ്യരെയും ദൂതന്മാർ മഹത്വസിംഹാസനത്തിനു മുമ്പാകെ കൂട്ടിച്ചേർക്കുമ്പോൾ അവരെ ഒരു ഇടയൻ ആടുകളെ ചെമ്മരിയാടും കോലാടും തമ്മിൽ വേർതിരിക്കുന്നതുപോലെ മനുഷ്യപുത്രനാകുന്നു അവരെ വേർതിരിക്കുന്നത്.
* മഹത്വസിംഹാസനത്തിന് വലതുവശത്തു നീതിമാന്മാരായ നല്ലവരെ ചെമ്മരിയാടുകളായി കർത്താവ് നിർത്തുമ്പോൾ ഇടതുവശത്തു നിർത്തുന്നത് അനീതി പ്രവർത്തിച്ച ദുഷ്ടന്മാരായ കോലാടുകളെയാകുന്നു.
* ഇടതുവശത്തു നിൽക്കുന്ന ദുഷ്ടന്മാരെ പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യനരകാഗ്നിയിലേക്ക് തള്ളിക്കളയുന്നു.
* വലത്തുവശത്തു നിൽക്കുന്ന നീതിമാന്മരാണ് പിതാവാം ദൈവം അവർക്കായി ഒരുക്കിയിരിക്കുന്ന രാജ്യത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നത്.
* കോതമ്പും പതിരും വീശുമുറം കൊണ്ട് വീശി കോതമ്പ് പുരയിൽ കൂട്ടിവയ്ക്കുകയും പതിർ കെടാത്ത തീയിലേക്ക് തള്ളിക്കളയുന്നു എന്ന പ്രവചനമാണ് അന്ന് നിവർത്തീകരിക്കപ്പെടുന്നത്.
* നിഴലായിരുന്ന കൂടാരപ്പെരുന്നാൾ പൊരുളായിത്തീരുകയും ആയിരം ആണ്ട് ഭരണം ആരംഭിക്കുകയും ചെയ്യുന്നു.
* ദൈവരാജ്യത്തിൽ പന്തിയിലിരിക്കുവാൻ ഭാഗ്യം ലഭിച്ചവരാണ് അവനോടുകൂടെ ആയിരമാണ് വാഴ്ചയിലും പന്തിക്കിരിക്കുന്നത്.

*   സഹസ്രാബ്ദവാഴ്ച

ഒരു രാജാവ് നീതിയോടെ വാഴും; പ്രഭുക്കന്മാർ ന്യായത്തോടെ അധികാരം നടത്തും (യെശ. 32:1)

ക്രിസ്തുയേശു എന്ന മഹാരാജാവിന്റെ നീതിയോടെയുള്ള ആയിരം വർഷത്തെ ഭരണത്തെക്കുറിച്ചാണ് പ്രവാചകനായ യെശയ്യാവ് പ്രവചിച്ചിരിക്കുന്നത്. എതിർ ക്രിസ്തുവിന്റെ സാത്താനിക ഭരണത്തിന് അന്തം വരുത്തിയിട്ടാണ് യേശുക്രിസ്തു ആയിരം ആണ്ട് നീതിയോടെ ഭൂമിയിൽ വാഴുന്നത്.

*   ഒടുക്കത്തെ നാളിൽ നടക്കുന്ന ഗോഗ്-മാഗോഗ് യുദ്ധം

ആയിരം ആണ്ട് കഴിയുമ്പോഴോ സാത്താനെ തടവിൽ നിന്ന് അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടല്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നവരെ യുദ്ധത്തിനായി കൂട്ടിച്ചേർക്കേണ്ടതിന് വശീകരിപ്പാൻ പുറപ്പെടും (വെളി. 20:7 - 8)

ആയിരം വർഷത്തെ ഭരണത്തിനു ശേഷം അഗാധത്തിലെ തടവറയിലടയ്ക്കപ്പെടുന്ന സാത്താനെ അല്പകാലത്തേക്കാണ് അഴിച്ചുവിടുന്നത്. അന്ന് അവൻ പുറപ്പെട്ട് മനുഷ്യജാതികളിൽ നിന്ന് യാഫെത്തിന്റെ തലമുറയിൽപ്പെട്ടവരായ ഗോഗ്, മാഗോഗ് എന്നിവരെയാണ് വശീകരിച്ച് യുദ്ധത്തിനായി അവന്റെ കൂട്ടത്തിൽ ചേർക്കുന്നത്. ഗോഗ്-മാഗോഗ് യുദ്ധം നടക്കുന്നത് കള്ളനെപ്പോലെ പ്രത്യക്ഷപ്പെടുന്ന ഒടുക്കത്തെ നാളിലാകുന്നു. അന്നു നടക്കുന്ന യുദ്ധത്തിൽ ദൈവത്തിന്റെ പ്രിയനഗരത്തെയും പാളയത്തെയും വളയുന്നവരെ ആകാശത്തുനിന്നു തീ ഇറങ്ങി ദഹിപ്പിച്ചുകളയുകയാണ് ചെയ്യുന്നത്.

*   ഒടുക്കത്തെ നാളിൽ സാത്താനെ അഗ്നിനരകത്തിലേക്ക് തള്ളിക്കളയുന്നത്.

അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പോയ്കയിലേക്ക് തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും (വെളി. 20:10)

പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന അഗ്നിപ്പൊയ്കയിലേക്ക് സാത്താനാകുന്ന പിശാച് ഒടുക്കത്തെ നാളിലാണ് തള്ളപ്പെടുന്നത്. അതോടെ പൈശാചിക ത്രിമൂർത്തികൾ മൂവരും നിത്യനരകത്തിന്റെ ഇരകളായിത്തീരുന്നു. സാത്താൻ അവിടേക്ക് തള്ളപ്പെടുന്നതിന് ഏകദേശം ആയിരം വർഷങ്ങൾക്ക് മുമ്പ് നടന്ന

ഹർമ്മഗെദ്ദോൻ യുദ്ധത്തിലാണ് മൃഗവും കള്ളപ്രവാചകനും അതിന്റെ ആദ്യ ഇരകളായിത്തീരുന്നത്. ഗോഗ്-മാഗോഗ് യുദ്ധത്തിൽ പിശാചും അവിടേക്ക് തള്ളപ്പെടുന്നതോടെ ഒടുക്കത്തെ ശത്രുവാകുന്ന മരണവും നീങ്ങിപ്പോകുന്നു.

* ഒടുക്കത്തെനാളിലെ പുനരുത്ഥാനം വെള്ള സിംഹാസനത്തിനു മുമ്പിലെ അന്ത്യന്യായവിധിയും

സമുദ്രം, പാതാളം, നരകം എന്നീ മൂന്ന് സ്ഥലങ്ങളിൽ ഉണ്ടായിരുന്ന സകലരുമാണ് അന്ന് പുനരുത്ഥാനം പ്രാപിച്ച് വെള്ള സിംഹാസനത്തിനു മുമ്പാകെ പ്രത്യക്ഷപ്പെടുന്നത്.

> ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവനായും, തിന്മ ചെയ്തവർ ന്യായവിധിക്കായും, പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു (യോഹ. 5:28-29)

കർത്താവ് ഇവിടെ അരുളിച്ചെയ്തിരിക്കുന്ന പുനരുത്ഥാനം നിറവേറപ്പെടുന്നത് ഒടുക്കത്തെനാളിലാകുന്നു എന്നതിനാണ് വെളിപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തിരുവചനഭാഗം വ്യക്തത നൽകുന്നത്.

> മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധിയുണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളയിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും (വെളി. 20:12-15)

ലോകാരംഭം മുതൽ ഒടുക്കത്തെ നാൾവരെ ഭൂമിയിൽനിന്ന് മാറ്റപ്പെട്ട സകല പാപികളെയും പാതാളം വെള്ളസിംഹാസനത്തിനു മുമ്പിൽ ഏല്പിച്ചുകൊടുക്കുമ്പോൾ നരകം ഏല്പിച്ചുകൊടുക്കുന്നത് കഠിനപാപികളെയാകുന്നു. അന്ന് സമുദ്രം ഏല്പിച്ചു കൊടുക്കുന്നത് ജീവപുസ്തകത്തിൽ പേരുള്ളവരും, അവർ നിത്യ ജീവന് യോഗ്യരാകുന്നവരുമാണ്. കർത്താവ് അരുളിച്ചെയ്തതുപോലെ

കല്ലറകളിൽ ഉള്ളവർ എല്ലാവരും ദൈവപുത്രന്റെ ശബ്ദം കേട്ട് പുനരുത്ഥാനം പ്രാപിക്കുന്നത് ഒടുക്കത്തെനാളിലാണ്. അന്ന് ജീവനായി പുനരുത്ഥാനം പ്രാപിച്ച് എഴുന്നേറ്റു വരുന്നവരാണ് നന്മ ചെയ്തവർ.

ഒന്നാമത്തെ ഭൂമിയും ഒന്നാമത്തെ ആകാശവും ദൈവസന്നിധിയിൽനിന്ന് ഓടിപ്പോകുന്നതിനു മുമ്പ് ഭൂമിയിൽ അന്ന് ജീവനോ ടിരിക്കുന്ന സകല നീതിമാന്മാരെയും അതുപോലെ ഒന്നാമത്തെ ആകാശത്തിലെ സൃഷ്ടികളായ ദൂതന്മാരെയും സമുദ്രത്തിലെ മരണാനന്തര നിരയിലേക്കാണ് ദൈവത്തിന്റെ ആജ്ഞയാൽ പ്രവേ ശിപ്പിക്കപ്പെടുന്നത്. അന്ന് പാപികളും ഭൂമിയിലുള്ള സകല ഭൂതാത്മാക്കളും പാതാളത്തിലേക്ക് മാറ്റപ്പെടുമ്പോൾ കഠിനപാപികളും ദുഷ്ടദൂതന്മാരും തള്ളപ്പെടുന്നത് നരകത്തിലേക്കാകുന്നു. ഒടുക്കത്തെനാളിൽ നടക്കുന്ന പുനരുത്ഥാനത്തിൽ സമുദ്രം വെള്ള സിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചുകൊടുക്കുന്നവരിൽ അപ്പോൾ സമുദ്രത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നവർ ഉൾപ്പെടെ ജീവപുസ്തകത്തിൽ പേരുള്ള സകലരും ഉൾപ്പെടുന്നു. അതുപോലെ പാതാളവും നരകവും വെള്ളസിംഹാസനത്തിനു മുമ്പാകെ തങ്ങളിലുള്ളവരെ ഏല്പിച്ചുകൊടുക്കുന്നു. അവർ ഇരുളാകുന്ന സാത്താന്റെ സന്തതികളാകുന്നു. അവരുടെ പേരുകൾ ജീവപുസ്തകത്തിൽ കാണുകയില്ല. ദൈവം അവരുടെ പ്രവൃത്തികൾക്കടുത്ത് ന്യായം വിധിച്ച് നിത്യനരകാഗ്നിയിലേക്കാണ് തള്ളിക്കളയുന്നത്.

* പുതിയ ആകാശവും പുതിയ ഭൂമിയും പ്രത്യക്ഷപ്പെടുകയും ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ദൈവസന്നിധിയിൽനിന്ന് ഓടി മറയുകയും അന്ത്യന്യായവിധിക്കുശേഷം സമുദ്രം ഉൾപ്പെടെ കത്തിയഴിഞ്ഞ് ഇല്ലാതാവുകയും ചെയ്യുന്നു.

ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല (വെളി. 21:1)

ആദിയിൽ ദൈവം സൃഷ്ടിച്ച ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയുമാണ് അതിന്റെ ഉദ്ദേശ പൂർത്തീകരണത്തിൽ സമുദ്രത്തോടൊപ്പം മൂലപദാർത്ഥങ്ങൾ കത്തിയഴിഞ്ഞ് ഇല്ലാതാവുന്നത്. അതിനുപകരമായി നീതി വസിക്കുന്ന പുതി ആകാശവും പുതിയ ഭൂമിയുമാണ് യോഹന്നാൻ ദർശിക്കുന്നത്. പുതുവാനഭൂമിയിലേക്കാണ് ദൂതതുല്യരായി ഭൗമതേജസ്സോടെ ജീവപുസ്തകത്തിൽ

പേരുള്ള സകലരും നീതിമാന്മാരായി പ്രവേശിപ്പിക്കപ്പെടുന്നത്. അവരോടൊപ്പം ഒന്നാമത്തെ ആകാശത്തിലുണ്ടായിരുന്ന ദൂതന്മാരും പുതുവാന ഭൂമിയിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നു. പാപം, മരണം, രോഗം, ദുഃഖം, കണ്ണുനീർ, മുറവിളി ഒന്നുമില്ലാത്ത പുതുവാനഭൂമി ദൈവഹിതപ്രകാരം സ്ഥാപിതമാക്കപ്പെടുന്നതോടെ ദൈവത്തിന്റെ തിരുഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആയിത്തീരുന്നു.

* ഉണ്ടാക്കുവാനുള്ള ദിവസത്തിൽ പുതുവാനഭൂമിയിൽ സ്ഥാപിത മാക്കപ്പെടുന്ന രാജ്യം പിതാവിനെ ഏല്പിക്കുവാൻ കർത്താവും അവനോട് കൂടെ വരുന്നവരും തിരികെ കരേറിപ്പോകുന്നത്

അന്ന് അവൻ എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും നീക്കം വരുത്തീട്ടു രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും (1കൊരി. 15:24)

യുഗങ്ങൾ അവസാനിക്കുകയും നിത്യയുഗം ആരംഭിക്കുകയും ചെയ്യുന്നത് ഉണ്ടാക്കുവാനുള്ള ദിവസത്തിലാകുന്നു. ഒടുക്കത്തെ നാളിൽ പുതുവാനഭൂമിയിലേക്ക് ദൂതതുല്യരായി പ്രവേശിക്കപ്പെടുന്നവരും അവരോടൊപ്പം ഒന്നാമത്തെ ആകാശവാസികളായിരുന്നു ദൂതന്മാരുമാണ് നിത്യയുഗത്തിൽ പുതുവാനഭൂമിയിൽ വാഴുന്നത്. ഇപ്രകാരം പിതാവാംദൈവത്തിന്റെ തിരുഹിതം പുതുവാനഭൂമിയിൽ നിവർത്തീകരിച്ചതിനു ശേഷം അത് ഭരമേല്പിക്കുന്നതിനാണ് കർത്താവും അവനോടുകൂടെ വരുന്നവരും ഭൂമിയിലെ ഗൃഹപ്രവേശം പൂർത്തീകരിച്ച് തിരികെ സ്വർഗാധിസ്വർഗത്തിലേക്ക് തിരികെ കരേറിപ്പോകുന്നത്.

ലോകസ്ഥാപനത്തിനു മുമ്പ് ദൈവം വിഭാവനം ചെയ്തിരുന്ന സകല പ്രവൃത്തികളുമാണ് ഉണ്ടാക്കുവാനുള്ള ദിവസത്തിൽ പുതുവാനഭൂമിയിൽ പൂർത്തീകരിക്കപ്പെടുന്നത്. ഗൃഹപ്രവേശം എന്ന അദ്ധ്യായത്തിൽ നാം ചിന്തിച്ചത് പഴയനിയമത്തിലെ നിഴലായ ആദാം-ഹവ്വാ ദമ്പതിമാരുടെ ഗൃഹപ്രവേശം, പുതിയനിയമത്തിലെ ഇപ്പോൾ നടക്കുന്ന നിഴലായ ഗൃഹപ്രവേശം, പൊരുളായ കുഞ്ഞാടിന്റെയും സഭയുടെയും ഗൃഹപ്രവേശം എന്നിവയെക്കുറിച്ചായിരുന്നു. ഗൃഹപ്രവേശാനന്തരം നടക്കുന്ന കുടുംബജീവിതത്തിന്റെ നിഴലും പൊരുളുമായ കാര്യങ്ങളെക്കുറിച്ചാണ് കുടുംബജീവിതം എന്ന അടുത്ത അദ്ധ്യായത്തിൽ ചിന്തിക്കുന്നത്. എന്നാൽ അതിനുമുമ്പ് പുതിയനിയമദൈവസഭയോടുള്ള ബന്ധത്തിൽ നടന്നുവരുന്ന ഗൃഹപ്രവേശത്തിൽ വരനും വധുവും അവർ ഇരുവരുടെയും കുടും

ബക്കാരും പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് തുടർന്നു നാം ചിന്തിക്കുന്നത്. അതിന്റെ സംക്ഷിപ്തരൂപമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

* ദൈവകൃപയിലാശ്രയിച്ച് പ്രാർത്ഥനയോടെയായിരിക്കണം ഗൃഹപ്രവേശം നടത്തേണ്ടത്.
* രണ്ടു വ്യത്യസ്ഥകുടുംബങ്ങളിൽ ജനിച്ചു വളർന്നവർ വിവാഹാനന്തരം ഒന്നായി തീരുന്നതിനാൽ അവർ മേലാൽ രണ്ടല്ല; ഒന്നത്രെയാകുന്നു.
* വരന്റെ വീട് വധുവിന് സ്വന്തമായിരിക്കണം. അവൾ അവനോട് കൂടെ സമാധാനത്തിൽ ജീവിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.
* സമാധാനജീവിതത്തിനു വിഘാതമായ യാതൊന്നും കുടംബത്തിലേക്ക് പ്രവേശിക്കുന്ന പുതിയ അംഗത്തിന് അവിടെയുള്ള ആരിൽനിന്നും ഉണ്ടാകരുത്.
* സ്വന്തം കുടുംബത്തിൽ ജീവിച്ചതുപോലെയുള്ള സമാധാനാന്തരീക്ഷം വരന്റെ വീട്ടിലും ലഭിച്ചാൽ അതിനപ്പുറമായ സന്തോഷം നവവധുവിന് ലഭിക്കുവാനില്ല.
* വരന്റെ അമ്മയ്ക്കാണ് ഇതിൽ ഏറ്റവും അധികം പങ്കു വഹിക്കുവാനുള്ളത്. സ്വന്തം മകളെപ്പോലെ പുത്രഭാര്യയെ കരുതിയാൽ പിന്നീട് പ്രശ്നങ്ങൾ ഒന്നും ഉടലെടുക്കുകയില്ല.
* നവവധുവും സ്വന്തം കുടുംബാംഗങ്ങളെപ്പോലെ വേണം ഭർതൃവീട്ടുകാരോട് ഇടപെടുവാൻ
* ഭർതൃഗൃഹത്തിൽ ഉള്ള സാഹചര്യങ്ങളിൽ നവവധു തൃപ്തിപ്പെടണം. അതുപോലെ നവവരനും വധുവിന്റെ വീട്ടിലെ സാഹചര്യങ്ങളോട് പൊരുത്തപ്പെണ്ടതാണ്.
* രണ്ട് കുടുംബങ്ങളുടെയും സാമ്പത്തിക സാമൂഹിക നിലവാരങ്ങളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിരിക്കാം. എന്നാൽ അതൊന്നും കുടുംബജീവിതത്തിലെ സമാധാനം നഷ്ടപ്പെടുത്തിക്കളയുവാൻ ഇടയാകരുത്.
* പുതിയ കുടുംബത്തിലെ സാഹചര്യങ്ങളോട് ഇരുവരും ഒത്തിണങ്ങിച്ചേരുക. വേഗത്തിൽ മാറ്റങ്ങൾ വരുത്തുവാൻ ആരു ശ്രമിച്ചാലും അത് പ്രശ്നങ്ങളെ ക്ഷണിച്ചുവരുത്തുകയായിരിക്കും.

* നല്ല മാറ്റങ്ങൾ വരുത്തണമെന്നാഗ്രഹമുണ്ടെങ്കിൽ സാവധാനത യിൽ അത് കൂട്ടായി ചിന്തിച്ച് മാറ്റുന്നതായിരിക്കും അഭികാമ്യം.
* നവവരൻ സ്വന്തം കുടുംബാംഗങ്ങളെപ്പോലെ വധൂഗൃഹത്തി ലുള്ളവരെ കരുതണം.
* വധുവിന്റെ വീട്ടിലെ അതിഥിയായിട്ടാണ് വരനെ സ്വീകരിക്കു ന്നത്. മിക്കപ്പോഴും വളരെകുറച്ചു ദിവസങ്ങൾ മാത്രം താമസി ക്കുന്നതുകൊണ്ട് സാധാരണഗതിയിൽ പ്രശ്നങ്ങൾ ഉണ്ടാ കാറില്ല. എന്നാൽ അത്തരം ഒരു സ്വീകരണം വധുവിന് വരന്റെ വീട്ടിൽ ലഭിക്കണമെന്നില്ല. അതാണ് പിന്നീട് കുടംബപ്രശ്നങ്ങ ളായി തലയുയർത്തുന്നത്.
* ഇനി എന്തെങ്കിലും കാരണത്താൽ കുടുംബങ്ങൾ തമ്മിൽ പ്രശ്നങ്ങൾ ഉടലെടുത്താലും അതൊന്നും ഉത്തമകുടുംബ ജീവിതം ആഗ്രഹിക്കുന്നവരെ ബാധിക്കുകയില്ല. അവർ അതിനെ പരിജ്ഞാനത്തോടെ പരിഹരിക്കും.
* ദൈവഭയമുള്ള കുടുംബങ്ങളിൽ സന്തോഷം ഉണ്ടായിരിക്കും. അത് ദൈവരാജ്യമാണ്. പരസ്പരം സ്നേഹിക്കുവാനും കരുതു വാനും അറിയാവുന്നവരാണ് ദൈവമക്കൾ.
* ഞാൻ നിന്നെ അനുഗ്രഹിച്ച് വർദ്ധിപ്പിക്കും എന്ന ദൈവീക വാഗ്ദത്തമാണ് വിവാഹത്തിൽ നിറവേറപ്പെടുന്നത്.
* ദൈവം ഒരുവനെ അനുഗ്രഹിച്ച് ദാനമായി അവനൊരു ഭാര്യയെ നല്കുമ്പോൾ അത് നിമിത്തം ഒരു മകളെയാണ് ഭർത്താവിന്റെ വീടിന് ലഭിക്കുന്നത്. അതുപോലെ ദൈവം ഒരുവളെ അനുഗ്രഹി ച്ച് ദാനമായി അവൾക്കൊരു ഭർത്താവിനെ നല്കുമ്പോൾ അതു നിമിത്തം ഒരു മകനെയാണ് ഭാര്യയുടെ വീടിന് ലഭിക്കുന്നത്.
* ദൈവഹിതപ്രകാരം അനുഗ്രഹിക്കപ്പെട്ട വിവാഹജീവിതത്തി ലേക്ക് പ്രവേശിക്കുന്ന നിമിഷത്തിൽ ദൈവീകമായ വർദ്ധന വാണ് ഇരുകുടുംബങ്ങളിലും ഉണ്ടാകുന്നത്.
* വിവാഹാനന്തരം നടക്കുന്ന ഗൃഹപ്രവേശത്തിൽ മണവാളൻ മണവാട്ടിയുമായി മണവാളന്റെ ഭവനത്തിലേക്ക് പ്രവേശിക്കു മ്പോൾ ഒരു പുതിയ വ്യക്തികൂടി ആ കുടുംബത്തിന്റെ ഭാഗമായി മാറുകയാണ് ചെയ്യുന്നത്. അതുപോലെ മണവാളനും മണ വാട്ടിയുടെ കുടുംബത്തിന്റെ ഭാഗമാകുന്നു.

* വിവാഹാനന്തരം വരനും വധുവും ഇരുകുടുംബങ്ങളിലേക്കും പ്രാർത്ഥനാപൂർവ്വം ഗൃഹപ്രവേശം നടത്തുന്നത് എത്ര അനുഗ്രഹമാണ്.

ഗൃഹപ്രവേശം എന്ന അദ്ധ്യായം ഇവിടെ എഴുതി പൂർത്തീകരിക്കുമ്പോൾ നിഴലും പൊരുളുമായ കാര്യങ്ങളെക്കുറിച്ചാണ് നാം ചിന്തിച്ചത്. തുടർന്നു നാം പ്രവേശിക്കുന്നത് കുടുംബജീവിതം എന്ന ഈ പുസ്തകത്തിലെ അവസാന അദ്ധ്യായത്തിലേക്കാണ്.

### അദ്ധ്യായം 7

# കുടുംബജീവിതം

വിവാഹം നിഴലും പൊരുളും എന്ന ഗ്രന്ഥത്തിന്റെ അവസാന അദ്ധ്യായത്തിന്റെ പഠനത്തിലേക്കാണ് നാം പ്രവേശിച്ചിരിക്കുന്നത്. ഇതുവരെ നാം ചിന്തിച്ചത് ദൈവം വിഭാവനം ചെയ്ത് ഭൂമിയിൽ നടപ്പിലാക്കിയ വിവാഹത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചായിരുന്നു. അതിൽ വിവാഹ ഉദ്ദേശം, വിവാഹ ആലോചന, വിവാഹ നിശ്ചയം, വിവാഹം, കല്ല്യാണസദ്യ, ഗൃഹപ്രവേശം എന്നീ ആറു ഘട്ടങ്ങളെക്കുറിച്ചുള്ള പഠനമാണ് ദൈവകൃപയാൽ ഭംഗിയായി പൂർത്തീകരിക്കപ്പെട്ടത്. തുടർന്ന് നാം ചിന്തിക്കുന്നത് നിഴലും പൊരുളുമായ കുടുംബജീവതത്തെക്കുറിച്ചാകുന്നു.

പുതിയനിയമകാലത്ത് പരിശുദ്ധാത്മാവിനാൽ പണിയപ്പെടുന്ന കുടുംബങ്ങളാണ് പരിപാവനമായ സ്നേഹാധിഷ്ഠിത കുടുംബജീവിതം ഭൂമിയിൽ നയിക്കുന്നത്. അതാണ് പുതുവാനഭൂമിയിൽ സ്ഥാപിതമാക്കപ്പെടുവാനുള്ള സ്വർഗീയ കുടുംബത്തിന്റെ നിഴലായി ട്ടുള്ളത്.

## പുതിയനിയമകാലത്തെ സ്നേഹാധിഷ്ഠിത ക്രിസ്തീയ കുടുംബം

ലോകരക്ഷകനായ യേശുക്രിസ്തു പാപപരിഹാരമായിത്തീർന്നതിനു ശേഷമാണ് സാക്ഷാൽ നീതീകരിക്കപ്പെടവരുടെ തലമുറ ഭൂമിയിൽ സംജാതമാകുവാൻ തുടങ്ങിയത്. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യാവിധിയെക്കുറിച്ചും ബോധം വരുത്തുന്ന പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ ഹൃദയത്തിൽ പാപബോധമുണ്ടാകുന്ന മനുഷ്യരാണ് മാനസാന്തരത്തിലേക്ക് നയിക്കപ്പെടുന്നത്. യേശുക്രിസ്തു മുഖാന്തരം മനുഷ്യരാശിക്ക് നല്കപ്പെട്ടിരിക്കുന്ന സൗജന്യമായ സാർവ്വദേശികമായ ആത്മരക്ഷയെ പ്രസിദ്ധം ചെയ്യുന്നതാണ് സുവിശേഷീകരണം. വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നവരിൽ യേശുക്രിസ്തുവിൽ വിശ്വസിക്കുവാൻ പ്രാപ്തരായ പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടുന്നു. ഇപ്രകാരം വിശുദ്ധജീവിതം നയിക്കുന്ന പുരുഷനും സ്ത്രീയും ദൈവവചനാടിസ്ഥാ

നത്തിൽ വിവാഹഉടമ്പടിചെയ്ത് കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനെയാണ് സ്നേഹാധിഷ്ഠിത ക്രിസ്തീയകുടുംബം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വംശവർദ്ധനവിനായുള്ള പരിപാവനമായ കുടുംബജീവിതം ദൈവഹിതപ്രകാരമായതുകൊണ്ട് അതൊരിക്കലും പാപമല്ല. എന്നാൽ ഭാവികാലത്ത് അനേകർ ഇതിനു വിരുദ്ധമായ ഉപദേശങ്ങളുമായി എഴുന്നേൽക്കുമെന്ന് പരിശുദ്ധാത്മാവ് മൂന്നമേ അപ്പൊസ്തലനായ പൌലൊസിലൂടെ ദൈവസഭയ്ക്ക് മുന്നറിയിപ്പു നൽകിയിരുന്നു.

> എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു. അവർ സ്വന്തമനസ്സാക്ഷിയിൽ ചൂടുവച്ചവരായി വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജിക്കേണം എന്നു കല്പിക്കയും ചെയ്യും (1 തിമൊ. 4:1-3).

ദൈവവചനത്തിനു വിരുദ്ധമായ രണ്ടുതരം ചിന്താഗതികൾ വിശ്വാസസമൂഹത്തിൽ ഉടലെടുക്കുന്നതിന്റെ പശ്ചാത്തലത്തെക്കുറിച്ചാണ് ദൈവത്തിന്റെ ആത്മാവ് ഇവിടെ വ്യക്തമയി അരുളിച്ചെയ്തിരിക്കുന്നത്.

* വിവാഹവും ദാമ്പത്യജീവിതവും പാപമാണെന്നും കുടുംബജീവിതം നയിക്കുന്നവർക്ക് പൂർണ്ണമായ വിശുദ്ധീകരണം പ്രാപിക്കുവാൻ സാധിക്കുകയില്ല എന്ന ചിന്താഗതി.
* വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ആഹാരത്തിന്മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന ചിന്താഗതി.

ഇവ രണ്ടിന്റെയും ഉറവിടം എവിടെനിന്ന് എന്ന് നാം പരിശോധിക്കുമ്പോൾ നമുക്ക് കണ്ടെത്തുവാൻ കഴിയുന്നത് പുരാതനലോകത്ത് സംഭവിച്ച മ്ലേച്ഛമായ കാര്യങ്ങളെ തെറ്റായ രീതീയിൽ വിശുദ്ധിയുടെ മറവിൽ ഇപ്പോഴത്തെ ലോകത്തിൽ സാത്താൻ മനുഷ്യരുടെ മേൽ അടിച്ചേൽപിക്കുന്നതാകുന്നു. പുരാതനലോകത്തെ തലമുറ തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്ന ചിന്താഗതിയിലായിരുന്നു.

> നോഹയുടെ കാലം പോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിനു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയ

നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു; ജലപ്രളയം വന്ന് എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെതന്നെ ആകും (മത്താ. 24:37 - 39).

നോഹയുടെ കാലത്ത് തിന്നുക, കുടിക്ക, ആനന്ദിക്ക എന്ന കേവലം ജഡികചിന്തയിലേക്കാണ് അന്നത്തെ തലമുറ വീണുപോയത്. അന്ന് അവർ വിവാഹം കഴിച്ചതും വിവാഹത്തിനു കൊടുത്തതും താല്കാലികമായ ജഡിക ആനന്ദത്തിനുവേണ്ടിയായിരുന്നു. ദൈവം മനുഷ്യർക്ക് അനുവദിച്ചിരുന്ന സ്വാഭാവികഭോഗത്തിൽ തൃപ്തരാകാതെ അവർ അന്ന് സാത്താനിക കുതന്ത്രത്തിൽ കുടുങ്ങി മറ്റു മാർഗ്ഗങ്ങൾ തേടിയതു നിമിത്തമാണ് അത് അസ്വാഭാവിക ബന്ധത്തിനു കാരണമായിത്തീർന്നത്. അന്ന് ഉത്ഭവിച്ച ഭൂതാത്മാക്കളാണ് ഇപ്പോഴത്തെ ലോകത്തിൽ ചില മനുഷ്യരിൽ പ്രവേശിച്ച് കപട വിശുദ്ധിയുടെ മറവിൽ വിവാഹവും ലൈംഗികതയും പാപമാണെന്നും അതുകൊണ്ട് വിവാഹം വിലക്കണമെന്ന ഭോഷ്കിന്റെ ഉപദേശം പഠിപ്പിക്കുന്നത്. ഈ ചിന്താഗതി ഭൂമിയിൽ നിലവിലുള്ള ഭൂരിപക്ഷ മതവിഭാഗങ്ങളുടെ ഉപദേശങ്ങളിലും ഏതെങ്കിലും വിധത്തിൽ കാണാവുന്നതാകുന്നു. സാത്താന്റെ തന്ത്രം ഒന്നുകിൽ കുടുംബബന്ധങ്ങളെ തകർക്കുന്ന അസന്മാർഗിക മ്ലേച്ഛപ്രവൃത്തികളിലേക്ക് മനുഷ്യരെ തള്ളിവിടുക അല്ലെങ്കിൽ; അതിവിശുദ്ധിയുടെ കപട ഉപദേശം പ്രചരിപ്പിച്ച് കുടുംബജീവിതത്തിൽനിന്ന് മനുഷ്യരെ അകറ്റുക എന്നതാണ്. ഇവ രണ്ടും സമൂഹത്തിൽ ഒരുപോലെ അപകടകാരികളാകുന്നു.

വിശുദ്ധജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്ന വിശ്വാസസമൂഹത്തിലും കപടവിശുദ്ധിയുടെ മറവിൽ വിവാഹം വിലക്കണമെന്ന ഭൂതങ്ങളുടെ ഉപദേശം തന്ത്രപരമായി അടിച്ചേല്പിക്കാറുണ്ട്. അതിൽ വീണുപോകുന്നവർ ലൈഗീകതൃഷ്ണ ജനിപ്പിക്കുന്ന ചില ആഹാരപദാർത്ഥങ്ങൾ വർജ്ജിക്കണമെന്നും ശഠിക്കുന്നു. ഇവയൊന്നും ദൈവകല്പനകളല്ല, സാത്താൻ അഴിച്ചുവിടുന്ന പൈശാചിക പദ്ധതികളാകുന്നു. ഇതിൽനിന്നൊക്കെയും ജയം പ്രാപിക്കുവാൻ സാധിക്കുന്നത് ദൈവവചനത്തിന്റെ പരിജ്ഞാനത്താലാകുന്നു. ദൈവമക്കൾ വിവാഹജീവിതത്തിൽ പ്രവേശിക്കുന്നത് ഒരു വിധത്തിലും അവരുടെ ദൈവീകതിരഞ്ഞെടുപ്പിൽനിന്ന് അവരെ അയോഗ്യരാക്കുന്നില്ല. അതുപോലെ ഏതു സ്ഥലത്താണോ നാം

ജീവിക്കുന്നത് അവിടെ ലഭിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ നമ്മുടെ ജീവന്റെ നിലനില്പിനായി ഭക്ഷിക്കാവുന്നതാകുന്നു. ലൈംഗീക ചിന്തയാൽ പ്രത്യേക ഭക്ഷണപദാർത്ഥങ്ങൾ തേടിപ്പോകുകയോ ഉപേക്ഷിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല.

> അതുകൊണ്ട് ഭക്ഷണപദാർത്ഥങ്ങൾ സംബന്ധിച്ചോ പെരുന്നാൾ, വാവ്, ശബ്ബത്ത് എന്നീ കാര്യത്തിലോ നിങ്ങളെ വിധിക്കരുത്. ഇവ വരുവാനിരിക്കുന്നവയുടെ നിഴലത്രേ; ദേഹം എന്നതോ ക്രിസ്തുവിനുള്ളത്. താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിച്ച് സ്വന്തദർശനങ്ങളിൽ പ്രവേശിക്കയും തന്റെ ജഡമനസ്സിനാൽ വെറുതെ ചീർക്കയും തലയെ മുറുകെ പിടിക്കാതിരിക്കയും ചെയ്യുന്നവൻ ആരും നിങ്ങളെ വിരുത് തെറ്റിക്കരുത് (കൊലൊ. 2:18)

പഴയനിയമത്തിലെ ചില ഭക്ഷണക്രമീകരണങ്ങൾ നിഴലായിരുന്നുവെന്നും അതൊന്നും പുതിയനിയസഭ അനുകരിക്കേണ്ടതില്ലാ എന്നുമാണ് ഇവിടെ വ്യക്തമാക്കിയിരിക്കുന്നത്. അതുപോലെ ഭൂതാത്മാക്കൾ ഉപദേശിക്കുന്ന ഉപദേശം സത്യവിശ്വാസത്തെ ത്യജിച്ച് ദൂതന്മാരുടെ ആരാധനയിലേക്ക് തള്ളിവിടുന്നതാകുന്നു. ഭൂതാത്മാക്കളുടെ ഉപദേശം അവരെയും അവരുടെ പൂർവ്വപിതാക്കന്മാരായിരുന്ന ദുഷ്ടദൂതന്മാരെയും ആരാധിക്കണം എന്നതിനുള്ള ഉപദേശങ്ങളാകുന്നു.

ദൈവപുത്രനായ യേശു നമുക്ക് പ്രദാനം ചെയ്തിരിക്കുന്നത് സാക്ഷാൽ സ്വാതന്ത്ര്യമാകുന്നു. വിവാഹം കഴിക്കുവാനോ കഴിക്കാതിരിക്കുവാനോ ഉള്ള സ്വാതന്ത്ര്യമാണ് പരിശുദ്ധാത്മാവ് നമുക്ക് അനുവദിച്ചുതന്നിട്ടുള്ളത്. എന്നാൽ പരസംഗം ചെയ്യരുത്. അതുപോലെ രക്തം, വിഗ്രഹാർപ്പിതം, ശ്വാസം മുട്ടിച്ചത്തത് എന്നിവ വർജിക്കേണ്ടതുമാകുന്നു. അവയൊഴികെ സ്തോത്രത്തോടെ ഭക്ഷിക്കാവുന്ന ഏതു ഭക്ഷണപദാർത്ഥങ്ങളും കഴിക്കാവുന്നതുമാകുന്നു. ദൈവം വിഭാവനം ചെയ്തു നടപ്പിലാക്കിയിരിക്കുന്ന സ്നേഹാധിഷ്ഠിത ക്രിസ്തീയകുടുംബജീവിതത്തിൽ പ്രവേശിച്ച് വിശുദ്ധ തലമുറയെ ജനിപ്പിക്കുന്നത് ദൈവഹിതമാകുന്നു.

പുതിയനിയമത്തിൽ ദൈവത്താൽ സ്ഥാപിതമാക്കപ്പെട്ട നിഴലായ സ്നേഹാധിഷ്ഠിത ക്രിസ്തീയ കുടുംബജീവിതം പൊരുളായി നിവർത്തീകരിക്കപ്പെടുന്നത് മാനവരശിയോടുള്ള ബന്ധത്തിലെ ദൈവീക നിത്യതയിലാകുന്നു. അതിന്റെ വിശദീകരണത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് നാം ചിന്തിക്കുന്നത് സ്നേഹാധിഷ്ഠിത ക്രിസ്തീയ

കുടുംബജീവിതത്തിന് അനിവാര്യമായ പതിനാറ് സവിശേഷ ഘടകങ്ങളെക്കുറിച്ചാകുന്നു. അപ്പൊസ്തലനായ പൌലൊസ് കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ സ്നേഹത്തിന്റെ സവിശേഷതകളെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്ന തിരുവചനഭാഗമാണ് നാം ഇതിനാധാരമായി ചിന്തിക്കുന്നത്. അവ ഓരോന്നിന്റെയും ദീർഘമായ വിശദീകരണങ്ങളിലേക്ക് പ്രവേശിക്കാതെ അവ ഏതൊക്കെയന്നതിന്റെ ചുരുക്കെഴുത്താണ് ചുവടെ കൊടുത്തിരിക്കുന്നത്.

**സ്നേഹാധിഷ്ഠിതമായ ക്രിസ്തീയ കുടുംബജീവിതത്തിന്റെ പതിനാറു സവിശേഷഘടകങ്ങൾ**

> സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദ്വേഷപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല; അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു: എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല (1കൊരി. 13:14 – 7)

**1. സ്നേഹം ദീർഘമായി ക്ഷമിക്കുന്നു.**

ദൈവീകസ്നേഹത്തിന്റെ പരമപ്രധാന സവിശേഷതയാണ് ദീർഘക്ഷമ. ദൈവം ദീർഘക്ഷമയും മഹാകരുണയുള്ളവനുമാകുന്നു. ദൈവവചനത്താൽ ജനിക്കുന്ന ദൈവമക്കളിൽ സ്നേഹവാനായ ദൈവത്തിന്റെ ദീർഘക്ഷമയുടെ ആത്മാവാണ് വ്യാപരിക്കുന്നത്. അതുകൊണ്ട് ദൈവവചനത്താൽ സംയോജിപ്പിക്കപ്പെട്ട് കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്ന ഭർത്താവും ഭാര്യയും ദീർഘക്ഷമ എന്ന സവിശേഷസ്വഭാവത്തിന് ഉടമകളായിരിക്കും. അതിനാലാണ് ദുഷ്ടനാകുന്ന സാത്താന് അവരുടെ കുടുംബജീവിതത്തിലേക്ക് നുഴഞ്ഞു കയറുവാൻ സാധിക്കാത്തത്. ദീർഘക്ഷമയുള്ളവരുടെ സവിശേഷതകളെക്കുറിച്ച് സദൃശ്യവാക്യങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നത് ചുവടെപ്പറയുന്ന കാര്യങ്ങളാകുന്നു.

**ദീർഘക്ഷമയുള്ളവൻ വിവേകബുദ്ധിയുള്ളവനായിരിക്കും**

> വിവേകബുദ്ധിയാൽ മനുഷ്യനു ദീർഘക്ഷമ വരുന്നു; ലംഘനം ക്ഷമിക്കുന്നത് അവനു ഭൂഷണം (സദൃശ. 19:15)

വിവേകബുദ്ധിയുള്ളവരിലാണ് ദീർഘക്ഷമ അടങ്ങി പാർക്കുന്നത്. അവർ ലംഘനങ്ങളെ ക്ഷമിക്കുന്നവരും ഉത്തമ സ്നേഹമുള്ള

വരുമാകുന്നു. കുടുംബജീവിതത്തിൽ ഭർത്താവും ഭാര്യയും ദീർഘക്ഷമയുള്ളവരെങ്കിൽ അവരുടെ കുടുംബജീവിതം സ്നേഹനിർഭരവും മാതൃകാപരവുമായിരിക്കും.

**ദീർഘക്ഷമയുള്ളവൻ മഹാബുദ്ധിമാനാകുന്നു**

> ദീർഘക്ഷമയുള്ളവൻ മഹാബുദ്ധിമാൻ; മുൻകോപിയോ ഭോഷത്തം ഉയർത്തുന്നു (സദൃശ. 14:29)

ക്ഷമയുള്ളവർ ബുദ്ധിമാന്മാരാണെങ്കിൽ ദീർഘക്ഷമയുള്ളവർ മഹാബുദ്ധിമാന്മാരാണ്. കുടുംബജീവിതത്തിൽ വിവേകത്തിൽനിന്ന് ഉളവാകുന്ന ദീർഘക്ഷമയോടെ ജീവിക്കുന്നത് മഹാബുദ്ധിയാണ്. കുടുംബജീവിതത്തിന്റെ ഉയർച്ചയ്ക്ക് നിശ്ചയമായും ദീർഘക്ഷമ ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമായ കാര്യമാകുന്നു.

**ദീർഘക്ഷമയുള്ളവൻ കലഹം ശമിപ്പിക്കുന്നവനായിരിക്കും**

> ക്രോധമുള്ളവൻ കലഹം ഉണ്ടാക്കുന്നു; ദീർഘക്ഷമയുള്ളവനോ കലഹം ശമിപ്പിക്കുന്നു (സദൃശ. 15:18)

ക്രോധമാണ് കലഹത്തിനു കാരണമാകുന്നതെങ്കിൽ അതിന്റെ പരിഹാരമാർഗ്ഗം ദീർഘക്ഷമയാണ്. ദീർഘക്ഷമയോടെ ജീവിതം നയിക്കുന്ന കുടുംബങ്ങളിൽ കലഹം ഉണ്ടാകുകയില്ല. ക്ഷമയില്ലാത്തവരുടെ കുടുംബങ്ങളിലാണ് കലഹങ്ങൾ സർവ്വസാധാരണമാകുന്നത്. വലിയ സമൃദ്ധിയില്ലെങ്കിലും കലഹരഹിതമായ അന്തരീക്ഷമാണ് കുടുംബങ്ങളിൽ ഉണ്ടായിരിക്കേണ്ടത്.

> കലഹത്തോടുകൂടി ഒരു വീടു നിറയെ യാഗഭോജനത്തിലും സ്വസ്ഥതയോടുകൂടി ഒരു കഷണം ഉണങ്ങിയ അപ്പം ഏറ്റവും നല്ലത് (സദൃശ. 17:1)

ഭൗതികസമ്പത്ത് ധാരാളമുള്ള എത്രയോ ഭവനങ്ങൾ ഇന്ന് കലഹത്തിലും അസമാധാനത്തിലുമാണിരിക്കുന്നത്. എന്നാൽ സ്വസ്ഥതയോടെ ജീവിതം നയിക്കുന്നതാണ് മറ്റെന്തിനെക്കാളും ഏറെ നല്ലത്. ബുദ്ധിയുള്ള ഭാര്യ യഹോവയുടെ ദാനമാകുന്നു; ദൈവത്തിന്റെ ദാനമായിട്ടാണ് ദൈവത്തിനു പ്രിയനായ പുരുഷന് ദൈവം ബുദ്ധിയുള്ള ഭാര്യയെ കൊടുക്കുന്നത്. ബുദ്ധിയില്ലാത്തവളാണ് ഒരുവന്റെ ജീവിതപങ്കാളിയാകുന്നതെങ്കിൽ ജീവിതം ദുഷ്കരമായിരിക്കും.

> പെരുമഴയുള്ള ദിവസത്തിൽ ഇടവിടാത്ത ചോർച്ചയും കലഹക്കാരത്തിയായ സ്ത്രീയും ഒരുപോലെ (സദൃശ. 27:14)

> ശണ്ഠകൂടുന്ന സ്ത്രീയോടുകൂടെ പൊതുവീട്ടിൽ പാർക്കുന്നതിനെക്കാൾ മേല്പുരയുടെ ഒരു കോണിൽ പാർക്കുന്നത് നല്ലത് (സദൃശ. 21:9, 25:24)

ചില സ്ത്രീകളുടെ ദുഃസ്വഭാവത്തെക്കുറിച്ച് സദൃശ്യ വാക്യങ്ങളിൽ ആവർത്തിച്ചിരിക്കുന്നത് അത് അത്രമാത്രം പ്രശ്നകാരണമായതുകൊണ്ടാണ്. എന്നാൽ ഭാര്യ കലഹിക്കുകയും ശണ്ഠകൂടുന്ന ദുഃശ്ശീലവുമുള്ളവളാണെങ്കിൽ അത്തരം കുടുംബങ്ങളുടെ അവസ്ഥ അതീവ ഗുരുതരമായിട്ടുള്ളതാണ്; അങ്ങനെയെങ്കിൽ ഭർത്താവ് നിർജനപ്രദേശത്തു പോയി പാർക്കുന്നതാണ് ഉത്തമം.

> ശണ്ഠയും ദുഃശ്ശീലവുമുള്ള സ്ത്രീയോടുകൂടെ പാർക്കുന്നതിലും നിർജനപ്രദേശത്തു പോയി പാർക്കുന്നത് നല്ലത് (സദൃശ. 21:19)

കലഹിക്കുന്ന ദുഃസ്വഭാവം പതിവായ ശീലമാണെങ്കിൽ അത്തരം കുടുംബങ്ങളിൽ സ്വസ്ഥതയോടെ ജീവിക്കാമെന്നു കരുതുവാൻ സാധിക്കുകയില്ല. കലഹസ്വഭാവം ഭാര്യയോടുള്ള ബന്ധത്തിൽ മാത്രമല്ല ഭർത്താവിനും ബാധകമാകുന്നു. ബുദ്ധിയില്ലാത്തതു കൊണ്ടാണ് കുടുംബത്തിൽ കലഹങ്ങൾ പതിവാകുന്നത്. അതുകൊണ്ട് അതിന്റെ കാരണം കണ്ടുപിടിച്ച് അത് പരിഹരിക്കുന്നതിനു പകരം പല കുടുംബങ്ങളിലും ഇതൊരു മാറാത്ത ബാധപോലെ അവരെ പിന്തുടരുന്നതിന്റെ കാരണം വിവേകമില്ലായ്മ ആകുന്നു. കുടുംബത്തിലെ സ്വസ്ഥതയെ തകർക്കുന്ന യാതൊരു വിഷയങ്ങളും കുടുംബത്തിൽ തലയുയർത്താതിരിക്കുവാൻ ഭർത്താവും ഭാര്യയും ദീർഘക്ഷമയോടെ കാര്യങ്ങളെ കൈകാര്യം ചെയ്യേണ്ടതാകുന്നു.

പത്രൊസ് അപ്പൊസ്തലൻ എഴുതിയ ലേഖനത്തിൽ ഭാര്യമാർ സൗമ്യതയും സാവധാനതയുള്ളവരും ഭർത്താക്കന്മാർ വിവേകമുള്ളവരുമായിരിക്കേണം എന്നാണ്  ഉത്ബോധിപ്പിച്ചിരിക്കുന്നത്.

> ഭാര്യമാരേ നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിപ്പിൻ;... നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല; സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു... അങ്ങനെ തന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനയ്ക്കു മുടക്കം വരാതിരിക്കേണ്ടതിനു വിവേകത്തോടെ ഭാര്യമാരോടു കൂടെ വസിച്ച്, സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപയ്ക്കു

കൂട്ടവകാശികൾ എന്നും ഓർത്ത് അവർക്കു ബഹുമാനം കൊടുപ്പിൻ (1പത്രൊ. 3:1-7)

പുറമെയുള്ള ജഡമനുഷ്യന്റെ അലങ്കാരങ്ങൾ ക്ഷയിച്ചുപോകുന്ന താണ്. അതിനാൽ നശിച്ചു പോകാത്ത അകത്തെ മനുഷ്യന്റെ മനസ്സിനെ സൗമ്യതയും സാവധാനതയും കൊണ്ട് അലങ്കരിക്കണ മെന്നും അത് ദൈവസന്നിധിയിൽ വിലയേറിയത് ആകുന്നു എന്നാണ് ഭാര്യമാരോടുള്ള ബന്ധത്തിൽ പത്രൊസ് അപ്പൊസ്തലൻ പ്രബോധിപ്പിച്ചരിക്കുന്നത്. സൗമ്യതയും സാവധാനതയുമുള്ള മനുഷ്യമനസ്സ് ദീർഘക്ഷമയുള്ള ഒരു വ്യക്തിയിലാണ് ഉളവാകുന്നത്. അതുപോലെ ഭർത്താക്കന്മാർ വിവേകത്തോടെ ഭാര്യമാരോടുകൂടെ വസിക്കണമെന്നതിൽ അന്തർലീനമായിരിക്കുന്നത് ദീർഘക്ഷമയോ ടുള്ള ബന്ധത്തിലാകുന്നു. ചുരുക്കത്തിൽ ഭർത്താവും ഭാര്യയും സന്തോഷമുള്ള ആത്മീയ അന്തരീക്ഷം കുടുംബത്തിൽ നിലനിർ ത്തുവാൻ ശ്രദ്ധാലുക്കളായിരിക്കണമെന്നാണ് പത്രൊസ് അപ്പൊ സ്തലൻ ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. ഇതിൽനിന്നും ദീർഘ ക്ഷമയുടെ ആവശ്യകത കുടുംബജീവിതത്തിൽ എത്രമാത്രം പരമപ്ര ധാനമാകുന്നു എന്നാണ് വ്യക്തമാക്കപ്പെടുന്നത്.

**2. സ്നേഹം കരുണയുള്ളതാകുന്നു**

കരുണാമയനായ സർവ്വശക്തനിൽ വിശ്വസിക്കുന്നവർ കരുണയു ള്ളവരായിരിക്കും. കരുണാസമ്പന്നനായ ദൈവത്തിന്റെ കരുണയെ സദൃശപ്പെടുത്തിയിരിക്കുന്നത് അപ്പനു മക്കളോടു കരുണ തോന്നു ന്നതുപോലെയാകുന്നു. കുടുംബജീവിതത്തിൽ ഭർത്താവും ഭാര്യയും കരുണയുള്ളവരായിരിക്കേണം; കുടുംബത്തിനകത്തും പുറത്തും അത് വെളിപ്പെടേണ്ടതുമാകുന്നു. ഇന്നത്തെ ലോകത്തിൽ കരുണയുടെ അംശം അനുദിനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിന്റെ സുപ്രധാനകാരണം സാക്ഷാൽ സ്നേഹമാകുന്ന ദൈവസ്നേഹ ത്തിൽനിന്ന് മനുഷ്യർ വ്യതിചലിച്ച് ലോകസ്നേഹത്തിന്റെ പിന്നാലെ പോകുന്നതുകൊണ്ടാകുന്നു. അതുകൊണ്ടാണ് സ്ത്രീകൾ പ്രസവിക്കുന്ന അവരുടെ കുഞ്ഞുങ്ങളോടുപോലും തെല്ലും കരുണ കാണിക്കാത്ത സ്ഥിതിയിലേക്ക് ലോകം അധഃപ തിച്ചു കൊണ്ടിരിക്കുന്നത്. അതെക്കുറിച്ച് വിലാപങ്ങളുടെ പുസ്ത കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് മരുഭൂമിയിലെ ഒട്ടകപ്പക്ഷി യോടു സദൃശ്യപ്പെടുത്തിയാണ്.

കുറുനരികൾ പോലും മുല കാണിച്ച് കുട്ടികളെ കുടിപ്പിക്കുന്നു; എന്റെ ജനത്തിന്റെ പുത്രിയോ മരുഭൂമിയിലെ ഒട്ടകപ്പക്ഷിയെപ്പോലെ ക്രൂരയായിത്തീർന്നിരിക്കുന്നു (വിലാപ. 4:3)

ഒട്ടകപ്പക്ഷി ക്രൂരമായിരിക്കുന്നതിന്റെ കാരണം ദൈവം അതിനെ ജ്ഞാനമില്ലാതാക്കി വിവേകം നല്കിയിട്ടില്ലാത്തതുകൊണ്ടാകുന്നു.

ഒട്ടകപ്പക്ഷി ഉല്ലസിച്ചു ചിറകു വീശുന്നു; എങ്കിലും ചിറകും തൂവലും കൊണ്ട് വാത്സല്യം കാണിക്കുമോ? ... അതു തന്റെ കുഞ്ഞുങ്ങളോടു തനിക്കുള്ളവയല്ല എന്നപോലെ കാഠിന്യം കാണിക്കുന്നു; തന്റെ പ്രയത്നം വ്യർത്ഥമായിപ്പോകുമെന്നു ഭയപ്പെടുന്നില്ല. ദൈവം അതിനു ജ്ഞാനമില്ലാതാക്കി വിവേകം അതിനു നല്കിയിട്ടുമില്ല. അതു ചിറകടിച്ചു പൊങ്ങി ഓടുമ്പോൾ കുതിരയെയും പുറത്തു കയറിയവനെയും പരിഹസിക്കുന്നു (ഇയ്യോ. 39:13-18)

ഇന്നത്തെ ലോകം ഒട്ടകപ്പക്ഷിയോടു സദൃശ്യമായിക്കൊണ്ടിരിക്കുന്നു. തന്റെ കുഞ്ഞുങ്ങളെപ്പോലും അന്യരായി എണ്ണുന്നവർ മറ്റുള്ളവരോട് എങ്ങിനെയായിരിക്കും പ്രവർത്തിക്കുക എന്നത് ഊഹിക്കാവുന്നതേയുള്ളൂ. ഉല്ലസിച്ചു ചിറകു വീശി സ്വന്തം ആനന്ദത്തിൽ മാത്രം മുഴുകുന്നവർക്ക് അവരുടെ കുടുംബങ്ങൾപോലും വിലയുള്ളതല്ല. പരിഹാസികളായവർ ഒട്ടകപ്പക്ഷിയെപ്പോലെ ചിറകടിച്ചു പറന്നു നടക്കുന്നതുപോലെ ഇന്നത്തെ സമൂഹം മാറിക്കൊണ്ടിരിക്കുന്നത് നാശത്തിലേക്ക് ലോകം കൂപ്പുകുത്തുന്നതിന്റെ ലക്ഷണമാകുന്നു. എന്നാൽ ദൈവമക്കൾ കരുണയുള്ളവരും കരുതുന്നവരും കുടുംബമായി സംതൃപ്തിയോടെ ജീവിക്കുന്നവരുമായിരിക്കും.

### 3. സ്നേഹം സ്പർധിക്കുന്നില്ല

സ്പർധ എന്നതിന്റെ അർത്ഥം അസൂയ എന്നാകുന്നു. സ്നേഹമുള്ളവർക്ക് അസൂയ ഉണ്ടായിരിക്കുകയില്ല. ഒരാൾക്ക് ഇല്ലാത്ത പ്രത്യക കഴിവുകളോ വസ്തുക്കളോ മറ്റെന്തെങ്കിലും കാര്യങ്ങളോ മറ്റൊരാൾക്ക് ഉണ്ടായിരിക്കുമ്പോൾ അതിൽനിന്ന് ഉളവാകുന്ന അരക്ഷിതാവസ്ഥയാണ് അസൂയ. അസൂയ ശത്രുതയ്ക്കും കാരണമായിത്തീരുന്നു. കുടുംബബന്ധങ്ങളിൽ പരസ്പരം അസൂയപ്പെടേണ്ട കാര്യമില്ലെങ്കിലും അത് തലയുയർത്തിയാൽ കുടുംബജീവിതത്തിൽ അസ്വസ്ഥതകൾ ഉടലെടുക്കുമെന്നതിൽ സംശയമില്ല. ഭർത്താവും ഭാര്യയും തമ്മിൽ അസൂയ ഉണ്ടാകുന്നത് വിരളമാണെ

ങ്കിലും രണ്ടു പേർക്കുമോ അതല്ല ആരെങ്കിലുമൊരാൾക്കോ മറ്റുള്ളവരോട് അസൂയ ഉളവാകുന്ന മനോഭാവം ഉണ്ടെങ്കിൽ അത് കുടുംബജീവിതത്തിന്റെ സന്തോഷത്തെ കെടുത്തിക്കളയുന്നതാകുന്നു. അസൂയ അഥവാ സ്പർദ്ധ ഇല്ലാത്തവർ ആരാകുന്നു എന്ന് തിരുവചന അർത്ഥത്തിൽ ചിന്തിച്ചാൽ അത് റോമർക്ക് എഴുതിയ ലേഖനത്തിൽ അപ്പൊ. പൌലൊസ് സംസാരിച്ച വചനങ്ങളിൽ നിന്നുമാണ് വ്യക്തമാക്കപ്പെടുന്നത്.

സന്തോഷിക്കുന്നവരുടെ കൂടെ സന്തോഷിക്കയും കരയുന്നവരോടു കൂടെ കരയുകയും ചെയ്‌വിൻ (റോമ. 12:15)

അന്യരുടെ സന്തോഷത്തിൽ സന്തോഷിക്കുവാനും അവരുടെ ദുഃഖത്തിൽ പങ്കുചേരുവാനും കഴിയുന്നവരാണ് തിരുവചനാടിസ്ഥാനത്തിൽ അസൂയ ഇല്ലാത്തവർ. ഇന്നു വാസ്തവത്തിൽ ലോകത്തിൽ കാണുന്നത് മറ്റുള്ളവരുടെ സന്തോഷത്തിൽ ദുഃഖിക്കുകയും അവരുടെ സങ്കടങ്ങളിൽ സന്തോഷിക്കുകയും ചെയ്യുന്നവരെയാകുന്നു. ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടു ജീവിക്കുവാൻ കഴിയുന്നവർക്കാണ് അസൂയാലുക്കളാകാതെ ജീവിക്കുവാൻ സാധിക്കുന്നത്. അവർക്കാണ് കുടുംബജീവിതത്തിന്റെ സംതൃപ്തി യഥാർത്ഥത്തിൽ ആസ്വദിക്കുവാൻ കഴിയുന്നത്.

സന്തുഷ്ടഹൃദയം നല്ലോരു ഔഷധമാകുന്നു; തകർന്ന മനസ്സോ അസ്ഥികളെ ഉണക്കുന്നു (സദൃശ. (17:22)

ഇമ്പമുള്ള വാക്ക് തേൻകട്ടയാകുന്നു; മനസ്സിനു മധുരവും അസ്ഥികൾക്ക് ഔഷധവും തന്നെ; (സദൃശ. 16:24)

തേനിനേക്കാൾ മാധുര്യമേറിയ ദൈവവചനമാണ് ദൈവമക്കളിൽ പ്രത്യാശ ഉണർത്തുന്നത്. അതുകൊണ്ടാണ് ദൈവമക്കൾ സന്തുഷ്ടഹൃദയമുള്ളവരായിത്തീരുന്നത്. ദൈവവചനം ശ്രവിക്കുന്നത് മനുഷ്യമനസ്സിന് മധുരവും അസ്ഥികൾക്ക് ഔഷധവുമാകുന്നു. എന്നാൽ തൃപ്തിയില്ലാത്ത നിരാശാപൂർണ്ണമായ ജീവിതം രോഗാതുരമായിരിക്കും. അത് അസ്ഥികളെ ഉണക്കിക്കളയുന്നതാകുന്നു. അസ്ഥികളെ ദ്രവിപ്പിക്കുന്ന രണ്ടു മുഖ്യകാരണങ്ങളിൽ ഒന്നാമത്തേത് അസൂയയും രണ്ടാമത്തേത് നാണംകെട്ട ഭാര്യയുമാകുന്നു.

ശാന്തമനസ്സ് ദേഹത്തിനു ജീവൻ; അസൂയയോ അസ്ഥികൾക്കു ദ്രവത്വം (സദൃശ. 14:30)

> സാമർത്ഥമുള്ള സ്ത്രീ ഭർത്താവിന് ഒരു കിരീടം; നാണംകെട്ടവളോ അവന്റെ അസ്ഥികൾക്ക് ദ്രവത്വം (സദൃശ. 14:30)

അസൂയ അസ്ഥികൾക്ക് ദ്രവത്വം ഉണ്ടാക്കുന്നതാണ്. അത് പ്രത്യേകിച്ച് ഭാര്യയക്ക് ഉണ്ടെങ്കിൽ അതു നിമിത്തം അവളുടെ ഭർത്താവിന്റെയും അസ്ഥികൾക്ക് ദ്രവത്വം ഉണ്ടാകുമെന്നാണിവിടെ പറഞ്ഞിരിക്കുന്നത്. ഭർത്താവിന് അസൂയ ഇല്ലെങ്കിലും ഭാര്യ അസൂയ ഉള്ളവളാണെങ്കിൽ അത് അവന്റെ ജീവിതത്തെയും വല്ലാതെ ബാധിക്കുന്നു എന്നാണിവിടെ പറഞ്ഞിരിക്കുന്നതിന്റെ സാരം. അതിനാൽ നിരാശപൂർണ്ണമായ ജീവിതവും രോഗാവസ്ഥയും ആയിരിക്കും കുടുംബപശ്ചാത്തലം. എന്നാൽ സൗമ്യതയും ശാന്ത മനസ്സും ഉള്ള സാമർത്ഥ്യമുള്ള സ്ത്രീയാണ് ഭാര്യയെങ്കിൽ അവളുടെ വില മുത്തുകളിൽ ഏറുമെന്നും അവൾ അവന് ഒരു കിരീടവു മായിരിക്കും എന്നാണിവിടെ വ്യക്തമാക്കിയിരിക്കുന്നത്. ദൈവ സ്നേഹം ഉള്ളവർ സംതൃപ്തിയുള്ളവരും അസൂയ ഇല്ലാത്തവരും ആയിരിക്കും. അന്യരുടെ ഉയർച്ചയിൽ അവർക്ക് സന്തോഷമായി രിക്കും ഉണ്ടായിരിക്കുക. എന്നാൽ ദുഷ്ടന്മാരുടെ സൗഖ്യം കണ്ടിട്ട് ദൈവഭക്തനായ ആസാഫിന് അഹങ്കാരികളോട് അസൂയ തോന്നി എന്നാണ് സങ്കീർത്തനത്തിൽ പ്രസ്താവിച്ചിരിക്കുന്നത്.

> ദുഷ്ടന്മാരുടെ സൗഖ്യം കണ്ടിട്ട് എനിക്ക് അഹങ്കാരികളോട് അസൂയ തോന്നി (സങ്കീ. 73:3)

നിർമ്മലഹൃദയത്തോടെ ജീവിതം നയിക്കുവാൻ ആഗ്രഹിച്ച ദൈവഭക്തനായ ആസാഫ് ഇടവിടാതെ ബാധിതനും ദണ്ഡിക്കപ്പെട്ട വനുമായിരുന്നപ്പോൾ ദുഷ്ടഹൃദയത്തോടെ ജീവിച്ചവരുടെ ഉയർച്ച യിൽ അവന് അസൂയ തോന്നി എന്നാണ് ഇവിടെ രേഖപ്പെടുത്തിയിരി ക്കുന്നത്. എന്നാൽ അവൻ ഒടുവിൽ ദൈവത്തിന്റെ വിശുദ്ധമന്ദിര ത്തിൽ ചെന്ന് ധ്യാനിച്ചപ്പോൾ അവന്റെ ചിന്ത ഭൗമീക മണ്ഡലത്തിൽ നിന്ന് ആത്മീകമണ്ഡലത്തിലേക്ക് ഉയർത്തപ്പെട്ടു. അപ്പോളാണ് ദുഷ്ടന്മാർക്ക് ലഭിച്ചിരിക്കുന്ന ഭൗതികനന്മകളുടെ താത്കാലികത ഗ്രഹിക്കുവാൻ അവനു കഴിഞ്ഞത്. അതുകൊണ്ട് ഭൗതികചിന്താ മണ്ഡലത്തിൽ കാര്യങ്ങളെ വിലയിരുത്തി അസൂയാലുക്കളാകാതെ ദൈവം തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി ഒരുക്കിയിരിക്കുന്ന നിത്യതയുടെ സൗഭാഗ്യമോർത്ത് സന്തുഷ്ടഹൃദയത്തോടെ കുടുംബജീവിതം നയിക്കുവാൻ ദൈവം സഹായിക്കുമാറാകട്ടെ

4. **സ്നേഹം നിഗളിക്കുന്നില്ല**

എന്തെങ്കിലും ഉണ്ടെങ്കിൽ അതിൽ അഹങ്കരിക്കുകയോ ഇല്ലെങ്കിൽ അതിൽ നിരാശപ്പെടുകയോ ചെയ്യുന്നവരല്ല ദൈവമക്കൾ. സകലവും ദൈവത്തിന്റെ ദാനമെന്നു തിരിച്ചറിവുള്ളവർ ജീവിതയാത്രയിൽ എപ്പോഴും സന്തുഷ്ടിയുള്ളവരായിരിക്കും.

> നിന്നെ വിശേഷിപ്പിക്കുന്നത് ആർ? ലഭിച്ചതല്ലാതെ നിനക്ക് എന്തുള്ളൂ? ലഭിച്ചതെങ്കിലോ ലഭിച്ചതല്ല എന്നപോലെ പ്രശംസിക്കുന്നത് എന്ത്? ... (1 കൊരി. 4:7)

നിഗളിച്ചിട്ട് പിശാചിന് വന്ന ശിക്ഷാവിധിയിൽ അകപ്പെട്ടുപോകരുത്. അതുപോലെ നിരാശയിൽ അടിമപ്പെട്ട് ജീവിതത്തകർച്ചയിലേക്കും ആത്മഹത്യയിലേക്കും പിശാചിനാൽ പിടിപെട്ടു പോകയുമരുത്. മനുഷ്യരിൽ നിഗളം ഉയരുന്നത് നാശത്തിനു മുന്നോടിയാകുന്നു. കുടുംബജീവിതത്തിൽ നിഗളമനോഭാവം ഉയർന്നാൽ അത് നാശത്തിലേക്കാണ് എന്നു തിരിച്ചറിഞ്ഞ് ദൈവത്തിനു കീഴ്പ്പെട്ട് താഴ്മയോടെ ജീവിക്കണം. സകലവും ദൈവം തന്നതാണ് എന്ന തിരിച്ചറിവാണ് നമ്മെ നിഗളികളല്ലാതാക്കുന്നത്.

5. **സ്നേഹം ചീർക്കുന്നില്ല**

സകലവും അറിയാമെന്ന ചിന്തയുള്ളവരാണ് ചീർത്തിരിക്കുന്നവർ. അത്തരക്കാർ മറ്റുള്ളവരുടെ നല്ല അഭിപ്രായങ്ങളെപ്പോലും അവഗണിച്ചുകളയുന്നവരാണ്. എന്നാൽ നാം ഇന്നുവരെ ഒന്നും അറിയേണ്ടതുപോലെ ആറിഞ്ഞിട്ടില്ല എന്നാണ് ദൈവവചനം നമ്മെ ഒർമ്മപ്പെടുത്തുന്നത്.

> ...അറിവു ചീർപ്പിക്കുന്നു; സ്നേഹമോ ആത്മീകവർധന വരുത്തുന്നു. താൻ വല്ലതും അറിയുന്നു എന്ന് ഒരുത്തനു തോന്നുന്നു എങ്കിൽ അറിയേണ്ടതുപോലെ അവൻ ഇന്നുവരെ ഒന്നും അറിഞ്ഞിട്ടില്ല (1 കൊരി. 8:1- 2)

സകലവും അറിയാമെന്ന് ചിന്തിക്കുന്നവർ വാസ്തവത്തിൽ പൊങ്ങച്ചത്തിൽ സംസാരിക്കുന്നവരും മറ്റുള്ളവരെ തെറ്റിധരിപ്പിക്കുന്നവരുമായിരിക്കും. കാര്യങ്ങളെ യഥാവിധം അറിയാവന്നവരുടെ മുമ്പിൽ ഇവർക്ക് പൊങ്ങച്ചം പറയുവാൻ കഴിയുകയില്ല. അതെക്കുറിച്ച് പൌലൊസ് അപ്പൊസ്തലൻ പ്രസ്താവിച്ചിരിക്കുന്നത് ഇപ്രകാരമാകുന്നു.

> എങ്കിലും ഞാൻ നിങ്ങളുടെ അടുക്കൽ വരികയില്ല എന്നു വച്ചു ചിലർ ചീർത്തിരിക്കുന്നു. കർത്താവിന് ഇഷ്ടം എങ്കിൽ ഞാൻ വേഗം നിങ്ങളുടെ അടുക്കൽ വന്ന്, ചീർത്തിരിക്കുന്നവരുടെ വാക്കല്ല ശക്തി തന്നെ കണ്ടറിയും. ദൈവരാജ്യം വചനത്തിലല്ല ശക്തിയിലത്രേ ആകുന്നു (1 കൊരി. 4:18-19)

ചീർത്തിരിക്കുന്നവർ ഒന്നും തിരിച്ചറിയാത്തവരും തർക്കത്തിന്റെയും വാഗ്വാദത്തിന്റെയും ഭ്രാന്ത് പിടിച്ചവരുമായിരിക്കും. അതിനാൽ കുടുംബത്തിലോ സഭയിലോ പൊങ്ങച്ചക്കാർ ഉണ്ടെങ്കിൽ അതു നിമിത്തം വലിയ ഭവിഷ്യത്താണ് സംഭവിക്കുന്നതെന്നാണ് തിരുവചനം വ്യക്തത നല്കുന്നത്.

> നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പത്ഥ്യവചനവും ഭക്തിക്കൊത്ത ഉപദേശവും അനുസരിക്കാതെ അന്യഥാ ഉപദേശിക്കുന്നവൻ ഒന്നും തിരിച്ചറിയാതെ തർക്കത്തിന്റെയും വാഗ്വാദത്തിന്റെയും ഭ്രാന്തു പിടിച്ചു ചീർത്തിരിക്കുന്നു. അവയാൽ അസൂയ, ശണ്ഠ, ദൂഷണം, ദുസ്സംശയം, ദുർബുദ്ധികളും സത്യത്യാഗികളുമായ മനുഷ്യരുടെ വ്യർത്ഥവാദം എന്നിവ ഉളവാകുന്നു; അവർ ദൈവഭക്തി ആദായസൂത്രം എന്നു വിചാരിക്കുന്നു (1 തിമൊ. 6:3-5)

കുടുംബ ജീവിതത്തിൽ നിന്ന് നിശ്ചയമായും ഒഴിവാക്കപ്പെടേണ്ടതാണ് തർക്കങ്ങളും വാഗ്വാദങ്ങളും. അവ തലയുയർത്തിയാൽ അതിന്റെ അനന്തരഫലങ്ങളായ അസൂയ, ശണ്ഠ, ദൂഷണം, വ്യർത്ഥവാദം എന്നിവ കുടുംബജീവിതത്തിന്റെ ഐക്യതയെ തകർത്തുകളയും. അതിനാൽ എല്ലാം അറിയാമെന്നുള്ള മനോഭാവം ജീവിതപങ്കാളികളിൽ ഉണ്ടാകുവാൻ പാടില്ലാത്തതാകുന്നു.

**6. സ്നേഹം അയോഗ്യമായി നടക്കുന്നില്ല**

ദൈവമക്കൾ മനുഷ്യർക്കും ദൈവത്തിനും കൊള്ളാകുന്നവരാകുന്നു. അവർ ഒരിക്കലും സമൂഹത്തിലും സഭയിലും നിലനില്ക്കുന്ന മര്യാദ ലംഘിക്കുന്നവരായിരിക്കുകയില്ല. വസ്ത്രധാരണത്തിൽ മാത്രമല്ല ജീവിതത്തിന്റെ സമസ്തമേഖലകളിലും യോഗ്യമായി നടക്കേണ്ടതാകുന്നു. സാക്ഷാൽ മാനസാന്തരപ്പെട്ടവർ യോഗ്യമായ ഫലം കായ്ക്കുന്നവരായിരിക്കും.

> ഞങ്ങൾക്കുവേണ്ടി പ്രാർഥിപ്പിൻ. സകലത്തിലും നല്ലവരായി നടപ്പാൻ ഇച്ഛിക്കകൊണ്ടു ഞങ്ങൾക്കു നല്ല മനസ്സാക്ഷി ഉണ്ടെന്നു ഞങ്ങൾ ഉറപ്പിച്ചിരിക്കുന്നു (എബ്രാ. 13:18)

രക്ഷിക്കപ്പെട്ട് സ്നാനമേറ്റ് പുതുജനനത്തിലൂടെ ദൈവസഭയിൽ അംഗങ്ങളാകുന്നവർ നല്ല മനസ്സാക്ഷിയുള്ളവരായിരിക്കും. അതിനു വേണ്ടിയുള്ള അപേക്ഷയാണ് സ്നാനം എന്നാകുന്നു അപ്പൊസ്ത ലനായ പത്രൊസ് സ്നാനത്തെക്കുറിച്ച് തന്റെ ലേഖനത്തിൽ പ്ര സ്താവിച്ചിരിക്കുന്നത്.

> അതു സ്നാനത്തിനു മുൻകുറി. സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടു നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു (1 പത്രൊ. 3:21)

മാനസാന്തര അനുഭവത്തിനു യോഗ്യരായി വിശുദ്ധജീവിതം നയിക്കുന്ന വിശുദ്ധന്മാർക്കാണ് കർത്താവിന്റെ മേശയിൽ പങ്കാ ളികളാകുവാൻ ദൈവവചനം അനുശാസിക്കുന്നത്.

> അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും (1 കൊരി. 11:27)

വിശുദ്ധവിവാഹജീവിതം നയിക്കുന്ന ദൈവമക്കൾ അയോഗ്യ രായി നടക്കാത്തവരും ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചു കൊള്ളുന്നവരുമാകുന്നു.

### 7. സ്നേഹത്തിനു സ്വാർത്ഥയില്ല

കുടുംബജീവിതത്തിൽ സ്വാർത്ഥത എന്ന പേരുപോലും പറ യുവാൻ ഇടയാകരുത്. ഒന്നായി ജീവിക്കുവാൻ തീരുമാനമെടുത്തവർ എന്നും എപ്പോഴും അങ്ങനെതന്നെ ആയിരിക്കണം. അന്ത്യകാല ത്തിന്റെ അവസാനത്തിങ്കലേക്ക് അടുക്കുംതോറും മനുഷ്യൻ സ്വസ്നേഹികളായി മാറും. അതിന്റെ ലക്ഷണങ്ങളാണ് നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

> അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേ ഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും (2 തിമൊ. 3:1-5)

ദൈവത്തിന്റെ സ്നേഹാത്മാവിൽ ജീവിക്കുന്നവരുടെ ജീവിതത്തിനു നേർ വിപരീതമായ ജീവിതമാണ് അനുസരണക്കേടിന്റെ ആത്മാവിന്റെ നിയന്ത്രണത്തിൽ ജീവിക്കുന്നവരിൽ ഉണ്ടായിരിക്കുക. എന്നാൽ ദൈവസ്നേഹമുള്ളവർ സ്വസ്നേഹികളോ മുകളിൽ പ്രസ്താവിച്ചിരിക്കുന്ന ദുഃസ്വഭാവങ്ങൾ ഉള്ളവരോ ആയിരിക്കുകയില്ല. മൃഗങ്ങളിൽ പോലും കാണാത്ത സ്വാർത്ഥതയാണ് മനുഷ്യരിൽ ഇപ്പോൾ കണ്ടുവരുന്നത്. ഈ കാലഘട്ടത്തിൽ ദൈവീക സ്വഭാവത്തിന്റെ തനിമയിൽ കുടുംബജീവിതം നയിക്കുന്നവരാണ് ദൈവമക്കൾ.

**8. സ്നേഹം ദ്വേഷപ്പെടുകയില്ല**

ദ്വേഷപ്പെടുക അഥവാ കോപിക്കുക എന്നത് മനുഷ്യസഹജമാണ്. എന്നാൽ കോപിച്ചാൽ പാപം ചെയ്യരുതെന്നാണ് തിരുവചനം നമ്മെ പ്രബോധിപ്പിച്ചുണർത്തുന്നത്

> കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വച്ചുകൊണ്ടിരിക്കരുത്. (എഫെ. 4:26)

കോപം മുഖാന്തിരം അവിവേകം ചെയ്യുവാൻ സാധ്യതയുണ്ട്. ന്യായപ്രമാണയുഗത്തിൽ ഭൂമിയിൽ ഉണ്ടായിരുന്ന സകലമനുഷ്യരിലും അതിസൗമ്യനായിരുന്നു മോശെ. അവൻ പോലും മറ്റുള്ളവർ കോപിപ്പിച്ചപ്പോൾ അധരംകോണ്ട് അവിവേകം പറഞ്ഞു പാപം ചെയ്തുപോയി. അതിനാൽ ദ്വേഷപ്പെട്ട് അവിവേകം പറയുകയോ പ്രവർത്തിക്കുകയോ ചെയ്യരുത്. സ്നേഹത്താൽ കോപത്തെ നിയന്ത്രിക്കുന്ന സ്വഭാവസവിശേഷത നാം ഓരോരുത്തരും സ്വായത്തമാക്കേണ്ടതാകുന്നു. കുടുംബജീവിതത്തിൽ പരസ്പരം ദ്വേഷിക്കുന്ന സാഹചര്യം ഉളവാക്കപ്പെടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം; ഇനി കോപിച്ചാൽത്തന്നെ സൂര്യൻ അസ്തമിക്കുന്നതിനു മുൻപ് അഥവാ ഒരു ദിവസം തീരുന്നതിനു മുൻപ് എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് സംശുദ്ധമായ മനസ്സോടെ വേണം കിടന്നുറങ്ങുവാൻ എന്നു സാരം.

**9. സ്നേഹം ദോഷം കണക്കിടുന്നില്ല**

ദൈവസ്നേഹമുള്ളവർ മറ്റുള്ളവർ ചെയ്യുന്ന ദോഷങ്ങളുടെ പട്ടിക ഹൃദയത്തിൽ സൂക്ഷിച്ചുവയ്ക്കുന്നവരല്ല. ദോഷം ചരതിച്ചു വച്ചാൽ ആർക്കും ആരെയും സ്ന്ഹിക്കുവാൻ കഴിയുകയില്ല. നന്മ മാത്രം ചെയ്യുന്ന ഒരു മനുഷ്യനുമില്ല. എല്ലാ മനുഷ്യരിലും കുറവു

കൾ സ്വാഭാവികമാണ്. അതുകൊണ്ട് പരസ്പരം തെറ്റുകൾ ശേഖരിച്ചുവച്ച് ഛിദ്രിച്ചാൽ ആ കുടുംബത്തിന് സന്തോഷത്തോടെ നിലനില്ക്കുവാൻ കഴിയുകയില്ല. പരസ്പരം കുറവുകളെ ക്ഷമിക്കുകയും ആരെയും നമ്മുടെ പ്രവൃത്തികൊണ്ട് കോപിപ്പിക്കാതെ ജീവിക്കുന്നതാണ് വിവേകപരമായിട്ടുള്ളത്.

**10. സ്നേഹം അനീതിയിൽ സന്തോഷിക്കുന്നില്ല**

ദൈവമക്കൾ ഒരുനാളും അനീതിയിൽ രസിക്കുന്നവരല്ല. നമ്മിൽ പകർന്നിരിക്കുന്നത് ആനന്ദതൈലമാകുന്നു. പരിശുദ്ധാത്മാവാകുന്ന ആനന്ദനദി പകരപ്പെടുന്നത് ദുഷ്ടതയെ ദ്വേഷിച്ച് നീതിയെ ഇഷ്ടപ്പെടുന്നവരിലാകുന്നു.

> നീ നീതിയെ ഇഷ്ടപ്പെട്ടു ദുഷ്ടതയെ ദ്വേഷിക്കുന്നു; അതുകൊണ്ട് ദൈവം, നിന്റെ ദൈവം തന്നെ, നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലം കൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു. (സങ്കീ. 45:7)

അനീതി നിറഞ്ഞ ലോകത്തിൽ ക്രിസ്തീയകുടുംബജീവിതം നയിക്കുന്നവർ നീതിയുടെ പ്രകാശം പരത്തുന്നവരും അതിന്റെ സന്തോഷസമൃദ്ധിയിൽ അനുദിനം വർദ്ധിച്ചുവരുന്നവരു മായിരിക്കണം. അപ്രകാരമുള്ള കുടുംബങ്ങളെയാണ് നീതിമാന്മാരുടെ കൂടാരങ്ങൾ എന്ന് തിരുവചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. അവിടെ ജയത്തിന്റെയും ഉല്ലാസത്തിന്റെയും ഘോഷമാണുള്ളത്.

> ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം നീതിമാന്മാരുടെ കൂടാരങ്ങളിലുണ്ട്; യഹോവയുടെ വലംകൈ വീര്യം പ്രവർത്തിക്കുന്നു (സങ്കീ. 118:15)

**11. സ്നേഹം സത്യത്തിൽ സന്തോഷിക്കുന്നു**

അനീതിയിൽ സന്തോഷിക്കാത്ത നീതിമാന്മാർ സത്യത്തിലാണ് സന്തോഷിക്കുന്നത്. ഭോഷ്കും ഭോഷ്കിന്റെ അപ്പനുമായ പിശാചിന്റെ മക്കളാണ് അനീതിയിൽ സന്തോഷിക്കുന്നത്. ദൈവമക്കൾ സത്യവചനത്താൽ വീണ്ടും ജനനം പ്രാപിച്ചവരാകുന്നു. അതുകൊണ്ട് അവരെ വഴി നടത്തുന്നത് സത്യത്തിന്റെ ആത്മാവാകുന്ന പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനാകുന്നു. കുടുംബജീവിതത്തിൽ സത്യസന്ധതയ്ക്ക് വളരെ വലിയ സ്ഥാനമാണുള്ളത്. സ്നേഹത്തിൽ സത്യം സംസാരിച്ച് ക്രിസ്തുവിന്റെ തലയോളം വളരുന്നവരായിരിക്കണം കുടുംബത്തിലുള്ളവർ. അതുപോലെ പുറമേ അവരുടെ സന്തതസഹചാരികൾ സത്യമാർഗ്ഗത്തിൽ കർത്താവിന്റെ ചുവടുകളെ പിന്തുടർന്നവരുമായിരിക്കേണം.

**12. സ്നേഹം എല്ലാം പൊറുക്കുന്നു.**

ദോഷം കണക്കിടാത്തവർക്കു മാത്രമേ എല്ലാം പൊറുക്കുവാൻ അഥവാ ക്ഷമിക്കുവാൻ കഴിയുകയുള്ളൂ. അവർ ഒന്നും തന്നെ ഹൃദയത്തിൽ കയ്പായി കരുതുന്നില്ല. എല്ലാം പൊറുക്കുന്ന മനോഭാവമുള്ളവരുടെ കുടുംബജീവിതം കയ്പല്ല; എന്നും മധുരമായിരിക്കും. കയ്പിന്റെ അനുഭവം ദുർഗുണങ്ങളിൽ പെടുന്നതാകുന്നു. അതുകൊണ്ട് അത് വിട്ടൊഴിയേണ്ടതാകുന്നു.

> എല്ലാ കയ്പും കോപവും ക്രോധവും കുറ്റാരവും ദൂഷണവും സകല ദുർഗുണവുമായി നിങ്ങളെ വിട്ട് ഒഴിഞ്ഞു പോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതു പോലെ അന്യോന്യം ക്ഷമിപ്പിൻ (എഫെ. 4:31-32)

കുടുംബജീവിതം മനസ്സലിവുള്ളതായിരിക്കണം; എങ്കിൽ മാത്രമേ അന്യോന്യം ക്ഷമിപ്പാൻ കഴിയുകയുള്ളൂ. ഭർത്താക്കന്മാർ ഭാര്യമാരോട് കയ്പായിരിക്കരുത്. അവരെ സ്നേഹിക്കേണമെന്നാണ് തിരുവചനം അനുശാസിക്കുന്നത്.

> ഭർത്താക്കന്മാരെ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ, അവരോടു കയ്പായിരിക്കയുമരുത് (കൊലൊ. 3:19)

ഭാര്യയെ സ്നേഹിക്കുന്ന ഭർത്താവിനെ ഭാര്യ അനുസരിക്കുക തന്നെ ചെയ്യും. അനുസരണം കീഴ്പ്പെടുത്തലുകളായി മാറുമ്പോളാണ് കുടുംബജീവിതം കയ്പാകുന്നത്. ഭർത്താവ് തന്റെ പുരുഷ അധികാരത്തിൽ ഭാര്യയെ അനുസരിപ്പിക്കുകയല്ല; അവന്റെ സ്നേഹത്തിൽ അവളോട് ഒന്നായിത്തീരുന്നതുകൊണ്ട് വിരുദ്ധ അഭിപ്രായങ്ങൾ ഉടലെടുക്കുകയില്ല എന്നാണ് ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്നത്.

**13. സ്നേഹം എല്ലാം വിശ്വസിക്കുന്നു**

ഭർത്താവും ഭാര്യയും തമ്മിലുള്ള ഇടപെടലുകളിൽ അവിശ്വാസത്തിന്റെ കണികപോലും ഉണ്ടാകരുത്. കുടുംബജീവിതത്തിൽ അവിശ്വാസത്തിന്റെ വിത്തു വിതയ്ക്കുന്നത് നാശകനായ പിശാചാകുന്നു. സാത്താൻ ഹൃദയത്തിൽ പ്രവേശിച്ച് അവിശ്വാസത്തിന്റെ വിത്ത് വിതയ്ക്കുവാനുള്ള അവസരം കൊടുക്കരുത്. സാമർത്ഥ്യമുള്ള ഭാര്യയെക്കുറിച്ചുള്ള വിവരണത്തിൽ ഭർത്താവിന്റെ ഹൃദയം അവളെ വിശ്വസിക്കുന്നു എന്നാണ് സദൃശ്യവാക്യത്തിൽ പ്രസ്താവിച്ചിരിക്കുന്നത്.

ഭർത്താവിന്റെ ഹൃദയം അവളെ വിശ്വസിക്കുന്നു; അവന്റെ ലാഭത്തിന് ഒരു കുറവുമില്ല (സദൃശ. 31:11)

ഭർത്താവിനോടൊപ്പം സകലകാര്യങ്ങളിലും കൂട്ടുത്തരവാദിത്വമുള്ള വിശ്വസ്തയായ ഭാര്യയുടെ സാമർത്ഥ്യത്തെയാണ് ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്. എല്ലാം വിശ്വസിക്കുന്നു എന്നത് കുടുംബജീവിതത്തിലും ദൈവവചനത്തിനോടുമുള്ള ബന്ധത്തിലാകുന്നു; അതല്ലാതെ കണ്ണടച്ച് എല്ലാം വിശ്വസിക്കണം എന്നർത്ഥത്തിലല്ല. ദൈവവചനം നാം പൂർണ്ണമായി വിശ്വസിക്കുന്നവരാകണം എന്നാണ് കർത്താവ് നമ്മോട് അരുളിച്ചെയ്തിരിക്കുന്നത്.

അയ്യോ, ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളെ, ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ എന്നു പറഞ്ഞു (ലൂക്കൊ. 24:25 - 26)

ജീവിതത്തിൽ നാം ഇടപെടുന്ന എല്ലാ വ്യക്തികളെയും ഒന്നുപോലെ വിശ്വസിക്കുവാൻ കഴിയുന്നതല്ല. നാം അറിഞ്ഞുവേണം ഒരോരുത്തരെയും വിശ്വസിക്കേണ്ടത്. അത് കർത്താവ് നമുക്ക് കാണിച്ചുതന്ന മാതൃകയാകുന്നു.

യേശുവോ എല്ലാവരെയും അറികകൊണ്ടു തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ചേല്പിച്ചില്ല. മനുഷ്യനിലുള്ളത് എന്ത് എന്നു സ്വതവെ അറിഞ്ഞിരിക്കയാൻ തനിക്കു മനുഷ്യനെക്കുറിച്ചു യാതൊരുത്തന്റെയും സാക്ഷ്യം ആവശ്യമായിരുന്നില്ല (യോഹ. 2:24 - 25)

ദൈവം സകലവും നന്നായി അറിയുന്നവനാകുന്നതുകൊണ്ടാണ് നാം അവനെ പൂർണ്ണമായി വിശ്വസിക്കുന്നത്. അതുപോലെ ഭർത്താവും ഭാര്യയും തമ്മിൽ പരസ്പരം നന്നായി അറിയുന്നതുകൊണ്ടാണ് സ്നേഹാധിഷ്ഠമായ കുടുംബജീവിതത്തിൽ അവർ പരസ്പരം സകലവും വിശ്വസിക്കുന്നത്.

**14. സ്നേഹം എല്ലാം പ്രത്യാശിക്കുന്നു**

കുടുംബജീവിതത്തിൽ ഉയർച്ച താഴ്ചകൾ സ്വാഭാവികമാണ്. ദൈവം സകലവും നന്മയ്ക്കായി ചെയ്യുന്ന എന്ന നിർണ്ണയം ജീവിതത്തിന്റെ എല്ലാ നാളുകളിലും ഉണ്ടായിരിക്കണം. ജീവിതത്തിന്റെ പ്രതിസന്ധിയുടെ നാളുകളിൽ ദൈവത്തിങ്കലുള്ള പ്രത്യാശയുടെ തിരിനാളം അണഞ്ഞുപോകാതെ ഇരുവരും കാത്തുസൂക്ഷിക്കണം. വിശ്വാസികളുടെ പിതാവായ അബ്രാഹാമും അവന്റെ ഭാര്യ സാറായും ദൈവത്തിൽ പ്രത്യാശയുള്ളവരായിരുന്നു. അതുകൊണ്ടാണ്

ദൈവദൂതന്മാർ പ്രത്യാശയുടെ ദൂത് അറിയിക്കുവാൻ അവരുടെ കൂടാരത്തിൽ സമയാസമയങ്ങളിൽ പ്രത്യക്ഷപ്പെട്ടത്. അതുപോലെ ക്രിസ്തീയ കുടുംബജീവിതവും കർത്താവിലാശ്രയിക്കുന്നതിനാൽ പ്രത്യാശാനിർഭരമായിരിക്കും എന്നതിൽ സംശയമേതുമില്ല.

### 15. സ്നേഹം എല്ലാം സഹിക്കുന്നു

കുടുംബജീവിതത്തിലെ സഹിഷ്ണുതാ മനോഭാവത്തെയാണി വിടെ വെളിപ്പെടുത്തിയിരിക്കുന്നത്. ദൈവം അറിയാതെ ഒന്നും സംഭ വിക്കുകയില്ലായെന്നും സംഭവിക്കുന്നതെല്ലാം നന്മയ്ക്കാകുന്നു എന്ന ഉത്തമ ബോദ്ധ്യമാണ് കഷ്ടങ്ങളിൽ വിശുദ്ധനെ പിടിച്ചു നിർത്തു ന്നത്. നമ്മെ സ്നേഹിക്കുന്ന ദൈവം നമ്മുടെ തലയിലുള്ള രോമ ങ്ങൾ എത്രയെന്നുപോലും അനുദിനം അറിയുന്നവനാണ്. അതു കൊണ്ട് കഷ്ടങ്ങളിൽ തളർന്നു പോകാതെ കഷ്ടം സഹിപ്പാനുള്ള വരം കൂടിയാണ് ദൈവം നമുക്ക് നല്കിയിരിക്കുന്നത്. ഇവിടുത്തെ കഷ്ടത സാരമില്ല അത് താല്കാലികമാണ്. അതുകൊണ്ട് ക്രിസ്തീ യ കുടുംബജീവിതത്തിന് എതിരെ ഉയരുന്ന പ്രതിസന്ധികളിൽ സകലവും സഹിച്ച് നില്ക്കുന്ന സഹിഷ്ണുതാമനോഭാവം ഉള്ള വരായിരിക്കണം ഭർത്താവും ഭാര്യയും.

### 16. സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല

ദൈവം സ്നേഹമായതുകൊണ്ടും നിത്യനായതുകൊണ്ടുമാണ് സ്നേഹം ഒരുനാളും ഉതിർന്നു പോകാത്തത്. എന്നാൽ മനുഷ്യർക്ക് പ്രത്യേകിച്ച് യിസ്രായേലിനു ദൈവത്തോടുള്ള സ്നേഹത്തെ ക്കുറിച്ച് യിരെമ്യാവ് പ്രസ്താവിച്ചിരിക്കുന്നത് അത് മാറ്റമുള്ളതായി രുന്നു എന്നാകുന്നു.

> ...നീ എന്നെ അനുഗമിച്ചു നടന്ന നിന്റെ യൗവ്വനത്തിലെ ഭക്തിയും വിവാഹം നിശ്ചയിച്ച കാലത്തിലെ സ്നേഹവും ഞാൻ ഓർക്കുന്നു (യിരെ. 2:2)

മനുഷ്യരുടെ ഭക്തിയും സ്നേഹവും സന്ദർഭോചിതമായി മാറ്റം സംഭവിക്കാവുന്നതാണ്. അതിന്റെ തെളിവാണ് ഇവിടെ രേഖപ്പെ ടുത്തി യിരിക്കുന്ന തിരുവചനം വ്യക്തമാക്കുന്നത്. യിസ്രായേലിന്റെ യൗവ്വനത്തിലും അവളെ വിവാഹം നിശ്ചയിച്ച കാലത്തിലും അവൾക്ക് ദൈവത്തോട് തികഞ്ഞ സ്നേഹം ഉണ്ടായിരുന്നു. എന്നാൽ അത് കാലക്രമേണ കുറഞ്ഞുപോയി കേവലം ഓർമ്മ മാത്രമായിത്തീർന്നു. അതേ അവസ്ഥയാണ് പൊതുവേ കുടും

ബജീവിതത്തോടുള്ള ബന്ധത്തിൽ ചില വർഷങ്ങൾക്കു ശേഷം നമുക്ക് കാണുവാൻ സാധിക്കുന്നത്. ആദ്യസ്നേഹം വിട്ടുകളയുന്ന വരാണ് മനുഷ്യർ. എന്നാൽ ക്രിസ്തുവിന്റെ സ്നേഹം ഉള്ളിൽ വസി ക്കുന്നവർ അവസാനത്തോളം സ്നേഹിക്കുന്നവരാകുന്നു. യേശു ക്രിസ്തു തന്റെ ശിഷ്യന്മാരെ അവസാനത്തോളം സ്നേഹിച്ചിരുന്നു.

> പെസഹാ പെരുന്നാളിനു മുമ്പേ താൻ ഈ ലോകം വിട്ടു പിതാവിന്റെ അടുക്കൽ പോകുവാനുള്ള നാഴിക വന്നു എന്ന് യേശു അറിഞ്ഞിട്ടു, ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചതുപോലെ അവസാനത്തോളം അവരെ സ്നേഹിച്ചു (യോഹ. 13:1)

ക്രിസ്തുയേശു ശിഷ്യന്മാരെയും സഭയെയും സ്നേഹിച്ച സ്നേ ഹം നിത്യസ്നേഹമാകുന്നു. ക്രിസ്തു സഭയെ സ്നേഹിച്ചതു പോലെ ഭർത്താവ് ഭാര്യയെ സ്നേഹിക്കേണ്ടതാകുന്നു. ദൈവ സ്നേഹം നിത്യസ്നേഹമായതുപോലെ കുടുംബത്തിലെ സ്നേ ഹവും നിത്യമായിരിക്കണം.

നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ കർത്താവ് വന്നു ഏതു നിമിഷവും സഭയെ തന്നോടു ചേർക്കുമെന്നുള്ള പ്രത്യശയോടെ യാണ് ദൈവമക്കൾ കാത്തിരിക്കുന്നത്. അത് എപ്പോൾ സംഭവി ച്ചാലും സ്നേഹാധിഷ്ഠിത ക്രിസ്തീയ കുടുംബജീവിതം നയിക്കുന്ന തികവുപ്രാപിച്ചവർ ഒന്നാകെ കർത്താവിന്റെ മധ്യാകാശവരവിങ്കൽ എടുക്കപ്പെടും. അതല്ല അതിനു മുമ്പ് ലോകത്തിൽ നിന്ന് പരസ്പ രം മരണത്താൽ വേർപിരിയേണ്ടിവന്നാൽ അതുവരെയും ദൈവം തക്ക തുണയായി തന്ന ഭാര്യയെയും ദാനമായിത്തന്ന മക്കളെയും സ്നേഹിക്കേണം എന്ന സ്നേഹത്തിന്റെയും പ്രത്യാശയുടെയും ദൂത് അറിയിച്ച് സ്നേഹത്തിന്റെ സവിശേഷഘടകങ്ങളെക്കുറിച്ചുള്ള പഠനം പൂർത്തീകരിക്കുന്നു.

ഇതുവരെ നാം ചിന്തിച്ചത് നിഴലും താത്കാലികവുമായ ഭൗമിക ജീവിതത്തെക്കുറിച്ചായിരുന്നുവെങ്കിൽ തുടർന്നു നാം ചിന്തിക്കുന്നത് മാനവരാശിയോടുള്ള ബന്ധത്തിൽ പൊരുളായി നിവർത്തീകരിക്ക പ്പെടുവാനുള്ള വരുവാനുള്ള ലോകത്തിലെ കുടുംബത്തെക്കു റിച്ചാകുന്നു.

## വരുവാനുള്ള ലോകത്തിലെ കുടുംബം

> അവനിൽ താൻ മുൻ നിർണ്ണയിച്ച തന്റെ പ്രസാദത്തിനു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മ അവൻ നമ്മോട് അറിയിച്ചു. അതു സ്വർഗത്തിലും

ഭൂമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണതയിലെ വ്യവസ്ഥയ്ക്കായിക്കൊണ്ടു തന്നെ (എഫെ. 1:9-10)

കാലസമ്പൂർണതയിലെ വ്യവസ്ഥപ്രകാരം നിറവേറപ്പെടുവാനുള്ള സുപ്രധാനകാര്യം സ്വർഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബങ്ങളും ക്രിസ്തുയേശു മുഖാന്തരം വരുവാനുള്ള ലോകത്തിൽ സംയോജിക്കപ്പെടുന്നു എന്നുള്ളതകുന്നു. ഭൂമിയിലുള്ളതോ സ്വർഗത്തിലുള്ളതോ സകലത്തെയും ക്രിസ്തുയേശുവിലൂടെ പിതാവാം ദൈവത്തോട് നിരപ്പിച്ചതിന്റെ മർമ്മമായ വിഷയത്തെക്കുറിച്ച് നാം പൊരുളായ വിവാഹത്തോടുള്ള ബന്ധത്തിൽ ചിന്തിച്ചിരുന്നു. കുടുംബജീവിതം എന്ന ഈ ഭാഗത്ത് തുടർന്നു നാം ചിന്തിക്കുന്നത് നിരപ്പായിത്തീരുന്നവരും ദൈവവുമായിട്ടുള്ള നിത്യതയിലെ കൂടിച്ചേരലുകളെക്കുറിച്ചാകുന്നു. ക്രിസ്തു മുഖാന്തിരം പിതാവാം ദൈവം തെറ്റിപ്പോകുന്ന സൃഷ്ടികളിൽനിന്ന് തന്നോടു നിരപ്പിക്കുന്നത് മാനവരാശിയിൽ നിന്നുള്ളവരെമാത്രമാകുന്നു. അതുകൊണ്ട് സ്വർഗത്തിലും ഭൂമിയിലുമുള്ള കുടുംബം എന്ന് തിരുവചനത്തിൽ പരാമർശിച്ചിരിക്കുന്നത് മനുഷ്യവർഗ്ഗത്തോടുള്ള ബന്ധത്തിലാകുന്നു എന്നതിന്റെ വ്യക്തതയാണ് നമുക്ക് ലഭിക്കുന്നത്.

അതു നിമിത്തം ഞാൻ സ്വർഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു (എഫെ. 3:14)

കാലസമ്പൂർണതയുടെ വ്യവസ്ഥപ്രകാരം വരുവാനുള്ള ലോകത്തിൽ ക്രിസ്തു മുഖാന്തരം ഒന്നായിച്ചേർക്കപ്പെടുന്ന സ്വർഗത്തിലെയും ഭൂമിയിലെയും കുടുംബങ്ങൾ ഏതൊക്കെയാകുന്നു എന്നതിനെക്കുറിച്ചാണ് തുടർന്ന് നാം ചിന്തിക്കുന്നത്. ഇതിന്റെ സുഗമമായ പഠനത്തിനായി നമുക്കിതിനെ രണ്ടായി വിഭജിച്ച് ചിന്തിക്കാവുന്നതാകുന്നു.

വരുവാനുള്ള ലോകത്തിൽ ക്രിസ്തു മുഖാന്തിരം ഒന്നായിത്തീരുന്ന കുടുംബങ്ങൾ

1. സ്വർഗാധിസ്വർഗത്തിലെ കുടുംബം
2. ഭൂമിയിലെ കുടുംബം

**1. സ്വർഗാധിസ്വർഗത്തിലെ കുടുംബം**

അനാദിയും ശാശ്വതവുമായ കുടുംബമാണ് സ്വർഗാധിസ്വർഗ

ത്തിലെ കുടുംബം. അവിടെയാണ് സമ്പൂർണ്ണനായ പിതാവാം ദൈവം, പുത്രനാം ദൈവം, പരിശുദ്ധാത്മാവാം ദൈവം എന്നീ മൂന്ന് ദൈവീക ആളത്വങ്ങൾ ഒന്നായിരിക്കുന്നത്. പരിപൂർണ്ണ ഐക്യത യിൽ വസിക്കുന്ന ദൈവീക ആളത്വങ്ങളെയാണ് ദൈവീകത്രിത്വം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ദൈവീകത്രിത്വത്തോടൊപ്പം അവിടുത്തെ സൃഷ്ടികളായ ബഹുദൂതസഞ്ചയങ്ങളുമുണ്ട്. സ്വർഗാ ധിസ്വർഗത്തിലുള്ള ദൂതസഞ്ചയങ്ങളുടെ എണ്ണം മാറ്റമില്ലാത്തതാണ്. എന്നാൽ അവർ മാത്രമല്ല, കാലസമ്പൂർണതയിലെ വ്യവസ്ഥപ്ര കാരം ക്രിസ്തു മുഖാന്തരം സ്വർഗാധിസ്വർഗത്തിലെ കുടുംബത്തി ലേക്ക് ചേർക്കപ്പെടുവാനുള്ളവരുമുണ്ട്. അപ്രകാരം സ്വർഗാധി സ്വർഗത്തിലേക്ക് ചേർക്കപ്പെടുന്നവരെക്കൊണ്ടാണ് ഈ സൃഷ്ടിയിൽ ഉൾപ്പെടാത്ത പിതാവാം ദൈവത്തിന്റെ മന്ദിരവും പുതിയയെരുശലേം എന്ന ജീവനുള്ള ദൈവത്തിന്റെ നഗരവും പണിയപ്പെടുന്നത്. അവ ഒരോന്നിന്റെയും ലഘുവിശദീകരണമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

### പിതാവാംദൈവത്തിന്റെ മന്ദിരമാകുന്ന ഭവനം

അതിതേജസ്സിനാൽ അദൃശ്യമായ മന്ദിരം കുഞ്ഞാടാംദൈവമാ കുന്നു. വരുവാനുള്ള ലോകത്തിൽ ആ മന്ദിരത്തിലാണ് സ മ്പൂർണ്ണനായ ദൈവീകത്രിത്വം വസിക്കുന്നത്. മന്ദിരമാകുന്ന കുഞ്ഞാ ടിനോടു ചേരുന്നവരാണ് കുഞ്ഞാടിന്റെ കാന്ത. സർവ്വസൃഷ്ടി കളിൽനിന്നുമുള്ള ആദ്യഫലമായ ആദ്യജാതന്മാരുടെ സഭ നിത്യ തയിൽ ഒന്നായിച്ചേരുന്നത് സമ്പൂർണ്ണനായ ദൈവീകത്രിത്വത്തോടാ കുന്നു. അതിന്റെ നിഴലായിട്ടായിരുന്നു സമാഗമനകൂടാരം പഴയ നിയമത്തിൽ പണിയപ്പെട്ടിരുന്നത്. പഴയനിയമപ്രകാരം പർവ്വത ത്തിൽ വച്ച് മോശെയ്ക്ക് ലഭിച്ച മാതൃക പ്രകാരമാണ് അവൻ സമാ ഗമനകൂടാരവും അതിലെ സകല ഉപകരണങ്ങളും നിർമ്മിച്ചത്.

> ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്ക് ഒരു വിശുദ്ധമന്ദിരം ഉണ്ടാക്കേണം. തിരുനിവാസവും അതിന്റെ ഉപകരണങ്ങളും ഞാൻ കാണിക്കുന്ന മാതൃകപ്രകാരമൊക്കെയും ഉണ്ടാക്കേണം (പുറ. 25:9)

പഴയനിയമത്തിൽ മോശെ പണിത സമാഗമനകൂടാരവും അതിലെ ശുശ്രൂഷകളും നിഴലായിരുന്നുവെന്നും പുതിയനിയമത്തിൽ ക്രിസ്തുയേശുവിനാലാണ് അവ പൊരുളാക്കപ്പെടുന്നതെന്നുമാണ് എബ്രായലേഖനകർത്താവ് സമർത്ഥിച്ചിരിക്കുന്നത്.

നാം ഈ പറയുന്നതിന്റെ സാരം എന്തെന്നാൽ: സ്വർഗത്തിൽ മഹിമാസനത്തിന്റെ വലത്തു ഭാഗത്ത് ഇരുന്നവനായി, വിശുദ്ധസ്ഥലത്തിന്റെയും മനുഷ്യനല്ല കർത്താവ് സ്ഥാപിച്ച സത്യകൂടാരത്തിന്റെയും ശുശ്രൂഷകനായ മഹാപുരോഹിതൻ നമുക്കുണ്ട്. ഏതു... കൂടാരം തീർപ്പാൻ മോശെ ആരംഭിച്ചപ്പോൾ "പർവ്വതത്തിൽ നിനക്കു കാണിച്ച മാതൃകപ്രകാരം നീ സകലവും ചെയ്‌വാൻ നോക്കുക" എന്ന് അവനോട് അരുളിച്ചെയ്തപോലെ അവർ സ്വർഗീയത്തിന്റെ ദൃഷ്ടാന്തവും നിഴലുമായതിൽ ശുശ്രൂഷചെയ്യുന്നു. അവനോ വിശേഷതയേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ട നിയമത്തിന്റ മധ്യസ്ഥനാകയാൽ അതിന്റെ വിശേഷതയ്ക്ക് ഒത്തവണ്ണം വിശേഷതയേറിയ ശുശ്രൂഷയും പ്രാപിച്ചിരിക്കുന്നു. ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നു എങ്കിൽ രണ്ടാമത്തേതിന് ഇടം അന്വേഷിക്കയില്ലായിരുന്നു... (എബ്രാ. 8:1-7)

ഇവിടെ പ്രസ്താവിച്ചിരിക്കുന്നതിൽ സ്വർഗാധിസ്വർഗത്തിൽ വിശുദ്ധസ്ഥലം, സത്യകൂടാരം എന്നീ രണ്ടു ഭാഗങ്ങൾ ഉണ്ട് എന്നതിന്റെ വ്യക്തതയാണ് നമുക്കു ലഭിക്കുന്നത്. അതിന്റെ കൂടുതൽ വ്യക്തത നമുക്ക് ലഭിക്കുന്നത് ഇതേ ലേഖനത്തിൽ തുടർന്നു പ്രസ്താവിച്ചിരിക്കുന്ന വേദഭാഗങ്ങളിൽ നിന്നുമാകുന്നു. അതിൽ പ്രാരംഭമായി വെളിപ്പെടുത്തിയിരിക്കുന്നത് പഴയനിയമ യിസ്രായേലിനോടുള്ള ബന്ധത്തിലാകുന്നു. അതിൻപ്രകാരം മൂന്നു കാലങ്ങളാണ് യിസ്രായേലിനോടുള്ള ബന്ധത്തിൽ ഉള്ളത്. അവ ന്യായപ്രമാണകാലം, ഈ കാലം, പുതിയോരു നിയമം ചെയ്യുന്നകാലം എന്നിവയാകുന്നു.

"...ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്നകാലം വരും എന്ന് കർത്താവിന്റെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കു പിടിച്ചു മിസ്രയീം ദേശത്തു നിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമം പോലെ അല്ല; അവർ എന്റെ നിയമത്തിൽ നിലനിന്നില്ല; ഞാൻ അവരെ ആദരിച്ചതുമില്ല എന്ന് കർത്താവിന്റെ അരുളപ്പാട്. ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെ ആകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും;... അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല എന്ന് കർത്താവിന്റെ അരുളപ്പാട്." പുതിയത് എന്ന് പറയുന്നതിനാൽ ആദ്യത്തേതിനെ പഴയതാക്കിയിരിക്കുന്നു; എന്നാൽ പഴയതാകുന്നതും ജീർണിക്കുന്നതും എല്ലാം നീങ്ങിപ്പോകുവാൻ അടുത്തിരിക്കുന്നു (എബ്രാ. 8:8-13)

**യിസ്രയേലിനോടുള്ള ബന്ധത്തിലെ മൂന്ന് കാലങ്ങൾ**

* മിസ്രയീമിൽനിന്ന് അവരെ കൊണ്ടുവന്ന നാളിൽ അവർക്കു കൊടുത്ത ആദ്യനിയമം ന്യായപ്രമാണമാകുന്നു. അതാണ് ന്യായ പ്രമാണകാലം.
* ഈ കാലം എന്നത് പുതിയനിയമകാലമാകുന്നു. അത് യിസ്രാ യേൽ ജനത്തിനു കർത്താവിന്റെ രണ്ടാമത്തെ വരവുവരെ മറഞ്ഞി രിക്കുന്ന മർമ്മമാകുന്നു. അത് അവർക്ക് വെളിപ്പെടുന്നത് പുതിയ നിയമകാലത്തിനു ശേഷമാകുന്നു.
* കർത്താവിന്റെ രണ്ടാമത്തെ വരവിലാണ് യിസ്രായേലിനോട് പുതിയോരുനിയമം ചെയ്യുവാനുള്ള കാലമാകുന്ന സഹസ്രാബ്ദ കാലം ആഗതമാകുന്നത്. അന്നാണ് കർത്താവ് തികഞ്ഞ ന്യായ പ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴു തുകയും ക്രിസ്തയേശു അവർക്കു ദൈവവും അവർ അവനു ജനവുമായിത്തീരുന്നത്.

പഴയനിയമത്തിലെ മന്ദിരം, ശുശ്രൂഷ, ആരാധന, മഹാ പുരോഹിതൻ എന്നിവയെല്ലാം താത്കാലികവും നിഴലുമായിരുന്നു. പുതിയനിയമ യിസ്രായേലിനോടുള്ള ബന്ധത്തിലാണ് അവ പൊരു ളായി വെളിപ്പെട്ടത്. അതിന്റെ വ്യക്തത നമുക്കു ലഭിക്കുന്നതിന് ആദ്യനിയമത്തിന്റെ ആരാധനയുടെ ചട്ടങ്ങൾക്ക് അനുസൃതമായി നിഴലായി പണിയപ്പെട്ട വിശുദ്ധമന്ദിരത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ നിന്നുമാകുന്നു.

> എന്നാൽ ആദ്യനിയമത്തിനും ആരാധനയ്ക്കുള്ള ചട്ടങ്ങളും ലൗകികമായ വിശുദ്ധമന്ദിരവും ഉണ്ടായിരുന്നു. ഒരു കൂടാരം ചമച്ചു; അതിന്റെ ആദ്യഭാഗത്തു നിലവിളക്കും മേശയും കാഴ്ചയപ്പവും ഉണ്ടായിരുന്നു. അതിനു വിശുദ്ധസ്ഥലം എന്നു പേർ. രണ്ടാം തിരശ്ശീലയ്ക്കു പിന്നിലോ അതിവിശുദ്ധം എന്ന കൂടാരം ഉണ്ടായിരുന്നു... ഇവ ഇങ്ങനെ തീർന്ന ശേഷം പുരോഹിതന്മാർ നിത്യം മുൻ കൂടാരത്തിൽ ചെന്നു ശുശ്രൂഷ കഴിക്കും. രണ്ടാമത്തേതിലോ ആണ്ടിൽ ഒരിക്കൽ മഹാപുരോഹിതൻ മാത്രം ചെല്ലും;... മുൻകൂടാരം നില്കുന്നേടത്തോളംവിശുദ്ധമന്ദിരത്തിലേക്കുള്ള വഴി വെളിപ്പെട്ടില്ല എന്ന് പരിശുദ്ധാത്മാവ് ഇതിനാൽ സൂചിപ്പിക്കുന്നു. ആ കൂടാരം ഈ കാലത്തേക്ക് ഒരു സദൃശ്യമത്രേ (എബ്രാ. 9:1-9)

ഇവിടെ വ്യക്തമാക്കപ്പെടുന്നത് വിശുദ്ധമന്ദിരത്തിൽ വിശുദ്ധ സ്ഥലമെന്ന മുൻകൂടാരവും അതിവിശുദ്ധസ്ഥലമെന്ന സത്യകൂടാ

രവും ഉണ്ട് എന്നുള്ളതാകുന്നു. യിസ്രായേൽ ഗൃഹത്തിന്റെ ശുശ്രൂഷ പുരോഹിതന്മാരോടുള്ള ബന്ധത്തിൽ മുൻകൂടാരത്തിലെ ദിനംതോറുമുള്ള ശുശ്രൂഷയും മഹാപുരോഹിതനോടുള്ള ബന്ധത്തിൽ അതിവിശുദ്ധമെന്ന കൂടാരത്തിലെ ആണ്ടിലൊരിക്കൽ നടത്തുന്ന ശുശ്രൂഷയുമാകുന്നു. പുതിയനിയമം സ്ഥാപിച്ച യേശുക്രിസ്തുവാണ് ആകാശത്തിലൂടെ കടന്നുപോയ ശ്രേഷ്ഠ മഹാപുരോഹിതൻ. അവൻ യിസ്രായേൽ നിഴലായി ആണ്ടിലൊരിക്കൽ അനുഷ്ഠിച്ചിരുന്ന മഹാപുരോഹിതന്റെ ശുശ്രൂഷ അവന്റെ സ്വന്തരക്തത്താൽ പൊരുളായി നിവർത്തീകരിച്ചതിനു ശേഷം സ്വർഗാധിസ്വർഗത്തിലേക്കാണ് പ്രവേശിച്ചത്. എന്നാൽ ഇന്നുവരെയും യിസ്രായേൽ അത് തിരിച്ചറിയാതെ അവർ ഇപ്പാഴും മുൻകാലത്തെ ശുശ്രൂഷ നിഴലായി ആചരിച്ചുപോരുന്നു. അവർക്ക് വിശുദ്ധമന്ദിരമാകുന്ന സ്വർഗാധിസ്വർഗത്തിലേക്ക് യേശു തുറന്ന പൊരുളായ പുതുവഴി ഇന്നുവരെ ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടില്ല. പൊരുളായ പുതിയനിയമപ്രകാരം വിശുദ്ധമന്ദിരം എന്നത് സ്വർഗാധിസ്വർഗവും മഹാപുരോഹിതൻ ക്രിസ്തുയേശുവും പുരോഹിതന്മാർ പുതിയ നിയമവിശ്വാസികളുമാകുന്നു. പുതിയനിയമം സ്ഥാപിച്ചതിനെക്കുറിച്ച് എബ്രായർക്ക് എഴുതിയ ലേഖനത്തിൽ വ്യക്തമാക്കിയിരിക്കുന്നത് ഇപ്രകാരമാകുന്നു.

> ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ട്: കൈപ്പണിയല്ലാത്തതായി എന്നുവച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽക്കൂടി ആട്ടുകൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല, സ്വന്ത രക്തത്താൽ തന്നെ ഒരിക്കലായിട്ടു വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ച് എന്നേക്കുമുള്ളൊരു വീണ്ടെടുപ്പു സാധിപ്പിച്ചു (എബ്രാ. 9:11)

> ക്രിസ്തു വാസ്തവമായതിന്റെ പ്രതിബിംബമായി കൈപ്പണിയായ വിശുദ്ധ മന്ദിരത്തിലേക്കല്ല, ഇപ്പോൾ നമുക്കുവേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാവാൻ സ്വർഗത്തിലേക്കത്രേ പ്രവേശിച്ചത് (എബ്രാ. 9:24)

കൈപ്പണിയല്ലാത്ത സ്വർഗാധിസ്വർഗമാകുന്ന വിശുദ്ധമന്ദിരം വിട്ടു താണ ഭൂമിയിൽ വന്നതു നമ്മുടെ രക്ഷക്കുവേണ്ടിയായിരുന്നു. അവൻ അത് നിർവഹിച്ചശേഷം മാനവരാശിക്കുവേണ്ടി പ്രത്യക്ഷനാകുവാൻ പിതാവിന്റെ സന്നിധിയാകുന്ന സ്വർഗാധിസ്വർഗത്തിലേക്കാണ് തിരികെ പ്രവേശിച്ചത്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുയേശു ആകുന്നു ഈ സൃഷ്ടിയിൽ ഉൾപ്പെടാത്ത വലിപ്പവും തികവുമേറിയ

കൂടാരം. അതാകുന്നു പിതാവിന്റെ ഭവനം എന്ന് ഇവിടെ പ്രസാതാവിച്ചിരിക്കുന്നത്. അതെക്കുറിച്ചാണ് കർത്താവ് ഭൂമിയിലായിരുന്നപ്പോൾ ശിഷ്യന്മാരോട് ഇപ്രകാരം അരുളിച്ചെയ്തത്.

> എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും (യോഹ. 14:2-3)

വലിപ്പവും തികവുമേറിയ കൂടാരം എന്ന സത്യകൂടാരം ക്രിസ്തുയേശുവിന്റെ ശരീരമാകുന്ന മന്ദിരമാകുന്നു. അവനിലാണ് ആദ്യജാതന്മാരായ ജയാളികാളായവർക്കുള്ള വാസസ്ഥലം. അതിൽ പ്രവേശിക്കപ്പെടുവാനുള്ളവരുടെ എണ്ണം തികയപ്പെടുമ്പോളാകുന്നു കർത്താവ് വന്നു ആദ്യജാതന്മാരുടെ സഭയെ അവൻ ഇരിക്കുന്ന ഇടത്തേക്ക് ചേർത്തുകൊള്ളുന്നത്. ഇതിൽനിന്നും സത്യകൂടാരമെന്ന മന്ദിരം ക്രിസ്തുവാകുന്നു എന്നും അവന്റെ ശരീരമാണ് അവനോട് ചേർത്തു പണിയപ്പെടുന്ന ആദ്യജാതന്മാരുടെ സഭ എന്നുമാണ് വ്യക്തമാക്കപ്പെടുന്നത്. പിതാവിന്റെ ഭവനമാകുന്ന സത്യകൂടാരത്തിന്റെ മർമ്മം വെളിപ്പെടുത്തിക്കൊണ്ടാണ് തിരുവചനം എഴുതി പൂർത്തീകരിച്ചിട്ടുള്ളത്.

> വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു (വെളി. 22:1)

ദൈവീക ത്രിത്വത്തെയാണ് ഈ വാക്യത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അതിൽ മറഞ്ഞിരിക്കുന്ന മർമ്മം: കുഞ്ഞാടിനോടുകൂടെ ഒന്നായിച്ചേരുന്ന അവന്റെ കാന്ത അവനോടുകൂടെ ഉണ്ടെന്നുള്ളതാണ്. ക്രൂശിൽ യേശുവിന്റെ രക്തം ചൊരിഞ്ഞ് ഉത്ഭവമെടുത്ത ആഗോളസഭയിൽനിന്ന് തികവുപ്രാപിക്കുന്ന ആദ്യജാതന്മാരുടെ സഭയാണ് കുഞ്ഞാടിന്റെ കല്ല്യാണനാളിൽ അവനോടുകൂടെ ഒന്നായിത്തീരുന്നത്. അതു നിമിത്തം മാനവരാശിയോടുള്ള ബന്ധത്തിലെ നിത്യതയിൽ സഭയാം മണവാട്ടി കുഞ്ഞാടിനോടുകൂടെ ഒരുനാളും വേർപിരിയാത്തവണ്ണം ഒരു ശരീരമായിത്തീർന്ന പിതാവാം ദൈവത്തിന്റെ മന്ദിരമാകുന്നു എന്നുള്ള

താണ്. അതാണ് ലോകസ്ഥാപനത്തിനു മുൻപേ ഉണ്ടായിരുന്ന ദൈവീക മർമ്മം. അത് പൂർത്തീകരിക്കപ്പെടുന്നതിനുള്ള പ്രക്രിയകളാണ് അതാതുകാലങ്ങളിൽ ഭംഗിയായി പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്.

സ്വർഗാധിസ്വർഗത്തിൽ വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും ഉണ്ടെന്നു നാം ചിന്തിച്ചതിൽ അതിവിശുദ്ധസ്ഥലം എന്നത് ആത്മീയഅർത്ഥത്തിൽ സ്വർഗീയസിംഹാസനമാകുന്നു. അവിടേക്ക് എടുക്കപ്പെടുവാനുള്ള യോഗ്യത സർവ്വസൃഷ്ടികളുടെയും ആദ്യഫലമാകുന്ന കുഞ്ഞാടിന്റെ മണവാട്ടിക്ക് മാത്രമാകുന്നു ഉള്ളത്. കുഞ്ഞാടിന്റെ തിരുരക്തം കൊണ്ടു സമ്പാദിച്ചിരിക്കുന്ന പുതിയ നിയമസഭയിലെ അതിശ്രേഷ്ഠമായ നിരയിൽപ്പെടുന്നവർ കുഞ്ഞാടിനോടുള്ള ബന്ധത്തിൽ പിതാവിന്റെ ഭവനമാകുന്ന കെട്ടിടത്തിന്റെ ഭാഗം, സ്വർഗത്തിൽ പൗരത്വമുള്ളവർ, ക്രിസ്തുയേശുവിന്റെ ശരീരത്തോട് അനുരൂപമായിത്തീരുന്നവർ എന്നിവരാകുന്നു. അതിന്റെ തിരുവചനതെളിവുകളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

> ക്രിസ്തുവോ അവന്റെ ഭവനത്തിനു അധികാരിയായ പുത്രനായിട്ടു തന്നെ, പ്രത്യാശയുടെ ധൈര്യവും പ്രശംസയും നാം അവസാനത്തോളം മുറുകെപ്പിടിച്ചുകൊണ്ട് നാം തന്നെ അവന്റെ ഭവനമാകുന്നു (എബ്രാ. 3:6)
>
> അവൻ മുഖാന്തിരം നമുക്ക് ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്കലേക്ക് പ്രവേശനം ഉണ്ട്. ആകയാൽ നിങ്ങൾ അന്യരും പരദേശികളുമല്ല വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ... അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകുന്നതിന് ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു (എഫെ. 2:18 - 22)
>
> നമ്മുടെ പൗരത്വമോ സ്വർഗത്തിലാകുന്നു; അവിടെനിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപെടുത്തും (ഫിലി. 3:20 - 21)

ദൈവീകനിത്യതയിലെ പുതിയനിയമസഭയുടെ ശ്രേഷ്ഠമായ നിരയിൽപെടുന്നവരുടെ പദവിയെക്കുറിച്ചാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പിതാവാം ദൈവത്തിന്റെ സ്വന്തപുത്രനിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യ

ന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിനാണ് ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയർത്തെഴുന്നേല്പിച്ച് സ്വർഗത്തിൽ ഇരുത്തിയിരിക്കുന്നത് (എഫെ. 2:6–7). ഇതിന്റെ മുഴുവൻ വിശദാംശങ്ങളിലേക്ക് പ്രവേശിക്കാതെ ആദ്യജാതന്മാരുടെ സഭയോടുള്ള ബന്ധത്തിലെ ദൈവകൃപയുടെ അത്യന്തധനത്തിന്റെ ഏഴ് വരും കാലങ്ങൾ എഴുതി ഈ ഭാഗത്തിന്റെ പഠനം പൂർത്തീകരിക്കുന്നു.

1 മധ്യാകാശപ്രത്യക്ഷതയിൽ എടുക്കപ്പെടുന്നതുവരെയുള്ള കാലം
2 മധ്യാകാശപ്രത്യക്ഷതയിൽ എടുക്കപ്പെടുന്നതു മുതൽ സ്വർഗാധിസ്വർഗത്തിലെ ശുശ്രൂഷയുടെ കാലം
3 കുഞ്ഞാടിന്റെ കല്ല്യാണനാളിൽ അവനോടുകൂട ഒന്നായിത്തീരുന്ന കാലം
4 കുഞ്ഞാടിനോടുകൂടെ ഭൂമിയിൽ വാഴുന്ന കാലം
5 സ്വർഗാധിസ്വർഗത്തിലേക്ക് തിരികെ പ്രവേശിക്കുന്ന കാലം
6 പിതാവിന്റെ ഭവനമായി പുതിയയെരുശലേമിൽ ഒന്നായിച്ചേരുന്ന കാലം
7 പുതുവാനഭൂമിയിലെ നിത്യകാലം

വരും കാലങ്ങളിൽ ക്രിസ്തുയേശുവിനോടുകൂടെ ഒന്നായിച്ചേർന്ന് നിത്യതയുടെ ഭാഗമായിത്തീരുന്ന അതിശ്രേഷ്ഠപദവിയെ ഓർത്ത് അത് പ്രാപിപ്പാനുള്ള അതിവാഞ്ചയോടും പ്രത്യശയോടും കൂടെ ഭൗമീകജീവിതത്തിലെ കുടുംബജീവിതത്തിലും ആത്മീക ജീവിതത്തിലും നമുക്ക് ആയിരിക്കാം. ദൈവമായ കർത്താവ് നമ്മെ സഹായിക്കട്ടെ. സ്വർഗാധിസ്വർഗത്തിലെ കുടുംബത്തിൽ പിതാവിന്റെ ഭവനമാകുന്ന മന്ദിരത്തോടു ചേരുന്ന ആദ്യജാതന്മാരുടെ സഭയെക്കുറിച്ചാണ് നാം ഇതുവരെ ചിന്തിച്ചത്. തുടർന്ന് നാം ചിന്തിക്കുന്നത് സ്വർഗാധിസ്വർഗത്തിലെ വിശുദ്ധസ്ഥലത്തിന് യോഗ്യരാകുന്നവരെക്കുറിച്ചാകുന്നു.

### പിതാവാം ദൈവത്തിന്റെ ജീവനുള്ള നഗരം

പുതിയസഭയുടെ ശ്രേഷ്ഠമായ നിരയിൽപ്പെടുന്നവരാലാണ് ജീവനുള്ള നഗരമാകുന്ന വിശുദ്ധസ്ഥലം പണിയപ്പെടുന്നത്. വിശുദ്ധസ്ഥലമാകുന്ന നഗരത്തിന്റെ ഭാഗങ്ങളാകുന്ന നഗരമതിലിന്റെ ഭാഗമാകുന്നത് പഴയനിയമത്തിലെ ശ്രേഷ്ഠന്മാരാകുന്നു. അതിന്റെ പന്ത്രണ്ട് ഗോപുരങ്ങൾ ഭൂമിയുടെ ആദ്യഫലമായ യിസ്രായേൽ

ഗോത്രങ്ങളിൽനിന്ന് എതിർക്രിസ്തുവിന്റെ ഭരണകാലത്ത് രക്തസാക്ഷികളാകുന്ന നൂറ്റിനാല്പത്തിനാലായിരം പേരാകുന്നു. അവരോടൊപ്പം സ്വർഗാധിസ്വർഗത്തിലെ സകല ദൂതന്മാരും നഗരത്തിലുൾപ്പെടുകയും ചെയ്യുന്നു. അതിൽ വിശുദ്ധസ്ഥലമാകുന്ന ജീവനുള്ള നഗരത്തിന്റെയും മതിലിന്റെയും ഗോപുരങ്ങളുടെയും വിവരണമാണ് വെളിപ്പാട്പുസ്തകം ഇരുപത്തിയൊന്നാം അദ്ധ്യായത്തിൽ വർണ്ണിച്ചിരിക്കുന്നത്. അതിവിശുദ്ധസ്ഥലമാകുന്ന ദൈവീകത്രിത്വവും ദൈവത്തോട് ഒന്നായിത്തീരുന്ന കുഞ്ഞാടിന്റെ മണവാട്ടിയും വർണ്ണാതീതമാകുന്നു. അതുകൊണ്ടാണ് അതേക്കുറിച്ചുള്ള വിവരണം വെളിപ്പാട്പുസ്കത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്തത്. ഇതുവരെ നാം ചിന്തിച്ചത് സ്വർഗാധിസ്വർഗത്തിലെ കുടുംബത്തെക്കുറിച്ചാകുന്നു. തുടർന്നു നാം ചിന്തിക്കുന്നത് പുതുവാനഭൂമിയിലെ കുടുംബത്തെക്കുറിച്ചാകുന്നു.

**ഭൂമിയിലെ കുടുംബം**

പുതിയ ആകാശത്തിലും ഭൂമിയിലും കാണപ്പെടുന്നതാണ് വരുവാനുള്ള ലോകത്തിലെ പിതാവാം ദൈവത്തിന്റെ ഭൂമിയിലെ കുടുംബം. ഭൗമീക തേജസ്സോടെ നിത്യജീവനിൽ പുതുവാനഭൂമിയിൽ ദൂതതുല്യരായി വാഴുന്നവരും ഒന്നാമത്തെ ആകാശത്തിൽ നിന്നും പ്രവേശിപ്പിക്കപ്പെടുന്ന ദൂതന്മാരും ആണ് ഇതിൽ ഉൾപ്പെടുന്നത്. അവരുടെ ഇടയിലേക്കാണ് പുതിയ യെരുശലേം എന്ന വിശുദ്ധ നഗരം അതിതേജസ്സോടെ സ്വർഗാധിസ്വർഗത്തിൽനിന്ന് പുതുവാനഭൂമിയിലേക്ക് ഇറങ്ങിവരുന്നത്. അന്നാകുന്നു ക്രിസ്തുയേശു മുഖാന്തരം സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതും എല്ലാം കാലസമ്പൂർണ്ണതയിലെ വ്യവസ്ഥപ്രകാരം ഒന്നായി ചേർക്കപ്പെടുന്നത്. അതോടെയാണ് മാനവരാശിയോടുള്ള ബന്ധത്തിൽ ദൈവം വിഭാവനം ചെയ്ത സകല കാര്യങ്ങളും സമ്പൂർത്തീകരിക്കപ്പെടുന്നത്. ദൈവീകനിത്യതയിൽ സമ്പൂർണ്ണനായ ദൈവം തേജസ്സുള്ള മനുഷ്യനോടൊത്ത് വാസം ആരംഭിക്കുന്നതോടെ നിത്യയുഗത്തിന്റെ അതിരും കാലവുമില്ലാത്ത യുഗത്തിന്റെ തിരശ്ശീലയാണ് എന്നെന്നേക്കുമായി ഉയർത്തപ്പെടുന്നത്.

## സമാപനവാക്കുകൾ

ദൈവം ലോകസ്ഥാപനത്തിനു മുമ്പ് വിഭാവനം ചെയ്തതിൽ അവന്റെ സ്വരൂപസദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെക്കുറിച്ചുള്ള അതിമഹത്തായ മർമ്മമാണ് വിവാഹം നിഴലും പൊരുളും എന്ന ഈ പുസ്തകത്തിൽ ചുരുളഴിപ്പെട്ടത്. ലോകസ്ഥാപനത്തിങ്കൽ ആദാമിലൂടെ സ്ഥാപിതമായ കുടുംബം യുഗങ്ങളിലൂടെ സഞ്ചരിച്ച് നിത്യയുഗത്തിലേക്കാണ് പ്രവേശിക്കപ്പെടുന്നത്. നാം ഇപ്പോൾ ജീവിക്കുന്നത് അതിശ്രേഷ്ഠമായ ഭാവി തെരഞ്ഞെടുക്കുവാനുള്ള കാലത്തിലാകുന്നു. അനേകർക്ക് ഇത് മറഞ്ഞിരിക്കുമ്പോൾ എളിയവർക്ക് അതിന്റെ പ്രകാശനമാണ് ദൈവം വെളിപ്പെടുത്തി ത്തന്നത്. അതിനായി ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ദൈവാ ത്മാവ് വെളിപ്പെടുത്തിത്തന്ന പ്രത്യാശയോടെ അനുദിനം ക്രിസ്തീയ കുടുംബജീവിതം നയിക്കുവാൻ ഈ ഗ്രന്ഥം വായിക്കുന്നവർക്ക് ഇട യായിത്തീരട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു, ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പ്രേഷ്യസ് കോളിംഗ് മിനിസ്ട്രീസ് പ്രസിദ്ധീകരിച്ച മറ്റു പുസ്തകങ്ങൾ**

1. പുസ്തകവ്യാഖ്യാനം-വെളിപ്പാട് (മലയാളം)
2. മനുഷ്യൻ പ്രാണനെ വിട്ടാൽ പിന്നെ അവൻ എവിടെ? മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?
3. നിത്യതയുടെ വെളിപ്പാട് (മലയാളം)
4. When A Person Breathes His Last, Where Will He Be? If A Human Being Dies Will He Live Again? (English)
5. പുസ്തകവ്യാഖ്യാനം-വെളിപ്പാട് (ഹിന്ദി)
6. അന്ത്യന്യായവിധി (മലയാളം)
7. Final Judgement (English)

**ഉടൻ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ**

1. ശവം ഉള്ളേടത്ത് കഴുക്കൾ കൂടും
2. മുൻമഴയും പിൻമഴയും

ദൈവവിളിയുടെ പരമോന്നത ലക്ഷ്യം എന്തെന്നറിയാതെ അനേകർ ദൈവീക പദ്ധതിയിൽനിന്ന് അന്യപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ദൈവവചനത്തിന്റെ പരിജ്ഞാനത്തികവിലേക്ക് ദൈവമക്കളെ ഉയർത്തുക എന്ന ലക്ഷ്യത്തോടെ വചനത്തിലും പ്രാർത്ഥനയിലും പ്രവർത്തനത്തിലും അധിഷ്ഠിതമായി ബൈബിൾ ക്ലാസ്സുകൾ, സെമിനാറുകൾ, മുഴുരാത്രി പ്രാർത്ഥനകൾ, മിനി കൺവെൻഷനുകൾ, ആത്മീക കൂട്ടായ്മകൾ, ഉപവാസപ്രാർത്ഥനകൾ, പരസ്യയോഗങ്ങൾ എന്നീ ശുശ്രൂഷകൾ ഈ മിനിസ്ട്രിയുടെ കീഴിൽ ചെയ്തുകൊണ്ടിരിക്കുന്നു.

**ഇതുവരെ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഇതരഭാഷകളിലേയ്ക്ക് പരിഭാഷപ്പെടുത്തുവാനും ദൃശ്യവത്കരിക്കുവാനും ആഗ്രഹിക്കുന്നു**. താത്പര്യമുള്ളവർ ദയവായി ബന്ധപ്പെടുക.

**Precious Calling Ministries**
Prayer Tower,Podimattathil, Anickad PO, Kottayam 686503, Kerala.
Mob & whatsapp : 094 47 13 92 74, 094 00 41 92 74

E-mail : preciouscallingministries@yahoo.co.in
Website : www.preciouscallingministries.com
**പ്രസിദ്ധീകരണങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്.**